# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ജനുവരി 31, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**2018 ജനുവരി 31, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 6

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ജനുവരി 31, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

432/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യൂ ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 83

**II അടിയന്തരപ്രമേയം**

ധനപ്രതിസന്ധി
(അവതരണാനുമതി നിഷേധിച്ചു.) .. 394

**III ശ്രദ്ധ ക്ഷണിക്കൽ**

1. റബ്ബറിന്റെ വിലത്തകർച്ച— .. 410
ശ്രീ. രാജു എബ്രഹാം
ശ്രീ. മോൻസ് ജോസഫ്
2. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്— .. 416
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**IV സബ്മിഷൻ**

1. സ്റ്റിക്കർ പതിപ്പിക്കുന്നത് സംബന്ധിച്ച്— .. 419
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)
2. കോടതി റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യൽ— .. 421
ശ്രീ. എ. എൻ. ഷംസീർ
3. നഗരൂരിൽ പോലീസ് സ്റ്റേഷൻ— .. 422
ശ്രീ. ബി. സത്യൻ
4. ആദിവാസി ചികിത്സാ കേന്ദ്രവും മ്യൂസിയവും
അനുവദിക്കൽ — .. 423
ശ്രീ. കെ. എസ്. ശബരീനാഥൻ
5. ഭൂമി വാങ്ങിയവർക്ക് അവകാശം ലഭ്യമാക്കൽ— .. 426
ശ്രീമതി ഇ. എസ്. ബിജിമോൾ
6. ചെറുപുഴ-വള്ളിത്തോട് മലയോര ഹൈവേ— .. 428
ശ്രീ. കെ. സി. ജോസഫ്

| | | | പേജ് |
|---|---|---|---|
| 7. | വേങ്ങര ബൈപ്പാസ് നിർമ്മാണം—<br>ശ്രീ. കെ. എൻ. എ. ഖാദർ | .. | 429 |
| 8. | കാക്കത്തോട് പാലം പുനർനിർമ്മാണം—<br>ശ്രീ. എ. പി. അനിൽ കുമാർ | .. | 430 |
| 9. | സേവനവേതന വ്യവസ്ഥകൾ—<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | .. | 431 |
| 10. | നെല്ല് സംഭരണം—<br>ശ്രീ. കെ. വി. വിജയദാസ് | .. | 432 |
| 11. | ഓഡിറ്റിംഗ്—<br>ശ്രീ. വി. അബ്ദുറഹിമാൻ | .. | 434 |

**V ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)** .. 435

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ജനുവരി 31, ബുധൻ*


| വാല്യം 170] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|


നിയമസഭ 2018 ജനുവരി മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ * 121

### കേന്ദ്ര ഹജ്ജ് നയത്തിലെ നിർദ്ദേശങ്ങൾ

1(*121) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. വി. അൻവർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഹജ്ജ് നയത്തിന്റെ കരടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഹജ്ജ് സബ്സിഡി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർക്കുള്ള ക്വാട്ട വർദ്ധിപ്പിക്കുകയും സർക്കാർ ഹജ്ജ് കമ്മിറ്റികളുടെ ക്വാട്ട കുറയ്ക്കുകയും ചെയ്തത് പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ സംസ്ഥാനത്തുനിന്നുമുള്ള അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ക്വാട്ട നിശ്ചയിക്കണമെന്നും വിമാനയാത്രയ്ക്ക് വർദ്ധിച്ചതോതിലുള്ള നിരക്ക് ഈടാക്കുന്നത് അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഹജ്ജ് നയം

2002-ലെ കേന്ദ്ര ഹജ്ജ് ആക്ടിനുശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം ഓരോ അഞ്ചുവർഷത്തേയ്ക്കും ഹാജിമാരുടെ സുഗമമായ തീർത്ഥാടനത്തിനുവേണ്ടി കേന്ദ്രസർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പഠിച്ചതിനുശേഷം അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന കേന്ദ്രസർക്കാർ നയമാണ് ഹജ്ജ് നയം. 2013-2017-ലെ ഹജ്ജ് നയത്തിനുശേഷം പുതുതായി വന്ന കേന്ദ്രസർക്കാർ 2017 നവംബർ മാസത്തിൽ 2018-2022-ലെ പുതിയ ഹജ്ജ് നയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നേരത്തേയുള്ള ഹജ്ജ് നയവും (2013-2017) ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയ പുതിയ പോളിസിയിലെ ചില വ്യവസ്ഥകളും തമ്മിൽ സാമ്യതയുണ്ടെങ്കിലും ചിലതിൽ കാതലായ മാറ്റങ്ങളുണ്ട്.

പുതിയ ഹജ്ജ് നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ (ബന്ധപ്പെട്ട വിഷയത്തിലെ 2013-17-ലെ ഹജ്ജ് നയത്തിലെ നിർദ്ദേശം സഹിതം) അനുബന്ധമായി ചേർക്കുന്നു.*

2022-ൽ ഹജ്ജ് സബ്സിഡി 10 വർഷംകൊണ്ട് പൂർണ്ണമായും ഇല്ലാതാക്കണമെന്നും അതിലേയ്ക്ക് 2013 മുതൽ ക്രമാനുഗതമായി സബ്സിഡി കുറച്ചുകൊണ്ടുവരണമെന്നും സുപ്രീം കോടതി നിർദ്ദേശിക്കുകയുണ്ടായി. അതോടൊപ്പംതന്നെ കോടതി ഹജ്ജ് സീസണിൽ ഉയർന്ന വിമാനച്ചാർജ് ഈടാക്കുന്നത് പുനഃപരിശോധിക്കണമെന്നും അഭിപ്രായപ്പെട്ടിരുന്നു. സബ്സിഡി ക്രമാനുഗതമായി നിർത്തലാക്കുന്നതിന് ഹജ്ജ് നയരൂപീകരണ കമ്മിറ്റിയുടെ ശിപാർശയുണ്ടായിരുന്നുവെങ്കിലും പ്രസിദ്ധപ്പെടുത്തിയ പുതിയ ഹജ്ജ് നയത്തിൽ ഇത് സംബന്ധിച്ച് പരാമർശം ഉള്ളതായി കാണുന്നില്ല. എന്നാൽ ഹജ്ജ് സബ്സിഡി 2018 മുതൽ ലഭ്യമാക്കില്ല എന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതായി പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ ഹജ്ജ് നയത്തിൽ സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർക്കുള്ള ക്വാട്ട നിലവിലെ 25 ശതമാനത്തിൽനിന്ന് 30 ശതമാനമായി വർദ്ധിപ്പിക്കുകയും സർക്കാർ ഹജ്ജ് കമ്മിറ്റികളുടെ ക്വാട്ട നിലവിലെ 75 ശതമാനത്തിൽനിന്ന് 70 ശതമാനമായി കുറയ്ക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാരും സംസ്ഥാന ഹജ്ജ് കമ്മിറ്റിയും നിരന്തരമായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹജ്ജ് കമ്മിറ്റികൾക്കുള്ള ക്വാട്ട മുൻവർഷങ്ങളിലേതുപോലെ പുതിയ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പുനഃസ്ഥാപിച്ച് കിട്ടുകയുണ്ടായി.

(സി) സംസ്ഥാനങ്ങൾക്കുള്ള ഹജ്ജ് ക്വാട്ട നിശ്ചയിക്കുമ്പോൾ ആകെ അപേക്ഷകരുടെ എണ്ണത്തിനനുസരിച്ചായിരിക്കണമെന്നുള്ളത് കേരള ഹജ്ജ് കമ്മിറ്റിയുടെ ഏറെക്കാലമായുള്ള ആവശ്യമാണ്. ഇക്കാര്യം കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും മുമ്പാകെ സംസ്ഥാന ഹജ്ജ് കമ്മിറ്റി നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിമാനയാത്രയുടെ പേരിൽ വർദ്ധിച്ച തോതിലുള്ള നിരക്ക് ഈടാക്കുന്നത് തടയണമെന്നും ആഗോള ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളണമെന്നും നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. ഹജ്ജ് സബ്സിഡി എടുത്തുകളഞ്ഞ സാഹചര്യത്തിൽ വിമാനക്കമ്പനികളുടെ ചൂഷണം ഒഴിവാക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, കേന്ദ്രസർക്കാരിന്റെ പുതിയ ഹജ്ജ് നയം കേരളത്തെ സംബന്ധിച്ചിടത്തോളം തീർത്തും നിരാശാജനകമാണ്. നിലവിലെ കരട് നയത്തിൽ പറഞ്ഞിരിക്കുന്നത് 70 വയസ് കഴിഞ്ഞവർക്ക് പരസഹായിയെ കൊണ്ടുപോകാൻ അനുമതിയില്ല എന്നാണ്. അതുപോലെ സ്വകാര്യ ഏജൻസി വഴിയുള്ള ക്വാട്ട 25 ശതമാനത്തിൽനിന്നും 30 ശതമാനമാക്കി ഉയർത്തുകയും ഏറ്റവും കൂടുതൽ ഹജ്ജ് യാത്രക്കാരുള്ള കോഴിക്കോട് വിമാനത്താവളത്തെ എമ്പാർക്കേഷൻ പോയിന്റിൽനിന്നും ഒഴിവാക്കുകയും ചെയ്തു. ഇത്തരം നീക്കത്തിനെതിരെ കേന്ദ്രസർക്കാരിന്റെ ഹജ്ജ് നയത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരാൻ അങ്ങയുടെ ഭാഗത്തുനിന്നും ഏതുതരം ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാരുടെ ക്വാട്ട 25 ശതമാനത്തിൽനിന്നും 30 ശതമാനമാക്കി ഉയർത്തിയതിനെതിരെ ശക്തമായ പ്രതിഷേധം കേന്ദ്ര ഹജ്ജ് മന്ത്രാലയത്തെ അറിയിച്ചിരുന്നു. കേന്ദ്ര ഹജ്ജിന്റെ ചുമതലയുള്ള മന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

30 ശതമാനം എന്നത് 25 ശതമാനത്തിലേയ്ക്ക് താഴ്ത്തിനിശ്ചയിച്ചിട്ടുണ്ട്. ഹജ്ജ് ഹൗസ് കോഴിക്കോട് വിമാനത്താവളത്തോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട് തന്നെ ആകണമെന്ന കാര്യവും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ പ്രതികരണം ഉണ്ടാകുമെന്ന് തന്നെയാണ് കരുതുന്നത്.

ശ്രീ. കാരാട്ട് റസാഖ്: സർ, ഹജ്ജ് സബ്സിഡി ഘട്ടംഘട്ടമായി നിർത്തണമെന്നും അതോടൊപ്പം ഹജ്ജ് തീർത്ഥാടകരിൽനിന്നും വിമാന ക്കമ്പനികൾ അമിത ചാർജ് ഈടാക്കുന്നത് നിർത്തണമെന്നും സുപ്രീംകോടതിയുടെ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ തീർത്തും ഏകപക്ഷീയമായി 2022 വരെയുള്ള സബ്സിഡി സംവിധാനത്തെ ഒറ്റയടിക്ക് നിർത്തലാക്കുകയും വിമാനക്കമ്പനികൾ അമിത ചാർജ് ഈടാക്കുന്നത് തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഏതുതരം ഇടപെടലുകളാണ് അങ്ങയുടെ ഭാഗത്തുനിന്നും നടത്താൻ ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, ഹജ്ജ് സബ്സിഡിയുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളായിരുന്നു സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നത്. ക്രമാനുഗതമായി ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്നും അതോടൊപ്പം ഹജ്ജ് സീസണിൽ വിമാനക്കമ്പനികൾ ഈടാക്കുന്ന ഉയർന്ന ചാർജ് കുറയ്ക്കണമെന്നുമാണ്. ഈ രണ്ട് കാര്യങ്ങളും ഒരേ സമയം നടക്കണമെന്നുള്ളതായിരുന്നു സുപ്രീംകോടതിയുടെ നിരീക്ഷണം. എന്നാൽ സുപ്രീംകോടതിയുടെ ഒരു അഭിപ്രായം കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുകയും രണ്ടാമത്തെ അഭിപ്രായം അവഗണിക്കുകയും ചെയ്തുവെന്നത് മനസ്സിലാക്കണം.

ശ്രീ. ഇ. പി. ജയരാജനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, ഹജ്ജ് സബ്സിഡി വലിയ രീതിയിൽ കൊടുക്കുന്നുവെന്നാണ് കേരളത്തിലും മറ്റും സംഘ്പരിവാർ വാർത്ത പ്രചരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ സബ്സിഡി എത്രയാണ് കൊടുക്കുന്നതെന്ന് എം.എൽ.എ. മാർക്ക് അറിയാം. കേന്ദ്രസർക്കാർ ഒരു ഹജ്ജ് തീർത്ഥാടകന് എത്ര രൂപയാണ് സബ്സിഡി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സാധാരണ സീസണിൽ കോഴിക്കോടുനിന്നും ജിദ്ദയിലേയ്ക്ക് 30,000 രൂപയാണ് വിമാനക്കമ്പനികൾ വിമാനക്കൂലിയായി ഈടാക്കുന്നത്. ഹജ്ജ് സീസണിൽ പ്രൈവറ്റായി പോകുന്നവർക്ക് സാധാരണ വിമാനങ്ങളിൽ സീറ്റ് തരപ്പെടുത്തിപോകാം. അങ്ങനെ പോകുന്നവർക്ക് 40,000 രൂപ മുതൽ 45,000 രൂപ വരെയാണ് എയർ ടിക്കറ്റ് ചാർജായി എയർ ഇന്ത്യ, സൗദി എയർലൈൻസ് തുടങ്ങിയ വിമാനക്കമ്പനികൾ ഈടാക്കുന്നത്. എന്നാൽ

സർക്കാർ ക്വാട്ടയിൽ പോകുന്നവർക്ക് ഭീമമായ സംഖ്യയാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. 2014-ൽ 69,950 രൂപ എയർ ടിക്കറ്റ് ചാർജായി നിശ്ചയിക്കപ്പെട്ടിരുന്നപ്പോൾ 34,950 രൂപ സബ്സിഡിയായി നൽകി. 2015-ൽ 70,720 രൂപ എയർ ടിക്കറ്റ് ചാർജായി ഉയർത്തിയപ്പോൾ 28,720 രൂപ സബ്സിഡിയായി നൽകി. 2016-ൽ 60,185 രൂപ എയർ ടിക്കറ്റ് ചാർജായി ഉയർത്തിയപ്പോൾ 15,200 രൂപ സബ്സിഡിയായി നൽകി. 2017-ൽ 72,812 രൂപ എയർ ടിക്കറ്റ് ചാർജായി ഉയർത്തിയപ്പോൾ 10,750 രൂപ സബ്സിഡിയായി നൽകി. ഇതാണ് യഥാർത്ഥത്തിൽ സബ്സിഡിയുമായി ബന്ധപ്പെട്ട കണക്ക്. ഹജ്ജ് തീർത്ഥാടകരുമായി പോകുന്ന വിമാനങ്ങൾ തിരിച്ചുവരുമ്പോൾ യാത്രക്കാരില്ലാതെ വരുന്നുവെന്നാണ് ഇതിന് കമ്പനികൾ പറയുന്ന ന്യായം. എന്നാൽ ആഗോള വിമാന ടെണ്ടർ വിളിക്കുകയാണെങ്കിൽ ഈ വിമാനങ്ങൾക്ക് റിയാദിലോ ദമാമിലോ പോയി യാത്രക്കാരുമായി തിരിച്ച് വരാവുന്നതാണ്. ഈ സാഹചര്യം ഇന്നുവരെ ഉപയോഗപ്പെടുത്തുവാൻ എയർ ഇന്ത്യയോ സൗദി എയർലൈൻസോ തയ്യാറായിട്ടില്ല. ഇതുകൊണ്ടാണ് ഭീമമായ ചാർജ് ഹജ്ജാജികളിൽ നിന്നും ഈടാക്കേണ്ടിവരുന്നത്. ആഗോള ടെണ്ടർ വിളിച്ചാൽ ഈ പ്രശ്നം പരിഹരിക്കാനാകുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എല്ലാ മേഖലകളിലും സ്വകാര്യവൽക്കരണം നടപ്പിലാക്കുകയെന്നുള്ള കേന്ദ്ര നയമാണ് ഹജ്ജ് നയത്തിലും കാണിച്ചിട്ടുള്ളത്. ഹജ്ജ് നയം പ്രഖ്യാപിച്ചപ്പോൾ സ്വകാര്യ ഗ്രൂപ്പുകൾവഴി പോകുന്നതിന് 5 ശതമാനം ചാർജ് വർദ്ധിപ്പിക്കുകയും സംസ്ഥാന ഹജ്ജ് കമ്മിറ്റികൾ മുഖേന പോകുന്നതിന് ചാർജ് കുറയ്ക്കുകയും ചെയ്തു. യഥാർത്ഥത്തിൽ കേന്ദ്രസർക്കാരിന്റെ നയം ഇതിലും പ്രകടമാണ്. സാമൂഹ്യനയം എന്നതുപോലെ സാമ്പത്തികനയം കൃത്യമായി ഇതിൽ പ്രതിഫലിക്കുന്നുണ്ട്. കേരളത്തിൽ നിലനിന്നിരുന്ന ഒരു സംവിധാനം, 5-ാം തവണ അപേക്ഷിക്കുന്നവർക്കുള്ള പരിഗണനയും 70 വയസ്സ് കഴിഞ്ഞവർക്കുള്ള മുൻഗണനയും ഉണ്ടായിരുന്നുവെന്നതാണ്. അത് ഇപ്പോഴത്തെ കേന്ദ്ര നയത്തിൽ എടുത്തു കളഞ്ഞിരിക്കുകയാണ്. ഇത് മാനുഷികമായ ഒരു പ്രശ്നമാണ്. അതാണ് നമ്മുടെ സംസ്ഥാനത്തിനുള്ള തിരിച്ചടികളിൽ ഒന്ന്. ജനസംഖ്യാനുപാതികമാണെന്ന് പറഞ്ഞ് കേരളത്തിന് ക്വാട്ട നിഷേധിക്കുകയാണ്. അപേക്ഷകർക്ക് ആനുപാതികമായ ക്വാട്ട നൽകണമെന്ന സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആവശ്യം നിഷേധിച്ചതിനെതിരെ സംസ്ഥാന ഗവൺമെന്റ് എടുത്ത നിലപാട് വിശദീകരിക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇന്ത്യയിൽനിന്നും ഹജ്ജ് കമ്മിറ്റി മുഖേന തീർത്ഥാടനത്തിന് പോകുന്ന ഹാജിമാരുടെ എണ്ണം 1,75,025 ആണ്. പുതിയ ഹജ്ജ് നയത്തിൽ ഇത്രയുംപേരെയും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കണമെന്നാണ് പറഞ്ഞിരുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം സംസ്ഥാന ഹജ്ജ് കമ്മിറ്റി ബന്ധപ്പെട്ടവരെ അറിയിക്കുകയുണ്ടായി. അങ്ങനെയാണ് 70 വയസ്സിനു മുകളിലുള്ളവർ നറുക്കെടുപ്പിൽ പങ്കെടുക്കണ്ടെന്നും അപേക്ഷകരെ ഒരു സഹായിയുൾപ്പെടെ കൊണ്ടുപോകാമെന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റി ഭേദഗതി വരുത്തിയത്. കേന്ദ്ര ഹജ്ജ് മന്ത്രാലയം തിരുത്ത് വരുത്തിയതനുസരിച്ച് അപേക്ഷ ക്ഷണിച്ചു. എന്നാൽ അഞ്ചാം വർഷമുള്ള അപേക്ഷകരെ നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കണമെന്ന കേരളത്തിന്റെ ആവശ്യം നിരാകരിക്കപ്പെട്ടു. അതിനെത്തുടർന്ന് സുപ്രീംകോടതിയിൽ കേരളം സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഒരു കേസ് ഫയൽ ചെയ്തു. അതിന്റെ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെയായിരുന്നു വാദം കേൾക്കൽ നടന്നത്. 65-നും 70-നും ഇടയ്ക്ക് പ്രായമുള്ള എത്രപേരാണ് അപേക്ഷകരായിട്ടുള്ളതെന്നതിന്റെ കണക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ട്. സീനിയർ സിറ്റിസൺസ് എന്ന പരിഗണന നൽകി ഏറ്റവും ചുരുങ്ങിയത് 60 വയസ്സിന് മുകളിൽ പ്രായമുള്ളവരെ ഈ നറുക്കെടുപ്പിൽനിന്നും ഒഴിവാക്കുകയെന്ന ന്യായമായ ആവശ്യംപോലും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല.

ശ്രീ. പി. വി. അൻവർ: സർ, യഥാർത്ഥത്തിൽ സബ്സിഡി കിട്ടിക്കൊണ്ടിരിക്കുന്നത് ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ എയർലൈൻസുകൾക്കാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കിൽനിന്നും വ്യക്തമാണ്. എയർലൈൻസുകാർ ഇവിടെനിന്നും കൊണ്ടുപോകുന്ന പണം ഉപയോഗിച്ച് ഇവിടെനിന്നും പോകുന്ന ഹാജിമാർക്ക് ഗുണകരമാകുന്ന രീതിയിൽ ചാർട്ടേർഡ് ഫ്ലൈറ്റുകൾ ഓർഗനൈസ് ചെയ്യുന്നകാര്യം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എന്തുകൊണ്ട് പരിഗണിച്ചുകൂടാ? മടങ്ങിവരുമ്പോൾ ഫ്ളൈറ്റിൽ ആളെ എടുക്കാതെയാണ് വരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അതിനും ഇന്ന് സംവിധാനമുണ്ട്. സംസ്ഥാന ഗവൺമെന്റും സംസ്ഥാന ഹജ്ജ് കമ്മിറ്റിയും ഇത്തരത്തിലൊരു ശ്രമം നടത്തിയാൽ ചെറിയ നിരക്കിനുതന്നെ വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവർ അതിന് തയ്യാറാകുമെന്നാണ് മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ടി പരിശ്രമിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഹജ്ജ് ഫ്ലൈറ്റുകൾ സ്വകാര്യ ട്രൂപ്പുകൾ ചാർട്ട് ചെയ്ത് കൊണ്ടുപോകുമ്പോൾപോലും 40,000, 45,000 രൂപയാണ് എയർ ടിക്കറ്റ് ചാർജായി വാങ്ങുന്നത്. എന്നാൽ കഴിഞ്ഞവർഷം 72812 രൂപയായിരുന്നു. എയർ

ഇന്ത്യ, സൗദി എയർലൈൻസ് എന്നീ രണ്ട് എയർലൈൻസുകൾക്ക് മാത്രമാണ് ഇതിന്റെ കുത്തക. സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് പ്രത്യേകമായി വിമാനങ്ങൾ ചാർട്ട് ചെയ്ത് കൊണ്ടുപോകാൻ കഴിയില്ല. അതിന് പ്രായോഗികതലത്തിൽ വളരെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ട്. വിമാനക്കമ്പനികളെ ആഗോള ടെണ്ടറിന് വിധേയമാക്കിയാൽ അത്തരത്തിലുള്ള ചാർജ് കുറയ്ക്കുന്നതിന് സഹായകമാകു മെന്നുതന്നെയാണ് വിശ്വസിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഹജ്ജിന് പോകുന്നതിന് നറുക്കെടുപ്പ് കിട്ടിയ പ്രവാസികളായ അപേക്ഷകർക്ക് പാസ്പോർട്ട് സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 15 ആണ്. ഹജ്ജുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ സെപ്റ്റംബർ അവസാനമാകും. ജൂലൈ 11-നാണ് ആദ്യ യാത്ര ആരംഭിക്കുന്നത്. ഇത്രയും സമയം പാസ്പോർട്ട് ഇതിനുവേണ്ടി ഏല്പിക്കുന്നത് പ്രവാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ജൂലൈ 11 ന് ആദ്യ യാത്ര ആരംഭിക്കുന്നതുകൊണ്ട് പാസ്പോർട്ട് ഏല്പിക്കാനുള്ള സമയപരിധി ഏപ്രിൽ 15 എന്നത് കുറച്ചുകൂടി നീട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം കേന്ദ്രസർക്കാരിനോട് ആവശ്യ പ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, കേരളത്തിലെ 80 ശതമാനം ഹജ്ജാജിമാരും മലബാർ മേഖലയിലുള്ളവരാണ്. കോഴിക്കോട് വിമാനത്താവളമായിരുന്നു ഇതുവരെ അവർ ഉപയോഗിച്ചിരുന്നത്. ഇത് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് മാറ്റിയത് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിമാനത്താവളം നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയപ്പോൾ അവിടെ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കുമെന്ന് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആ നയം തന്നെയാണോ ഈ സർക്കാരും തുടരുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് തന്നെ തിരിച്ചുകൊണ്ടുവരണമെന്നതാണ് സർക്കാരിന്റെ സുവ്യക്തമായ അഭിപ്രായം. താൽക്കാലികമായിട്ടായിരുന്നു അത് കൊച്ചിയിലേയ്ക്ക് മാറ്റിയത്. കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ റീസ്സൈണ്ട്തനിംഗുമായി ബന്ധപ്പെട്ടാണ് അത്തരമൊരു മാറ്റം ഉണ്ടായത്. റീസ്സൈണ്ട്തനിംഗ് പൂർത്തിയായിക്കഴിഞ്ഞാൽ കോഴിക്കോട്ടേയ്ക്കുതന്നെ എമ്പാർക്കേഷൻ പോയിന്റ് തിരിച്ചുകൊണ്ടുവരുമെന്ന് അന്ന് പറഞ്ഞിരുന്നു. ദൗർഭാഗ്യവശാൽ അത് ഇതുവരെ നടന്നിട്ടില്ല. കേരളത്തിൽ നിന്നുള്ള എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട് തന്നെയാണ്. ഏതാണ്ട് 80 ശതമാനത്തോളം ഹാജിമാർ മലബാർ മേഖലയിൽ നിന്നാണ് പോകുന്നത്.

റീസ്റ്റൈങ്ത്തനിംഗ് കഴിഞ്ഞതിനുശേഷം വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പ് അന്വേഷിട്ടില്ല. 250, 300 പാസ്സഞ്ചേഴ്സിനെ ഉൾക്കൊള്ളാനാകുന്ന എയർക്രാഫ്റ്റുകൾ കരിപ്പൂരിൽ ഇറങ്ങുന്നതിന് ബുദ്ധിമുട്ടില്ലെന്ന പഠന റിപ്പോർട്ടാണ് കോഴിക്കോട് എയർപോർട്ട് ഡയറക്ടർ എയർപോർട്ട് ഹെഡ് ക്വാർട്ടേഴ്സിന് ഇപ്പോൾ കൈമാറിയിട്ടുള്ളത്. എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കാമെന്ന ശിപാർശയോടെ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന് 19-1-2018-ന് സമർപ്പിച്ചതായാണ് വിവരം. കൊച്ചിയിൽ ഒരു ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് ഇപ്പോഴത്തെ സർക്കാരിന് യാതൊരു ഉദ്ദേശവുമില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, കേന്ദ്രസർക്കാരിന്റെ പുതിയ ഹജ്ജ് നയം വളരെയേറെ നിരാശാജനകവും രാജ്യത്തെ ന്യൂനപക്ഷങ്ങളോടുള്ള അവഹേളനവുമാണ്. നയം രൂപീകരിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒരു സംഗതിയാണ് സംസ്ഥാനത്തിലെ മുസ്ലീം ജനസംഖ്യയ്ക്ക് ആനുപാതികമായി ഹജ്ജ് ക്വാട്ട അനുവദിക്കണമെന്നത്. ആ സാഹചര്യത്തിൽ അപേക്ഷകരുടെ എണ്ണമാണ് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. ഒരു സംസ്ഥാനത്തുനിന്നുള്ള അപേക്ഷകരുടെ എണ്ണം മാനദണ്ഡമായി സ്വീകരിക്കുകയാണെങ്കിൽ അതാണ് നീതിപൂർവ്വമാകുക. ബീഹാർ, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ അപേക്ഷകർ മുഴുവൻ പോകുമ്പോൾ കേരളത്തിലെ അപേക്ഷകരിൽ പത്തിലൊന്നുപേർക്ക് മാത്രമാണ് പോകാൻ സാധിക്കുന്നത്. കോഴിക്കോടിന്റെ കാര്യം വലിയൊരു വിഷയമാണ്. ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിനും മറ്റും എല്ലാ സൗകര്യങ്ങളും കോഴിക്കോട് ജില്ലയിലുണ്ട്. ഇപ്പോഴും അത് അനന്തമായി നീട്ടികൊണ്ടുപോകുന്നത് വേറെ എന്തൊക്കെയോ താല്പര്യങ്ങളുടെ പേരിലാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായി ഇടപെടുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് റീസ്റ്റൈങ്ത്തനിംഗുമായി ബന്ധപ്പെട്ട വിഷയവുമായി കണക്ട് ചെയ്ത് കോഴിക്കോട് നിന്നും കൊച്ചിയിലേയ്ക്ക് എമ്പാർക്കേഷൻ പോയിന്റ് മാറ്റിയത്. അത് തിരിച്ചുകൊണ്ടുവരുന്നതിനുള്ള തീവ്രമായ പരിശ്രമങ്ങൾ സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സംസ്ഥാന സർക്കാരും നടത്തിവരുന്നു. നമ്മുടെ എം.പി.മാർ അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ക്വാട്ട നൽകണമെന്നത് കേരളത്തിന്റെ വളരെക്കാലത്തെ ആവശ്യമായിരുന്നു. പക്ഷെ ഇതുവരെ അത് പരിഗണിക്കപ്പെട്ടിട്ടില്ല. സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര ഹജ്ജ് നയം രൂപീകരിക്കുന്നുവെന്ന് അറിഞ്ഞ സാഹചര്യത്തിൽത്തന്നെ എന്തൊക്കെയായിരിക്കണം

അതിൽ ഉൾപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ ചില നിർദ്ദേശങ്ങൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കും കേന്ദ്ര ഹജ്ജ് മന്ത്രാലയത്തിനും സമർപ്പിച്ചിരുന്നു. എന്നാൽ ആ നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്ത് 69,783 അപേക്ഷകരുണ്ട്. അതിൽ 10,981 പേർക്കാണ് അനുമതി ലഭിച്ചിരിക്കുന്നത്. ഇത് വളരെ ചുരുങ്ങിയ എണ്ണമാണ്. ജനസംഖ്യാനുപാതികമായി ക്വാട്ട നിശ്ചയിക്കുന്നതിനുപകരം അപേക്ഷകരുടെ എണ്ണം അനുസരിച്ച് ക്വാട്ട നിശ്ചയിക്കണമെന്നുള്ളത് ന്യായമായിട്ടുള്ള ആവശ്യമാണ്. ഇത് പരിഗണിക്കുന്നതിന് സംസ്ഥാന സർക്കാരും ഹജ്ജ് കമ്മിറ്റിയും നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അനുകൂല പ്രതികരണം ഇതുവരെയും ഉണ്ടായിട്ടില്ല. എം.പി. മാർ മുഖേനയും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനൊരു റിസൾട്ട് ഉണ്ടാകുമെന്ന് ഈ സാഹചര്യത്തിൽ പ്രതീക്ഷിക്കാനാവില്ല.

**സമഗ്ര ജൈവകൃഷി പദ്ധതി**

2 (*122) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപനത്തിനായി സർക്കാർ ഇടപെടലുകൾ നടത്തുമ്പോഴും ജൈവ വിളകൾ എന്ന പേരിൽ സംസ്ഥാനത്ത് വിൽക്കുന്നവയിൽ കീടനാശിനികളുടെ അംശം വ്യാപകമായി ഉണ്ടെന്നുള്ള വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ജൈവകാർഷിക മേഖലയിൽ ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എന്ത് മേൽനോട്ട സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സമഗ്ര ജൈവ കൃഷി പദ്ധതി നടപ്പിലാക്കാൻ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) കൃഷിയിടങ്ങളിൽ ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്ന കൃഷി

വകുപ്പിന്റെ 'ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും' എന്ന പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതം ധനസഹായം നൽകിയിരുന്നു. നിലവിൽ 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കാൻ നിർദ്ദേശം നൽകിവരുന്നു. ജൈവവളങ്ങളും ജൈവ കീടനാശിനികളും കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് കാർഷിക വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജൈവപച്ചക്കറി വിപണനത്തിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 118 ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം 317 എണ്ണം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജി.എ.പി. ക്ലസ്റ്ററുകളും ഇക്കോ ഷോപ്പുകൾവഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'കേരള ഓർഗാനിക് ' എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷൻ ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പുകൾവഴി വിപണനം നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ ഇൻസെന്റീവായി നൽകുന്നു. ജി.എ.പി. ഉൽപ്പന്നങ്ങൾ സംഭരിച്ച് ഗ്രേഡിംഗും പാക്കിംഗും നടത്തി വിപണനം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സമഗ്ര ജൈവകൃഷി പദ്ധതി നടത്തിപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 305.61 ലക്ഷം രൂപ ചെലവഴിച്ചു. ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5,000 രൂപ നിരക്കിലും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ നിരക്കിലും ആകെ 182.90 ലക്ഷം രൂപ ചെലവഴിച്ചു. ഇക്കോ ഷോപ്പുകൾ വഴിയുള്ള വിപണനത്തിനായി 70 ലക്ഷം രൂപയും ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി ക്ലസ്റ്ററുകൾക്ക് 57.36 ലക്ഷം രൂപയും ജൈവ കാർഷിക മണ്ഡലം അവാർഡുകൾക്കായി 123 ലക്ഷം രൂപയും ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര ജൈവകൃഷി പദ്ധതി നടത്തിപ്പിനായി 1,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തന ങ്ങൾക്കായി 116 ലക്ഷം രൂപ, ഇക്കോ ഷോപ്പുകൾക്ക് വേണ്ടി 300 ലക്ഷം രൂപ, ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി 50 ലക്ഷം രൂപ, ഓപ്പറേഷൻ എക്സ്പെൻസസ് എന്നതിലേയ്ക്ക് 20 ലക്ഷം രൂപ, ജൈവ കാർഷിക മണ്ഡലം അവാർഡുകൾക്കും മറ്റുമായി 123 ലക്ഷം രൂപ, കാസർഗോഡ് ജില്ലയിലെ പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിലേയ്ക്ക് 60 ലക്ഷം രൂപ, കുട്ടനാട് ജി.എ.പി. പദ്ധതിക്കായി 200 ലക്ഷം രൂപ എന്ന തോതിൽ ചെലവഴിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രീ. ഐ. ബി. സതീഷ് : സർ, ജൈവ പച്ചക്കറി എന്ന പേരിൽ ചില സ്ഥാപനങ്ങൾ അമിതവില ഈടാക്കി പച്ചക്കറി വിൽപ്പന നടത്തുന്നുണ്ട്. ജൈവ പച്ചക്കറി എന്ന പേരിൽ വിളകളും വിത്തുകളും തൈകളും വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ഉണ്ടോയെന്ന് ഉറപ്പുവരുത്തുകയും സ്ഥാപനങ്ങളിൽ ഗുണമേന്മാ പരിശോധന നടത്തുകയും ചെയ്യണമെന്ന് കൃഷിഭവനുകൾക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവ പച്ചക്കറി എന്ന പേരിൽ ലേബൽ ഒട്ടിച്ച് പല സ്ഥാപനങ്ങളും അമിത വില ഈടാക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് 'കേരള ഓർഗാനിക് ' എന്ന ഒരു ബ്രാന്റ് പുറത്തിറക്കുകയും നല്ലമുറ കൃഷി പരിപാലന രീതിയിലൂടെ (good agriculture practice) ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പുകൾ വഴി വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തത്. ഇതിനുപുറമെ, വി.എഫ്.പി.സി.കെ.-യുടെ (Vegetable and Fruit Promotion Council Kerala) കീഴിൽ 215 ക്ലസ്റ്ററുകളും പരമ്പരാഗത കൃഷി വികാസ് യോജന-യുടെ (Paramparagat Krishi Vikas Yojana) ഭാഗമായി 119 ക്ലസ്റ്ററുകളും നല്ലമുറ കൃഷി പരിപാലന രീതിയിലൂടെ 444 ക്ലസ്റ്ററുകളും കൂടാതെ 155 ക്ലസ്റ്ററുകളടക്കം ഏകദേശം 1099 ക്ലസ്റ്ററുകൾ ജൈവ ഉൽപ്പന്നങ്ങൾ കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിറ്റഴിക്കുന്ന യൂണിറ്റുകൾ ഈ വർഷം കേരളത്തിൽ നിലവിൽവരികയാണ്. ഇതിന്റെ ഭാഗമായി മറ്റ് ഉല്പന്നങ്ങൾ ജൈവ ഉല്പന്നങ്ങൾ എന്ന പേരിൽ വ്യാജമായി വിൽപ്പന നടത്തുന്നതിന് നിയന്ത്രണമുണ്ടാകും.

ശ്രീ. ഐ. ബി. സതീഷ്: സർ, തരിശ്ശായി കിടക്കുന്ന ഭൂപ്രദേശങ്ങളുടെ പ്രത്യേകതകൾ പരിഗണിച്ച്, കാലാവസ്ഥാ വ്യതിയാനം കാര്യമായി വിളവിനെ ബാധിക്കാത്ത കിഴങ്ങുവർഗ്ഗ വിളകളും ജൈവ പച്ചക്കറി കൃഷിയും വ്യാപിപ്പിക്കാൻ കുടുംബശ്രീയും കൃഷി വകുപ്പും സംയുക്തമായി പദ്ധതികൾ തയ്യാറാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഓർഗാനിക് ഫാമിംഗിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ധാരാളം പ്രവൃത്തികൾ നടക്കുന്നുണ്ട്. കുടുംബശ്രീയും കൃഷി വകുപ്പും ചേർന്ന് ഒരു MoU ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പും കുടുംബശ്രീയും ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പദ്ധതി ഇപ്പോൾ നടന്നുവരികയാണ്. തരിശ്ശായിക്കിടക്കുന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള തരിശ് കൃഷി പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാനത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ

വിളകൾ പുതിയതായി ആരംഭിക്കുന്നുണ്ട്. കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളും മാത്രമല്ല അട്ടപ്പാടിപോലെ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ വരൾച്ചയെ പ്രതിരോധിക്കാൻ കഴിയുന്ന ചെറുധാന്യങ്ങളുടെ ഉല്പാദനം വ്യാപിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 1200 ഏക്കർ സ്ഥലത്ത് ചാമ, റാഗി ഉൾപ്പെടെയുള്ള ചെറുധാന്യങ്ങളുടെ കൃഷി ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി വരൾച്ചയെ പ്രതിരോധിക്കാൻ കഴിയുന്ന രീതിയിലുള്ള ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്ന ജൈവ പച്ചക്കറികളിലും ഫലവർഗ്ഗങ്ങളിലും കീടനാശിനികളില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ട നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ പറഞ്ഞ ഉത്തരത്തിൽ ഞാൻ അത് സൂചിപ്പിച്ചിരുന്നു. നല്ലമുറ കൃഷി പരിപാലന രീതി, സേഫ് ടു ഈറ്റ്, ഗ്യാരന്റി പാർട്ടിസിപ്പേറ്ററി സിസ്റ്റം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് കൃത്യമായ പരിശീലനം നൽകി അവർ ജൈവ രീതിയിൽ തന്നെയാണ് ഉല്പാദനം നടത്തുന്നതെന്ന് ഉറപ്പുവരുത്താനും അതോടൊപ്പം ജൈവ കൃഷിയിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ഉല്പാദനനഷ്ടം കുറയ്ക്കുന്നതിനുംവേണ്ടി അവർക്ക് പ്രത്യേക ഇൻസെന്റീവ് നൽകുന്നതിനും ജൈവ കൃഷിയിലേയ്ക്ക് വരുന്നതോടെ ഉല്പാദനം കുറയാതിരിക്കാനും ആവശ്യമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ കൃഷി വകുപ്പ് ആരംഭിച്ചിരിക്കുന്നത്. എന്നാൽ പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും ധാരാളം കീടനാശിനി പ്രയോഗം നടന്നുകൊണ്ടിരിക്കുന്നു. യൂണിവേഴ്സിറ്റിയിലെ ലബോറട്ടറിയിൽ ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ മൂന്നുമാസത്തിലും കേരളത്തിനകത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ഉപയോഗിക്കുന്ന കീടനാശിനിയെയും കേരളത്തിന് പുറത്തുനിന്നും വരുന്ന പച്ചക്കറികളിൽ ഉപയോഗിക്കുന്ന കീടനാശിനിയെയും അതിന്റെ അളവിനെയും സംബന്ധിച്ച കൃത്യമായ ഡാറ്റാ തയ്യാറാക്കി ഫുഡ് സെക്യൂരിറ്റി മിഷന് നൽകുന്നുണ്ട്. അതിനുപുറമെ ജനങ്ങൾക്കിടയിൽ ബോധവത്കരണം നടന്നുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരെയും മറ്റ് ഉല്പാദകരെയും ബോധവൽക്കരണത്തിലൂടെ ഘട്ടംഘട്ടമായി മാത്രമേ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ. കീടനാശിനി പ്രയോഗം നിയമപരമായി നിയന്ത്രിക്കേണ്ടത് കൃഷി വകുപ്പല്ല, ആരോഗ്യ വകുപ്പാണ്. അവർക്ക് ഇതുസംബന്ധിച്ച കൃത്യമായ വിവരം കൃഷി വകുപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ജൈവ പച്ചക്കറിയും ജൈവ നെൽകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. എന്നാൽ ജൈവ കൃഷിയെ സംരക്ഷിക്കാൻ ജൈവ കീടനാശിനികൾ ഉല്പാദിപ്പിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. ഉദാഹരണത്തിന്, ഞാൻ കൃഷിചെയ്ത പച്ചക്കറികൾക്ക് കീടബാധയുണ്ടായപ്പോൾ ഞാൻ നീലേശ്വരം കൃഷി ഫാമിൽചെന്ന് വിവരം പറഞ്ഞതിനെത്തുടർന്ന് അവർ ഒരു മരുന്ന് തന്നിട്ട് അത് പന്തലിന്റെ സൈഡിൽ കെട്ടിയാൽ മതിയെന്ന് പറഞ്ഞു. നൂറ് രൂപ കൊടുത്ത് ആ മരുന്ന് വാങ്ങി പന്തലിന്റെ സൈഡിൽ കെട്ടി. എന്നാൽ എന്റെ നൂറ് രൂപ പോയതല്ലാതെ അതുകൊണ്ട് ഒരു പ്രയോജനവുമുണ്ടായില്ല. എന്റെ പച്ചക്കറി മുഴുവൻ നശിച്ചു.

മി. സ്പീക്കർ: യഥാർത്ഥ കൃഷിക്കാരന്റെ വേദനയാണിത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ജൈവവളം കൃത്രിമമായി നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം എല്ലാ കൃഷിക്കാരുടെയും വീടുകളിൽ കന്നുകാലികളെ വളർത്തണം എന്ന നിർദ്ദേശം നൽകണം. ജൈവ കൃഷിയിൽ ചാണകമാണ് പ്രധാനമായി ഉപയോഗിക്കുന്നത്. അതിനുവേണ്ടി കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് എല്ലാ കർഷകരുടെ വീടുകളിലും കന്നുകാലികളെ വളർത്തുന്നതിന് നടപടി സ്വീകരിച്ചാൽ കൃത്രിമമല്ലാത്ത ജൈവ വളം ലഭിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പണ്ടുകാലത്ത് എല്ലാ കൃഷിക്കാരുടെയും വീടുകളിൽ നാടൻ പശുക്കളെ വളർത്തുന്ന ശീലമുണ്ടായിരുന്നു. അന്ന് അവരുടെ വീടിനുമുന്നിൽ തൊഴുത്താണെങ്കിൽ ഇപ്പോൾ വീടിനുമുന്നിൽ നായ്ക്കൂടാണ്. അത് വലിയൊരു മാറ്റമാണ്. എല്ലാ കൃഷിക്കാരും വീടുകളിൽ കന്നുകാലികളെ വളർത്തണമെന്നത് അത്യാവശ്യമായ കാര്യമാണ്. അത് പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ജൈവ കൃഷി വ്യാപനത്തിന്റെ പ്രധാനപ്പെട്ട കംപോണന്റായ കന്നുകാലിസമ്പത്ത് വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ നമുക്ക് ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഏതോ ഒരു കീടക്കെണി ഉപയോഗിച്ചപ്പോഴുണ്ടായ അനുഭവത്തെപ്പറ്റി സൂചിപ്പിച്ചു. കൃഷിനാശം ആരംഭിച്ചശേഷം പ്രയോഗിക്കുന്ന ജൈവ പരിപാലന രീതി പരാജയപ്പെടാറുണ്ട്. കൃഷിയുടെ തുടക്കം മുതൽതന്നെ ജൈവ പരിപാലന രീതി അവലംബിച്ചാൽ മാത്രമേ കീടങ്ങളെ പൂർണ്ണമായും പ്രതിരോധിക്കാൻ സാധിക്കൂ എന്നാണ് ജൈവ കൃഷിയുമായി ബന്ധപ്പെട്ട ശാസ്ത്രസമൂഹം പറയുന്നത്. രോഗങ്ങൾ വന്നതിനുശേഷം പ്രതിരോധിക്കുന്നതിന് പകരം രോഗം വരുന്നതിന് മുമ്പായി അത്

വരാതിരിക്കാനുള്ള മുൻകരുതൽ എടുക്കുന്നതിനുവേണ്ടിയുള്ള കൃത്യമായ പ്രോട്ടോക്കോൾ ഓരോ കൃഷിഭവനുകളിലും നൽകിയിട്ടുണ്ട്. അത് പ്രകാരം ജൈവ കൃഷി അവലംബിക്കുകയാണെങ്കിൽ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ജൈവ ലേബലിൽ കേരളീയരുടെ തീൻ മേശകളിലെത്തുന്നത് നിരോധിച്ച കീടനാശിനികളുടെ സാന്നിദ്ധ്യമുള്ള പച്ചക്കറികളും പഴങ്ങളുമാണെന്ന് കാർഷിക സർവ്വകലാശാലയുടെ പഠനത്തിൽ നിന്നും തെളിഞ്ഞിട്ടുണ്ട്. ഇതുവരെ റിപ്പോർട്ട് ചെയ്യാത്ത ഏഴ് പുതിയ ഇനം രാസ കീടനാശിനികളാണ് കണ്ടെത്തിയിട്ടുള്ളത്. വൻകിട ഹൈപ്പർ മാർക്കറ്റുകളിൽ വിൽക്കുന്ന കാപ്സിക്കം, ബജി മുളക്, മുന്തിരി, ഫാഷൻ ഫ്രൂട്ട് പിങ്ക്, കൂടാതെ പൊതുവിപണിയിൽനിന്നും ശേഖരിച്ച സാമ്പിളുകളായ ആപ്പിൾ റോയൽ, ഗാല, കറുത്ത മുന്തിരി, കുരു ഇല്ലാത്ത പച്ച മുന്തിരി തുടങ്ങിയ നിരവധി ഇനങ്ങളിൽ ഇത്തരം ഏഴ് ഇനം പുതിയ രാസ കീടനാശിനികൾ കണ്ടെത്തിയ സാഹചര്യത്തിൽ മനുഷ്യരുടെ ആരോഗ്യത്തിന് വളരെ ഹാനികരമായ ഈ കീടനാശിനികളുടെ സാന്നിദ്ധ്യം ഇല്ലായ്മചെയ്യുന്നതിനും ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് എതിരെയും എന്ത് നടപടിയാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; കാർഷിക ക്ലിനിക്കുകൾക്ക് ഇക്കാര്യത്തിൽ എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ച കുരു ഇല്ലാത്ത മുന്തിരി, ആപ്പിൾ മുതലായ ഓരോ വിളകളും കേരളത്തിൽ ഉല്പാദിപ്പിക്കുന്നവയല്ല. കേരളത്തിന് പുറത്തുനിന്നും വരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും നിരോധിത കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് കൊടുത്തിട്ടുണ്ട്. ഇത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടത് മറ്റ് ഡിപ്പാർട്ട്മെന്റുകളാണ്. ജൈവ ഉല്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് കൃഷി വകുപ്പ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിൽ നിരോധിത കീടനാശിനികളടക്കമുള്ള കീടനാശിനികൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിന് ഒരു എൻഫോഴ്സ്മെന്റ് വിഭാഗം ഇപ്പോൾ കൃഷിവകുപ്പ് ശക്തിപ്പെടുത്തിയിട്ടുണ്ട്. കീടനാശിനി എപ്പോൾ ഉപയോഗിക്കണം, എങ്ങനെ ഉപയോഗിക്കണം, ഏത് ക്രോപ്പിൽ ഉപയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ കുറിപ്പടിയില്ലാതെ ഒരു കാരണവശാലും റീട്ടെയിൽ ഷോപ്പുകളിലൂടെ കീടനാശിനി വിതരണം ചെയ്യാൻ പാടില്ലെന്ന കർശന നിർദ്ദേശം

ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ആ രീതിയിലുള്ള നിയന്ത്രണമാണ് ഇപ്പോൾ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. 2015-16 കാലഘട്ടത്തിൽ 1281 മെട്രിക് ടൺ കീടനാശിനിയാണ് കേരളത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. നമ്മുടെ വിളകളുടെ വിസ്തൃതി അനുസരിച്ച് ആവശ്യമില്ലാത്ത അത്രയും അളവ് കീടനാശിനി കേരളത്തിൽ മാത്രം ഉപയോഗിക്കപ്പെട്ടുവെന്നതിന്റെ കണക്കുള്ള സാഹചര്യത്തിലാണ് കീടനാശിനി നിയന്ത്രണവുമായി ബന്ധപ്പെട്ട് കർശന നിർദ്ദേശം കൊടുത്തത്. അത് നിയന്ത്രിക്കാൻ ആവശ്യമായ നടപടിയാണ് ഇപ്പോൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നത്. അത് ചെറിയ രീതിയിൽ വിജയം കണ്ടുകൊണ്ടിരിക്കുക യാണ്, അങ്ങനെ ഘട്ടംഘട്ടമായി കീടനാശിനി പ്രയോഗം കുറച്ചുകൊണ്ടുവരാൻ കഴിയും.

മി. സ്പീക്കർ: മെഴുക് പൊതിഞ്ഞ ആപ്പിൾ വിൽക്കുന്നുണ്ടെന്ന് പറയപ്പെടുന്നു. അത് തടയാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷി വകുപ്പല്ല മെഴുക് പൊതിഞ്ഞ ആപ്പിൾ പിടിക്കേണ്ടത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് അതിന് എൻഫോഴ്സ്മെന്റ് ഇല്ല. ഫുഡ് സേഫ്റ്റി വിഭാഗം അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലേക്ക് വരുന്ന എല്ലാ ഉത്പന്നങ്ങളിലും അടങ്ങിയിരിക്കുന്ന അപകടകരമായ കീടനാശിനി സാന്നിദ്ധ്യം സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് കാർഷിക സർവ്വകലാശാല ഗവൺമെന്റിലേക്ക് കൊടുക്കുകയും അത് ഉപയോഗിക്കാൻ പാടില്ലെന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ മാസം സന്ദർശിക്കുകയുണ്ടായി. അവിടെ ആധുനികരീതിയിലുള്ള, പ്രത്യേകിച്ച് നെല്ലുമായി ബന്ധപ്പെട്ട് പല ഗവേഷണങ്ങളും നടക്കുന്നുണ്ട്. അന്ന് നമ്മൾ വാഴവിത്തുകൾ കണ്ടതാണ്. ജൈവ തൈകൾ ഉത്പാദിപ്പിക്കാനും ജൈവകൃഷി മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്ന രീതിയിൽ ആ ലബോറട്ടറിയെ വികസിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ; അതിനെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന ഓരോ ലബോറട്ടറിയിലും അവരുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അവിടെ മൂന്നുലക്ഷം ടിഷ്യൂ കൾച്ചർ വാഴതൈകൾ ഉൽപാദിപ്പിക്കുന്നുണ്ട്. അത് 10 ലക്ഷമാക്കി ഉയർത്താനും ആ

വാഴത്തൈകൾ പൂർണ്ണമായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട സ്കീമുകളിലേക്ക് വാങ്ങാനും യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെ വാങ്ങുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിനുപുറമെ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും യൂണിവേഴ്സിറ്റി ലബോറട്ടറികളിലും ഉത്പാദിപ്പിക്കുന്ന ട്രൈകോഡർമ, ബിവേറിയ, സ്യൂഡോമോണസ്, ട്രൈക്കോകാർഡ് എന്നിവയുൾപ്പെടെ ലബോറട്ടറികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളെല്ലാം വകുപ്പുമായി ബന്ധപ്പെട്ട സ്കീമുകളിലേക്ക് എടുക്കാമെന്നുള്ള നിർദ്ദേശം യൂണിവേഴ്സിറ്റി കൊടുത്തിട്ടുണ്ട്. അതനുസരിച്ച് അങ്ങയുടെ മണ്ഡലത്തിൽപ്പെടുന്ന ലബോറട്ടറികളിലും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, വയനാട്ടിലെ ആദിവാസികളും ആദ്യകാല കുടിയേറ്റ കർഷകരും നല്ല ജൈവകൃഷിക്കാരും അതനുസരിച്ചുള്ള ഭക്ഷണരീതി സ്വീകരിച്ചവരായിരുന്നു. ഈ ജനവിഭാഗങ്ങളുടെ അനുഭവ സമ്പത്തുകൂടി ഉപയോഗിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ മേഖലയും വയനാട്ടിലെ കാർഷിക മേഖലയും ജൈവവൽക്കരിക്കാനും ഇതിനെ ബ്രാൻഡ് ചെയ്യാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വയനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുകയും അതിന്റെ ഭാഗമായി 3 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും ഈ പദ്ധതികളെല്ലാംതന്നെ ആദിവാസി ജനവിഭാഗത്തിന്റെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അവിടത്തെ ആവാസ വ്യവസ്ഥയ്ക്കനുസൃതമായി ചില കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുകയും പരമ്പരാഗത നെൽവിത്തുകൾ സൂക്ഷിക്കുകയും ചെയ്യുന്ന ഏക ജില്ല വയനാടാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഒരു സർവ്വേ നടത്തി ഏതൊക്കെ ആദിവാസി ഊരുകളിൽ, ഏതൊക്കെ കുടുംബങ്ങൾ, ഏതൊക്കെ ഇനങ്ങളിൽപ്പെട്ട നെൽകൃഷി ചെയ്തുകൊണ്ടിരിക്കുന്നു എന്നതിന്റെ വ്യക്തമായ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ആയിരം ഹെക്ടറിലധികം ഭൂമിയിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുകയുണ്ടായി. അതിനുപുറമെ അവിടത്തെ കാലാവസ്ഥയ്ക്കനുസരിച്ച് പുതിയതായി കിഴങ്ങ് വർഗ്ഗങ്ങൾ ഉല്പ്പാദിപ്പിക്കാൻ ശ്രമിക്കുന്നതാണ്. മാംഗോസ്റ്റീൻ, അവക്കാഡോ, ലിച്ചി തുടങ്ങിയ 5 തരം പഴവർഗ്ഗങ്ങൾ അവിടെ ഉല്പ്പാദിപ്പിക്കാൻവേണ്ടി 5 പഴവർഗ്ഗ ഗ്രാമങ്ങൾ ആദിവാസികളുടെ കീഴിൽ കൊണ്ടുവരാനുള്ള നടപടികളിലേക്ക്

നീങ്ങുകയാണ്. ആ പ്രോജക്ടിന്റെ അന്തിമ ചർച്ചയ്ക്കുവേണ്ടി 8-ാം തീയതി ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെയും അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചുകൂട്ടിയിരിക്കുകയാണ്. പ്രധാനമായും ആദിവാസികൾക്ക് അവരുടെ കാർഷിക മേഖലയിൽ ഏറ്റവും നല്ലനിലയിലുള്ള ജൈവകൃഷി ചെയ്തുകൊണ്ട് ഉല്പാദനം നടത്താനും അത് വിൽപ്പന നടത്താനും അതിലൂടെ അവർക്ക് നല്ല ലാഭമുണ്ടാക്കാനും കഴിയുന്ന രീതിയിലുള്ള പ്രത്യേക പദ്ധതികളാണ് അവിടെ നടപ്പാക്കാനുദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് നടക്കുന്ന മീറ്റിംഗിൽ പ്രോജക്ടിന് അന്തിമരൂപം നൽകുന്നതാണ്. പുഷ്പകൃഷിയാണ് വയനാട് മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിളയായി കൊണ്ടുവരാൻ കഴിയുന്നത്. പ്രത്യേക മേഖലയുടെ ഭാഗമായി പുഷ്പകൃഷിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളും മാർച്ച് മാസം 15-ാം തീയതി മുതൽ സ്പെഷ്യൽ സോൺ എന്ന നിലയിൽ ആദിവാസികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, 2013-ൽ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് പച്ചക്കറികളിലെ വിഷാംശത്തിനെതിരെ വ്യാപക ബോധവൽക്കരണം സംസ്ഥാനത്ത് ആരംഭിച്ചുവെങ്കിലും പിന്നീട് അക്കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. മുൻകാലങ്ങളിൽ അതിർത്തി കടന്നെത്തുന്ന പച്ചക്കറി വാഹനങ്ങളെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തിയിരുന്നു. എന്നാൽ ജി.എസ്.ടി. വന്നതോടെ ഇത് നാമമാത്രമായി. ഇതോടെ മായംകലർന്ന പച്ചക്കറികൾ സംസ്ഥാനത്തേക്ക് നിർബാധം വന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം കീടനാശിനി ഉപയോഗിച്ച് വിളയിപ്പിച്ച പച്ചക്കറികൾ ജൈവം എന്ന പേരിൽ കേരളത്തിലെ സൂപ്പർ മാർക്കറ്റുകളിൽ വിറ്റഴിക്കുന്നതായി കൃഷി വകുപ്പുതന്നെ കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജൈവകൃഷിയിൽ ഇന്ത്യാരാജ്യത്ത് മുന്നിൽനിൽക്കുന്ന രണ്ട് സംസ്ഥാനങ്ങളായ സിക്കിം, ആന്ധ്രാപ്രദേശ് എന്നിവരെ മാതൃകയാക്കി സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ഓരോ പശുവിനെ എം.എൽ.എ.-മാർക്ക് നൽകിയാൽ അതൊരു മാതൃകയാകും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പശുവിനെ നൽകുന്ന കാര്യം ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിയുമായി ആലോചിക്കാം. 2013-ൽ പച്ചക്കറികളിലെ വിഷാംശത്തിനെതിരെ ബോധവത്കരണ നടപടി ആരംഭിച്ചത് റിസർച്ച് വകുപ്പും യൂണിവേഴ്സിറ്റിയും കൂടിയാണ്. അതിന് നല്ല പുരോഗതി യുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ജൈവകൃഷിയിലേക്ക് ധാരാളംപേർ എത്തിച്ചേർന്നത്. സിക്കിം സർക്കാരുമായും ആന്ധ്രാപ്രദേശ് സർക്കാരുമായും

ഗവൺമെന്റ് ചർച്ച നടത്തുകയുണ്ടായി. ആന്ധ്രാപ്രദേശിൽ പ്രകൃതി കൃഷിയുമായി ബന്ധപ്പെട്ട് ഏകദേശം 700 കോടി രൂപയുടെ പ്രോജക്ടാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ ആ സ്ഥലം ഞാൻ സന്ദർശിക്കുകയുണ്ടായി. ശ്രീ. സുഭാഷ് പലേക്കറുടെ പ്രകൃതി കൃഷിരീതി ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ചുകൊണ്ടാണ് അവർ കൃഷിരീതി അവലംബിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങളുമായി ബന്ധപ്പെട്ട് സംസാരിക്കുന്നതിനുവേണ്ടി മാർച്ച് മാസത്തിൽ അദ്ദേഹത്തെ കേരളത്തിലേക്ക് ക്ഷണിച്ചിരിക്കുകയാണ്. അതിനെത്തുടർന്നാണ് ഏപ്രിൽ മാസം 3, 4 തീയതികളിൽ കൃഷിക്കാരുമായി വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ഒരു ദിവസംകൊണ്ട് ജൈവകൃഷിയിലേക്ക് ജനങ്ങളെ കൊണ്ടുവരാൻ സാധിക്കില്ല. അതിൽ നിരവധി സാങ്കേതികമായ കാര്യങ്ങളുണ്ട്. ഗവേഷണസ്ഥാപനങ്ങൾ മുതൽ വിൽപ്പന വരെയുള്ള കാര്യങ്ങളിൽ കൃത്യമായ ശാസ്ത്രീയ ഇടപെടലിലൂടെയല്ലാതെ പൂർണ്ണമായും ജൈവകൃഷിയിലേക്ക് കൃഷിക്കാരെ കൊണ്ടുവരാൻ സാദ്ധ്യമല്ല. ആ രീതിയിലുള്ള ഒരു പരിപാടിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഗവേഷണ സ്ഥാപനങ്ങളിലെല്ലാം ഓർഗാനിക് മാനേജ്മെന്റിന്റെ അടിസ്ഥാനത്തിലല്ല കെമിക്കൽ മാനേജ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ഗവേഷണങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. വ്യത്യസ്തമായി ഓർഗാനിക് മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ ഹൈ യീൽഡിംഗ് വെറൈറ്റികൂടി ഡെവലപ് ചെയ്യാനുള്ള ഗവേഷണങ്ങൾകൂടി വന്നാൽ മാത്രമേ നമുക്ക് ശാസ്ത്രീയമായി ജൈവകൃഷി ഇവിടെ കൊണ്ടുവരാൻ കഴിയുകയുള്ളൂ.

ശ്രീ. എ. എം. ആരിഫ് : സർ, പാക്ക് ചെയ്ത് വിൽക്കുന്ന വളങ്ങൾക്ക് 12 ശതമാനം ജി.എസ്.ടി. ഇപ്പോൾ ഈടാക്കുന്നുണ്ട്. സ്ത്രീകളുടെ കൂട്ടായ്മ ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുന്ന വിപണിയിലുള്ള പാക്ക് ചെയ്ത ജൈവവളങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കൗൺസിലിൽ ഇടപെടാൻ ശ്രമിക്കുമോ; അതോടൊപ്പം ജൈവവളം ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകൽ, പുതുക്കൽ, ഉൽപ്പാദന ഗുണനിലവാരം പരിശോധിക്കൽ, നിർമ്മാണരീതി സംബന്ധിച്ച മാതൃകകൾ പരിശീലിപ്പിക്കൽ എന്നീ കാര്യങ്ങളിൽ കൃഷി വകുപ്പ് എന്തൊക്കെയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജി.എസ്.ടി. സംബന്ധിച്ച കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അത് കേന്ദ്രസർക്കാർ തീരുമാനിക്കേണ്ട കാര്യമാണ്. ജൈവവള നിർമ്മാണവുമായി ബന്ധപ്പെട്ട് അതിന്റെ സ്റ്റാൻഡേർഡ് നിർണ്ണയിക്കുന്നതിനായി സംവിധാനം

തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പ്രോട്ടോക്കോൾ ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതാത് ഫാമുകളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് പരിശീലിപ്പിക്കുകയാണ്. നിരവധി ഉല്പാദന കമ്പനികൾ സ്ഥാപിക്കുന്നതിനേക്കാൾ നല്ലത് കൃഷിക്കാർക്കാവശ്യമായ ജൈവവളം ഉൽപ്പാദിപ്പിക്കാൻ അവർക്ക് പരിശീലനം നൽകുക എന്നതാണ്. ജൈവവളം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്റ്റാൻഡേർഡ് കീപ്പ് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഒരു നിയമം നിലവിലുണ്ട്. ആ നിയമപ്രകാരമുള്ള പ്രവർത്തനങ്ങളെല്ലാം കൃഷി വകുപ്പ് ഇംപ്ലിമെന്റ് ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. മുരളീധരൻ: സർ, ജൈവകൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ടെറസ്സിലെ പച്ചക്കറി കൃഷി. നഗരങ്ങളിൽ കൃഷി ചെയ്യാനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. തിരുവനന്തപുരം നഗരത്തിലാണ് ഈ കൃഷി രീതി ആരംഭിച്ചത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഫോളോ അപ്പ് ആക്ഷനില്ലാത്തതുകൊണ്ട് ടെറസ്സിലെ പച്ചക്കറി കൃഷി ഇന്ന് അന്യം നിന്നിരിക്കുകയാണ്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കാനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഗ്രോ ബാഗുകളുടെ വ്യാപനം പ്രത്യേകിച്ച്, നഗരകേന്ദ്രങ്ങളിലാണ് നടന്നുകൊണ്ടിരിക്കുന്നത്. പിന്നീട് പലയിടങ്ങളിലും അത് തുടരുന്നതിന് കൃഷിക്കാർക്ക് ബുദ്ധിമുട്ടായി. ടെറസ്സിലെ പച്ചക്കറി കൃഷി തുടരുന്നതിനുള്ള സ്കീം ഈ വർഷം ആരംഭിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേകമായ സ്കീമുകൾ മുഖാന്തരമാണ് ഗ്രോ ബാഗുകൾ വിതരണം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സ്കീമുകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള രീതി ഈ വർഷം കൃഷി വകുപ്പ് ഇംപ്ലിമെന്റ് ചെയ്യുകയാണ്. അങ്ങനെ വന്നുകഴിഞ്ഞാൽ അങ്ങ് സൂചിപ്പിച്ച കുറവ് പരിഹരിക്കാൻ കഴിയും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തുടർച്ചയായി കൃഷി ചെയ്യുന്ന സ്ഥലത്ത് ഒരു ചെടിക്കാവശ്യമായ എൻ.പി.കെ.-യുടെയും മൈക്രോ ന്യൂട്രീഷ്യന്റെയും കുറവുണ്ടാകും. അത് ജൈവവളംകൊണ്ട് നികത്താൻ സാധിക്കുമെന്ന് ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ജൈവവളം ഉപയോഗിച്ച് കൃഷിചെയ്ത് ഉപജീവനം നടത്തുന്ന കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ പറ്റാത്ത സാഹചര്യം വരുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാക്യജനകം, പാവകം, ക്ഷാരം, എൻ.പി.കെ. എന്ന അടിസ്ഥാന മൂലകങ്ങളും 13 സൂക്ഷ്മ മൂലകങ്ങളുമടങ്ങുന്ന മണ്ണിന്റെ

ഘടന സംരക്ഷിക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതിനാവശ്യമായി വരുന്ന എല്ലാ മൂലകങ്ങളും ജൈവ രീതിയിൽ കൊടുത്തുകൊണ്ട് പൂർണ്ണമായി ഫലപ്രാപ്തിയിലെത്തിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഇപ്പോൾ നല്ലമുറ കൃഷി പരിപാലന രീതി നടപ്പാക്കുന്നത്. അങ്ങ് പറഞ്ഞ മൂലകങ്ങൾ ജൈവരീതിയിൽത്തന്നെ പുനഃസ്ഥാപിക്കാൻ കഴിയുന്ന സംവിധാനം നേരത്തെ ഉണ്ടായിരുന്നതാണ്. നമ്മൾ അതിൽനിന്നും പൂർണ്ണമായി മാറിയതാണ്. അതിലേയ്ക്ക് ഒറ്റയടിക്ക് തിരിച്ചുവരാൻ കഴിയില്ല. പലപ്പോഴും നൈട്രജന്റെ കുറവിന് ചാണകം വൻതോതിൽ ഉപയോഗിക്കേണ്ടിവരികയാണ്. അപ്പോഴാണ് ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, ഓരോ കർഷകന്റെയും വീട്ടിൽ കന്നുകാലി വേണമെന്ന ആവശ്യം ഉയർന്നുവരുന്നത്. സംസ്ഥാന കൃഷി വകുപ്പ് വൃക്ഷായുർവ്വേദ പഠനത്തിന്റെ അടിസ്ഥാനത്തിൽ അതിനനുസൃതമായ ജൈവമൂലകങ്ങൾ ജൈവ രീതിയിൽ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. പക്ഷെ അത് വൻതോതിൽ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നമുക്കിവിടെ ഇല്ല. ആ രീതിയിലേയ്ക്ക് വന്നാൽ മാത്രമേ പ്രധാനപ്പെട്ട മൂലകങ്ങളെ റീപ്ലേസ് ചെയ്യാൻ കഴിയുന്ന ജൈവരീതി നമുക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. ആ നിലയിലേയ്ക്ക് എത്തിക്കാനാണ് സർവ്വകലാശാലകളും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളും പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമെല്ലാം ചേർന്നുകൊണ്ട് ഒരു പഠനരീതി കൊണ്ടുവന്നിട്ടുള്ളത്. അത് സംയുക്തമായി നടപ്പാക്കുമ്പോൾ എൻ.പി.കെ.-യുടെ കുറവ് ജൈവരീതിയിൽത്തന്നെ പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, സംസ്ഥാനത്തിനാവശ്യമായ അരിയുടെ ഉൽപ്പാദനത്തിന്റെ 30 ശതമാനവും ലഭിക്കുന്നത് കുട്ടനാടൻ മേഖലയിൽ നിന്നാണ്. കുട്ടനാടൻ മേഖല മൂന്ന് ജില്ലകൾ ചേർന്നതാണ്. അവിടെ കീടനാശിനി പ്രയോഗംകൊണ്ട് കാൻസറിന്റെ തോത് വർദ്ധിച്ചുവരുകയാണ്. ആൾ ഇന്ത്യാ ലെവലിൽ കാൻസറിന്റെ ആവറേജ് ലക്ഷത്തിന് 127 എന്ന് വരുമ്പോൾ കുട്ടനാടൻ മേഖലയിൽ 274 ആയി വർദ്ധിച്ചിരിക്കുന്നുവെന്നാണ് ഗവേഷണത്തിൽനിന്നും മനസ്സിലാക്കുന്നത്. അതിതീവ്രമായ ഒരു പ്രശ്നമാണിത്. കീടനാശിനി പ്രയോഗംകൊണ്ട് അവിടത്തെ വെള്ളം മോശമാകുന്നു, പരിസരപ്രദേശത്ത് ജീവിക്കുന്ന മുഴുവൻ ആളുകൾക്കും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം വരുന്നു. കുട്ടനാടൻ മേഖലയും അപ്പർ കുട്ടനാടൻ മേഖലയുമടക്കമുള്ള പ്രദേശം നാളെ കാൻസറിന്റെ പൂർണ്ണപിടിയിലേയ്ക്ക് പോകും. അത് ഒഴിവാക്കുന്നതിനുവേണ്ടി എന്ത് മുൻകരുതലുകളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുട്ടനാടൻ മേഖലയിൽ വ്യാപകമായി കാൻസറിന്റെ ആധിക്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് പഠന റിപ്പോർട്ട് വന്നിരിക്കുകയാണ്. എന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രത്യേകിച്ച് അവിടത്തെ വെള്ളം മലിനമാക്കപ്പെട്ടിരിക്കുകയാണ്. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കീടനാശിനി വെള്ളത്തിലും കുടിവെള്ളത്തിലും കലർന്നിരിക്കുന്നു. വ്യാപകമായ തോതിൽ ഫെർട്ടിലൈസറും കീടനാശിനികളും ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്തുകൾ കൂടി പരിഗണിച്ചുകൊണ്ട് 42000 ഹെക്ടർ പ്രദേശത്തിനു വേണ്ടിയുള്ള ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസ്, പ്രത്യേകിച്ച് കരിനില മേഖലയുൾപ്പടെയുള്ള സ്ഥലങ്ങളിൽ, അതായത് ഓർഗാനിക് മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്, ബീഡ് കൺട്രോൾ തുടങ്ങിയ കാര്യങ്ങൾ ജൈവരീതിയിൽ കൃഷിക്കാരെ പരിശീലിപ്പിക്കുന്ന ഒരു പദ്ധതിക്ക് ഗവൺമെന്റ് ഈ വർഷം തുടക്കംകുറിക്കുകയാണ്. അതിന്റെ ഭാഗമായി 200 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി നടപ്പുസാമ്പത്തികവർഷം നീക്കിവയ്ക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ബീഡ് മാനേജ്മെന്റ്, പെസ്റ്റ് മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടുകൂടിയാണ് അങ്ങുപറഞ്ഞ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നത്. കേരളത്തിൽ ആദ്യമായി 42000 ഹെക്ടർ വരുന്ന കുട്ടനാടൻ മേഖലയെ ജൈവരീതിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള പ്രവർത്തനം ഗവൺമെന്റ് ആരംഭിക്കുന്നത് ഈ വർഷം മുതലാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ജൈവകൃഷിയിൽ ഉൾപ്പെടുത്തി നടപ്പുസാമ്പത്തിക വർഷം എത്ര ഇക്കോ ഷോപ്പുകളാണ് പ്രവർത്തനമാരംഭിച്ചത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 118 ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 317 എണ്ണം പുതിയതായി ആരംഭിക്കുന്നതോടുകൂടി ഏകദേശം 442-ഓളം ഇക്കോ ഷോപ്പുകൾ കേരളത്തിൽ പ്രവർത്തനക്ഷമമാകും.

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്

3(*123) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൊതുസർവ്വീസ് രൂപീകരണം സർക്കാരിന് അധിക ബാധ്യത ഉണ്ടാക്കുമോയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകൾ ഏകീകരിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ അവസാന ഘട്ടത്തിലാണ്. ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. എ. അജിത്കുമാർ ഐ.എ.എസ്.-നെ ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി 27-1-2018-ലെ സ.ഉ.(കൈ) നമ്പർ 10/2018/തസ്വഭവ. നമ്പർ പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) അധിക ബാധ്യത ഉണ്ടാകുമോ എന്ന് കണക്കാക്കിയിട്ടില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; അതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇന്റഗ്രേഷൻ യാഥാർത്ഥ്യമാകുന്നതോടുകൂടി ആ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടും.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരണം വിജയകരമായാൽ ഈ മാതൃക വകുപ്പിലെ മറ്റ് ജീവനക്കാർക്കും ബാധകമാക്കുവാനും എഞ്ചിനീയറിംഗ് സർവ്വീസിന്റെ നിയന്ത്രണം തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുവാൻ സഹായകമാകുന്ന നിലയിൽ മുന്നോട്ടുപോകുവാനും തീരുമാനമെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നേരത്തെ എഞ്ചിനീയറിംഗ് വിംഗിന്റെ ശമ്പളമൊക്കെ കൊടുത്തിരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായിരുന്നു. അത് പിന്നീട് സർക്കാരിലേയ്ക്ക് മാറ്റുകയായിരുന്നു. ഇന്റഗ്രേഷൻ യാഥാർത്ഥ്യമാകുന്നതോടെ പൂർണ്ണമായും എഞ്ചിനീയറിംഗ് വിംഗ് ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിധേയമാകുമെന്നുതന്നെയാണ് കരുതുന്നത്.

ഡോ. എൻ. ജയരാജ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുസർവ്വീസ് രൂപീകരണം ശ്ലാഘനീയമാണ്. പക്ഷെ പ്രധാന വിഷയം, ഇതെല്ലാം ചെയ്യുമ്പോഴും പദ്ധതിവിഹിത നിർവ്വഹണകാര്യത്തിൽ നമ്മൾ ഇപ്പോഴും വളരെ പുറകിലാണ്. മാർച്ച് മാസത്തിൽ 15 ശതമാനത്തിൽക്കൂടുതൽ ചെലവഴിക്കാൻ പാടില്ലെന്ന നിർദ്ദേശമുണ്ട്. ഇപ്പോൾത്തന്നെ ഏകദേശം 50 ശതമാനത്തിൽക്കൂടുതൽ എക്സ്പെൻഡീച്ചറായിട്ടില്ല. ഇത് നിരന്തരമായി തുടരുന്ന ഒരു പ്രക്രിയയാണ്. കോമൺ സർവ്വീസും മറ്റ് കാര്യങ്ങളുമെല്ലാം കടന്നുവരുമ്പോൾ ഇതിനെ വളരെ കൃത്യമായി അവലോകനം ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളും സംവിധാനങ്ങളുമാണ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ 20 വർഷത്തെ കണക്ക് പരിശോധിച്ചാൽ 43.93 ശതമാനം എക്സ്പെൻഡീച്ചറാക്കാൻ നമുക്ക് സാധിച്ചത് ഈ വർഷമാണെന്ന് മനസ്സിലാകും. 2014-2015-ലാണ് 37 ശതമാനം എക്സ്പെൻഡീച്ചറാക്കാൻ നമുക്ക് കഴിഞ്ഞത്. ബില്ലുകൾ ട്രഷറിയിൽനിന്ന് മാറിക്കിട്ടിയാൽ 46.39 ശതമാനമായി ആ എക്സ്പെൻഡീച്ചർ ഉയരും. 198.56 ശതമാനം രൂപ നമുക്ക് ട്രഷറികളിൽനിന്ന് മാറിക്കിട്ടാനുണ്ട്. ഇന്റഗ്രേഷൻ നടക്കുന്നത് ഇത്യാദികാര്യങ്ങൾക്കൂടി പരിഹരിക്കുന്നതിനുവേണ്ടിയാണ്. 32943 ജീവനക്കാരെ അഞ്ച് ഡിപ്പാർട്ടുമെന്റുകളിലേയ്ക്കായി ഏത് സമയത്തും വിന്യസിപ്പിക്കാനും അവരുടെ സേവനം പ്രയോജനപ്പെടുത്താനും സാധിക്കും. ചില മേഖലകളിൽ ജോലിഭാരം കുറവാണ്, മറ്റ് ചില സ്ഥലങ്ങളിൽ ജോലിഭാരം കൂടുതലുണ്ട്. ഇതൊക്കെ കോമ്പൻസേറ്റ് ചെയ്യാൻ ഈ ജീവനക്കാരെ മുഴുവൻ ഒരു കാൻവാസിലേയ്ക്ക് കൊണ്ടുവന്നാൽ നമുക്ക് സാധിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, പഞ്ചായത്ത്, നഗരസഭകൾ എന്നിവ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന ഗവൺമെന്റിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നതിലൂടെ പൊതുസമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; ഗവൺമെന്റ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങളെന്തെല്ലാമാണ്; ഇപ്പോൾ ഇത് നടപ്പാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതിന്റെ റൂൾസ് ഉണ്ടാക്കുക യെന്നുള്ളതാണ്. സാധാരണ തീരുമാനമെടുത്ത് വർഷങ്ങൾക്കുശേഷമാണ് റൂൾസുണ്ടാകുന്നത്. പിന്നീട് ഇത് വിസ്മരിച്ചുപോകാറാണ് പതിവ്. റൂൾസ് ഇതിന്റെ അനുബന്ധമായിത്തന്നെ തയ്യാറാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യത്തിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുവേണ്ടി ലോക്കൽ സെൽഫ് ഗവൺമെന്റ് നേരത്തെതന്നെ കമ്മീഷനെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. റൂൾസ് തയ്യാറാക്കിയതിനുശേഷം ഇത് കൊണ്ടുവരിക എന്ന ഒരു തലത്തിലേയ്ക്കാണ് പ്രവേശിച്ചിരിക്കുന്നത്. ഈ ഇന്റഗ്രേഷൻ യാഥാർത്ഥ്യമാകുന്നതോടെ നിരവധി മെച്ചപ്പെട്ട കാര്യങ്ങൾ നമുക്ക് ലഭിക്കും. ഏകോപിത സർവ്വീസ് രൂപീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും ഫലപ്രദമായും കാര്യക്ഷമമായും ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നിർവ്വഹിക്കുന്നതിനും ആവശ്യമായ വൈവിദ്ധ്യമുള്ള ഉദ്യോഗസ്ഥ സംവിധാനം ലഭ്യമാക്കുന്നതിനും കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സേവന ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സാങ്കേതിക പ്രൊഫഷണൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനും കഴിയുന്ന ഉദ്യോഗസ്ഥ സംവിധാനം സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ സാധിക്കും. കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളുമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടും സ്ഥലപര ആസൂത്രണം സംബന്ധിച്ചും വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥർ ഇപ്പോൾ ലഭ്യമായിട്ടുള്ളത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിൽ മാത്രമാണ്. സ്ഥലപര ആസൂത്രണ വൈദഗ്ദ്ധ്യം പ്രാദേശികതലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ചതോതിൽ ലഭ്യമാക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലൂടെ സാധിക്കും. ജില്ലാ പഞ്ചായത്തിന് ഇപ്പോൾ സംസ്ഥാനതലത്തിൽ അധികാരിയില്ല. പഞ്ചായത്ത് ഡയറക്ടറല്ല ജില്ലാ പഞ്ചായത്തുകളുടെ സംസ്ഥാനതല അധികാരി. ഇതിനൊക്കെയുള്ള പരിഹാരം ഇന്റഗ്രേഷൻ വരുന്നതിലൂടെ ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരണം വിജയകരമായിരുന്നോ; എങ്കിൽ എഞ്ചിനീയറിംഗ് സർവ്വീസിന്റെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, അതുതന്നെയാണ് ഗവൺമെന്റിന്റെ പ്രഖ്യാപിത നയം. എഞ്ചിനീയറിംഗ് വിംഗിനെ ഒരു സെപ്പറേറ്റ് എന്റിറ്റിയായി മുന്നോട്ടുപോകാൻ അനുവദിക്കില്ല. അവരെ തദ്ദേശ സ്ഥാപനങ്ങൾക്ക് വിധേയപ്പെടുത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകും.

ശ്രീ. എസ്. ശർമ്മ: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതിവിഹിതത്തിന്റെ എക്സ്പെൻഡീച്ചർ താരതമ്യേന കുറവാണ് എന്നൊരു പ്രചാരവേല ശക്തമായി നടക്കുന്നുണ്ട്. അത് അടിസ്ഥാനരഹിതമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ടോട്ടൽ പ്ലാനിന്റെ എത്ര ശതമാനമാണ് തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, ഏതാണ്ട് 24-25 ശതമാനത്തോളമാണ്. 6,500-6,600 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും പ്ലാൻ വിഹിതമായി നൽകുന്നുണ്ട്. ശതമാനം നോക്കിയാൽ ഇന്ത്യയിൽ ഏറ്റവുമധികം പ്ലാൻ ഫണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നത് കേരളമാണ്. അത് കാലങ്ങളായി നിലനിൽക്കുന്ന, കേരളത്തിന്റേത് മാത്രമായ പ്രത്യേകതയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ അനർഗ്ഗളമായ വാഗ്ധോരണിയും യാഥാർത്ഥ്യവും തമ്മിൽ വലിയ അന്തരമുണ്ട്. ഇന്റഗ്രേഷന്റെ പേരിൽ ഇന്ന് പഞ്ചായത്ത്, മുനിസിപ്പൽ വകുപ്പുകളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മിക്ക പഞ്ചായത്തുകളിലും നഗരസഭകളിലും സെക്രട്ടറിമാരും ഉദ്യോഗസ്ഥരുമില്ലാത്ത അവസ്ഥയാണ്. അങ്ങ് പ്ലാൻ എക്സ്പെൻഡീച്ചറിന്റെ കാര്യം പറഞ്ഞു. ഡിസംബർ 31 വരെ അങ്ങയുടെ നിർദ്ദേശമനുസരിച്ച് ചെലവാക്കേണ്ടത് 70 ശതമാനമാണ്. പക്ഷേ ഏതാണ്ട് 34 ശതമാനത്തിന് താഴെയാണ് ചെലവായിട്ടുള്ളത്. ഇപ്പോഴത്തെ കാര്യം എനിക്കറിയില്ല. ഡിസംബർ 31-ന് മുൻപായി 70 ശതമാനം ചെലവഴിക്കണമെന്നാണ് ഗവൺമെന്റ് പറയുന്നത്.

പി.എം.ജി.എസ്.വൈ. ഇപ്പോൾ അങ്ങയുടെ കീഴിലാണല്ലോ. പി.എം.ജി.എസ്.വൈ. ഫെയ്സ് II-ൽ നമുക്ക് 2,000 കിലോമീറ്ററെങ്കിലും കിട്ടേണ്ടതാണ്. ഇതുവരെ അതിന്റെ പ്ലാൻ കൊടുത്തിട്ടില്ല. അത് അങ്ങയുടെ കുറ്റമല്ല, ഉദ്യോഗസ്ഥരില്ലാത്തതാണ് കാരണം. ഉദ്യോഗസ്ഥരെ നിയമിക്കാതെ പ്ലാൻ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. ദയവായി ഈ രണ്ട് വകുപ്പുകളിലെയും തസ്തികകളിലെ ഒഴിവുനികത്താൻ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ഈ രണ്ട് വർഷമായി ഉണ്ടായ പ്രതിഭാസമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് നികത്താനുള്ള തീവ്രമായ ശ്രമങ്ങൾ നടത്തിവരികയാണ്. ഈ ഗവൺമെന്റ് വരുന്ന സന്ദർഭത്തിൽ ഏതാണ്ട് 170-ഓളം പഞ്ചായത്തുകളിൽ സെക്രട്ടറിമാരുണ്ടായിരുന്നില്ല. അത് ഇപ്പോൾ 30 പഞ്ചായത്തുകളിലായി ചുരുങ്ങിയിട്ടുണ്ട്. നമുക്ക് അഞ്ച് വകുപ്പുകളിൽക്കൂടി 32,943 ജീവനക്കാരാണുള്ളത്.

1,746 ജീവനക്കാരുടെ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 700-ഓളം ഓവർസിയർമാരുടെ നിയമനം ഈ വരുന്ന ഫെബ്രുവരി മാസം അവസാനത്തോടുകൂടി നടത്താൻ കഴിയും. പി.എസ്.സി.-യിൽനിന്നും നമുക്ക് ലിസ്റ്റ് കിട്ടിക്കഴിഞ്ഞു. അത് പൂർത്തിയാക്കാൻ സാധിക്കുമെന്നുതന്നെയാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. സെക്രട്ടറിമാരുടെയും മറ്റും ഒഴിവുകൾ തീർച്ചയായും സമയബന്ധിതമായി ഫെബ്രുവരി, മാർച്ച് മാസത്തോടുകൂടി നികത്താൻ സാധിക്കും. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ൽനിന്ന് ഉദ്യോഗാർത്ഥികളെ കിട്ടുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, ഇപ്പോൾ പറഞ്ഞ ഉത്തരത്തിനോട് അനുബന്ധിച്ചാണ് എന്റെ ചോദ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിന്റെയും ശക്തിപ്പെടുത്തലിന്റേയും ഭാഗമായി പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തയ്യാറാകുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, തസ്തികകൾ ആവശ്യമുണ്ടെങ്കിൽ അത് സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകും. കാരണം ഇത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. ഈ അഞ്ച് വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ഇന്റഗ്രേറ്റഡ് വകുപ്പാക്കുമെന്ന് 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. സർക്കാർ അതുമായിതന്നെയാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പൊതുസർവ്വീസ് എന്ന ആശയത്തെ സ്വാഗതം ചെയ്യുകയാണ്. എന്റെ മണ്ഡലത്തിലെ എടപ്പറ്റ പഞ്ചായത്തിൽ നാല് പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ പദ്ധതി സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെങ്കിൽ ജീവനക്കാരില്ലാതെ ഒന്നും ചെയ്യാൻ കഴിയില്ല. പി.എസ്.സി.ക്ക് കഴിയില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെങ്കിലും ആളെ നിയമിച്ച് ആ പോസ്റ്റ് അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമിക്കുന്നതിന് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ അത് നിർവ്വഹിക്കുന്നതിന് സംസ്ഥാന ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ വരുന്നവർക്ക് 6 മാസം മാത്രേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് പ്രശ്നം. സ്വന്തമായി എഞ്ചിനീയർമാരെ ഓൺഫണ്ടിൽനിന്ന് പണം ചെലവാക്കി നിയമിക്കുന്നതിന് നിലവിൽ അനുവാദമുണ്ട്. അത് പല തദ്ദേശ സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നുമുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കുന്നതിന് സാങ്കേതികമായ പ്രയാസം

വേറെയുമുണ്ട്. അതുകൊണ്ടുതന്നെയാണ് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. പി.എസ്.സി.-യോട് ലിസ്റ്റ് ആവശ്യപ്പെട്ടതിനെത്തുടർന്ന് 700 എഞ്ചിനീയർമാരുടെ ലിസ്റ്റ് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. നമ്മുടെ ഡിപ്പാർട്ടുമെന്റിൽ ചേരുമെന്ന് പി.എസ്.സി. ഉറപ്പുവരുത്തിയതിനുശേഷമാണ് ആ ലിസ്റ്റ് തന്നത്. ആ സാഹചര്യത്തിൽ കൊഴിഞ്ഞുപോക്ക് വളരെ വിരളമാകും. ഒഴിവുകൾ ഫെബ്രുവരി, മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. ഇതെല്ലാം ഇന്റഗ്രേറ്റ് ചെയ്യുന്നതോടുകൂടി വരുംവർഷങ്ങളിൽ നമുക്ക് ഈ പ്രശ്നം ഒരു പരിധിവരെ തരണംചെയ്യാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷ.

ശ്രീ. അനിൽ അക്കര: സർ, ഇവിടെ എക്സ്പെൻഡീച്ചറിന്റെ കണക്ക് വളരെ ഭംഗിയായി പറഞ്ഞു. ഒരു പ്രധാനപ്പെട്ട പ്രശ്നം, ഡിസംബർ മാസത്തിനുള്ളിൽ 70 ശതമാനം പൂർത്തീകരിക്കണം എന്നായിരുന്നു. ഇപ്പോൾ 45 ശതമാനമാണ് വന്നിട്ടുള്ളത്. കഴിഞ്ഞ മാർച്ച് 31-ാം തീയതി പദ്ധതി പൂർത്തീകരിക്കുന്ന സമയത്ത് ഉണ്ടായിരുന്ന ബാലൻസ് ഫണ്ട് മുഴുവൻ സർക്കാർ തിരിച്ചെടുത്തു. ഇപ്പോൾ സ്പിൽ ഓവർ വർക്കുകൾക്ക് ആവശ്യമായ ഫണ്ട് കൊടുത്തിട്ടില്ല. കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ വർക്കുകളുടെ തുകയും ഈ വർഷത്തെ ചെലവും ചേർത്താണ് 40 ശതമാനമെന്ന് പറഞ്ഞിട്ടുള്ളത്. പല പഞ്ചായത്തുകളിലും സ്പിൽ ഓവർ വർക്കുകൾക്ക് ആവശ്യമായ തുകയില്ല. ആ തുക ലഭ്യമായാൽ 20 ശതമാനത്തിൽ താഴെയായിരിക്കും എക്സ്പെൻഡീച്ചർ. അതുകൊണ്ട് സ്പിൽ ഓവർ തുക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ കാലത്തും എക്സ്പെൻഡീച്ചർ against budget ആണ്. ഈ വർഷവും അത് അങ്ങനെ തന്നെയാണ്. മുൻവർഷങ്ങളിലും against budget ആയിരുന്നു എക്സ്പെൻഡീച്ചർ കണക്കാക്കിയിരുന്നത്. ഈ വർഷവും അതിൽനിന്ന് ഭിന്നമായിട്ടുള്ളൊരു മാനദണ്ഡം സർക്കാർ സ്വീകരിച്ചിട്ടില്ല. സ്പിൽ ഓവർ ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം തീർച്ചയായും അനുവദിക്കുമെന്നുതന്നെയാണ് കരുതുന്നത്.

## അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ

4*(124) ശ്രീ. പി. കെ. ശശി:

ശ്രീ. എം. മുകേഷ്:

ശ്രീ. ജെയിംസ് മാത്യു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സഹായത്തോടെ നടത്തുന്ന നഗരവികസന പദ്ധതിയായ അമൃത്-ന്റെ പുരോഗതി അറിയിക്കുമോ;

(ബി) വിവിധ ഘടക പദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാകുന്നുണ്ടോ; കേന്ദ്ര സഹായം നഷ്ടപ്പെടാതിരിക്കാനായി ത്വരിതഗതിയിൽ അനുമതി ലഭ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകുമോ;

(സി) തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ & ബി) മൂന്ന് വാർഷിക പദ്ധതികളിലായി (2015-16, 2016-17, 2017-18) 2358 കോടി രൂപയുടെ 379 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 355 പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ആയത് ഉന്നതാധികാര സമിതി പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ 355 പ്രോജക്ടുകൾക്കും സർക്കാർ ഭരണാനുമതി നൽകി. ഇതിൽ 8 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അതാത് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 15-1-2018-ന് മുമ്പായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രോജക്ടുകൾക്കും സങ്കേതികാനുമതി നൽകുന്നതിനായി സമയക്രമം (31-1-2018-ന് മുമ്പ്) നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ 15-3-2018-ന് മുമ്പായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര സഹായം നഷ്ടപ്പെടാതിരിക്കാനായി എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. 2016 മാർച്ച് 16-ന് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാണ് സ്മാർട്ട് സിറ്റി മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ഇതിനോടകം ആകെ 397.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ.-നെ നിയോഗിച്ചിട്ടുണ്ട്. പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റുമായുള്ള കോൺട്രാക്റ്റ് 7-9-2017-ൽ ഒപ്പിട്ടു. പദ്ധതിയിലെ വിവിധ പ്രോജക്ടുകളുടെ വിശദ രൂപരേഖ തയ്യാറാക്കാനും ടെണ്ടർ ചെയ്യാനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ ഏകദേശം 150 കോടി രൂപയുടെ പ്രോജക്ടുകളുടെ ടെണ്ടർ 2018 മാർച്ച് 31-ന് മുമ്പായി നടത്തുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു.

തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി പ്രാവർത്തികമാക്കാൻ വേണ്ടി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന കമ്പനി 30-8-2017-ൽ രൂപീകരിച്ചു. സ്മാർട്ട് സിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് മാനേജീരിയൽ തസ്തിക ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) അമൃത് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും അമൃത് നഗരങ്ങളായ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ 6 എക്സ്പെർട്ടുകളേയും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളിൽ 2 വീതം എക്സ്പെർട്ടുകളേയും നിയമിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈപവേർഡ് സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. അമൃത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും നഗരസഭകളും സംയുക്തമായി നടപ്പിലാക്കിവരുന്നു.

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈപവേർഡ് സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈപവേർഡ് സ്റ്റീയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. പി. കെ. ശശി</u>: സർ, നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള കേന്ദ്ര പദ്ധതികളായ അമൃതും സ്മാർട്ട് സിറ്റിയും

നടപ്പിലാക്കുന്നതിന് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ (2015-16, 2016-17) എത്ര തുക കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്; സംസ്ഥാന ഗവൺമെന്റ് എത്ര രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഇക്കാര്യങ്ങൾ വ്യക്തമാക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, അമൃത് പദ്ധതിക്കായി (2015-16, 2016-17) രണ്ട് വാർഷിക പദ്ധതികൾ അംഗീകരിച്ചതുപ്രകാരം കേന്ദ്രസർക്കാർ നാളിതുവരെ 134.88 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 80.928 കോടി രൂപയും അനുദിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചെറുകിട തുറമുഖങ്ങളുടെ വികസനം

5(*125) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞ ചരക്ക് ഗതാഗത മാർഗ്ഗമെന്ന നിലയിൽ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിച്ച് ചരക്കുനീക്കം വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ചെറു തുറമുഖങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനം, റെയിൽ-റോഡ് കണക്ടിവിറ്റി എന്നിവയ്ക്കുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വടക്കേ മലബാറിന്റെ വികസന സ്വപ്നമായ അഴീക്കൽ തുറമുഖ വികസനം യാഥാർത്ഥ്യമാക്കാനായി നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, വെയിംഗ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിന് ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി അഴീക്കൽ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ഇന്ത്യൻ പോർട്ട് റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം തുറമുഖത്തെ ദേശീയപാത 47-മായി ബന്ധിപ്പിക്കുന്ന 1.12 കി.മീ. നീളമുള്ള കൊല്ലം-കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് അഴീക്കൽ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്.

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

6(*126) <u>ശ്രീ. എൻ. വിജയൻ പിള്ള</u> :

<u>ശ്രീ. ഇ. പി. ജയരാജൻ</u> :

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കുടുംബശ്രീയെ ദുർബലപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങളിൽനിന്നും വിഭിന്നമായി, ദാരിദ്ര്യ നിർമ്മാർജ്ജന

പ്രവർത്തനങ്ങൾ, മൈക്രോ സംരംഭങ്ങൾ, കൃഷി, മറ്റ് വിവിധ സേവനമേഖലകൾ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾവഴി സാമ്പത്തിക പര്യാപ്തതയോടൊപ്പം സാമൂഹ്യ ഉന്നമനത്തിനുംകൂടി പര്യാപ്തമായ തലത്തിലേക്ക് കുടുംബശ്രീയെ വളർത്തിയെടുക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ വനിതകളെ പ്രാദേശികമായി അനുയോജ്യവും ഉല്പാദനപരവുമായ സംരംഭങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) അഗതികൾ, വയോവൃദ്ധർ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ സംരക്ഷണത്തിനായി കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മൈക്രോ സംരംഭങ്ങൾ, കൃഷി, മറ്റ് വിവിധ സേവന മേഖലകൾ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾവഴി സാമ്പത്തിക പര്യാപ്തതയോടൊപ്പം സാമൂഹ്യ ഉന്നമനത്തിനുംകൂടി പര്യാപ്തമായ തലത്തിലേയ്ക്ക് കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം ചുവടെ കൊടുക്കുന്നു:

1. തീരദേശ മേഖലയിലെ കുടുംബശ്രീ പ്രവർത്തനങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിന് സാധിച്ചു.
2. അയൽക്കൂട്ട നവീകരണവും സ്വയംവിലയിരുത്തലും ലക്ഷ്യമിട്ട് 'ദിശ 2017' സംഘടിപ്പിച്ചു.
3. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ദ്വിദിന റെസിഡൻഷ്യൽ പരിശീലനമായ 'സമന്വയം 2017' രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ചു.
4. കൂടുതൽ കുടുംബശ്രീ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ/ബി.ആർ.സി.-കൾ (200 എണ്ണം) എന്നിവ ആരംഭിക്കാൻ തീരുമാനിച്ചു.
5. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനുമായി കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

6. നാട്ടിൽത്തന്നെ ഉല്പാദിപ്പിക്കുന്ന സുരക്ഷിതമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി 'കേരള ചിക്കൻ' എന്ന പേരിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

7. ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ ആരംഭിച്ച നൂതന പദ്ധതിയാണ് ജീവ (ജെ.എൽ.ജി. ഇവാലുവേഷൻ ഏജന്റ്)

8. 'ഭക്ഷ്യസുരക്ഷയ്ക്ക് 'എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു.

9. കേരളത്തിൽ ഒരു തീവ്ര സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്ന തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി സംരംഭ യൂണിറ്റുകൾ രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.

10. ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സഹായത്തോടെ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

11. കോമൺ ഫെസിലിറ്റി സെന്റർ-സി.എഫ്.സി. രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഒരു തദ്ദേശ ഭരണ പ്രദേശത്ത് കുറഞ്ഞത് ഒരു ഗ്രൂപ്പ് സംരംഭവും ഒരു വ്യക്തിഗത സംരംഭവും ഉൾപ്പെടെ സംസ്ഥാനത്ത് 2000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ 'ജീവനം' എന്ന പേരിൽ ഉപജീവന ക്യാമ്പെയ്ൻ നടപ്പിലാക്കി. പൊതുഅവബോധ പരിശീലനത്തിൽനിന്നും തെരഞ്ഞെടുത്തവർക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനായി വിവിധ മേഖല അടിസ്ഥാനത്തിൽ പരിശീലന ഏജൻസികളെ എംപാനൽ ചെയ്യുകയും 4800 അംഗങ്ങൾക്കുള്ള വൈദഗ്ദ്ധ്യ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

12. 8.22 കോടി രൂപ വിവിധ ധനസഹായ പദ്ധതികളിലൂടെ സൂക്ഷ്മ സംരംഭ യൂണിറ്റുകൾക്ക് നൽകി. ന്യൂട്രീമിക്സ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഗ്രേഡിംഗ് നടപ്പിലാക്കി.

13. കുടുംബശ്രീ സംരംഭ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരിൽ തെരഞ്ഞെടുത്ത 16 പേർക്ക് യു.എൻ.-ന്റെ കീഴിലുള്ള ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകി.

14. അജൈവ മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി ഹരിത കേരളം മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഹരിത കർമ്മ സേന പദ്ധതിക്കായി വോളണ്ടിയർമാരെ കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത ശൃംഖല മുഖേന കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

15. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 243 വനിതകൾക്ക് പരിശീലനം നൽകി വിവിധ ജില്ലകളിൽ കഫേ കുടുംബശ്രീ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

(ബി) കൂടുതൽ വനിതകളെ പ്രാദേശികമായി അനുയോജ്യവും ഉല്പാദനപരവുമായ സംരംഭങ്ങളിൽ ഏർപ്പെടുത്തുന്നതിന് കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. 2000 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 21904 അംഗങ്ങൾക്ക് പൊതു അവബോധ പരിശീലനം നൽകുകയുണ്ടായി.

2. കുടുംബശ്രീയുടെ കാർഷിക പദ്ധതിയുടെ ഭാഗമായി നിലവിൽ 60,000 ജെ.എൽ.ജി.-കൾ പ്രവർത്തിച്ചുവരുന്നു. 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾ ജെ.എൽ.ജി.-യുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

3. കുടുംബശ്രീ വഴി നിലവിൽ മൃഗസംരക്ഷണ മേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി ആട്ടുഗ്രാമം, ക്ഷീരസാഗരം, പോത്തുക്കുട്ടി വളർത്തൽ, അടുക്കളത്തോട്ട മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾക്കെല്ലാംതന്നെ ധനസഹായവും കുടുംബശ്രീ അംഗങ്ങൾക്ക് നൽകിവരുന്നുണ്ട്.

4. ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയുമാണ് സപ്പോർട്ട് ഫോർ അനിമൽ ഹസ്ബന്ററി ഇനിഷ്യേറ്റീവ്സ് (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

5. കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) അഗതികൾ, വയോവൃദ്ധർ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ സംരക്ഷണത്തിനായി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- അഗതികൾ, വയോവൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്ക് അഭയ കേന്ദ്രങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ നഗര ഉപജീവന മിഷന് കീഴിൽ 'ഷെൽട്ടർ ഫോർ അർബൻ ഹോംലെസ് ' എന്ന പദ്ധതി നടന്നുവരുന്നു.

- പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് കുടുംബശ്രീ തുടക്കം കുറിച്ചു. നാളിതുവരെ 19 ട്രാൻസ്ജെന്റർ (249 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും 1102 പി.ഡബ്ല്യു.ഡി.-പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് (13192 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും, 2628 വയോജന (34424 അംഗങ്ങൾ) പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

- ആശ്രയ പദ്ധതിയിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളെയും നിലവിലെ പദ്ധതികളിൽ ഉൾപ്പെട്ട തുടർന്നും സേവനം ആവശ്യമുള്ള ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അഗതികളുടെ ഏകീകൃത ലിസ്റ്റും പദ്ധതിയും തയ്യാറാക്കുന്നതിനായി 'അഗതി രഹിത കേരളം' പദ്ധതിക്ക് തുടക്കം കുറിച്ചു.

## സ്ത്രീശാക്തീകരണത്തിനായുള്ള കുടുംബശ്രീയുടെ പ്രവർത്തനം

7(*127) ശ്രീ. കെ. ദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്വയം പര്യാപ്തതയിലൂടെ സ്ത്രീശാക്തീകരണത്തിനായുള്ള കുടുംബശ്രീയുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനായി അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) കാർഷിക രംഗത്ത് കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഉല്പാദനത്തോടൊപ്പം വിജയകരമായ വിപണനത്തിനായുള്ള പദ്ധതി വിശദമാക്കാമോ; ഓൺലൈൻ വിപണനവും ഡിജിറ്റൽ സാങ്കേതികവിദ്യയും വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിനായി നൽകിവരുന്ന പരിശീലനവും ധനസഹായവും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; 'ജീവനം 2017' ക്യാമ്പെയിന്റെ ലക്ഷ്യം എന്തായിരുന്നു; ആയതിന്റെ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) കാർഷിക മേഖലയിൽ കുടുംബശ്രീ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 4 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ 60760 എണ്ണം പ്രവർത്തിച്ചുവരുന്നു. 53000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് ടി ഗ്രൂപ്പുകളിലൂടെ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. സംഘകൃഷി ഗ്രൂപ്പുകൾക്കാവശ്യമായ പരിശീലനം നൽകുന്നതിന് 3000 മാസ്റ്റർ കർഷകർ പ്രവർത്തിച്ചുവരുന്നു. 605 മാസ്റ്റർ കർഷക പരിശീലകർ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓരോ സീസൺ അനുസരിച്ചുള്ള പരിശീലനങ്ങളാണ് കുടുംബശ്രീ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ പ്രദേശത്തിനനുയോജ്യമായ കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ സിഡിഎസുകളിലും കർഷക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുകയും സ്ത്രീ സൗഹൃദ കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ ആരംഭിച്ച നൂതന പദ്ധതിയാണ് ജീവ (ജെ.എൽ.ജി. ഇവാല്യുവേഷൻ ഏജന്റ്). 605 ജീവ ടീം അംഗങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ കാർഷിക മേഖലയിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൃത്യമായി ജീവ ടീമിലൂടെ രേഖപ്പെടുത്താനാവും. 'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്ന തിനുമായി ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ

എം.കെ.എസ്.പി.-യുടെ ഭാഗമായുള്ള പദ്ധതിയുടെ ഭാഗമായി നാളിതുവരെ 17.4 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുകയും കൃഷിക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കർഷകന് നല്ല വരുമാനം ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്ത് ഓരോ ബ്ലോക്കിലും 3 സിഡിഎസുകൾക്ക് സാമ്പത്തിക സഹായം നൽകുകയും ഓരോ ആഴ്ചയിലും നാട്ടുചന്ത എന്ന പേരിൽ ആഴ്ച ചന്ത സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാധ്യത ഇതിലൂടെ ലഭ്യമാകും. ഓൺലൈൻ വിപണനവും ഡിജിറ്റൽ സാങ്കേതിക വിദ്യയും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു.

(സി) സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിനായി പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ വികസന പരിശീലനം, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നിവയാണ് നൽകിവരുന്നത്. സംരംഭങ്ങൾക്കുള്ള ധനസഹായമായി ആർ.എം.ഇ., യുവശ്രീ പദ്ധതികൾ മുഖേന പലിശ സബ്സിഡിയും റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, ഇന്നൊവേഷൻ ഫണ്ട് എന്നിവ നൽകിവരുന്നു. ഇതിനുപുറമെ ഈ സാമ്പത്തിക വർഷം സംരംഭ രൂപീകരണം ത്വരിതപ്പെടുത്തുന്നതിനായി സ്റ്റാർട്ട് അപ് ഫണ്ടും തീരദേശ സംരംഭ വികസനത്തിനായി സി.എം.ഇ.-യും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം രൂപീകരിച്ചിട്ടുണ്ട്. വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായാണ് 'ജീവനം 2017' ഉപജീവന ക്യാമ്പെയ്ൻ സംഘടിപ്പിച്ചത്. നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിജയസാധ്യതയുള്ളതും നൂതനവുമായ സംരംഭങ്ങൾ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾക്കനുസൃതമായി ആരംഭിക്കുന്നതിനും ടി ക്യാമ്പെയിനിലൂടെ ലക്ഷ്യമിടുന്നു.

**നേട്ടങ്ങൾ**

- 42 നൂതന സംരംഭങ്ങൾ ആരംഭിച്ചു. ഇന്നൊവേഷൻ ഫണ്ടായി 73 ലക്ഷം രൂപ നൽകി.
- 21904 പേർക്ക് പൊതു അവബോധ പരിശീലനവും 4458 പേർക്ക് വൈദഗ്ധ്യ പരിശീലനവും നൽകി. എം.ഇ.സി.-മാർ മുഖേന പിന്തുണാ സംവിധാനം ശക്തിപ്പെടുത്തി.
- സംരംഭകർക്കാവശ്യമായ കണക്കെഴുത്ത് പരിശീലനം നൽകി.

• പുതിയ എം.ഇ.സി.-മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 16 എം.ഇ.സി.-മാർക്ക് ഐ.എൽ.ഒ.-യുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തു.

• സൂക്ഷ്മ സംരംഭം സർവ്വേ നടത്തി ഡാറ്റാ ബേസ് രൂപീകരണത്തിന്റെ പ്രഥമ ഘട്ട ചർച്ച പൂർത്തീകരിച്ചു.

• 172 വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളെ ജില്ലാതലത്തിൽ എംപാനൽ ചെയ്തു.

• പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് 19 കോമൺ ഫെസിലിറ്റി സെന്ററുകൾ രൂപീകരിച്ചു.

• കുടുംബശ്രീ മേളകളിലെ സജീവ സാന്നിദ്ധ്യമാവുകയും ഓൺലൈൻ മാർക്കറ്റിംഗ്, കുടുംബശ്രീ ബസാർ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

• സംസ്ഥാനത്താകെ 1260 സംരംഭങ്ങൾ ആരംഭിച്ചു.

• എസ്.സി. വകുപ്പുമായി സംയോജിച്ച് 243 വനിതകൾക്ക് എസ്.സി. കഫേ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

• ന്യൂട്രിമിക്സിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

• വയോജന, പി.ഡബ്ല്യൂ.ഡി. ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ സംരംഭ രൂപീകരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും**

8(*128) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ, നഗര പ്രദേശങ്ങളിൽ വിശേഷിച്ച് വൻനഗരങ്ങളിൽ ജൈവ, അജൈവ മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും വേണ്ടത്ര വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേന്ദ്രീകൃത-വികേന്ദ്രീകൃത മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഉറവിട മാലിന്യ സംസ്കരണം നഗരങ്ങളിൽ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ട്;

(ഡി) റോഡ് ടാറിംഗിന് ആവശ്യമായ പ്ലാസ്റ്റിക് ചേർത്ത ബിറ്റുമിന് വേണ്ടി ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ലഭ്യമാകാതിരിക്കുമ്പോഴും ജലാശയങ്ങളും പൊതു സ്ഥലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾകൊണ്ട് ആവൃതമായിരിക്കുന്നത്, അജൈവ മാലിന്യശേഖരണവും സംസ്കരണവും വേണ്ടത്ര കാര്യക്ഷമമല്ലാത്തതു കൊണ്ടായതിനാൽ, ഇത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഗ്രാമ-നഗര പ്രദേശങ്ങളിൽ ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള മാലിന്യ സംസ്കരണ നയം രൂപപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ജൈവമാലിന്യങ്ങളുടെ ഉറവിടത്തിൽ തന്നെയുള്ള സംസ്കരണം സാധ്യമാക്കുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പംതന്നെ വൻ നഗരങ്ങളിലെ പരിമിതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിപ്പിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് സംസ്കരണത്തിന് വിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിതകേരളം മിഷൻ മുഖേന ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കൊപ്പം നഗര പ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിത കേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണം ഉപമിഷന് കീഴിൽ ഗ്രാമ-നഗര പ്രദേശങ്ങളിൽ ജൈവ മാലിന്യങ്ങളുടെ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ

പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ പരിമിതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ യാഥാർത്ഥ്യമാക്കുന്നതിന് അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റീവിന് രൂപം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണം സാധ്യമായവയെ പുനഃചംക്രമണത്തിനായും അല്ലാത്തവയെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായും കൈമാറ്റം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവ സ്ഥാപിച്ച് പരിപാലിച്ച് വരുന്ന പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി തുടങ്ങിയിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യകളും സാങ്കേതിക സംവിധാനങ്ങളും കണ്ടെത്തുന്നു, സാങ്കേതിക സംവിധാനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള വിവിധ മേഖലയിലെ സേവനദാതാക്കളെ കണ്ടെത്തി എംപാനൽ ചെയ്യുന്നു.

3. ഉറവിട മാലിന്യ സംസ്കരണ സംവിധാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും നടപ്പിലാക്കുന്നതിനുള്ള സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നു.

4. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും ചെയ്യുന്നതിനുള്ള സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നു.

5. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നു.

6. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം എന്നിവ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകുന്നു.

7. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ.

8. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം ലഭ്യമാക്കുന്നതിനും വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

9. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നു.

10. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പെയ്ൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.

11. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

12. ശേഷി വികസന പരിപാടികൾ.

13. ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ സാങ്കേതിക പിന്തുണ സ്ഥാപനം.

14. മാലിന്യ സംസ്കരണ മേഖലയിലെ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ, ടെക്നിക്കൽ മാനുവലുകൾ, ബൈലാകൾ, അഡ്വൈസറികൾ തുടങ്ങിയവ തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

15. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നിവയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

16. ബൃഹത് പ്രോജക്ടുകൾക്കുള്ള മാതൃക ഡി.പി.ആർ. തയ്യാറാക്കുക.

17. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികളാണ് നിലവിൽ കൂടുതലായും നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) അജൈവ മാലിന്യ ശേഖരണവും സംസ്കരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 50 മൈക്രോണും അതിൽ താഴെ വെയ്റ്റുള്ളതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡ് ചെയ്ത് ടാറിംഗിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ആയത് ലഭ്യമാക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അജൈവ മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണ സാധ്യമായവയെ പുനഃചംക്രമണത്തിനായും അല്ലാത്തവയെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായും കൈമാറ്റം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവ സ്ഥാപിച്ച് പരിപാലിച്ച് വരുന്ന പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഭാഗമായി തുടങ്ങിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന പ്രവർത്തനം ചിട്ടയാക്കപ്പെടുന്നതോടെ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

9(*129) ശ്രീ. എം. ഉമ്മർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്ന കാര്യത്തിൽ സർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിന് പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ പോരായ്മ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിള ഇൻഷ്വറൻസ് പദ്ധതി പൂർണമായും ഏർപ്പെടുത്തി കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുടിശ്ശികയുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് അവ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രഥമ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന അവസരത്തിൽ 24 മണിക്കൂറിനുള്ളിൽ പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുകയും അഞ്ച് ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിച്ച് വിളനാശം തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളവർക്ക് ഉടനടി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഇതിനകം 4316 കർഷകർക്ക് 2.23 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇൻഷ്വർ ചെയ്തിട്ടില്ലാത്ത വിളകളുടെ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 54 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ മാനദണ്ഡ പ്രകാരം കർഷകർക്ക് മികച്ച രീതിയിൽ വിപണി മൂല്യത്തിനോട് അടുത്തുനിൽക്കുന്ന രീതിയിൽ വിള നാശത്തിന് നഷ്ടപരിഹാരമേകാൻ കഴിയുന്നുണ്ട്. 22-3-2017-ലെ സ.ഉ.(കൈ) നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ച് ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

എന്നാൽ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത വിളകളെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ പുതിയ മാനദണ്ഡ പ്രകാരം ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതി അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കണക്കാക്കുന്നതുമൂലം കേന്ദ്ര സഹായം ഗണ്യമായി കുറയുന്നു. ഇത് പരിഹരിക്കുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന അതേ നിരക്കുകൾ പുനഃസ്ഥാപിച്ചുകൊണ്ട് അധികം വേണ്ടിവരുന്ന സാമ്പത്തിക ബാധ്യതകൂടി നിലവിൽ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കേന്ദ്ര നിരക്ക് പഴയ നിരക്കിൽ പുനഃസ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 22-3-2017-ലെ സ.ഉ.(കൈ) 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട മുഴുവൻ വിളകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും അംഗങ്ങളാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ക്യാമ്പെയിനുകൾ നടത്തി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വർ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജില്ലകളിൽനിന്നുള്ള പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 44.4 കോടി രൂപയുടെ കൃഷിനാശമുണ്ടായതായി കണക്കാക്കുന്നു. ധനസഹായം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി

10(*130) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിയിൽ സംസ്ഥാനം കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) ചില സീസണിൽ ചിലയിനം പച്ചക്കറികൾക്ക് വിപണിയില്ലായ്മയും വിലക്കുറവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി ഒരു പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പച്ചക്കറി കൃഷിയിൽ 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷമായ 2015-16-ൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ മുൻ വർഷത്തെ അപേക്ഷിച്ച് അധികമായി 6252 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാനും 0.97 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുവാനും സാധിച്ചു.

2017-18 വർഷം ഓണത്തിന് പ്രത്യേകമായി നടപ്പിലാക്കിയ ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സൗജന്യമായി നൽകുകയും അതുവഴി 96899.5236 മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷം നാളിതുവരെ 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 6.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. മൂന്നാംവിള കൃഷി നടന്നുവരികയാണ്. വിളവെടുപ്പ് കഴിയുന്നതോടെ 2017-18 വർഷത്തിൽ മുൻവർഷത്തെക്കാൾ ഉല്പാദനത്തിലും വിസ്തൃതിയിലും ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം നാളിതുവരെ 44.679 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തയ്യാറാക്കിയിട്ടുണ്ട്.

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

11(*131) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വളരെയേറെ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഇക്കാര്യത്തിൽ മുന്നേറ്റമുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ പച്ചക്കറിയെ ജനങ്ങൾ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നുവെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി ഒരു തുടർപദ്ധതിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) വിഷവിമുക്തമായ പച്ചക്കറി നമ്മുടെ നാട്ടിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിനും തീവ്രയജ്ഞ പരിപാടികൾ അനിവാര്യമായതിനാൽ ഇക്കാര്യത്തിൽ കുടുംബശ്രീകളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഹോർട്ടികോർപ്പിന്റെ ഇടപെടൽ എത്ര മാത്രം സഹായകരമായി എന്ന് വിശദമാക്കുമോ;

(ഇ) ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി നടപ്പിലാക്കിയത് കൃഷി വ്യാപനത്തിന് സഹായകരമായിട്ടുണ്ടോ;

(എഫ്) ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനത്തിലൂടെ ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അതിലൂടെ കർഷകർക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറി ഉല്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വിഷലിപ്തമായ പച്ചക്കറിയെ ജനങ്ങൾ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി ഓണക്കാലത്തിന് മാത്രമുള്ള പദ്ധതിയല്ല. ഇത് ഓരോ വീട്ടിലും വീടിനാവശ്യമായ പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ്. നമുക്കാവശ്യമായ വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയത്. ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോ ബാഗുകൾ എന്നിവ 2017-18-ൽ നൽകിയിട്ടുണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഏറ്റവും നല്ല പച്ചക്കറിത്തോട്ടമൊരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡ് നൽകുന്നതിലേയ്ക്കായി 5.6 ലക്ഷം രൂപയും

വകയിരുത്തിയിരിക്കുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിന് ഇപ്പോൾ നിലവിലുള്ള 33 പദ്ധതിയിൽ കുടുംബശ്രീകളെക്കൂടി ഉൾപ്പെടുത്തുന്നതാണ്. കുടുംബശ്രീകളുമായി ചേർന്ന് കൃഷി വകുപ്പ് വിപണനത്തിനായി ആഴ്ച ചന്തകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ കൃഷി വകുപ്പും കുടുംബശ്രീയുമായും ജൈവപച്ചക്കറി ഉല്പാദനത്തിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) 2017 ഓണക്കാലത്ത് ഹോർട്ടികോർപ്പ് കേരളത്തിലുടനീളം 650-ഓളം പച്ചക്കറി സ്റ്റാളുകൾ സംഘടിപ്പിച്ചു. ഇതിലൂടെ കർഷകരിൽനിന്നും 1207.8 ടൺ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി. ഓരോ ഉല്പന്നങ്ങളുടെയും പൊതു വിപണിയിലെ വിലയുമായി താരതമ്യം ചെയ്ത് പൊതുവിപണി വിലയെക്കാൾ 10 ശതമാനം വില കൂട്ടിയാണ് കർഷകരിൽനിന്നും ഹോർട്ടികോർപ്പ് സംഭരിച്ചത്. അപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയെക്കാൾ 10 ശതമാനം മുതൽ 20 ശതമാനം വരെ വില കുറച്ചാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയത്. ഇതിലൂടെ കർഷകർക്ക് ന്യായവില നൽകുന്നതിനും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുവാനും ഹോർട്ടികോർപ്പിന് സാധിച്ചു. കൂടാതെ ഉത്സവകാലങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം വിപണി വിലയിൽനിന്നും 30 ശതമാനം വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് പച്ചക്കറികൾ ലഭ്യമാക്കിവരുന്നു.

(ഇ) ഉണ്ട്.

(എഫ്) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം, പൊതുമേഖലയിൽ പച്ചക്കറി വിത്തുല്പാദനത്തിന് ധനസഹായം, തിരിനന ജലസേചന സംവിധാനത്തോടുകൂടിയുള്ള പദ്ധതി, സംരക്ഷിത കൃഷി എന്നിവ നടപ്പിലാക്കിവരുന്നു.

2017-18-ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 20,000 രൂപ ധനസഹായം നൽകിക്കൊണ്ട് 1000 ഹെക്ടർ സ്ഥലത്ത് ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനത്തിനുമായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 31-12-2017 വരെ 189.09 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതുമേഖലയിൽ ഹെക്ടറൊന്നിന് 35,000 രൂപ (100% ധനസഹായം) എന്ന നിരക്കിൽ പച്ചക്കറി വിത്തുല്പാദനത്തിനായി ധനസഹായം നൽകിവരുന്നു.

കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിലെ (സ്പിൽ ഓവർ) ഫ്രണ്ട്‌ലൈൻ ഡെമോൺസ്ട്രേഷൻ എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി 'തിരിനന' ജലസേചന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ നഗര പ്രദേശങ്ങളിൽ തിരിനന ജലസേചന സംവിധാനം ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. തിരിനന ജലസേചന സംവിധാനത്തോടുകൂടിയുള്ള 30 ഗ്രോ ബാഗുകൾ ഉൾക്കൊള്ളുന്ന 1664 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ ജില്ലയിലും ടി പദ്ധതി പ്രകാരം 416 യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. കോഴിക്കോട് പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിൽനിന്നും പരിശീലനം ലഭിച്ച മോഡൽ അഗ്രോ സർവ്വീസ് സെന്ററുകളിലേയും കാർഷിക കർമ്മസേനയിലെയും അംഗങ്ങളാണ് ഗുണഭോക്താക്കളുടെ സ്ഥലത്ത് ടി പദ്ധതി സ്ഥാപിക്കുന്നത്. യൂണിറ്റൊന്നിന് 6,000 രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായമായി നൽകുന്നു. 31-12-2017 വരെ 1026 തിരിനന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി 4000 ച. മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50 ശതമാനം ധനസഹായം നൽകിവരുന്നു.

പോളീഹൗസ് നിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായത്തിനുപരിയായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതികളിൽ ഉൾപ്പെടുത്തി പോളീഹൗസിൽ കൃഷി ചെയ്യുന്ന മൂല്യംകൂടിയ പച്ചക്കറികളുടെ നടീൽ വസ്തുക്കളുടെയും കൃഷിയുടെയും ചെലവിനും കർഷകർക്ക് ച. മീറ്ററിന് 140 രൂപ എന്ന പരിധിയ്ക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഈ ഘടകത്തിലും ഗുണഭോക്താവിന് പരമാവധി 4000 ച.മീറ്റർ വരെ ധനസഹായം ലഭ്യമാകും.

2017-18 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ പച്ചക്കറി വികസനം ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി കൃഷി വ്യാപന പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.)-യിൽ ഉൾപ്പെടുത്തി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നതിന് 415.5 ലക്ഷം രൂപയുടെ ധനസഹായത്തോടെയുള്ള പ്രോജക്റ്റ്, പ്രോജക്റ്റ് പ്രിപ്പറേഷൻ ആന്റ് മോണിറ്ററിംഗ് സെല്ലിൽ (പി.പി.എം. സെൽ)-ൽ സമർപ്പിച്ചിട്ടുണ്ട്. എസ്.എൽ.എസ്.സി.-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഹെക്ടറിന് 15,000 രൂപ ധനസഹായ നിരക്കിൽ 2750 ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

2017-18 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന-മൈക്രോ ഇറിഗേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കണികാ ജലസേചനത്തിന് ധനസഹായം നൽകിവരുന്നു. വിളകൾ തമ്മിലുള്ള അകലത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്.

**ലൈഫ് മിഷൻ പദ്ധതി**

12(*132) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഭവനരഹിതരെ ഭവന ഉടമകളാക്കി മാറ്റുന്നതിന് ഈ പദ്ധതി എത്രത്തോളം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ ഗുണഭോക്തൃ പട്ടികയിൽ ഒഴിവാക്കപ്പെട്ട അർഹരായവർക്ക് പദ്ധതിയുടെ ആനുകൂല്യം ഏതുതരത്തിൽ ലഭ്യമാകുമെന്ന് അറിയിക്കുമോ;

(ഡി) പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതമായ ഭവനം നൽകുകയാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ (2017-18) പൂർത്തീകരിക്കാത്ത 66,750 ഭവനരഹിതരുടെ ഭവനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2018-19 മുതൽ ഭവനരഹിതരായ 5,15,620, പേർക്ക് ഭവനം നൽകുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. ഭൂമിയുള്ള ഭവനരഹിതരായ 1,74,875 പേർക്ക് 4 ലക്ഷം രൂപ വീതം ധനസഹായം നൽകി ഭവനത്തിന് ഉടമകളാക്കുന്നതിനും ഭൂരഹിത ഭവനരഹിതർക്കായി ഭവന സമുച്ചയങ്ങളിൽ ഭവനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. മിഷൻ പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

അടുത്ത നാല് വർഷംകൊണ്ട് മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. മിഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിൽ/അവസാനിക്കുമ്പോൾ മാത്രമേ പദ്ധതി വിജയകരമായിരുന്നുവെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ.

(സി) അർഹതയുള്ള എല്ലാവരെയും ഉൾക്കൊള്ളിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും അർഹരായവർ വിട്ടുപോയിട്ടുള്ളപക്ഷം കൂട്ടിച്ചേർക്കുന്നതിന് അവസരം ഉണ്ടായിരുന്നു. അർഹരായ ആരെങ്കിലും ഇനിയും ഒഴിവാക്കപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളായ 66750 പേർക്ക് ഭവനം പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കി ഭവനം പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യമാക്കിയിരുന്നത്. രണ്ടാം ഘട്ടത്തിൽ ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുക എന്നതാണ് ലക്ഷ്യം. സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള ഭൂമിയുള്ള 1,74,875 പേർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. കൂടാതെ ഭൂരഹിതരായ 3,40,745 പേർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനോടൊപ്പം ഭൂമി കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നിടത്ത് ഭൂമി ലഭ്യമാക്കി ഭവന ധനസഹായം ലഭ്യമാക്കുന്നതുമാണ്.

**നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ**

13(*133) ശ്രീ. എം. സ്വരാജ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (എൻ.എം.എസ്.എ.) പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) യുവകർഷകർക്ക്, മണ്ണിന്റെ ജൈവസമ്പന്നത നിലനിർത്തി കൃഷി അഭിവൃദ്ധിപ്പെടുത്തുന്ന പരിശീലന പരിപാടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ)

(എ) സംസ്ഥാനത്ത് നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (എൻ.എം.എസ്.എ.) പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി&സി) തയ്യാറാക്കിയിട്ടുണ്ട്. സോയിൽ ഹെൽത്ത് മാനേജ്മെന്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ രണ്ട് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് 75 ശതമാനം കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള 25 ശതമാനം സംസ്ഥാന സർക്കാർ വിഹിതവുമാണ്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ ഓരോ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ അടങ്കൽത്തുക 149.33 ലക്ഷം രൂപയാണ്. കേന്ദ്ര സർക്കാർ വിഹിതമായ 112 ലക്ഷം രൂപയിൽ 100.80 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ലഭിക്കുകയും ചെയ്തു. രണ്ട് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ വാഹനങ്ങൾ (customized vehicle) വാങ്ങുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉൾപ്പെടുത്തിയിട്ടുണ്ട്. സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ കർഷകർക്കായി 13 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിനായി 3.12 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ അനുവദിച്ച പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

14(*134) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പി. വി. അൻവർ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾവഴി പൊലിവ് എന്ന പേരിൽ കാർഷിക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കുടുംബശ്രീയുടെ നേതൃത്വത്തിൽ മട്ടുപ്പാവ് കൃഷിയും ഗ്രോബാഗ് യൂണിറ്റുകളും പ്രാവർത്തികമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ഊർജ്ജിതമാക്കുന്നതിനുവേണ്ടി കുടുംബശ്രീ ബസാറുകൾ (സ്ഥിര വിപണന കേന്ദ്രങ്ങൾ), ഇ-കൊമേഴ്സ് പോർട്ടൽ എന്നീ നൂതന സംരംഭങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 3000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കയർ ഡീ-ഫൈബറിംഗ് യൂണിറ്റുകൾ, തീരദേശ സംരംഭങ്ങൾ, പാർശ്വവൽകൃത സമൂഹത്തിൽനിന്നുള്ള പ്രത്യേക സംരംഭങ്ങൾ എന്നിവ ആരംഭിക്കാനും കോമൺ ഫെസിലിറ്റി സെന്റർ വിപുലീകരിക്കാനും ഉദ്ദേശമുണ്ട്.

മൃഗസംരക്ഷണ മേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി 1000 ഇറച്ചിക്കോഴി യൂണിറ്റുകൾ/500 മൃഗസംരക്ഷണ മേഖല സംരംഭങ്ങൾ എന്നിവ ആരംഭിക്കാനും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഇറച്ചിക്കോഴി പ്രൊഡ്യൂസർ കമ്പനി, കോട്ടയം ജില്ലയിൽ ആടുഗ്രാമം പ്രൊഡ്യൂസർ കമ്പനി, പാലക്കാട് ജില്ലയിൽ ഡയറി പ്രൊഡ്യൂസർ കമ്പനി എന്നിവ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ ആലപ്പുഴ ജില്ലയിൽ പച്ചക്കറി പ്രൊഡ്യൂസർ കമ്പനി, തൃശ്ശൂർ ജില്ലയിൽ ബനാന-റൈസ് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ റൈസ് പ്രൊഡ്യൂസർ കമ്പനി എന്നിവ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആരംഭിച്ച നാട്ടുചന്തകൾ കൂടുതൽ കാര്യക്ഷമമാക്കാനും ഓരോ ജില്ലയിലും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. എം.കെ.എസ്.പി. വാല്യൂ ചെയിൻ പദ്ധതിയുടെ ഭാഗമായി മീറ്റ് സ്റ്റോറുകൾ ആരംഭിക്കുവാനും ഔഷധ സസ്യകൃഷിക്കായി 100 ഗ്രൂപ്പുകളെ സജ്ജീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ആശ്രയ പദ്ധതി അഗതി രഹിത കേരളം പദ്ധതിയായി രൂപാന്തരപ്പെടുമ്പോൾ നിലവിലെ ആശ്രയ പദ്ധതി ഗുണഭോക്തൃ കുടുംബങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പുതുതായി കണ്ടെത്തുന്ന കുടുംബങ്ങളുടെയും വിവരശേഖരണം നടത്തി ഈ രണ്ട് വിഭാഗത്തിലും പെടുന്ന എല്ലാ അർഹരായവരെയും ഉൾക്കൊള്ളിക്കുന്നതിന് ഊന്നൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

മാതാപിതാക്കൾ നഷ്ടപ്പെട്ടവരും എന്നാൽ സംരക്ഷണം ഏറ്റെടുക്കുവാനായി മാനസിക/ശാരീരിക പ്രാപ്തിയോടുകൂടിയ ബന്ധുക്കൾ ഇല്ലാത്തവരുമായി അഗതിത്വത്തിലേയ്ക്ക് തള്ളപ്പെടുന്ന മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണത്തിനുള്ള ബഡ്സ് ഹോം എല്ലാ ജില്ലകളിലും തുടങ്ങുവാനും ഉദ്ദേശമുണ്ട്.

(ബി & സി) ഉണ്ട്. സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായാണ് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി 'പൊലിവ് ' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുക, പഞ്ചശീലങ്ങൾവഴി (ശുദ്ധജലം, മാലിന്യ സംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കുടുംബശ്രീ 'പൊലിവ് ' പദ്ധതി നടപ്പിലാക്കിയത്. ഓരോ അയൽക്കൂട്ടവും മൂന്ന് സെന്റിലെങ്കിലും കൃഷി ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) കുടുംബശ്രീ നേരിട്ട് മട്ടുപ്പാവ് കൃഷിയോ, ഗ്രോ ബാഗ് യൂണിറ്റുകളോ നടപ്പിലാക്കുന്നില്ല. പഞ്ചായത്ത്, കൃഷിഭവൻ എന്നിവയിലൂടെ നടപ്പിലാക്കുന്ന ടി പദ്ധതികളിൽ കുടുംബശ്രീ അംഗങ്ങൾ ഭാഗഭാക്കാകാറുണ്ട്.

**ഗ്രീൻ പ്രോട്ടോക്കോൾ**

15(*135) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിത നിയമാവലി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവർത്തനങ്ങളിലൂടെയാണ് ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലിടങ്ങളിൽ പാലിക്കാവുന്ന ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അജൈവ മാലിന്യ ഉല്പാദനത്തിന്റെ തോത് കുറയ്ക്കുകയെന്ന ലക്ഷ്യത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഗ്രീൻ പ്രോട്ടോക്കോൾ" (ഹരിത നിയമാവലി). അജൈവ മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗവും പൂർണ്ണമായും ഒഴിവാക്കി പുനരുപയോഗവും പുനഃചംക്രമണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് പ്രചാരം കൊടുക്കുകയും ആയത് നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിന്റെ കാതൽ. 5-10-2017-ലെ 3214/2017/തസ്വഭവ. ഉത്തരവ് പ്രകാരം പ്രധാന സർക്കാർ ഓഫീസുകളിലും പ്രധാനപ്പെട്ട സർക്കാർ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചുവടെ പറയുന്ന പ്രവർത്തനങ്ങളിലൂടെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ കഴിയും:

- നിത്യജീവിതത്തിന്റെ ഭാഗമായ സ്വകാര്യ പൊതുചടങ്ങിലെല്ലാം ഡിസ്പോസിബിൾ വസ്തുക്കളുടെയും പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കുന്നതിലൂടെ.
- എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളും നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഒഴിവാക്കുന്നതിലൂടെ.
- അലങ്കാര പ്രവൃത്തികൾ ചെയ്യുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ.
- ആഹാര പാനീയ വിതരണത്തിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ സജ്ജീകരിക്കുന്നതിലൂടെ.
- പ്രചരണ പരിപാടികൾക്ക് ഫ്ലക്സുകൾ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ.

(സി)

- തൊഴിൽ സ്ഥലങ്ങളിൽ ജീവനക്കാർ ആഹാരവും ജലവും കൊണ്ടുവരുന്നതിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ പാത്രങ്ങൾ ശീലമാക്കുക.
- ഡിസ്പോസിബിൾ പാത്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക.
- പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി തുണി സഞ്ചികൾ, പേപ്പർ കവറുകൾ എന്നിവ ഉപയോഗിക്കൽ.
- നിരോധിത പ്ലാസ്റ്റിക് വസ്തുക്കളിലുള്ള ആഹാര പാഴ്സലുകൾ ഒഴിവാക്കുക.
- യോഗങ്ങൾക്കും പരിശീലന പരിപാടികൾക്കും ആഹാരം, ലഘുഭക്ഷണങ്ങൾ, ചായ, കുടിവെള്ളം തുടങ്ങിയവ വിതരണം ചെയ്യുന്നതിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം

16(*136) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏതെങ്കിലും സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) വിവിധങ്ങളായ പകർച്ചവ്യാധികളും മറ്റും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എത്രയും വേഗം മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി പ്രധാന നഗരങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കാര്യക്ഷമവും ശാസ്ത്രീയവുമായ ഖരമാലിന്യ സംസ്കരണത്തിന് ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) മാലിന്യ സംസ്കരണ മേഖലയിൽ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിന് അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകുകയും മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 23-9-2017-ലെ സ.ഉ.(സാധാ) നമ്പർ 3122/2017/തസ്വഭവ. പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി ഒരു സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ 30-11-2017-ൽ ചേർന്ന യോഗത്തിൽ ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന M/s IRG Systems-South Asia Pvt. Ltd. എന്ന സ്ഥാപനത്തെ മാലിന്യ സംസ്കരണ മേഖലയിലെ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടന്റായി നിയമിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) വിവിധങ്ങളായ പകർച്ചവ്യാധികളും മറ്റും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള വിവിധ നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ ഉപമിഷനിലൂടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതോടൊപ്പം വലിയ നഗര പ്രദേശങ്ങളിൽ പരിമിതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായി പ്രവർത്തിപ്പിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ അർബർ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റീവിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി "ആരോഗ്യ ജാഗ്രത" എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ 2018 ജനുവരി മാസം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുള്ള സേവനം സംബന്ധിച്ച പരാതികൾ**

17(*137) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുള്ള സേവന ലഭ്യതയിൽ വരുന്ന കുറവുകൾ, അഴിമതി എന്നിവ സംബന്ധിച്ച് പരാതി നൽകുന്നതിന് ഓൺലൈൻ സംവിധാനം നിലവിലുണ്ടോ;

(ബി) പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമോ; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഉപവകുപ്പുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് ഈ പോർട്ടലിൽ പരാതി നല്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുമ്പോൾ പരാതിക്കാരന്റെ വിവരങ്ങൾ പരാതിക്കാരൻ ആവശ്യപ്പെട്ടാൽ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

(സി) പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് (എഞ്ചിനീയറിംഗ് വിംഗ്) ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകൾ.

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

18(*138) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അന്താരാഷ്ട്ര കരാറുകളുടെ ഫലമായും കേന്ദ്രസർക്കാരിന്റെ നയം കൊണ്ടും സ്വാഭാവിക റബ്ബറിന് ന്യായവില ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ, റബ്ബർ കർഷകരുടെ രക്ഷക്കായി വില സ്ഥിരതാ പദ്ധതിയും സാമ്പത്തിക പാക്കേജും നടപ്പിലാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ മന്ദീഭവിപ്പിക്കുകയും ബോർഡിൽ കേരളത്തിന് പ്രാതിനിധ്യം നൽകാതെ വിവേചനം കാട്ടുകയും ചെയ്യുന്നത് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ വിലസ്ഥിരതാ പദ്ധതിപ്രകാരം കർഷകർക്കുണ്ടാകുന്ന പ്രയോജനം അറിയിക്കാമോ; സ്വകാര്യ പങ്കാളിത്തത്തോടെ സിയാൽ മാതൃകയിൽ റബ്ബർ കമ്പനിയും അമുൽ മാതൃകയിൽ റബ്ബർ കർഷകരുടെ സഹകരണസംഘവും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്. സ്വാഭാവിക റബ്ബറിന് താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതുകൂടാതെ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്ക് കേന്ദ്ര സഹായം നൽകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ബാധകമല്ല.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily Reference Price) തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. ഇത് റബ്ബർ കർഷകർക്ക് താങ്ങുവില ലഭിക്കുന്നത് ഉറപ്പുവരുത്തുന്നുണ്ട്.

### കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാൻ നടപടി

19(*139) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് മാന്യത കുറവാണെന്ന ചിന്താഗതി സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് കാർഷികവൃത്തിയിലേക്ക് യുവാക്കൾ കൂടുതലായി കടന്നുവരാത്തത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ ചിന്താഗതി മാറ്റുന്നതിനും അന്തസ്സോടെ ഏർപ്പെടാവുന്ന ഒരു തൊഴിലായി കൃഷിയെ മാറ്റിയെടുക്കുന്നതിനും സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും അഗ്രോ സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) കാർഷികമേഖല നേരിടുന്ന ഗുരുതരമായ കർഷകത്തൊഴിലാളി ക്ഷാമത്തിന് എന്തെങ്കിലും പരിഹാര നടപടികൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>):

(എ) കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് മാന്യത കുറവാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ കാർഷിക മേഖലയുമായി ബന്ധപ്പെടാത്ത മറ്റ് തൊഴിലുകൾ ധാരാളമായി ലഭിക്കുന്നതും കൃഷിയിൽനിന്നും ലഭിക്കുന്നതിനെക്കാൾ കൂടുതൽ വരുമാനം മറ്റ് തൊഴിലുകളിൽനിന്നും ലഭിക്കുമെന്നതിനാലും യുവാക്കൾ കാർഷികവൃത്തിയിൽനിന്നും അകന്നുപോകുന്നതായി കാണുന്നു. എന്നാൽ ഈ അടുത്ത കാലത്തായി യുവാക്കൾ നല്ലനിലയിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന ഒരു സംസ്കാരം കണ്ടുവരുന്നുണ്ട്.

(ബി) ഇതിനായി നൂതന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനും വിവിധ വിപണന സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ചും പരിശീലനങ്ങൾ നൽകിവരുന്നു. 2017-18 വർഷം കൃഷി വകുപ്പിന്റെ കീഴിലുള്ള 5 ആർ.എ.റ്റി.റ്റി.സി., 2 എഫ്.റ്റി.സി., ആർ.റ്റി.റ്റി.സി. വെള്ളായണി എന്നിവ വഴി കർഷകർക്ക് കാർഷിക മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പരിശീലനം നൽകിവരുന്നുണ്ട്.

കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉല്പാദന രംഗത്തേയ്ക്ക് യുവാക്കളായ സംരംഭകരെ ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ 2016-ലും 2017-ലും സംഘടിപ്പിച്ച 'വൈഗ'യിലൂടെ ഉരുത്തിരിയുകയുണ്ടായി. ഇതനുസരിച്ച് കാർഷിക മേഖലയിൽ യുവ സംരംഭകരെ ആകർഷിക്കാൻ കഴിയുന്ന നിരവധി സാങ്കേതിക വിദ്യകൾ കാർഷിക സർവ്വകലാശാല വഴിയും മറ്റ് കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ വഴിയും ലഭ്യമാക്കാനുള്ള അവസരങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്.

കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽരഹിത യുവതീ-യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് അഗ്രോ

സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയും കാർഷിക പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുകയും ചെയ്തുവരുന്നു.

(സി) എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് നിലവിൽ ആകെ 64 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വർഷം 20 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) കേരളത്തിലെ കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിന് തൊഴിലാളികളെ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുമായി 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിക്കുകയും യന്ത്രങ്ങൾ ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് 15 ദിവസം നീണ്ടുനിൽക്കുന്ന വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ കാർഷിക കർമ്മസേനകളുടെയും പ്രവർത്തനം ശാക്തീകരിക്കുന്നതിനായി പ്രോജക്ട് അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ ഓരോ കർമ്മസേനയ്ക്കും നൽകിവരുന്നു.

കൂടാതെ അഗ്രോ സർവ്വീസ് സെന്റർ അംഗങ്ങൾക്കും കാർഷിക കർമ്മസേനയിലെ അംഗങ്ങൾക്കും അസി.എക്സി.എഞ്ചിനീയർ ഓഫീസ് മുഖാന്തരം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും ഏകോപനത്തിനായി കാർഷിക യൂണിവേഴ്സിറ്റിയിൽനിന്നും വിരമിച്ച പ്രൊഫ. (ഡോ.) യു. ജയകുമാരനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്.

കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ മൂന്ന് മേഖലകളിലായി ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സെന്ററുകൾ മുഖാന്തരം കൃഷിക്കാർക്ക് യന്ത്രങ്ങൾ യഥാസമയം റിപ്പയർ ചെയ്യുന്നതിനും സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്.

## ജില്ലാ പദ്ധതി രൂപീകരണം

20(*140) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നതിൽ ജില്ലാ പദ്ധതി എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജില്ലാടിസ്ഥാനത്തിലുള്ള ഏകോപിത പദ്ധതികൾ തയ്യാറാക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ജില്ലാ പദ്ധതി രൂപീകരണം ഏത് വിധത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) വാർഷിക പദ്ധതിയുടെ ഓരോ പാദത്തിലും 25% തുക വീതം ചെലവഴിച്ചിരിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാകാതെ പോയതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആയത് പൂർണ്ണമായും പ്രവർത്തനക്ഷമമായതിന് ശേഷമേ ഇക്കാര്യം വിലയിരുത്താൻ കഴിയുകയുള്ളൂ.

(ബി) ജില്ലാ പദ്ധതി എന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ ക്രോഡീകരിച്ച ഒരു രേഖ എന്നതിനെക്കാളുപരി ജില്ലയുടെ സമഗ്ര വികസനം വിഭാവന ചെയ്യുന്ന ഒരു രേഖയാണ്. അതായത് വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുവാനും വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയാനും സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായി നിർണ്ണയിക്കാനും സംയോജന-ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്താനും പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജില്ലാ പദ്ധതി രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്.

ഗവൺമെന്റുകൾ വികസനത്തിന്റെ വിവിധ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു ഉപകരണമാണ് ജില്ലാ പദ്ധതി.

(സി) സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയാണ് ജില്ലാ പദ്ധതി.

സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവ്വകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും പൂർണ്ണ പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുക, സ്ഥിതിവിവര കണക്കുകളുടെ വിശകലനം സാധ്യമാക്കുന്നതിനുവേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുക, ജില്ലകളിൽ സംഘടിപ്പിക്കുന്ന ചർച്ചകളിൽ അനുയോജ്യരായവരെ പങ്കെടുപ്പിച്ച് വിദഗ്ദ്ധ അഭിപ്രായവും പ്രായോഗിക നിർദ്ദേശങ്ങളും നൽകുക, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നവർ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ സേവനങ്ങൾ നൽകി ജില്ലാ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്.

ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാ തലത്തിൽ തയ്യാറാക്കി താഴേക്ക് നൽകുന്ന കരട് രേഖ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചും വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചും അന്തിമമാക്കണം. പ്രസ്തുത ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും പ്ലാൻസ് (പ്രോജക്ടുകളും) തയ്യാറാക്കേണ്ടത്. ജില്ലാ തലത്തിലെ ഏകോപനത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ഡി.പി.സി.-ക്ക് നിർദ്ദേശിക്കാവുന്നതാണ്.

ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങളുണ്ടായിരിക്കണം. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം ആദ്യഭാഗമായും കേന്ദ്ര/സംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയും (2017-18) വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രണ്ടാം ഭാഗമായും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തണം. ഇത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 23-9-2017-ലെ സ.ഉ.(അച്ചടി) നമ്പർ 09/2017/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്. വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകിയത് 2017 ജൂൺ 15-നാണ്. ജൂലൈ 1 മുതൽ നടപ്പാക്കിയ ജി.എസ്.ടി. മൂലം നാല് മാസക്കാലം കോൺട്രാക്ടർമാർ ടെണ്ടർ ബഹിഷ്കരണം നടത്തി. നവംബർ-ഡിസംബർ മാസങ്ങളിൽ ട്രഷറിയിൽനിന്ന് ബില്ലുകൾ മാറുന്നതിൽ വലിയ ബുദ്ധിമുട്ടുണ്ടായി. ഇപ്പോൾ തടസങ്ങൾ നീങ്ങിയതിനാൽ ചെലവ് പുരോഗതി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**കാർഷിക രംഗത്ത് സുസ്ഥിര വരുമാനം**

21(*141) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാനും അരിക്കായി ഇതര സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാനും നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) നെൽകൃഷി വ്യാപനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും പ്രത്യേക കാർഷിക മേഖല പ്രഖ്യാപനം ഭക്ഷ്യവിള വ്യാപനത്തിനായി എങ്ങനെ പ്രയോജനപ്രദമാകുമെന്നും വ്യക്തമാക്കാമോ;

(സി) ഉല്പാദനച്ചെലവിന് അനുസൃതമായ വില നെല്ലിന് ലഭിക്കാത്തതും സർക്കാർ സംഭരിക്കുന്ന നെല്ലിന്റെ വില ലഭിക്കാൻ ഏറെ വൈകുന്നതും, നെൽകൃഷിക്ക് മുതൽമുടക്കുന്നത് അസാധ്യമാക്കിയിരിക്കുന്നത് പരിഹരിച്ച് കാർഷിക രംഗത്ത് സുസ്ഥിര വരുമാനം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ ഇതര സംസ്ഥാനങ്ങളിലെ വിഷലിപ്തമായ പച്ചക്കറിയെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം

3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്ക്കരണം, പ്രചരണം തുടങ്ങിയവ

5. ജില്ലാ ക്ലസ്റ്റർ വികസനം

6. സാങ്കേതിക സഹായവും കരാർ നിയമനവും

7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

8. നഴ്സറികൾ സ്ഥാപിക്കൽ

9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും

10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം

11. പച്ചക്കറി കൃഷിയ്ക്കുവേണ്ടി 'മിനി പോളീഹൗസ്'കളുടെ പ്രോത്സാഹനം

12. 'വെജിറ്റബിൽ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ

13. കൃഷിയിടങ്ങളിൽ 'ബയോ കൺട്രോൾ ഏജന്റ് ' നിർമ്മാണം

14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

16. സേഫ് ടു ഈറ്റ് ബ്രാൻഡിംഗ് പദ്ധതി വഴി സഹായം

17. അവാർഡ് വിതരണം

18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

19. മഴമറ നിർമ്മാണം

20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം

21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം.

23. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം

അരിയ്ക്കായി ഇതര സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാനായി 2017-18-ൽ നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

5. കരനെൽകൃഷി വികസനം

6. തരിശുനില കൃഷി

7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്ക് ധനസഹായം

8. പദ്ധതിയധിഷ്ഠിത ധനസഹായം

9. നെൽകൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

11. റൈസ് മില്ലുകൾ സ്ഥാപിക്കൽ

12. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)

13. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).

(ബി) നെൽകൃഷി വ്യാപനത്തിനായി 2017-18-ൽ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നെൽകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടിട്ടുള്ളതാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

1. സുസ്ഥിര നെൽകൃഷി വികസനം

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

5. കരനെൽകൃഷി വികസനം

6. തരിശുനില കൃഷി

7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്ക് ധനസഹായം

8. പദ്ധതിയധിഷ്ഠിത ധനസഹായം

9. നെൽകൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

11. റൈസ് മില്ലുകൾ സ്ഥാപിക്കൽ

12. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)

13. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).

<u>പ്രത്യേക കാർഷിക മേഖലകൾ</u>

ഓരോ വിളയുടെ കൃഷിക്ക് തികച്ചും അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന ഭൂപ്രദേശത്തെയാണ് പ്രത്യേക കാർഷിക മേഖലയായി കണക്കാക്കുന്നത്. ഇത്തരം മേഖലകളിൽ വിത്തുമുതൽ വിളവെടുപ്പ് വരെയുള്ള വിവിധ ഉത്തമ കാർഷിക പ്രവർത്തനങ്ങളും വിളവെടുപ്പിന് ശേഷമുള്ള പരിചരണവും മൂല്യവർദ്ധനയും മെച്ചപ്പെട്ട വിപണന സംവിധാനവും സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. അതുവഴി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട വിപണനത്തിലൂടെ ഉല്പാദകരായ കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ പ്രത്യേക കാർഷിക മേഖലകളിൽ സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ നിന്നുള്ള ധനസഹായം കൂടാതെ മേഖല പ്രദേശത്ത് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനവും മറ്റ് അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിൽ 2017-18 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. ഇതുവഴി കേരളത്തിലെ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, വാഴ എന്നിവയുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനും ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുവാനും ഭക്ഷ്യോല്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും ഉദ്ദേശിക്കുന്നു.

കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവയാണ് നെല്ലിന്റെ പ്രത്യേക കാർഷിക മേഖലകൾ.

ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, നെന്മാറ എന്നിവയാണ് പച്ചക്കറിയുടെ പ്രത്യേക കാർഷിക മേഖല.

(സി) കാർഷിക രംഗത്ത് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് നെല്ലിന് കിലോയ്ക്ക് 23.30 രൂപ നൽകി സംഭരിച്ചുവരുന്നു. ഇതിൽ കേന്ദ്ര സർക്കാർ വിഹിതം 15.50 രൂപയും സംസ്ഥാന വിഹിതം 7.80 രൂപയുമാണ്. നിലവിൽ നെല്ലിന്റെ സംഭരണവില ബാങ്ക് മുഖേന പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) ലോണിലൂടെ കർഷകർക്ക് നൽകിവരുന്നു. നെൽകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് (ബി) പിരിവിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**വൈഗ അന്തർദ്ദേശീയ ശില്പശാല**

22(*142) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള വൈഗ അന്തർദ്ദേശീയ ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ വിശദമാക്കുമോ;

(ബി) ശില്പശാലയിൽ ഉയർന്നുവന്ന ആശയങ്ങളിൽ നടപ്പിലാക്കിയത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളും സംവിധാനങ്ങളും സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേരളത്തിലെ പ്രധാന കാർഷിക വിളയായ നാളികേരം, വാഴപ്പഴം എന്നിവയ്ക്ക് പുറമെ തേൻ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉത്പാദനത്തിന്റെ 35%-മെങ്കിലും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ഇതിനായി ഉത്പാദിപ്പിക്കുന്ന കർഷകർക്ക് പങ്കാളിത്തമുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, ഇതിലൂടെ കർഷകരുടെ ഉത്പന്നങ്ങൾക്ക് സുസ്ഥിരമായ വില ലഭിക്കുമെന്ന ഉറപ്പുണ്ടാക്കുക, പുതിയ തലമുറയെ കാർഷികാധിഷ്ഠിത സംരംഭങ്ങളിലേയ്ക്ക് ആകർഷിക്കുക, ഇതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ-അന്തർദ്ദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായും രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, എസ്.എഫ്.എ.സി., SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദ്ദേശീയ ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ.

(ബി) 2016 ഡിസംബറിൽ തിരുവനന്തപുരത്ത് വൈഗ സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 1575 ലക്ഷം രൂപയുടെ പദ്ധതികൾ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരെ കൂടുതലായി കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ രംഗത്തേക്ക് ആകർഷിക്കുന്നതിനും ഇതിനായി പദ്ധതി ചെലവിന്റെ 50% പരമാവധി 50 ലക്ഷം രൂപ വരെ ഒരു സംരംഭത്തിന് വായ്പബന്ധിത ധനസഹായമായും നൽകിവരുന്നു. തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തിയ വൈഗ ഡിസംബർ 2017-ൽ ഉയർന്നുവന്ന ആശയങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് ആദ്യഘട്ടം എന്ന നിലയിൽ ഈ സാമ്പത്തിക വർഷം 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കൂത്താളി ഫാമിലും മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ബനാന ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിലേക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

## നഗര വികസന മാസ്റ്റർ പ്ലാൻ

23(*143) <u>ശ്രീ. ഡി. കെ. മുരളി</u> :

<u>ശ്രീ. എ. പ്രദീപ്കുമാർ</u> :

<u>ശ്രീ. കെ. ജെ. മാക്സി</u> :

<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളുടെ വികസനം സാക്ഷാത്കരിക്കുന്നതിനായി നഗര വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുവരെ ഏതെല്ലാം നഗരങ്ങളിൽ പ്രസ്തുത മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ നഗരത്തിന്റെയും സാധ്യതയ്ക്കനുസരിച്ചുള്ള വികസനം അതത് നഗരങ്ങളിലെ വികസന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി നഗരവികസന സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>):

(എ) ഉണ്ട്. "മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭ

പ്രദേശങ്ങൾക്കും ഘട്ടംഘട്ടമായി മാസ്റ്റർ പ്ലാനുകൾ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിവരികയാണ്. ഇതിൽ ഒന്നാം ഘട്ടത്തിൽ 31 മാസ്റ്റർ പ്ലാനുകളും (38 പട്ടണങ്ങൾക്കായി) രണ്ടാം ഘട്ടത്തിൽ 31 മാസ്റ്റർ പ്ലാനുകളും മൂന്നാം ഘട്ടത്തിൽ 24 മാസ്റ്റർ പ്ലാനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. (വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) താഴെപ്പറയുന്ന ആറ് നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. പരവൂർ
2. ചങ്ങനാശ്ശേരി
3. വൈക്കം
4. തലശ്ശേരി
5. മലപ്പുറം
6. കോഴിക്കോട്.

(സി) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള കേരള നഗര ഗ്രാമാസൂത്രണ ആക്ട് 2016 പ്രകാരമാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ടി ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്.

### ഹൈ-ടെക് രീതിയിലുള്ള പൊതുശൗചാലയങ്ങൾ

24(*144) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നൂറ് ശതമാനം വെളിയിട വിസർജ്ജനമുക്തമായ സംസ്ഥാനമാക്കുന്നതിലേക്കായി വിവിധ വഴിയോരങ്ങളിൽ പൊതു ശൗചാലയങ്ങളുടെ ആവശ്യകത, പ്രാധാന്യം എന്നിവ കണക്കിലെടുത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഹൈടെക് രീതിയിൽ പൊതുശൗചാലയങ്ങൾ നിർമ്മിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കാമോ;

(ബി) ഇപ്രകാരം നിർമ്മിക്കുന്ന പൊതുശൗചാലയങ്ങളിൽ പുരുഷന്മാർ, വനിതകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേകം സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൊതുശൗചാലയങ്ങൾ വൃത്തിയായി ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും ജനങ്ങളുടെ വ്യക്തിഗത ശ്രദ്ധയുണ്ടാകുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഹൈടെക് രീതിയിലുള്ള പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയില്ല. എന്നാൽ 2017-18-ൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കാനുള്ള പ്രോജക്ടുകൾ നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതുശൗചാലയങ്ങളിൽ പുരുഷന്മാർ, വനിതകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേകം സൗകര്യം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

(സി) പൊതുശൗചാലയങ്ങൾ വൃത്തിയായി ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും ജനങ്ങളുടെ വ്യക്തിഗത ശ്രദ്ധയുണ്ടാകുന്നതിനായി പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സോയിൽ ഹെൽത്ത് കാർഡ് വിതരണം

25(*145) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണ/മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുടനീളമുള്ള കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മണ്ണ് സംരക്ഷണ വകുപ്പിൽ ഇപ്പോൾ നടക്കുന്ന കൺവീനർ/ കോൺട്രാക്ടർ ജോലികൾ പുനഃപരിശോധിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനായുള്ള പദ്ധതികളും വിവിധ മണ്ണുജല സംരക്ഷണ പദ്ധതികളും ജനകീയ പങ്കാളിത്തത്തോടുകൂടി ശാസ്ത്രീയമായി നടപ്പിലാക്കുക എന്നതാണ് മണ്ണുപര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സർക്കാരിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ എന്ന പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി 2015-16 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായ 2015-16, 2016-17 വർഷങ്ങളിൽ 705420 സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കിക്കഴിഞ്ഞു. രണ്ടാം ഘട്ടമായ 2017-18, 2018-19 വർഷങ്ങളിൽ 5704415 കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) സൂക്ഷ്മതല മണ്ണ് ഭൂവിവരങ്ങൾ പൊതുജനങ്ങൾക്കും കർഷകർക്കും നേരിട്ട് ലഭ്യമാക്കുവാനായി വകുപ്പ് ഔദ്യോഗിക വെബ്സൈറ്റായ www.keralasoils.gov.in-ൽ മൈക്രോ ലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (MISSK) എന്ന ജി.ഐ.എസ്. അധിഷ്ഠിത സാങ്കേതിക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി പഞ്ചായത്തുകളുടെ വിശദ മണ്ണ് പര്യവേഷണം പൂർത്തിയാക്കി പഞ്ചായത്തുതല സമഗ്ര മണ്ണ് ഭൂവിഭവ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ മിസ്സിൽ (MISSK) അപ്ലോഡ് ചെയ്യുന്നു. നാളിതുവരെ 75 പഞ്ചായത്തുകളുടെ മണ്ണ് ഭൂവിഭവ വിവരം ഡിജിറ്റൽ രൂപത്തിൽ മിസ്സിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി ഓരോ കർഷകനും സർവ്വേ നമ്പർ അടിസ്ഥാനത്തിൽ തങ്ങളുടെ കൃഷി ഭൂമിയുടെ മണ്ണിന്റെയും ഭൂപ്രകൃതിയുടെയും ഫലഭൂയിഷ്ഠതയുടെയും സമഗ്ര ശാസ്ത്രീയ വിവരങ്ങൾ നേരിട്ട് കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിരൽ തുമ്പിൽ ലഭ്യമാകുന്നതാണ്.

(ഡി) ഉണ്ട്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിൽ നിലവിൽ തുടർന്നുവരുന്ന കൺവീനർ മുഖേന ഗുണഭോക്തൃ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തികൾ നിർവ്വഹിക്കുന്ന രീതി പുനഃപരിശോധിക്കുന്നതിന് മണ്ണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ സ്വഭാവമനുസരിച്ച് മുഴുവൻ പ്രവൃത്തികളും ഈ രീതിയിൽ നിന്ന് മാറ്റുന്നത് അപ്രായോഗികമായിരിക്കും.

**അഗതിരഹിത കേരളം പദ്ധതി**

26(*146) ശ്രീ. എം. മുകേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണത്തിനായി അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിനടത്തിപ്പിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹതയുള്ളവരെ വിട്ടുപോകാതിരിക്കാൻ, ഇതുസംബന്ധിച്ച സർവ്വേ ജോലികൾ കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും നാളിതുവരെ പദ്ധതിയുടെ ഭാഗമാകാത്ത അർഹരായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'അഗതിരഹിത കേരളം' ആരംഭിച്ചിരിക്കുന്നത്. പദ്ധതിയിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ, എന്നിവ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃ സർവ്വേ കുടുംബശ്രീ തയ്യാറാക്കിയ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കുകയും കരട് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ കൈപ്പറ്റിയ അപ്പീലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പുനഃപരിശോധന നടത്തിവരികയാണ്.

(സി) ഉണ്ട്. പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സർവ്വെയിൽ അർഹരായ ആരുംതന്നെ ഒഴിവാക്കപ്പെടാതിരിക്കുവാനായി കുടുംബശ്രീ പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺമാർ ഇതിനായി പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് വിവര ശേഖരണം നിർവ്വഹിച്ചിരിക്കുന്നത്.

(ഡി) പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും അവ ഉന്നയിക്കുന്ന ആൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി സി.ഡി.എസ്. ചെയർപേഴ്സണ് നൽകുമ്പോൾ സി.ഡി.എസ്. ചെയർപേഴ്സൺ അവ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറുകയും പരാതിക്കാരന് രസീത് നൽകുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ(ൻ) അപ്പീലിന്മേൽ പുനഃപരിശോധന നടത്തുന്നതാണ്. പുനഃപരിശോധന പ്രകാരം സർവ്വേ പട്ടികയിൽ വരുന്ന മാറ്റങ്ങൾ കുടുംബശ്രീ ജില്ലാമിഷന് രേഖാമൂലം സി.ഡി.എസ്.-വഴി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി കൈമാറേണ്ടതും ജില്ലാമിഷൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമാണ്. ഇപ്രകാരം തയ്യാർ ചെയ്യപ്പെടുന്ന പട്ടികയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിളിച്ചുചേർക്കപ്പെടുന്ന പ്രത്യേക അഗതി ഗ്രാമസഭയിലാണ് അന്തിമ അംഗീകാരം നൽകുന്നത്.

**ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

27(*147) പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആധുനികോപകരണങ്ങളുടെയും ശാസ്ത്രീയ കൃഷിമുറകളുടെയും വ്യാപനത്തിനായി പദ്ധതിയുണ്ടോ;

(സി) സംസ്ഥാനത്ത് കൃഷിയിറക്കാതെയിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിയുടെ വ്യാപ്തി കണക്കാക്കിയിട്ടുണ്ടോ; ഭൂമി തരിശിടുന്നത് നിയമം വഴി നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൃഷി ആകർഷകമാക്കിയും സുസ്ഥിര വരുമാനം ഉറപ്പാക്കിയും ഭൂമി തരിശിടുന്നത് നിരുത്സാഹപ്പെടുത്തുകയെന്ന നയം ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേരളത്തിന്റെ പ്രധാന ഭക്ഷ്യവിളയായ നെൽകൃഷി വികസനത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നെൽകൃഷിക്കായുള്ള ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. 2017-18 വർഷം 104.631 ലക്ഷം രൂപ കേന്ദ്ര വിഹിതവും 69.754 ലക്ഷം രൂപ സംസ്ഥാന വിഹിതവുമുൾപ്പെടെ ആകെ 174.385 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. പ്രദർശനത്തോട്ടങ്ങൾ, അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ വിതരണം, കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണം, പരിശീലനം മുതലായവയാണ് പദ്ധതി ഘടകങ്ങൾ. നടപ്പുവർഷം കേന്ദ്ര സർക്കാർ വിഹിതമായി 5.27 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 3.5132 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8.7832 ലക്ഷം രൂപ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്.

ലൊക്കേഷൻ സ്പെസിഫിക് സ്കീം ആന്റ് ട്രൈബൽ അഗ്രിക്കൾച്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 300 ഹെക്ടറിൽ തിനകൃഷിക്കായി ഹെക്ടറിന് 10,000 രൂപ ധനസഹായത്തോടെ 30 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 2017-18 വർഷം നടപ്പാക്കിവരുന്നു. വയനാട് പാക്കേജ് പദ്ധതി ഉൾപ്പെടെ വയനാട് ജില്ലയിലെ തിന കൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കായി 25 ലക്ഷം രൂപയുടെ പദ്ധതിയും 2017-18 വർഷം നടപ്പാക്കിവരുന്നു.

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം പദ്ധതിയധിഷ്ഠിതമായി നൂതനാശയങ്ങൾ നടപ്പാക്കുന്നതിനുള്ള സഹായം ചെയ്യുന്നുണ്ട്. പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി മുഖേന നെൽകൃഷിക്കായി ആധുനികോപകരണങ്ങളും ശാസ്ത്രീയ കൃഷിമുറകളും കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) പദ്ധതിയിലൂടെ ആധുനികോപകരണങ്ങളുടെ വ്യാപനത്തിനായി സഹായം കൃഷി വകുപ്പ് നൽകിവരുന്നുണ്ട്. ശാസ്ത്രീയ കൃഷിമുറകളുടെ വിജ്ഞാന വ്യാപനത്തിനും അവയുടെ

ഉപയോഗം കൃഷിയിടങ്ങളിൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിനുമുള്ള പരിശീലന പരിപാടികളും കർഷകർക്കുള്ള സഹായവും ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, ആത്മ പദ്ധതികളിലൂടെയും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) തരിശുഭൂമി സംബന്ധിച്ച വിവരം സംസ്ഥാന കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ട്. നെൽവയൽ തരിശിടുന്നത് നിയന്ത്രിക്കുന്നതിനായി 2017-ലെ കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ഓർഡിനൻസ് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം നെൽവയൽ തരിശിടുന്നത് ഒഴിവാക്കുന്നതിനായി ഉടമ കൃഷി ചെയ്തില്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താല്പര്യമുള്ളവരെ ഏൽപ്പിക്കുന്ന തരത്തിൽ നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

28(*148) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കേരഗ്രാമങ്ങൾ ആരംഭിച്ചുവെന്നും അതിലൂടെ കേര കൃഷിക്കുണ്ടായ നേട്ടങ്ങളും വിശദീകരിക്കുമോ;

(സി) നാളികേരത്തിന് ഉയർന്ന വില ലഭിക്കുമ്പോഴും ഉല്പാദനത്തിലുണ്ടായ ഗണ്യമായ കുറവും കൂലിച്ചെലവിലുണ്ടായ വർദ്ധനവും കേരകർഷകർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂലിച്ചെലവ് കുറയ്ക്കുന്നതിനുമായി നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ & ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു കേരഗ്രാമത്തിന് 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ എന്ന തോതിൽ 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിലിരിക്കുന്ന ഈ പദ്ധതിമൂലം ദീർഘവിളയായ കേരകൃഷിക്കുണ്ടായ നേട്ടങ്ങൾ വിലയിരുത്തുവാൻ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും എടുക്കുന്നതാണ്.

(സി) ഉണ്ട്. ഉല്പാദനം വർദ്ധിപ്പിക്കാൻ കേരഗ്രാമം പോലുള്ള പദ്ധതികളുടെ നടത്തിപ്പും കാർഷിക മേഖലയിലെ എല്ലാ കൃഷിപ്പണികൾക്കും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണത്തിലൂടെ കൃഷിപ്പണികൾ യഥാസമയം നടത്തുക, കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ സേവനദാതാക്കളുടെ സംഘങ്ങളുടെ സേവനം കാർഷിക മേഖലയിലെ തൊഴിലാളി പ്രശ്നത്തിന്മേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്. ഇത്തരം സംരംഭങ്ങളുടെ പ്രവർത്തനവും പദ്ധതികളുടെ നടത്തിപ്പും വിപുലീകരിക്കുന്നതിനും ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ തുടരുന്നതാണ്.

(ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനുംവേണ്ടി ആദ്യഘട്ടമെന്ന നിലയിൽ കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന ധനസഹായം നൽകിവരുന്നു. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള

നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ അനന്ത സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് 2016-ൽ തിരുവനന്തപുരത്ത് വച്ചും 2017-ൽ തൃശ്ശൂർ ജില്ലയിലെ വെള്ളാനിക്കര കാർഷിക യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിൽ വച്ചും ഡിസംബർ 27 മുതൽ 31 വരെ കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് Value Addition for Income Generation in Agriculture (VAIGA) എന്ന പ്രോഗ്രാം കൃഷി വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് VAIGA സംഘടിപ്പിച്ചത്. ഈ പ്രോഗ്രാമിൽ ദേശീയ തലത്തിൽ Indonasia, Thailand, Sreelanka, Singapore തുടങ്ങിയ വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ദ്ധർ നാളികേര കൃഷിയെക്കുറിച്ചും അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ സംബന്ധിച്ചും ക്ലാസുകൾ എടുക്കുകയും ദേശീയ അന്തർദ്ദേശീയ ഉല്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ സംഘടിപ്പിക്കുകയും കൂടാതെ അന്തർദേശീയ പ്രാധാന്യമുള്ള Terapack, Thaipure, Marico International തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെറുകിട സംരംഭകർക്കുള്ള വ്യവസായ സംരംഭങ്ങളെപ്പറ്റി ക്ലാസുകൾ നൽകുകയും ചെയ്തു.

(ഇ) കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് അഞ്ച് അഗ്രോ പാർക്കുകളാണ് ആദ്യ ഘട്ടമെന്ന നിലയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കുത്താളി ഫാമിലും മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ബനാന ഹണി അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവളയിലുള്ള പഴത്തോട്ടത്തിലുമാണ്. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഇത് സംബന്ധിച്ച സാധ്യതാ പഠനം നടത്തുന്നതിന് NABCON-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ണാറ അഗ്രോപാർക്കിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി വഴി 100 കോടി രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## "കാർഷിക വരുമാനത്തിലുള്ള അസ്ഥിരത"

29(*149) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിലുള്ള താങ്ങുവില പ്രഖ്യാപിക്കണമെന്ന കർഷകരുടെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്തതിനാൽ വിളവെടുപ്പുകാലത്ത് വ്യാപാരികൾ ഉല്പന്നങ്ങൾക്ക് വിലകുറച്ച് കർഷകരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാർഷികവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നത് അപ്രായോഗികമാകുന്ന എന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള ഇടപെടൽ നടത്തുമെന്ന് അറിയിക്കാമോ;

(ബി) ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് വഴി കൃഷിയിൽ വരുമാനസൃഷ്ടിക്കായി സംഘടിപ്പിച്ച 'വൈഗ'യുടെ പ്രസക്തി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാർഷിക വരുമാനത്തിലുള്ള അസ്ഥിരത പരിഹരിക്കാനും കാർഷികോല്പാദനത്തിന് പുതിയ സാങ്കേതികവിദ്യകളും പുത്തൻ അറിവുകളും വ്യാപിപ്പിക്കുന്നതിനും മൂല്യ വർദ്ധിതോല്പന്ന വ്യവസായത്തിന് വേണ്ട സാങ്കേതിക വിദ്യകളുടെയും വിപണന തന്ത്രങ്ങളുടെയും വ്യാപനത്തിനായും സർക്കാരിന്റെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് കൃഷി വകുപ്പിന്റെ ആറ് മൊത്ത വ്യാപാര വിപണികൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ വഴിയുള്ള ഇടപെടൽ, എ ഗ്രേഡ് ക്ലസ്റ്റർ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ, എക്കോ ഷോപ്പ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്ന ഓണസമൃദ്ധി, വിഷുക്കണി എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോളവിലയെക്കാൾ ഉയർന്ന വിലയ്ക്ക് ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്.

(ബി) ഉണ്ട്. കാർഷിക മൂല്യവർദ്ധന ഉല്പന്ന നിർമ്മാണത്തിലും സംസ്കരണത്തിനും നിലവിലുള്ള ടെക്നോളജികളെക്കുറിച്ച് അവ വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാനതല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിൽ ഇങ്കുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, വർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് നയം രൂപീകരിക്കുക, SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശക്തിപ്പെടുത്തുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷിമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷിക ഉല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ സംഘടിപ്പിച്ചതിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ പ്രസക്തി.

(സി) സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷിക ഉല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 5 മുതൽ 50 ലക്ഷം വരെ പദ്ധതി ചെലവ് വരുന്ന പദ്ധതിയിൽ എസ്.എഫ്.എ.സി. വഴി നടപ്പിലാക്കുന്ന സംസ്ഥാനത്തെ ഇടത്തരം കാർഷികോത്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതിയിൽ 25 ലക്ഷം മുതൽ 10 കോടി വരെ ചെലവുവരുന്ന സംരംഭങ്ങൾ സാമ്പത്തിക സഹായങ്ങൾക്കുവേണ്ടി പരിഗണിക്കുന്നു. കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചെലവാകുന്ന തുകയുടെ 50 ശതമാനം പരമാവധി 50 ലക്ഷം രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. അതുപോലെ തന്നെ കേരളത്തിലെ കാർഷികോത്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 25 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതികളാണ് സമർപ്പിക്കേണ്ടത്. ആകെ മൂലധനച്ചെലവിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു.

ഇതിനുപുറമേ വിവിധ കാർഷിക വിളകളുടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും മാംഗോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും ബനാന ഹണി പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും വെജിറ്റബിൾ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലും സ്ഥാപിക്കാനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

## ലൈഫ് മിഷന്റെ പ്രവർത്തനം

30(T*150) *ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. പി. കെ. ശശി :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലൈഫ് ഗുണഭോക്തൃ പട്ടികയിൽനിന്നും അർഹതയുള്ള ഒരാൾ പോലും വിട്ടുപോകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സേവനം എത്രമാത്രം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. മിഷൻ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും നയപരമായ കാര്യങ്ങൾക്ക് അന്തിമ രൂപം നൽകുന്നതിനും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ലൈഫ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷന്റെ യോഗം 3-1-2017, 7-2-2017, 5-4-2017, 13-7-2017 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സാങ്കേതിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി മിഷൻ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉപസമിതി 3-11-2017, 22-11-2017, 21-12-2017 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്.

ഇതിലുപരിയായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തലത്തിലും വകുപ്പ് സെക്രട്ടറി തലത്തിലും കൃത്യമായ വേളകളിൽ മിഷൻ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ട്. ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കൃത്യമായ ഇടവേളകളിൽ പ്രവർത്തന പുരോഗതി അവലോകനം നടത്തിവരുന്നു.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുകയാണ് പ്രധാനമായും അവലോകനം ചെയ്യുന്നത്. മിഷന്റെ ആദ്യഘട്ടത്തിൽ ഏറ്റവും കൂടുതൽ അവലോകനത്തിന് വിധേയമാക്കിയിട്ടുള്ളത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ്. നിലവിൽ ഗുണഭോക്താവിനെ കണ്ടെത്തുന്ന വ്യാപക സർവ്വേ പൂർത്തീകരിച്ച് രണ്ട് ഘട്ടം അപ്പീലും പൂർത്തീകരിച്ച് തദ്ദേശ സ്ഥാപനത്തിലുള്ള വാർഡ്സഭ/ഗ്രാമസഭകൾ പൂർത്തീകരിച്ച് വരികയാണ്.

മിഷന്റെ ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവും വിശദമായ അവലോകനത്തിന് വിധേയമാക്കിയിട്ടുണ്ട്. നിലവിൽ 66750 ഭവനങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇവയിൽ നാളിതുവരെ 3661 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് ഗുണഭോക്തൃ പട്ടികയിൽനിന്നും അർഹതയുള്ള ഒരാൾപോലും വിട്ടുപോകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.ഇ.സി.സി.-യിലെ ഭവനരഹിതരുടെ പട്ടിക, വിവിധ ഭവന ധനസഹായ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക, അയൽക്കൂട്ടം കണ്ടെത്തിയ ഭവനരഹിതരുടെ പട്ടിക എന്നിവയിൽനിന്ന് പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ സർവ്വേ നടത്തിയാണ് പ്രാഥമിക ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. ഇത്തരത്തിൽ 12,45,174 പേരെ സർവ്വേയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ജില്ലാതലത്തിലും അപ്പീലിന് അവസരം നൽകിയിരുന്നു. ഈ ഘട്ടത്തിൽ അർഹതയുള്ളവരെ കൂട്ടിച്ചേർക്കാനും അനർഹരെ ഒഴിവാക്കാനും അവസരമുണ്ടായിരുന്നു. ഗുണഭോക്താവിന് പുറമെ മൂന്നാമതൊരു കക്ഷിയെ ഉൾക്കൊള്ളിക്കുന്നതിനും ഒഴിവാക്കുന്നതിനും പരാതി നൽകാമായിരുന്നു. അപ്പീലിന് ശേഷം ലഭിച്ച ഗുണഭോക്തൃ പട്ടിക വാർഡ്സഭ/ഗ്രാമസഭയിൽ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. വാർഡ്സഭയിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ എന്നിവ പരിശോധിച്ച് അർഹരായവരെ സപ്ലിമെന്ററി ലിസ്റ്റായി പരിഗണിക്കുന്നതാണ്. ഇത്തരം നടപടിക്രമങ്ങളിൽകൂടി അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കാനും അനർഹരായ എല്ലാവരെയും ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ സാധ്യത പട്ടികയിലുള്ള ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ വിവരങ്ങൾ ശേഖരിക്കുകയും തുടർന്ന് ഇതിനായി തയ്യാറാക്കിയ MIS സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തു. യോഗ്യതയുള്ള ഗുണഭോക്താക്കളെ

മാത്രം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയർ തെരഞ്ഞെടുത്തു. പ്രസ്തുത പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും ആക്ഷേപം സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുകയും യോഗ്യതയുള്ളവരെ കൂട്ടിച്ചേർക്കുകയും പട്ടികയിലുള്ള യോഗ്യതയില്ലാത്തവരെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് കരട് പട്ടിക വാർഡ്സഭ/ഗ്രാമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ലഭിച്ച അപേക്ഷകൾ പരിഗണിച്ച് പട്ടിക അന്തിമമാക്കി വരികയുമാണ്. ഇത്തരത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്.

(ഡി) ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഭവനങ്ങൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചത് കുടുംബശ്രീ പ്രവർത്തകരാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി നിലവിലുള്ള ഭവനരഹിതരുടെ പട്ടികയോടൊപ്പം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കൂടി വിട്ടുപോയ ഭവനരഹിതരുടെ പട്ടിക തയ്യാറാക്കി. പ്രസ്തുത പട്ടികയിലുള്ളവരുടെ ഭവനങ്ങൾ സന്ദർശിച്ചാണ് കുടുംബശ്രീ പ്രവർത്തകർ വിവരശേഖരണം നടത്തിയത്. ഇത്തരത്തിൽ 12,45,174 ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ചു.

കുടുംബശ്രീ പ്രവർത്തകർ, കുടുംബശ്രീയുടെ ഐ.ടി. യൂണിറ്റുകളുടെ സഹായത്തോടെയാണ് എല്ലാ ഫാറങ്ങളും MIS-ൽ എന്റർ ചെയ്തത്. ഇതിനായുള്ള MIS തയ്യാറാക്കിയതും കുടുംബശ്രീ ആയിരുന്നു. ഇത്തരത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കർഷകർക്ക് ജൈവവളം

1(1516) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് ജൈവവളം വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്ന തെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളാണ് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജൈവകൃഷി പ്രോത്സാഹനത്തിനായി കർഷകരുടെ കൃഷി സ്ഥലത്ത് തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റൂറൽ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ജൈവകൃഷി പദ്ധതി പ്രകാരം ധനസഹായം നൽകുകയുണ്ടായി. 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. ഈയിനത്തിൽ 81.10 ലക്ഷം രൂപയും 101.40 ലക്ഷം രൂപയും യഥാക്രമം ചെലവഴിക്കുകയുണ്ടായി. കൂടാതെ ജൈവവള നിർമ്മാണത്തിൽ കൃഷിക്കാർക്ക് പരിശീലനം നൽകുന്നുമുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വി.എഫ്.പി.സി.കെ. മുഖേന ജൈവവളം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയ്ക്ക് 72 ലക്ഷം രൂപ (എഴുപത്തി രണ്ട് ലക്ഷം രൂപ) അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ജൈവവള ഉല്പാദനത്തിന് ലൈസൻസ് നൽകപ്പെട്ട 68 സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം 23-9-2016 മുതൽ ജൈവ-ജീവാണു വള ഉല്പാദനത്തിന് ലൈസൻസ് ആവശ്യമില്ല.

**ഫാം ടൂറിസം പദ്ധതി**

2(1517) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഫാമിന്റെ വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള ഫാം ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഫാമിനോട് അനുബന്ധിച്ച സ്ഥലത്ത് മാലിന്യ പ്ലാന്റ് തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) ഇവിടെ മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിച്ചാൽ ജില്ലയിലെ കുടിവെള്ള സ്രോതസ്സായ പെരിയാറിൽ ഉണ്ടാകാവുന്ന മാലിന്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) (1) നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിനങ്ങളുടെ 7 പ്രാഥമിക പ്രദർശനത്തോട്ടങ്ങളും 7 അനുബന്ധ പ്രദർശനത്തോട്ടങ്ങളും നിർമ്മിക്കുന്നതിലേയ്ക്കായി 11,27,000 (പതിനൊന്ന് ലക്ഷത്തി ഇരുപത്തിയേഴായിരം) രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ തോട്ടങ്ങളിലും അത്യുല്പാദനശേഷിയുള്ളതും ഗുണമേന്മയേറിയതുമായ 35 തെങ്ങിൻ തൈകൾ വീതം വെച്ചുപിടിപ്പിക്കുന്നു.

(2) വിദേശ ഇനം പഴവർഗ്ഗത്തോട്ടം നട്ടുപിടിപ്പിക്കുന്നതിന്റെ ഭാഗമായി റംബൂട്ടാൻ, ഫിലോസാൻ തുടങ്ങിയ ഗുണമേന്മയേറിയ വിദേശ പഴവർഗ്ഗങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കുന്നതിലേയ്ക്കായി 5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(3) വിവിധ ഇനം ഫലവൃക്ഷങ്ങളുടെ പുതിയ മാതൃസസ്യത്തോട്ടം തുടങ്ങുവാനും നിലനിൽക്കുന്നവ പുനരുദ്ധരിക്കുവാനും പരിപാലിക്കുവാനുമായി 6,55,000 രൂപ അനുവദിച്ചിട്ടുണ്ട്.

(4) പ്രധാനമന്ത്രി കൃഷി സിൻജായി യോജന പദ്ധതിയിൽ (PMKSY) ഉൾപ്പെടുത്തി ജില്ലാ കൃഷിത്തോട്ടം നേര്യമംഗലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനായി 2 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(5) ഔഷധ സസ്യത്തോട്ട നിർമ്മാണത്തിനായി ഒരു ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഫാമിന്റെ വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംയോജിത കൃഷി രീതിയും കൃഷി അധിഷ്ഠിത വിനോദ സഞ്ചാരവും ഈ ഫാമിൽ ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

(സി) ആരംഭിച്ചിട്ടില്ല. സംയോജിത കൃഷി രീതിയും കൃഷി അധിഷ്ഠിത വിനോദസഞ്ചാരവും നേര്യമംഗലം ജില്ലാ കൃഷി ഫാമിൽ ആരംഭിക്കുന്നതിനായി 21 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന്റെ കരട് രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) ഇല്ല. മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഫാമിന്റെ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശമുണ്ടെങ്കിലും കൃഷി ഫാമിന്റെ സ്ഥലം മറ്റാവശ്യങ്ങൾക്ക് വിട്ടുനൽകാൻ കൃഷി വകുപ്പ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) ഇല്ല.

## ജൈവ വൈപ്പിൻ പദ്ധതി

3(1518) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പുസംബന്ധിച്ച് പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ജൈവ വൈപ്പിൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ ഭാഗമായുള്ള NCESS-ന്റെ സ്റ്റാറ്റസ് റിപ്പോർട്ട് 25-1-2018-ൽ കെ.എൽ.ഡി.സി.-യിൽ ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധം I, II ആയി ചേർക്കുന്നു.*

## ഫാം ഹൗസുകളുടെ പ്രവർത്തനം

4(1519) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഫാം ഹൗസുകൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ പ്രസ്തുത ഫാം ഹൗസുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം ഫാം ഹൗസുകളിൽ ജൈവ കൃഷി നടപ്പിലാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) ജൈവ പച്ചക്കറി കൃഷി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-സി) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഫാം ഹൗസുകൾ നിലവിലില്ല.

(ഡി) നടപ്പ് സാമ്പത്തിക വർഷം 1,000 ലക്ഷം രൂപ ചെലവിൽ സമഗ്ര ജൈവകൃഷി പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(1) ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കൃഷി പ്രവർത്തനങ്ങൾ

ജൈവ ക്ലസ്റ്ററുകളിലെ കർഷകർക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ നിരക്കിലുള്ള ധനസഹായമാണ് നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം 155 ക്ലസ്റ്ററുകളാണ് പുതുതായി പ്രവർത്തനം നടത്തുന്നത്. ക്ലസ്റ്റർ പ്രവർത്തനങ്ങൾക്കായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. നിലവിൽ 2520 ഹെക്ടറിൽ 126 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷിക്കും ഊന്നൽ നൽകുന്നു. ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ 'കേരള ഓർഗാനിക്'എന്ന ബ്രാൻഡ് നാമത്തോടുകൂടി ഉപഭോക്താക്കളിൽ എത്തിക്കുന്നു.

(2) ഇക്കോഷോപ്പുകൾ

ക്ലസ്റ്ററുകൾ വഴി ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നത് ഇക്കോഷോപ്പുകൾ വഴിയാണ്. ഇതിനായി പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. ഇതിനുവേണ്ടി 300 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഇക്കോഷോപ്പുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(3) ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും നേരിട്ട് സംഭരിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 50 ലക്ഷം രൂപ ചെലവഴിച്ചു. ഇത്തരം 17 വിപണി കളാണ് പ്രവർത്തിക്കുന്നത്.

(4) ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നതിന് 123 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. അവാർഡ് തുക പ്രസ്തുത പ്രദേശങ്ങളിലെ ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും. ആയതിന്റെ ഭാഗമായി ജൈവ കൃഷിക്കും ജൈവ പച്ചക്കറി കൃഷിക്കും പ്രോത്സാഹനം നൽകിവരുന്നു.

(5) കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിന് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

## കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

5(1520) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി-പേരാമ്പ്ര മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വെളിയന്നൂർ ചല്ലിയിൽ കൃഷി വികസിപ്പിക്കുന്നതിന് ഇത് വരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

അരിക്കുളം കൃഷി ഭവൻ പരിധിയിൽ ഏകദേശം 400 ഏക്കറിലായി പരന്നുകിടക്കുന്ന വെളിയന്നൂർ ചല്ലിയിൽ 290 ഏക്കറോളം ഭൂമിയിൽ (തരിശ്) പുഞ്ചകൃഷിക്കായുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. നിലമൊരുക്കൽ ഏകദേശം പൂർത്തിയായി. വരമ്പ് പിടിക്കുന്നതിലേയ്ക്കായി 20-1-2017 മുതൽ തൊഴിലുറപ്പ് പദ്ധതിയിലുള്ള അംഗങ്ങളെ വിന്യസിപ്പിച്ചു. ആയതിനാൽ ഉമ നെൽവിത്തിനം കൃഷി ഭവൻ മുഖാന്തരം ഇറക്കിക്കൊടുക്കുകയും ഞാറ്റടി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തരിശ് നിലത്തിൽ കൃഷി ചെയ്യുന്നതിനുള്ള സബ്സിഡി 30,000 രൂപ ക്രമത്തിൽ ഹെക്ടർ ഒന്നിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം 2 കിലോമീറ്ററോളം നീളമുള്ള തോണിച്ചാൽ തോടിന്റെ പണി പാടശേഖരങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

കീഴരിയൂർ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ 20 ഏക്കർ സ്ഥലം ഈ വർഷം നെൽകൃഷി ചെയ്യാൻവേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലം ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. വിത്ത്, കുമ്മായം വിതരണം നടത്തി ഞാറ്റടി തയ്യാറാക്കി ഫെബ്രുവരി തുടക്കത്തിൽ ഞാറ് നടൽ നടത്താൻ വേണ്ട ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

കൊയിലാണ്ടി കൃഷി ഭവൻ പരിധിയിൽ 2017-18 വർഷത്തിൽ ഹരിത മിഷൻ പദ്ധതിയുടെ മിഷനായ സുജലം സുഫലം പദ്ധതിയുടെ ഭാഗമായി 100 ഏക്കർ നെൽകൃഷി ചെയ്യുന്നതിന് 'വെള്ളക്കെട്ട്' നിയന്ത്രിക്കുന്നതിനായി ബണ്ട് നവീകരിച്ച് അതുവഴി നീരൊഴുക്ക് ക്രമീകരിക്കുകയും ചെയ്തു. അധികം വെള്ളം നിയന്ത്രിക്കുന്നതിനായി തൃശ്ശൂരിൽനിന്നും പമ്പ് സെറ്റ് വാടകയ്ക്കെടുത്തു. 100 ഏക്കർ നിലം ഒരുക്കുന്നതിന് 10 ട്രാക്ടർ, കള നീക്കുന്നതിനുള്ള ട്രക്ലർ എന്നിവ തൃശ്ശൂർ RARS, കെയ്ക്കോ കോഴിക്കോട് എന്നിവിടങ്ങളിൽനിന്നും ഏർപ്പെടുത്തി.

ഏകദേശം 80 ഏക്കർ നിലം ഒരുക്കികഴിഞ്ഞു. 100 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ 3000 കിലോ നെൽവിത്ത് നാഷണൽ സീഡ്

കോർപ്പറേഷനിൽനിന്നും വാങ്ങി വിതരണം ചെയ്തു. ഞാർ തയ്യാറാക്കുന്നതിലേയ്ക്ക് നിലം ഒരുക്കുന്നതിനായി 6000 കിലോഗ്രാം കുമ്മായം ജനകീയാസൂത്രണ പദ്ധതി പ്രകാരം വിതരണം ചെയ്തു. മുനിസിപ്പാലിറ്റി ജനകീയാസൂത്രണ പദ്ധതി ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ കുമ്മായം നൽകുന്നതിന് അനുവദിച്ചു. സബ്സിഡി ഇനത്തിൽ വളം നൽകുന്നതിനായി ജനകീയാസൂത്രണ പ്രോജക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പക്ഷി ആക്രമണം തടയുന്നതിനായി ആത്മ പ്രദർശനത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 12,000 രൂപയുടെ മെറ്റാലിക് റിബൺ കാർഷിക സർവ്വകലാശാലയിൽ ഓർഡർ നൽകിയിട്ടുണ്ട്. മൂഴിക്കു മീത്തൽ ഭാഗത്ത് ഞാറ് പറിച്ച് നടീൽ ആരംഭിച്ചു.

2017-18-ലെ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ വെളിയന്നൂർ ചല്ലി അടിസ്ഥാന സൗകര്യ വികസനത്തിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന് കൃഷി അനുബന്ധ മേഖലകൾ നൽകിയ സംഭാവന

6(1521) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന് കൃഷിയും അനുബന്ധ മേഖലകളും നൽകിയ സംഭാവന ശതമാനക്കണക്കിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന് കൃഷിയും അനുബന്ധ മേഖലകളും നൽകുന്ന സംഭാവന കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന് കൃഷിയും അനുബന്ധ മേഖലകളും നൽകിയ സംഭാവന സംബന്ധിച്ച ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന് കൃഷിയും അനുബന്ധ മേഖലയും നൽകിയ സംഭാവന (%) |
|---|---|
| (1) | (2) |
| 2011-12 | 14.39 |
| 2012-13 | 13.77 |

| (1) | (2) |
|---|---|
| 2013-14 | 12.37 |
| 2014-15 | 11.49 (പ്രൊവിഷണൽ) |
| 2015-16 | 10.39 (ക്വിക്ക് എസ്റ്റിമേറ്റ്) |
| 2016-17 | പ്രസിദ്ധപ്പെടുത്തിയിട്ടില്ല |
| (അടിസ്ഥാന വർഷം 2011-12 സ്ഥിരവിലകൾ പ്രകാരം) | |

(ബി) ഉണ്ട്. സംസ്ഥാനത്തെ കാർഷിക രംഗം അഭിവൃദ്ധിപ്പെടുത്തി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ സംഭാവന വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് വിവിധ വിള ഉത്പാദന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## കയ്പാട് കൃഷി

7(1522) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 1023 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ പുരോഗതിയും വിശദാംശവും നൽകാമോ?

<u>ഉത്തരം</u>

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും 1023.51 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പ്രവൃത്തികളായി തിരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജൈവകൃഷി വ്യാപനം

8(1523) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നല്കുന്ന സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 2015-16 സാമ്പത്തിക വർഷം മുതൽ സമഗ്രജൈവ കൃഷി പദ്ധതി നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സമഗ്ര ജൈവകൃഷി പദ്ധതിക്കായി 1,000 ലക്ഷം രൂപ വകകൊള്ളിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

കൃഷിഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തിവരുന്നു. നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

2. ഇക്കോഷോപ്പുകൾ

ജൈവ കർഷകരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 65 ഇക്കോഷോപ്പുകൾ നിലവിലുണ്ട്. നടപ്പ് സാമ്പത്തിക വർഷം 150 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20 ശതമാനം അധിക വില ഇക്കോഷോപ്പുകൾവഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക് " എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂന്ന് നിയോജക മണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാനതലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ ജൈവ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലയിൽ കാർഷിക ഉല്പന്നങ്ങൾക്ക് പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിന് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

6. കുട്ടനാട് ജി.എ.പി.- കുട്ടനാട്ടിലെ സുസ്ഥിര കൃഷി

കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നത് ഉദ്ദേശിച്ചുള്ള പദ്ധതിയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കുട്ടനാട്ടിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42000 ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ഐ.സി.എസ്. ജൈവ സർട്ടിഫിക്കേഷനോടുകൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2014-15 മുതൽ സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സഹായം നൽകിവരുന്നു. കൂടാതെ ജൈവസർട്ടിഫിക്കേഷനുവേണ്ടി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ധനസഹായം നൽകുന്നുണ്ട്. ദേശീയ സുസ്ഥിര കാർഷിക മിഷന്റെ ഘടകമായ പരമ്പരാഗത് -കൃഷി വികാസ് യോജന പദ്ധതി പ്രകാരം കർഷക കൂട്ടായ്മകളുടെ പങ്കാളിത്തത്തോടുകൂടി പി.ജി.എസ്. സർട്ടിഫിക്കേഷനോടുകൂടി ജൈവ കൃഷി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നു.

**'കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കാൻ സംവിധാനം'**

9(1524) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുവളപ്പിലും പുരയിടങ്ങളിലും ചെറുകിട കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ബി) ഇവർക്ക് ന്യായമായ വില ഉറപ്പുവരുത്തിയാൽ കൂടുതൽ പേർ ഈ രംഗത്തേക്ക് കടന്നു വരികയും തന്മൂലം കാർഷികോത്പന്നങ്ങളുടെ ഇറക്കുമതിയിൽ ഗണ്യമായ കുറവ് വരികയും ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഒരുക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) കൃഷി വകുപ്പും കുടുംബശ്രീയുമായി ചേർന്നുള്ള ഗ്രാമീണ ആഴ്ച ചന്തകൾ, ഇക്കോഷോപ്പ് എന്നീ പദ്ധതികൾ മുഖേന വീട്ടുവളപ്പിലും പുരയിടങ്ങളിലും ചെറുകിട കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കുന്നതിനുള്ള വിപണി സംവിധാനം നിലവിൽ നടപ്പാക്കിവരുന്നു. മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കർഷകമിത്ര പദ്ധതിയും നടപ്പിലാക്കുന്നതാണ്.

**ഓണാട്ടുകര വികസന ഏജൻസിക്ക് പ്രത്യേക ഫണ്ട്**

10(1525) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസിയുടെ സഹായത്തോടെ ഏതെല്ലാം പുതിയ പദ്ധതികളാണ് ഹരിപ്പാട് മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ബണ്ടുകളുടെ നിർമ്മാണം, ബലപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കുമായി ഓണാട്ടുകര വികസന ഏജൻസിക്ക് പ്രത്യേക ഫണ്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തി ഓണാട്ടുകര മേഖലയിൽ ഹരിപ്പാട് മണ്ഡലത്തിൽ രണ്ട് അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഹരിപ്പാട് പഞ്ചായത്തിലെ പറമ്പിക്കേരി 'എ' ബ്ലോക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ-ഭരണാനുമതി തുക-40.43 ലക്ഷം രൂപ

2. ഹരിപ്പാട് പഞ്ചായത്തിലെ നക്രതായങ്കരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ - ഭരണാനുമതി തുക – 41.60 ലക്ഷം രൂപ

സംസ്ഥാനാവിഷ്കൃത പദ്ധതികളായ നെൽകൃഷി, എള്ള് കൃഷി, പയർ കൃഷി മുതലായവയുടെ ഗുണഫലങ്ങൾ പരമാവധി കിട്ടത്തക്കവണ്ണം ഓണാട്ടുകര വികസന ഏജൻസി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ 2355 ഹെക്ടർ പുഞ്ച കൃഷിക്ക് സുസ്ഥിര നെൽകൃഷി വികസനത്തിന്റെ ആനുകൂല്യം ലഭിക്കും.

(ബി) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ടിൽ 32.5 ലക്ഷം രൂപ ഓണാട്ടുകര വികസന ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രത്യേക കാർഷിക മേഖല പദ്ധതിയിൽ ഓണാട്ടുകര ഉൾപ്പെട്ടിട്ടുണ്ട്.

സമഗ്ര നെൽകൃഷി വികസനം, പ്രത്യേക കാർഷിക മേഖല പദ്ധതി, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ഓണാട്ടുകര വികസന ഏജൻസി വഴി ക്രോഡീകരിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്.

### എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

11(1526) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ & ബി) കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

### ജൈവകാർഷിക നയം

12(1527) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ജൈവകാർഷിക നയം രൂപീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നയത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് 'മെയ്ഡ് ഇൻ കേരള ബ്രാന്റ്' എന്ന നാമം കൊണ്ടു വന്നിട്ടുണ്ടോ; അതിലൂടെ കർഷകർക്കുണ്ടായിട്ടുള്ള നേട്ടം എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 10-2-2010-ലെ സ.ഉ.(പി) നമ്പർ 39/2010/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയമാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത നയത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ചുവടെ വിവരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.

2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉല്പാദനക്ഷമതയും ഉയർത്തുക, ജലം-മണ്ണ് സംരക്ഷണം ഉറപ്പുവരുത്തുക.

3. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ, പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോല്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

4. കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉല്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷ മുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ് വരുത്തുക, ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.

5. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉല്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.

6. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് ജൈവകൃഷി നയത്തിന്റെ ലക്ഷ്യങ്ങൾ.

7. അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച്, കൃഷിയോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേയ്ക്ക് പരിവർത്തനം ചെയ്ത് ഘട്ടംഘട്ടമായി അഞ്ച് വർഷം മുതൽ 10 വർഷംകൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക.

(സി) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾക്ക് മെയ്ഡ് ഇൻ കേരള ബ്രാന്റ് എന്ന നാമം കൊണ്ടുവന്നിട്ടില്ല. എന്നാൽ കേരള ഓർഗാനിക് എന്ന പേരിൽ നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ പ്രത്യേകം പാക്ക് ചെയ്ത് കേരള ഓർഗാനിക് എന്ന ലേബലോടുകൂടി ജൈവകൃഷി പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നുണ്ട്.

## ആരോഗ്യമുള്ള വിത്തുകൾ നൽകുന്നതിന് നടപടി

13(1528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷി ഉൾപ്പെടെ എല്ലാത്തരം കൃഷിക്കും 'നല്ല വിളവുകൾ' ലഭിക്കുന്നതിനായി ആരോഗ്യമുള്ള വിത്തുകൾ കൃഷി വകുപ്പു മുഖേന നേരിട്ട് കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തും നടീൽ വസ്തുക്കളും കർഷകർക്ക് നേരിട്ട് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുമുള്ള നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, നാഷണൽ സീഡ്സ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന കർഷകർക്ക് നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ച് സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ചെട്ടിപ്പാടം പാടശേഖരം കൃഷിയോഗ്യമാക്കാൻ നടപടി

14(1529) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ വർഷങ്ങളോളം കൃഷിചെയ്തിരുന്ന മൂന്ന് ഏക്കറോളം വരുന്ന ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷിചെയ്യുവാനായി പെട്ടിയും പറയും സ്ഥാപിക്കാൻ കൊച്ചി കോർപ്പറേഷൻ അംഗീകാരം നൽകിയ മൂന്ന് ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ചെട്ടിപ്പാടം പാടശേഖരം സമിതിയുടെ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പാടശേഖരത്തിലെ ഭൂമി ആരുടെയെല്ലാം കൈവശമാണെന്ന് വ്യക്തമാക്കുന്ന ഭൂവുടമകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പാടശേഖരം എന്നത്തേക്ക് കൃഷിയോഗ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊച്ചി നഗരസഭ 2017-18 ജനകീയാസൂത്രണ പദ്ധതിയിൽ ഉല്പാദന മേഖലയിൽ ചെട്ടിപ്പാടം പാടശേഖരത്തിൽ പെട്ടിയും പറയും സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ടി തുക കുറവായതിനാൽ 3 ലക്ഷം രൂപ കൂടി വകയിരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ ആവശ്യപ്പെട്ടതിനാൽ ടി തുക വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

(ഡി) ഭൂവുടമകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പെട്ടിയും പറയും 2018 മാർച്ച് 31-ന് മുമ്പ് സ്ഥാപിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പെട്ടിയും പറയും സ്ഥാപിക്കുന്ന മുറയ്ക്ക് കൃഷിപ്പണികൾ ആരംഭിക്കാവുന്നതാണ്.

## ഇൻസ്റ്റന്റ് കോഫി പ്ലാന്റ്

15(1530) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുടെ കമ്പനിവൽക്കരണത്തിന് ബദലായി സഹകരണ കൃഷിനയം രൂപീകരിച്ച് കർഷകർക്ക് പ്രയോജനകരമാകുന്ന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വയനാട് ജില്ലയിൽ ഇൻസ്റ്റന്റ് കോഫി പ്ലാന്റ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ച കാർഷിക നയത്തിലെ ഖണ്ഡിക 34.9 നയം 262 പ്രകാരം പുതുതലമുറ സഹകരണ സ്ഥാപനങ്ങളും കർഷക ഉല്പാദക സംഘങ്ങളും ഉല്പാദകരെയും സംരംഭകരെയും ഒരുപോലെ ബന്ധിപ്പിക്കുന്നതിനാൽ അർപ്പണ മനോഭാവം വളർത്തുന്നതിനും ഉടമ്പടികൾ സാധ്യമാക്കുന്നതിനും വളരെയേറെ അനുയോജ്യമാണെന്ന് ശിപാർശ നടത്തിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിച്ചുവരുന്നു.

## നെൽകൃഷിയുടെ വ്യാപനം

16(1531) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി 2016 വരെ എത്ര ഏക്കർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നുവെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവിടെ നെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടി സ്വീകരിയ്ക്കാനായെന്ന് വിശദമാക്കാമോ;

(സി) 2017-ൽ എത്ര ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കാനായെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട മണ്ഡലത്തിൽ ആകെ 9.883 ഏക്കർ സ്ഥലത്താണ് നെൽകൃഷിയുള്ളത്:

| | |
|---|---|
| മലയിൻകീഴ് | 2.718 ഏക്കർ |
| പള്ളിച്ചൽ | 0.988 ഏക്കർ |
| വിളപ്പിൽ | 1.235 ഏക്കർ |
| മാറനല്ലൂർ | 2.471 ഏക്കർ |
| വിളവൂർക്കൽ | 2.471 ഏക്കർ |
| ആകെ | 9.883 ഏക്കർ |

(ബി) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെയും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെയും നെൽകൃഷി വ്യാപനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടാക്കട മണ്ഡലത്തിൽ 3.212 ഏക്കർ സ്ഥലത്താണ് പുതുതായി നെൽകൃഷി ആരംഭിക്കാനായത്:

| | |
|---|---|
| മലയിൻകീഴ് | 0.988 ഏക്കർ |
| മാറനല്ലൂർ | 1.235 ഏക്കർ |
| കാട്ടാക്കട | 0.988 ഏക്കർ |

**ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവ്**

17(1532) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവ് ക്രമാതീതമായി കുറഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ ഉല്പാദനത്തെ സംബന്ധിച്ച് അന്തിമ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല.

(ബി) ഇല്ല.

(സി) പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, ചെറുധാന്യങ്ങൾ, വാഴ എന്നീ വിളകളുടെ കൃഷിയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി വിവിധ ഘടകങ്ങളോടുകൂടി നെൽകൃഷി വികസന പദ്ധതിയും പച്ചക്കറി വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം നെൽകൃഷിക്കായി 70 കോടി രൂപയും പച്ചക്കറി കൃഷിക്കായി 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**തരിശുസ്ഥലങ്ങളിലെ കൃഷി**

18(1533) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുസ്ഥലങ്ങളിൽ കൃഷി ഇറക്കുന്ന കർഷകർക്കായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും പ്രത്യേക സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തരിശുനിലങ്ങളിൽ കൃഷിയിറക്കുന്ന കർഷകർക്ക് തുടർച്ചയായ 3 വർഷവും ആനുകൂല്യം നൽകിവരുന്നു. കർഷകനും ഭൂവുടമയ്ക്കും ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ധനസഹായം നൽകുന്നത്.

തരിശ് ഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ഒരു ഹെക്ടർ തരിശുഭൂമി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകും. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയും നൽകും. 2017-18-ലെ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശായി കിടക്കുന്ന 1000 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്ന് വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ അടിസ്ഥാന സൗകര്യം ആവശ്യമുള്ളയിടങ്ങളിലും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും നടപടി സ്വീകരിക്കുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതിനുപുറമെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്.

## ഓഖി ദുരന്തവും കൃഷിനാശവും

19(1534) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ്മൂലം കാർഷികമേഖലയിലുണ്ടായ ദുരന്തവും കൃഷിനാശവും സംബന്ധിച്ച് കൃഷി വകുപ്പിന്റെ വിലയിരുത്തൽ വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ഏതെല്ലാം കാർഷിക വിളകളിൽ നഷ്ടമുണ്ടായിയെന്നും എത്ര കർഷകരെ ബാധിച്ചു എന്നും വകുപ്പ് കണക്കാക്കിയ നഷ്ടം എത്ര എന്നും ഇത് കാർഷികമേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചുയെന്നുമുള്ള വകുപ്പിന്റെ നിരീക്ഷണങ്ങൾ എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) ഇവരെ സഹായിക്കാനായി എത്ര തുകയുടെ എന്തെല്ലാം കേന്ദ്ര സഹായം അഭ്യർത്ഥിച്ചു എന്നും എന്തു ലഭിച്ചു എന്നും വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൃഷി വകുപ്പ് ആവശ്യപ്പെട്ട കേന്ദ്ര സഹായം ലഭ്യമായില്ലെങ്കിലും ദുരന്തത്തിന് വിധേയരായ കർഷകരെ സഹായിക്കാനായി വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റുമൂലം കാർഷിക മേഖലയിൽ വളരെയധികം കൃഷിനാശം ഉണ്ടായി. 14.07 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമെ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ തീരപ്രദേശത്തിനകത്തേയ്ക്ക് വ്യാപകമായി കടൽവെള്ളം കയറിയതിനെ തുടർന്ന് കാർഷിക വിളകൾക്ക് ദൂരവ്യാപകമായ നഷ്ടം ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓഖി ദുരന്തത്തിൽ കൃഷിനാശം ഉണ്ടായവരെ സഹായിക്കാനായി 10.75 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചു.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഷിക വിളകൾ ഇൻഷ്വർ ചെയ്ത കർഷകരിൽ ഓഖി ചുഴലിക്കാറ്റുമൂലം കൃഷിനാശം സംഭവിച്ചവർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകിവരുന്നുണ്ട്.

## നാണ്യ വിളകളുടെ വിലയിടിവ്

20(1535) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലയിടിവുമൂലം കാർഷിക മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുതടയുന്നതിനും ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകനെ സഹായിക്കുന്നതിനും എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാണ്യവിളകളുടെ ഇറക്കുമതി നയങ്ങൾ പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ നാണ്യവിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാറ്റുവീഴ്ച രോഗം വ്യാപകമാകുന്നത് തടയാൻ നടപടി

21(1536) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളിൽ കാറ്റുവീഴ്ച രോഗം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കാറ്റുവീഴ്ച രോഗം വ്യാപകമാകുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത രോഗം വ്യാപകമാകുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂരിനപ്പുറമുള്ള തെക്കൻ ജില്ലകളിൽ മാത്രമാണ് ഇപ്പോൾ കാറ്റുവീഴ്ച കണ്ടുവരുന്നത്. കൂടുതൽ വ്യാപിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളിൽ കാറ്റുവീഴ്ച രോഗം വ്യാപകമാകുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങുകളുടെ വേരുകൾ മുക്കാൽ ഭാഗവും നശിച്ചുപോകുന്നതായും വേരുകളുടെ എണ്ണത്തിൽ സാധാരണയിൽ നിന്ന് പത്തിരട്ടി കുറവുള്ളതായും രോഗം പുറമേ പ്രകടമാക്കുന്നതിന് മുമ്പുതന്നെ വേരുകൾ നശിച്ചുതുടങ്ങുന്നതായും കണ്ടു. ഇതിനുള്ള കാരണങ്ങൾ പഠിച്ചുവരുന്നു. മണ്ണിലുള്ള നിമാവിരകൾ ഇതിന് കാരണമാകുന്നില്ലെന്ന് പഠനത്തിൽ തെളിഞ്ഞു. ഫൈറ്റോപ്ലാസ്മ (MLO) എന്ന ഒരു ഏകകോശ ജീവിയാണ് കാരണം എന്നാണ് മറ്റൊരു നിഗമനം. നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ വഴിയാണ് ഇവ പരക്കുന്നത്.

(സി) തെങ്ങിന്റെ ആരോഗ്യം മെച്ചപ്പെടുത്തി കാറ്റുവീഴ്ചയെ പ്രതിരോധിക്കാനുള്ള സാധ്യതകൾ പഠിച്ചുവരുന്നു. ധാരാളം പച്ചില വളങ്ങൾ പ്രത്യേകിച്ച് പയർ, അഗത്തി എന്നിവ തോട്ടങ്ങളിൽ വളർത്തി തെങ്ങിൻ തടത്തിൽ ഇട്ടുകൊടുക്കുകയും യഥാസമയം സന്തുലിത വളപ്രയോഗം ചെയ്യുകയും ചെയ്താൽ രോഗത്തിന്റെ രൂക്ഷത കാര്യമായി കുറയുന്നുണ്ട്. മഞ്ഞളിപ്പ് കാണുന്നവയ്ക്ക് തെങ്ങ് ഒന്നിന് 500 ഗ്രാം വീതം മെഗ്നീഷ്യം സൾഫേറ്റ് കൊടുക്കുന്നതുവഴിയും വേനൽക്കാലങ്ങളിൽ നന്നായി നനയ്ക്കുന്നത് വഴിയും ഇതിന്റെ രൂക്ഷത കുറയ്ക്കാൻ സാധിക്കും. കാറ്റുവീഴ്ച ബാധിച്ച പ്രദേശങ്ങളിൽനിന്ന് വിത്തുതേങ്ങ, തെങ്ങിൻ തൈകൾ എന്നിവ എടുക്കാതിരിക്കുന്നത് നല്ലതാണ്.

രൂക്ഷമായ കാറ്റുവീഴ്ച രോഗമുള്ള തെങ്ങിൻ തോപ്പുകളിൽ കാണുന്ന രോഗബാധയെ അതിജീവിക്കാൻ ശക്തിയുള്ള തെങ്ങുകളെ (Elite Palm) തെരഞ്ഞെടുത്ത് ഇതിൽനിന്നും വിത്തുതേങ്ങ ശേഖരിച്ച് തൈ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

പ്രതിരോധ ശേഷിയുള്ള ഇനങ്ങൾക്കായുള്ള ഗവേഷണം തുടരുന്നു. ചാവക്കാടൻ കുള്ളൻ (പച്ച)(CGD) എന്ന ഇനത്തിന് താരതമ്യേന പ്രതിരോധ ശേഷിയുണ്ട്. CGD-യിൽ നിന്ന് തെരഞ്ഞെടുത്ത കല്പശ്രീ, കല്പരക്ഷ എന്നീ ഇനങ്ങളിൽ വീട്ടുവളപ്പിൽ നടുവാൻ കായകുളം (CPCRI) കേന്ദ്രം പുറത്തിറക്കിയിട്ടുണ്ട്.

വർഷത്തിൽ 10 തേങ്ങപോലും ലഭ്യമല്ലാത്ത പ്രായമായ തെങ്ങുകൾ വെട്ടിമാറ്റി പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ വെച്ചുപിടിപ്പിക്കുന്നത് ഈ രോഗം വ്യാപകമാകുന്നത് തടയാൻ ഒരു പരിധിവരെ ഉപകരിക്കുന്നു.

## നെല്ല് ഉല്പാദനത്തിലുണ്ടായ കുറവ്

22(1537) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നിട്ട അഞ്ചുവർഷത്തിനിടയ്ക്ക് ഏറ്റവും കുറഞ്ഞ നെല്ല് ഉൽപ്പാദനമാണ് കഴിഞ്ഞ വർഷമുണ്ടായിട്ടുള്ളതെന്ന് ഇതുസംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നുണ്ടോ;

(ബി) എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ കുറവാണ് നെല്ലുൽപ്പാദനത്തിൽ കഴിഞ്ഞ വർഷമുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കൂടാതെ വരുംവർഷങ്ങളിൽ നെല്ലുൽപ്പാദനത്തിൽ വർധനവുണ്ടാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും അതികഠിനമായ വരൾച്ചമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് ഏറ്റവും കുറഞ്ഞ നെല്ലുല്പാദനം 2016-17 വർഷത്തിലാണുണ്ടായത്.

(ബി) 2015-16-ലെ ഉല്പാദനത്തെക്കാൾ 20.53% കുറവാണ് ഉണ്ടായിട്ടുള്ളത്.

(സി) കഠിനമായ വരൾച്ചമൂലം നെൽകൃഷി വിസ്തൃതിയിലുണ്ടായ വ്യതിയാനമാണ് ഉല്പാദനം കുറഞ്ഞതിന് പ്രധാന കാരണം. 2016-17-ൽ വിസ്തൃതിയിൽക്കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിളയ്ക്കും തുടർന്നുമുണ്ടായ രൂക്ഷമായ വരൾച്ചമൂലമായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക് ബാധിച്ച് നഷ്ടപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമെ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു.

(ഡി) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം നിലവിലുള്ള നെൽകൃഷി നിലനിർത്തുന്നതിനൊപ്പം ഈ പഞ്ചവത്സര പദ്ധതിക്കാലംകൊണ്ട് വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നാണ്. നെൽകൃഷി വിസ്തൃതി കൂട്ടുകയും കൂടുതൽ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുകയും കരനെൽകൃഷി പ്രോത്സാഹിപ്പിക്കുകയും ഒരുപ്പൂ ചെയ്യുന്ന സ്ഥലങ്ങൾ ഇരുപ്പൂ കൃഷി ചെയ്യിക്കുകയും അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുകയും ചെയ്യുക വഴി ഭക്ഷ്യ ധാന്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവും നിരന്തരമായ ഇടപെടലുകളും നടത്തുന്നുണ്ട്. നെല്ലിന്റെ ഉല്പാദനം കുറഞ്ഞുവെങ്കിലും ഉൽപ്പാദനക്ഷമത 1974-75-ൽ ഹെക്ടറിന് 1.51 ടൺ അരി ആയിരുന്നത് 2016-17 ആയപ്പോഴേയ്ക്കും 2.79 ടൺ അരിയായി വർദ്ധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

## വൈറ്റിലയിലെ നെല്ല് ഗവേഷണ കേന്ദ്രത്തിലെ വിത്തുല്പാദനം

23(1538) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് വൈറ്റിലയിൽ പ്രവർത്തിക്കുന്ന നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നും കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച നെൽവിത്തിന്റെ അളവ് വ്യക്തമാക്കാമോ;

(ബി) ഗവേഷണ കേന്ദ്രത്തിന്റെ ഫാമിന് നടുവിലൂടെ കടന്ന് പോകുന്ന കൊച്ചിൻ കോർപ്പറേഷന്റെ കാനയിൽ നിന്നുള്ള മലിനജലവും മാലിന്യങ്ങളും പ്ലാസ്റ്റിക്കും കൃഷിയിടങ്ങളിൽ കലർന്ന് ഇവിടത്തെ നെൽകൃഷിയും മത്സ്യകൃഷിയും നിലച്ചിരിക്കുന്ന സാഹചര്യം ഒഴിവാക്കി ഇവിടെ കൃഷി പുനരാരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഉല്പാദിപ്പിച്ച നെൽവിത്തിന്റെ അളവ് താഴെ കൊടുത്തിരിക്കുന്നു:

പട്ടിക: നെൽ വിത്തുല്പാദനം (2 ഹെക്ടർ സ്ഥലത്തുനിന്നും)

| വർഷം | ഉല്പാദനം |
|---|---|
| 1 | 2 |
| 2013-14 | 3353 കി. ഗ്രാം |
| 2014-15 | 5464 കി. ഗ്രാം |
| 2015-16 | 3141 കി. ഗ്രാം |

| | |
|---|---|
| 2016-17 | 5676 കി. ഗ്രാം |
| 2017-18 | 3485 കി. ഗ്രാം |

(ബി) വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ മദ്ധ്യ ഭാഗത്തുകൂടി കടന്നുപോകുന്ന കൊച്ചി കോർപ്പറേഷന്റെ കനാലിൽനിന്നും മലിനജലവും പ്ലാസ്റ്റിക് മാലിന്യങ്ങളും കൃഷി സ്ഥലത്തേയ്ക്കും മീൻ കുളങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് ഈ കേന്ദ്രത്തിലെ ഗവേഷണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. മേൽപ്പറഞ്ഞ മലിനജലം ഒഴുകുന്ന തോട്ടുവഴി തിരിച്ച് കിഴക്കുഭാഗത്ത് റോഡിനോട് ചേർന്ന് പൊതുകനാലിലേയ്ക്ക് യോജിപ്പിക്കുന്നതിന് ധാരണയായിട്ടുണ്ട്. ആയതിനുള്ള പ്രാരംഭ നടപടികൾ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്.

**കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യജീവികളെ അകറ്റാൻ നടപടി**

24(1539) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറങ്ങളിലെ കൃഷി സ്ഥലങ്ങളിൽ പോലും കാട്ടുപന്നി, മുള്ളൻ പന്നി, മയിൽ, കുരങ്ങ്, മല അണ്ണാൻ എന്നീ വന്യജീവികൾ കൂട്ടത്തോടെ ഇറങ്ങി നെല്ല്, കിഴങ്ങുവർഗ്ഗ കൃഷികൾ തുടങ്ങിയവ വ്യാപകമായി നശിപ്പിക്കുന്നത്മൂലം കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ കാർഷിക വിളകൾ നശിപ്പിക്കുന്നതിൽനിന്നും വന്യജീവികളെ അകറ്റുന്നതിന് ആവശ്യമായ പ്രതിവിധികൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടി ഇതേവരെ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രോണിക് സെൻസർ ഉപയോഗിച്ച് വന്യജീവികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനും ഇലക്ട്രോണിക് വേലി നിർമ്മിച്ച് അവയെ അകറ്റി നിർത്തുക, കിടങ്ങുകൾ നിർമ്മിക്കുക എന്നിവയാണ് ചെയ്തുവരുന്നത്.

(ബി & സി) കാർഷിക വിളകൾ നശിപ്പിക്കുന്നതിൽ നിന്ന് വന്യജീവികളെ അകറ്റുന്നതിന് ആവശ്യമായ പ്രതിവിധികൾ കണ്ടെത്തുന്നതിന് കൃഷി വകുപ്പിന്റെ വിള ആരോഗ്യപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു

വരുന്നു. തേനീച്ചകളെ ഉപയോഗിച്ച് വനാതിർത്തികളിൽ ജൈവവേലി ഏർപ്പെടുത്തി കാട്ടാനകളെ അകറ്റുന്നതിനുള്ള പദ്ധതി വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിയിടങ്ങളിൽ ആനകളുടെ സാന്നിധ്യം വളരെ നേരത്തേതന്നെ മനസ്സിലാക്കുന്നതിനും അതനുസരിച്ച് കർഷകർക്ക് വിവരം നൽകുന്നതിനുമാവശ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരു പദ്ധതി കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൃഷിയിടങ്ങളിൽ കാട്ടുപന്നി, മുള്ളൻപന്നി, മാൻ, കുരങ്ങ്, മയിൽ തുടങ്ങിയ ജീവികളുടെ കടന്നുകയറ്റംമൂലമുള്ള കൃഷിനാശം തടയുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇലക്ട്രോണിക് സെൻസറുകൾ ഉപയോഗിച്ച് വന്യജീവികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനും ഇലക്ട്രോണിക് വീചികൾ ഉപയോഗിച്ച് അകറ്റി നിർത്തുന്നതിനുമാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

### കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

25(1540) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയിലും പ്രകൃതിക്ഷോഭത്തിലുംപെട്ട് കൃഷി നാശം സംഭവിച്ച കർഷകർക്ക് ഏതു വർഷം വരെയുള്ള നഷ്ടപരിഹാരമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളായി ഓരോ ജില്ലകളിലും എത്ര രൂപ വീതമാണ് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരം യഥാസമയം നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇനിയും നൽകാനുള്ള കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ചയും പ്രകൃതിക്ഷോഭവുംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2015-16 സാമ്പത്തിക വർഷം 2549.56 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം 3685.58 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് കൃഷിനാശം ഉണ്ടാകുന്ന മുറയ്ക്ക് ഉടൻതന്നെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളായി ഓരോ ജില്ലകളിലും വിതരണം ചെയ്ത തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വർഷം | |
|---|---|---|
| | 2015-16 (ലക്ഷം രൂപ) | 2016-17 (ലക്ഷം രൂപ) |
| തിരുവനന്തപുരം | 216 | 680 |
| കൊല്ലം | 50 | 50.126 |
| പത്തനംതിട്ട | 2.83 | 0.01307 |
| ആലപ്പുഴ | 205 | 278 |
| കോട്ടയം | 74.7 | 87.99 |
| ഇടുക്കി | 25 | 390 |
| എറണാകുളം | 250 | 357.5 |
| തൃശ്ശൂർ | 148.58 | 0 |
| പാലക്കാട് | 0 | 17.9208 |
| മലപ്പുറം | 0 | 446 |
| കോഴിക്കോട് | 75 | 762.7 |
| വയനാട് | 1367.5 | 468.4 |
| കണ്ണൂർ | 84.95 | 121.93 |
| കാസർഗോഡ് | 50 | 25 |
| ആകെ | 2549.56 | 3685.58 |

(സി) കൃഷിനാശം സംഭവിച്ചാൽ കർഷകരിൽനിന്നും 5 ദിവസത്തിനകം അപേക്ഷ സ്വീകരിച്ച് സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തുകയും ആയതുപ്രകാരം ക്ലെയിം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തുവരുന്നു. ധനസഹായത്തിനുള്ള ക്ലെയിമുകൾ അംഗീകാരത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുമായി യഥാസമയം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ആയവയിലേക്ക് ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മതിയായ ഫണ്ട് ലഭ്യമാകാത്തതും 33 ശതമാനവും അതിലധികവും കൃഷിനാശം സംഭവിച്ച എല്ലാ കൃഷിക്കാരെയും

ഉൾപ്പെടുത്തിയിട്ടുണ്ടെന്ന സാക്ഷ്യപത്രം സഹിതം ക്ലെയിം പുനർസമർപ്പിക്കാൻ കളക്ടർ നിർദ്ദേശിച്ചതും നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് കാലതാമസമുണ്ടായത്.

(ഡി) കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിനായി ഉപധനാഭ്യർത്ഥനവഴി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

26(1541) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റുമൂലം കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഈയിനത്തിൽ എത്ര രൂപയാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള സഹായധനം ഇനിയും വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എന്നേയ്ക്ക് വിതരണം ചെയ്തു തീർക്കാനാകും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ചുഴലിക്കാറ്റുമൂലം കൃഷിനശിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പാറശ്ശാല, കുളത്തൂർ, ഒറ്റശേഖരമംഗലം, കൊല്ലയിൽ, വെള്ളറട, കള്ളിക്കാട്, പെരുമ്പഴുതൂർ എന്നീ കൃഷിഭവൻ പരിധിയിൽപ്പെടുന്ന കർഷകർക്ക് 14,04,250 രൂപ നൽകിയിട്ടുണ്ട്.

(ബി) 2014-15 വർഷത്തെ പ്രകൃതിക്ഷോഭത്തിന്റെ തുക മാത്രമേ വിതരണം ചെയ്യുവാൻ ബാക്കിയുള്ളൂ. ടി വർഷം എസ്.ഡി.ആർ.എഫ്. തുക ലഭിച്ചിരുന്നില്ല. ഈ വർഷം ലഭ്യമായ തുകയിൽനിന്നും 2014-15 വർഷത്തെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### കുട്ടനാട് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്താൻ നടപടി

27(1542) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിലെ 13 പഞ്ചായത്തുകളിലെ 415 പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തിയാലേ കൃഷി സുഗമമായി നടപ്പിലാക്കാൻ സാധ്യമാകുകയുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുറം ബണ്ട് ബലപ്പെടുത്തുന്നതിനായി മൈനർ ഇറിഗേഷൻ ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തികൾക്ക് അംഗീകാരം കൊടുത്ത് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി പ്രകാരം നടപ്പാക്കാൻ സ്ഥലം എം. എൽ. എ. വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; പദ്ധതി അടിയന്തരമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.കെ.വി.വൈ. നിയമാവലിക്ക് അനുസൃതമായി തയ്യാറാക്കുന്ന ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. എം.എൽ.എ. നൽകിയ നിവേദനം പരിശോധിച്ച് RIDF-ൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ. നിയമാവലിക്ക് അനുസൃതമായി തയ്യാറാക്കിയ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**കീഴാറ്റൂർ ബൈപ്പാസ് നിർമ്മാണം**

28(1543) <u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത നാല് വരിയായി വികസിക്കുമ്പോൾ തളിപ്പറമ്പ് ടൗണിൽ റോഡ് വീതി കൂട്ടുന്നത് ഒഴിവാക്കാനായി കീഴാറ്റൂർ വയൽവഴി ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനം എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീഴാറ്റൂരിൽ നെൽവയൽ നികത്തി ബൈപ്പാസ് നിർമ്മിക്കുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാകുമോ;

(സി) നെൽവയൽ നികത്തുന്നതിനെതിരെ സ്ഥലവാസികൾ വയൽക്കിളികൾ എന്ന പേരിൽ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊതു ആവശ്യത്തിനുവേണ്ടി നെൽവയലുകൾ രൂപമാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥകൾക്ക് അനുസരിച്ച് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലം പരിവർത്തനപ്പെടുത്താത്തതിനാലും നിലവിൽ നെൽകൃഷി ചെയ്യുന്നതിനാലും കൃഷി വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം**

29(1544) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി കർഷകർക്ക് 2013-14 വർഷം മുതൽ നൽകാനുള്ള തുക ഇതുവരെ നൽകിയിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് കർഷകർക്ക് യഥാസമയം നൽകാതെ കാലതാമസം വരുത്തിയതിന്റെ കാരണം വിശദമാക്കുമോ;

(സി) കളക്ടറുടെ കൈവശം തുക ഉണ്ടായിട്ടും യഥാസമയം ബന്ധപ്പെട്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കളക്ടർക്ക് ക്ലെയിം നൽകാത്തതാണ് കാലതാമസം വരാനുണ്ടായ കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) 2013-14, 2014-15 പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനുള്ള ക്ലെയിമുകൾ അംഗീകാരത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുമായി യഥാസമയംതന്നെ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും ഭാഗികമായി മാത്രമേ ഫണ്ട് ലഭിച്ചിരുന്നുള്ളൂ. ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുമുണ്ട്. 2015-16, 2016-17 വർഷത്തെ ക്ലെയിമുകൾ സമർപ്പിച്ചിരുന്നുവെങ്കിലും "33 ശതമാനവും അതിലധികവും കൃഷിനാശം സംഭവിച്ച എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തി" എന്ന സാക്ഷ്യപത്രം സഹിതം ക്ലെയിമുകൾ

പുനഃസമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ടി സാക്ഷ്യപത്രങ്ങൾ സഹിതം 2015-16, 2016-17 വർഷത്തെ ക്ലെയിമുകളും 2013-14, 2014-15 വർഷങ്ങളിൽ കുടിശ്ശികയുള്ള ക്ലെയിമുകളും അടക്കം 2017 നവംബർ മാസം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ജലദൗർലഭ്യംമൂലം കാർഷിക മേഖലയിലുണ്ടായിട്ടുള്ള നഷ്ടം**

30(1545) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിൽ ജലസേചനത്തിന് ആവശ്യമായ വെള്ളം ഇല്ലാത്തതിനാൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം വിലയിരുത്തി യിട്ടുണ്ടോ;

(ബി) ജലദൗർലഭ്യം കാരണം എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടില്ലെന്നും എത്ര ഏക്കർ കൃഷി ഉണങ്ങിപോയി എന്നും വിശദമാക്കുമോ;

(സി) ചിറ്റൂർ താലൂക്കിലെ രണ്ടാം വിള ഇറക്കാൻ കഴിയാത്തവർക്കും കൃഷി നാശം സംഭവിച്ച കർഷകർക്കും മതിയായ നഷ്ടപരിഹാരം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-18 രണ്ടാംവിള സീസണിൽ ചിറ്റൂർ താലൂക്കിൽ വരൾച്ചമൂലം 4115 ഏക്കർ (1646 ഹെക്ടർ) കൃഷി നശിക്കുകയും വെള്ളം ലഭിക്കാത്തതുമൂലം 4192.5 ഏക്കർ (1677 ഹെക്ടർ) കൃഷിയിറക്കാനും കഴിഞ്ഞില്ല.

(സി) സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 1183/2017/കൃഷി തീയതി 8-12-2017 പ്രകാരം പാലക്കാട് ജില്ലയിൽ വരൾച്ചമൂലം നെൽകൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് 2016-17 സാമ്പത്തിക വർഷം 4 കോടി രൂപ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ചു.

(ഡി) ഇല്ല.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കൃഷിനാശം

31(1546) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മുതലപ്പാടം, പുല്ലരിക്കോട്, കാഞ്ഞിരത്തടം, തെയ്യേറ്റ് ചിറ പ്രദേശങ്ങളിൽ കാലവർഷസമയത്ത് വൻതോതിലുള്ള കൃഷിനാശം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ കർഷകരുടെ ദുരിതം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കുന്തിപ്പാറ തോട് കരകവിഞ്ഞ് ഒഴുകുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പുല്ലരിക്കോട് പ്രദേശത്ത് ഒരു വാട്ടർഷെഡ് നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 333 കുലച്ചതും 187 കുലയ്ക്കാത്തതുമായ നേന്ത്രവാഴകൾ നശിച്ചുപോയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുന്തിപ്പാറത്തോട് കരകവിഞ്ഞ് ഒഴുകുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള സ്ഥിര സംവിധാനത്തിനുള്ള പദ്ധതികൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

## കർഷകർക്കുള്ള നഷ്ടപരിഹാര വിതരണം

32(1547) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പുഞ്ച കൃഷിക്ക് അപ്പർകുട്ടനാട്ടിൽ ഉപ്പ് വെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ;

(ബി) നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിതരണം ഉടൻ ആരംഭിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉപ്പുവെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**'ഗുണനിലവാരം കുറഞ്ഞ പഴം, പച്ചക്കറി വില്പനക്കാർക്കെതിരെ നടപടി'**

33(1548) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നതുമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ എന്നിവ വിഷമയവും ഗുണനിലവാരം വളരെ കുറഞ്ഞവയായതിനാലും ഇതിനെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ സർക്കാർ സംവിധാനം അപര്യാപ്തമായതിനാലും കൂടുതൽ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ബി) വിഷമയമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കേരള സമൂഹം നിത്യേന ഉപയോഗിക്കുന്നതുമൂലം ജനങ്ങൾ പലവിധത്തിലുള്ള മാറാരോഗങ്ങൾക്ക് അടിമയായി ദുരിതം അനുഭിക്കുന്നതിനാൽ ടി മായം ചേർത്ത പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ വില്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ;

(സി) കടുത്ത നടപടി സ്വീകരിച്ച് ഇവരെ ശിക്ഷിക്കാൻ പുതിയനിയമം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ഉൾപ്പെടെ ചെക്ക് പോസ്റ്റുകളിൽനിന്നും സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. പരിശോധനാ ഫലങ്ങളെ അടിസ്ഥാനമാക്കി സുരക്ഷിത ഇനങ്ങൾ ഏതൊക്കെയെന്ന് മാധ്യമങ്ങളിലൂടെയും കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിലും യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി

സ്റ്റാന്റേർഡ് ആക്ട് പ്രകാരം നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്ക് പരിശോധനാഫലം ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുകയും ചെയ്യുന്നു. പച്ചക്കറികളിലെ വിഷാംശം കുറച്ച് ഭക്ഷ്യയോഗ്യമാക്കുന്നതിനുള്ള 'ഭക്ഷ്യസുരക്ഷിത പാക്കേജ് സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. പുതിയ നിയമം ആവശ്യമാണോയെന്ന് പരിശോധിക്കുന്നതാണ്.

## നീര രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ

34(1549) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പന്നം രാജ്യാന്തര വിപണിയിൽ വിപണനം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വികസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) രാജ്യാന്തര വിപണിയിൽ വിപണനം നടത്തുന്നതിന് ഉതകുന്ന തരത്തിൽ ടെട്രാപായ്ക്കിങ് സംവിധാനം ഇല്ലാത്തതാണ് രാജ്യാന്തര ബ്രാൻഡുകളോട് മത്സരിക്കുന്നതിന് നീര ഉല്പന്നത്തെ തടസ്സപ്പെടുത്തുന്നതെന്ന് കരുതുന്നുണ്ടോ;

(സി) നീരയെ രാജ്യാന്തര ബ്രാൻഡുകളോട് മത്സരിക്കുന്നതിന് പ്രാപ്തമാക്കുന്ന തരത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ശരിയായ മാർക്കറ്റിങ്ങും രാജ്യാന്തര ബ്രാൻഡുകളുടെ നിലവാരത്തിലുള്ള പായ്ക്കിങ് സംവിധാനവും ഉപയോഗിച്ച് നീരയ്ക്ക് രാജ്യാന്തര വിപണിയിൽ വിപണനം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നീര അധിഷ്ഠിത ഉല്പന്നങ്ങൾക്കാണ് (ഉദാ. പാംഷുഗർ) ഇപ്പോൾ രാജ്യാന്തര വിപണിയിൽ മൂല്യമുള്ളത്. നീരയും അതിൽ നിന്നുള്ള മറ്റ് ഉല്പന്നങ്ങളും രാജ്യാന്തര വിപണയിൽ എത്തിക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര ഏജൻസിയായ നാളികേര വികസന ബോർഡ് ആരംഭിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന കോർപ്പറേഷൻ എന്നിവയെക്കൂടി ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി-ഡി) നീര സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യ, ഗുണനിലവാരം, മികച്ച പാക്കിംഗ് എന്നിവയെല്ലാം രാജ്യാന്തര വിപണയിൽ പ്രധാനമാണ്. ടെട്രാ പാക്കിംഗ് സംവിധാനം രാജ്യാന്തര വിപണിയിൽ നീരയുടെ സ്വീകാര്യത ഉറപ്പുവരുത്താനുതകുന്നതാണ്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ അതിന്റെ പ്രാരംഭദശയിലാണ്. നീരയെ ശരിയായ മാർക്കറ്റിംഗ്, ഏകീകൃത ഗുണനിലവാരം, രാജ്യാന്തര നിലവാരമുള്ള ടെട്രാപാക്കിംഗ് എന്നിവയിലൂടെ രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതാണ്.

**നീര ഉല്പാദന കമ്പനികൾ നേരിടുന്ന പ്രതിസന്ധി**

35(1550) ശ്രീ. കെ. മുരളീധരൻ :

ശ്രീ. പി. ടി. തോമസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നീര ഉല്പാദന കമ്പനികൾ കടുത്ത പ്രതിസന്ധി യിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കേര കർഷകർക്ക് വളരെയധികം ആശ്വാസം നൽകിയ ഈ പദ്ധതി തുടക്കത്തിൽ തന്നെ പരാജയപ്പെടാതിരിക്കാൻ നീര ഉല്പാദന കമ്പനികൾക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില നീര ഉല്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നീര ടാപ്പിംഗിന് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം, പരിശീലനം ലഭിച്ച നീര ടെക്നീഷ്യന്മാർ തൊഴിൽ ഉപേക്ഷിച്ചുപോകുന്നത്, ഇടത്തരം പൊക്കമുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കടുത്ത വേനൽമൂലം നീര ഉല്പാദനത്തിലുണ്ടാകുന്ന കുറവ്, നീര ഉല്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ കുറവുമൂലം ഉല്പാദന ചെലവ് കുറയുന്ന വിധത്തിൽ പ്ലാന്റുകളുടെ ശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തതത് എന്നിവയാണ് പ്രധാന കാരണങ്ങൾ.

നീര സംസ്കരണത്തിന് നീര ഉത്പാദന കമ്പനികൾ സ്വീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യകളിലുള്ള വ്യത്യസ്തതമൂലം നീരയുടെ ഗുണനിലവാരത്തിലുണ്ടാകുന്ന വ്യത്യാസം വിപണനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

(ബി & സി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ചുനൽകുന്നുണ്ട്. അതുപ്രകാരം 2015-16-ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽനിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നാളികേര ഉൽപ്പാദക സംഘങ്ങൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്കുള്ള ധനസഹായം നൽകുന്നതിനായി 2017-18 വർഷത്തിൽ 2 കോടിരൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, നാളികേര വികസന കോർപ്പറേഷൻ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംസ്ഥാന നാളീകേര വികസന കോർപ്പറേഷൻ നടത്തിവരുന്നു.

"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് " എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉൽപ്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉൽപാദക കമ്പനികൾക്ക് നൽകിവരുന്നു. വെന്റിംഗ് മെഷീനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉൽപ്പാദക

ഫെഡറേഷനുകൾക്കും നാളികേര ഉൽപ്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനുപുറമെ നീര ഉത്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട ഇടപെടലുകൾ നടത്തുന്നതാണ്.

**കേരകേരളം പദ്ധതി**

36(1551) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ കേരകർഷകർക്ക് ഗണ്യമായ വരുമാന വർദ്ധനവ് നേടുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേരകേരളം പദ്ധതി പ്രകാരം നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നീരയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കൂടുതൽ വിപണിയിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിതരണം, വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിൽ ഒരു കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നാളികേര ഉല്പാദക കമ്പനികൾക്ക് നീര ഉല്പാദനത്തിനായി കെട്ടിട, യന്ത്രസാമഗ്രികൾക്ക് ചെലവായ തുകയുടെ 25 ശതമാനം (പരമാവധി 50 ലക്ഷം) ധനസഹായം നൽകുന്ന പദ്ധതിയും കൃഷി വകുപ്പിൽ നിലവിലുണ്ട്.

കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ അനന്തസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് 2016-ൽ തിരുവനന്തപുരത്തുവച്ചും 2017-ൽ തൃശ്ശൂർ ജില്ലയിൽ വച്ചും കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് Value addition for Income Generation in Agriculture (VAIGA) എന്ന പ്രോഗ്രാം കൃഷി വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ചെറുകിട കർഷക സംരംഭകർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് VAIGA സംഘടിപ്പിച്ചത്.

(സി) കേരകേരളം എന്നൊരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

(ഡി) ഉണ്ട്. നീരയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ നീര ടെക്നീഷ്യന്മാരുടെ ആവശ്യമുണ്ട്. നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി നാളികേര വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

### കൃഷി-അനുബന്ധ മേഖലകളിലെ സ്വയംതൊഴിൽ സംരംഭങ്ങൾ

37(1552) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി-അനുബന്ധ മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങളും ചെറുകിട വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിന് സർക്കാരിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; ഇതിനായി എന്തെല്ലാം പദ്ധതികളുണ്ടെന്നും വിശദമായി മാർഗ്ഗരേഖകൾ സഹിതം വ്യക്തമാക്കാമോ;

(ബി) കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

2012 മുതൽ 2017 വരെ പ്രവർത്തനം ആരംഭിച്ച സുഗന്ധ വ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപ വരെ പദ്ധതിച്ചെലവ് വരുന്ന പദ്ധതികളാണ് ഇതിൽ പരിഗണിക്കുന്നത്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ചെലവാക്കുന്ന തുകയുടെ 40 ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ്, ആ തുക ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം [Small Farmers Agro-business Consortium (SFAC)] സബ്സിഡിയായി നൽകുന്നതാണ്. ആകെ സബ്സിഡി തുക 50 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ലെന്ന നിബന്ധനയിൽ സംരംഭകർക്ക് മറ്റ് കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽനിന്നും സബ്സിഡി സ്വീകരിക്കാവുന്നതാണ്. ദേശസാത്കൃത/സ്വകാര്യ/ഷെഡ്യൂൾഡ്/സഹകരണ/ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, കൂട്ടായ്മകൾ, സർക്കാരേതര സംരംഭകർ തുടങ്ങിയവർക്കെല്ലാം പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

<u>2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപറയുന്നവയാണ് :</u>

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനു വേണ്ടി പരിഗണിക്കുന്നത്. 25 ലക്ഷം മുതൽ 10 കോടി രൂപ വരെ മുതൽമുടക്കിൽ കാർഷികോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, സർക്കാർ ഇതര ഏജൻസികൾ, ഉല്പാദന സംഘങ്ങൾ തുടങ്ങിയവർക്കെല്ലാം അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർക്ക് സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയ്ക്ക് അർഹതയുണ്ടായിരിക്കണം.

2. കേരളത്തിലെ കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവുവരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി

സമർപ്പിക്കേണ്ടത്. 25 ലക്ഷം രൂപയിൽ കുറഞ്ഞ മുതൽമുടക്കിൽ കാർഷികോല്പന്ന മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, സർക്കാർ ഇതര ഏജൻസികൾ, ഉല്പാദന സംഘങ്ങൾ തുടങ്ങിയവർക്കെല്ലാം അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർക്ക് സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയ്ക്ക് അർഹതയുണ്ടായിരിക്കണം. നൂതനമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

3. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

കുടുംബശ്രീ യൂണിറ്റുകളെ അടിസ്ഥാനമാക്കി ബ്ലോക്ക്/വില്ലേജ് തലത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) <u>കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:</u>

1. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി.

2. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ബ്ലോക്കുതലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് അധിഷ്ഠിത ധനസഹായം.

3. നഗരങ്ങളിലും വീട്ടുവളപ്പുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മിനി പോളി ഹൗസുകൾ സ്ഥാപിക്കുന്നതിന് ധനസഹായം.

4. മഴമറയിൽ പച്ചക്കറി കൃഷിക്ക് ധനസഹായം.

5. വിളവെടുത്ത പച്ചക്കറികൾ സംരക്ഷിക്കുന്നതിന് സീറോ എനർജി കൂൾ ചേമ്പറുകൾ.

6. പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം.

7. തെങ്ങിന്റെ കുള്ളൻ, സങ്കരയിനങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ പ്രാദേശിക ലഭ്യത വർദ്ധിപ്പിക്കുന്നതിന് സി.പി.സി.ആർ.ഐ.-യുടെ സാങ്കേതിക സഹായത്തോടെയും കർഷകരുടെ പങ്കാളിത്തത്തോടെയുമുള്ള തെങ്ങിൻതൈ ഉല്പാദനം.

8. പ്രാദേശിക സാധ്യതയുള്ള വിളകളായ എള്ള്, നിലക്കടല, ചെറുധാന്യങ്ങൾ, കരിമ്പ്, തുടങ്ങിയവയുടെ കൃഷി ഉത്തേജിപ്പിക്കുന്നതിനുള്ള പദ്ധതി, അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതി.

9. സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴ തുടങ്ങിയവയുടെ കൃഷി, അവയുടെ കൃഷിക്കനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രത്യേക കാർഷിക മേഖലകളിൽ ഊർജ്ജിതപ്പെടുത്തി പരമാവധി ഉല്പാദനം കൈവരിച്ച് മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെ കർഷകന് മികച്ച വരുമാനം നേടിക്കൊടുക്കുന്ന 'പ്രത്യേക കാർഷിക മേഖലാ പദ്ധതി'.

10. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം എസ്.എഫ്.എ.സി. മുഖാന്തിരം ലഭ്യമാക്കുന്നു.

11. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധന, സാങ്കേതിക വിദ്യകൾ, സംരംഭകർക്ക് മനസിലാക്കിക്കൊടുക്കുന്നതിനും അവരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, IISR, NIIST, KVK എന്നിവ മുഖാന്തരം ഇൻക്യുബേഷൻ സെന്ററുകളുടെ സ്ഥാപനം.

12. പോളീഹൗസ് കൃഷി, കൃത്യതാ കൃഷി എന്നിവയ്ക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന ഹൈ ടെക് കൃഷി പദ്ധതി

13. കാർഷിക രംഗത്തെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് രൂപംനൽകിയിട്ടുള്ള അഗ്രോസർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേന കളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ഇവയുടെ 'അപെക്സ് ബോഡി'യുടെ സ്ഥാപനം.

14. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ പണിസ്ഥലത്തുവച്ചുതന്നെ നടത്തുന്നതിനും പ്രവർത്തനക്ഷമ മാക്കുന്നതിനുമായി 3 അഗ്രോ മെഷിനറി സർവ്വീസ് സെന്ററുകളുടെ (റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകളുടെ) സ്ഥാപനം.

15. ഫലവർഗ്ഗ കൃഷി, പുഷ്പകൃഷി, ഔഷധസസ്യ കൃഷി എന്നിവയുടെ പ്രോത്സാഹനം.

16. സംസ്ഥാനത്തിന്റെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയിൽ വിപണന സാധ്യതകളും മെച്ചപ്പെടുത്തുന്നതിന് ചെറുകിട അഗ്രോപാർക്കുകളുടെ ശൃംഖല കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കൽ.

17. മികച്ച കാർഷിക മുറകൾക്കും പ്രകൃതി സൗഹൃദ വിള ആരോഗ്യ പരിപാലന മുറകൾക്കും ഊന്നൽ നൽകി സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിടുന്ന ജൈവകൃഷി പദ്ധതി.

**കൃഷി യന്ത്രങ്ങൾ**

38(1553) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കൃഷി യന്ത്രങ്ങൾ കെട്ടിക്കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യന്ത്രങ്ങൾ കെട്ടിക്കിടന്ന് നശിക്കാനിടയായ സാഹചര്യമെന്തെന്ന് അന്വേഷിക്കുമോ;

(സി) എത്ര രൂപയുടെ കൃഷി യന്ത്രങ്ങളാണ് കെട്ടിക്കിടന്ന് നശിച്ചതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-15 വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ വാങ്ങിയ യന്ത്രോപകരണങ്ങൾ തുറസ്സായ സ്ഥലത്ത് മഴയും വെയിലുമേറ്റ് കെട്ടികിടന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് യന്ത്രങ്ങൾ മഴയും വെയിലും കൊള്ളാതെ പ്രത്യേകം ഷെഡ് കെട്ടി സംരക്ഷിക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ഇപ്പോൾ മഴയും വെയിലുമേൽക്കാതെ ഷെഡിലാണ് സൂക്ഷിക്കുന്നത്. യന്ത്രങ്ങൾ എല്ലാം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഇതിലുള്ള കൊയ്ത്തു മെതിയന്ത്രങ്ങൾ പൂർണ്ണമായും കഴിഞ്ഞ കൊയ്ത്ത് സീസണിൽ കൃഷിക്കാർക്കായി KAICO ഉപയോഗിച്ചുവരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യന്ത്രങ്ങൾ വാങ്ങിയപ്പോൾ ഇതിന്റെ ആവശ്യകത, വിതരണം, മെയിന്റനൻസ് തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയില്ലാതെ വാങ്ങിക്കൂട്ടി, സുരക്ഷിതമായി സംരക്ഷിക്കാൻ സംവിധാനമില്ലാതെ അരിമ്പൂരിലെ KAICO കേന്ദ്രത്തിൽ കൊണ്ടുവന്നിട്ടിരിക്കുകയായിരുന്നു. കൂടാതെ ടില്ലർ, ട്രാക്ടർ മുതലായ ഉഴവ് യന്ത്രങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കോൾ മേഖലയിലെ പാടശേഖരങ്ങളുടെ ഉപയോഗത്തിന് മാനദണ്ഡ പ്രകാരം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അഗ്രോ ഹൈപ്പർ മാർക്കറ്റ്

39(1554) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ആവശ്യമായതെല്ലാം ഒരു കേന്ദ്രത്തിൽ ലഭിക്കുന്ന അഗ്രോ ഹൈപ്പർ മാർക്കറ്റ് സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) എന്തൊക്കെ പ്രധാന കൃഷി ഉപകരണങ്ങളും ഉൽപ്പന്നങ്ങളുമാണ് ഇവിടെ ലഭ്യമാകുക എന്നറിയിക്കുമോ:

(സി) സംസ്ഥാനത്ത് മറ്റിടങ്ങളിൽ ഇത്തരം അഗ്രോ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാർഷികോപകരണങ്ങളും കാർഷികോല്പന്നങ്ങളും അണിനിരത്തിക്കൊണ്ട് കൃഷി വകുപ്പ് "കേരളശ്രീ" ബ്രാന്റിൽ ആരംഭിച്ച ഒരു നൂതന സംരംഭമായ ആദ്യ ഹൈപ്പർ ബസാർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവിലെ അഗ്രിക്കൾച്ചർ കോംപ്ലക്സിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) വിവിധതരം കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളുമായ ഗാർഡൻടില്ലർ, പവർടില്ലർ, ട്രാക്ടർ, ബ്രഷ് കട്ടർ, ലോൺമൂവേഴ്സ്, ഗാർഡൻടൂൾസ്, പവർടൂൾസ്, ഹാൻഡ്ടൂൾസ്, പമ്പ്സെറ്റ്, എഞ്ചിൻ, സ്പ്രേയേഴ്സ്, ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ തുടങ്ങിയവ പ്രദർശനത്തിനും വിപണനത്തിനുമായി തയ്യാറാക്കിയിരിക്കുന്നു. കൂടാതെ കർഷകർക്കും പൊതുജനങ്ങൾക്കും വിവിധതരം കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും പരിചയപ്പെടുന്നതിനും ടെക്നോളജി സെന്ററും ഒരുക്കിയിരിക്കുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിഭവങ്ങളും ഈ അഗ്രോ ഹൈപ്പർ ബസാറിൽ ലഭ്യമാക്കിയിരിക്കുന്നു. കൃഷി വകുപ്പിന് കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് വകുപ്പുകൾക്ക് കീഴിലെ ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾ ഇവിടെനിന്ന് ലഭിക്കുന്നതാണ്. കൂടാതെ ജമ്മുകാശ്മീരിൽ നിന്നുള്ള കുങ്കുമപ്പൂവ്, ആപ്പിൾ/മറ്റ് കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഹിമാചൽപ്രദേശിൽ നിന്നുള്ള ബ്ലാക്ക്ബെറി, വൈവിധ്യമാർന്ന പഴങ്ങളും അവ സംസ്കരിച്ചിട്ടുള്ള ഉല്പന്നങ്ങൾ, കർണ്ണാടകയിൽ

നിന്നുള്ള ചെറുധാന്യങ്ങൾ മില്ലറ്റ് വില്ലേജിലെ റാഗി, വറഗ് തുടങ്ങിയ ധാന്യങ്ങൾ, ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, ലക്ഷദ്വീപ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലുള്ള മാർക്കറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളശ്രീ എന്ന പേരിൽ തിരുവനന്തപുരത്ത് ആനയറയിൽ അഗ്രിമാളും കോഴിക്കോട് വേങ്ങേരിയിൽ അഗ്രോ ഹൈപ്പർ ബസാറും സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനുപുറമേ 'കേരളശ്രീ' എന്ന പേരിൽ കൊട്ടാരക്കര, എറണാകുളം എന്നിവിടങ്ങളിൽ മിനി ഹൈപ്പർ മാർക്കറ്റുകൾ ഉടനെ ആരംഭിക്കുന്നതാണ്.

### ഇക്കോ-ഷോപ്പുകൾ

40(1555) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര ഇക്കോ ഷോപ്പുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി ഇക്കോ-ഷോപ്പുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) മണലൂർ മണ്ഡലത്തിൽ പുതിയ ഇക്കോ-ഷോപ്പുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

#### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം 65 ഇക്കോഷോപ്പുകളും 2017-18 സാമ്പത്തിക വർഷത്തിൽ വിപണി വികസന പദ്ധതി കൂടി ഉൾപ്പെടെ 367 ഇക്കോഷോപ്പുകളും അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പുതിയതായി 367 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

2017-18-ൽ പുതിയതായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 4 |
| 8 | തൃശ്ശൂർ | 9 |
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 2 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 5 |
| 14 | കാസർഗോഡ് | 2 |
| | ആകെ | 50 |

(സി) മണലൂർ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം രണ്ട് ഇക്കോഷോപ്പുകളും 2017-18 സാമ്പത്തിക വർഷത്തിൽ ചൊവ്വന്നൂർ ബ്ലോക്കിലെ ചൂണ്ടലിൽ ഒരു ഇക്കോഷോപ്പും ആരംഭിച്ചിട്ടുണ്ട്.

ഈ വർഷം പുതിയതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മണലൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടില്ല.

**പദ്ധതി തുക വിനിയോഗം**

41(1556) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ ഏതെല്ലാം കേന്ദ്ര പദ്ധതികളിലൂടെ എത്ര തുകയാണ് കേന്ദ്ര സർക്കാരിൽനിന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) സംസ്ഥാന ബജറ്റിന്റെയും കേന്ദ്ര ഫണ്ടിന്റെയും 2017 ഡിസംബർ 31-ന് അവസാനിക്കുന്ന പാദത്തിൽ വന്ന് ചേർന്നിട്ടുള്ള എക്സ്പെൻഡിച്ചർ എത്രയെന്നതിന്റെ വിശദവിവരം നൽകുമോ; ബജറ്റ് വിഹിതവും എക്സ്പെൻഡിച്ചറും അടങ്ങുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18-ൽ കൃഷി വകുപ്പിന് കേന്ദ്ര പദ്ധതികളിലൂടെ ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓൺ ഹോർട്ടികൾച്ചർ | 1900 ലക്ഷം |
| 2 | രാഷ്ട്രീയ കൃഷി വികാസ് യോജന | 5540 ലക്ഷം |
| 3 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന | 2500 ലക്ഷം |
| 4 | പരമ്പരാഗത കൃഷി വികാസ് യോജന | 1377.96 ലക്ഷം |
| 5 | വൃഷ്ടിപ്രദേശ വികസന പദ്ധതി | 78.42 ലക്ഷം |
| 6 | നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ നെല്ല് & പയർ | 13.42 ലക്ഷം |
| 7 | SMAM | 489.3 ലക്ഷം |
| 8 | PMFBY | 33.32 ലക്ഷം |
| 9 | SMAE | 859.97 ലക്ഷം |

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## 'അടയ്ക്കയുടെ വില'

42(1557) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു-സേവന നികുതിയുടെ പേരിൽ അടയ്ക്കക്ക് അടിസ്ഥാനവില പോലും കിട്ടാതെ കർഷകർ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറക്കുമതി കുറയ്ക്കണമെന്ന ശിപാർശയോടെ അടയ്ക്കയുടെ അടിസ്ഥാനവില കേന്ദ്രം കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അടയ്ക്കയ്ക്ക് ജി.എസ്.ടി. ഈടാക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ഡി) കർഷകരിൽനിന്ന് വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഈടാക്കാൻ പാടില്ലെന്ന നിയമമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെയും കർണ്ണാടകത്തിലെയും അടയ്ക്ക ശേഖരിക്കുന്ന പ്രധാന സ്ഥാപനമായ മംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സെൻട്രൽ അരക്കനെറ്റ് ആന്റ് കൊക്കോ മാർക്കറ്റിങ്ങ് ആൻഡ് പ്രൊസസിങ്ങ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (കാംകോ) കേന്ദ്രം നിശ്ചയിച്ചതിലും കുറഞ്ഞ നിരക്കാണ് കർഷകർക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അടയ്ക്കയുടെ അടിസ്ഥാനവില കേന്ദ്രം കുറച്ചിട്ടില്ല.

(സി) പച്ച അടയ്ക്കയ്ക്ക് നികുതിയില്ല. ഡ്രൈഡ് അരക്കനട്ടിന് 5 ശതമാനമാണ് ജി.എസ്.ടി. ഈടാക്കുന്നത്.

(ഡി) കർഷകരിൽനിന്ന് വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് വ്യാപാരി റിവേഴ്സ് ചാർജ്ജ് പ്രകാരം ജി.എസ്.ടി. ഒടുക്കേണ്ടതുണ്ട്. എന്നാൽ ഈ സമ്പ്രദായം 31-3-2018 വരെ ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് നടപടി**

43(1558) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആദിച്ചനല്ലൂർ കൃഷി ഭവനിൽ ക്ലാർക്കായി സേവനം അനുഷ്ഠിച്ച വരവെ 6-7-2016-ൽ അന്തരിച്ച അജിത്ത് കുമാറിന്റെ അവകാശികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇന്നേവരെ ലഭിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി ആശ്രിതർക്ക് പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പന്മന കൃഷിഭവനിൽ 6-10-1995-ൽ ജോലിയിൽ പ്രവേശിച്ച അജിത്ത് കുമാർ ആർ. കൊല്ലം ആദിച്ചനല്ലൂർ കൃഷി ഭവനിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 6-7-2016-ന് അന്തരിച്ചു. ടിയാന്റെ 20 വർഷത്തിലധികമുള്ള സേവനകാലത്തിനിടയിൽ ക്ലാർക്ക് തസ്തികയിലെ പരിവീക്ഷാകാലം പൂർത്തിയാക്കുന്നതിന് അനിവാര്യമായ എം.ഒ.പി. ടെസ്റ്റ് ടിയാൻ പാസ്സായിട്ടില്ല. ഇക്കാരണത്താൽ ടിയാന്റെ പരിവീക്ഷാകാലം പൂർത്തീകരിച്ചോ സേവനം ക്രമീകരിച്ചോ ഉത്തരവായിട്ടില്ല. അജിത്ത് കുമാർ ആർ.-ന്റെ ടെർമിനൽ ലീവ് സറണ്ടർ, ജി.പി.എഫ്. ക്ലോഷർ എന്നീ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അജിത്ത് കുമാർ ആർ.-ന് 8, 15 വർഷങ്ങളിലെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണത്തിനായി വകുപ്പ് ഡയറക്ടർ 6-12-2017-ന് സമർപ്പിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

**കൃഷി ഓഫീസർ തസ്തിക**

44(1559) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം കൃഷി ഓഫീസർ തസ്തിക എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് കൃഷി ഓഫീസറെ നിയമിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികയിലേക്ക് നിയമനത്തിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടി കൃഷി ഭവനിൽ 26-7-2017 മുതൽ കൃഷി ഓഫീസറുടെ ഒഴിവ് നിലവിലുണ്ട്.

(ബി) കൃഷി ഓഫീസറെ നിയമിക്കുന്നതിൽ പ്രത്യേകിച്ച് തടസ്സങ്ങളൊന്നും നിലവിലില്ല. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പള്ളിപ്പുറം കൃഷി ഓഫീസറുടെ ഒഴിവ് നികത്തുന്നതാണ്.

(സി) അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

## കൃഷി വകുപ്പിൽ നിയമനം

45(1560) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എസ്.സി.യുടെ നിയമന ശിപാർശ പ്രകാരം എത്ര പേർക്ക് കൃഷി വകുപ്പിൽ നിയമനം ലഭിച്ചിട്ടുണ്ട്; ആയത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൃഷി അസിസ്റ്റന്റ് തസ്തിക

46(1561) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്ത് ഏകീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ഒറ്റ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ വിവേചനങ്ങൾ അവസാനിപ്പിച്ച് ഒറ്റ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുള്ള യോഗ്യത കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭിക്കുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ അല്ലെങ്കിൽ അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയുടെ ജൈവകൃഷിയിലുള്ള ഡിപ്ലോമ എന്ന രീതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പി.എസ്.സി.-യുടെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചശേഷം പി.എസ്.സി.-യുടെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ച രീതിയിലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. എന്നാൽ ഇപ്പോൾ ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത നിലപാട് 'എ' പിരിവിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

## കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

47(1562) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി കൃഷി ഓഫീസർമാരെ നിയമിച്ചപ്പോൾ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി ഓഫീസർമാരുടെ 6 തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത്.

(ബി) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മീഞ്ച, പുത്തിഗെ എന്നീ കൃഷി ഭവനുകളിലെ കൃഷി ഓഫീസർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്.

(സി) പുതുതായി കൃഷി ഓഫീസർമാരെ നിയമിച്ചപ്പോൾ കാസർഗോഡ് ജില്ലയിലും കൃഷി ഓഫീസർമാരെ നിയമിച്ചിരുന്നു. എന്നാൽ നിയമനം ലഭിച്ചവരിൽ പലരും ഉപരിപഠനത്തിനായി അവധിയിൽ പ്രവേശിച്ചതിനാലാണ് വീണ്ടും ഒഴിവുകളുണ്ടായത്. ഒഴിവുള്ള കൃഷി ഓഫീസർ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്റ്റേറ്റ് ഫാമുകളുടെ നവീകരണം

48(1563) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) നെല്ലിയാംപതി, നേര്യമംഗലം ഫാമുകളുടെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇവിടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ;

(സി) കൃഷി ഫാമുകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിച്ച്, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ യൊക്കെയാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് സീഡ് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം എന്ന പദ്ധതിയിൽ 300 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 460 ലക്ഷം രൂപയും പഴവർഗ്ഗത്തോട്ട സംരക്ഷണവും പ്രോജനി തോട്ടങ്ങൾ ആരംഭിക്കുന്നതിനുമായി 100 ലക്ഷം രൂപയും സംയോജിത കൃഷി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയും വിദേശ പഴവർഗ്ഗ വിളകൾ നട്ടുപിടിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) നെല്ലിയാംപതി ഫാമിലെ നവീകരണ പ്രവർത്തനങ്ങളിൽ ചെയിൻ ലിങ്ക് ഫെൻസിംഗ്, ചെക്ക്ഡാം നിർമ്മാണം, കുന്നത്തുപടി ബ്ലോക്കിന്റെ ചുറ്റുമതിൽ നിർമ്മാണം, ഇലക്ട്രിക് ഫെൻസിംഗ്, കാപ്പിതോട്ടത്തിലേയ്ക്കുള്ള ഫാം റോഡ്, തോട് വൃത്തിയാക്കൽ, തോടിന്റെ വശങ്ങൾ ബലപ്പെടുത്തൽ, പാഷൻ ഫ്രൂട്ട് ബ്ലോക്കിലെ നവീന ഷെഡ് നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, കുടിവെള്ള ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ പുനരുദ്ധാരണം, ചെടിച്ചട്ടി ഗ്യാലറി നിർമ്മാണം, പോളിഹൗസിന്റെ പുനരുദ്ധാരണം, സ്പെഷ്യൽ ലേബർ പാടികൾ 15 എണ്ണം, ഓറഞ്ച് തോട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

സംയോജിത അടിസ്ഥാന സൗകര്യ വികസനം ആന്തൂറിയം കൃഷിക്കായുള്ള പോളീഹൗസുകൾ, പുതിയ ചെക്ക് ഡാം നിർമ്മാണം, പരിശീലകർക്കുള്ള താമസസൗകര്യം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കൽ, സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പുനരുദ്ധാരണം, ഗസ്റ്റ് ഹൗസ് പുനരുദ്ധാരണം, ട്രാക്ടർ-ജനറേറ്റർ റിപ്പയർ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

നേര്യമംഗലം ജില്ലാ ഫാമിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ഇവിടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിനങ്ങളുടെ 7 പ്രാഥമിക പ്രദർശനത്തോട്ടങ്ങളും 7 അനുബന്ധ പ്രദർശനത്തോട്ടങ്ങളും നിർമ്മിക്കുന്നതിലേയ്ക്കായി 11,27,000 രൂപ (പതിനൊന്ന് ലക്ഷത്തി ഇരുപത്തിയേഴായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഓരോ തോട്ടങ്ങളിലും അത്യുല്പാദന ശേഷിയുള്ളതും ഗുണമേന്മയേറിയതുമായ 35 തെങ്ങിൻ തൈകൾ പിടിപ്പിക്കുന്നു.

2. റംബൂട്ടാൻ, ഫിലോസാൻ തുടങ്ങിയ ഗുണമേന്മയേറിയ വിദേശ പഴവർഗ്ഗങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കുന്നതിലേയ്ക്കായി അഞ്ച് ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

3. വിവിധ ഇനം ഫലവൃക്ഷങ്ങളുടെ പുതിയ മാതൃസസ്യത്തോട്ടം തുടങ്ങുവാനും നിലനിൽക്കുന്നവ പുനരുദ്ധരിക്കുവാനും 6,55,000 രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

4. പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നേര്യമംഗലത്ത് ചെക്ക്ഡാം നിർമ്മിക്കുന്നതിനായി 2 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

5. ഔഷധ സസ്യത്തോട്ട നിർമ്മാണത്തിനായി ഒരു ലക്ഷം രൂപയും അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ബനാന നഴ്സറി, കൊല്ലം ജില്ലയിലെ കടയ്ക്കൽ സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി, ഇടുക്കി ജില്ലയിലെ കരിമണ്ണൂർ സീഡ് ഫാം, എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാം, വൈറ്റില കോക്കനട്ട് നഴ്സറി, പാലക്കാട് നെല്ലിയാമ്പതിയിലെ ഓറഞ്ച് & വെജിറ്റബിൾ ഫാം, മലപ്പുറം ജില്ലയിലെ ചുങ്കത്തറ ജില്ലാ ഫാം എന്നിവിടങ്ങളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## ജൈവ വൈപ്പിൻ പദ്ധതി

49(1564) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് കെ.എൽ.ഡി.സി. മുഖാന്തരം നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സം നിലവിലുണ്ടോ എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) തടസ്സങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) തടസ്സപ്പെട്ടുകിടക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XX സ്കീമിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നതിൽ 10-ാമത്തെ പ്രവൃത്തിയായ വീരംപുഴയുടെയും മറ്റ് ഒൻപത് അനുബന്ധ തോടുകളുടെയും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) വീരംപുഴയുടെയും മറ്റ് ഒൻപത് അനുബന്ധ തോടുകളുടെയും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവുമൂലം തടസപ്പെട്ടുകിടക്കുന്നു.

(ഡി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവ് പിൻവലിക്കുന്നതിന് പരിസ്ഥിതി ആഘാത നിർണ്ണയ പഠനത്തിന്റെ ഭാഗമായുള്ള ആദ്യഘട്ടം എന്ന നിലയ്ക്ക് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-നെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനത്തിലെ ശാസ്ത്രജ്ഞർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പഠനം നടത്തുകയും സ്റ്റാറ്റസ് റിപ്പോർട്ട് 25-1-2018-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ നൽകുന്ന നടപടികൾ കെ.എൽ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

(ഇ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി സ്റ്റേ ഉത്തരവ് പിൻവലിക്കുന്ന മുറയ്ക്ക് തടസ്സപ്പെട്ടുകിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കപ്പത്തോട് സംരക്ഷണത്തിനായുള്ള നടപടികൾ

50(1565) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന 'കപ്പത്തോട്' സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന, ചാലക്കുടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കപ്പത്തോട്ടിലേയ്ക്കുള്ള ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തിന്റെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന 'കപ്പത്തോട് നീർത്തട പദ്ധതി' ആർ.ഐ.ഡി.എഫ്.-ന്റെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2014-17 കാലഘട്ടത്തിൽ, വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ 274.92 ലക്ഷം രൂപ ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് സംരക്ഷണത്തിനായി RIDF XXII സ്കീമിൽ ഉൾപ്പെടുത്തി 1000 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, പ്രൈസ് സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുണ്ട്.

## ചാത്തൻചാൽ കാർഷിക പദ്ധതി

51(1566) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിലെ ചാത്തൻചാൽ കാർഷിക പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കെ.എൽ.ഡി.സി. വഴി സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ചാത്തൻചാൽ പദ്ധതിക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് RIDF XXIII സ്കീമിൽ ഉൾപ്പെടുത്തുന്നതിലേക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) നബാർഡിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹരിതം ഹരിപ്പാട് പദ്ധതി

52(1567) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നിർവ്വഹണത്തിന് പ്രത്യേക നോഡൽ ഓഫീസറെ നിയമിച്ച് പദ്ധതി നിർവ്വഹണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിതം ഹരിപ്പാട് പദ്ധതി തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഹരിതം ഹരിപ്പാട് പദ്ധതിയുടെ നോഡൽ ഓഫീസറായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഏലിയാമ്മ വി. ജോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൃഷിപ്പണികൾക്കുള്ള കുറഞ്ഞ കൂലി

53(1568) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിപ്പണികൾക്കുള്ള കുറഞ്ഞ കൂലി സംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിവിധ കൃഷിപ്പണികൾക്കുള്ള കുറഞ്ഞ കൂലി എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; എന്നു മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്?

ഉത്തരം

(എ & ബി) സ.ഉ.(പി.) 39/2017/തൊഴിൽ പ്രകാരം സംസ്ഥാനത്തെ കാർഷിക പ്രവൃത്തികളിലും അതിനോടനുബന്ധിച്ചുള്ള മേഖലകളായ ഡയറി ഫാമുകൾ, നെഴ്സറികൾ, കശുമാവ് തോട്ടങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിശ്ചയിച്ച് തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിച്ച 12-5-2017 തീയതി മുതൽ ഇതിന് പ്രാബല്യമുണ്ട്. ടി ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജൈവവളങ്ങളുടെ ഗുണനിലവാരം

54(1569) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവവളം കച്ചവടം ചെയ്യുന്ന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് പദ്ധതിയുണ്ടോ; ഇതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് സംവിധാനങ്ങളുണ്ടോ; വിശദീകരിക്കുമോ;

(സി) ജൈവവളങ്ങളുടെ വിപണന കേന്ദ്രങ്ങളിൽ ജീവനക്കാരാകുന്നതിന് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മൊത്തവ്യാപാര ലൈസൻസിന് 450 രൂപയും ചില്ലറ വ്യാപാര ലൈസൻസിന് 38 രൂപയും ഫീസ് അടയ്ക്കണം. ജൈവവള ഉല്പാദകർ ജൈവവള സാമ്പിൾ അംഗീകൃത ലബോറട്ടറിയിൽ പരിശോധിച്ചതിന്റെ ഫലം വിതരണത്തിനുള്ള അപേക്ഷയോടൊപ്പം നൽകണം. ഇത് രാസവള നിയന്ത്രണ ഉത്തരവ് (FCO)-1985 അനുശാസിക്കുന്ന ജൈവവളത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരമാണെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയുള്ളൂ. ചില്ലറ വ്യാപാരികൾ മൊത്തവ്യാപാരി നൽകുന്ന 'O' ഫോം സമർപ്പിക്കണം. ഇവ കൂടാതെ കൃഷി ഉദ്യോഗസ്ഥർ നൽകുന്ന കെട്ടിട അനുയോജ്യതാ സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് എന്നിവയും നൽകണം.

(ബി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ചു വരുന്നത്. എന്നാൽ ഇപ്പോൾ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിച്ചുവരുന്ന രാസവള ഗുണനിലവാര പരിശോധനശാലയോട് ചേർന്ന് ബയോഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മാന്വർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (BOQCL) എന്ന പേരിൽ ഒരു ജൈവവള ഗുണനിലവാര പരിശോധനശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഉണ്ട്. രാസവള നിയന്ത്രണ ഉത്തരവ് (FCO)-1985 പ്രകാരം ചില്ലറ വ്യാപാരത്തിനുള്ള അപേക്ഷകന് താഴെപ്പറയുന്ന ഏതെങ്കിലും യോഗ്യത ഉണ്ടായിരിക്കേണ്ടതാണ് :

1. കൃഷി ശാസ്ത്രത്തിൽ ബിരുദം
2. രസതന്ത്രം പ്രധാന വിഷയമായിട്ടുള്ള ബിരുദം
3. കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമ

ദേശീയ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NPHM), മറ്റ് സർക്കാർ അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവയിലേതെങ്കിലുംനിന്നും കൃഷി വിഷയത്തിൽ ആറ് മാസത്തിൽ കുറയാത്ത സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം. രജിസ്റ്റേർഡ് കാർഷിക സഹകരണ സംഘങ്ങൾക്കും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും ഈ വ്യവസ്ഥ ബാധകമല്ല. മേൽപ്പറഞ്ഞ യോഗ്യതയുള്ള വ്യക്തിയെ ഏർപ്പെടുത്തിയാൽ മതി.

### റബ്ബർ വിലസ്ഥിരതാ പദ്ധതി

55(1570) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർക്കുള്ള വിലസ്ഥിരതാ പദ്ധതിക്കായി 2016-17-ൽ എത്ര തുക നീക്കിവെച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കായി 2017-18-ൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായിയെന്നും എത്ര തുക ചെലവാക്കുകയുണ്ടായിയെന്നും അറിയിക്കുമോ;

(സി) പദ്ധതിയുടെ പ്രയോജനം എത്ര കർഷകർക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 500 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവിനത്തിൽ 2017-18-ലേയ്ക്ക് ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടിരുന്നതും 2017-18 വർഷത്തിൽ ലഭിച്ചിരുന്ന ബില്ലുകൾക്കായി അനുവദിച്ച തുകയും ഉൾപ്പെടുന്നുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 500 കോടി രൂപയിൽ ഇതുവരെ 50.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 നവംബർ മാസം വരെയുള്ള ബില്ലുകളിൽ ഇനി കുടിശ്ശിക ഒന്നും തന്നെയില്ല.

(സി) ഇതുവരെ 3,55,993 റബ്ബർ കർഷകർക്ക് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ സബ്സിഡി ലഭിച്ചിട്ടുണ്ട്.

(ഡി) ലഭിക്കുന്നില്ല.

**റബ്ബർ ഇൻസെന്റീവ്**

56(1571) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ മുതൽ നാളിതുവരെ ബില്ല് നൽകിയ റബ്ബർ കർഷകർക്ക് ആർക്കുംതന്നെ റബ്ബർ ഇൻസന്റീവ് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകർക്ക് എത്ര കോടി രൂപാ ഇൻസന്റീവ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) റബ്ബർ ലാറ്റക്സിന്റെ ശരാശരി വിലയുടെ ഇൻസെന്റീവ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) റബ്ബർ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രസ്തുത മേഖലകളിലെ ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും മറ്റ് ആൾക്കാരെയും ഉൾപ്പെടുത്തി മന്ത്രിതലത്തിൽ എത്രയുംവേഗം ഉന്നതയോഗം കൂടി റബ്ബർ കർഷകരുടെ ഇൻസന്റീവിനും മറ്റ് കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 16-1-2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളുടേയും സബ്സിഡി തുക കർഷകർക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2017 നവംബർ മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' പ്രകാരം ഇതുവരെ 466.31 കോടി രൂപ

സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സ്കീം പ്രകാരമുള്ള സബ്സിഡി വിതരണം ചെയ്യുന്നത് ജൂലൈ മുതൽ ജൂൺ വരെയുള്ള കാലഘട്ടത്തിലെ ബില്ലുകളുടെ അടിസ്ഥാനത്തിലാണ്. ഇതുപ്രകാരം 2017 ജൂലൈ മുതൽ ജൂൺ വരെയുള്ള മൂന്നാം ഘട്ടമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ ബില്ലുകളിലായി ആകെ വിതരണം ചെയ്ത സബ്സിഡി തുകയായ 846 കോടി രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

(സി) റബ്ബറിന്റെ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ള 150 രൂപയിൽനിന്നും ഒരു കിലോ റബ്ബർ ഷീറ്റ് ഉണ്ടാക്കുന്നതിനായുള്ള അധിക ചെലവായ 8 രൂപ കുറച്ച് കിട്ടുന്ന തുകയിൽനിന്നും, റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന RSS-4, ലാറ്റക്സ് എന്നിവയുടെ വിലയിൽ ഏതാണോ കൂടുതൽ ആയത് കുറച്ചുള്ള തുകയാണ് നിലവിൽ ഒരു കിലോ ലാറ്റക്സിന് സബ്സിഡിയായി നൽകുന്നത്. ഇപ്രകാരം ലാറ്റക്സിന് സബ്സിഡി കണക്കാക്കുന്ന നിലവിലെ രീതി പുനഃപരിശോധിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കർഷക പെൻഷൻ**

57(1572) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷക പെൻഷൻ തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എത്ര വർദ്ധനവാണ് പെൻഷനിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17 കാലഘട്ടത്തിൽ കർഷക പെൻഷന് അർഹരായവർ എത്ര പേരായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; പുതുക്കിയ ലിസ്റ്റ് പ്രകാരം നിലവിൽ പെൻഷന് അർഹതപ്പെട്ടവർ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) എത്ര മാസത്തെ കർഷക പെൻഷൻ കുടിശ്ശികയായുണ്ടെന്നും കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 17-1-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 10/2018/കൃഷി പ്രകാരം പ്രതിമാസ പെൻഷൻ തുക ആയിരത്തിൽനിന്നും ആയിരത്തി ഒരുന്നൂറ് രൂപയായി 1-4-2017 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2016-2017 കാലഘട്ടത്തിൽ 356663 പേർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരുന്നു.

(സി) ലിസ്റ്റ് പുതുക്കിയിട്ടുണ്ട്. 3-3-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 28/17/കൃഷി പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് ലിസ്റ്റ് പുതുക്കിയിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)* പുതുക്കിയ ലിസ്റ്റ് പ്രകാരം നിലവിൽ 301530 പേർക്ക് പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷി ഓഫീസർമാർ ലിസ്റ്റ് പുതുക്കുന്നതിനനുസരിച്ച് ഈ സംഖ്യയിൽ മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.

(ഡി) എറണാകുളം, കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ 5 ജില്ലകളൊഴികെ മറ്റ് 9 ജില്ലകളിലും സെപ്റ്റംബർ 2017 വരെയുള്ള കർഷക പെൻഷൻ നൽകിയിട്ടുണ്ട്. നാല് മാസത്തെ കുടിശ്ശിക നിലവിലുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷക പെൻഷൻ മുടക്കമില്ലാതെ നല്കുന്നതിന് നടപടി

58(1573) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ നല്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) അനധികൃതമായി കർഷക പെൻഷൻ വാങ്ങുന്ന ആളുകളെ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നറിയിക്കുമോ;

(സി) കർഷകപെൻഷൻ മുടക്കമില്ലാതെ നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 3-3-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 28/17/കൃഷി, 7-7-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 84/17/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് കർഷക പെൻഷൻ നൽകുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം- I-ഉം II-ഉം ആയി ചേർത്തിരിക്കുന്നു. *

(ബി) ആധാർ കാർഡ്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത്, ഫീൽഡ് റിപ്പോർട്ട് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് അനധികൃതമായി കർഷക പെൻഷൻ വാങ്ങുന്നവരെ പഞ്ചായത്ത് തലത്തിലെ കൃഷി ഓഫീസർമാർ സേവന പെൻഷൻ പോർട്ടലിന്റെ സഹായത്തോടുകൂടി ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 5 ജില്ലകളിലൊഴികെ എല്ലാ ജില്ലകളിലും സെപ്റ്റംബർ 2017 വരെ കർഷക പെൻഷൻ നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്ക് ഫണ്ട് ലഭ്യമാക്കി പെൻഷൻ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷക പെൻഷൻ അനുവദിക്കുന്നതിന് നടപടി

59(1574) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ അനുവദിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഈ കാരണത്താൽ കർഷകർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആവശ്യത്തിന് വരുമാന സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ കർഷകർക്ക് നൽകുന്നതിന് റവന്യൂ വകുപ്പിന് എന്തെങ്കിലും നിർദ്ദേശം കൃഷി വകുപ്പ് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ആവശ്യത്തിനുള്ള അപേക്ഷകളിൽ കർഷകർക്ക് വരുമാന സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കർഷക പെൻഷൻ അനുവദിക്കുന്നതിന് കർഷകന്റെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണം എന്ന് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമുള്ള സാഹചര്യത്തിൽ വരുമാന സർട്ടിഫിക്കറ്റ് കൃഷി ഓഫീസർക്ക് ആവശ്യപ്പെടാവുന്നതാണ്. ഈ കാരണത്താൽ കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) നിലവിൽ കർഷകർ ഈ ആവശ്യം ഉന്നയിച്ചിരുന്നില്ല. എന്നാൽ കർഷകർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സമൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി**

60(1575) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രമാത്രം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് പൂർത്തിയായ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷനും ഗ്രാറ്റുവിറ്റിയും നൽകിയിട്ടുണ്ടെന്ന് വിശദാംശം അറിയിക്കുമോ;

(ഡി) അർഹതപ്പെട്ട മുഴുവൻ അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 84997 അംഗങ്ങൾ നിലവിലുണ്ട്.

(ബി) 1994-ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. മരണപ്പെട്ട കർഷകന്റെ നോമിനിക്ക് ആനുകൂല്യവും അവശത സംഭവിച്ചവർക്ക് അവശത ആനുകൂല്യവും 60 വയസ്സ് തികയുമ്പോൾ 30,000 രൂപ മുതൽ 60,000

രൂപ വരെ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000 രൂപ പെൻഷനും നൽകി സാമൂഹ്യക്ഷേമ സുരക്ഷിതത്വം ഉറപ്പാക്കുക എന്നിവയായിരുന്നു ഉദ്ദേശ്യലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവയെല്ലാം തന്നെ അംഗങ്ങൾക്ക് നൽകി വരുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) പെൻഷനും ഗ്രാറ്റുവിറ്റിയും 2017 മേയ് മാസം മുതൽ വിതരണം നടത്തി തുടങ്ങി. 7/14 മുതൽ 3/17 കാലയളവ് വരെയുള്ള തുകയാണ് വിതരണം നടത്തി വരുന്നത്. ജില്ലയിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ അപാകതകൾ പരിഹരിച്ച് തുക വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. 21 അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും ഇനത്തിൽ 11,07,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | - 9 |
| കോട്ടയം | - 3 |
| പാലക്കാട് | -7 |
| കണ്ണൂർ | -2 |
| | 21 |

കോഴിക്കോട്, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ അപാകത ഉള്ളതിനാൽ അപാകതകൾ പരിഹരിച്ച് അയയ്ക്കുന്നതിനായി അപേക്ഷകൾ ജില്ലയിലേയ്ക്ക് തിരിച്ച് അയച്ചിട്ടുണ്ട്.

(ഡി) അർഹതപ്പെട്ട എല്ലാ അംഗങ്ങൾക്കും പെൻഷൻ നൽകുന്നുണ്ട്.

## കാർഷികമേഖലയുടെ ഉന്നമനം

61(1576) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ആത്മഹത്യ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക മേഖല നേരിടുന്ന അതീവ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ നടപടികൾ പര്യാപ്തമാണോ;

(സി) സംസ്ഥാനത്ത് കർഷക ക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓഖി ചുഴലിക്കൊടുങ്കാറ്റ് കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18-1-2007-ന് മുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങൾ വഴി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കിവരുന്നു. ഇതിനുപുറമേ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരത്തുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) അതെ.

(സി) കർഷക ക്ഷേമ ബോർഡ് നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ഡി) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റുമൂലം കാർഷിക മേഖലയിൽ വളരെയധികം കൃഷിനാശം ഉണ്ടായി. 14.07 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ഇതിനു പുറമേ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ തീരപ്രദേശത്തിനകത്തേക്ക് വ്യാപകമായി കടൽവെള്ളം കയറിയതിനെ തുടർന്ന് കാർഷിക വിളകൾക്ക് ദൂരവ്യാപകമായ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഇ) ഓഖി ദുരന്തത്തിൽ കൃഷി നാശം ഉണ്ടായവരെ സഹായിക്കുന്നതിനായി 10.75 കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഷിക വിളകൾ ഇൻഷ്വർ ചെയ്ത കർഷകരിൽ ഓഖി ചുഴലിക്കാറ്റുമൂലം കൃഷി നാശം സംഭവിച്ചവർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകിവരുന്നുണ്ട്.

**അഗ്രോപാർക്ക്**

62 (1577) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ സ്ഥാപിക്കുന്ന അഗ്രോ പാർക്കിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ ഏതെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 625/2017/കൃഷി. തീയതി, 22-6-2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്"സ്ഥാപിക്കുന്നതിന് Detailed Project Report (DPR) തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) താഴെ പറയുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് കണ്ണാറയിലെ ബനാന & ഹണി പാർക്കിൽ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നത്.

<u>മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ-ബനാന</u>

1. ബനാന ചിപ്സ്
2. റൈപ് ബനാന പൗഡർ
3. ബനാന ഫ്രൂട്ട് ജ്യൂസ് ഡിപ്പ്
4. ബനാന ഹണി ഡിപ്പ്
5. സൺഡ്രൈഡ് ബനാന ചിപ്സ്
6. പേപ്പർ &ബോർഡ്സ് ഫ്രം ബനാന സ്റ്റം വേസ്റ്റ്
7. ബനാന ഫൈബർ എക്ട്രാക്ഷൻ പ്രോഡക്ട്
8. ജ്യൂസ്, വൈൻസ്, ബിയർ.

<u>മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ- ഹണി</u>

1.പ്രോസസ്ഡ് ഹണി
2. കോമ്പ് ഹണി
3.ക്രീംഡ് ഹണി
4. ക്രിസ്റ്റൽ ഹണി
5. ഡ്രൈഡ് ഹണി
6. അൾട്രാസോണിക്കേറ്റഡ് ഹണി
7. ചങ്ക് ഹണി
8. ഹണി ക്യാപ്സ്യൂൾ
9.ഹണി സിപ്അപ്
10. ഹണി സ്റ്റിക്ക്
11. ഹണി ക്യാൻഡി
12. ഹണി പൗച്ച്
13. ഹണി കോള
14. ഹണി ഡ്രൈഫ്രൂട്ട്സ് & ഹണി നട്ട്സ്

15. ഹണി ഇൻ കൺഫക്ഷണറി

16. ഹണി ഇൻ ബേക്ക്ഡ് പ്രോഡക്ട്സ്

17. ഹണി ഇൻ മിൽക്ക് പ്രോഡക്ട്സ്

18. ഹണി ബ്രേക്ക്ഫാസ്റ്റ് സെറീയൽ

19. ഹണി വൈൻ

20. ഹണി മീഡ് & അതർ ഫെർമന്റേഷൻ പ്രോഡക്ട്സ്

21. റോയൽ ജെല്ലി ക്യാപ്സൂൾസ്

22. പ്രൊപ്പോളീസ് പൗഡർ

23. ബീസ് വാക്സ് ക്രീം

24. ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ പ്രോസസ്സിംഗ് വാക്സ്

25. ഗ്രാഫ്റ്റിംഗ് വാക്സ്

26. പോളൻ ക്യാപ്സൂൾസ്.

**അഗ്രോപാർക്കുകൾ**

63(1578) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇവ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് അധികവരുമാനം ലഭ്യമാക്കുകയാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ പ്രധാന ഉദ്ദേശം.

(സി) സംസ്ഥാനത്ത് ആദ്യഘട്ടം എന്ന നിലയിൽ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് (കൂത്താളി അഗ്രി ഫാം), മലപ്പുറം (മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സ്) ജില്ലകളിലും ബനാന, തേൻ എന്നിവയ്ക്കായുള്ള അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട സീഡ് ഫാമിലും വെജിറ്റബിൾ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

## അഗ്രോപാർക്കുകളുടെ നിർമ്മാണ പ്രവർത്തനം

64(1579) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ ആരംഭിക്കാൻ പദ്ധതിയിട്ട അഗ്രോ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കിഫ്ബിയിൽനിന്നും ഇതിനകം ഏതൊക്കെ പാർക്കുകൾക്ക് ധനസഹായം ലഭിച്ചുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 625/2017/കൃഷി തീയതി 22-6-2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക് " സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി)-ന് സമർപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ബി) ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക് " സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ

ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി)-ന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി)-ൽ നിന്നും ഫണ്ടൊന്നും ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

9-10-2017-ലെ ജി.ഒ(എം.എസ്)നമ്പർ 123/2017/എഡി ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ അഗ്രോ ബിസിനസ്സ് വികസിപ്പിക്കുക, പ്രത്യേകിച്ച് കേരളത്തിലെ സ്വന്തം ഉൽപ്പന്നങ്ങൾ അന്തർദ്ദേശീയ വിപണിയിൽ പ്രത്യേക ശ്രദ്ധ നൽകികൊണ്ട് ഇന്ത്യയിലും, വിദേശത്തും വിപണനം ചെയ്യുക, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രോ പാർക്കുകൾ വികസിപ്പിക്കുക, കാർഷിക വ്യവസായത്തിനാവശ്യമായ ഔഷധ ഉൽപ്പന്നങ്ങളുടെ വിപണനം, കാർഷിക ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് മാർക്കറ്റ് ഇടപെടലുകൾ സുഗമമാക്കുക എന്നിവയാണ് പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി**

65(1580) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾ ഏകോപിപ്പിച്ചാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്;

(സി) കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക് " കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രവർത്തന മൂലധന ഫണ്ട്, സംസ്ഥാന സർക്കാരിന്റെ വിഹിതം, സബ്സിഡി എന്നിവ എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ

സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 625/2017/കൃഷി തീയതി 22-6-2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്"സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി)-ന് സമർപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് 100 കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (എം.എസ്.) നമ്പർ 1/2018/എഡി തീയതി, 1-1-2018 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കാർഷിക വിളകളുടെ സംഭരണം, മൂല്യവർദ്ധിത വസ്തുക്കളുടെ ഉത്പാദനം, വിപണനം തുടങ്ങിയ വിഭാഗങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ ബനാന &ഹണി പാർക്ക്, മാംഗോ പാർക്ക്, കോക്കനട്ട് പാർക്ക്, വെജിറ്റബിൾ പാർക്ക് എന്നീ പാർക്കുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-യിൽ നിന്നും അനുവദിക്കുന്ന ഫണ്ട് മുഖാന്തിരമാണ് അഗ്രോപാർക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

## സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നടന്ന അഴിമതി

66(1581) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നടന്ന വ്യാപകമായ അഴിമതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) & ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നടന്ന വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് വ്യാപകമായ പരാതി ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് കൃഷി വകുപ്പ് ഡയറക്ടറിന് കീഴിലുള്ള സ്പെഷ്യൽ വിജിലൻസ് സെല്ലിനെ ചുമതലപ്പെടുത്തിയിരുന്നു. വിജിലൻസ് സെൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെയും എസ്.എച്ച്.എം. ഡയറക്ടറുടെയും കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെയും അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇത് കിട്ടിയാലുടൻ വകുപ്പുതലത്തിൽ കർശന നടപടികൾ എടുക്കുന്നതാണ്. സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ റിപ്പോർട്ടിൽ സ്വകാര്യ ഏജൻസികൾ കൂടി ഉൾപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് പരിമിതികൾ ഉള്ളതിനാലും കണ്ടെത്തിയ ക്രമക്കേടുകളുടെ സാമ്പത്തിക അഴിമതികളുടെ ഗൗരവം കണക്കിലെടുത്തും ക്രമക്കേടുകൾ സംബന്ധിച്ച് പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

## നാളികേര കൃഷി നേരിടുന്ന പ്രതിസന്ധി

67(1582) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയ രീതിയിൽ ഈ മേഖലയിൽ കൃഷി നടത്തുന്നത് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാളികേരത്തിന് വിലയിടിവും വിലസ്ഥിരത ഇല്ലായ്മയും നിലവിലുണ്ടായിരുന്ന സമയത്ത് കേരഫെഡ് മുഖേന വിപണിയേക്കാളും ഉയർന്ന വില നൽകി പച്ചതേങ്ങാ സംഭരണം നടപ്പിലാക്കിയത് കാരണം വളരെ മെച്ചമായ വില ഇപ്പോൾ നാളികേരത്തിന് നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) 2017-18 വർഷം സർക്കാർ കേരവർഷമായി പ്രഖ്യാപിച്ച് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെ ഉള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവത്ക്കരണത്തിലൂടെ കൃഷി പണികൾ യഥാസമയം നടത്തുക, കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക

കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ നാമധേയത്തിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ സേവനദാതാക്കളുടെ സംഘങ്ങളെ രൂപീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഇത്തരം വിദഗ്ധ തൊഴിലാളികളുടെ സംഘങ്ങളുടെ സേവനം കാർഷിക മേഖലയിലെ തൊഴിലാളി പ്രശ്നത്തിൻമേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്.

സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനംവഴി ജല ഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള പദ്ധതിക്കായി 300 ലക്ഷം രൂപയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനായി 300 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും രോഗവുംമൂലം ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുവേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡ് അനുവദിച്ചുതന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നാളികേര വികസനത്തിനായി കൃഷി വകുപ്പുമന്ത്രി ചെയർമാനായി 'കോക്കനട്ട് മിഷൻ' രൂപീകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

68(1583) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതു കാർഷിക വിളയായ നാളികേര കൃഷി വ്യാപകമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പൊക്കം കുറഞ്ഞതും കൂടുതൽ കായ്ഫലം ലഭിക്കുന്നതുമായ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-18 വർഷം കേരവർഷമായി കൃഷി വകുപ്പ് പ്രഖ്യാപിക്കുകയും ഇതിനായി വിപുലമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേയ്ക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) 2017-18 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ വാർഷിക ബഡ്ജറ്റിൽ വകയിരുത്തി സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള പദ്ധതിയ്ക്കായി 300 ലക്ഷം രൂപയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനായി 300 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും, രോഗവുംമൂലം ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡ് അനുവദിച്ചുതന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണം**

69(1584) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില പുതുക്കി നിശ്ചയി ച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നെല്ല് സംഭരിക്കുന്നത് സപ്ലൈകോയും, നാളികേരം സംഭരിച്ചുവരുന്നത് കേരഫെഡുമാണ്. നെല്ലിന്റെ സംഭരണവില ജി.ഒ.(എം.എസ്.) നമ്പർ 32/2017/എഫ്&സിഎസ് തീയതി 21-11-2017 പ്രകാരം 2107-18-ൽ കിലോയ്ക്ക് 23.30 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സംഭരിക്കുന്ന നെല്ലിന് ഇപ്പോൾ പി.ഡി.എസ്.-ന്റെ അടിസ്ഥാനത്തിൽ ഉടനടി സംഭരണവില ലഭ്യമാകുന്നുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 133/17/കൃഷി തീയതി 26-10-2017 പ്രകാരം നാളികേര സംഭരണം പുനരാരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന് മാർക്കറ്റിൽ മുന്തിയ വില ലഭിക്കുന്നതിനാൽ സംഭരണം നടത്തുന്നില്ല.

(ബി) നെല്ലിന്റെ താങ്ങുവില 2017-18-ൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) നമ്പർ 32/2017/എഫ്&സിഎസ് തീയതി 21-11-2017 പ്രകാരം കിലോയ്ക്ക് 23.30 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നാളികേരത്തിന്റെ താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടില്ല.

**തെങ്ങുകൃഷിയുടെ വിസ്തൃതി**

70(1585) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകദേശം എത്ര തെങ്ങുകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തെങ്ങുകളിൽനിന്ന് എത്ര നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 45 വർഷം മുമ്പ് ഇന്ത്യയിൽ എത്ര ഹെക്ടർ തെങ്ങ് കൃഷി ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര ഹെക്ടർ കേരളത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഇന്ത്യയിലേയും കേരളത്തിലേയും തെങ്ങുകൃഷിയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ കേരളത്തിൽ 7,81,496 ഹെക്ടറിൽ നാളികേര കൃഷി നിലവിലുണ്ടായിരുന്നു. തെങ്ങുകളുടെ സാന്ദ്രതയുടെ സംസ്ഥാന ശരാശരി ഒരു ഹെക്ടറിന് 215 ആണ്. അപ്രകാരം കണക്കാക്കുമ്പോൾ 16,80,21,640 തെങ്ങുകൾ അവശേഷിക്കുന്നുണ്ട്.

(ബി) സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ കേരളത്തിൽ 5384 ദശലക്ഷം നാളികേരം ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു.

(സി) കേന്ദ്ര കൃഷി മന്ത്രാലയത്തിൻ കീഴിലുള്ള അഗ്രികൾച്ചർ ആന്റ് കോ-ഓപ്പറേഷൻ വകുപ്പിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 1973-74-ൽ ഇന്ത്യയിൽ 11,02,000 ഹെക്ടറിൽ തെങ്ങ് കൃഷി ഉണ്ടായിരുന്നു.

(ഡി) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച സീസൺ ആന്റ് ക്രോപ്പ് റിപ്പോർട്ട് ഫോർ കേരള സ്റ്റേറ്റ് 1974-75 കാലഘട്ടത്തിൽ കേരളത്തിൽ 7,44,828 ഹെക്ടർ കേരകൃഷി ഉണ്ടായിരുന്നു.

(ഇ) കേന്ദ്ര കൃഷി മന്ത്രാലയത്തിൻ കീഴിലുള്ള അഗ്രികൾച്ചർ & കോ-ഓപ്പറേഷൻ വകുപ്പിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16-ൽ ഇന്ത്യയിൽ 20,88,470 ഹെക്ടറിൽ നാളികേര കൃഷി ഉണ്ടായിരുന്നു. 2016-17-ലെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്കുകൾ പ്രകാരം കേരളത്തിൽ 2015-16-ൽ 7,90,223 ഹെക്ടറിലും 2016-17-ൽ 7,81,496 ഹെക്ടറിലും നാളികേര കൃഷി ഉണ്ടായിരുന്നു.

**വെളിച്ചെണ്ണയുടെയും പച്ചക്കറികളുടെയും വിലവർദ്ധന**

71(1586) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പോളത്തിൽ വെളിച്ചെണ്ണയുടെയും പച്ചക്കറികളുടെയും വില സർവ്വകാല റിക്കാർഡിൽ എത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേരഫെഡിന്റെ കേര വെളിച്ചെണ്ണയ്ക്ക് 2017 നവംബർ, ഡിസംബർ, 2018 ജനുവരി മാസങ്ങളിൽ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാർ സ്ഥാപനം തന്നെ വെളിച്ചെണ്ണയുടെ വില അമിതമായി വർദ്ധിപ്പിച്ചത് പൊതുകമ്പോളത്തിൽ വെളിച്ചെണ്ണയുടെ വില കൂടാൻ ഇടയാക്കിയിട്ടില്ലേ എന്നറിയിക്കാമോ ?

ഉത്തരം

(എ) വെളിച്ചെണ്ണയുടെ വില ഇപ്പോൾ സർവ്വകാല റെക്കോർഡിലാണ്. എന്നാൽ പച്ചക്കറികൾക്ക് ന്യായമായ വിലയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) കേരഫെഡിന്റെ കേര വെളിച്ചണ്ണയുടെ വില ഒരു ലിറ്റർ പൗച്ചിന് 2017 നവംബർ മാസം 4-ാം തീയതി 220 രൂപയായും (എം.ആർ.പി.), നവംബർ മാസം

24-ാം തീയതി 240 രൂപയായും (എം.ആർ.പി.), ഡിസംബർ 13-ാം തീയതി 260 രൂപയായും (എം.ആർ.പി) ഉയർന്നിരുന്നു. എന്നാൽ 18-1-2018 മുതൽ കേര വെളിച്ചെണ്ണയുടെ വില ഒരു ലിറ്റർ പൗച്ചിന് എം.ആർ.പി. 250 രൂപയായി കുറച്ചിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽപോലും വെളിച്ചെണ്ണയ്ക്ക് അമിതവില ഈടാക്കിയിട്ടില്ല. വെളിച്ചെണ്ണ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുവായ കൊപ്ര കേരഫെഡ് വാങ്ങുന്ന വിലയ്ക്ക് അനുസൃതമായിട്ടാണ് കേരഫെഡ് വെളിച്ചെണ്ണയുടെ വില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. കൊപ്രയുടെ വില കഴിഞ്ഞ 30 വർഷ കാലയളവിലെ സർവ്വകാല റെക്കോർഡിൽ എത്തി നിൽക്കുകയാണ്. 4-11-2017-ൽ, കേരഫെഡ് വാങ്ങിക്കൊണ്ടിരുന്ന കൊപ്രയുടെ വില കിലോയ്ക്ക് 110 രൂപയിൽനിന്നും 118 രൂപയായതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കേണ്ടിവന്നത്. കൂടാതെ 24-11-2017-ന് കൊപ്രയുടെ വില കിലോയ്ക്ക് 118 രൂപയിൽനിന്നും 135 രൂപയും 13-12-2017-ന് കിലോയ്ക്ക് 135 രൂപയിൽനിന്നും 147 രൂപയുമായതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വീണ്ടും വീണ്ടും വർദ്ധിപ്പിക്കേണ്ടിവന്നത്. എന്നാൽ 18-1-2018-ൽ കൊപ്രയുടെ വില കിലോയ്ക്ക് 147 രൂപയിൽ നിന്നും 138 രൂപയായി കുറഞ്ഞതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില കുറച്ചത്.

(സി) കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽപോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ലാത്തതിനാൽ കേരഫെഡ് മുഖേന പൊതുകമ്പോളത്തിൽ വെളിച്ചെണ്ണയുടെ വില കൂട്ടുവാൻ ഇടവന്നിട്ടില്ല.

**കാർഷിക മേഖലയുടെ ഉന്നമനത്തിനായി പദ്ധതി**

72(1587) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കൃഷി വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കൃഷി ഓഫീസർമാരുടെ കുറിപ്പടിയുണ്ടെങ്കിൽ മാത്രമേ കീടനാശിനികൾ വിൽക്കാവൂ എന്ന നിയമം കർശനമായി നടപ്പാക്കുന്നതിനും അനധികൃതമായി ഇവ വിൽക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് തരിശുനിലകൃഷി, കരനെൽകൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി.

2. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ബ്ലോക്കുതലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് അധിഷ്ഠിത ധനസഹായം.

3. നഗരങ്ങളിലും വീട്ടുവളപ്പുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മിനി പോളിഹൗസുകൾ സ്ഥാപിക്കുന്നതിന് ധനസഹായം.

4. മഴമറയിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം.

5. വിളവെടുത്ത പച്ചക്കറികൾ സംരക്ഷിക്കുന്നതിന് സീറോ എനർജി കൂൾ ചേമ്പറുകൾ.

6. പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം.

7. തെങ്ങിന്റെ കുള്ളൻ, സങ്കരയിനങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ പ്രാദേശിക ലഭ്യത വർദ്ധിപ്പിക്കുന്നതിന് സി.പി.സി.ആർ.ഐ. യുടെ സാങ്കേതിക സഹായത്തോടെയും കർഷകരുടെ പങ്കാളിത്തോടെയുമുള്ള തെങ്ങിൻതൈ ഉൽപ്പാദനം

8. പ്രാദേശിക സാധ്യതയുള്ള വിളകളായ എള്ള്, നിലക്കടല, ചെറുധാന്യങ്ങൾ, കരിമ്പ് തുടങ്ങിയവയുടെ കൃഷി ഉത്തേജിപ്പിക്കുന്നതിനായി അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതി.

9. സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴ തുടങ്ങിയവയുടെ കൃഷി, അവയുടെ കൃഷിക്ക് അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രത്യേക കാർഷിക മേഖലകളിൽ ഊർജ്ജിതപ്പെടുത്തി പരമാവധി ഉല്പാദനം കൈവരിച്ച് മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെ കർഷകന് മികച്ച വരുമാനം നേടിക്കൊടുക്കുന്ന 'പ്രത്യേക കാർഷിക മേഖലാ പദ്ധതി'.

10. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം എസ്.എഫ്.എ.സി. മുഖാന്തരം ലഭ്യമാക്കുന്നു.

11. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധന, സാങ്കേതിക വിദ്യകൾ, സംരംഭകർക്ക് മനസ്സിലാക്കികൊടുക്കുന്നതിനും അവരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, IISR, NIIST, KVK എന്നിവ മുഖാന്തിരം ഇൻക്യുബേഷൻ സെന്ററുകളുടെ സ്ഥാപനം.

12. പോളിഹൗസ് കൃഷി, കൃത്യതാ കൃഷി എന്നിവയ്ക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന ഹൈ-ടെക് കൃഷി പദ്ധതി.

13. കാർഷിക രംഗത്തെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് രൂപം നൽകിയിട്ടുള്ള അഗ്രോസർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ഇവയുടെ അപെക്സ് ബോഡിയുടെ സ്ഥാപനം.

14. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ പണിസ്ഥലത്തുവച്ചുതന്നെ നടത്തുന്നതിനും പ്രവർത്തനക്ഷമ മാക്കുന്നതിനുമായ 3 അഗ്രോമെഷിനറി സർവ്വീസ് സെന്ററുകളുടെ (റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകളുടെ) സ്ഥാപനം.

15. ഫലവർഗ്ഗ കൃഷി, പുഷ്പകൃഷി, ഔഷധസസ്യ കൃഷി എന്നിവയുടെ പ്രോത്സാഹനം.

16. സംസ്ഥാനത്തിന്റെ കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനയിൽ വിപണന സാധ്യതകളും മെച്ചപ്പെടുത്തുന്നതിന് ചെറുകിട അഗ്രോപാർക്കുകളുടെ ശൃംഖല KIIFB യുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കൽ.

17. മികച്ച കാർഷിക മുറകൾക്കും പ്രകൃതി സൗഹൃദ വിള ആരോഗ്യ പരിപാലന മുറകൾക്കും ഊന്നൽ നൽകി സുരക്ഷിത ഭക്ഷ്യോൽപാദനം ലക്ഷ്യമിടുന്ന ജൈവകൃഷി പദ്ധതി.

(ബി) ഉണ്ട്.

(സി) എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാനപ്പെട്ട ചുമതലകൾ താഴെ വിവരിക്കുന്നു:

1. വിത്തിന്റേയും മറ്റ് നടീൽ വസ്തുക്കളുടെയും വിതരണത്തിലും വിൽപ്പനയിലും നിയന്ത്രണമേർപ്പെടുത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

2. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ നഴ്സറികൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം രജിസ്ട്രേഷൻ നൽകുകയും ഇത്തരം സ്ഥാപനങ്ങൾവഴി ഇറക്കുമതി ചെയ്യുകയോ ഉല്പാദിപ്പിച്ച് വിതരണം നടത്തുകയോ ചെയ്യുന്ന എല്ലാ നടീൽ വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

3. രാജ്യത്ത് പുറത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിത്തും മറ്റ് നടീൽ വസ്തുക്കളും രോഗകീട നിവാരണം ഉറപ്പാക്കാതെ ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായി തടയുക.

4. കാർഷികാവശ്യത്തിനായി സർക്കാർ സബ്സിഡിയോടെ കർഷകർക്ക് നൽകുന്ന യൂറിയ ഉൾപ്പെടെയുള്ള രാസവളങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നത് തടയുകയും സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാവിധ രാസവളങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുക.

5. അംഗീകൃത ജൈവവള കമ്പനികൾ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും തദ്ദേശീയമായി ഉല്പാദിപ്പിച്ച് കർഷകർ വ്യാപകമായി ഉപയോഗിക്കുന്ന ജൈവവളങ്ങൾക്ക് നിലവാരം നിശ്ചയിക്കുകയും ചെയ്യുക.

6. ജൈവവളങ്ങൾ എന്ന പേരിൽ അനധികൃതമായി വിറ്റഴിക്കുന്നതും മാരകവസ്തുക്കൾ അടങ്ങിയിട്ടുള്ളതുമായ വ്യാജ ജൈവ ഉൽപ്പന്നങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക.

7. സംസ്ഥാന സർക്കാർ കേരളത്തിൽ ഉപയോഗം നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽനിന്ന് അനധികൃതമായി എത്തിക്കുന്നതിനും സംസ്ഥാനത്ത് വിതരണം ചെയ്യുന്നതും കർശനമായി തടയുക.

8. വിഷാംശം ഏറിയ നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസർമാരുടെ നിർദ്ദേശമില്ലാതെയും അംഗീകൃത ഡീലർമാരുടേതല്ലാതെയും കർഷകർക്കും കർഷക സമിതികൾക്കും എത്തിക്കുന്നത് തടയുക.

9. ജൈവ കീടനാശിനികൾ എന്നപേരിൽ അനധികൃതമായി ഉൽപ്പാദിപ്പിച്ച് വിപണിയിൽ വിൽപ്പനയ്ക്കെത്തുന്ന വ്യാജ ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

10. ഗാർഹിക കീടനാശിനികളുടെ വിൽപ്പനയിലും വിതരണത്തിലും ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തുക.

(ഡി) സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കീടനാശിനികൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസറുടെ കുറിപ്പടി നിർബന്ധമാക്കിയിരുന്നുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഇത് നടപ്പിലായില്ല. 2015-ൽ കീടനാശിനി വിൽപ്പനയ്ക്ക് കൃഷി ഓഫീസറുടെ കുറിപ്പടി വേണമെന്നുള്ള വ്യവസ്ഥ 7 മാരക കീടനാശിനികൾക്ക് (നിയന്ത്രിത കീടനാശിനികൾ) മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ ഉത്തരവും പ്രായോഗികമായി നടപ്പിലായിരുന്നില്ല. ഈ വ്യവസ്ഥയാണ് കൃഷി വകുപ്പ് ഇപ്പോൾ കർശനമായി നടപ്പിലാക്കി വരുന്നത്.

ഇതുപ്രകാരം നിയന്ത്രിത കീടനാശിനികൾ ഡിപ്പോകളിൽനിന്ന് ലഭിക്കുവാൻ കർഷകർ കൃഷി ഓഫീസറുടെ ശിപാർശ സഹിതം കുറിപ്പടി ലഭ്യമാക്കണം. ഇപ്രകാരം കുറിപ്പടി നൽകുന്ന കർഷകരുടെയും കീടനാശിനികളുടെയും വിവരങ്ങൾ കൃഷി ഭവനിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം. കീടനാശിനി ഡിപ്പോകളിൽനിന്നും നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ കുറിപ്പടിയില്ലാതെ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ എന്ന നിലയിൽ കൃഷി ഓഫീസർമാർ ഡിപ്പോകൾക്കെതിരെ നടപടി കൈക്കൊള്ളും. ഇത്തരത്തിൽ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന നിയന്ത്രിത കീടനാശിനികളുടെ വിവരങ്ങൾ കീടനാശിനി ഡിപ്പോകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പടുത്തി സൂക്ഷിക്കുന്നതിനും ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക

73(1588) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച് വകുപ്പ് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രദേശത്തെ കൃഷി സംരക്ഷിക്കാൻ വേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി അനുവാദം ചോദിച്ചിരുന്നതുപ്രകാരം അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പുറമണ്ണൂർ ആശാരിക്കടവ് ജലസേചന പദ്ധതി ഇരിമ്പിളിയം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പദ്ധതിയാണ്. ആയതിന്റെ നടത്തിപ്പ്, കറണ്ട് ചാർജ് അടയ്ക്കൽ എന്നിവ ഗുണഭോക്തൃ സമിതിയെ ടി ഗ്രാമപഞ്ചായത്ത് യഥാസമയം ഏൽപ്പിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് കൃഷി വകുപ്പിൽ നടപടികളില്ല.

## ഓയിൽ പാം ഇൻഡ്യ മുഖേന നെല്ല് സംഭരണം

74(1589) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇൻഡ്യ നടത്തുന്ന മോഡേൺ റൈസ് മിൽ നെല്ല് സംഭരണത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) ഓയിൽ പാം ഇൻഡ്യയ്ക്ക് നെല്ല് സംഭരണ പ്രക്രിയയിൽ സബ്സിഡി ലഭിക്കാൻ അർഹതയുണ്ടോ;

(സി) നെല്ല് സംഭരണ പദ്ധതിയിൽ ഓയിൽ പാം ഇൻഡ്യയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-2-2011-ലെ സർക്കാർ ഉത്തരവ് നമ്പർ 63/2011/കൃഷി പ്രകാരം സർക്കാർ സംഭരണ നിരക്കിൽ നെല്ല് സംഭരിക്കുമ്പോൾ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഓയിൽ പാം ഇൻഡ്യയ്ക്കും ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഓയിൽ പാം ഇൻഡ്യ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (SIB) സർക്കാരിൽനിന്നും ആവശ്യപ്പെടുന്നത്.

(സി) കമ്പനി കർഷകരിൽനിന്നും മുൻകൂർ SIB നൽകി, നെല്ല് സംഭരിക്കുമ്പോൾ ഈ തുക സർക്കാരിൽനിന്നും യഥാസമയം തിരികെ ലഭിക്കാത്തതിന് കമ്പനിയുടെ പ്രവർത്തന മൂലധനത്തിന്റെ ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മില്ലിൽ നെല്ല് അരിയാക്കി വിറ്റപ്പോൾ 31-3-2017 വരെ 3.94 കോടി രൂപയുടെ പ്രവർത്തന നഷ്ടം മില്ലിന് ഉണ്ടായിട്ടുണ്ട്.

## നെല്ല് സംഭരണ വില

75(1590) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ വില കർഷകർക്ക് ഒരാഴ്ചയ്ക്കകം ലഭ്യമാക്കുമെന്ന 2016-17-ലെ ബജറ്റ് നിർദ്ദേശം അനുസരിച്ച് സംഭരണ വില നൽകുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) 2016-17-ലും 2017-18-ലും നെല്ല് സംഭരണ വില വിതരണം ചെയ്യുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മുൻ സർക്കാറിന്റെ കാലത്ത് കുടിശ്ശികയായ എത്ര തുകയുള്ള നെല്ല് സംഭരണ വില വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില പി.ആർ.എസ്. ലോൺ മുഖേന നെല്ല് സംഭരിച്ച് ഉടൻ തന്നെ കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 14 ബാങ്കുകളിലായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണ വില വിതരണം ചെയ്യുന്നതിന് 1053.18 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 24-1-2018 വരെ 794.79 കോടി രൂപയും സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 150 കോടിയോളം രൂപ മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ചതിന്റെ വകയിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം തുക**

76(1591) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം സഹകരണ സംഘങ്ങൾ മുഖേന എത്ര രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്;

(സി) ശിപാർശ നൽകിയ മുഴുവൻ തുകയും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-ന് മുമ്പായി സഹകരണ സംഘം/മറ്റ്

ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. ഒരു കർഷകന് 50,000 രൂപ വരെയുള്ള വായപയ്ക്ക് 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് 50% വരെയും പരമാവധി ഒരു ലക്ഷം രൂപയും ആണ് കടാശ്വാസം ശിപാർശ ചെയ്തു വരുന്നത്. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേയ്ക്ക്കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം 13398 വായ്പകളിലായി 33,59,27,094 രൂപ വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 10048 വായ്പകളിലായി 11,40,29,053 രൂപയുടെ അവാർഡ് തുക വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കർഷക വായ്പകളിന്മേൽ മോറട്ടോറിയം**

77(1592) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക വായ്പകളിന്മേൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയത്തിന്റെ കാലാവധി അവസാനിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; മോറട്ടോറിയം നീട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കർഷക വായ്പ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; കാർഷിക, സഹകരണ ബാങ്കുകളിൽ കർഷകർക്ക് എത്ര രൂപയുടെ വായ്പാ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളിൽ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; കാർഷിക കടാശ്വാസ കമ്മീഷൻ അവസാന മായി അപേക്ഷകൾ സ്വീകരിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷകർക്ക് എത്ര രൂപയുടെ കടാശ്വാസ ശിപാർശ കമ്മീഷനിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കടാശ്വാസത്തിന് ബജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ തുക കടാശ്വാസമായി നൽകിയോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം 2017 മേയ് 31-ന് അവസാനിച്ചു. പ്രസ്തുത മോറട്ടോറിയത്തിന്റെ കാലാവധി നീട്ടിയിട്ടില്ല.

(ബി) കൃഷി ചെയ്യുന്ന വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫൈനാൻസ് ആണ് ഹ്രസ്വകാല വായ്പാ തുക നിർണ്ണയിക്കുന്ന മാനദണ്ഡം.

ഏത് അടിസ്ഥാന സൗകര്യമാണോ ഏർപ്പെടുത്തുന്നത് അതിന് നബാർഡ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് ആണ് ദീർഘകാല വായ്പാ തുക നിർണ്ണയിക്കുന്ന മാനദണ്ഡം.

2016-17 സാമ്പത്തിക വർഷം കാർഷിക സഹകരണ ബാങ്കുകളിൽ കർഷകർക്ക് 1877.4386 കോടി രൂപയുടെ വായ്പ കുടിശ്ശികയാണ്.

(സി) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 31-10-2015 വരെ 477198 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 439805 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) അപേക്ഷകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് സിറ്റിംഗുകൾ നടത്തി കടാശ്വാസത്തിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തുവരുന്നു. ജപ്തി നടപടി കളാൽ കിടപ്പാടം നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ കമ്മീഷൻ നടത്തുകയും സ്റ്റേ അനുവദിക്കുകയും ചെയ്യുന്നു. 31-10-2015-ൽ ആണ് അവസാനമയി അപേക്ഷകൾ സ്വീകരിച്ചത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6193 കർഷകർക്കായി 16,06,77,951 രൂപയുടെ കടാശ്വാസം ശിപാർശ നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(ജി) 20 കോടി രൂപയും കടാശ്വാസമായി നൽകിയിട്ടുണ്ട്.

## പുറംബണ്ടുകൾ ബലപ്പെടുത്തുകയും ഡിവൈഡിംഗ് ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിന് നടപടി

78(1593) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിൽ കാർഷികവൃത്തിയിൽ തൊഴിലാളികളുടെ ലഭ്യതകുറവ് പരിഹരിക്കാൻ യന്ത്രവത്കരണം സാധ്യമാകണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യന്ത്രവൽക്കരണം സാധ്യമാകുന്ന വിധത്തിൽ പുറംബണ്ടുകൾ ബലപ്പെടുത്തുകയും ഡിവൈഡിംഗ് ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനായി പുറംബണ്ടുകൾ ബലപ്പെടുത്തുകയും ഡിവൈഡിംഗ് ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള പ്രവൃത്തികൾ കുട്ടനാട് പാക്കേജ് രണ്ടാം ഘട്ട പദ്ധതിയിലും കുട്ടനാട് (Special Agricultural Zone) പദ്ധതിയിലുമുൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുട്ടനാട് ആർ ബ്ലോക്കിലെ കർഷകരുടെ പ്രശ്നങ്ങൾ

79(1594) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആർ ബ്ലോക്കിന് വേണ്ടി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 50 എച്ച്.പി.യുടെ 12 വെർട്ടിക്കൽ പമ്പ് സെറ്റുകൾ പുതിയതായി സ്ഥാപിക്കുന്നതിന് ഫിനാൻസിലുള്ള ഫയലിലെ നിർദ്ദേശത്തിന് അംഗീകാരം നൽകാൻ കഴിയുമോ;

(സി) നിലവിലുള്ള 21 പമ്പ് സെറ്റുകൾ റിപ്പയർ ചെയ്ത് ആർ. ബ്ലോക്കിലെ കൃഷി പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ ആർ ബ്ലോക്കിന് വേണ്ടി ജി.ഒ.(എം.എസ്.) നമ്പർ 29/2013/എഡി. തീയതി, 15-2-2013 പ്രകാരം 895.9 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ 1,86,58,608 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 50 എച്ച്.പി.യുടെ 12 വെർട്ടിക്കൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനായി പർച്ചേസ് സാങ്ഷൻ ലഭ്യമാക്കാമോ എന്നത് പരിശോധിച്ചുവരുന്നു.

(സി) പഴയ പറമ്പ് മോട്ടോർ തറയിലെ പമ്പ് സെറ്റ് റിപ്പയർ ചെയ്തിട്ടുണ്ട്. മറ്റ് പമ്പ് സെറ്റുകൾ കൂടി റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട് ആർ ബ്ലോക്കിൽ കൃഷി പുനഃസ്ഥാപിക്കുന്നതിന് നടപടി**

80(1595) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആർ ബ്ലോക്കിനുവേണ്ടി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 50 എച്ച്.പി.യുടെ 12 വെർട്ടിക്കൽ പമ്പ് സെറ്റുകൾ പുതിയതായി സ്ഥാപിക്കുന്നതിന് ഫിനാൻസിലുള്ള ഫയലിലെ നിർദ്ദേശത്തിന് അംഗീകാരം നൽകാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ ആർ ബ്ലോക്കിന് വേണ്ടി ജി.ഒ.(എം.എസ്.) നമ്പർ 29/2013/എഡി തീയതി 15-2-2013 പ്രകാരം 895.9 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ 1,86,58,608 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആർ ബ്ലോക്കിൽ കൃഷി പുനഃസ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ച് അടിയന്തര നടപടികൾ നടന്നുവരുന്നു.

**കുട്ടനാട് മണ്ഡലത്തിലെ തരിശ് നിലങ്ങൾ**

81(1596) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലത്തിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യത്തോടെ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. തുടർച്ചയായ മൂന്നുവർഷം ആനുകൂല്യം നൽകുന്നുണ്ട്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800 രൂപയും 1200 രൂപയും, മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കുട്ടനാട് മണ്ഡലത്തിൽ അടിയന്തര പ്രാധാന്യത്തോടെ പരമാവധി തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ ചമ്പക്കുളം, എടത്വ, കൈനകരി പഞ്ചായത്തുകളിൽപ്പെടുന്ന 240 ഹെക്ടർ സ്ഥലത്ത് അത്യുൽപാദന ശേഷിയുള്ള ഹ്രസ്വകാല/മദ്ധ്യകാല മൂപ്പുള്ള നെല്ലിനങ്ങളായ പ്രത്യാശ, ശ്രേയസ് എന്നിവ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

രാമങ്കരി കൃഷി ഭവൻ പരിധിയിലുള്ള പടിഞ്ഞാറേ മംഗലശ്ശേരി പാടശേഖരത്തിൽ 23.5 ഏക്കറിൽ ജൈവകൃഷി ചെയ്യുന്നതിന് 1.999 ലക്ഷം രൂപ പദ്ധതിയധിഷ്ഠിതമായി അനുവദിച്ചിട്ടുണ്ട്.

വീയപുരം കൃഷി ഭവൻ പരിധിയിലെ മുണ്ടുതോട് പോളത്തുരുത്ത് പാടശേഖരത്തിൽ രണ്ട് 7.5 HP പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി 2.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചമ്പക്കുളം കൃഷി ഭവൻ പരിധിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും തലവടി കൃഷിഭവൻ പരിധിയിൽ റൈസ് മില്ലിന് 3 ലക്ഷം രൂപയും പദ്ധതിയധിഷ്ഠിതമായി അനുവദിച്ചിട്ടുണ്ട്.

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിൽ പദ്ധതികൾ**

82(1597) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് എത്ര പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത്;

(സി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് നെൽകൃഷി, എള്ള് കൃഷി എന്നിവയ്ക്കായി രണ്ട് പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്.

(ബി) തരിശുനിലകൃഷി, ഉൽപ്പാദനോപാധികൾക്കുള്ള സഹായം, ചെറുകിട ജലസേചനം, എള്ള് കൃഷി എന്നിവയ്ക്കായി 6.2049 കോടി രൂപ ചെലവഴിച്ചു.

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചു.

**കുട്ടനാട് നിയോജകമണ്ഡലത്തിലെ കർഷകരുടെ പ്രശ്നങ്ങൾ**

83(1598) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കൈനകരി, കാവാലം, നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിൽ മൺസൂൺ കാലത്ത് വേലിയേറ്റം ഉണ്ടാകുമ്പോൾ ഭൂപ്രദേശം വെള്ളത്തിനടിയിലാകുന്നതിനാൽ ഈ പ്രദേശങ്ങളിലെ വീടുകളും ശൗചാലയങ്ങളും തകർന്ന് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പഞ്ചായത്തുകളെ പ്രത്യേക പ്രദേശമായി പ്രഖ്യാപിച്ച് നിർധനരായ കുടുംബങ്ങളുടെ ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് മാറ്റിവെക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി കൃഷി വകുപ്പിൽ പദ്ധതികൾ നിലവിലില്ല

**'മൂന്നാറിൽ പച്ചക്കറി മാർക്കറ്റ്"**

84(1599) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കൃഷി വകുപ്പ് പുതുതായി പച്ചക്കറി മാർക്കറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മൂന്നാറിൽ നിലവിൽ ആഴ്ച ചന്ത ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. അടുത്ത സാമ്പത്തിക വർഷം പുതിയ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കും.

## സംസ്ഥാനത്തെ പച്ചക്കറി സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ നടപടി

85(1600) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിനംപ്രതി ശരാശരി എത്ര ടൺ പച്ചക്കറി ആവശ്യമുള്ളതായിട്ടാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ ആഭ്യന്തര ഉല്പാദനം എത്ര ടൺ വരുമെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളും ആണ് കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിവരുന്നതെന്ന് വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെടിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 ലക്ഷം മെടിക് ടണ്ണാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്.

(ബി) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയിൽ വിവിധ ഘടകങ്ങളായി കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം

3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ

5. ജില്ലാ ക്ലസ്റ്റർ വികസനം

6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

7. നഴ്സറികൾ സ്ഥാപിക്കൽ

8. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും

9. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം

10. പച്ചക്കറി കൃഷിക്കുവേണ്ടി മിനി-പോളീഹൗസുകളുടെ പ്രോത്സാഹനം

11. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ

12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം.

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

14. 'സേഫ്-ടു-ഈറ്റ് ബ്രാൻഡിംഗ്''

15. അവാർഡ് വിതരണം

16. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

17. മഴമറ നിർമ്മാണം

18. ബാഹ്യ നിരീക്ഷണം

19. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

20. വി.എഫ്.പി.സി.കെ. വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം

86(1601) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ എത്ര ഔട്ട്ലെറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്ര കോടി രൂപയുടെ വിറ്റുവരവ് ഓരോ വർഷവും ഉണ്ടാകുന്നുണ്ട് എന്നറിയിക്കുമോ;

(സി) ഹോർട്ടികോർപ്പിന് എവിടെയൊക്കെയാണ് പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ഉള്ളത്;

(ഡി) കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിയ്ക്കുമ്പോൾ വില നിശ്ചയിച്ച് നൽകുന്നത് എന്തൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ പരമാവധി സ്ഥലങ്ങളിൽനിന്നും ഹോർട്ടികോർപ്പ് മുഖേന പച്ചക്കറികൾ സംഭരിച്ച് കർഷകർക്ക് മാന്യമായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന്റെ കീഴിൽ നിലവിൽ 95 സ്വന്തം സ്റ്റാളുകളും 253 ലൈസൻസി സ്റ്റാളുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ആകെയുള്ള വിറ്റുവരവ്:

2014-15 - 81,39,05,455.10 രൂപ

2015-16 - 70,00,13,766.81 രൂപ

2016-17 - 77,93,75,636.64 രൂപ

(സി) കാസർഗോഡ് ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന് പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. ഇതുകൂടാതെ ചടയമംഗലത്തും ഹരിപ്പാട്ടുമായി രണ്ട് ഉപകേന്ദ്രങ്ങളും ഹോർട്ടികോർപ്പിനുണ്ട്.

(ഡി) കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷക പ്രതിനിധികളും കൂടി ഉൾപ്പെടുന്ന സമിതി നിശ്ചയിക്കുന്ന അടിസ്ഥാന വിലയിൽനിന്നും 10 ശതമാനം അധികം നൽകിയാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത്.

(ഇ) പൊതുവിപണിയിൽനിന്ന് കർഷകർക്ക് ലഭിക്കുന്ന വിലയുമായി താരതമ്യം ചെയ്ത് അതിനെക്കാൾ 10% വില കൂട്ടി കർഷകരിൽനിന്നും സംഭരിക്കുകയും കമ്പോള വിലയെക്കാൾ വില കുറച്ച് മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരികയും ചെയ്യുന്നു. സംസ്ഥാന കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്തവ്യാപാര വിപണികൾ, പച്ചക്കറി ക്ലസ്റ്ററുകൾ എന്നിവിടങ്ങളിൽനിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു.

## തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് നടപടി

87(1602) ശ്രീ. റോജി എം. ജോൺ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലടക്കം വിവിധ കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമംമൂലം പുഞ്ചകൃഷി അവതാളത്തിലായ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളി ക്ഷാമംമൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-12-2017 വരെ ആകെ 23,89,503 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിട്ടയർ ചെയ്തവരെയും മരണപ്പെട്ടവരെയും അംഗത്വത്തിൽനിന്നും ഒഴിഞ്ഞുപോയവരെയും കിഴിച്ച് 16,47,067 പേർ അംഗങ്ങളായി തുടരുന്നുണ്ട്.

(ബി & സി) തൊഴിലാളി ക്ഷാമംമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവ രൂപീകരിക്കുന്നതിലൂടെ സാധിക്കുന്നതാണ്. കാർഷിക കർമ്മസേനകളുടേയും അഗ്രോ സർവ്വീസ് സെന്ററുകളുടെയും ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

## തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് പദ്ധതി

88(1603) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വർഷങ്ങളായി തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തരിശുനില കൃഷിക്കായി സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം നിലവിലുള്ള നെൽകൃഷി നിലനിർത്തുന്നതിനൊപ്പം ഈ പഞ്ചവത്സര പദ്ധതിക്കാലം കൊണ്ട് വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്.

പദ്ധതി ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പുതിയതായി 15000 ഏക്കർ സ്ഥലം നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം 13000 ഏക്കർ നെൽപ്പാടങ്ങൾ പുതിയതായി കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി 28000 ഏക്കർ തരിശു നിലത്തിൽ കൃഷി പുനരാരംഭിച്ചിട്ടുണ്ട്.

(സി) മൂന്ന് വർഷം ആനുകൂല്യം നൽകുന്നുണ്ട്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും, മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## നെൽകൃഷിയിലുണ്ടായ കുറവ്

89(1604) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയിൽ ഇക്കഴിഞ്ഞ വർഷം കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽകൃഷിയിൽ ഗണ്യമായ കുറവുണ്ടാകാനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 2016-17-ൽ വിസ്തൃതിയിൽക്കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ രൂക്ഷമായ വരൾച്ച മൂലമായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക് ബാധിച്ച് കൃഷി നഷ്ടപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു.

ഇക്കണോമിക്ക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനങ്ങൾ പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തെ നെൽകൃഷി വിസ്തൃതിയും ഉല്പാദനവും ചുവടെ ചേർക്കുന്നു:

| വർഷം | വിസ്തൃതി | ഉല്പാദനം |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |

നെൽകൃഷി വിസ്തൃതിയിലുണ്ടായ വ്യതിയാനമാണ് ഉല്പാദനം കുറഞ്ഞതിനു പ്രധാന കാരണം. 2016-17-ൽ വിസ്തൃതിയിൽ കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ രൂക്ഷമായ വരൾച്ച മൂലമായിരുന്നു.

| ജില്ല | ഉണക്ക് ബാധിച്ച് കൃഷി നാശം സംഭവിച്ച വിസ്തൃതി (ഹെക്ടർ) |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 197.51 |
| കൊല്ലം | 433.89 |
| പത്തനംതിട്ട | 10203 |
| ആലപ്പുഴ | 914.08 |

| 1 | 2 |
|---|---|
| കോട്ടയം | 632.07 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 118.5 |
| തൃശ്ശൂർ | 2632.63 |
| പാലക്കാട് | 19072.04 |
| മലപ്പുറം | 888.2 |
| കോഴിക്കോട് | 38.5 |
| വയനാട് | 904.8 |
| കണ്ണൂർ | 731 |
| കാസർകോഡ് | 125 |
| ആകെ | 36891.22 |

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തതിൻ പ്രകാരം 13990 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയില്ല. ഇപ്രകാരം 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി അപരിഹാര്യമായ പ്രശ്നത്താലാണ് കുറവ് വന്നത്. കാലാവസ്ഥയുടെ അനിശ്ചിതത്വവും, പ്രകൃതിക്ഷോഭം മൂലമുള്ള കെടുതിയും മറ്റു കൃഷികളെക്കാൾ നെൽകൃഷിയെ ഗുരുതരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

ഇതുവരെയുള്ള നക്കൽ കണക്ക് പ്രകാരം 2017-18 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിച്ചിട്ടുണ്ട്.

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തൃതി നിലനിർത്തുന്നതിനും ഈ പഞ്ചവത്സര പദ്ധതി കൊണ്ട് വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുന്നതിനുവേണ്ടി സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കുന്നു.

പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു:

- സുസ്ഥിര നെൽകൃഷി

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- വികസന ഏജൻസികൾക്കുള്ള ഫണ്ട്

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. (ഓണാട്ടുകര വികസന ഏജൻസി, ഉറവൂർ കരിനില വികസന ഏജൻസി, വൈക്കം കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി, എറണാകുളം)

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

- കരനെൽകൃഷി വികസനം

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

- തരിശുനില കൃഷി

നെൽകൃഷിയിലേയ്ക്ക് മുഴവൻ തരിശു നിലങ്ങളെയും മടക്കികൊണ്ട് വരുന്നതിനുവേണ്ടി തരിശുനില കൃഷിയ്ക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിയ്ക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും നൽകുന്നു.

- ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷി

ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

- പദ്ധതിയധിഷ്ഠിത ധനസഹായം

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമേ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുല്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവ്വേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേയ്ക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ സംയോജിപ്പിച്ചു ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതിയന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

• റൈസ് മില്ലുകൾ സ്ഥാപിക്കൽ

പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക. ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (നോൺ പ്ലാൻ) പദ്ധതികളും നടപ്പിലാക്കിവരുന്നു.

• നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)

നെൽ കർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

• കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു.

**കൃഷി ആഫീസിലെ ഫയലിൽ സ്വീകരിച്ച നടപടി**

90(1605) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസിൽ TB(2) 1415/17 നമ്പർ പ്രകാരം നിലവിലുള്ള ഫയലിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന് ആസ്പദമായ, ശ്രീ. ജയരാജ്, താഴെ വിളയിൽ വീട്, പേടികുളം, പുളിമാത്ത് എന്ന വ്യക്തിയുടെ അപേക്ഷ വാമനപുരം കൃഷി ഭവനിൽ എന്നാണ് ലഭിച്ചത്;

(സി) അപേക്ഷ ലഭിച്ചതിനുശേഷം അതിന്മേൽ വിവിധ ആഫീസുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) റ്റി.ബി.(2)1415/17 നമ്പർ ഫയൽ പ്രകാരം ശ്രീ. ജയരാജ് താഴെ വിളയിൽ വീട്, പേടികുളം പുളിമാത്ത് പി.ഒ. എന്നയാളുടെ അപേക്ഷ 30-1-2018-ന് കൂടുന്ന ജില്ലാതല അധികൃത സമിതിയിൽ സമർപ്പിച്ച് തീരുമാനമെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

(ബി) 30-1-2017-ന്

(സി) വാമനപുരം കൃഷി ഭവനിൽ 30-1-2017-ൽ ലഭിച്ച അപേക്ഷയുടെ പരിശോധനയ്ക്കായി സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പ്, സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനായി വാമനപുരം വില്ലേജ് ആഫീസർക്ക് കൃഷി ഓഫീസർ കത്ത് നൽകുകയും, 7-2-2017-ന് വില്ലേജ് ആഫീസറുടെ റിപ്പോർട്ട് കൃഷി ഓഫീസർക്ക് ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 14-2-2017-ലെ പ്രാദേശികതല നിരീക്ഷണ സമിതി അംഗങ്ങളുടെ ആവശ്യപ്രകാരം സ്ഥലപരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രാദേശികതല നിരീക്ഷണ സമിതികൾ പുനഃസംഘടനാ നടപടികൾ സ്വീകരിച്ച് തുടങ്ങിയതിനാൽ അടുത്ത സമിതി യോഗം 25-11-2017-ൽ മാത്രമേ കൂടാൻ സാധിച്ചുള്ളൂ. പ്രസ്തുത യോഗത്തിന്റെ ശിപാർശയോടെ അപേക്ഷ 6-12-2017-ന് ജില്ലാതല അധികൃത സമിതിക്ക് അയയ്ക്കുകയും ചെയ്തതായി പ്രാദേശികതല നിരീക്ഷണ സമിതി കൺവീനറായ വാമനപുരം കൃഷി ഭവനിലെ കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. 8-12-2017-ൽ ജില്ലാ ഓഫീസിൽ ലഭിച്ച ടി അപേക്ഷ 30-1-2018-ലെ ജില്ലാതല അധികൃത സമിതിയോഗത്തിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ ജില്ലാതല സമിതി കൺവീനറായ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

**ഏത്തവാഴ കർഷകരെ സഹായിക്കാൻ പദ്ധതി**

91(1606) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏത്തവാഴ കൃഷിയിൽ അൻപത് ശതമാനം വർദ്ധനവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ആഭ്യന്തര ഉല്പാദനം കൂടിയത് കണ്ട് തമിഴ്നാട് ലോബികൾ ഇടപെട്ട് സംസ്ഥാനത്ത് നേന്ത്രക്കായുടെ വില അനിയന്ത്രിതമായി കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം വില കുറയുന്നതുകൊണ്ട് പ്രതിസന്ധിയിലായ ഏത്തവാഴ കർഷകരെ സഹായിക്കാൻ ഒരു പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏത്തവാഴ കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തമിഴ്നാട് ലോബിയുടെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷം ഏത്തക്കായുടെ വിലയിൽ ഉൽപ്പാദന സീസണിൽ വിലക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. നിലവിൽ ഇത്തരം സാഹചര്യങ്ങളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽവഴി വിപണി ഇടപെടലുകൾക്കായി സമിതികൾക്ക് ധനസഹായം ലഭ്യമാക്കാറുണ്ട്. കൂടാതെ റിസ്ക്ഫണ്ട് ട്രസ്റ്റ് മുഖേന സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 30 ഇനം പഴം പച്ചക്കറികൾക്ക് റിസ്ക് ഫണ്ട് പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഓരോ വിളയുടെയും ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തറവില നിശ്ചയിക്കുന്നു. ഈ തറവിലയിൽ നിന്നും വില കുറഞ്ഞു പോകുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽനിന്നുള്ള സഹായം ലഭ്യമാക്കുന്നതാണ്. നിലവിൽ 40% കർഷക വിഹിതവും 60% ഗവൺമെന്റ് വിഹിതവുമായാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത്.

നേന്ത്രവാഴ കൃഷി ഉൾപ്പെടെ വാഴകൃഷി ചെയ്യുന്ന കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വാഴകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറൊന്നിന് 26,250 രൂപ ധനസഹായം നൽകുന്നുണ്ട്. ഒരു ഗുണഭോക്താവിന് പരാമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

## പുഞ്ചകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി

92(1607) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015-2016 വർഷത്തെ പുഞ്ചകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി കൊടുത്തുതീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ എത്ര പാടശേഖരങ്ങൾക്ക് പമ്പിംഗ് സബ്സിഡി കൊടുത്തു തീർക്കുവാനുണ്ട്; ഇവ എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും എന്നറിയിക്കാമോ;

(സി) 2015-2016 വർഷത്തെ പമ്പിംഗ് സബ്സിഡി നൽകണമെന്ന് കാണിച്ച് നാമംകരി പാടശേഖര ഗ്രൂപ്പ് കൺവീനർ ശ്രീ. N. K രാജൻ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി (Rev-P1421/2017) കൃഷി വകുപ്പിലേക്ക് കൈമാറിയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽ 31-3-2017 വരെ 'ബി' ഫാറം സമർപ്പിച്ച എല്ലാ കേസുകളിലും (തർക്കമുള്ള കേസുകളും, മുൻകൃഷി സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമുള്ള കേസുകളും ഒഴികെ) പമ്പിംഗ് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആകെ 2,29,42,502 രൂപ കർഷകർക്ക് നൽകാനുള്ളതിൽ 1,42,99,957 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 29-11-2017-ന് അലോട്ട്മെന്റ് ലഭിച്ചെങ്കിലും മുൻ വർഷങ്ങളിൽ കൊടുത്ത സബ്സിഡിക്കുള്ള അക്വിറ്റൻസ്, പടവ് ഭാരവാഹികൾ ഹാജരാകാത്തതുകൊണ്ടും 2015-16 വർഷത്തേയ്ക്കുള്ള കരാർ തയ്യാറാക്കി നൽകാത്തതുകൊണ്ടും സബ്സിഡി നൽകാൻ സാധിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് 2015-16 വർഷത്തേക്കുള്ള സബ്സിഡി മുഴുവനായും ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുത്തു തീർക്കുന്നതാണ്.

(ബി) കോട്ടയം ജില്ലയിൽ നാളിതുവരെ ലഭിച്ചിട്ടുള്ള 287 പാടശേഖരങ്ങളുടെ അപേക്ഷകൾക്ക് പമ്പിംഗ് സബ്സിഡി കൊടുത്തു തീർക്കുവാനുണ്ട്. റവന്യൂ വകുപ്പിൽനിന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്.

(സി) വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽപ്പെട്ട നാമംകരി വള്ളുക്കണ്ടംകരി പാടശേഖരം 1191-ാമാണ്ട് പുഞ്ചകൃഷി നടത്തിയിട്ടുള്ളതും പമ്പിംഗ് സബ്സിഡി ലഭിക്കുന്നതിനുള്ള ബി ഫാറം 13-2-2017-ന കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 18-2-2017-ന് 28411 രൂപയുടെ പമ്പിംഗ് സബ്സിഡി ക്ലെയിം പാസ്സാക്കിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡിക്കായുള്ള ക്ലെയിം സീനിയോറിറ്റി അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. നിലവിൽ കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസർ 18-1-2017 വരെയുള്ള (ക്രമ നമ്പർ 494) ക്ലെയിമുകൾക്കാണ് പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. നാമംകരി വള്ളുക്കണ്ടംകരി പാടശേഖരത്തിന്റെ ക്ലെയിം 13-2-2017-ൽ 515 നമ്പരായാണ് കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കുന്നത്. 2017-18-ൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി 3,03,99,957 രൂപ ലഭിച്ചതിൽ 3,03,96,335 രൂപ 18-1-2017 വരെയുള്ള (ക്രമനമ്പർ 494 വരെയുള്ള) ക്ലെയിമുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## കാർഷിക നയം സംബന്ധിച്ച റിപ്പോർട്ട്

93(1608) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ, ശ്രീ. കെ. കൃഷ്ണൻകുട്ടി എം.എൽ.എ. അദ്ധ്യക്ഷനായ സമിതിയുടെ കാർഷികനയം സംബന്ധിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഷികനയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി പ്രത്യേക കാർഷിക സോണായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാർഷിക സോണിലുള്ള ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഇ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം കാർഷിക വിപണന വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കൃഷി വകുപ്പിന്റെ കീഴിൽ മാർക്കറ്റിംഗ് റിസർച്ച് ആന്റ് ഇൻഫർമേഷൻ നെറ്റ് വർക്ക്, തമിഴ്നാട് മാതൃകയിൽ സ്റ്റേറ്റ് ഡൊമസ്റ്റിക് ആന്റ് എക്സ്പോർട്ട് മാർക്കറ്റ് ഇന്റലിജൻസ് സെൽ എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) കാർഷിക നയം സംബന്ധിച്ച് നടപ്പിലാക്കാവുന്നതും സർക്കാരിന്റെ നയപരിപാടികളുമായി ഒത്തുപോകുന്നതുമായവ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികാണ്.

(സി) സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, പൂക്കൾ, ചെറുധാന്യങ്ങൾ എന്നിവയുടെ കൃഷിയ്ക്ക് വിശേഷിച്ചും അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളെ കണ്ടെത്തി അവയെ പ്രസ്തുത വിളയുടെ പ്രത്യേക കാർഷിക മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രധാന വിളകൾക്കായി കണ്ടെത്തിയിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ ചുവടെ ചേർക്കുന്നു:

| വിള | പ്രത്യേക കാർഷിക മേഖല |
|---|---|
| നെല്ല് | കുട്ടനാട്, കോൾ, ഓണാട്ടുകര,പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് |
| പച്ചക്കറി | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, നെന്മാറ |
| വാഴ | തൃശ്ശൂർ |
| തെങ്ങ് | കോഴിക്കോട് |
| പൂക്കൾ | വയനാട് |
| ചെറുധാന്യങ്ങൾ (ആദിവാസി കൃഷി) | അട്ടപ്പാടി |

(ഡി) നെൽവയലുകൾ സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനും സംസ്ഥാന സർക്കാർ 2008-ൽ നെൽവയൽ നീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നിരുന്നു. അതുപോലെ മറ്റ് കൃഷി ഭൂമികളും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച വിപണികൾ 400 എണ്ണം, ഇക്കോഷോപ്പുകൾ 217 എണ്ണം എന്നിവ 2017-18 കാർഷിക വിപണന വികസനം ശക്തിപ്പെടുത്തൽ, പദ്ധതി പ്രകാരവും കൂടാതെ 2017-18 വിപണി വികസനം ശക്തിപ്പെടുത്തൽ, കർഷകമിത്ര പരിശീലനവും, പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനം എന്ന പദ്ധതിയിൽ 105 കർഷക മിത്ര എന്നിവ കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓർഗാനിക് ഫാമിംഗ് പദ്ധതി മുഖാന്തരം 2016-17-ൽ 65 ഇക്കോ ഷോപ്പുകളും 2017-18-ൽ 82 ഇക്കോഷോപ്പുകളും സ്ഥാപിച്ചു. 2017-18-ൽ 68 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) കൃഷി വകുപ്പിലെ വിപണന വിഭാഗം ശക്തിപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ട്.

## കാർഷിക സർവ്വകലാശാലയിലെ ക്ലാസ് ഫോർ തസ്തികയിലെ ഒഴിവുകൾ

94(1609) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ക്ലാസ് ഫോർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2018-ലെ വിരമിക്കൽ, പ്രൊമോഷൻ എന്നിവമൂലം ക്ലാസ് ഫോർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ക്ലാസ് ഫോർ തസ്തികയിൽ നിലവിൽ 131 ഒഴിവുകൾ ഉണ്ട്.

(ബി) 2018-ൽ വിരമിക്കൽ മുഖേന ക്ലാസ് ഫോർ തസ്തികയിൽ 3 ഒഴിവുകൾ നിലവിൽ വരുമെന്ന് കണക്കാക്കപ്പെടുന്നു.

## കാർഷിക ഗവേഷണ കേന്ദ്രം

95(1610) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ വട്ടവട ഗ്രാമപഞ്ചായത്തിൽ കാർഷിക ഗവേഷണകേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വട്ടവട-കാന്തല്ലൂർ അടങ്ങുന്ന ദേവികുളം ബ്ലോക്ക് പ്രത്യേക കാർഷിക മേഖലയായി കൃഷി വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. വട്ടവട പഞ്ചായത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പാമ്പാടുംപാറ ഗവേഷണ കേന്ദ്രത്തിന്റെ സേവനങ്ങൾ നിലവിൽ ലഭ്യമാക്കിവരുന്നുണ്ട്. ഇതിനുപുറമേ വട്ടവടയിൽ ശീതകാല പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഒരു ഗവേഷണ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

## പാലക്കാട് ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ

96(1611) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എവിടെയൊക്കെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ജില്ലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ മലമ്പുഴ, പട്ടാമ്പി എന്നീ ബ്ലോക്കുകളിലും ആലത്തൂരിലും അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2017-18-ൽ കുഴൽമന്ദം ബ്ലോക്കിൽ തേങ്കുറിശ്ശി പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

## അഗ്രിക്ലിനിക്കുകളുടെ പ്രവർത്തനം

97(1612) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അഗ്രിക്ലിനിക് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഭവനുകളോടനുബന്ധിച്ച് 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) നിലവിൽ 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ 152 പഞ്ചായത്തുകളിലായി പ്രവർത്തിച്ചുവരുന്നു. ഈ വർഷം 50 പഞ്ചായത്തുകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗ നിർണ്ണയവും നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് യഥാസമയം നൽകുക എന്നതാണ് ഈ ക്ലിനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യം. ഈ ക്ലിനിക്കുകളിൽനിന്ന് കീട രോഗനിർണ്ണയത്തിനും മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുമുള്ള സൗകര്യം കർഷകർക്ക് ലഭ്യമാകുന്നു. കീടരോഗ നിർണ്ണയത്തിനുള്ള മൈക്രോസ്കോപ്പുകൾ, മാഗ്നിഫയറുകൾ, മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്. മീറ്ററുകൾ തുടങ്ങിയ

ഉപകരണങ്ങൾ, ശത്രു കീടങ്ങളെയും മിത്ര കീടങ്ങളെയും തിരിച്ചറിയുന്നതിനുള്ള സ്പെസിമനുകൾ, കീടരോഗബാധ കർഷകർക്ക് മനസ്സിലാക്കുന്നതിന് സഹായകരമായ സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ, സി.ഡി. -കൾ എന്നിവ അടങ്ങിയ ഒരു ചെറിയ ലൈബ്രറിയും ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

**കതിർ പദ്ധതി**

98(1613) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ സമഗ്ര കാർഷികവികസന പദ്ധതിയായ 'കതിർ'-ന്റെ പദ്ധതി രൂപരേഖയും ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം സ്കീമുകളിൽ ഈ പദ്ധതി ഉൾപ്പെടുന്നുണ്ട്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിൽ നിന്നും "Proposal for setting up a cluster for aggregation, storage and value addition of Farm and Homestead produce along with productivity enhancement in Kongad, Palakkad, Kerala" എന്ന 4530 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് ചില ഭേദഗതികളോടെ 19-12-2017-ലെ SLPSC (State Level Project Screening Committee)-ൽ പരിഗണിക്കപ്പെടുകയും RKVY-യുടെ 22-ാമത് SLSC-യിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. SLSC, ഫെബ്രുവരി 20-ാം തീയതിയിലേയ്ക്ക് തീരുമാനിച്ചിരിക്കുകയാണ്.

(ബി) RKVY-യുടെ 22-ാമത് SLSC-യിൽ പ്രസ്തുത പ്രോജക്ട് അംഗീകരിക്കപ്പെടുന്ന മുറയ്ക്ക്, ടി പദ്ധതിക്ക് ഫണ്ട് അനുവദിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

(സി) നിലവിൽ RKVY പദ്ധതിയിലാണ് (അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും) ടി പ്രോജക്ട് ഉൾപ്പെട്ടിരിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഘടകം | തുക |
|---|---|---|
| 1 | 30 സ്ഥലങ്ങളിൽ വിപണന സംവിധാനം 9 സ്ഥലങ്ങളിൽ ശേഖരണവും 3 സ്ഥലങ്ങളിൽ ശീതീകരണ ശേഖരണം (കോൾഡ് സ്റ്റോറേജ്) | Rs.427.5 ലക്ഷം |
| 2 | സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയ്ക്ക് കോമൺ ഫെസിലിറ്റി സെന്റർ | Rs.772.5 ലക്ഷം |
| 3 | ഓർഗാനിക് സർട്ടിഫിക്കേഷൻ | Rs.60.0 ലക്ഷം |
| 4 | ഔഷധ സസ്യത്തോട്ടം | Rs.5. 0 ലക്ഷം |
| 5 | മോഡൽ നഴ്സറി | Rs.60.0 ലക്ഷം |
| 6 | കാര്യക്ഷമത പരിപോഷണം | Rs.35.0 ലക്ഷം |
| 7 | കതിർ കിസാൻ മേള | Rs.50.0 ലക്ഷം |
| 8 | ഭരണവ്യവസ്ഥ നിർമ്മാണം | Rs.251.90 ലക്ഷം |
| 9 | കാർഷിക യന്ത്രവല്ക്കരണം | Rs.97.50 ലക്ഷം |
| 10 | ഉല്പാദനം വർദ്ധിപ്പിക്കൽ | Rs.2186.5 ലക്ഷം |
| 11 | മൃഗസംരക്ഷണവും തേനീച്ച വളർത്തലും | Rs.584.25 ലക്ഷം |
| | ആകെ | Rs.4530.15 ലക്ഷം |

**വയനാട് ജില്ലയിൽ നെൽകൃഷി**

99(1614) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ വയനാട്ടിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തിരുന്നത്;

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എത്ര ഭൂമി കൃഷി യോഗ്യമാക്കി;

(സി) വയനാട്ടിൽ സർക്കാർ ഉടമസ്ഥതയിൽ മില്ല് സ്ഥാപിച്ച് ജനങ്ങൾക്ക് അരി ലഭ്യമാക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തിൽ വയനാട്ടിൽ 8452.017 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2016-17 വർഷം 95.55 ഹെക്ടർ സ്ഥലത്ത് തരിശു നെൽകൃഷി നടപ്പിലാക്കി.

(സി) നിലവിൽ കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതി 2017-18 പ്രകാരം റൈസ് മില്ല് പ്രോജക്ട് അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് പരിഗണിക്കാവുന്നതാണ്. KAICO-യുടെ നേതൃത്വത്തിൽ ആരംഭിച്ച റൈസ് മില്ലിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.

**വാട്ടർഷെഡിന്റെ എസ്റ്റിമേറ്റ് തുക**

100 (1615) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ഭൂദാനത്തേക്ക് നിർദ്ദേശിച്ച വാട്ടർ ഷെഡിന്റെ എസ്റ്റിമേറ്റ് തുക എത്ര രൂപയാണ്;

(ബി) ഇതിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; കാലതാമസം കൂടാതെ അംഗീകാരം ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിൽ ഭൂദാനം പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന "പാതാർ നീർത്തട പദ്ധതി" യുടെ അടങ്കൽ തുക 185 ലക്ഷം രൂപയാണ്.

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ജില്ലാതല ഓഫീസിൽ നിന്നും ശാസ്ത്രീയ പഠനത്തോടുകൂടി തയ്യാറാക്കുന്ന പദ്ധതി രൂപരേഖ, വകുപ്പ് ആസ്ഥാനത്ത് വിശദമായ പരിശോധന നടത്തി അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കും. സർക്കാരിൽനിന്നും പദ്ധതികൾ നബാർഡിന്റെ അനുമതിക്കായി

നൽകുകയും, അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾക്ക് വകുപ്പ് തലത്തിൽ സാങ്കേതികാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു. 'പാതാർ നീർത്തട പദ്ധതി' RIDF Tranche XXIII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിലേയ്ക്കായി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിൽ റൈസ് മിൽ

101(1616) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; ഇത് ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

സ്വീകരിച്ചുവരുന്നുണ്ട്. കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെയും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെയും സഹായത്തോടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് മില്ലിന് സംസ്ഥാന സർക്കാരിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായം കൂടി ഉപയോഗപ്പെടുത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്. റൈസ് മില്ലിനായുള്ള സ്ഥലം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽനിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചാലുടൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്

## തരിശുരഹിത സംസ്ഥാനം

102(1617) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം കൃഷിയോഗ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര ഹെക്ടർ സ്ഥലം കർഷകർ വിവിധ കാരണങ്ങളാൽ തരിശ്ശായി ഇട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തരിശിട്ടിരിക്കുന്ന സ്ഥലത്തു കൂടി കൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കി കേരളത്തെ തരിശുരഹിത സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ വിളകൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലം 2015482 ഹെക്ടറും ഉപയോഗിക്കാതെ കിടക്കുന്ന കൃഷി യോഗ്യമായ സ്ഥലം 101379 ഹെക്ടറും കൃഷി യോഗ്യമായ തരിശ് 72008 ഹെക്ടറും വർഷങ്ങളായി തരിശ് കിടക്കുന്നത് 55530 ഹെക്ടറും ആണ്.

(ബി) സംസ്ഥാനത്ത് കൃഷി യോഗ്യമായ തരിശ് 72008 ഹെക്ടറും വർഷങ്ങളായി തരിശ് കിടക്കുന്നത് 55530 ഹെക്ടറും ആണ്. തരിശു കിടക്കുന്ന നെൽപ്പാടങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ച കണക്ക് പ്രകാരം 46855.854 ഹെക്ടർ ആണ്.

(സി & ഡി) ഉണ്ട്. തരിശുനിലങ്ങളിൽ കൃഷിയിറക്കുന്ന കർഷകർക്ക് തുടർച്ചയായ മൂന്നുവർഷം ആനുകൂല്യം നൽകിവരുന്നു. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800 രൂപയും 1,200 രൂപയും, മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ് ധനസഹായം നൽകുന്നത്. തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽ കൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമേ, അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. തരിശു ഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു പച്ചക്കറി വികസന പദ്ധതിപ്രകാരം ഒരു ഹെക്ടർ തരിശു ഭൂമി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകും. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയും നൽകും. 2017-18-ലെ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശായി കിടക്കുന്ന 1000 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിൽ തരിശ് കൃഷി

103(1618) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ എത്ര ഏക്കർ തരിശ് നിലങ്ങളിലാണ് കൃഷിയിറക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ 745 ഏക്കർ തരിശ് നിലങ്ങളിൽ ഈ സാമ്പത്തിക വർഷം 450 ഏക്കറിൽ കൃഷിയിറക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഹരിതം ഹരിപ്പാട് സമഗ്ര കൃഷി വ്യാപന പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2016 നവംബർ 26-ന് നടന്നു. ഹരിതം ഹരിപ്പാട് സമഗ്രകൃഷി വ്യാപന പദ്ധതി തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനുപുറമേ സമഗ്ര നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്., ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മുഴുവൻ സ്ഥലങ്ങളിലും നെൽകൃഷി ചെയ്യുവാനാവശ്യമായ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ തയ്യാറാക്കി സമർപ്പിക്കുന്നതിന് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

104(1619 ) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയിൽ 2017-ൽ വ്യാപകമായ കുറവ് വന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-നെ അപേക്ഷിച്ച് 2017-ൽ നെൽകൃഷിയിൽ വന്ന വ്യത്യാസം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് നിലവിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കഠിനമായ വരൾച്ചമൂലം രണ്ടാംവിള കാലത്തും, പുഞ്ചകൃഷിയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇറക്കിയ കൃഷി ജലക്ഷാമംമൂലം നശിച്ചതുകൊണ്ടും ഞാറ് പറിച്ച് നടാൻ കഴിയാത്തതും പാലക്കാട് ജില്ലയിൽ നിലം ഒരുക്കിയെങ്കിലും കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ നിർദ്ദേശ പ്രകാരം കർഷകർ കൃഷിയിറക്കാതിരുന്നതും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാൻ കാരണമായി. എന്നാൽ 2017-18 വർഷത്തിൽ വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) 2016-നെ അപേക്ഷിച്ച് 2017-ൽ നെൽകൃഷിയിൽ ഏകദേശം 0.5 ലക്ഷം ഹെക്ടറിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17-ലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കും 2017-18-ലെ പുഞ്ചകൃഷി ഉൾപ്പടെയുള്ള കൃഷി വകുപ്പിന്റെ കണക്കും ചുവടെചേർക്കുന്നു:

| ജില്ല | 2016-17-ലെ വിസ്തൃതി (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കും) | 2017-18-ലെ കൃഷി ഇറക്കിയ വിസ്തൃതി (പുഞ്ചകൃഷി ഉൾപ്പെടെ കൃഷി വകുപ്പിന്റെ കണക്ക്) |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 1392 | 2663.278 |
| കൊല്ലം | 1302 | 3467.922 |
| പത്തനംതിട്ട | 2640 | 3591.2 |
| ആലപ്പുഴ | 17216 | 20309.02 |
| കോട്ടയം | 695 | 1520.5 |
| ഇടുക്കി | 32453 | 40282.49 |
| എറണാകുളം | 4730 | 5300.8403 |
| തൃശ്ശൂർ | 21100 | 22470.48 |
| പാലക്കാട് | 65513 | 90580 |
| മലപ്പുറം | 7140 | 8084.26 |
| കോഴിക്കോട് | 1987 | 3783.0043 |

| 1 | 2 | 3 |
|---|---|---|
| വയനാട് | 7822 | 9508.247 |
| കണ്ണൂർ | 4671 | 6083.146 |
| കാസർഗോഡ് | 2737 | 2804.988 |
| ആകെ | 171398 | 220449.375 |

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>സുസ്ഥിര നെൽകൃഷി</u>

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

- വികസന ഏജൻസികൾക്കുള്ള ഫണ്ട് - നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. (ഓണാട്ടുകര വികസന ഏജൻസി, ഉറവൂർ കരിനില വികസന ഏജൻസി, വൈക്കം കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി, എറണാകുളം).

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

  പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. ഈ ഘടകത്തിൽ 1145 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 104.22 ലക്ഷം രൂപ ചെലവഴിച്ചുവരുന്നു.

- പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

- കരനെൽകൃഷി വികസനം-സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

- തരിശുനില കൃഷി - നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിയ്ക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും നൽകുന്നു.

- ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി-ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ 1,500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

- പദ്ധതിയധിഷ്ഠിത ധനസഹായം-നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം-2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമേ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുല്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും നെൽകൃഷിയും തൊഴിൽ ലഭ്യതയും നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും നെൽകൃഷിയും കായികവിനോദങ്ങളും നെൽകൃഷിയും ആയുർവ്വേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. ആയതിലേയ്ക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം -നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- റൈസ് മില്ലുകൾ സ്ഥാപിക്കൽ-പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക. ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

- നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-നെൽ കർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

- കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)- നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു.

**നെൽവയൽ സംരക്ഷണ നിയമ ഭേദഗതി**

105(1620) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണത്തിനായി നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) നെൽപ്പാടങ്ങൾ നികത്തുന്നവർക്ക് ജയിൽ ശിക്ഷ നൽകാൻ നിർദ്ദേശമുണ്ടോ;

(സി) തരിശ് കിടക്കുന്ന കൃഷിഭൂമിയിൽ ഉടമസ്ഥരുടെ അനുമതിയില്ലെങ്കിലും പഞ്ചായത്ത് നിർദ്ദേശിക്കുന്ന വ്യക്തിക്കോ, ഏജൻസിക്കോ കൃഷിചെയ്യാമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധന രാഷ്ട്രീയമായി ദുരുപയോഗ പ്പെടുത്തുവാനുള്ള സാഹചര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തുകൊണ്ട് 2017 ഡിസംബർ 30-ാം തീയതി 2017-ലെ കേരള നെൽവയൽ സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്

(ബി) നെൽപ്പാടങ്ങൾ നികത്തുന്നവർക്ക് കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ മൂന്ന് വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം നെൽവയൽ നികത്തുന്നത് ജാമ്യം ലഭിക്കാത്ത കുറ്റമായി മാറും.

(സി & ഡി) ഉണ്ട്. കൃഷി യോഗ്യമായ തരിശ് ഭൂമിയിൽ കൃഷി ചെയ്യാൻ ഉടമസ്ഥന് താൽപ്പര്യമില്ലെങ്കിൽ കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവരെകൊണ്ട് കൃഷി ഇറക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ ഉടമസ്ഥന്റെ കൃഷി ഭൂമിയിലുള്ള അവകാശം പൂർണ്ണമായും സംരക്ഷിക്കപ്പെടുകയും, കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. ഈ നിബന്ധന രാഷ്ട്രീയമായി ദുരുപയോഗം ചെയ്യപ്പെടുമെന്ന് വിചാരിക്കുന്നില്ല.

## നെൽവയൽ ഡാറ്റാ ബാങ്ക്

106(1621) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിന് കൃഷിഭവൻ മുഖേന എത്ര അപേക്ഷകളാണ് ലഭിച്ചത്; ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(ബി) കൃഷിഭവനിലെ സ്റ്റാഫ് സ്ട്രെങ്ത് ഉപയോഗപ്പെടുത്തി സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി പരാതികൾക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയുമോ;

(സി) കൂടുതൽ അപേക്ഷ ലഭിച്ച പഞ്ചായത്തുകളിൽ സാറ്റലൈറ്റ് സർവ്വേ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## ഉത്തരം

(എ) പ്രാദേശികതല നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർമാർ മുമ്പാകെ ലഭിച്ചത് 2,01,364 അപേക്ഷകളാണ്. എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 12282 |
| കൊല്ലം | 7775 |
| പത്തനംതിട്ട | 5759 |
| ആലപ്പുഴ | 23104 |
| കോട്ടയം | 11663 |
| ഇടുക്കി | 2186 |
| എറണാകുളം | 45296 |
| തൃശ്ശൂർ | 28022 |
| പാലക്കാട് | 10026 |
| മലപ്പുറം | 7550 |
| കോഴിക്കോട് | 23559 |
| വയനാട് | 5128 |
| കണ്ണൂർ | 13156 |
| കാസർഗോഡ് | 5858 |
| ആകെ | 2,01,364 |

(ബി) ടി പ്രവൃത്തികൾ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുൾപ്പെടുന്ന പ്രാദേശികതല നിരീക്ഷണ സമിതികളാണ് ചെയ്യുന്നത്. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ സംയുക്ത സ്ഥല പരിശോധനയ്ക്കും KSREC-യുടെ റിപ്പോർട്ട് ലഭിക്കുന്നതിനും കൂടുതൽ സമയം വേണ്ടി വരുമെന്നതിനാൽ അപേക്ഷകളിന്മേലുള്ള പരിശോധന പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്.

(സി) സ്ഥല പരിശോധന കൊണ്ടുമാത്രം 2008-ലെ വസ്തുവിന്റെ അവസ്ഥ വ്യക്തമാക്കാൻ സാധിക്കാത്ത എല്ലാ അപേക്ഷകളിലും KSREC സാറ്റലൈറ്റ് ചിത്രങ്ങൾ ഉപയോഗിച്ചുള്ള പരിശോധനാ റിപ്പോർട്ട് പ്രാദേശികതല നിരീക്ഷണ സമിതികൾ ഉപയോഗപ്പെടുത്തുന്നതാണ്.

## നെൽവയലുകളുടെ വിസ്തൃതി

107(1622) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ സംസ്ഥാനത്തെ നെൽവയൽ വിസ്തൃതി എത്രയായിരുന്നു എന്നറിയിക്കാമോ;

(ബി) 2017-ൽ സംസ്ഥാനത്തെ നെൽവയൽ വിസ്തൃതി എത്രയാണ്;

(സി) 2016-17-ൽ നെൽകൃഷി പ്രോത്സാഹനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2017-18-ൽ നെൽകൃഷി പ്രോത്സാഹനത്തിനായി എത്ര തുക നീക്കിവയ്ക്കുകയുണ്ടായെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2010-11 വർഷത്തിൽ 213187 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു.

(ബി) ഇതുവരെ 168554 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു കഴിഞ്ഞു. പുഞ്ചകൃഷി കൂടി പൂർണ്ണമാകുമ്പോൾ 2.2 ലക്ഷം ഹെക്ടർ ആകുമെന്നാണ് ജില്ലകളിൽ നിന്നുള്ള കണക്കുകളിൽനിന്നും പ്രതീക്ഷിക്കുന്നത്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സുസ്ഥിര കൃഷി വികസനത്തിന് 2576.86 ലക്ഷം രൂപയും കരനെൽകൃഷിക്ക് 341.939 ലക്ഷം രൂപയും തരിശു നിലം കൃഷിക്ക് 688.002 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിന് 88.8572 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് 32.439 ലക്ഷം രൂപയും പാടശേഖര സമിതികൾക്ക് 457.445 ലക്ഷം രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിന് 8.8452 ലക്ഷം രൂപയും ആറന്മുള നെൽകൃഷി വികസനത്തിന് 87.2285 ലക്ഷം രൂപയും, നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിന് 50 ലക്ഷം രൂപയും ചേർന്ന് 4,331.6 ലക്ഷം രൂപ 2401-00-102-90 പ്ലാൻ ശീർഷകത്തിൽ നിന്നും നെൽകൃഷി ഉല്പാദന ബോണസ്സായി 1239.26 ലക്ഷം രൂപ നോൺ-പ്ലാൻ ശീർഷകത്തിലും നെൽകൃഷി പ്രോത്സാഹനത്തിനുവേണ്ടി ചെലവഴിച്ചു.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ 7,000 ലക്ഷം രൂപ നെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. 2017 ഡിസംബർ വരെ 2535.78 ലക്ഷം രൂപ ചെലവഴിച്ചു. ഉല്പാദന ബോണസ്സായി പദ്ധതിയിതര ഇനത്തിൽ 1,364.5 ലക്ഷം രൂപ വകയിരുത്തിയതിൽ 2017 ഡിസംബർ വരെ 32.87992 ലക്ഷം രൂപ ചെലവഴിച്ചു.

## തരിശുഭൂമിയിൽ കൃഷി

108(1623) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന കൃഷിഭൂമിയിൽ കൃഷി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ നെൽകൃഷിക്ക് ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ഉല്പാദന ബോണസ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; ഉല്പാദന ബോണസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായ 3 വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകിവരുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകുന്നുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിന് പുറമേ അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും കൃഷി നടത്തുന്നതിനും ആനുകൂല്യം നൽകുന്നുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തനചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപയും, നഗരപ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ കൃഷി ചെയ്യുന്നതിന് 100 ലക്ഷം രൂപയും 2016-17 നെൽവർഷം ആചരിക്കുന്നതിന്റെ ഭാഗമായി 262 ലക്ഷം രൂപയും, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനത്തിന്റെ ഭാഗമായി പൊതുഞാറ്റടി, തോട് നവീകരണം, കൊയ്ത്തുമെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1,200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഹെക്ടറിന് 1,000 രൂപയാണ് നിലവിൽ ഉല്പാദന ബോണസ്സായി നൽകുന്നത്. ഉല്പാദന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് നടപടി

109(1624) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കൃഷി യോഗ്യമായ തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏകദേശം 70 ഹെക്ടർ കൃഷിക്കനുയോജ്യമായ തരിശുഭൂമിയുണ്ട്.

| | |
|---|---|
| പാച്ചാക്കൽ (മലാപ്പറമ്പ്) | 30 ഹെക്ടർ |
| പലക്കട (പുതിയങ്ങാടി) | 20 ഹെക്ടർ |
| പറമ്പിൽ ബസാർ, കണ്ണാടിക്കൽ (വേങ്ങേരി) | 10 ഹെക്ടർ |
| മറ്റു സ്ഥലങ്ങൾ | 10 ഹെക്ടർ |
| ആകെ | 70 ഹെക്ടർ |

കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഇരിങ്ങാടൻ പള്ളി പ്രദേശത്ത് ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. കൂടാതെ ഗവൺമെന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, നടക്കാവ്, കിണാശ്ശേരി സ്കൂൾ എന്നിവിടങ്ങളിൽ 50 സെന്റ് വീതം നെൽകൃഷി ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഏകദേശം 1.5 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും ചെയ്തിട്ടുണ്ട്. കൃഷിക്കനുയോജ്യമായിട്ടുള്ള തരിശായിക്കിടക്കുന്ന മറ്റ് സ്ഥലങ്ങൾ ഭൂവുടമകൾ കൃഷിയ്ക്കായി വിട്ടുനൽകാത്തത് ഈ പ്രദേശങ്ങളിൽ കൃഷിയിറക്കുന്നതിന് ഒരു തടസ്സമാണ്.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലത്തെക്കുറിച്ചുള്ള സെമിനാറുകൾ നടത്തുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും നഗരപ്രദേശമായതിനാൽ കൃഷി ചെയ്യുന്നതിന് ഉടമകൾ തയ്യാറാകാതിരിക്കുകയും കൃഷിയ്ക്കായി ഭൂമി വിട്ടുനൽകാതിരിക്കുകയും

ചെയ്യുന്നതിനാൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി കൃഷി യോഗ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ നെൽവയൽ തണ്ണീർത്തട നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് തരിശിട്ടിരിക്കുന്ന ഭൂമിയുടെ ഉടമയും കൃഷി ചെയ്യാൻ സന്നദ്ധരല്ലെങ്കിൽ കൃഷി ഏറ്റെടുത്തു നടത്താൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. ഇത് പ്രകാരം ഇവിടെ കൃഷി ആരംഭിക്കാനാകും.

## മണ്ണ് സംരക്ഷണ പ്രവൃത്തികൾ

110(1625) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര പ്രവൃത്തികൾ അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ വെളിയം ഗ്രാമപഞ്ചായത്തിലെ "മാലയിൽ പരുത്തിയറ നീർത്തട പദ്ധതി" നടപ്പിലാക്കി വരുന്നു. 108.12 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ നാളിതുവരെ 85.44 ലക്ഷം രൂപ ചെലവഴിച്ച് 228 ഹെക്ടർ പ്രദേശത്ത് കല്ല് കയ്യാലകൾ, ട്രെഞ്ചുകൾ, ടെറസുകൾ, പാർശ്വഭിത്തികൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നാളിതുവരെ 224 ഗുണഭോക്താകൾക്ക് പദ്ധതി പ്രവർത്തനങ്ങളുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഹരിതകേരള മിഷന്റെ ഭാഗമായി 'സുജലം സുഫലം' പദ്ധതിയുടെ ഭാഗമായുള്ള പുലമൺതോട് നീർത്തട പദ്ധതി (5.60 കോടി രൂപ), വെളിയം നീർത്തട പദ്ധതി (2.00 കോടി രൂപ), വട്ടമൻകാവ് നീർത്തട പദ്ധതി (1.12 കോടി രൂപ) എന്നീ പദ്ധതികൾ നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മണ്ണ് സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ

111(1626) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനാണ് ഈ സർക്കാർ ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തച്ചനാട്ടുകര പഞ്ചായത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണം 6.91 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി 7.50 ലക്ഷം രൂപ അനുവദിച്ചതിൽ 6.91 ലക്ഷം രൂപ ചെലവഴിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ പഴംകർണിക്കുളം, മന്നാടിക്കുളം, കടമ്പഴിപ്പുറം പഞ്ചായത്തിലെ വായില്യാംകുന്ന് ശിവക്ഷേത്രക്കുളം, പൂക്കോട്ടുകാവ് പഞ്ചായത്തിലെ ചേരാംകുളം, കരിമ്പുഴ പഞ്ചായത്തിലെ തിരുവളയനാട്ടുകാവ് ആറാട്ടുകുളം എന്നീ കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി അനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിൽ മണ്ണ്-ജല സംരക്ഷണം

112( 1627) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ മണ്ണ്-ജല സംരക്ഷണത്തിന് എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ;

(ബി) കാവിലുംപാറയിലെ കുറവന്തോടിനെയും ഇല്ലിക്കൽ തോടിനെയും മണ്ണ്-ജല സംരക്ഷണ പദ്ധതിയിൽപ്പെടുത്തുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉടൻ നടപടി സീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ അപേക്ഷകളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി & സി) കാവിലുംപാറ പഞ്ചായത്തിലെ കുറവന്തോടിനും ഇല്ലിക്കൽതോടിനും ഇടയിലുള്ള പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സമഗ്രമായൊരു പദ്ധതി തയ്യാറാക്കി ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ വരുംഘട്ടത്തിൽ പരിഗണിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പടന്നക്കാട് കാർഷിക കോളേജിലെ ഒഴിവുകൾ**

113(1628) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിലും പിലിക്കോട് ആർ. എ. ആർ. എസ്. കാമ്പസിലും വർഷങ്ങളായി ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) താല്ക്കാലിക/കരാർ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ നികത്തി യിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പടന്നക്കാട് കാർഷിക കോളേജിലെയും പിലിക്കോട് ആർ.എ.ആർ.എസ്. കാമ്പസിലെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ൽ നൽകിയിരിക്കുന്നു.*

അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി സർവ്വകലാശാല അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ലഭിച്ച അപേക്ഷകരിൽനിന്നും എഴുത്തുപരീക്ഷ/അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനദ്ധ്യാപക തസ്തികകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

പടന്നക്കാട് കാർഷിക കോളേജിലെ പുരുഷതൊഴിലാളികളുടെ 5 ഒഴിവിലേയ്ക്കും സ്ത്രീ തൊഴിലാളികളുടെ 4 ഒഴിവിലേയ്ക്കും പീലിക്കോട് ആർ.എ.ആർ.എസ്.-ലേയ്ക്ക് 14 പുരുഷ തൊഴിലാളികളുടെ ഒഴിവിലേയ്ക്കും രണ്ട് സ്ത്രീ തൊഴിലാളികളുടെ ഒഴിവിലേക്കും വിജ്ഞാപനം നടത്തി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 -ൽ നൽകിയിരിക്കുന്നു.*

## റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സറ്റേഷൻ

114(1629) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോല്പന്നങ്ങളും വില്പന നടത്തുകവഴി വർഷം തോറും എത്ര കോടി രൂപയുടെ ആദായമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മറ്റ് ഫാമുകളിലും മാതൃകയാക്കാവുന്ന തരത്തിൽ കൃഷിക്കാരെ സഹായിക്കാനും ജൈവ ഉല്പന്നങ്ങൾ വിതരണം ചെയ്യാനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോല്പന്നങ്ങളും വില്പന നടത്തിയത് വഴി 2016-ൽ 50,09,657 രൂപയുടെയും 2017-ൽ 58,14,028 രൂപയുടെയും ആദായം ലഭിച്ചിട്ടുണ്ട്. മറ്റ് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽനിന്നും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോല്പന്നങ്ങളും വില്പന നടത്തിയത് വഴി 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആദായം ചുവടെ ചേർക്കുന്നു:

| നമ്പർ | സ്റ്റേഷനുകളുടെ പേര് | 2016-17 |
|---|---|---|
| 1 | 2 | 3 |
| 1 | ആർ.എ.ആർ.എസ്., പട്ടാമ്പി | 70,04,510 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| 1 | 2 | 3 |
|---|---|---|
| 2 | ആർ.എ.ആർ.എസ്., കുമരകം | 65,19,965, |
| 3 | ആർ.എ.ആർ.എസ്., വെള്ളായണി | 1,22,86,000 |
| 4 | ആർ.എ.ആർ.എസ്., കായംകുളം | 13,15,549 |
| 5 | ആർ.എ.ആർ.എസ്., അമ്പലവയൽ | 1,84,58,930 |

(ബി) സംസ്ഥാനത്തെ മറ്റ് ഫാമുകൾക്ക് മാതൃകയാക്കാവുന്ന തരത്തിൽ കൃഷിക്കാരെ സഹായിക്കാനും ജൈവ ഉല്പന്നങ്ങൾ വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വകലാശാല പുറത്തിറക്കിയ വിവിധ വിളകളിലെ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ വിത്തും നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് സർവ്വകലാശാലയുടെ ഫാമുകളിലൂടെ കർഷകർക്കായി വിതരണം ചെയ്യുന്നു. ജൈവ ഉല്പന്നങ്ങളായ മണ്ണിര കമ്പോസ്റ്റ്, വെർമി വാഷ്, ചകിരി ചോറ് കമ്പോസ്റ്റ്, ഫിറമോൺ കെണികൾ, തിളങ്ങുന്ന റിബ്ബണുകൾ, വേപ്പധിഷ്ഠിത കീടനാശിനികൾ, ജൈവ കൂട്ടുകൾ, ജീവാണു വളങ്ങൾ, ട്രൈക്കോഡർമ സ്യൂഡോമോണസ് തുടങ്ങിയ മിത്രകുമിളുകൾ, ബിവേറിയ, വെർട്ടിസീലിയം, മെറ്റാറൈസിയ തുടങ്ങിയ മിത്ര കീടങ്ങൾ എന്നിവ സർവ്വകലാശാലയുടെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്കായി വിതരണം ചെയ്യുന്നുണ്ട്.

### മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സമഗ്ര വികസനം

115(1630) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രം ബഹു. കൃഷിവകുപ്പുമന്ത്രി സന്ദർശിച്ചപ്പോൾ പ്രസ്തുത സ്ഥാപനത്തിന്റെ സമഗ്രവികസനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുമെന്ന് പ്രഖ്യാപിച്ചത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥിരമായി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി നിർമ്മാണം നിലച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉടനെ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) കേരള കാർഷിക സർവ്വകലാശാലയുടെ മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനും മഞ്ചേശ്വരം സബ് സെന്ററിന് 25 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ 13-8-1996-ലെ ജി.ഒ.(എം.എസ്.) നമ്പർ 472/96/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൈമാറിയ മഞ്ചേശ്വരം താലൂക്കിലെ റവന്യൂ വകുപ്പിന് കീഴിലുള്ള വോർക്കാടി, കൊല്ലിയൂർ എന്നീ വില്ലേജുകളിൽപ്പെടുന്ന 62.33 എക്കർ ഭൂമിയുടെ നിലവിലെ പാട്ട വ്യവസ്ഥ റദ്ദ് ചെയ്ത് ഭൂമിയുടെ ഉടമസ്ഥാവകാശം കാർഷിക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കാർഷിക സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 2017-18 സാമ്പത്തിക വർഷം സർവ്വകലാശാലയുടെ മഞ്ചേശ്വരം ഹോസ്റ്റൽ കെട്ടിടത്തിന്റെ പുനരുദ്ധാരണ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോഴി ഫാമുകൾ**

116(1631) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ കോഴി ഇറച്ചി (ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്), കോഴി മുട്ട എന്നിവയുടെ ആവശ്യകത എത്ര എന്നും സംസ്ഥാനത്ത് ഇവയുടെ ഉല്പാദനം എത്ര എന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തുന്നവയുടെ കണക്ക് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോഴി ഫാമുകൾ എത്ര; ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു; ഇവർ സംസ്ഥാനത്തിനാവശ്യമായ എത്ര ശതമാനം കോഴി ഇറച്ചി (ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്), കോഴി മുട്ട എന്നിവ ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഫാമുകൾ തകർക്കാനായി ഇതര സംസ്ഥാന ലോബികൾ സംസ്ഥാനത്തിന്റെ ആവശ്യകത മനസ്സിലാക്കി കോഴി ഇറച്ചിയും മുട്ടയും വില കൂട്ടി വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം ഇതിൽ സ്വയംപര്യാപ്തത നേടാനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് കോഴി ഇറച്ചി (ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്)യുടെ ആവശ്യകത 185950 മെട്രിക് ടൺ ആണെന്നും മുട്ട (കോഴി, താറാവ് എന്നിവയുടേത്)യുടെ ആവശ്യകത 500 കോടി എണ്ണമാണെന്നും കണക്കാക്കിയിരുന്നു. പ്രസ്തുത വർഷം കേരളത്തിൽ ആകെ ഉല്പാദിപ്പിച്ച 188760 മെട്രിക് ടൺ പൗൾട്രി ഇറച്ചിയിൽ (കോഴി/താറാവ് മുതലായവ ഉൾപ്പെടെ) 148542 മെട്രിക് ടൺ ഇറച്ചി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കിയിരുന്നു. 2016-17 വർഷത്തിൽ കേരളത്തിലെ മൊത്തം മുട്ട ഉല്പാദനം (കോഴി/താറാവ് മുട്ട ഉൾപ്പെടെ) 234 കോടിയും ഈയിനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭ്യമായത് 208 കോടിയുമാണ്.

(ബി) 2012-ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 16980 കോഴി ഫാമുകൾ/ഹാച്ചറീസ് പ്രവർത്തിക്കുന്നുണ്ട്. കോഴി കർഷകരുടെ ആവശ്യാനുസരണം സാങ്കേതിക സഹായം സൗജന്യമായി നൽകുന്നു. കോഴികൾക്ക് സാധാരണ ഉണ്ടാകാറുള്ള അസുഖങ്ങൾക്ക് വേണ്ടിയുള്ള വാക്സിനുകൾ സൗജന്യമായി മൃഗാശുപത്രികൾ വഴി വിതരണം ചെയ്യുന്നു. ഫാമിലെ മരണ നിരക്ക് കൂടുന്ന സാഹചര്യങ്ങളിൽ റീജിയണൽ ലബോറട്ടറിവഴി അത്യാധുനിക സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കി രോഗനിർണ്ണയം വേഗത്തിലും കൃത്യതയോടെയും നടത്തി പ്രതിവിധി നിർദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പൗൾട്രി ഇറച്ചി (കോഴി, താറാവ് മുതലായവ ഉൾപ്പെടെ) 37893 മെട്രിക് ടൺ ആണ്. ഇത് പൗൾട്രി ഇറച്ചിയുടെ ആവശ്യകതയുടെ 20.07% വരുന്നതാണ്. സംസ്ഥാനത്തെ അംഗീകൃത ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന കോഴി മുട്ട 38.40 ലക്ഷം ആണ്. (സംസ്ഥാനത്തിനാവശ്യമായതിന്റെ 0.08%).

(സി) ഉണ്ട്. മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉല്പാദനക്ഷമത പൂർണ്ണമായും വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പുവർഷം നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം 10 താറാവുകളടങ്ങുന്ന 4000 യൂണിറ്റ് സ്ഥാപിച്ച് മുട്ടയുല്പാദനം കൂട്ടാൻ ലക്ഷ്യമിട്ട് പദ്ധതി നടത്തിവരുന്നു. മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ, കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കെപ്കോ ആശ്രയ പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി, കെപ്കോ നഗരപ്രിയ പദ്ധതി, കുഞ്ഞുകയ്യിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലങ്ങളിലെ കോഴി വളർത്തൽ പദ്ധതി, ഇന്റഗ്രേഷൻ പദ്ധതി, കോൺട്രാക്റ്റ് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനുപുറമേ കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ രണ്ട് പുതിയ ഹാച്ചറികൾ നിർമ്മാണം ആരംഭിച്ചു. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കുവാൻ 3 കോടി രൂപ ചെലവഴിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സർട്ടിഫിക്കറ്റുകളും ഡെപ്പോസിറ്റ് തുകയും തിരികെ ലഭ്യമാക്കുന്നതിന് നടപടി

117(1632) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള പൂക്കോട് വെറ്ററിനറി കോളേജിൽ ബി.വി.എസ്.സി. & എ. എച്ച് കോഴ്സിന് അഡ്മിഷൻ നേടുകയും ആരോഗ്യപരമായ കാരണത്താൽ പഠനം നിർത്തേണ്ടിവരികയും ചെയ്ത ഷാജഹാൻ എൻ. പി. എന്നയാളുടെ അഡ്മിഷൻ സമയത്ത് നൽകിയ സർട്ടിഫിക്കറ്റുകളും ഡെപ്പോസിറ്റ് തുകയും ഇതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഇവ എപ്പോൾ തിരികെ നൽകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്രകാരം ഒരു പരാതി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഓഫീസിൽ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തര നടപടി കൈക്കൊള്ളുന്നതാണെന്ന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

## എം.എൻ. ലക്ഷം വീട് പദ്ധതി

118(T* 1633) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഇരട്ട വീടുകൾ പലതും കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വീടുകളുടെ നവീകരണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വാസയോഗ്യമല്ലാത്ത ഇരട്ടവീടുകൾ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഒറ്റ വീടുകളായി നവീകരിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും, കേരള സംസ്ഥാന ഹൗസിംഗ് ബോർഡുമായി ചേർന്നും ഇരട്ടവീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ഇരട്ട വീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ എല്ലാ ഭവന പദ്ധതികളും ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭവന നിർമ്മാണ പദ്ധതികൾ

119(1634) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ എല്ലാവർക്കും പാർപ്പിടം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള പട്ടിക തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്; ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പുവരുത്തുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്ര വീതമാണ്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു മുൻപ് നിലവിലുണ്ടായിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; ആയതിൻപ്രകാരം 2011-2016 കാലഘട്ടത്തിൽ എത്ര ഭവനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആയത് വർഷം, ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വർഷം, ജില്ല ഇവ തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമസഭകൾ അംഗീകരിച്ച പട്ടിക ലൈഫ് മിഷൻ വെബ്സൈറ്റിൽ രേഖപ്പെടുത്തി അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ഭൂമിയുള്ള ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ, വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ, ഭൂരഹിത-ഭവന രഹിതർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സിമന്റ് നിർമ്മാണ കമ്പനികളുടെ പ്രതിനിധികളുടെ യോഗം വിളിച്ചു. തദ്ദേശീയമായ സാധനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപയോഗിച്ചുള്ള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾ ഒരുമിച്ച് വാങ്ങുന്നതിന് ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും സംവിധാനം ഒരുക്കാൻ നിർദ്ദേശം നൽകി. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രീ-ഫാബ്രിക്കേഷൻ സാങ്കേതിക വിദ്യ പ്രയോജന പ്പെടുത്തുന്നതിന് ചർച്ചകൾ നടന്നുവരുന്നു.

(ഡി) ലൈഫ് മിഷന് നിലവിൽ കേന്ദ്രസഹായം ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പി.എം.എ.വൈ. ഗ്രാമീൺ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീടൊന്നിന് 1,20,000 രൂപയാണ് നൽകുന്നത്. ലൈഫ് പദ്ധതിയുടെ നിരക്കായ 4,00,000 രൂപ നൽകുന്നതിനായി ടി ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ഭാഗമാക്കി 2,80,000 രൂപ അധികം അനുവദിക്കും. നഗരങ്ങളിലെ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ.-യിൽ കേന്ദ്ര സർക്കാരിൽ നിന്ന് 1,50,000 രൂപയാണ് ലഭിക്കുന്നത്. ബാക്കി വരുന്ന 2,50,000 രൂപ ലൈഫ് പദ്ധതിയിൽ നൽകുന്നു.

(ഇ) ഇ.എം.എസ്. ഭവന പദ്ധതി, ആശ്രയ ഭവന പദ്ധതി, പഞ്ചായത്തുകളുടെ ഭവന പദ്ധതികൾ, ജവഹർ ഭവന പദ്ധതി, ഐ.എ.വൈ. ഭവന പദ്ധതി, പി.എം.എ.വൈ. ഭവന പദ്ധതി, മിത്രം ഭവന പദ്ധതി, ജൂബിലി ഭവന പദ്ധതി, സുകൃതം ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, തണൽ ഭവന പദ്ധതി, വസന്തി ഭവന പദ്ധതി, അനുഗ്രഹ ഭവനപദ്ധതി, കാരുണ്യ ഭവന പദ്ധതി, എം.എൻ.ലക്ഷംവീട് നവീകരണ പദ്ധതി. പ്രസ്തുത പദ്ധതികൾ പ്രകാരം 2011-2016 കാലഘട്ടത്തിൽ ആകെ 1,87,667 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.ആയത് വർഷം, ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 18,582 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വർഷം-ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ജില്ല | 2016-17 | 2017-18 |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 3661 | 2940 |
| കൊല്ലം | 978 | 195 |
| പത്തനംതിട്ട | 386 | 111 |
| ആലപ്പുഴ | 370 | 33 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| 1 | 2 | 3 |
|---|---|---|
| കോട്ടയം | 795 | 259 |
| ഇടുക്കി | 1568 | 404 |
| എറണാകുളം | 229 | 54 |
| തൃശ്ശൂർ | 1054 | 196 |
| പാലക്കാട് | 977 | 114 |
| മലപ്പുറം | 880 | 79 |
| കോഴിക്കോട് | 943 | 108 |
| വയനാട് | 494 | 193 |
| കണ്ണൂർ | 963 | 213 |
| കാസർകോഡ് | 268 | 117 |

**ലൈഫ് പദ്ധതി**

120(1635) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മുഴുവൻ പേർക്കും വീട് എന്ന ലക്ഷ്യവുമായി തുടക്കം കുറിച്ച ലൈഫ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതിയിൽപ്പെട്ട മുപ്പതിനായിരത്തോളം വീടുകളുടെ നിർമ്മാണം പൂർത്തിയാകാത്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് പണം കണ്ടെത്തുന്നതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേരത്തെ തയ്യാറാക്കിയ പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാർപ്പിടം ഉറപ്പുവരുത്തുന്നതിനുള്ള ലൈഫ് സർവ്വേ പൂർത്തിയായി. 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1027 സ്ഥാപന ങ്ങളിലെ ഗ്രാമസഭകൾ/വാർഡുസഭകൾ അന്തിമ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 421 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക അംഗീകരിച്ചു കഴിഞ്ഞു.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ആനുകൂല്യം ലഭിച്ച് നിർമ്മാണം ആരംഭിക്കുകയും എന്നാൽ പൂർത്തിയാകാത്തതുമായ 66750 ഭവനങ്ങളുടെ വിവരം ശേഖരിച്ചു. വിവിധ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ശേഖരിച്ച് അവയുടെ പൂർത്തീകരണം ആരംഭിച്ചിട്ടുണ്ട്. എസ്.ടി. വിഭാഗത്തിലുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിനുള്ള യഥാർത്ഥ ചെലവും ബാക്കിയുള്ളവർക്ക് 4 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവുമാണ് നൽകുന്നത്. ഇതുവരെ 3661 വീടുകൾ പൂർത്തിയായി കഴിഞ്ഞു.

സംസ്ഥാനത്തെ 14 ജില്ലകളിൽ ആദ്യ ഘട്ട ഭവന സമുച്ചയ നിർമ്മാണം നടത്തുന്നതിന് സ്ഥലം കണ്ടെത്തി. ഇതിൽ എഴ് ജില്ലകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. മറ്റ് ജില്ലകളിലെ ആദ്യഘട്ട സമുച്ചയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇല്ല. എന്നാൽ മുൻ ഭവന പദ്ധതികളുടെ ഭാഗമായി നിർമ്മാണം ആരംഭിച്ച 66750 വീടുകൾ പൂർത്തിയാവാതെ അവശേഷിക്കുന്നുണ്ട്. ടി വീടുകളുടെ നിർമ്മാണമാണ് ആദ്യ ഘട്ടത്തിൽ ലൈഫ് പദ്ധതിയിലൂടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നത്.

(സി) ഇല്ല.

(ഡി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ 2018 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മിഷന്റെ മറ്റ് ലക്ഷ്യങ്ങൾ 2021-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്

**ലൈഫ് പദ്ധതി**

121(1636) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിലേയ്ക്കായി മാവേലിക്കര മണ്ഡലത്തിൽനിന്നും ഏറ്റെടുത്തിട്ടുള്ള ഭൂമി എത്രയാണ്; പ്രസ്തുത ഭൂമിയിൽ വീടുനിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ യാതൊരു ഭൂമിയും മാവേലിക്കര മണ്ഡലത്തിൽനിന്നും ഏറ്റെടുത്തിട്ടില്ല. എന്നാൽ ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിനായി മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 36 സെന്റും തഴക്കര ഗ്രാമപഞ്ചായത്തിൽ 156.8 സെന്റും ഉൾപ്പെടെ ആകെ 192.8 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

## ലൈഫ് പദ്ധതി

122(1637) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്കായി തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടികയിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാകുമെന്നും എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അർഹരായ ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും അപ്പീലിന് അവസരം ഉണ്ടായിരുന്നു. തുടർന്ന് ഗ്രാമസഭ/വാർഡ് സഭയിലും ഇതിന് അവസരമുണ്ടായിരുന്നു. ഇത്തരത്തിൽ അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇനിയും അർഹരായവർ വിട്ടുപോയിട്ടുണ്ട് എങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംവിധാനം ഉണ്ടാക്കുന്നതാണ്.

(ബി) പദ്ധതിയുടെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 2017 നവംബർ 1 മുതൽ തുടങ്ങിയിട്ടുണ്ട്. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ധനസഹായം 2018, ഏപ്രിൽ 1 മുതൽ തുടങ്ങുന്നതാണ്. ഇതിനോടൊപ്പം തന്നെ ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണവും തുടങ്ങുന്നതാണ്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം, ഭവനരഹിതർക്ക് ഭവനം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതി എന്നിങ്ങനെ 3 ഘട്ടങ്ങളായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ലൈഫ് മിഷൻ പദ്ധതി

123(T*1638) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ലയിൽ ലൈഫ് സർവ്വേയിൽ ആകെ 12158 ഭൂരഹിത ഭവനരഹിതരെയും 8168 ഭൂമിയുള്ള ഭവനരഹിതരെയുമാണ് കണ്ടെത്തിയിട്ടുള്ളത്. അടുത്ത നാല് വർഷത്തിനുള്ളിൽ ഭവനരഹിതരായ എല്ലാവർക്കും പാർപ്പിടം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ലൈഫ് മിഷൻ പദ്ധതി**

124(1639) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) കുടുംബശ്രീ തയ്യാറാക്കിയ പട്ടികയിൽ അനർഹർ കടന്നുകൂടിയെന്നും അർഹരായവർ തഴയപ്പെട്ടുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ, പട്ടിക പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടുകൂടി, സർക്കാരിന്റെ മറ്റ് ഭവന പദ്ധതികളിൻകീഴിൽ വീട് ലഭിക്കുവാൻ അർഹതയുണ്ടായിരുന്നവർക്ക് അതിന് അപേക്ഷിക്കുവാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലൂടെ നിർമ്മാണം ആരംഭിച്ചതും പണി പൂർത്തിയാകാതിരുന്നതുമായ വീടുകളെ ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ അപ്പീൽ & സ്ക്രൂട്ട്നി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന തദ്ദേശ സ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാംഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) ഉണ്ട്. വിവിധ ഭവന പദ്ധതികളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ 66750 ഭവനങ്ങൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്. ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 3661 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതി

125(1640) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിന് റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ധാരാളം കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി വീടില്ലാത്ത അർഹതപ്പെട്ട മുഴുവൻ പേർക്കും വീട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ലൈഫ് സർവ്വേ മുഖേന സംസ്ഥാനത്ത് ആകെ 340745 ഭൂരഹിത ഭവനരഹിതരും 174875 ഭൂമിയുള്ള ഭവനരഹിതരും ഉൾപ്പെടെ ആകെ 515620 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഓരോ വർഷവും ബജറ്റിൽ വകയിരുത്താൻ കഴിയുന്ന തുക, കേന്ദ്രാവിഷ്കൃത വിഹിതം, വായ്പയെടുക്കാൻ കഴിയുന്ന തുക എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കിവരുന്ന നാല് വർഷത്തിനുള്ളിൽ പാർപ്പിടം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ എല്ലാ ഭവനരഹിതർക്കും പദ്ധതി കാലയളവിൽ ഭവനം നൽകാനാണ് മിഷൻ ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ കാർഡ് ഇല്ലാത്ത അഗതികളെയും റേഷൻകാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവാക്കപ്പെട്ട, എന്നാൽ അർഹതയുള്ളതും കുടുംബമായി മാറി താമസിക്കുന്നവരെയും പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ലൈഫ് മിഷൻ പദ്ധതി

126(1641) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കുമോ; ഇതിൽ അർഹരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) സ്വന്തമായി വസ്തു ഉണ്ടായിട്ടും വീട് ഇല്ലാത്തവരേയും വീട് പണി പൂർത്തിയാക്കാൻ കഴിയാത്തവരേയും പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) നിരവധി പഞ്ചായത്തുകളിൽ അനർഹർ പട്ടികയിൽ കടന്നുകൂടുകയും അർഹർക്ക് പട്ടികയിൽ ഇടം കിട്ടാതാവുകയും ചെയ്തതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് എന്നുമുതൽ ധനസഹായം നൽകാൻ സാധിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ലൈഫ് പദ്ധതിയുടെ ആനുകൂല്യത്തിനായി ഗുണഭോക്താക്കളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നില്ല. എന്നാൽ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ഒട്ടാകെ സർവ്വേ നടത്തിയിരുന്നു. സർവ്വേയിൽ ആകെ 515620 പേരെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 340745 പേർക്ക് വസ്തുവും വീടും ഇല്ലാത്തതും 174875 പേർക്ക് വസ്തു ഉണ്ടെങ്കിലും വീട് ഇല്ലാത്തവരുമാണ്. ഇവരുടെ ജില്ല തിരിച്ചുള്ള വിവരം (അനുബന്ധം 1 ) ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) വസ്തു ഉണ്ടായിട്ടും വീട് ഇല്ലാത്തവരെ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വീട് പണി പൂർത്തിയാക്കാൻ കഴിയാത്തവരെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രത്യേകമായി കണ്ടെത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, തോട്ടം തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ഭവനരഹിതരെയും പരിഗണിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ഡി) അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ അപ്പീൽ & സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന തദ്ദേശ സ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാം ഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു.

(ഇ) പണി പൂർത്തീകരിക്കാത്ത ഭവനമുള്ള ഗുണഭോക്താക്കൾക്ക് 2017, നവംബർ 1 മുതൽ ആനുകൂല്യം നൽകിവരുന്നു. ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് 2018 ഏപ്രിൽ ഒന്ന് മുതൽ ആനുകൂല്യം നൽകാൻ കഴിയുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

127(1642) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടിന് അപേക്ഷിക്കുന്നതിന് റേഷൻകാർഡ് നിർബന്ധമാണെന്നിരിക്കെ ഒരു കാർഡിൽ തന്നെ പേരുള്ള ഒന്നിലധികമുള്ള കുടുംബങ്ങൾക്ക് വീടിന് അപേക്ഷിക്കുന്നതിനുള്ള അവസരം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ റേഷൻ കാർഡിൽ പേരുള്ള ഒന്നിലധികമുള്ള കുടുംബങ്ങളുടെ അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് ലഭിക്കുന്നവർ ഏത് കാലയളവിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റേഷൻ കാർഡില്ലാത്ത അഗതികളെയും റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവാക്കപ്പെട്ട, എന്നാൽ അർഹതയുള്ളതും കുടുംബമായി മാറി താമസിക്കുന്നവരെയും പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കരാർ വെച്ച് 9 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലൈഫ് മിഷൻ പദ്ധതിയുടെ അന്തിമ ലിസ്റ്റ്

128(1643) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽനിന്ന് അനർഹരായവരെ ഒഴിവാക്കി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) അന്തിമ ലിസ്റ്റ് ജനുവരി 31-ന് മുമ്പ് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ

129(1644) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഗുണഭോക്താക്കളെ കണ്ടെത്തുവാൻ സർവ്വേ നടത്തിയത് ഏത് സംഘടനയാണ്;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശപ്രകാരം തയ്യാറാക്കിയ, സർവ്വേയുടെ അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ വ്യാപകമായി അനർഹർ കടന്ന് കൂടി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പുറമ്പോക്ക്, തീരദേശ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിൽ താല്ക്കാലിക ഭവനം ഉള്ളവരെ ഈ സർവ്വെയിൽ ഗുണഭോക്താക്കൾ ആക്കിയിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ളവർക്ക് മുൻഗണന നൽകുമോ;

(ഡി) ലൈഫ് പദ്ധതി വന്നതോടുകൂടി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏതെങ്കിലും നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ആണ് സർവ്വേ നടത്തിയത്

(ബി) അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ അപ്പീൽ ആന്റ് സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന തദ്ദേശ സ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാം ഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു.

(സി) ഉണ്ട്. പ്രത്യേക മുൻഗണന നിലവിൽ നിശ്ചയിച്ചിട്ടില്ല.

(ഡി) ഇല്ല. വിവിധ വകുപ്പുകൾ നടത്തിവന്നിരുന്ന വിവിധ ഭവന പദ്ധതികൾ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് ഇനി മുതൽ നടപ്പിലാക്കുക. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും ലൈഫുമായി സംയോജിപ്പിച്ചിട്ടുണ്ട്.

## അമിത വസ്തു നികുതി

130(1645) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന കല്ല്യാണ മണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ എന്നിവയെ വസ്തുനികുതി ഈടാക്കുന്നതിനായി ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ പ്രസ്തുത സ്ഥാപനങ്ങളെ ഉൾപ്പെടുത്താത്തതിനാൽ അവയ്ക്ക് അമിതമായ വസ്തു നികുതി അടയ്ക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 14/1/2011-ലെ സ.ഉ.(അ) നമ്പർ 17/2011/തസ്വഭവ. ഉത്തരവ് പ്രകാരം നഗരസഭകളിലും 14/1/2011-ലെ സ.ഉ. (അ) നമ്പർ 19/2011/തസ്വഭവ. ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലും വസ്തു നികുതി ഈടാക്കുന്നതിനായി കെട്ടിടങ്ങളെ ഉപയോഗക്രമത്തിനനുസരിച്ച് വിവിധ സ്ലാബുകളിലായി തിരിച്ചിട്ടുണ്ട്. അതിൽ ആറാമത്തെ സ്ലാബിലാണ് ആഡിറ്റോറിയവും കല്ല്യാണമണ്ഡപവും വരുന്നത്.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ/2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ എന്നിവയിലെ ചട്ടം 4,5 പ്രകാരം ഓഡിറ്റോറിയങ്ങൾ, കല്ല്യാണമണ്ഡപങ്ങൾ എന്നിവ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി & സി) ആഡിറ്റോറിയം, കല്യാണ മണ്ഡപം എന്നിവ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട് വരുന്നതല്ല. ഇത്തരം സ്ഥാപനങ്ങൾ അമിതമായ നികുതി അടയ്ക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ലൈഫ് മിഷൻ**

131(1646) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി നടന്ന സർവ്വെ പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര ഭവനരഹിതരുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഭവനരഹിതരായ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ 3260 ഭവനരഹിതരുണ്ട് എന്ന് ലൈഫ് മിഷന്റെ ഭാഗമായി നടന്ന സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇല്ല. ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ആരംഭിച്ചിട്ടില്ല.

**ഭവനശ്രീ വായ്പാ കുടിശ്ശിക**

132(1647) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടും ആലപ്പുഴ ജില്ലയിലെ തുറവൂർ ഇൻഡ്യൻ ബാങ്ക് ബ്രാഞ്ച്, 16 ഉപഭോക്താക്കളുടെ പ്രമാണവും രേഖകളും ഇനിയും തിരികെ കൊടുത്തിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പാ കുടിശ്ശികയുടെ എഴുതിത്തള്ളിയ തുക ബാങ്കിൽ അടയ്ക്കാത്തതു നിമിത്തം പ്രസ്തുത ബാങ്ക് മുൻപ് വായ്പ എടുത്ത കുടുംബശ്രീ അംഗങ്ങൾക്ക് പുതിയ വായ്പകളൊന്നും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഉറവൂർ ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും വായ്പ എടുത്ത 18 ഗുണഭോക്താക്കളുടെ വായ്പ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ബാങ്കിന് തുക വിതരണം ചെയ്ത് ഗുണഭോക്താക്കളുടെ പ്രമാണം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിൽനിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവർ**

133(1648) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ വിവരം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) റേഷൻ കാർഡ് ലഭിക്കാത്തതുമൂലം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെപോയവരുടെ പരാതികൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പരാതികൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ലൈഫ് പദ്ധതിയിൽ ദേവികുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

ഭൂമിയുള്ള ഭവനരഹിതർ - 10562

ഭൂമിയില്ലാത്ത ഭവനരഹിതർ - 5787

പഞ്ചായത്ത് തലത്തിലെ ഭവനരഹിതരുടെ എണ്ണം

| ക്രമ നമ്പർ | പഞ്ചായത്ത് | ഭൂമിയുള്ള ഭവനരഹിതർ | ഭൂമിയില്ലാത്ത ഭവന രഹിതർ |
|---|---|---|---|
| 1 | അടിമാലി | 473 | 825 |
| 2 | കാന്തല്ലൂർ | 163 | 579 |
| 3 | മാങ്കുളം | 18 | 408 |
| 4 | മറയൂർ | 295 | 585 |
| 5 | മൂന്നാർ | 4462 | 127 |
| 6 | പള്ളിവാസൽ | 465 | 158 |
| 7 | വട്ടവട | 12 | 776 |
| 8 | വെള്ളത്തുവൽ | 160 | 227 |
| 9 | ബൈസൺവാലി | 59 | 124 |
| 10 | ചിന്നക്കനാൽ | 670 | 244 |
| 11 | ദേവികുളം | 3703 | 1012 |
| 12 | കൊന്നത്തടി | 60 | 526 |
| 13 | ഇടമലക്കുടി | 22 | 196 |
| | ആകെ | 10562 | 5787 |

(സി-ഇ) ലഭ്യമായിട്ടുണ്ട്. റേഷൻ കാർഡ് ഇല്ലാത്തതുമൂലവും റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റൊരു കുടുംബത്തിന് ഭവനം ഉണ്ട്/പട്ടികയിൽ ഉണ്ട് എന്ന കാരണത്താലും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

റേഷൻ കാർഡില്ലാത്ത അഗതികളേയും റേഷൻകാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവാക്കപ്പെട്ട, എന്നാൽ അർഹതയുള്ളതും കുടുംബമായി മാറി താമസിക്കുന്നവരെയും പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ചാലക്കുടി കാടുകുറ്റി പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ നവീകരണം

134(1649) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നവീകരണം ഇനിയും പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫണ്ട് അനുവദിച്ച് ഏറെ കാലമായിട്ടും സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാലാണ് പൊതുജനങ്ങൾക്ക് തുറന്ന് നൽകാത്തത്. കെട്ടിട നിർമ്മാണത്തിലെ അപാകത സംബന്ധിച്ച് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തീകരിച്ച് ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുനൽകുന്നതാണ്.

**പാർപ്പിട പദ്ധതികൾ**

135(1650) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പാർപ്പിട പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഒന്നാം ഗഡു അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ബി) പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏതെല്ലാം ജില്ലകളിൽ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്;

(സി) പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരു വീടിന് നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) 2016-17, 2017-18 വർഷങ്ങളിൽ പി.എം.എ.വൈ., ഐ.എ.വൈ. എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും എത്ര വീട് വീതം അനുവദിച്ചുവെന്നും ഇതിന്റെ ഒന്നാം ഗഡു അനുദിച്ചുകഴിഞ്ഞോയെന്നും വെളിപ്പെടുത്തുമോ;

(ഇ) മേൽപ്പറഞ്ഞ ഓരോ വർഷവും പി.എം.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മുൻഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പുതിയ വീടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നത് ആരംഭിച്ചിട്ടില്ല.

(ബി) ജില്ലാ അടിസ്ഥാനത്തിൽ ഒരു ജില്ലയിലും പൂർണ്ണമായ അന്തിമ പട്ടിക ആയിട്ടില്ല.

(സി) പുതിയ ഭവനം നിർമ്മിക്കുന്നതിന് പട്ടികജാതി, മത്സ്യത്തൊഴിലാളി, തോട്ടം തൊഴിലാളി, ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് യഥാർത്ഥ നിർമ്മാണ ചെലവും നൽകുന്നു.

(ഡി) ഇന്ദിര ആവാസ് യോജന ഭവന പദ്ധതി 2016 മാർച്ച് 31-ന് കേന്ദ്ര സർക്കാർ നിർത്തലാക്കി. പകരം പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) [പി.എം.എ.വൈ. (ജി)] എന്ന ഭവന പദ്ധതി 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കി വരുന്നു. പി.എം.എ.വൈ. (ജി) പദ്ധതി സംബന്ധമായ വിവരങ്ങൾ പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച വീടുകളും ഒന്നാം ഗഡു അനുവദിച്ച വീടുകളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) പി.എം.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 2016-17 വർഷം 32559 വീടുകളും 2017-18 വർഷം 9872 വീടുകളും അനുവദിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ ലൈഫ് പദ്ധതി**

136(T*1651) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി മുഖേന നിർമ്മിക്കുന്ന വീടുകളുടെ ആകെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ;

(സി) ഇതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി എത്രയാണെന്ന് ജില്ലതിരിച്ച് അറിയിക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള ആകെ വീടുകളുടെ എണ്ണം എത്രയാണ്;

(ഇ) ഇതിലേക്കായി വേണ്ടിവരുന്ന ഭൂമി എത്രയാണെന്ന് കണക്കാക്കി യിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 338599 ഭൂരഹിത ഭവനരഹിതരും 174827 ഭൂമിയുള്ള ഭവനരഹിതരും ഉൾപ്പെടെ ആകെ 513426 ഗുണഭോക്താക്കളെയാണ് ലൈഫ് പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ളത്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ കളക്ടറുടെയും സഹായത്തോടെ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പ്രായോഗികത പരിശോധിച്ചു വരുന്നു. അതിനുശേഷമേ ഇക്കാര്യത്തിൽ കൃത്യമായ വിവരം നൽകാൻ കഴിയുകയുള്ളൂ.

(ഡി) പട്ടിക അന്തിമമായില്ല.

(ഇ) ഭൂരഹിത ഭവനരഹിതരുടെ എണ്ണം അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ഭൂമിയുടെ അളവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

**കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികൾ**

137(1652) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികൾക്കായി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്. കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികൾക്കായി ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി കൈരളി നഗറിൽ 54 സെന്റ് ഭൂമി വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ചുമതല കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് മിഷൻ പാർപ്പിട പദ്ധതി

138(1653) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് മിഷൻവഴി നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ; ഈ ഗുണഭോക്താക്കൾക്ക് വീടുകൾ നൽകുന്നതിനുള്ള ആകെ അടങ്കൽ എത്രയെന്നും ആയതിന്റെ സ്രോതസ്സും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഗ്രാമപഞ്ചായത്തുകളിൽ എത്ര പുതിയ വീടുകൾ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ വീടുകൾ നൽകുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായമുണ്ടോ; ഉണ്ടെങ്കിൽ വീടൊന്നിന് എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ ഇതിനായി പ്രത്യേകം സഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആദ്യമായി ഘട്ടമായി 2017-18 സാമ്പത്തിക വർഷത്തിൽ മുൻ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ടി ഗണത്തിൽ 10719 ഗുണഭോക്താക്കളുണ്ട്.

(ബി) പട്ടിക അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭകൾ നടന്നുവരികയാണ്. ആയതിനാൽ അംഗീകരിച്ച എണ്ണം ലഭ്യമല്ല. 317251 എണ്ണം ഭൂരഹിത ഭവനരഹിതരും 143742 എണ്ണം ഭൂമിയുള്ള ഭവനരഹിതർക്കുമായി ആകെ 42000 കോടി രൂപ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക ബഡ്ജറ്റ് വിഹിതം, കേന്ദ്രാവിഷ്കൃത വിഹിതം, വായ്പ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമാക്കുന്നത്.

(സി) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുതിയ വീടുകൾ ഈ വർഷം ഏറ്റെടുത്തിട്ടില്ല. മുൻ വർഷങ്ങളിൽ ഏറ്റെടുത്തതും എന്നാൽ പൂർത്തീകരി ക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ഈ വർഷം ലൈഫ് പദ്ധതിയിൽ ആരംഭിച്ചത്.

(ഡി) ഇല്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. (ഗ്രാമീൺ)-ൽ വീടൊന്നിന് ഗുണഭോക്താവിന് ലഭിക്കുന്നത് 1,20,000 രൂപയാണ്. ലൈഫ് മിഷൻ പദ്ധതിയുടെ നിരക്ക് (4,00,000 രൂപ) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി പി.എം.എ.വൈ.യും ലൈഫ് പദ്ധതിയും സംയോജിപ്പിച്ചു കൊണ്ടാണ് നടപ്പിലാക്കുന്നത്.

(ഇ) നിലവിൽ ഇല്ല.

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

139(1654) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ. -യുടെ 2016-17 വർഷത്തെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെട്ടതും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വരുന്നതും ഭരണാനുമതി ലഭിച്ചതുമായ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും സാങ്കേതികാനുമതി ലഭിച്ചില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തികൾ എല്ലാം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയ മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ ഒരെണ്ണം റോഡ് പ്രവൃത്തിയും രണ്ടെണ്ണം ഹൈമാസ്റ്റ് ആന്റ് മിനിമാസ്റ്റ് ഇൻസ്റ്റലേഷൻ പ്രവൃത്തിയുമാണ്. 3 പ്രവൃത്തികളും എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രവൃത്തികൾ പൂർത്തീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

140(1655) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ബസ് സ്റ്റാന്റ് സമയബന്ധിതമായി പണി കഴിപ്പിക്കുന്നതിന് സഹായകമാവുന്ന വിധത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നഗരസഭ KURDFC യിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടാണ് പ്രവൃത്തി നടത്തുന്നത്. ആയതിനാൽ സർക്കാരിൽനിന്നും പ്രത്യേകമായി സഹായം ആവശ്യപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(ബി & സി) KURDFC-യിൽനിന്നും വായ്പ ലഭിക്കുന്നതിൽവന്ന കാലതാമസമാണ് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കഴിയാതെ വന്നിട്ടുള്ളത്. ഇപ്പോഴും KURDFC-യിൽ നിന്നും വായ്പാ തുക ലഭിച്ചിട്ടില്ലാത്തതും ആയതിനാൽ പ്രവൃത്തികൾ തുടർന്ന് നടത്തുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്. തുക അനുവദിച്ചാൽ അന്നേ ദിവസം മുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാണ്. വായ്പ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഫോർ ദ പീപ്പിൾ ഓൺലൈൻ പരാതി പരിഹാര പരിപാടി

141(1656) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകൾതോറും ഫോർ ദ പീപ്പിൾ എന്ന ഓൺലൈൻ പരാതി പരിഹാര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അവബോധം കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരിപാടി പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം ഏതെങ്കിലും രീതിയിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെട്ടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 'ഫോർ ദ പീപ്പിൾ' പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം.

(ബി) 'ഫോർ ദ പീപ്പിൾ' പദ്ധതിക്ക് വൻ തോതിലുള്ള പ്രചരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിവരങ്ങൾ പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പഞ്ചായത്ത് രാജ് മാഗസിൻ, പഞ്ചായത്ത് ഗൈഡ്, തദ്ദേശകം 2018 ഡയറി, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ ചേർത്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പൊതുജനങ്ങൾക്ക് കാണാനാകുന്ന രീതിയിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവരങ്ങൾ സംബന്ധിച്ച് ജീവനക്കാരിൽ അവബോധം ഉണ്ടാക്കുന്നതിനായി ഐ.എം.ജി., കില തുടങ്ങിയ ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് 25-1-2018 വരെ 635 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 517 പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഭരണ ഭാഷ**

142(1657) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എല്ലാ കത്തിടപാടുകളും ഭരണ ഭാഷയായ മലയാളത്തിലാണോ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എല്ലാ കത്തിടപാടുകളും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് നൽകുന്ന രസീത് ഇംഗ്ലീഷിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എല്ലാ ഓഫീസുകളിലും കോടതി വ്യവഹാരം സംബന്ധിച്ച ഫയലുകൾ നിയമപരമായും അത്യാവശ്യമായും ഇംഗ്ലീഷിൽ കൈകാര്യം ചെയ്യേണ്ട ഫയലുകൾ, സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവ ഉപയോഗിക്കേണ്ട സാഹചര്യത്തിലൊഴികെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, കത്തിടപാടുകൾ എന്നിവ നിർബന്ധമായും മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ തയ്യാറാക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ ആയതിനാൽ അവരുമായി ബന്ധപ്പെട്ട രസീത് മലയാളത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ആധുനിക പൊതുശ്മശാനം**

143(1658) ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ആധുനിക പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പരിസര മലിനീകരണം കുറയ്ക്കുന്ന രീതിയിലുള്ള ആധുനിക സംവിധാനം ഇതിനായി ഉപയോഗിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ശ്മശാനം നിർമ്മിക്കുന്നിതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പുണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന്

ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാന വെല്ലുവിളിയാകുന്നു. മേൽസാഹചര്യത്തിൽ ഒരു ബ്ലോക്ക് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കുംവേണ്ടി അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പൊതു ശ്മശാനം നിർമ്മിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകിവരുന്നു. 2017-18 വർഷം സംസ്ഥാനത്തെ 150 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വാതക ശ്മശാനം KIIFB ധനസഹായത്തോടെ നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം .നൽകിയിട്ടുണ്ട്

(ബി) പരിസര മലിനീകരണവും വായു-ജല മലിനീകരണവും കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതും ഇതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ പാലിക്കുന്നതുമായ ആധുനിക രീതിയിലുള്ള ക്രിമേറ്ററുകളാണ് ആധുനിക വാതക ശ്മശാനത്തിൽ ഉപയോഗിക്കുന്നത്.

## ത്രിതല പഞ്ചായത്ത് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി

144(1659) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് വിഹിതമായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ത്രിതല പഞ്ചായത്തുകൾ പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി)

| LB Type | Budget (Amount in Crores) | Expense (Amount in Crores) |
|---|---|---|
| District Panchayat | 792.50 | 188.14 |
| Block Panchayat | 792.50 | 336.99 |
| Grama Panchayat | 3044.94 | 1431.93 |
| Total | 4629.94 | 1957.06 |

(സി) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും റിവ്യൂ മീറ്റിംഗുകൾ നടത്തി. പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, ഗ്രാമവികസന കമ്മീഷണർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ എന്നിവരും അവലോകന യോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങളും പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടുന്ന ഇടപെടലുകളും നടത്തിവരുന്നു. കൂടാതെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി മുൻകൂട്ടി നിശ്ചയിക്കുന്ന തീയതികളിൽ യോഗം ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകിവരുന്നു.

പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ പദ്ധതി നിർവ്വഹണ കലണ്ടർ രൂപീകരിക്കുകയും സംസ്ഥാന ജില്ലാതല, ബ്ലോക്ക്തല അവലോകന യോഗങ്ങൾ നടത്തിവരികയും ചെയ്യുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓരോ ത്രൈമാസത്തിലും അവലോകന യോഗങ്ങൾ (വീഡിയോ കോൺഫറൻസ് ഉൾപ്പെടെ)നടത്തിവരുന്നു.

## പദ്ധതി നിർവ്വഹണം

145(1660) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ മാസങ്ങളിൽ ട്രഷറികളിൽ ഏർപ്പെടുത്തിയിരുന്ന സാമ്പത്തിക നിയന്ത്രണം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് കൂടാതെ 2017-18 വാർഷിക പദ്ധതി നിർവ്വഹണ കലണ്ടറും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ട്രഷറികളിൽ ഏർപ്പെടുത്തിയിരുന്ന സാമ്പത്തിക നിയന്ത്രണം ഒരു ചെറിയ കാലയളവിലേയ്ക്കായിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

## പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിലെ ബഡ്ജറ്റ് വിഹിതം

146(1661) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 കാലയളവിൽ കേന്ദ്രവിഹിതമായും സംസ്ഥാനവിഹിതമായും തദ്ദേശസ്വയംഭരണ വകുപ്പിന് പ്ലാൻ, നോൺ-പ്ലാൻ എന്നീ ഇനങ്ങളിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കാലയളവിലെ 2017 ഡിസംബർ 31-ന് അവസാനിക്കുന്നത് വരെയുള്ള ബഡ്ജറ്റ് വിഹിതവും ചെലവും ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് നൽകുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പ്

| കേന്ദ്രവിഹിതം (ലക്ഷത്തിൽ) | | |
|---|---|---|
| പ്ലാൻ | നോൺ-പ്ലാൻ | ആകെ |
| 15018.75 | 8868.46 | 23887.21 |
| ആർ.ജി.എസ്.എ. സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ | | |

| സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | | |
|---|---|---|
| പ്ലാൻ | നോൺ-പ്ലാൻ | ആകെ |
| 624221.42 | 266506.32 | 890727.74 |
| KILA, IKM, ശുചിത്വമിഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ ഉൾപ്പെടെ | | |

നഗരവികസനത്തിനായുള്ള ധനാഭ്യർത്ഥന XXII പ്രകാരം റവന്യൂ, മൂലധന വിഭാഗങ്ങളിലായി 1507.9 കോടി രൂപ പ്ലാൻ ഇനത്തിലും 45.4267 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിലെ 2217 മേജർ ശീർഷകത്തിൽ നഗരകാര്യ വകുപ്പിന്റെ പദ്ധതികൾക്കും ഭരണ നടത്തിപ്പുകൾക്കുമുള്ള തുക മാത്രമാണ് ഈ വകുപ്പ് മുഖേന ചെലവഴിക്കുന്നത്.

2017-18 വർഷത്തിൽ ഡിസംബർ 31 വരെ ഗ്രാമവികസന വകുപ്പിന് പദ്ധതിയിനത്തിൽ കേന്ദ്ര വിഹിതമായി 157476.15 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 11386.51 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. നോൺ പ്ലാൻ ഇനത്തിൽ സംസ്ഥാന വിഹിതമായി 24665.23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വികസന ഫണ്ടിനത്തിൽ സംസ്ഥാന വിഹിതമായി 52833.35 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിന്റെ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| കേന്ദ്രവിഹിതം (ലക്ഷത്തിൽ) | | | |
|---|---|---|---|
| പ്ലാൻ | നോൺ പ്ലാൻ | ആകെ | ചെലവ് (31-12-2017 വരെ) |
| 15018.75 | 8868.46 | 23887.21 | 21751.21 |
| ആർ.ജി.എസ്.എ. സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ | | | |

| സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | | | |
|---|---|---|---|
| പ്ലാൻ | നോൺ പ്ലാൻ | ആകെ | ചെലവ് (31-12-2017 വരെ) |
| 624221.42 | 266506.32 | 890727.74 | 628928.66 |
| KILA, IKM, ശുചിത്വമിഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ ഉൾപ്പെടെ | | | |

ഗ്രാമവികസന വകുപ്പിന്റെയും നഗരകാര്യ വകുപ്പിന്റെയും സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

## പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതി

147(1662) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ.-യുടെ 31-7-2017-ലെ കത്തിന്റെയും പൊൻമള പഞ്ചായത്ത് പ്രസിഡന്റിന്റെ 5-1-2017-ലെ കത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിർവ്വഹണ ഉദ്യോഗസ്ഥൻ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട കോട്ടക്കൽ നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ 31-7-2017-ലെ കത്തും, പൊൻമള പഞ്ചായത്ത് പ്രസിഡന്റിന്റെ 5-1-2017-ലെ കത്തും 23-8-2017, 13-9-2017 എന്നീ തീയതികളിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയോഗം പരിശോധിക്കുകയും തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതുമാണ്.

(സി&ഡി) 13-9-2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27 നമ്പർ തീരുമാനപ്രകാരം 2015-16 വർഷത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് പ്രകാരം എൽ.എസ്.എസ്., യു.എസ്.എസ്. പരിശീലനം, IAS പരിശീലനം, അദ്ധ്യാപക സംഗമം, എയ്ഡഡ് സ്കൂളുകൾക്ക് ദിനപത്രം എന്നിവയ്ക്ക് തനത് ഫണ്ട് ഉപയോഗിച്ച് തുക നൽകുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ട് ഭേദഗതി വരുത്തി ജി.പി.സി.-യുടെ അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണ്.

## കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

148(1663) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണവകുപ്പ് മുഖേന നടപ്പിലാക്കിയ/നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതി തുക**

149(1664) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ ചെലവഴിച്ച പദ്ധതി തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ നിസ്സംഗതയോ നിരുത്തരവാദ പ്രവർത്തനങ്ങളോ ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാർ പ്രഖ്യാപിത നയങ്ങൾക്കെതിരായി ജീവനക്കാരുടെ നടപടികൾമൂലം പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ചവന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ ചെലവഴിച്ച പദ്ധതി തുക

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 143192.62 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 366.18 കോടി |
| കോർപ്പറേഷനുകൾ | 217.72 കോടി |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ നിസ്സംഗതയോ നിരുത്തരവാദ പ്രവർത്തനങ്ങളോ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) സർക്കാർ പ്രഖ്യാപിത നയങ്ങൾക്കെതിരായി ജീവനക്കാരുടെ നടപടികൾമൂലം പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ചവന്നതായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ്**

150(1665) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കുമായി ഈ സർക്കാർ പ്രഖ്യാപിച്ച വേതന വർദ്ധനവിന്റെ പ്രാബല്യം എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിപ്പിച്ച വേതനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യഥാസമയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അങ്കണൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 6,600 രൂപയിൽനിന്ന് 10,000 രൂപയായും 4,100 രൂപയിൽനിന്ന് 7,000 രൂപയായും 1-4-2016 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തുക കുടിശ്ശിക സഹിതം 2235-02-102-55(NP) എന്ന ശീർഷകത്തിൽനിന്നും അനുവദിക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ 25-1-2018-ലെ സ.ഉ. (സാധാ)നമ്പർ 36/2018/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**പാർട്ണർ കേരള മിഷൻ**

151(1666) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ണർ കേരള മിഷൻ പ്രവർത്തനം അവസാനിപ്പിക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ബി.ഒ.റ്റി.വ്യവസ്ഥയിൽ ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ പ്രൊപ്പോസലുകളിൽ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ;

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത് ബി.ഒ.റ്റി. വ്യവസ്ഥയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച 1507895/ഡി.ബി./17/ഏൽ.എസ്.ജി.ഡി. എന്ന ഫയലിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ബി.ഒ.റ്റി. വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികസന പദ്ധതികൾ നടത്താനാകുമെന്നിരിക്കെ ഇതുസംബന്ധിച്ച് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാർട്ണർ കേരള മിഷന് അതിന്റെ രൂപീകരണ ഉദ്ദേശ്യ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലും KIIFB ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ IMPACT KERALA LIMITED രൂപീകരിച്ച സാഹചര്യത്തിലുമാണ് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്.

(ബി) പാർട്ണർ കേരള മിഷന്റെ പ്രവർത്തം അവസാനിപ്പിച്ച സാഹചര്യത്തിൽ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വിധേയമായി തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ ബി.ഒ.റ്റി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(സി) മംഗൽപാടി പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് തീരുമാനം പഞ്ചായത്തിനെ അറിയിക്കുന്നതാണ്.

(ഡി) KIIFB-യുടെ ധനസഹായത്തോടെ മേജർ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിലും പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

## ഇരമ്പിളിയം ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക

152(1667) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ആശാരിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടക്കാൻ പഞ്ചായത്ത് ഭരണസമിതി അനുവാദം ചോദിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് ഫണ്ടിൽനിന്നും പ്രസ്തുത തുക അടച്ച് അവിടെയുള്ള കൃഷി സംരക്ഷിക്കാൻ പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിൽനിന്നും തുക ചെലവാക്കാനുള്ള അനുവാദം അടിയന്തരമായി നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ വിഷയത്തിലുള്ള അപേക്ഷ ഈ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല. അപ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കരുനാഗപ്പള്ളി നഗരസഭയ്ക്കായി ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതി

153(1668) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭയ്ക്കായി ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലം ഏതാണെന്നും ഏതെല്ലാം സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും വിശദീകരിക്കുമോ;

(സി) കെട്ടിട സമുച്ചയത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുന്ന ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 6 കോടി 30 ലക്ഷം രൂപയുടെ ഓഫീസ് സമുച്ചയം ഉൾപ്പെടെ മുനിസിപ്പൽ ടവർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ DPR തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

(ബി) കരുനാഗപ്പള്ളി നഗരസഭാ പരിധിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പടനായർകുളങ്ങര ക്ഷേത്രത്തിന് തെക്ക് വശമുള്ള സർവ്വേ നമ്പർ 433/1-ൽപ്പെട്ട 19.60 ആർ വസ്തുവിലാണ് ടവർ നിർമ്മിക്കുന്നത്.

നഗരസഭയുടെ ബഹുവർഷ പദ്ധതിയിൽ ഉൾപ്പെടുത്തിയും സർക്കാരിന്റെ ധനസഹായത്തോടെയും ബാക്കി തുക KURDFC ലോണായും (Rs. 3 Crore) ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിക്കാനാണ് നഗരസഭ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് സർക്കാർ ഇതുവരെ അംഗീകാരം നൽകിയിട്ടില്ല.

(സി) DPR സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം**

154(1669) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും, ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഇവയുടെ പ്രവർത്തനം സഹായകമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിനെയും പ്രവർത്തനങ്ങളെയും ബാധിച്ചുവെന്ന് കരുതുന്നുണ്ടോ;

(ഇ) ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ പദ്ധതി തുക വിനിയോഗത്തിൽ ഇതുവരെ കൈവരിച്ച നേട്ടം എത്രയാണ്?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി നവകേരളത്തിനായുള്ള ജനകീയാസൂത്രണ പദ്ധതിയാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 13-ാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയുടെ വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം മിഷൻ എന്നീ വികസന മിഷനുകളാണ് നവകേരളം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുകയും ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുക എന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ വളരെ ഫലവത്തായി നിർവ്വഹിച്ചിട്ടുള്ളതാണ്.

(ഡി) ഇല്ല. പദ്ധതി നിർവ്വഹണം നേരത്തെതന്നെ തുടങ്ങിയതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി തുക വിനിയോഗം 2017-18-ൽ മെച്ചപ്പെട്ട നിലയിലാണ്.

(ഇ) ജില്ലാപഞ്ചായത്തുകൾ 17117.16 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ 136521.03 ലക്ഷം രൂപയും ബ്ലോക്കുപഞ്ചായത്തുകൾ 34309.75 ലക്ഷം രൂപയും (43.29%) ഇതുവരെ പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്. മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ജില്ലാപഞ്ചായത്തുകൾ 14007.91 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ 47330.39 ലക്ഷം രൂപയും പദ്ധതി ചെലവിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ കോർപ്പറേഷനുകൾ 32.21%വും മുനിസിപ്പാലിറ്റികൾ 41.19%വും ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

## പഞ്ചായത്തുകളുടെ വാർഷിക പദ്ധതി

155(1670) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വിഹിതം ഉപയോഗിച്ച് നടക്കുന്ന പദ്ധതികൾ കേന്ദ്രീകൃതമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കാൻ മതിയായ ജീവനക്കാരോ സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥരോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസ്തംഭനം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസ്തംഭനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

156(1671) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ വലിയ ടാങ്കുകളിലും ചെറിയ പ്ലാസ്റ്റിക് ബോട്ടിലുകളിലും സ്വകാര്യ വ്യക്തികൾ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കോർപ്പറേഷൻ ആരോഗ്യവിഭാഗം നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ;

(ബി) കോഴിക്കോട് നഗരത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശങ്ങൾ കോർപ്പറേഷനിൽ ലഭ്യമാണോ;

(സി) എങ്കിൽ, പ്രസ്തുത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരസഭയിൽ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോട്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, സി.ഡബ്ല്യു.ആർ.ഡി.എം. എന്നീ വകുപ്പുകൾ പരിശോധിച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ ആരോഗ്യ വിഭാഗം ഉറപ്പ് വരുത്താറുണ്ട്. പ്ലാസ്റ്റിക് ബോട്ടിലുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട ചുമതല കേരള ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിനാണ്.

(ബി) ലഭ്യമല്ല.

(സി) ബാധകമല്ല.

**തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി ചെലവ്**

157(1672) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി ചെലവിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവുകളിൽ പദ്ധതി തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി ചെലവിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി) ഇല്ല. നിയമസഭ തെരഞ്ഞെടുപ്പിന്റെ ഭാഗമായി പദ്ധതി പ്രവർത്തനം വൈകിയതും നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറവും 2016-17 പദ്ധതി തുക പൂർണ്ണമായി ചെലവഴിക്കുന്നതിന് വിഘാതം സൃഷ്ടിച്ചു.

2017-18 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. നിലവിൽ വന്നിട്ടും, നവംബർ, ഡിസംബർ മാസങ്ങളിൽ ട്രഷറി നിയന്ത്രണം നിലവിലുണ്ടായിട്ടും പദ്ധതി തുക ചെലവഴിക്കുന്നതിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2017-18 -ലെ പദ്ധതി പ്രവർത്തനം തൃപ്തികരമായ തരത്തിൽ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18-ലെ വാർഷിക പദ്ധതികൾ

158(1673) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18-ലെ വാർഷിക പദ്ധതിക്ക് 31-3-2017-ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ 1 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന് നിഷ്കർഷിച്ചിരുന്നോ;

(ബി) ഇതുപ്രകാരം നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതിനും പദ്ധതി തുക വിനിയോഗത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിക്കാത്തത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ ഗുരുതരമായ സാമ്പത്തിക നില പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വിഘാതമായി നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പദ്ധതി വിഹിതം പൂർണ്ണമായി ഉപയോഗിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വാർഷിക പദ്ധതിക്ക് (2017-18) മാർച്ച് 31-ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ 1 മുതൽ നിർവ്വഹണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ആസൂത്രണ സമിതിയുടെ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. തുടർന്ന് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖയിൽ 2017 മേയ് 5-ന് മുമ്പ് വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

(ബി) ജി.എസ്.ടി. വന്നതുമൂലം കരാറുകാരുടെ ആദ്യഘട്ടത്തിലുള്ള നിസ്സഹകരണം, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റീരിയലുകളുടെ ലഭ്യതക്കുറവ്, എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ കുറവ് മുതലായവ പദ്ധതി പ്രവൃത്തികളുടെ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നേരത്തെതന്നെ തുടങ്ങിയതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി തുക

വിനിയോഗം 2017-18-ൽ മെച്ചപ്പെട്ട നിലയിലാണ്.

(സി&ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇതുവരെയുള്ള പദ്ധതി ചെലവ് പുരോഗതി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിയ തോതിലാണ്. 2017-18 സാമ്പത്തിക വർഷം അവസാനിക്കുന്നതോടുകൂടി പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി മുൻവർഷങ്ങളിലെ പ്പോലെ പദ്ധതി പുരോഗതി അവലോകനങ്ങൾ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം

159(1674) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമിൽ, ഭവനവായ്പ അനുവദിക്കുന്ന പദ്ധതിയനുസരിച്ച് 2017-ൽ എത്രപേർക്ക് വായ്പ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭവനവായ്പ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുമായി ഇതിനെ യോജിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പി.എം.എ.വൈ. (ഗ്രാമീൺ)-യിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം ഇല്ല. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) 'എല്ലാവർക്കും ഭവനം' എന്ന പദ്ധതിയുടെ ഭാഗമായി ക്രെഡിറ്റ് ലിങ്കഡ് സബ്സിഡി സ്കീം പ്രകാരം 4197 ഗുണഭോക്താക്കൾക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്.) ഘടകത്തിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്:

1. ഇന്ത്യയിൽ ഒരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം.

2. കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം.

3. EWS-സാമ്പത്തിക പിന്നോക്ക വിഭാഗം-വാർഷിക കുടുംബവരുമാനം 3 ലക്ഷം രൂപ വരെ.

4. LIG-താഴ്ന്ന വരുമാന വിഭാഗം- വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ.

5. MIG 1 -ഇടത്തരം വരുമാന വിഭാഗം- വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ മുതൽ 12 ലക്ഷം രൂപ വരെ.

6. MIG-2 -ഇടത്തരം വരുമാന വിഭാഗം- വാർഷിക കുടുംബ വരുമാനം 12 ലക്ഷം രൂപ മുതൽ 18 ലക്ഷം രൂപ വരെ

7. നിലവിൽ സ്വീകരിച്ച് വരുന്ന വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷ ബാങ്ക് അംഗീകരിക്കേണ്ടതാണ്.

(സി) ഇല്ല.

## യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ട് പദ്ധതി

160(1675) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ട് (യു.എസ്.ഒ.എഫ്.) പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ വൈ-ഫൈ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ:

(ബി) ഇതിനായി കേന്ദ്ര സർക്കാർ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്നത്തേക്ക് പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിൽ പദ്ധതിയില്ല. എന്നാൽ തെരഞ്ഞെടുത്ത 2000-ത്തോളം കേന്ദ്രങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 1000 വൈഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള കരാർ ബി.എസ്.എൻ.എൽ.-ന് നൽകിക്കഴിഞ്ഞു. ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പൊതു സ്ഥലങ്ങൾ ജില്ലാ കളക്ടർമാർ നിർദ്ദേശിക്കുകയും അവയുടെ സാദ്ധ്യതാ പഠനം പുരോഗമിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് ദിവസേന 300 എം.ബി.വരെ സൗജന്യ ഡാറ്റാ വൈഫൈ വഴി ഉപയോഗിക്കാവുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല.

## പ്രധാനമന്ത്രി ആവാസ് യോജന

161(1676) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജനയുടെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്;

(ബി) രാഷ്ട്രീയ പരിഗണനയുടെ പേരിൽ അർഹരായവരെ ഒഴിവാക്കിയതായും അനർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2016-17 സാമ്പത്തിക വർഷം പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; 2017-18 ൽ ഈ പദ്ധതി പ്രകാരം എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഇതിനകം എന്ത് തുക ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഇ) പദ്ധതി പ്രകാരം പൂർത്തിയാക്കുന്ന വീടുകളും ലൈഫ് പദ്ധതിയുടെ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഗ്രാമീണ പാർപ്പിട രംഗത്തെ വിടവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുമായി 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ). പി.എം.എ.വൈ.(ജി) പദ്ധതിപ്രകാരം വീടിനുള്ള ധനസഹായം അനുവദിക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അർഹത പരിശോധിച്ച് ഗ്രാമസഭയുടെ അംഗീകാരത്തോടെയാണ്. ഓരോ വീടിനും 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനുപുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിന് കഴിയും.

അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാദ്ധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. കേന്ദ്ര-സംസ്ഥാന-വിഹിതം (1,20,000 രൂപ) മൂന്ന് ഗഡുക്കളായി പി.എഫ്.എം.എസ്. മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ.(ജി) യുടെ ആദ്യാവസാനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഇലക്ട്രോണിക് സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. പി.എം.എ.വൈ. (ഗ്രാമീൺ) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി യോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) (PMAY-U) 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതും നിലവിലുള്ള ഭവനങ്ങളെ വിപുലീകരിക്കാവുന്നതുമാണ്. കേരളത്തിലെ 93 നഗരസഭകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നാല് വ്യത്യസ്തങ്ങളായ ഘടങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

1. ചേരി വികസനം

2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി

3. അഫോർഡബിൾ ഹൗസിംഗ് സ്കീം

4. വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം.

പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താക്കളെ ഗാർഹികതല സർവ്വേയിലൂടെ നഗരസഭകൾ കണ്ടെത്തുന്നു. ഇതിലുപരിയായി കോമൺ ഫെസിലിറ്റി സെന്റർ വഴി ഓൺലൈനായി അപേക്ഷ നൽകാവുന്നതും, യോഗ്യതയുള്ളപക്ഷം നഗരസഭയ്ക്ക് ഗുണഭോക്താവായി തിരഞ്ഞെടുക്കാവുന്നതുമാണ്. നഗരസഭകൾ തയ്യാറാക്കി കൗൺസിൽ അനുമതിയോടെ സമർപ്പിക്കുന്ന ഡി.പി.ആർ. സംസ്ഥാന സമിതി അംഗീകാരത്തോടെ കേന്ദ്ര സമിതിക്ക് സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ച പദ്ധതിയ്ക്ക് നിർവ്വഹണം അതത് നഗരസഭ വഴി നടപ്പിലാക്കുന്നു.

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം 2016-17 വർഷം 5463 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18-ൽ 9872 വീടുകൾ ഭൗതിക ലക്ഷ്യമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 3921 |
| പട്ടികവർഗ്ഗം | 2002 |
| ന്യൂനപക്ഷം | 2725 |
| പൊതുവിഭാഗം | 1224 |
| ആകെ | 9872 |

പി.എം.എ.വൈ. (യു) പദ്ധതിപ്രകാരം 2016-17 സാമ്പത്തികവർഷം 15 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18-ൽ ടി പദ്ധതി പ്രകാരം നാളിതുവരെ 42,942 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 958 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) വീടൊന്നിന് പി.എം.എ.വൈ. (ജി) പദ്ധതിയുടെ കേന്ദ്രവിഹിതം 72,000 രൂപയും, സംസ്ഥാന വിഹിതം-48,000 രൂപയുമാണ്. ടി പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി ആകെ 5128.03 ലക്ഷം രൂപ (കേന്ദ്രം-3076.82 , സംസ്ഥാനം -2051.2) അനുവദിച്ചിട്ടുണ്ട്.

പി.എം.എ.വൈ. (യു) പദ്ധതിക്കും കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന നിരക്കിലാണ്. ഇതിനകം കേന്ദ്ര വിഹിതമായി 151.71 കോടി രൂപയും സംസ്ഥാന വിഹിതമായി 50:57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) ലൈഫ് മിഷൻ പദ്ധതിയിൽ വീടൊന്നിന് 4,00,000 രൂപയും പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവുമാണ് നൽകുന്നത്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരമുള്ള അധിക തുക (2.80 ലക്ഷം രൂപ) പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി പി.എം.എ.വൈ. (ജി) പദ്ധതിപ്രകാരം പൂർത്തീകരിക്കാനുള്ള വീടുകളും ലൈഫ് പദ്ധതിയുടെ കണക്കിൽ ഉൾപ്പെടുത്തുന്നതാണ്.

നഗരസഭകളിൽ ഇരുപദ്ധതികളും സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്.

## പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം

162(1677) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന മന്ത്രി ആവാസ് യോജന പ്രകാരം വീടുനിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; എത്ര വീടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായുള്ള ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ വിശദാംശവും അത് പ്രകാരം എത്ര പേർക്ക് വായ്പ നൽകിയെന്നും അറിയിക്കാമോ;

(സി) പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) ലക്ഷ്യമിട്ടിരിക്കുന്നത് എത്ര വീടുകളാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്നും അറിയിക്കാമോ?

### ഉത്തരം

(എ) പി.എം.എ.വൈ.(ജി) പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്കാണ്. മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരം 2016-17, 2017-18, വർഷങ്ങളിലായി ആകെ 42,431 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ധനസഹായം ലഭിക്കുവാനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.

a.നഗരപ്രദേശത്ത് സ്ഥിരമായി മൂന്ന് വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ.

b. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ.

c. സ്വന്തമായി സ്ഥലമുള്ളവർ.

d. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ.

ടി പദ്ധതിയിൽ 67,953 വീടുകൾ നിർമ്മിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രധാനമന്ത്രി ആവാസ് യോജന (നഗരം) എന്ന പദ്ധതി നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. അതിൽ ഒരു ഘടകമാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്‌സിഡി (താഴ്ന്ന വരുമാനമുള്ളവർക്കും (LIG) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഇടത്തരം വരുമാനം (MIG) ഉള്ളവർക്കും ഭവനം നിർമ്മിക്കുന്നതിനായി/ ഭവനം വാങ്ങുന്നതിനായി/ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽനിന്നും കുറഞ്ഞ നിരക്കിൽ വായ്പയായി നൽകുന്നു. പ്രസ്തുത പദ്ധതിപ്രകാരം താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പത്തികമായി പിന്നാക്കം നൽക്കുന്നവർക്കും പരമാവധി 6 ലക്ഷം രൂപ വരെ നിലവിലെ പലിശ നിരക്കിൽനിന്നും 6.5% പലിശനിരക്ക് കുറച്ചും ഇടത്തരം വരുമാനക്കാർക്ക് (MIG) 3%, 4% പലിശനിരക്ക് കുറച്ചും വായ്പ നൽകുന്നു. 4197 ഗുണഭോക്താക്കൾക്ക് ടി പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്.

(സി) പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരം 2016-17, 2017-18 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയ ഭൗതിക ലക്ഷ്യം ചുവടെ കൊടുക്കുന്നു.:

| വർഷം | ഭൗതിക ലക്ഷ്യം |
|---|---|
| 2016-17 | 32559 |
| 2017-18 | 9872 |
| ആകെ | 42431 |

2011-ലെ സാമൂഹ്യ സാമ്പത്തിക ജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളെയാണ് പി.എം.എ.വൈ.(ജി) പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്.

## തലസ്ഥാനത്ത് മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം

163(1678) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ വാഹനപ്പെരുപ്പം കാരണം പാർക്കിംഗിന് സ്ഥലം ലഭിക്കാതെ വാഹന ഉടമകൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനായി മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അത് നിർമ്മിക്കുന്നതെന്നും എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭ പ്രദേശത്ത് മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം നിർമ്മിക്കുന്നതിന് തിരുവനന്തപുരം നഗരസഭ ഓഫീസ് കോമ്പൗണ്ടിലും പുത്തരിക്കണ്ടം മൈതാനിയിൽ നിലവിലുള്ള പാർക്കിംഗ് ഗ്രൗണ്ടിലുമായി 17.64 കോടി രൂപ ചെലവിലും മെഡിക്കൽ കോളേജ് കോമ്പണ്ടിൽ 14 കോടി രൂപ ചെലവിലും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീചിത്തിരപാർക്ക്, പുത്തരിക്കണ്ടം മൈതാനം, പാളയം മാർക്കറ്റ്, ചാല, തമ്പാനൂർ റെയിൽവേസ്റ്റേഷനും ബസ് സ്റ്റാൻഡിനും സമീപം എന്നിവിടങ്ങളിൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ തൊഴിൽ പരിശീലന പരിപാടി

164(1679) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻ.യു.എൽ.എം.) ഭാഗമായി നഗരപ്രദേശങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യുവജനങ്ങൾക്കായി തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കാളികളാകുന്നതെന്നും ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിശീലനത്തിനുശേഷം ജോലിയോ സ്വയംതൊഴിലോ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ദേശീയ നഗര ഉപജീവനമിഷനുകീഴിൽ നഗര ദരിദ്രരായ തൊഴിൽരഹിതരുടെ ജീവനോപാധി വികസനത്തിനായി തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ 93 നഗരങ്ങളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. തൊഴിൽ സാധ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 74 ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്.

(ബി) ഏഴ് സർക്കാർ സ്ഥാപനങ്ങളടക്കം 45 പരിശീലന ഏജൻസികളാണ് പരിശീലനങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 93 നഗരങ്ങളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. പരിശീലന ഏജൻസികളുടെ പട്ടിക അനുബന്ധം 1* ആയും ഓരോ കോഴ്സുകൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന നഗരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 2*ആയും ചേർത്തിട്ടുണ്ട്.

(സി) പരിശീലനാനന്തരം വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന എഴുപത് ശതമാനം പരിശീലനാർത്ഥികൾക്കെങ്കിലും തൊഴിൽ തരപ്പെടുത്തി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പരിശീലന ഏജൻസികളുമായി ചേർന്ന് കുടുബശ്രീ നടത്തുന്നുണ്ട്.

പരിശീലനത്തിനുശേഷം സ്വയം തൊഴിൽ ചെയ്യാനാഗ്രഹിക്കുന്നവർക്ക് വ്യക്തി ഒന്നിന് 2 ലക്ഷം രൂപ എന്ന നിരക്കിൽ വായ്പ തരപ്പെടുത്തി നൽകുകയും ഏഴ് ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ സബ്സിഡിയായി നൽകുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ മുന്നോട്ടുവരുന്ന സംരംഭകർ സ്ത്രീകളാണെങ്കിൽ വായ്പാ കാലാവധിയിൽ വായ്പ അടച്ചുതീർക്കുമ്പോൾ മൂന്ന് ശതമാനം അധിക സബ്സിഡിയും നൽകുന്നുണ്ട്.

**വ്യാപാര സ്ഥാപനങ്ങൾ വാണിജ്യ കേന്ദ്രങ്ങൾ**

165(1680) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവകളുടെ വാടക നിശ്ചയിക്കുന്നതിൽ കെട്ടിട ഉടമസ്ഥർ ഏകപക്ഷീയമായി പ്രവർത്തിക്കുന്നതുമൂലം ഉപഭോഗവസ്തുക്കളിൽ ക്രമാതീതമായ വില വർദ്ധനവിനിട വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രദേശത്തെയും വാടക നിയന്ത്രിക്കുന്നതിനും ഏകീകൃത രൂപം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിൽ വാടക നിയന്ത്രണ സമിതികൾ രൂപീകരിക്കാനാകുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള കെട്ടിട വാടക നിയന്ത്രണ നിയമം പരിഷ്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ചിക്കൻ പദ്ധതി**

166(1681) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി സഹകരിച്ച് കുടുംബശ്രീ 'കേരള ചിക്കൻ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിച്ചിട്ടുള്ളതെന്നും പ്രസ്തുത യൂണിറ്റുകളിൽ വളർത്തുന്ന കോഴികൾക്ക് ഹോർമോൺ കലർന്ന ഭക്ഷണം നൽകില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കുടുംബശ്രീയിൽനിന്നും കെപ്കോ കോഴികളെ തിരികെ വാങ്ങുമ്പോൾ എന്ത് വിലയ്ക്ക് വാങ്ങുമെന്നാണ് കരാർ ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വർദ്ധിച്ചുവരുന്ന ഇറച്ചിക്കോഴി വില നിയന്ത്രിക്കുകയും സുരക്ഷിതമായ കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) 271 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി ചേർന്ന് 2017 ഡിസംബറിലാണ് കേരള ചിക്കൻ പദ്ധതി ആരംഭിച്ചത്. നിലവിൽ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് കോഴിത്തീറ്റ ലഭ്യമല്ലാത്തതിനാൽ

ഗുണഭോക്താക്കൾ നേരിട്ട് സ്വകാര്യ ഏജൻസികളിൽ നിന്നാണ് തീറ്റ വാങ്ങുന്നത്. കോഴികൾക്ക് നൽകുന്ന തീറ്റ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പരിശോധനാകേന്ദ്രങ്ങളിൽ (ലബോറട്ടറി) റാൻഡമായി സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് കെപ്കോ മുഖേന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ നൽകുന്നതും തിരികെ എടുക്കുന്നതും. നിലവിൽ ഒരു കിലോഗ്രാമിന് 85 രൂപ നിരക്കിലാണ് കെപ്കോ ഇറച്ചിക്കോഴികളെ തിരികെ എടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

**ആശാവർക്കർമാരുടെയും പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും വേതനം**

167(1682) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ ജോലി ചെയ്തുവരുന്ന ആശാ വർക്കർമാർ, പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നിവർക്ക് നിലവിൽ നൽകിവരുന്ന വേതനം എത്രയാണ്;

(ബി) അവരുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 15,000 രൂപയും ആശാവർക്കർമാരുടെ വേതനം 2,000 രൂപയുമാണ്.

(ബി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 29-11-2017-ലെ സ.ഉ.(സാധാ) നമ്പർ 3845/2017/തസ്വഭവ.12-12-2017-ലെ സ.ഉ.(സാധാ)നമ്പർ 4009/2017/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം 1-6-2017 മുതൽ പ്രാബല്യത്തിൽ 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശാ വർക്കർമാരുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ എന്നുള്ള വിവരം ആരോഗ്യ വകുപ്പിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്.

## കെയർ ഗിവർ സീനിയർ സിറ്റിസൺ പദ്ധതി

168(1683) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോധികരെ പരിചരിക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ കെയർ ഗിവർ സീനിയർ സിറ്റിസൺ എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ബി) ഏകദേശം എത്ര കുടുംബശ്രീ പ്രവർത്തകരെയാണ് പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് വയോധികർക്ക് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിരാശ്രയരായ വയോധികർക്ക് പദ്ധതി എത്രത്തോളം പ്രയോജന പ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വയോധികരെ പരിചരിക്കുന്നതിനായി കെയർ ഗീവർ സീനിയർ സിറ്റിസൺ പദ്ധതി രൂപീകരണം ആലോചനയിലുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല.

(സി&ഡി) പ്രധാനമായും വയോധികർക്കുള്ള രോഗപരിശോധനകൾ, ഹോംനഴ്സിംഗ് തുടങ്ങിയ സേവനങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

## കോട്ടയം ജില്ലയിലെ കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ

169(1684) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ട്; എന്ത് മാനദണ്ഡമാണ് പ്രസ്തുത നിയമനത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(ബി) ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ വിജയിച്ചിട്ടുള്ളവരുടെ ലിസ്റ്റ് നൽകാമോ?

<u>ഉത്തരം</u>

(എ) ബ്ലോക്ക് കോ-ഓർഡിനേറ്റർ-1 തസ്തികയിൽ 14 പേർക്കും ബ്ലോക്ക് കോ-ഓർഡിനേറ്റർ-2 തസ്തികയിൽ 3 പേർക്കും ഉൾപ്പെടെ ആകെ 17 പേർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനരീതി ചുവടെ ചേർക്കുന്നു:

1. എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം.

2. ബ്ലോക്ക് കോ-ഓർഡിനേറ്റർ-1-ന് പ്രതിമാസം പരമാവധി 15,000 രൂപയും ബ്ലോക്ക് കോ-ഓർഡിനേറ്റർ-2ന് പ്രതിമാസം 10,000 രൂപയും ശമ്പളമായി ലഭിക്കും.

3. അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ, തൊട്ടടുത്ത് ബ്ലോക്കിൽ താമസിക്കുന്നവർ/ജില്ലയിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നു.

4. 1-10-2017-ന് 35 വയസ്സ് കഴിയാൻ പാടുള്ളതല്ല.

5. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നു.

(ബി) ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യത നേടിയവരുടെ തസ്തിക തിരിച്ചുള്ള റാങ്ക് പട്ടിക അനുബന്ധം 1,2 ആയി* ഉള്ളടക്കം ചെയ്യുന്നു.

**കുടുംബശ്രീ തീരദേശ വോളണ്ടിയർമാരുടെ ഉത്തരവാദിത്തങ്ങൾ**

170(1685) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനും ഉപജീവനമാർഗ്ഗങ്ങൾ ഫലപ്രദമാക്കുന്നതിനും കുടുംബശ്രീ തീരദേശ വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരദേശ വോളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വോളണ്ടിയർമാർക്ക് ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കാൻ അവരെ പ്രാപ്തമാക്കുന്നതിന് പ്രത്യേക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടോ;

(ഡി) വിവിധ പരിശീലനപരിപാടികളിലൂടെയും പ്രത്യേക ഇടപെടലുകളിലൂടെയും തീരദേശ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കുടുംബശ്രീ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 81 തീരദേശ പഞ്ചായത്തുകളിൽ തീരദേശ വോളണ്ടിയർമാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(ബി) തീരദേശ വേളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ ചുവടെ ചേർക്കുന്നു:

1. നിയമിക്കപ്പെടുന്ന പഞ്ചായത്തിലെ തീരദേശ വാർഡുകളിലെ കുടുബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക. ഇതിനായി സി.ഡി.എസ്.-നോടൊപ്പം ചേർന്ന് പ്രവർത്തിക്കുക.

2. തീരദേശ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ കണക്കെഴുത്ത്, രേഖകൾ എന്നിവ ക്രമപ്പെടുത്തുക. നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക.

3. അയൽക്കൂട്ട വോളന്റിയേഴ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും ഇവരെ ബോധ്യപ്പെടുത്തുക.

4. സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുക.

5. അയൽക്കൂട്ടങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് കാസ്സ് അംഗങ്ങളെ സഹായിക്കുക. അയൽക്കൂട്ടങ്ങളെ ഓഡിറ്റിന് സജ്ജരാക്കുക.

6. അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുക. സമാന സ്വഭാവമുള്ള മറ്റ് സംവിധാനങ്ങളിൽനിന്നും ലിങ്കേജ് വായ്പയെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

7. അയൽക്കൂട്ടതലങ്ങളിൽനിന്നും വികസനാവശ്യങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സൂക്ഷ്മതല ആസൂത്രണ രേഖകൾ (Micro Plan) തയ്യാറാക്കുകയും ആയത് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയും ചെയ്യുക.

8. കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന ഉപജീവന/സംരംഭ പ്രവർത്തനങ്ങൾ കണ്ടെത്തി അവ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക.

9. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിക്കുക.

10. വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.

11. സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുക.

12. കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനുകളുടെ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുക.

13. കുടുംബശ്രീയുടെ മറ്റ് പ്രവർത്തനങ്ങളിലും ജില്ലാ റിവ്യൂ യോഗങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കുക.

(സി) ഉണ്ട്.

(ഡി) തീരദേശ മേഖലയിലെ പ്രവർത്തങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു.

തീരദേശ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, അയൽക്കൂട്ടങ്ങളുടെ കണക്കെഴുത്ത്, രേഖകൾ എന്നിവ ക്രമപ്പെടുത്തുക, നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക, സൂക്ഷ്മ സമ്പാദ്യ പ്രവർത്തങ്ങളെ ശക്തിപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുക. അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുക, സമാന സ്വഭാവമുള്ള മറ്റ് സംവിധാനങ്ങളിൽനിന്ന് ലിങ്കേജ് വായ്പയെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക, മികച്ച വരുമാനം ഉറപ്പാക്കുന്ന ഉപജീവന/സംരംഭക പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പൊതു ജീവിതനിലവാരമുയർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ തീരദേശ അയൽക്കൂട്ടത്തിന് 15,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 2,000 അയൽക്കൂട്ടങ്ങൾക്ക് 3 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകി.

## കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ

171(1686) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ നൂതനമായ എത്ര പദ്ധതികൾ കുടുംബശ്രീ മിഷൻ നടപ്പാക്കിയിട്ടുണ്ട്;

(സി) മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന എൻ.ആർ.ഒ. ഓഫീസ് വഴി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബശ്രീ അംഗങ്ങൾക്ക് കിട്ടുന്ന പ്രയോജനം എന്തെല്ലാമാണ്;

(ഡി) പ്രസ്തുത കാലയളവിൽ വാഹനങ്ങൾ വാങ്ങുന്നതിനും വിമാനയാത്ര ഇനത്തിലും എത്ര രൂപ കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ടി കാലയളവിൽ കുടുംബശ്രീ മുഖേന നടപ്പാക്കിയ നൂതനമായ പദ്ധതികൾ:

കുടുംബശ്രീ സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, മൈക്രോ ഫിനാൻസ് പദ്ധതികൾ, ഡി.ഡി.യു.ജി.കെ.വൈ. മൃഗസംരക്ഷണ പദ്ധതികൾ, ട്രൈബൽ വികസന പദ്ധതികൾ, സ്ത്രീകൾക്കായി ജെന്റർ റിസോഴ്സ് സെന്ററുകൾ, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്, ബാലസഭ, സ്റ്റാർട്ടപ്പ് വില്ലേജ്, എന്റർപ്രണർഷിപ്പ് പ്രോഗ്രാം എന്നിവയും ദിശ 2017, സമന്വയം 2017 എന്നീ പരിശീലന പരിപാടികളും നടപ്പാക്കിവരുന്നു.

(സി) ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (NRLM) പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിന് മിഷനെ സഹായിക്കുകയാണ് കുടുംബശ്രീ എൻ.ആർ.ഒ.യുടെ ലക്ഷ്യം. കുടുംബശ്രീയുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് അത്തരത്തിൽ സഹായം നൽകുന്നത്. അതുകൊണ്ടുതന്നെ എൻ.ആർ.ഒ.യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നൽകുന്നത് നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) ആണ്. എൻ.ആർ.എൽ.എം. നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് എൻ.ആർ.ഒ. പ്രവർത്തിക്കുന്നത്. അതുകൊണ്ട് കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബശ്രീ അംഗങ്ങൾക്ക് എൻ.ആർ.ഒ.യിൽ നിന്ന് നേരിട്ട് ഒരു പ്രയോജനവും ലഭിക്കുന്നില്ല.

(ഡി) വാഹനങ്ങൾ വാങ്ങിയിട്ടില്ല. പ്രസ്തുത കാലയളവിൽ വിമാനയാത്രയ്ക്കായി 52,17,198 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ

172(1687) ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസമൂഹത്തെ സ്ത്രീ സൗഹൃദമാക്കുന്നത് ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജെൻഡർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾ എപ്രകാര മാണെന്ന് വിശദമാക്കുമോ;

(ഡി) വിവിധ പ്രശ്നങ്ങൾ നേരിടുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗ് ലഭ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇത്തരം സെന്ററുകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ കേരളത്തിലെ പതിനാല് ജില്ലകളിലുമായി 104 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തോടെയാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നത്. സെന്ററുകൾക്കുവേണ്ട ഭൗതിക സൗകര്യം നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

ജെൻഡർ റിസോഴ്സ് സെന്ററുകളിലൂടെ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന ലിംഗ പദവി വികസന-സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഏകോപനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതി രൂപീകരണത്തിൽ (പ്രത്യേകിച്ച് വനിതകൾക്കായുള്ളവ) സാങ്കേതിക സഹായം

സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും വിദഗ്ദ്ധ തൊഴിൽ മേഖലകളെ കണ്ടെത്തി അവരെ പരിശീലിപ്പിക്കുന്നതിനും സഹായിക്കുക.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കുവേണ്ട പിന്തുണ മറ്റ് സേവനദാതാക്കളുമായി സംയോജിച്ച് നൽകുക.

കൗൺസിലിംഗ് ആവശ്യമായവർക്ക് (വ്യക്തിഗതവും ഗ്രൂപ്പ് കൗൺസിലിങ്ങും) നൽകുക.

ജാഗ്രതാ സമിതി, കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പ് എന്നിവരുമായി ചേർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജെന്റർ ഓഡിറ്റിംഗ്, ജെൻഡർ ബഡ്ജറ്റിംഗ് എന്നിവ നടത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് വേണ്ട സഹായം നൽകുക.

മറ്റ് അക്കാഡമിക് സ്ഥാപനങ്ങൾ ഗവേഷണ കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ കോഴ്സുകൾ (സർട്ടിഫിക്കറ്റ് കോഴ്സ്) പഠന പ്രവർത്തനങ്ങൾ, ഗവേഷണങ്ങൾ എന്നിവ നടത്താനുള്ള സാധ്യതകൾ കണ്ടെത്തുക.

സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യക്കാർക്ക് നൽകുക.

സ്ത്രീപദവി പഠനം നടത്തുന്നതിനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക, അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

വിവിധ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾ, കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ പ്രതിനിധികൾ തുടങ്ങി പല മേഖലകളിലുള്ളവർക്കും ജെൻഡർ അവബോധ പരിശീലനം നൽകുക.

സ്ത്രീ ശാക്തീകരണ ജെന്റർ അവബോധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ.

വിവിധ പരിശീലനങ്ങൾക്കുള്ള പഠന സഹായി, രീതി ശാസ്ത്രം എന്നിവയുണ്ടാക്കി ലഭ്യമാക്കുക.

(ഡി) കേരളത്തിലാകെ 356 കമ്മ്യൂണിറ്റി കൗൺസിലർമാരെ കുടുംബശ്രീ പരിശീലനം നൽകി വിന്യസിച്ചിട്ടുണ്ട്. ഇവരുടെ സേവനം ജെൻഡർ റിസോഴ്സ് സെന്ററുകളിലൂടെ ബന്ധിപ്പിച്ച് നടത്തിവരുന്നു. തുടർ സഹായം ആവശ്യമായ കേസുകൾ 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിലേക്ക് നൽകുകയും അവിടെ ആവശ്യമായ സേവനങ്ങൾ നൽകിവരികയും ചെയ്യുന്നു.

ഇതുകൂടാതെ 14 ജില്ലകളിലായി 76 ബ്ലോക്കുകളിൽ ബ്ലോക്ക്തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴിയും ആവശ്യമായ പിന്തുണ സംവിധാനം നൽകിവരുന്നുണ്ട്.

## കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

173(1688) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിലെ കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ IA 285/2016 നമ്പർ ഫയലിൽ നടപടികൾ ഏതുവരെയായി; വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## അയൽസഭകൾ യോഗം ചേരുന്നതിന് നിർദ്ദേശങ്ങൾ

174(1689) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമസഭകളുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള അയൽസഭകൾ യോഗം ചേരുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഇതുസംബന്ധിച്ചുള്ള വകുപ്പുതല ഉത്തരവുകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. 25-6-2014-ലെ സ.ഉ.(എം.എസ്.)നമ്പർ 112/2014/തസ്വഭവ, 3-7-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 218/2015/തസ്വഭവ. ഉത്തരവുകളും 19-10-2015-ലെ 282256/ഐ.എ. 1/14/തസ്വഭവ. നമ്പർ സർക്കുലറും പ്രകാരം അയൽസഭകൾ ചേരുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു.) *

## കുടുംബശ്രീയിലെ താൽക്കാലിക ജീവനക്കാർ

175(1690) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീയിൽ എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാന കുടുംബശ്രീ മിഷനിലെയും ജില്ലാ കുടുംബശ്രീ മിഷനിലെയും താത്കാലിക ജീവനക്കാരെ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനം**

176(1691) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും അതിലൂടെ സ്ത്രീ ശാക്തീകരണം കൈവരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കാറ്ററിംഗ് മേഖലയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്ന കുടുംബശ്രീ പ്രവർത്തകർക്ക് ടൂറിസം വകുപ്പിന്റെ ഹോട്ടലുകളിലും ഗസ്റ്റ് ഹൗസുകളിലും പരിശീലനം നൽകുന്നതിനും അതിലൂടെ പ്രസ്തുത മേഖലയിൽ നൈപുണ്യം നേടുന്നതിനും അവസരം നൽകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 'ഇയർ ഓഫ് എൻ.എച്ച്.ജി.' ക്യാമ്പയിൻ: 2018-ൽ 20-ാം വാർഷികം ആഘോഷിക്കുന്ന കുടുംബശ്രീ 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല ക്യാമ്പെയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീയിൽ ഇനിയും അംഗമാകാത്ത മുഴുവൻ പാവപ്പെട്ടവരെയും അയൽക്കൂട്ടങ്ങളിൽ അംഗമാക്കുക, എ.ഡി.എസ്. തലത്തിൽ അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യ വായ്പ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക, കുടുംബശ്രീ മൊബൈൽ ആപ്ലിക്കേഷൻ എല്ലാ അയൽക്കൂട്ടങ്ങളിലും എത്തിക്കുക, മുഴുവൻ അയൽക്കൂട്ടങ്ങളെയും കുടുംബശ്രീ മാസികയുടെ വരിക്കാരാക്കുക, എ.ഡി.എസ്.-നെ ഒരു റിസോഴ്സ് സെന്ററാക്കി മാറ്റുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും തയ്യാറാക്കുക, കുടുംബശ്രീയുടെ എം.ഐ.എസ്സ്. ശക്തിപ്പെടുത്തി ഡാറ്റയുടെ കൃത്യത

ഉറപ്പുവരുത്തുക, അയൽക്കൂട്ടങ്ങളിലെ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, അയൽക്കൂട്ട/സി.ഡി.എസുകളുടെ ഗ്രേഡേഷനും വിലയിരുത്തലും അയൽക്കൂട്ടതല മൈക്രോ ലെവൽ പ്ലാൻ/സി.ഡി.എസ്. ആക്ഷൻ പ്ലാൻ തയ്യാറാക്കൽ തുടങ്ങിയവയാണ് ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പെയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ.

(ബി) എസ്.സി. വകുപ്പുമായി സംയോജിച്ച് വിവിധ ജില്ലകളിലായി എസ്.സി. വനിതകൾ കഫേ യൂണിറ്റുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കാറ്ററിംഗ് യൂണിറ്റുകളെ വിവിധ മേളകളിലും മറ്റും പങ്കെടുപ്പിക്കുന്നതിനുള്ള അവസരമൊരുക്കി വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ലഭ്യമാക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

(സി) നിലവിൽ കാറ്ററിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് കഫേ മാനേജ്മെന്റ് രംഗത്തെ എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾ വഴിയാണ് പരിശീലനം നൽകുന്നത്. ടൂറിസം വകുപ്പിന്റെ ഹോട്ടലുകളിലും ഗസ്റ്റ് ഹൗസുകളിലും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടില്ല.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

177(1692) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ, കർഷകർക്ക് സഹായകരമായ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും ഇത്തരം ഉൽപ്പാദക സംഘങ്ങൾ എപ്രകാരം സഹായകമാകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കർഷ കൂട്ടായ്മയിലൂടെ രൂപീകരിച്ചിട്ടുള്ള പ്രൊഡ്യൂസർ കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കമ്പനിക്കുതന്നെ വിൽക്കുന്നതുവഴി ഇടനിലക്കാരെ ഒഴിവാക്കി പരമാവധി ലാഭം ലഭിക്കുവാനും തദ്വാര സ്ഥായിയായ വരുമാനം ലഭിക്കുവാനും സാധിക്കുന്നു.

- ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻ സാധിക്കുന്നു.

കർഷകർതന്നെ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർ, ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ പദവികൾ വഹിക്കുന്നതിനാൽ സ്ത്രീ ശാക്തീകരണമെന്ന കുടുംബശ്രീയുടെ ഉദ്ദേശ്യലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്നു.

- കർഷക ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ക്ഷേമ പെൻഷൻ, ഇൻഷ്വറൻസ് എന്നിവ നൽകാൻ സാധിക്കും.

- വിവിധ ഉറവിടങ്ങളിൽനിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക, തുടർ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ സാമ്പത്തിക ശാക്തീകരണം എന്ന കുടുംബശ്രീയുടെ ലക്ഷ്യം നേടിയെടുക്കുക.

(ഡി) കമ്പനി എന്ന നിലയിൽ രൂപീകരിക്കുന്നതിനാൽ ഇത്തരം ഉൽപ്പാദക സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പൊതു ബ്രാന്റിൽ വിറ്റഴിക്കുവാൻ സാധിക്കുന്നു. ഉൽപ്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും വൻതോതിൽ വിറ്റഴിക്കുന്നതിനും ഇത്തരത്തിലുള്ള ഉത്പാദക സംഘങ്ങൾക്ക് സാധിക്കുന്നു. കൂടാതെ ഉൽപ്പാദക സംഘങ്ങൾക്ക് അവരുടെ ലാഭവിഹിതത്തിന്റെ നിശ്ചിത ശതമാനം അംഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുന്നതിനും കഴിയുന്നു.

## ദിശ 2017 പദ്ധതി

178(1693) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ അയൽക്കൂട്ടങ്ങളെ നവീകരിക്കുന്നതിനായി 'ദിശ-2017'പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ,വയോജനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, ന്യൂനപക്ഷ വിഭാഗക്കാർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാർഷിക-സൂക്ഷ്മസംരംഭ മേഖലകളിൽ കുടുംബശ്രീ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തി പരമാവധി പ്രയോജനപ്പെടത്തക്കവിധം കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമായി എന്ന് വ്യക്തമാക്കാമോ;

(ഡി) അയൽക്കൂട്ട പ്രവർത്തനങ്ങളിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും അത് പരിഹരിക്കുന്നതിനുമുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ദിശ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ളവരുടെ 753 അയൽക്കൂട്ടങ്ങളും, വയോജന വിഭാഗങ്ങളുടെ 1774 അയൽക്കൂട്ടങ്ങളും, ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ 17 അയൽക്കൂട്ടങ്ങളും ന്യൂനപക്ഷ വിഭാഗങ്ങളുടെ 948 അയൽക്കൂട്ടങ്ങളും, എസ്.റ്റി. വിഭാഗങ്ങളുടെ 218 അയൽക്കൂട്ടങ്ങളും എസ്.സി. വിഭാഗങ്ങളുടെ 1039 അയൽക്കൂട്ടങ്ങളും 311 തീരദേശ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

(സി) കൃഷി അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും അവർക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉൽപ്പാദിപ്പിക്കുന്നതിനും ആളുകളിൽ എത്തിക്കുന്നതിനുമായി 'ഭക്ഷ്യ സുരക്ഷ ഭവനം' പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനും സൂക്ഷ്മ സംരംഭ മേഖലയിൽ ഒരു തദ്ദേശ ഭരണ പ്രദേശത്ത് കുറഞ്ഞത് ഒരു ഗ്രൂപ്പ് സംരംഭവും ഒരു വ്യക്തിഗത സംരംഭവും ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനം' എന്ന പേരിൽ ഉപജീവന ക്യാമ്പയിൻ നടപ്പിലാക്കുന്നതിനും പദ്ധതി സഹായകമായി.

(ഡി) അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ വിവിധ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ഷീ പാഡ് പദ്ധതി

179(1694) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ ഷീപാഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതി കേരളത്തിലെ വിവിധ വനിതാ സംഘടനകളുടെ നേതൃത്വത്തിൽ, പ്രത്യേകിച്ച് പെൺകുട്ടികളുടെ കോളേജുകളിലും സ്കൂളുകളിലും മറ്റും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം മുൻകൈയെടുത്ത് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഷീ പാഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി നഗരസഭ പരിധിയിലുള്ള സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്ത് ഷീ പാഡ് പദ്ധതി നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 6 |
| കൊല്ലം | 8 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 7 |
| കോട്ടയം | 5 |
| ഇടുക്കി | 13 |
| എറണാകുളം | 6 |

| 1 | 2 |
|---|---|
| തൃശ്ശൂർ | 11 |
| പാലക്കാട് | 14 |
| മലപ്പുറം | 12 |
| കോഴിക്കോട് | 5 |
| വയനാട് | 2 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 0 |

(ബി-ഡി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുന്നതിന് നടപടികൾ**

180(1695) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ, ഫ്ലാറ്റുകൾ, വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ, ഖര-ദ്രവ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നല്ലൊരു ശതമാനവും മതിയായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, മതിയായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചതിനും ജലാശയങ്ങൾ മലിനമാക്കിയതിനും, പൊതുസ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിനും ഏതെല്ലാം സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയ്ക്കെതിരെ നിയമനടപടികൾ, പിഴയീടാക്കൽ എന്നിവ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി&ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ,

കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴ വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2511/2017/തസ്വ.ഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി&ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശം സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി&ഒ ലൈസൻസ് ഇനിമേലിൽ നൽകാവൂ എന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേക ഫീസ് ഒടുക്കി സംസ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം നൽകേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) മതിയായ മാലിന്യസംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചതിനും ജലാശയങ്ങൾ മലിനമാക്കിയതിനും പൊതുസ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിനും പഞ്ചായത്ത് വകുപ്പിൽനിന്ന് നിയമ നടപടികൾ, പിഴയീടാക്കൽ എന്നിവ സ്വീകരിച്ചത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചത് | പിഴ ഈടാക്കിയത് | |
|---|---|---|---|
| | | എണ്ണം | തുക |
| 1 | 2 | 3 | 4 |
| തിരുവനന്തപുരം | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 |
| പത്തനംതിട്ട | 1 | 0 | 0 |
| ആലപ്പുഴ | 5 | 0 | 0 |
| കോട്ടയം | 2 | 0 | 0 |

| 1 | 2 | 3 | 4 |
|---|---|---|---|
| ഇടുക്കി | 4 | 4 | 5000 |
| എറണാകുളം | 2 | 1 | 20000 |
| തൃശ്ശൂർ | 89 | 78 | 121601 |
| പാലക്കാട് | 4 | 0 | 0 |
| മലപ്പുറം | 9 | 0 | 0 |
| കോഴിക്കോട് | 15 | 15 | 105000 |
| വയനാട് | 2 | 0 | 0 |
| കണ്ണൂർ | 11 | 11 | 145200 |
| കാസർഗോഡ് | 0 | 0 | 0 |
| ആകെ | 144 | 109 | 396801 |

നഗരകാര്യ വകുപ്പിനെ സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള മേൽപരാമർശിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ**

181(1696) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിലൂടെ ധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇ-വേസ്റ്റ് സംസ്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അനിയന്ത്രിത വ്യാപനം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിലൂടെ ധനസഹായം നൽകുന്ന കാര്യം പരിഗണനയിലില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും തുക വകയിരുത്തിയാണ് നിലവിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ മാലിന്യ സംസ്കരണ/ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിനും ശുചിത്വ മിഷനും സംസ്ഥാന ബഡ്ജറ്റിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും തുടർന്ന് റീസൈക്കിൾ ചെയ്യുന്നതിലേക്ക് കൈമാറുന്നതിനുമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി/റിസോഴ്സ് റിക്കവറി സെന്ററുകൾ എന്ന പശ്ചാത്തല സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കപ്പെടുന്ന ഹരിത കർമ്മ സേന മുഖേന ശേഖരിക്കപ്പെടുന്ന ഇ-വേസ്റ്റ് സുരക്ഷിത സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറും.

കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ-ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെതന്നെ ഇത്തരത്തിലുള്ള ഒരു പ്രോജക്ട് ഏറ്റെടുത്ത് നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും 800 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനും കൂടാതെ മൂല്യവർദ്ധിത സേവനമെന്ന നിലയിൽ ആപൽകരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർകാർട്ടിലേജുകൾ എന്നിവ കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാരിൽനിന്നും ഒരു മാസം കുറഞ്ഞത് നാലായിരം രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും അങ്ങനെ ലഭിക്കുന്ന തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സുസ്ഥിര മാലിന്യ പരിപാലനത്തിന് ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2016-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

പുറപ്പെടുവിക്കേണ്ട ബൈലായുടെ കരട് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനാവശ്യമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ക്ലീൻ കേരള കമ്പനി മുഖേന സ്ഥാപിക്കുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകളിൽ ഷ്രഡ് ചെയ്ത് റോഡ് ടാറിങ്ങിന് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

182(1697) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ;

(സി) ജില്ലകളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന ശുചിത്വകേരളം പദ്ധതിക്കായി ബഡ്ജറ്റിൽ ഖരമാലിന്യ സംസ്കരണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 1027.25 ലക്ഷം രൂപയാണ് നഗരകാര്യവകുപ്പ് മുഖേന ചെലവഴിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 99,41,09,788 രൂപ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉറവിട മാലിന്യ സംസ്കരണ പദ്ധതികളായ കമ്പോസ്റ്റിംഗ്, ബയോമെതിനേഷൻ (ബയോഗ്യാസ് പ്ലാന്റ്) സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്,

ദ്രവമാലിന്യ സംസ്കരണം, മാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ, മഴക്കാല പൂർവ്വ ശുചീകരണം, ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, ODF പ്രഖ്യാപനവുമായി ബന്ധപ്പെട്ട കക്കൂസ് നിർമ്മാണം തുടങ്ങിയവയാണ് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പദ്ധതികൾ.

(സി) വിവിധ ജില്ലകളിലെ നഗര പ്രദേശങ്ങളിൽ പരിമിതമായ സ്ഥല സൗകര്യം പ്രയോജനപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് എവിടെയൊക്കെയാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## മാലിന്യ നിർമ്മാർജ്ജനം

183(1698) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തരത്തിലുമുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ആളില്ലാത്ത പറമ്പുകളിലും രാത്രികാലങ്ങളിൽ റോഡുവക്കിലും നിക്ഷേപിക്കുന്ന പ്രവണത കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുവാനും കുറ്റക്കാരെ കണ്ടെത്താനും ശിക്ഷ ഉറപ്പാക്കാനുമായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) വീട്ടിലെ മാലിന്യങ്ങൾ സംസ്കരിക്കേണ്ടവ സംസ്കരിക്കാനും അല്ലാത്തവ ശേഖരിച്ച് വേണ്ടുന്ന സംസ്കരണം ഉറപ്പുവരുത്താനുമായി ഗ്രാമപഞ്ചായത്തുകളിൽ തുടങ്ങി കോർപ്പറേഷനുകളിൽ വരെ എന്തുനടപടികളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; ഇവ പ്രസ്തുത തദ്ദേശഭരണസ്ഥാപന അധികാരികൾക്ക് ഉറപ്പുവരുത്താൻ കഴിയുന്നുണ്ടോ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219(u)

പ്രകാരവും മുനിസിപ്പാലിറ്റി ആക്റ്റിന്റെ 340-ാം വകുപ്പുപ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാല പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ബി) പഞ്ചായത്തുകൾ മുഖേന നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചത് | പിഴ ഈടാക്കിയത് | |
|---|---|---|---|
| | | എണ്ണം | തുക |
| തിരുവനന്തപുരം | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 |
| പത്തനംതിട്ട | 1 | 0 | 0 |
| ആലപ്പുഴ | 5 | 0 | 0 |
| കോട്ടയം | 2 | 0 | 0 |
| ഇടുക്കി | 4 | 4 | 5000 |
| എറണാകുളം | 2 | 1 | 20000 |
| തൃശ്ശൂർ | 89 | 78 | 121601 |
| പാലക്കാട് | 4 | 0 | 0 |
| മലപ്പുറം | 9 | 0 | 0 |
| കോഴിക്കോട് | 15 | 0 | 105000 |
| വയനാട് | 2 | 0 | 0 |
| കണ്ണൂർ | 11 | 11 | 145200 |
| കാസർഗോഡ് | 0 | 0 | 0 |
| ആകെ | 144 | 109 | 396801 |

നഗരസഭകളിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 1. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഓരോ വീട്ടിലും നിലവിൽ ഏതുരീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന് കണ്ടെത്തുകയും ആ രീതിയിൽ ജൈവമാലിന്യ പരിപാലനത്തിന് വീട്ടുകാരെ സജ്ജരാക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരള മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ നടപ്പിലാക്കിവരുന്നു.

2. മാലിന്യം കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, പുനഃചംക്രമണം ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഹരിത കർമ്മസേനാംഗങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

3. അജൈവ മാലിന്യങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേനാപ്രവർത്തകരുടെ സഹായത്തോടെ തരംതിരിച്ച് ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.)യിൽ എത്തിക്കുന്നതാണ്. അവിടെനിന്നും വീണ്ടും രണ്ടാം തരംതിരിക്കലിന് വിധേയമാക്കി റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുനഃചംക്രമണം ഉറപ്പാക്കുന്നതിനായി നീക്കം ചെയ്യുന്നതുമാണ്.

ഇപ്രകാരം ഗാർഹികതലമാലിന്യപരിപാലനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

### കിച്ചൻ ബിന്നുകൾ സ്ഥാപിച്ചതിന്റെ നടപടികൾ

184(1699) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യമായി കിച്ചൺ ബിന്നുകൾ സ്ഥാപിച്ചതിന്റെ മറവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ കോടികളുടെ അഴിമതി നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കിച്ചൺ ബിന്നുകളാണ് സ്ഥാപിച്ചതെന്നും ഏത് സ്ഥാപനത്തിൽ നിന്നുമാണ് ഇതിനായുള്ള ബിന്നുകൾ വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം ശുചിത്വ മിഷൻ അംഗീകൃത ഏജൻസി പട്ടികയിൽ ഉൾപ്പെട്ടതാണോ;

(ഡി) ശുചിത്വ മിഷൻ അംഗീകരിച്ച മറ്റ് ഏജൻസികളെ ഒഴിവാക്കി ഒരു ഏജൻസിയിൽനിന്നുമാത്രം ഇൻവോയിസ് വാങ്ങിയ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന് ഇതിനകം എന്ത് തുക നൽകിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2937 എണ്ണം, ഐ.ആർ.റ്റി.സി. പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും.

(സി) അതെ.

(ഡി) ഐ.ആർ.റ്റി.സി. അക്രഡിറ്റഡ് ഏജൻസിയാണ്. അക്രഡിറ്റഡ് ഏജൻസിയിൽനിന്നും നേരിട്ട് സാധനം വാങ്ങി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുമതിയുള്ളതാണ്. കമ്പോസ്റ്റിംഗ് മേഖലയിൽ ശുചിത്വമിഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികൾക്ക് ഇൻവോയിസ് നൽകണമെന്ന് കാണിച്ച് അറിയിപ്പ് നൽകിയിരുന്നെങ്കിലും ഐ.ആർ.റ്റി.സി.-യിൽ നിന്നുമാണ് ഇൻവോയിസ് ലഭിച്ചത്. പ്രസ്തുത സ്ഥാപനത്തിന് 56,99,880 രൂപ നൽകിയിട്ടുണ്ട്.

## പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണം

185(1700) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

(ബി) പരിസ്ഥിതി സൗഹൃദമായ രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യ സംസ്കരണത്തിന് സംസ്ഥാനത്തിനനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിന് പത്രങ്ങളിലും ശുചിത്വമിഷൻ വെബ്സൈറ്റിലും പരസ്യം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രൊപ്പോസലുകൾ

പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി വിവിധ മേഖലയിലെ സാങ്കേതിക വിദഗ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ പ്രൊപ്പോസലുകൾ സാങ്കേതിക സമിതി മുമ്പാകെ പ്രസന്റേഷൻ നടത്തി ഓരോ സാങ്കേതിക വിദ്യയുടെയും പ്രയോഗികതയും സാധ്യതയും (Technical feasibility and viability) വിശദമായി പരിശോധിക്കുകയും അതിൽനിന്നും കേരളത്തിന്റെ സാമൂഹിക പാരിസ്ഥിതിക സ്ഥിതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ ടി സാങ്കേതിക സമിതിയുടെ ശിപാർശ പ്രകാരം തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) കേരളത്തിൽ മാലിന്യ സംസ്കരണത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിസ്ഥിത സൗഹൃദമായ രീതിയിലുള്ളതാണ്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ബയോ മെത്തനേഷൻ/കമ്പോസ്റ്റിംഗ് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. അതുപോലെ അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരവ് നടത്തി പുനഃചംക്രമണത്തിന് കൈമാറുന്നതിനനുസൃതമായ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ദ്രവമാലിന്യത്തിന്റെ കാര്യത്തിൽ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ സോക്പിറ്റ്, സ്വീവേജ്ട്രീറ്റ്മെന്റ്, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് എന്നിങ്ങനെയുള്ള പരിസ്ഥിതി സൗഹൃദ രീതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

## പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി റീ സൈക്ലിംഗ് യൂണിറ്റ്

186(1701) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉപഭോഗം വർധിക്കുന്നതുമൂലം കേരളത്തിലുണ്ടാകുന്ന സാമൂഹിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായിട്ടുണ്ടോ; പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്ത് വീണ്ടും ഉപയോഗിക്കുന്ന തിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ മേഖലയിൽ എന്തെങ്കിലും സംരംഭം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി റീസൈക്ലിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിന് പുതിയ പദ്ധതി നടപ്പാക്കുമോ;

(സി) റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പ്ലാസ്റ്റിക് ഉപയോഗം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുമോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേക പഠനം നടത്തിയിട്ടില്ല. പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക, പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗ്രീൻ പ്രോട്ടോകോൾ വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങളും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇല്ല. പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്ന തരത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) പഠനങ്ങളുടെയും കേന്ദ്ര ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്ലാസ്റ്റിക് ഉപയോഗം നടപ്പാക്കുന്നത് സംബന്ധിച്ച് പുതിയ പഠനം നടത്തുന്ന കാര്യം പരിഗണനയിലില്ല.

**തിരുവനന്തപുരം നഗരത്തിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് തടയാൻ നടപടി**

187(1702) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വ്യാപകമായി നഗരസഭാ ജീവനക്കാർ ചപ്പുചവറുകൾ വൃത്തിയാക്കുന്നതോടൊപ്പം ഉണ്ടാകുന്ന പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങൾ പാതയോരങ്ങളിൽ വ്യാപകമായി കത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള കർശനനിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാമോ;

(ബി) നഗരഹൃദയഭാഗങ്ങളിലും ജനനിബിഡ പ്രദേശങ്ങളിലും പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങൾ കത്തിക്കുന്നതിന് സ്ഥിരം സ്ഥലം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് പരാതികളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടികൾ സ്വീകരിക്കാത്ത നഗരസഭാ ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(സി) പ്ലാസ്റ്റിക്ക് കത്തിക്കുന്നത് ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നു എന്ന പ്രചാരണം കേരള ശുചിത്വ മിഷൻവഴി നൽകുന്നവർ തന്നെ ഇത് കത്തിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ നിയമസഭയോടും എം.എൽ.എ. -മാരുടെ വാസസ്ഥലത്തോടും ചേർന്നുള്ള സ്റ്റേഡിയം ഫ്ലൈ ഓവറിന് സമീപം വ്യാപകമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സ്ഥിരമായി കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് തടയുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭാ ജീവനക്കാർ ചപ്പുചവറുകൾ വൃത്തിയാക്കുന്നതോടൊപ്പമുണ്ടാകുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പാതയോരങ്ങളിൽ കത്തിക്കുന്നത് തടയുന്നതിന് ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുന്നതാണ്.

(ബി) പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ കത്തിക്കുന്നതിന് സ്ഥിരം സ്ഥലമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി-ഇ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ**

188(1703) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജന-സംസ്കരണ രംഗത്ത് ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശുചിത്വ മിഷൻ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന സ്വാപ് ഷോപ്പുകളുടെ പ്രവർത്തനം നിലവിൽ എപ്രകാരമാണെന്നും വിവിധ വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇത് എത്രമാത്രം പ്രയോജനപ്രദമാകുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ സംഘടിപ്പിക്കുന്ന എല്ലാ ചടങ്ങുകളിലും മറ്റ് പൊതുപരിപാടികളിലും ഉത്സവ ആഘോഷ വേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാലിന്യ നിർമ്മാർജ്ജന-സംസ്കരണ രംഗത്ത് ശുചിത്വ മിഷൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ശുചിത്വമിഷന്റെ കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിലെയും ജില്ലാ തലത്തിലെയും ഉദ്യോഗസ്ഥർക്ക് കില മുഖേന പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്താൻ ഉദ്ദേശിക്കുന്നു.

(ബി) വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിച്ച് പ്രകൃതി വിഭവ ചൂഷണം പരമാവധി കുറയ്ക്കുകയെന്നതാണ് സ്വാപ് ഷോപ്പിന്റെ ലക്ഷ്യം. സമൂഹത്തിലെ ഒരു വിഭാഗം ആളുകളുടെ കയ്യിൽ ഉപയോഗരഹിതമായിരിക്കുന്നതും എന്നാൽ മറ്റൊരു വിഭാഗത്തിന് ഉപയോഗപ്രദമായേക്കാവുന്നതുമായ വസ്തുക്കളുടെ പങ്കുവയ്ക്കലാണ് സ്വാപ്പ് ഷോപ്പ് പ്രവർത്തനം. ഇതിലൂടെ പുതുവസ്തുക്കളുടെ ഉപഭോഗം നിയന്ത്രിക്കാനും മാലിന്യത്തിന്റെ വലിയൊരളവ് കുറയ്ക്കാനും കഴിയുന്നതാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്ത് നൂറോളം സ്വാപ്പ് ഷോപ്പുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു സ്ഥാപനങ്ങളിലും സംഘടിപ്പിക്കുകയുണ്ടായി. സ്വാപ്പ് ഷോപ്പുകളിൽ എത്തുന്ന വസ്തുക്കൾക്ക് ആവശ്യക്കാർ ഏറെയുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

നിലവിൽ താത്കാലിക സ്വാപ്പ് ഷോപ്പുകളാണ് തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിച്ച് വരുന്നത്. തദ്ദേശ സ്ഥാപനങ്ങൾ അവരവരുടെ പ്രദേശത്ത് അനുയോജ്യമായ ഒരു സ്ഥലം നിശ്ചയിച്ച് അവിടേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള വസ്തുക്കൾ എത്തിക്കുന്നതിന് പ്രചാരണം നൽകുകയും പൊതുജനങ്ങൾ എത്തിക്കുന്ന പുനരുപയോഗ്യമായ അത്തരം വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുകയും അവയിൽ ആവശ്യമുള്ളവ പൊതുജനങ്ങൾക്ക് തിരഞ്ഞെടുക്കുന്നതിനായി നൽകുകയും ചെയ്യുന്നു.

സ്ഥിരം സ്വാപ്പ് ഷോപ്പുകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 വർഷം മുതൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ട തുകയിൽനിന്ന് സ്വാപ്പ് ഷോപ്പുകൾക്കായി പണം നീക്കിവയ്ക്കാമെന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപദേശം നൽകിയിട്ടുണ്ട്.

(സി) ഗവ. സെക്രട്ടേറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ്ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ അതാത് സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടത്തപ്പെടുന്ന എല്ലാ ചടങ്ങുകളിലും പൊതുപരിപാടികളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും പുനഃചംക്രമണത്തിന് വിധേയമാക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോകോൾ ബാധമാക്കി സ.ഉ.(സാധാ)നമ്പർ 3214/2017/തസ്വഭവ. തീയതി 5-10-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഓരോ ഓഫീസിലും ഓഫീസ്തല കമ്മറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഓരോ ഓഫീസിൽനിന്നും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഉത്സവങ്ങൾ, ആഘോഷങ്ങൾ, പൊതുപരിപാടികൾ എന്നിവ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ ശുചിത്വ മിഷൻ ഓഫീസുകൾ മുഖാന്തരം ഏകോപിപ്പിച്ച് വരുന്നുണ്ട്.

**അഴുക്കുചാലുകളുടെ നവീകരണം**

189(1704) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിലെ അഴുക്കുചാലുകൾ നവീകരിക്കുന്നതിനായി കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് നഗരത്തിലെ വിവിധ വാർഡുകളിലായി നിലവിലുള്ള അഴുക്ക് ചാലുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിനും നവീകരിക്കുന്നതിനും കോർപ്പറേഷനിൽ പദ്ധതികൾ നിലവിലുണ്ട്. കൂടാതെ അമൃത് പദ്ധതിയുടെ കീഴിൽ പുതിയവ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും 41,43,42,000 രൂപയുടെ പ്രത്യേക പദ്ധതികളും നടപ്പിലാക്കുന്നു.

## മാലിന്യ സംസ്കരണ പദ്ധതികൾ

190(1705) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഫീസിബിലിറ്റിയും വയബിലിറ്റിയും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് റീസൈക്കിൾ ഫാക്ടറികൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വികേന്ദ്രീകൃതമായി നിർവ്വഹണം നടത്താൻ കഴിയുംവിധമുള്ള ജൈവമാലിന്യ കമ്പോസ്റ്റിംഗ് ബയോമെതനേഷൻ എന്നീ സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയ ആധുനിക രീതിയിലുള്ള ജൈവമാലിന്യ സംസ്കരണ സാങ്കേതിക സംവിധാനങ്ങൾ ശുചിത്വ മിഷൻ മുഖേന അംഗീകരിച്ചിട്ടുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ടി സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കേണ്ടത്.

(ബി) ശുചിത്വമിഷൻ സാങ്കേതിക ഫീസിബിലിറ്റി പരിശോധിച്ചാണ് സാങ്കേതിക വിദ്യ/സംവിധാനം അംഗീകരിക്കുന്നത്. അതാത് പദ്ധതി രൂപീകരണ സമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഫീസിബിലിറ്റിയും വയബിലിറ്റിയും പരിശോധിക്കേണ്ടതുണ്ട്.

(സി) പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് റീസൈക്കിൾ ഫാക്ടറികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മാലിന്യ നിർമ്മാർജ്ജനം

191(1706) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജനത്തിനായി സർക്കാർ രാജ്യാന്തരമികവ് തെളിയിച്ച സ്ഥാപനങ്ങളുടെ പങ്കാളിത്തം തേടുന്നുവെന്നത് ശരിയാണോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതി എങ്ങനെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മാലിന്യ നിർമ്മാർജ്ജനത്തിനായി രാജ്യാന്തര മികവ് തെളിയിച്ച സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള പങ്കാളിത്തം തേടുന്നുണ്ട്. കേരളത്തിലെ പ്രത്യേകിച്ചും നഗരപ്രദേശങ്ങളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പരിമിതമായ സ്ഥല സൗകര്യങ്ങൾ ഉപയോഗിച്ച് മാലിന്യ സംസ്കരണ മേഖലയിൽ നിക്ഷേപ പദ്ധതികൾ എന്ന നിലയിൽ നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മാലിന്യ സംസ്കരണ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റീവിന് രൂപം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ സംബന്ധിച്ച് തീരുമാനിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആധുനിക മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ ഏജൻസികളെ കണ്ടെത്തുന്നതിനായി താൽപ്പര്യപത്രം പുറപ്പെടുവിക്കുന്നതായിരിക്കും. താൽപ്പര്യ പത്രം തയ്യാറാക്കുന്നതിനായി കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് കീഴിലുള്ളതും സ്മാർട്ട് സിറ്റി പദ്ധതിക്ക് കീഴിൽ എംപാനൽ ചെയ്തിട്ടുള്ളതുമായ ഏജൻസികളിൽനിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും അങ്ങനെ ലഭിച്ച പ്രൊപ്പോസലുകളിൽനിന്നും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഐ.ആർ.ജി. സിസ്റ്റംസ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും ഇതോടൊപ്പം പുരോഗമിക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് ഈ സ്ഥലങ്ങൾ സന്ദർശിച്ച് ഓരോ സ്ഥലത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രം തയ്യാറാക്കി അനുയോജ്യമായ ഏജൻസികളെ കണ്ടെത്തുന്നതുമായിരിക്കും. പ്രസ്തുത നടപടികൾ പൂർത്തിയാക്കിയശേഷമേ ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാനാവൂ.

## അമൃത് പദ്ധതി

192(T*T 1707) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര വികസനപദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ചവയിൽ എത്രയെണ്ണത്തിന്റെ വിശദ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതിയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം (2017-18) സംസ്ഥാനത്ത് 157 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) അമൃത് പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുടിവെള്ള വിതരണം, സ്വീവറേജ് & സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഓപ്പൺ സ്പേസ് & പാർക്കുകൾ എന്നീ സെക്ടറുകളിലെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) അനുമതി ലഭിച്ചവയിൽ 143 പദ്ധതികളുടെ വിശദപഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

193(1708) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുമ്പോൾ ജനസംഖ്യാ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനത് വരുമാനം എന്നീ മാനദണ്ഡങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്.

(സി) 2015-ലെ തദ്ദശസ്വയംഭരണ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളെയും രൂപീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 27-11-2014-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നമ്പർ 3113/2014/തസ്വഭവ. ഉത്തരവ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഡാറ്റാ ബാങ്ക്**

194(1709) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ വയലുകളിൽ അഞ്ച് സെന്റ് ഉള്ളവരുടെ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡാറ്റാബാങ്ക് അന്തിമമാകാത്ത സാഹചര്യത്തിൽ അത്തരക്കാർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പരിഗണനയിലില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാബാങ്കിലോ കരട് ഡാറ്റാബാങ്കിലോ ഉൾപ്പെട്ട ഭൂമി (2008-ന് മുമ്പ് നികത്തിയതാണെങ്കിലും) വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അതത് സംഗതിപോലെ സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃത സമിതിക്കോ ശിപാർശ നൽകുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായുള്ള പ്രാദേശികതല നിരീക്ഷണ സമിതിയിൽ നിക്ഷിപ്തമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വകുപ്പുകളുടെ സംയോജനം

195(1710) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, നഗര വികസനം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകൾ സംയോജിപ്പിച്ച് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന്റെ ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏൽപ്പിച്ചിട്ടുണ്ട്. കമ്മീഷൻ കരട് ചട്ടം തയ്യാറാക്കിവരുന്നു.

## ലൈസൻസുകളും അനുമതികളും

196(1711) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി, വിവിധ ലൈസൻസുകളും അനുമതികളും കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നിയമങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി വിവിധ ലൈസൻസുകളും അനുമതികളും കാലതാമസമില്ലാതെ ലഭിക്കുന്നതിനായി സർക്കാർ 20/10/2017-ൽ ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 31-10-2017-ൽ G.O.(P) No.80/2017/LSGD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017-ലെ G.O.(P) No.81/2017/LSGD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 31/10/2017-ലെ G.O(P)No.78/2017/LSGD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി G.O.(Rt)No. 3360/2017/LSGD dtd 23-10-2017, G.O.(Rt) No. 3361/2017/LSGD dtd 23-10-2017, G.O.(Rt) No. 3359/2017/LSGD dtd 23-10-2017, G.O.(Rt)No. 3358/2017/LSGD dtd 23-10-2017 നമ്പർ ഉത്തരവുകളും RC3/306965/2015/LSGD dtd 19-10-2017 നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

## ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകൾ

197(1712) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല മേഖലയിൽ ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വാർഷിക പദ്ധതിയിൽ തുക നീക്കി വയ്ക്കുന്നതിന് റോഡുകളുടെ വീതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ല, ബ്ലോക്ക്, ഗ്രമാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന റോഡുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജില്ല, ബ്ലോക്ക്, പഞ്ചായത്ത് വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ റോഡുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ അവയ്ക്ക് മിനിമം തുക നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) റോഡുകൾക്ക് വീതി നിബന്ധന വച്ചിരിക്കുന്നതിനാലും മിനിമം തുകയുടെ പ്രവൃത്തി വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും മലയോര ഗ്രാമീണ മേഖലയിലെ റോഡുകളിൽ ഫണ്ടിന്റെ അഭാവത്തിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാറില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് റോഡ് നിർമ്മാണത്തിന് ഇപ്പോൾ നൽകിയിട്ടുള്ള നിബന്ധനകൾ ഒഴിവാക്കി റോഡുകളുടെ വീതിയോ തുകയോ പരിഗണിക്കാതെ ഫണ്ട് അനുവദിക്കുന്നതിന് ഉത്തരവ് ഭേദഗതി ചെയ്യുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് മാത്രമേ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പ്രോജക്ട് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തുകൾക്ക് വീതി സംബന്ധിച്ച നിബന്ധന ഇല്ല.

(സി) ഉണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയിലും ജില്ലാ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയിലും കുറഞ്ഞ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

**കൈതക്കാട്-അമ്പലം കണ്ടോത്തുകുഴി റോഡ്**

198(1713) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് പഞ്ചായത്തിൽ കൈതക്കാട്-അമ്പലം കണ്ടോത്തുകുഴി റോഡ് ടാർ ചെയ്യുന്നതിന് 33 ലക്ഷം രൂപ 2015-2016-ൽ എം. എൽ. എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുന്നത്തുനാട് പഞ്ചായത്തിലെ ടി പ്രവൃത്തിക്ക് 27-6-2016-ൽ ഒന്നാം ഭാഗിക ബിൽ തുക നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി, മണ്ണ് ഫില്ലിംഗ്, കൾവർട്ട് നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിസരവാസികളുമായി നിലനിന്ന തർക്കങ്ങൾ കാരണത്താലും ഒരു കൾവർട്ട് അധികമായി നിർമ്മിക്കേണ്ടിവന്നതിനാലും പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടുള്ളതാണ്. ടാറിംഗ് പ്രവൃത്തികൾ മാത്രമേ ഇനി ബാക്കിയുള്ളൂ.

(ബി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അരിപ്പാട്ടുശ്ശേരി-കുളിക്കടവ് ബണ്ട് റോഡ് നിർമ്മാണം

199(1714) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പായിപ്പാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഉൾപ്പെട്ട അരിപ്പാട്ടുശ്ശേരി-കുളിക്കടവ് ബണ്ട് റോഡ് നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയതിൻ പ്രകാരം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഗവൺമെന്റിലേക്ക് നൽകിയ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പരാതിയിൽ കഴമ്പില്ലെന്നും കാലാവസ്ഥ അനുകൂലമായാൽ പ്രവൃത്തി പുനരാരംഭിക്കുമെന്നും 3-8-2016-ൽ DB/108/2003 പ്രകാരം റിപ്പോർട്ട് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി മുതൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ; പ്രവൃത്തി പുനഃരാരംഭിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) കോട്ടയം ജില്ലയിലെ എൻ.ആർ.ഇ.ജി.പി. പദ്ധതിയിൻ കീഴിൽ നടപ്പുവർഷം എത്ര തുക നീക്കിയിരിപ്പുണ്ട്; വ്യക്തമാക്കുമോ;

(ജി) എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് അടിയന്തര പ്രാധാന്യമുള്ള പ്രസ്തുത ബണ്ട് റോഡ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവൃത്തി ആരംഭിച്ചിരുന്നു. പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 16-1-2016-ലെ തീരുമാനം നമ്പർ 1 പ്രകാരം 18,45,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

(ബി) പ്രവൃത്തി നിർത്തിവച്ചിരുന്നു.

(സി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(ഡി) പരാതി ലഭിച്ചതിനെത്തുടർന്ന് പ്രവൃത്തി നിർത്തിവച്ച സാഹചര്യത്തിൽ 2017-18-ലെ ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 2017-2018-ലെ പുതുക്കിയ ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എം.ജി.എൻ.ആർ.ഇ.ജി.എ., ഓവർസിയർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. അസിസ്റ്റന്റ് എൻജിനീയർ എന്നിവരാണ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

(എഫ്) നീക്കിയിരിപ്പില്ല.

(ജി) ബാധകമല്ല.

**തെരുവുനായ സംരക്ഷണ നിയമം**

200(1715) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ സംരക്ഷണ നിയമം എന്നാണ് നടപ്പിൽ വന്നത് എന്നും ആയതിനുശേഷം, 2017 ഡിസംബർ വരെ, തെരുവുനായ്ക്കളുടെ കടിയേറ്റ് ചികിത്സയ്ക്ക് വിധേയരായവരുടേയും മരണപ്പെട്ടവരുടേയും കഴിഞ്ഞ 5 വർഷത്തെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് എന്തെല്ലാം സഹായം നൽകി; മരണപ്പെട്ടവരുടെ ആശ്രിതർക്ക് എത്ര തുകയുടെ സഹായം നൽകി;വിശദാംശം വ്യക്തമാക്കുമോ;

(സി) തെരുവുനായ ഭീഷണി നേരിടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും തുടർ നടപടികളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 24-12-2001-ലാണ് ABC (Dog Rules) നിലവിൽ വന്നത്. 2017 ഡിസംബർവരെ തെരുവുനായ്ക്കളുടെ കടിയേറ്റ് ചികിത്സയ്ക്ക് വിധേയരായവരുടെയും മരണപ്പെട്ടവരുടെയും കഴിഞ്ഞ 5 വർഷത്തെ കണക്ക് സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് എസ്.എൽ.പി. 691/2009 കേസിൽ സുപ്രീംകോടതിയുടെ 3-3-2017-ലെ വിധിയുടെ അടിസ്ഥാനത്തിൽ 11-5-2017-ലെ സ.ഉ.(ആർ.റ്റി.) 1546/2017/ത.സ്വ.ഭ.വ. പ്രകാരം 19 പേർക്കും 10-7-2017 വിധി പ്രകാരം 3-11-2017-ലെ സ.ഉ.(ആർ.റ്റി.) 3551/2017 ത.സ്വ.ഭ.വ. പ്രകാരം 104 പേർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ട ശ്രീമതി ഡോളിയുടെ ഭർത്താവ് ഫയൽ ചെയ്ത 944/2017 സി.സി. പെറ്റീഷന്റെ അടിസ്ഥാനത്തിൽ 28-12-2017-ലെ സ.ഉ. (ആർ.റ്റി.) 4189/2017/ത.സ്വ.ഭ.വ. പ്രകാരം മുമ്പ് നൽകിയ തുകയ്ക്കുപുറമെ 5,12,500 രൂപ കൂടി നൽകാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അടങ്ങിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. കൂടാതെ 21-3-2017-ലെ സ.ഉ.(കൈ) നമ്പർ 84/17/റവ. പ്രകാരം തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പന്മന മാവേലി ആയിഷ മൻസിലിൽ സജീവിന്റെ ഭാര്യയായ അമീനയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും 17-5-2017-ലെ സ.ഉ. (സാധാ)നമ്പർ 2294/2017/റവ. പ്രകാരം തിരുവനന്തപുരം കാട്ടുപുറം ചരുവിള വീട്ടിൽ കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും 26-5-2017-ലെ സ.ഉ. (സാധാ)നമ്പർ 168/2017/റവ. പ്രകാരം തിരുവനന്തപുരം, കരകുളം, പുല്ലുവിള പള്ളികെട്ടിയ പുരയിടത്തിൽ ജോസ് ക്ലീനിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾ മുഖേന എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കൂടാതെ വളർത്തുനായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെരുവുനായകളുടെ കടിയേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടിയും തദ്ദേശ സ്ഥാപന തലത്തിൽ നടത്തിവരുന്നു.

**തെരുവുനായ്ക്കളുടെ ആക്രമണം**

201(1716) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :

<u>ശ്രീ. പി. ഉബൈദുള്ള</u> :

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം പെരുകി വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ ആക്രമണവും പേവിഷബാധയും തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾ മുഖേന എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കൂടാതെ വളർത്ത് നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ കടിയേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂകളെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടിയും തദ്ദേശ സ്ഥാപന തലത്തിൽ നടത്തിവരുന്നു.

**തെരുവുനായകളുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം**

202(1717) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെയും ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേറ്റ എത്ര പേർക്ക് നഷ്ടപരിഹാരത്തുക നൽകാൻ സർക്കാർ തീരുമാനിച്ചു; എത്ര പേർക്ക് ഇതിനകം തുക നൽകി;

(ബി) നഷ്ടപരിഹാരമായി ഇതിൽ നൽകുന്ന ഏറ്റവും കൂടിയ തുക എത്രയാണ് ; മൊത്തം എത്ര രൂപ നഷ്ടപരിഹാരത്തിനായി വേണ്ടിവരും;

(സി) ഈ തുക സർക്കാർ ഫണ്ടിൽനിന്നാണോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ടിൽനിന്നാണോ നൽകുക; വിശദാംശങ്ങൾ നല്കുമോ;

(ഡി) ഭാവിയിൽ തെരുവുനായ്ക്കളുടെ കടി ഏൽക്കുന്നവർക്ക് നഷ്ടപരിഹാരം കണക്കാക്കുന്നതിന്റെ മാനദണ്ഡവും തുക നൽകുന്നതിന്റെ നടപടിക്രമവും എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-3-2017-ലെ സ.ഉ.(ആർ.റ്റി.) 1546/2017/ തസ്വഭവ. നമ്പർ പ്രകാരം 19 പേർക്കും 3-11-2017-ലെ സ.ഉ. (ആർ.റ്റി.) 3551/2017/തസ്വഭവ. പ്രകാരം

104 പേർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ നഷ്ടപരിഹാരം നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയില്ലെന്നും ആയതിനാൽ നഷ്ടപരിഹാരം സർക്കാർ തന്നെ നൽകാൻ നിർദ്ദേശം നൽകണമെന്നുമാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് WP(C) 18013/2017 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ ശ്രീ. പി.എസ്. ബിജു എന്ന വ്യക്തിക്കാണ് 18,74,500 രൂപ എന്ന ഏറ്റവും കൂടിയ തുക ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത തുക നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയില്ലെന്നും ആയതിനാൽ സർക്കാർതന്നെ അത് നൽകാൻ നിർദ്ദേശം നൽകണമെന്നുമാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് WP(C) 18013/2017 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു വ്യക്തിക്കുള്ള പരമാവധി നഷ്ടപരിഹാരം 5 ലക്ഷം രൂപയായി നിജപ്പെടുത്താൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ പ്ലാൻ ഫണ്ടിൽ (സർവ്വീസ് സെക്ടർ)നിന്നോ ആണ് നൽകുന്നത്.

(ഡി) സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയമാകുന്നവർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്.

## ഹരിത കേരളം മിഷൻ

203(1718) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനം മാലിന്യരഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ഏറ്റെടുക്കുന്നതിനും ഹരിതകേരളം മിഷൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (സാധാ)നമ്പർ 2420/2017/തസ്വഭവ. തീയതി 15-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനുംവേണ്ട മാർഗ്ഗനിർദ്ദശം നൽകുന്നതിനും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുന്നതിനും മേൽനോട്ട നിരീക്ഷണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമുള്ള യോഗങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നുവരുന്നുണ്ട്.

മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ അനുമതികളും പിന്തുണയും നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എംപവേർഡ് കമ്മിറ്റിയും മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തനമാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക, സർക്കാർ അനുമതി ആവശ്യമുള്ള കാര്യങ്ങളിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല കർമ്മസേനയും രൂപീകരിച്ച് യഥാവിധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഹരിത കർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകാനുള്ള ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2016-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഖരമാലിന്യ പരിപാലന ചട്ടം, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളുടെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ പുറപ്പെടുവിക്കേണ്ട കരട് ബൈലോ തയ്യാറാക്കി സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

സംസ്ഥാനം മാലിന്യരഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ സർക്കാർ ഉത്തരവ് നൽകാൻ നടപടി സ്വീകരിച്ചു.

• മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിൽ സംഘടിപ്പിക്കുകയും പ്രസ്തുത കാമ്പയിനിന്റെ ഭാഗമായി വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യത്തിന്റെ അവസ്ഥാ നിർണ്ണയപഠനം നടത്തുകയുമുണ്ടായി.

• മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട ഹരിതകർമ്മസേനയുടെ രൂപീകരണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടത്തിവരുന്നു.

• ഹരിത കർമ്മസേന രൂപീകരിച്ചയിടങ്ങളിൽ അവർക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചുവരുന്നു.

• എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

• റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും ബെയിലിങ് യൂണിറ്റും ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം മുൻഗണന നൽകി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് നിശ്ചയിക്കുകയും അവ ഏറ്റെടുക്കുന്നതിലേക്കുള്ള ധന സ്രോതസ്സുകൾ ഏതെല്ലാമാകാമെന്നും വ്യക്തത വരുത്തുന്നതിനായി സംസ്ഥാനതലത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ഫീൽഡ്തലങ്ങളിൽ (ബ്ലോക്ക്/നഗരസഭാതലങ്ങൾ)ത്രിതല പഞ്ചായത്ത്, നഗരസഭകളിലെ ജനപ്രതിനിധി, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺ എന്നിവരെ പങ്കെടുപ്പിച്ച് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രോജക്ട് ക്ലിനിക്കുകളിൽ പ്രോജക്ട് തയ്യാറാക്കുന്നതിനും ഏറ്റെടുക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്തുവരുന്നു. പ്രോജക്ടുകൾ ലഭ്യമായ വികസന ഫണ്ട്, തനത്ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് എന്നിവ വകയിരുത്തിയാണ് തയ്യാറാക്കിവരുന്നത്.

## ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ

204(1719) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ, ഘടന എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ തലത്തിൽ സ്വീകരിക്കുന്നത്;

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കാലാകാലങ്ങളിലുള്ള അവലോകന യോഗങ്ങൾക്ക് പുറമെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടംവരാത്തരീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി ആരോഗ്യരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടംവരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറി, ഫിനാൻസ് (എക്സ്പെൻഡീച്ചർ) സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്, ഡയറക്ടർ, അർബൻ അഫയേഴ്സ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, പ്രസിഡന്റ്, മേയേഴ്സ് ഫോറം, മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി എന്നിവർ അംഗങ്ങളായുള്ള ഡയറക്ടർ ബോർഡാണ് ക്ലീൻകേരള കമ്പനിക്കുള്ളത്.

(ബി&സി) എല്ലാ മൂന്ന് മാസത്തിലും ഒരിക്കൽ ഡയറക്ടർ ബോർഡ് ചേരാറുണ്ട്. കൂടാതെ കമ്പനിയുടെ പ്രവർത്തനങ്ങൾ സെക്രട്ടറി തലത്തിൽ എല്ലാ മാസവും റിവ്യൂ ചെയ്യാറുണ്ട്. ഹരിതകേരളം മിഷൻ ഉപമിഷൻ എന്ന നിലയിൽ ഹരിതകേരളം മിഷൻ തലത്തിലും അവലോകനങ്ങൾ നടത്തുന്നുണ്ട്.

## പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി

205(1720) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയിലൂടെ ഇതിനകം ഏതൊക്കെ പുഴകൾ ശുചിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കണ്ണൂർ ജില്ലയിലെ കാനാമ്പുഴ ശുചീകരിച്ച്, പുഴയോരം കേന്ദ്രീകരിച്ച് ടൂറിസം സർക്യൂട്ട്, ചരിത്ര മ്യൂസിയം, കൺവെൻഷൻ സെന്റർ എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പത്തനംതിട്ട ജില്ലയിലെ വരട്ടാർ വീണ്ടെടുത്തത് പോലെ, ഒഴുക്ക് നിലച്ച പുഴകളും തോടുകളും പുനരുദ്ധരിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

### ഉത്തരം

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളുടെ സഹകരണത്തോടെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കുളങ്ങളും തോടുകളും പുഴകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ, കോയിപ്രം, കുറ്റൂർ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വരട്ടാർ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിലെ ദേവിയാർ പുഴ, അടിമാലി, ഇടവെട്ടിച്ചിറ, കരിമണ്ണൂർതോട്, മുളപ്പുറം-കാരാങ്കോട് തോട്, കിളിയറ തോട്, കുട്ടാർ അല്ലിയാർതോട്, ആനവിരട്ടി തോട്, ചെങ്കുളം തോട് എന്നിവയും എറണാകുളം ജില്ലയിലെ പെരിയാർ, കോതമംഗലം ആറ് എന്നിവയും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിപ്പുഴ, മണലിപ്പുഴ എന്നിവയും പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ, ഗായത്രിപ്പുഴ, കോരയാർപ്പുഴ എന്നിവയും മലപ്പുറം ജില്ലയിലെ ചെറുപുഴ, ഒലിപ്പുഴ എന്നിവയും നിളാ സംരക്ഷണ പദ്ധതി, മാലിന്യ മുക്ത ചാലിയാർ പദ്ധതി

എന്നിവയും കണ്ണൂർ ജില്ലയിലെ കുപ്പം-പെരുമ്പപ്പുഴ, കാനാമ്പുഴ, മയ്യഴിപ്പുഴ, പടപ്പേങ്ങാട് തോട്, കരിമ്പംപുഴ, നച്ചിയാട് പുഴ, കാര്യാംകോട് പുഴ, പെടയനപ്പുഴ, ചാടാലപ്പുഴ, കുപ്പംപുഴ, അഞ്ചരക്കിണ്ടി പുഴ, കണ്ണവം മുടപ്പത്തൂർ പുഴ, വളപട്ടണം പുഴയുടെ ഭാഗം എന്നിവയും വയനാട് ജില്ലയിലെ നെല്ലിയമ്പം പുഴ, കോട്ടത്തറ ചെറിയപുഴ, ചുണ്ടാലിപ്പുഴ, പുറക്കാടിപ്പുഴ, ചൂരൽ മലപ്പുഴ, ചോലമലപ്പുഴ, നീർവാരം പുഴ, സുഗന്ധഗിരി, പൊഴുതന പുഴ, വാളാട്, പേര്യ, തലപ്പുഴ, കാളിന്ദി, വൈത്തിരിപ്പുഴ എന്നിവയും കോഴിക്കോട് ജില്ലയിലെ അകലാപ്പുഴ, പൂനൂർപ്പുഴ, ചെറുപുഴ, തൊട്ടിൽപാലം, നായാടൻപുഴ, ഇരട്ടക്കുളം, ചിട്ടിത്തോട്, ഓത്തിയോട്ട് തോട്, കുറ്റ്യാടി ചെറുപുഴ, ചൊവ്വാപ്പുഴ, നെടുവാൽപ്പുഴ, മയ്യഴിപ്പുഴ, വാണിമേൽപ്പുഴ എന്നിവയും ശുചീകരിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട തുറമുഖ പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ മണ്ഡല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നിന്നുത്ഭവിച്ച് കണ്ണൂർ കോർപ്പറേഷനിലെ കടലായി അഴിമുഖത്ത് എത്തിച്ചേരുന്ന വൃത്തിഹീനമായി കിടന്നിരുന്ന പുഴയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ജനകീയ കൂട്ടായ്മയിൽ പുഴ ശുചീകരണം നടത്തി പുഴയോരം കേന്ദ്രീകരിച്ച് ടൂറിസം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏതാണ്ട് 38 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മാസ്റ്റർപ്ലാൻ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) സർക്കാരിന്റെ ഹരിതകേരള മിഷൻ പദ്ധതിയിലുൾപ്പെടുത്തി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## ശ്മശാനങ്ങളുടെ നിർമ്മാണം

206(1721) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ളതോ അവർക്ക് ലഭ്യമാക്കിയതോ ആയ സ്ഥലത്ത് ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള രൂപരേഖ ശുചിത്വമിഷൻ തയ്യാറാക്കി നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ശ്മശാനങ്ങളുടെ നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന ധനസഹായം എത്രയാണ്; ആയത് ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക വാതക ശ്മശാനങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം എത്രയാണെന്ന് നിശ്ചയിക്കുന്നത്. പ്രസ്തുത പദ്ധതി കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിനായി നഗരകാര്യ ഡയറക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി IMPACT-Kerala എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

207(1722) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് എത്ര മാസത്തെ വേതന കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള സംസ്ഥാനത്തെ തൊഴിലാളികൾക്ക് 8-12-2017 മുതൽ 23-1-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 85.39 കോടി രൂപ കുടിശ്ശികയുണ്ട്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിലവിൽ വേതന കുടിശ്ശികയില്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കായിക ജോലിക്ക് കൂലി നിരക്ക് കേന്ദ്ര സർക്കാരാണ് ഓരോ വർഷവും നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നത്. ഓരോ വർഷവും കേന്ദ്ര സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സി.പി.ഐ.-എ.എൽ. (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്-അഗ്രിക്കൾച്ചറൽ ലേബർ) മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു വരുന്നുണ്ട്. 1-4-2017 മുതൽ കൂലി നിരക്ക് 258 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെയും കൂലി നിരക്ക് 1-4-2017 മുതൽ 258 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവർക്കുള്ള കൂലി**

208(1723) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവർക്ക് യഥാസമയം കൂലി കൊടുക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലും എത്ര രൂപ വീതമാണ് ഈയിനത്തിൽ കുടിശ്ശികയായിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിന്റെ അവസാനം (31-3-2018)വരെ സൃഷ്ടിക്കപ്പെടാവുന്ന തൊഴിൽ ദിനങ്ങളുടെ കൂലി തുകയായ 1,272.50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 8-12-2017-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുള്ള തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി 30-11-2017-നും 19-12-2017-നും കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 8-12-2017-മുതൽ 23-1-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 365.50 കോടി രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അവിദഗ്ദ്ധ വേതന കുടിശ്ശിക (23-1-2018 വരെ) (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 55.89 |
| 2 | കൊല്ലം | 28.48 |
| 3 | പത്തനംതിട്ട | 17.14 |
| 4 | കോട്ടയം | 18.12 |
| 5 | ആലപ്പുഴ | 52.53 |
| 6 | എറണാകുളം | 20.79 |
| 7 | തൃശ്ശൂർ | 23.19 |
| 8 | ഇടുക്കി | 19.65 |
| 9 | മലപ്പുറം | 18.69 |
| 10 | പാലക്കാട് | 28.63 |
| 11 | വയനാട് | 17.72 |
| 12 | കോഴിക്കോട് | 40.62 |
| 13 | കണ്ണൂർ | 10.73 |
| 14 | കാസർഗോഡ് | 13.32 |
| | ആകെ | 365.5 |

**കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച നിർമ്മാണങ്ങൾ**

209(1724) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾ പിഴ ചുമത്തി സാധൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുത്തതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;എന്നുവരെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങളാണ് ഇപ്രകാരം സാധൂകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) സുരക്ഷാ മാനദണ്ഡങ്ങൾ പോലും ലംഘിച്ച് നിർമ്മിച്ചിട്ടുള്ള ഇത്തരം കെട്ടിടങ്ങളെ പിഴയീടാക്കി സാധൂകരിക്കുന്നത് നിയമലംഘകർക്ക് പ്രോത്സാഹനം നൽകുകയില്ലേയെന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിർമ്മാണം നടക്കുന്ന വേളയിൽ തന്നെ കണ്ടെത്തുന്നതിനും, ഉടമസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ധാരാളം അനധികൃത കെട്ടിടങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഗുരുതരമായ ചട്ടലംഘനങ്ങളില്ലാത്ത കെട്ടിടങ്ങൾക്ക് ഉറപ്പ്, സുരക്ഷ എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ പിഴ ഈടാക്കിക്കൊണ്ട് ക്രമവത്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 31-7-2017 വരെയുള്ള പ്രസ്തുത കെട്ടിടങ്ങൾ പിഴ ഈടാക്കി സാധൂകരിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്റ്റ് 407-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 235 എ, ബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സുരക്ഷ, ഉറപ്പ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെയാണ് അനധികൃത കെട്ടിട നിർമ്മാണങ്ങൾ സാധൂകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്/കേരള പഞ്ചായത്ത് രാജ്ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കർശനനടപടി സ്വീകരിച്ചുവരുന്നുണ്ട്.

**അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ**

210(1725) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ വരുന്ന കെട്ടിടങ്ങളിൽ 2017 ജൂലൈ 31-ാം തീയതി വരെയുള്ള കൂട്ടിച്ചേർക്കലുകൾ പരിശോധിച്ച് സാധുത നൽകാൻ തീരുമാനിച്ചിട്ടുള്ളത് വ്യാപകമായ അഴിമതിയ്ക്ക് കാരണമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമ ഭേദഗതികളുടെ മറവിൽ പല അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നിയമവിധേയമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നാവശ്യപ്പെട്ട് 2017-ൽ പൊതുജനങ്ങളിൽനിന്നും എത്ര പരാതികൾ തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇത്തരത്തിൽ ശ്രീമതി എ.സൗദാബീവി, TC40/1707(1), മണക്കാട് പി.ഒ., തിരുവനന്തപുരം എന്നയാളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 800-ൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്.

(എഫ്) ശ്രീമതി എ. സൗദാബീവിയുടെ പരാതിയെത്തുടർന്ന് അയൽവാസിയായ ശ്രീ. മൻസൂർ സേട്ട് എന്ന വ്യക്തി അതിർത്തി മതിലിനോട് ചേർത്ത് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകുകയും തുടർന്ന് ടി നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

താൽക്കാലിക ഉത്തരവ് പാലിക്കാത്തതിനാൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## വാട്ടർതീം പാർക്കിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

211(1726) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വാട്ടർതീം പാർക്കിന്റെ നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി ഉണ്ടായിരുന്നോ; എങ്കിൽ എന്നാണ് അനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാർക്കിൽ 350 മീറ്റർ നീളമുള്ള റോപ്പ് വേ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണത്തിന്മേൽ പിഴ ഈടാക്കി പഞ്ചായത്ത് ക്രമവൽക്കരിച്ചിട്ടുണ്ടോ;

(സി) വാട്ടർ തീം പാർക്കിൽ റസ്റ്റോറന്റ് ആന്റ് ലോഡ്ജിംഗ് നിർമ്മിക്കാൻ നൽകിയ അനുമതിയുടെ മറവിലാണോ റോപ്പ് വേ നിർമ്മിച്ചത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടെത്തി നടപടി എടുക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ വാട്ടർതീം പാർക്ക് പ്രവർത്തിക്കുന്നില്ല.

(ബി) റോപ്പ് വേ നിർമ്മിക്കുന്നതിന് അനുമതി നൽകുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല.

(സി) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ റെസ്റ്റോറന്റ് ആന്റ് ലോഡ്ജിംഗ് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. റോപ്പ് വേ നിർമ്മാണം തടയുന്നതിന് പ്രാരംഭഘട്ടത്തിൽത്തന്നെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികൾക്കുള്ള ജി.എസ്.ടി. നിരക്ക്

212(1727) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വന്നതിനുശേഷം, ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികളുടെ ടെണ്ടർ വർക്കിനും നോമിനി വർക്കിനും പല നിരക്കുകളും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് 12% നികുതിയുമാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് വ്യക്തത ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ആയത് പരിശോധിച്ച് വ്യക്തതക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കേന്ദ്ര നികുതി വകുപ്പിന്റെ വിവിധ നോട്ടിഫിക്കേഷനുകൾ പ്രകാരം ഏത് ഫണ്ട് ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിയാലും റോഡ് പ്രവൃത്തികൾക്ക് 12% ജി.എസ്.ടി.യും കെട്ടിടങ്ങൾക്ക് അവയുടെ തരമനുസരിച്ച് 12% അല്ലെങ്കിൽ 18% ജി.എസ്.ടി.യുമാണ് ഈടാക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് ലഭ്യമാകുന്ന Input tax-ഉം മറ്റും തട്ടിക്കിഴിച്ച് Net effect കണക്കാക്കി compensation നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതുതരം ഫണ്ടുപയോഗിച്ചും നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും ബാധകമാണ്.

(ബി&സി) ജി.എസ്.ടി. സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കുന്നത് സംബന്ധിച്ച് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ക്ലാസുകൾ നൽകിയിട്ടുമുണ്ട്.

## കോട്ടക്കലിലെ റോഡുകൾ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

213(1728) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിലെ മാത്തിൽ കോളനി റോഡ്, കുറ്റിപ്പുറം പഞ്ചായത്തിലെ വെള്ളപറമ്പ് റോഡ് എന്നിവ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മുൻ എം.എൽ.എ. ശ്രീ. അബ്ദു സമദ് സമദാനി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളപ്പറമ്പ് റോഡിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടക്കൽ നഗരസഭയിലെ മാത്തിൽ കോളനി റോഡ്, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളപറമ്പ് റോഡ് എന്നിവയുടെ വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കുന്നതിന് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**റോഡുകളുടെ പുനരുദ്ധാരണം**

214(1729) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് അനുവദിച്ച പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ വടക്കാഞ്ചേരി നഗരസഭയിലെ ഊത്രാളിക്കാവ് ടെമ്പിൾ റോഡ്, കാട്ടിലങ്ങാടി റോഡ് കോൺക്രീറ്റ്, ഞാറക്കുളങ്ങര റോഡ് എന്നിവ പുനരുദ്ധാരണം നടത്തുന്നതിന് നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് വടക്കാഞ്ചേരി എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽനിന്നും വകയിരുത്തി ഭരണാനുമതി ലഭിച്ച വടക്കാഞ്ചേരി നഗരസഭയിലെ ഉത്രാളിക്കാവ് ടെമ്പിൾ റോഡ്, കാട്ടിലങ്ങാടി റോഡ്, ഞാറക്കുളങ്ങര റോഡ് എന്നിവയ്ക്ക് എൻ.ഒ.സി. നൽകുന്ന വിഷയം 17-11-2017-ാം തീയതിയിലെ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നഗരസഭാ സെക്രട്ടറി അജണ്ടയായി സമർപ്പിക്കുകയും ടി വിഷയം കൗൺസിൽ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഉത്രാളിക്കാവ് ടെമ്പിൾ റോഡ്, ഞാറകുളങ്ങര റോഡ് എന്നിവയ്ക്ക് എൻ.ഒ.സി. നൽകുന്ന കാര്യം കൗൺസിൽ ചർച്ച ചെയ്യുകയോ തീരുമാനമാക്കുകയോ ചെയ്തിട്ടില്ല. കാട്ടിലങ്ങാടി റോഡിന് വടക്കാഞ്ചേരി നഗരസഭ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടറിനുള്ള നടപടികളും നഗരസഭ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുള്ള റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് നിലവിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്.

## മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത

215(1730) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ, ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് കടന്നുപോകുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും റോഡിന്റെ ആകെ ദൈർഘ്യം എത്രയാണെന്നും അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സി.ആർ.ഡി.പി. II-ന്റെ പ്രധാന നിർദ്ദേശങ്ങളിൽപ്പെട്ട ഔട്ടർ ഏരിയാ വികസനത്തിനായുള്ള നിർദ്ദിഷ്ട ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ പദ്ധതി നഗരത്തിന്റെ വടക്ക് ഭാഗത്ത് മംഗലാപുരത്തുനിന്നും ആരംഭിച്ച് കിഴക്ക് ഭാഗത്ത് അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം വഴി വിഴിഞ്ഞം ബൈപ്പാസുമായി കൂടിച്ചേരുന്നതാണ്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 45 കി. മീ. നീളമുള്ള പ്രസ്തുത റോഡ് കടന്നുപോകുന്ന പഞ്ചായത്തുകളുടെ പട്ടിക താഴെ ചേർക്കുന്നു:

1. മംഗലപുരം
2. അണ്ടൂർക്കോണം
3. പോത്തൻകോട്
4. വെമ്പായം
5. കരകുളം
6. അരുവിക്കര
7. വിളപ്പിൽ
8. കാട്ടാക്കട
9. മാറനല്ലൂർ

10. മലയിൻകീഴ്

11. പള്ളിച്ചൽ

12. ബാലരാമപുരം

13. വെങ്ങാനൂർ.

**തിരുവാണിയൂർ പഞ്ചായത്തിലെ അപ്രോച്ച് റോഡ് പുനരുദ്ധാരണം**

216(1731) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിരുവാണിയൂർ പഞ്ചായത്തിൽ ചെമ്മനാട്-അമ്പലം കദളിക്കാട്താഴം അപ്രോച്ച് റോഡ് പുനരുദ്ധാരണം നടത്തുന്നതിനായി 2015-16-ൽ 33 ലക്ഷം രൂപ അനുവദിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി നടന്നിട്ടില്ല; ആയതിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവാണിയൂർ പഞ്ചായത്തിലെ ചെമ്മനാട്-അമ്പലം കദളിക്കാട്താഴം അപ്രോച്ച് റോഡിന്റെ ഇരുവശത്തും കരിങ്കല്ല് സംരക്ഷണഭിത്തി, മണ്ണ് ഫില്ലിംഗ്, 2 ലെയർ മെറ്റലിംഗ്, ടാറിംഗ്, റാമ്പ് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റോഡിൽതന്നെ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആ പ്രവൃത്തി നടപ്പിലാക്കിയതിനുശേഷം മാത്രമേ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുമായിരുന്നുള്ളൂ. കൂടാതെ അമ്പലത്തിന്റെ അരികിലുള്ള ചിറയുടെ ഭാഗം വീതി കൂട്ടേണ്ടതായിട്ടുണ്ട്. എന്നാൽ അമ്പല ക്കമ്മിറ്റിയുമായുള്ള അതിർത്തി തർക്കംമൂലവും ടി പ്രവൃത്തി സമയബന്ധിതമായി തീർക്കുവാൻ തടസ്സമായിട്ടുണ്ട്. ടാറിംഗ് ഒഴികെ ബാക്കി വർക്കുകൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് ചില ഇനങ്ങൾ കൂടുതലായി ഉൾപ്പെടുത്തേണ്ടി വന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതായിട്ടുള്ളതാണ്. ഈ കാരണങ്ങൾ കൊണ്ടാണ് ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്.

(ബി) ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കറ്റാനം മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

217(T1732) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ മുൻ എം.എൽ.എ.യുടെ പ്രത്യേക വികസനനിധി വിനിയോഗിച്ച് നിർമ്മിക്കുന്ന കറ്റാനം മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണം കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വെബ്സൈറ്റ് ഉപയോഗിക്കാൻ കഴിയാത്തത് പരിഹരിക്കാൻ നടപടി

218(1733) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ ലഭിക്കുന്നവരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനും തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനുമുള്ള സർക്കാർ വെബ് സൈറ്റ് ആവശ്യാനുസരണം ഓപ്പൺ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനർഹരായ പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിനും സോഫ്റ്റ്‌വെയർ പരിഷ്ക്കരിക്കുന്നതിനുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സോഫ്റ്റ്‌വെയർ പരിഷ്കരണം അന്തിമ ഘട്ടത്തിലാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താമസിയാതെ അപ്‌ലോഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷനുകൾ**

219(1734) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്ന ക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ എണ്ണം 2011 വരെയും 2011 മുതൽ 2016 വരെയും വിവിധ പെൻഷനുകൾ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി അംഗീകരിച്ച് തെരഞ്ഞെടുത്ത വിവിധ ക്ഷേമപെൻഷനുകളുടെ ഗുണഭോക്താക്കളുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുക ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി* ചേർക്കുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

220(1735) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആളുകൾക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകിവരുന്നുണ്ട്; പെൻഷൻ വീടുകളിലെത്തിക്കുന്ന പദ്ധതി പ്രകാരം എന്നുവരെയുള്ള പെൻഷൻ വിതരണം ചെയ്തു; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) അർഹതയില്ലാത്ത അനവധി ആളുകൾ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും കടന്നുകൂടിയ അനർഹരുടെ എണ്ണം എത്രയാണെന്നും ആ ഇനത്തിൽ എത്ര രൂപ ഖജനാവിന് നഷ്ടം വന്നുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് 2017 ജനുവരി മുതൽ അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഡി) പഞ്ചായത്തിൽ പെൻഷന് അപേക്ഷ നൽകിയാൽ ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ജനുവരി മാസം മുതൽ നൽകിയ അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്ന വകയിൽ ഓരോ മാസവും സർക്കാരിന് വരുന്ന ചെലവ് എത്ര രൂപയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 42,62,863 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നുണ്ട്. പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം 2017 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തു. 2017 നവംബർ മാസം പെൻഷൻ വിതരണം ചെയ്ത ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | ആകെ എണ്ണം | ആകെ തുക |
|---|---|---|
| തിരുവനന്തപുരം | 429921 | 1429881800 |
| കൊല്ലം | 354545 | 1115285400 |
| പത്തനംതിട്ട | 154933 | 523479600 |
| ആലപ്പുഴ | 293959 | 932274600 |
| കോട്ടയം | 228198 | 766040100 |
| ഇടുക്കി | 130066 | 439799400 |
| എറണാകുളം | 368874 | 1224049800 |
| തൃശ്ശൂർ | 409781 | 1373577600 |
| പാലക്കാട് | 374874 | 1258036500 |
| മലപ്പുറം | 429761 | 1445831700 |
| കോഴിക്കോട് | 355487 | 1164112800 |
| വയനാട് | 96477 | 315374400 |
| കണ്ണൂർ | 334832 | 1111071600 |
| കാസർഗോഡ് | 152314 | 509357100 |
| ആകെ | 4114022 | 13608172400 |

(ബി) ഉണ്ട്. അനർഹരായവർ മുമ്പ് കൈപ്പറ്റിയിരുന്ന പെൻഷൻ തുക തിരികെ ഒടുക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹർ എന്ന് കണ്ടെത്തിയ ഗുണഭോക്താക്കളുടെയും വിതരണം ചെയ്ത തുകയും അന്തിമമായി കണക്കാക്കിയതിനുശേഷം മാത്രമേ ഈ ഇനത്തിൽ ഖജനാവിന് വന്ന നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനും നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനും സംസ്ഥാന വ്യാപകമായി പെൻഷൻ പരാതി പരിഹാര അദാലത്തുകൾ നടത്തിയിട്ടുള്ളതുമൂലം സോഫ്റ്റ്‌വെയർ പരിഷ്കരണം നടത്തേണ്ട ആവശ്യകത വന്നതിനാൽ പുതിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്.

(ഡി) പെൻഷൻ അപേക്ഷകളിന്മേൽ 45 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതുണ്ട്. ജനുവരി മാസം മുതൽ നൽകിയ അപേക്ഷകളിൽ പ്രാദേശിക സർക്കാരുകൾക്ക് നടപടി സ്വീകരിക്കുന്നതിന് തടസ്സമില്ല. പ്രാദേശിക സർക്കാരുകൾ അംഗീകരിച്ച് ഗുണഭോക്താക്കളുടെ വിവരങ്ങൾ സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയുകയുള്ളൂ.

(ഇ) 4,53,60,56,600 രൂപ.

### സാമൂഹ്യ സുരക്ഷാ പെൻഷൻ

221(1736) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അർഹരായ എല്ലാ ജനവിഭാഗങ്ങളെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം എത്ര അപേക്ഷകർക്ക് പുതുതായി പെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; ഇവർക്ക് പെൻഷൻ അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സേവന സോഫ്റ്റ്‌വെയർ കഴിഞ്ഞ 9 മാസമായി ലോക്ക് ചെയ്തിരിക്കുന്നതിനാൽ പുതിയതായി പെൻഷന് അപേക്ഷ നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചവരുടെ വിശദാംശങ്ങൾ പ്രസ്തുത പോർട്ടലിൽ അപ് ലോഡ് ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രശ്നം പരിഹരിച്ച് അർഹരായ എല്ലാ അപേക്ഷകർക്കും പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016-ലെ അഞ്ചാമത് റിപ്പോർട്ട് സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ടതല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്. പെൻഷൻ ഡേറ്റാബേസിൽ അനർഹർ ഉൾപ്പെട്ടത് ഒഴിവാക്കുന്നതിനായാണ് ഡാറ്റാ എൻട്രി താൽക്കാലികമായി നിർത്തിവച്ചത്.

(ഡി) പരാതികളിൽ നടപടികൾ സ്വീകരിച്ച് അർഹരായ എല്ലാ അപേക്ഷകരുടെയും വിവരങ്ങൾ രേഖപ്പെടുത്തി പെൻഷൻ ലഭ്യമാക്കുന്നതാണ്.

**വാർദ്ധക്യകാല പെൻഷൻ**

222(1737) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നിയന്ത്രണം ഒഴിവാക്കി, അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെ പുതിയതായി പെൻഷൻ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് താൽക്കാലികമായി തടഞ്ഞിട്ടുണ്ട്.

(ബി) സോഫ്റ്റ്‌വെയർ പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി

223(1738) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ മരണമടയുമ്പോൾ ഡാറ്റ ബേസിൽനിന്നും യഥാസമയം പേര് നീക്കം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരേതരെ ഗുണഭോക്തൃ പട്ടികയിൽനിന്നും നീക്കം ചെയ്യാത്തതുമൂലം മരണാനന്തരവും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേമപെൻഷൻ ഗുണഭോക്തൃപട്ടിക കുറ്റമറ്റതാക്കി, പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കർശനനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അറിവിൽ ഗുണഭോക്താവ് മരണപ്പെട്ടതായുള്ള വിവരം ലഭിച്ചാൽ ഉടൻ ഗുണഭോക്താവിനെ ലിസ്റ്റിൽനിന്നും സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ക്ഷേമപെൻഷൻ ഗുണഭോക്തൃപട്ടിക കുറ്റമറ്റതാക്കുന്നതിനായി 2016 മേയ് 1 മുതൽ ജൂൺ 10 വരെ ഗുണഭോക്താക്കളിൽനിന്ന് നേരിട്ട് പരാതികൾ സ്വീകരിച്ച് സംസ്ഥാന വ്യാപകമായി അദാലത്തുകൾ നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധികാരികത ഉറപ്പുവരുത്തുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമായി ഓരോ ഗുണഭോക്താവിനും പ്രത്യേക സത്യവാങ്മൂലം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നില്ല. സോഫ്റ്റ് വെയർ പുതുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**തദ്ദേശ സ്ഥാപനങ്ങൾവഴി പെൻഷൻ വിതരണം**

224(1739) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾവഴി നിലവിൽ ഏതൊക്കെ പെൻഷനുകളാണ് വിതരണം ചെയ്യുന്നത്;

(ബി) പുതുതായി പെൻഷന് അപേക്ഷ നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചവരുടെ വിശദാംശം സർക്കാർ വെബ് സൈറ്റിൽ (സേവന) അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനാൽ പുതുതായി അപേക്ഷിച്ചവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2017 ഏപ്രിൽ മാസത്തിന് ശേഷം പുതുതായി അപേക്ഷ നൽകിയ ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിട്ടുണ്ടോ;

(ഡി) പുതിയ അപേക്ഷകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസരം അടിയന്തരമായി നൽകി പുതുതായി പെൻഷന് അപേക്ഷിച്ചവർക്കു കൂടി പെൻഷൻ നൽകുമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഗുണഭോക്താക്കളുടെ വിവരങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിനും അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ പരിഷ്കരണം, ഡാറ്റാബേസ് മാനേജ്മെന്റ് എന്നിവ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് പുതുതായി പെൻഷന് അപേക്ഷിച്ചവർക്ക് കൂടി പെൻഷൻ വിതരണം നടത്തുന്നതാണ്.

**ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ**

225(1740) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പെൻഷൻ ഗുണഭോക്താക്കളുടെ വിവര ശേഖരണവും സത്യവാങ്മൂലം രേഖപ്പെടുത്തുന്ന ജോലികളും പൂർത്തികരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതുപ്രകാരം പെൻഷൻ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ഇനിയും നല്കാൻ ഉണ്ടെങ്കിൽ അത് എത്രയെന്നും കുടിശ്ശിക നൽകാൻ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രാദേശിക സർക്കാരുകൾ മുഖാന്തരം അപേക്ഷിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവച്ചിട്ടില്ല.

(ബി) നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരശേഖരണവും സത്യവാങ്മൂലം രേഖപ്പെടുത്തുന്ന ജോലികളും പൂർത്തിയായിട്ടുണ്ട്. ഏപ്രിൽ 2017-നുശേഷം പുതുതായി പെൻഷൻ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരശേഖരണവും സത്യവാങ്മൂലവും രേഖപ്പെടുത്താനുണ്ട്.

(സി) പെൻഷൻ സത്യവാങ്മൂലം രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) 711.81 കോടി രൂപ നിലവിൽ കുടിശ്ശിക ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2016 സെപ്റ്റംബറിൽ കുടിശ്ശിക ഇനത്തിൽ 1477.92 കോടി രൂപയും 2017 ആഗസ്റ്റ് മാസത്തിൽ 724.39 കോടി രൂപയും ചേർത്ത് ആകെ 2202.31 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

## റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം

226(1741) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം നിലവിൽ വന്നത് എന്നാണ്;

(ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര നിയമം നിലവിൽ വന്ന് ആറുമാസത്തിനകം സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ; ഏങ്കിൽ ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് 2016 മാർച്ച് 25-ാം തീയതിയാണ് നിലവിൽ വന്നത്.

(ബി) കേന്ദ്ര ആക്റ്റിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. നിലവിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ്, കേന്ദ്ര ആക്റ്റ് നിലവിൽ വന്നതിനെ തുടർന്ന് റദ്ദാക്കപ്പെട്ടത് 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേനയാണ്. തുടർന്ന് 2016-ലെ കേന്ദ്ര ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റിയൽ എസ്റ്റേറ്റ് നിയമം

227(1742) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമത്തിന്റെ കീഴിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലിരുന്ന കേരള ആക്ട്, 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേനയാണ് റദ്ദാക്കപ്പെട്ടത്.

**പഞ്ചായത്തുകളിൽ ഓൺലൈനായി വീട്ടുനികുതി**

228(1743) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകളിൽ ഓൺലൈനായി വീട്ടുനികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മുൻകാലങ്ങളിൽ ഓഫീസിൽ നേരിട്ട് അടച്ച വീട്ടുനികുതിയുടെ വിവരങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) അപ്രകാരം മുമ്പ് അടച്ച നികുതിയുടെ വിവരങ്ങൾ ഡേറ്റബേസിൽ രേഖപ്പെടുത്താത്തതു കാരണം തനതു വർഷത്തെ നികുതി ഓൺലൈനായി അടയ്ക്കാൻ കഴിയാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 938 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനായി വീട്ടുനികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ അടച്ച വീട്ടുനികുതി വിവരങ്ങൾ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറായ 'സഞ്ചയ' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇത്തരം പരാതികൾ ലഭിക്കുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

## ഒളവണ്ണ ഗ്രാമപഞ്ചായത്ത്

229(1744) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കോഴിക്കോടൻ കുന്ന് പ്രദേശം വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് നാട്ടുകാർ പ്രക്ഷോഭപാതയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തിൽ ഉൾപ്പെടുന്ന ജനവാസ കേന്ദ്രമായ മൂന്ന് വാർഡുകളിൽ പുതിയ വീട് നിർമ്മിക്കുന്നതിനോ, പുതുക്കിപ്പണിയുന്നതിനോ അനുമതി ലഭിക്കാത്തതുകാരണം ഉണ്ടായ പ്രയാസം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ജനവാസ മേഖലയായ ഒളവണ്ണ ഗ്രാമപഞ്ചായത്തിനെ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി & സി) അംഗീകരിച്ച മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് അർബൻ ഏരിയായിൽ ഉൾപ്പെട്ടിട്ടുള്ള ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണിൽ പുതിയ വാസഗൃഹ നിർമ്മാണങ്ങൾ സാധ്യമല്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ബിൽറ്റ് അപ്പ് ഏരിയായുടെ 50% വരെ അധികരിച്ചുകൊണ്ട് പുനർ നിർമ്മാണം നടത്താനും കൂട്ടിച്ചേർക്കൽ വരുത്താനും അനുവദിക്കുന്നതാണ്. കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് സെക്ഷൻ 50 (3) ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അനുമതി നൽകപ്പെട്ട പ്ലാനിൽ വ്യതിയാനം വരുത്താവുന്നതാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻ കുന്നിൻ പ്രദേശം മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## അനധികൃത ബഹുനില കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു നൽകിയ നടപടി

230(1745) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നിർമ്മിച്ച എത്ര ബഹുനില കെട്ടിടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്;

(ബി) ഇതുവഴി എത്ര തുക പിഴയിനത്തിൽ ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് വ്യവസ്ഥകളിൽ ഇളവ് നല്കുന്നതിന് നടപടി

231(1746) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടിൽവച്ച് നടത്തുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് നേടേണ്ടത് നിർബന്ധമാണോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കൊമേഴ്സ്യൽ ബിൽഡിംഗ് നമ്പർ ഇല്ല എന്ന കാരണത്താൽ ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് നിഷേധിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് വ്യവസ്ഥകളിൽ ഇളവ് നൽകുന്നതിനായി ചട്ടങ്ങൾ പരിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വീട്ടിൽവച്ചു നടത്തുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ വ്യാപാര-വാണിജ്യ-വ്യവസായ ഗണത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ആയത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് നേടേണ്ടതാണ്.

(ബി) അംഗീകൃത കെട്ടിടങ്ങളിൽ മാത്രമേ വ്യപാര-വാണിജ്യ-വ്യവസായ സംരംഭങ്ങൾ നടത്താൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ ഇത്തരം കെട്ടിടങ്ങളിലല്ലാതെയുള്ള സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമുള്ളതല്ല.

എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 30 പ്രകാരം എ 1, ഗണത്തിൽപ്പെട്ട താമസിക്കുവാനുള്ള കെട്ടിടത്തിൽ 50 ച.മീ.

വരെയുള്ള ഭാഗം അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടർമാർ, ബ്യൂട്ടീഷ്യന്മാർ, കമ്പ്യൂട്ടർ വിദഗ്ധർ, തയ്യൽക്കാർ, ഫോട്ടോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണ സേവന വിദഗ്ദ്ധർ എന്നിവർക്കു വേണ്ടിയുള്ള പ്രവർത്തന ഓഫീസായി ഉപയോഗിക്കാവുന്നതിന് ലൈസൻസ് നൽകിവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി**

232(1747) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ-പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എഫ്. എ.ആർ., കവറേജ് എന്നിവ വൻതോതിൽ വർദ്ധിപ്പിച്ചതും, സംസ്ഥാനത്തിന് മുഴുവനായി ഒരു എഫ്.എ.ആർ. ബാധകമാക്കിയതും അവികസിത മേഖലകളിൽ സ്ഥലവില കൂടുന്നതിന് കാരണമാകുകയും അത് സാധാരണക്കാരെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചട്ടങ്ങളിൽ, റോഡുകളുടെ വീതി സംബന്ധിച്ചുണ്ടായിരുന്ന നിബന്ധനയിൽ മാറ്റം വരുത്തിയത് ആംബുലൻസ്, ഫയർ എഞ്ചിനുകൾ എന്നിവ എത്തിച്ചേരുന്നതിന് തടസ്സമാകുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, Ease of Doing business-ന്റെ ഭാഗമായി, 31-10-2017-ലെ ജി.ഒ.(പി) നമ്പർ 82/2017/തസ്വഭവ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, Ease of doing business-ന്റെ ഭാഗമായി 31-10-2017-ലെ ജി.ഒ.പി. നമ്പർ 81/2017/തസ്വഭവ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. സമയബന്ധിതമായി കെട്ടിട നിർമ്മാണ അനുമതി നൽകുക, സ്വയം സാക്ഷ്യപ്പെടുത്തൽ, കൽപ്പിത അനുമതി (ഡീംഡ് അപ്രൂവൽ) നൽകുക, എഫ്.എ.ആർ. കവറേജ് പരിഷ്കരണം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഭേദഗതി വരുത്തിയിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കൽ**

233(1748) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ നിലവിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; ഇതിനായി പുതുക്കിയ ഓർഡിനൻസുകൾ ഇറക്കിയിട്ടുണ്ടോ;

(ബി) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതുമുതൽ നാളിതുവരെ എത്ര അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്; ഇതിൽ സ്വകാര്യ നിർമ്മാണങ്ങൾ എത്ര; സർക്കാർ നിർമ്മാണങ്ങൾ എത്ര;

(സി) 2017-ൽ എത്ര അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ഡി) അനധികൃത കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അപ്രകാരം ചുമതലയുള്ളവർ സർക്കാരിന്റെ നിർമ്മാണങ്ങൾക്ക് യു.എ.നമ്പർ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പൊതുജനങ്ങൾക്കുവേണ്ടി സർക്കാർ പുറമ്പോക്ക് ഭൂമിയിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി.- ആശ്വാസ് നിർമ്മിച്ച അമിനിറ്റി സെന്ററുകൾക്ക് യു.എ.നമ്പർ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(എഫ്) തിരൂർ നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം പി.ഡബ്ല്യു.ഡി. ആശ്വാസ് പണികഴിപ്പിച്ച "പബ്ലിക് അമിനിറ്റി സെന്ററിന് " അനധികൃത നിർമ്മാണമെന്ന് ആരോപിച്ച് തിരൂർ നഗരസഭ അധികാരികൾ യു.എ.നമ്പർ അനുവദിക്കാത്തതുമൂലം വൈദ്യുതി-കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിനും, പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനും തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യു.എ. നമ്പർ നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ ഉത്തരവ് നൽകാൻ തയ്യാറാകുമോ;

(ജി) പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് പൊതുതാൽപ്പര്യം മുൻനിർത്തി സർക്കാർ നിർമ്മിച്ചിട്ടുള്ള ഇത്തരം കെട്ടിടങ്ങൾ, നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ചവരുത്തിയിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്കായി നിർമ്മിച്ച സ്ഥാപനം എന്ന നിലയ്ക്ക്, നിലവിലുള്ള നിയമങ്ങളിൽ ഇളവ് നൽകി കെട്ടിട നമ്പർ അനുവദിച്ച് അവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് അനുമതി നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ & ബി) 31-7-2017 വരെയുള്ള അനധികൃത കെട്ടിടങ്ങൾ പിഴ ഈടാക്കി സാധൂകരിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്റ്റ് 407-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എ ബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആക്റ്റ് ഭേദഗതി ചെയ്യുന്നതിനനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിൽ രണ്ടും വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ ഒന്നും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 19 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നമ്പർ നൽകിയിട്ടുണ്ട്. (ചിറക്കര-2, ഇളമ്പലൂർ-2, ഇളമാട്-1, കുളക്കട-1, കുലശേഖരപുരം-4, പരിത്രേശ്വരം-1, ശാസ്താംകോട്ട-2, തഴവ-6) ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 2017 വർഷത്തിൽ 69 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 13 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ 133 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 2017-ൽ 558 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. (അറകുളം-30, ബൈസൺവാലി-5, ഇടുക്കി കഞ്ഞിക്കുഴി-259 , കാമാക്ഷി-27, കരിമണ്ണൂർ-6 , കരിങ്കുന്നം-6, കോടിക്കുളം-1, കൊന്നത്തടി-15, കുടയത്തൂർ-14, കുമിളി-12, കുമാരമംഗലം-10, മറയൂർ-3, മണക്കാട് -6, മാങ്കുളം-9, മരിയാപുരം-20, മുക്കം- 18, നെടുങ്കണ്ടം-40, രാജകുമാരി-6 , ശാന്തൻപാറ-26 , വണ്ണപ്പുറം-5 , വാത്തിക്കുടി-15 , വെള്ളിമാമറ്റം-25)

പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 2017-18 വർഷം അനധികൃതമായി നിർമ്മിച്ച 20 കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. (അഗളി-1, അകത്തേത്തറ-2, ചാലിശ്ശേരി-1, കാവശ്ശേരി-4, പുതുപ്പരിയാരം-3)

കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഒരു വീടും, മരുതോംകരയിൽ രണ്ട് വീടും മേപ്പയൂരിൽ രണ്ട് വീടുകളും ക്രമവൽക്കരിച്ച നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2017-ൽ ഒരു കെട്ടിട നിർമ്മാണം സർക്കാരിലേയ്ക്ക് കോംപൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭയിലെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) യു.എ.നമ്പർ നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയാണ്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) 100m2 വരെയുള്ള താമസ കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകി വൈദ്യുതി, വാട്ടർ കണക്ഷൻ, റേഷൻകാർഡ്, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. അമിനിറ്റി സെന്റർ എന്ന കെട്ടിടത്തിന് 122.90m2 ഉള്ളതും താമസാവശ്യത്തിനല്ലാത്തതുമാണ്.

(എഫ് & ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ബി.ഡി.ഒ.-യുടെയും സെക്രട്ടറിയുടെയും ഒഴിവുകൾ

234(1749) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ബി.ഡി.ഒ.-യുടെയും വെങ്കിടങ്ങ്, മണലൂർ എന്നീ പഞ്ചായത്തുകളിൽ സെക്രട്ടറിയുടെയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

## അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ

235(1750) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരായ അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ കുറവുമൂലം പലപ്പോഴും പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ കുറവ് അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ 98 ഒഴിവുകൾ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന നടപടികൾ നടന്നുവരികയും ചെയ്യുന്നു. 2018 വർഷത്തിലേയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഒന്നാംതരം ഓവർസീയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമന പ്രക്രിയ നടന്നുവരികയാണ്. രണ്ടാംതരം ഓവർസീയർ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടന്നുവരുന്നു. മൂന്നാംതരം ഓവർസീയർമാരുടെ പി.എസ്.സി. വഴി നികത്തേണ്ട 512 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. -യിൽ നിന്ന് നിയമന ശിപാർശ ലഭ്യമായതനുസരിച്ച് നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സാങ്കേതിക തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

236(1751) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ വിവിധ സാങ്കേതിക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ - 1 ഒഴിവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 ഒഴിവ്

അസിസ്റ്റന്റ്എഞ്ചിനീയർ - 98 ഒഴിവുകൾ

ഒന്നാംതരം ഓവർസീയർ -161 ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുവാനുണ്ട്. 248 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ പുരോഗമിക്കുന്നു.

രണ്ടാംതരം ഓവർസീയർ - 67 ഒഴിവുകൾ

മൂന്നാംതരം ഓവർസീയർ - 512 ഒഴിവുകൾ, ടി ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഓഫീസുകളിലെ ഒഴിവുകൾ

237(1752) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഓഫീസുകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളിൽ പി.എസ്.സി. വഴി നികത്തപ്പെടേണ്ട എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി, തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പഞ്ചായത്ത് വകുപ്പിലെ ഉന്നത തസ്തികകൾ

238(1753) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടറും ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകളെ നിയന്ത്രിക്കുന്ന ജനകീയാസൂത്രണ പദ്ധതി നിർവ്വഹണ പുരോഗതി ഉൾപ്പെടെ സർക്കാരിനെ യഥാസമയം അറിയിക്കേണ്ട പഞ്ചായത്ത് ഡയറക്ടറെ അടിക്കടി മാറ്റുന്നത് ഉചിതമല്ലെന്നത് ആലോചിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര പഞ്ചായത്ത് ഡയറക്ടർമാർ സേവനമനുഷ്ഠിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര ജോയിന്റ് ഡയറക്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ്, മലപ്പുറം, എറണാകുളം ജില്ലകളൊഴികെ മറ്റ് ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരില്ല. എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഡയറക്ടർമാർ ഉണ്ട്.

(ബി) ഭരണപരമായ കാരണങ്ങളാലാണ് പഞ്ചായത്ത് ഡയറക്ടറെ മാറ്റിയിട്ടുള്ളത്.

(സി) 6(ആറ്).

(ഡി) 5 (അഞ്ച്).

(ഇ) 1. ജോയിന്റ് ഡയറക്ടർ (ഭരണം)

2. ചീഫ് രജിസ്ട്രാർ (ജനന മരണ വിഭാഗം)

3. സെക്രട്ടറി (ക്രൂസ്).

## തദ്ദേശ സ്വയംഭരണ വകുപ്പിലെ പുതിയ തസ്തികകൾ

239(1754) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം തസ്തിക തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ഓരോ പഞ്ചായത്തിലും അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടി

240(1755) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളുടെ ചുമതല നൽകുന്നതുമൂലം പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലായതുമൂലം ഫലത്തിൽ ഒരു പഞ്ചായത്തിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ നിയന്ത്രണമില്ലാതാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ പഞ്ചായത്തിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയറെ അനുവദിക്കുന്നതിനും പഞ്ചായത്ത് എഞ്ചിനീയർ എന്ന നിലയിൽ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഭാവംമൂലം ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകേണ്ടിവരുന്നതുമൂലം പദ്ധതി നടത്തിപ്പിൽ ചില കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണത്താൽ, പഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മേൽ നിയന്ത്രണ മില്ലാതാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഓരോ പഞ്ചായത്തിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം എഞ്ചിനീയറിംഗ് വിഭാഗത്തെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

## തദ്ദേശ ഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള വകുപ്പുതല സംയോജനം

241(1756) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പുതല സംയോജനം നടത്തുന്നതിന് രൂപീകരിച്ച കമ്മീഷന്റെ കാലാവധി അവസാനിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പുതല സംയോജനം സംബന്ധിച്ച് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വകുപ്പുതല സംയോജനം സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ; എങ്കിൽ സംഘടനകളുടെ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ പരിഗണിക്കപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) വകുപ്പുതല സംയോജനത്തിനുവേണ്ടി ഒരു കമ്മിഷൻ രൂപീകരിച്ചിട്ടില്ല. അഞ്ച് വകുപ്പുകൾ ഏകീകരിച്ച് കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി & സി) വിവിധ സർവ്വീസ് സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. അന്തിമ ചട്ടം തയ്യാറാക്കുമ്പോൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിക്കുന്നതാണ്.

## സ്റ്റാഫ് പാറ്റേൺ

242(1757) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിനുകീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും നിലവിലുള്ള എഞ്ചിനീയറിംഗ് വിംഗ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തുകളിലും അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള ഒഴിവുകളും എത്രയെന്നറിയിക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ

243(1758) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി മുതൽ ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14 ഒഴിവുകളും, അക്കൗണ്ട്സ് ഓഫീസറുടെ 1-ഉം ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) പഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന സീനിയോറിറ്റി തർക്കവും അതിനെ തുടർന്നുണ്ടായ കോടതി വ്യവഹാരങ്ങളും കാരണം ദീർഘകാലം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ കൂടാനോ, പ്രൊമോഷൻ നൽകാനോ കഴിഞ്ഞിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ തസ്തികകളുടെയും സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെക്രട്ടറി/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട് തസ്തികകളിലെ മുഴുവൻ ഒഴിവുകളും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഒരൊഴിവ് ഒഴികെയുള്ള മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ ലഭിച്ചവർ പ്രൊബേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ഒഴിവുകൾ നികത്താൻ കഴിയും. ഒഴിവുള്ള ഒരു പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തിക (അക്കൗണ്ട്സ് ഓഫീസർ) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകിവരുന്ന പ്രൊമോഷൻ

244(1759) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകിവരുന്ന 10% പ്രൊമോഷൻ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതൊക്കെ ജില്ലകളിലാണ് ഇത്തരത്തിലുള്ള പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ എറ്റവും അവസാനം പ്രൊമോഷൻ നൽകിയത് എന്നായിരുന്നു എന്ന് വിശദമാക്കുമോ; നാളിതുവരെ പ്രൊമോഷൻ കൊടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലും അർഹതപ്പെട്ട മുഴുവൻ ജീവനക്കാർക്കും പ്രൊമോഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിലുള്ള തടസ്സങ്ങൾ മാറ്റുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകിവരുന്ന 10% പ്രൊമോഷൻ സംബന്ധിച്ച് തടസ്സങ്ങളില്ല. എന്നാൽ നിലവിൽ കണ്ടിജന്റ് ജീവനക്കാരെ ക്ലറിക്കൽ തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുന്നത് സംബന്ധിച്ച് വിഷയത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വയനാട് ഒഴികെയുള്ള ജില്ലകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ ഏറ്റവും അവസാനം 15-2-2017-ന് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരളത്തിലെ നഗരസഭകളിലെ ജീവനക്കാര്യം**

245(1760) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ആനുപാതികമായി റവന്യൂ ഓഫീസർ, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ, ഹെഡ്ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിക്കാത്തതുമൂലം നഗരസഭകളുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതും ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്തതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പഞ്ചായത്ത്, നഗരസഭകൾ എന്നിവ ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിക്കുമെന്ന് വകുപ്പുമന്ത്രി പറഞ്ഞത് എത്രത്തോളം പ്രാവർത്തികമായിട്ടുണ്ട്; നാളിതുവരെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ഡി) ജീവനക്കാർ പെൻഷൻ ആകുന്നതുമൂലം ഉണ്ടാകുന്ന തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ അനുവദിക്കാത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) 2018 മേയ് 31 വരെയുള്ള കണക്കുപ്രകാരം മുൻസിപ്പൽ കോമൺ സർവ്വീസിൽ നിലവിൽ എത്ര ഹെഡ് ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ തസ്തികകൾ ഉണ്ടാകും എന്നറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ നികത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഗ്രേഡ് ഉയർത്തിയ നഗരസഭകൾക്ക് അധികമായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സർക്കാരിന്റെ 27-12-2016-ലെ സ.ഉ.(കൈ) 198/16/തസ്വഭവ.നമ്പർ ഉത്തരവ് പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 27-1-2018-ലെ സ.ഉ. (കൈ) 10/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ടും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. എ. അജിത്കുമാർ ഐ.എ.എസ്.-നെ ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ചുതമല നൽകിയിട്ടുമുണ്ട്.

(ഡി) ഇല്ല. ജീവനക്കാർ പെൻഷൻ ആകുന്നതുമൂലം ഉണ്ടാകുന്ന തസ്തികകളിലേയ്ക്ക് സമയബന്ധിതമായി ഉദ്യോഗക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) 2018 മേയ് 31 വരെയുള്ള കണക്കുപ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ 35 ഹെഡ്ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ്

246(1761) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഉണ്ടായിരിക്കുന്ന ആക്ഷേപങ്ങൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന ലിസ്റ്റിൽ നിന്നാണോ പുതിയ പ്രൊമോഷൻ നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

(സി) മുനിസിപ്പൽ കോമൺസർവ്വീസ് റെഗുലർ വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പി.എഫ്. ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തിയായി എന്നറിയിക്കാമോ; ബാക്കിയുള്ള നഗരസഭകളിൽ എത്ര ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തിയാകാനുണ്ട്; ഇവ എന്നേക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡെപ്യൂട്ടി സെക്രട്ടറി, പി എ റ്റു സെക്രട്ടറി/റവന്യൂ ഓഫീസർ/കൗൺസിൽ സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂപ്രണ്ട്, ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലർക്ക്, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികകളിലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ചുവരുന്നു. ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള താൽക്കാലിക ഗ്രഡേഷൻ ലിസ്റ്റിൽ നിന്നുമാണ് പുതിയ ഉദ്യോഗക്കയറ്റങ്ങൾ നടത്തിവരുന്നത്.

(സി) ഇല്ല.

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റെഗുലർ വിഭാഗം ജീവനക്കാരുടെ പി.എഫ്. വിവരങ്ങൾ പൂർണ്ണമായും, ഇതുമായി ബന്ധപ്പെട്ട സ്ഥാപന സോഫ്റ്റ് വെയറിലൂടെയാണ് നടപ്പാക്കുന്നത്. അതാത് നഗരസഭകളാണ് ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർക്ക് അയയ്ക്കേണ്ടത്. എല്ലാ നഗരസഭകളിൽനിന്നും ഡാറ്റാ എൻട്രി വരുത്തി ഡയറക്ടർക്ക് യഥാസമയം നൽകിയിട്ടില്ല. ഇക്കാരണത്താലാണ് എല്ലാവർക്കും ക്രെഡിറ്റ് കാർഡ് നൽകാൻ സാധിക്കാത്തത്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

247(1762) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് എത്ര ഉദ്യോഗാർത്ഥി കൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക ഒഴിഞ്ഞുകിടക്കുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 76.

(ബി) എടക്കാട്, കല്ല്യാശ്ശേരി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളിലും വെങ്ങാട്, തില്ലങ്കേരി, കൂടാളി/കീഴാളൂർ, ചെറുപുഴ, പയ്യാവൂർ/എരുവാശ്ശേരി, പായം, പന്ന്യന്നൂർ, നടുവിൻ, മൊകേരി, കൊലയാട്, മാലൂർ, ഇരിക്കൂർ/മലപ്പട്ടം, ചെങ്ങലായി, ചെമ്പിലോട്, ചപ്പാരപടവ്, അഴീക്കോട്, ആറളം, ഉദയഗിരി, ആലക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റ് തസ്തിക

248(1763) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിലേക്കാണ് പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന വിവിധ വകുപ്പുകളിലേക്കുള്ള ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

**ഗ്രാമപഞ്ചായത്തുകളിലെ നിയമനം**

249(1764) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | സെക്രട്ടറി | 4 |
| 2 | ജൂനിയർസൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറി | 2 |
| 3 | ഹെഡ് ക്ലാർക്ക് | 4 |
| 4 | അക്കൗണ്ടന്റ് | 22 |
| 5 | സീനിയർ ക്ലാർക്ക് | 50 |
| 6 | ക്ലാർക്ക് | 175 |
| 7 | ഓഫീസ് അറ്റൻഡന്റ് | 45 |
| 8 | ഡ്രൈവർ | 80 |
| | ആകെ | 382 |

പി.എസ്.സി. മുഖാന്തരം നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരം നികത്തേണ്ട ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

250(1765) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്ലാസ്റ്റിക് മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അവയ്ക്ക് പകരം ഉപയോഗിക്കാവുന്ന നവീന ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമായി ശുചിത്വ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയുടെ സഹായത്തോടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുകയും അവിടെനിന്നും തരംതിരിച്ച് പ്ലാസ്റ്റിക് ഉൾപ്പടെയുള്ള പുനഃചംക്രമണ വിധേയമാക്കാവുന്ന വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഉൾപ്പെടെയുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) കളിലെത്തിച്ച് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുനഃചംക്രമണ ത്തിനായി കൈമാറുക, പുനഃചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിങ്ങിനായി വിനിയോഗിക്കുക എന്നതാണ് പ്രധാന സമീപനം. ഇതിനനുസൃതമായ പ്രോജക്ടുകൾ നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക, പുനഃരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗ്രീൻ പ്രോട്ടോക്കോൾ വ്യപകമാക്കുവാനുള്ള പ്രവർത്തനങ്ങളും വ്യാപകമായി നടപ്പിലാക്കുന്നുണ്ട്. പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രോജക്ടുകളുമുണ്ട്.

(ബി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് പകരം പ്രകൃതി സൗഹൃദ ബദൽ ഉല്പന്നങ്ങളുടെ ഉല്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് ഇൻസെന്റീവ്.

- ഗ്രീൻ പ്രോട്ടോക്കോൾ നടപടികൾ.
- ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

(സി) വിലയിരുത്തിയിട്ടുണ്ട്; വിജയപ്രദമാണ്.

## കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

251(1766) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കുകയും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ബ്ലോക്കുകളിൽപ്പെട്ടതും, ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ആരംഭിക്കാത്തതുമായ പ്രസ്തുത പദ്ധതിയിൽപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തി യുടെ പേര് | നീളം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | കൊട്ടാരക്കര | പൂയപ്പള്ളി<br><br>വെളിയം | നാൽക്കവല -മീയണ്ണൂർ- കോളമത്ത് റോഡ്<br><br>മുള്ളമ്പാറ- കുടവട്ടൂർ റോഡ് | 0.855KM<br><br>1.03 KM | നാൽക്കവല- മീയണ്ണൂർ- കോളമത്ത് റോഡും, മുള്ളമ്പാറ- കുടവട്ടൂർ റോഡും രണ്ടാമത്തെ ലെയർ മെറ്റലിംഗ് കഴിഞ്ഞു. കലുങ്ക് നിർമ്മാണവും, സൈഡ് കെട്ടും പുരോഗമിച്ചുവരുന്നു. |
| 2 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പന ങ്ങാട്- തുണ്ടിൽ കോളനി റോഡ് | 1.436 KM | ഇരുമ്പനങ്ങാട്- തുണ്ടിൽകോളനി റോഡ് എർത്ത് വർക്ക് പ്രവൃത്തി പുരോഗമിച്ചുവരുന്നു |

(ബി) കരാർ കാലാവധിക്കുള്ളിൽത്തന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നീളം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| | കൊട്ടാരക്കര | എഴുകോൺ | ചീരങ്കാവ് കൊച്ചാഞ്ഞി ലിമൂട്, ബദാം ജങ്ഷൻ റോഡ് | 2.795 KM | റീടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| | കൊട്ടാരക്കര | വെളിയം | മാലയിൽ മലപ്പത്തൂർ വൈദ്യൻകുന്ന് റോഡ് | 3.262 KM | റീടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| | കൊട്ടാരക്കര | പൂയപ്പള്ളി | മരങ്ങാട് കുരിശിൻമൂട് ചെങ്കുളം അംഗൻവാടി റോഡ് | 2.736 KM | എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു. |

## പി.എം.ജി.എസ്.വൈ. റോഡുകളുടെ എസ്റ്റിമേറ്റ്

252(1767) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. റോഡുകളുടെ എസ്റ്റിമേറ്റ് പുതുക്കി നൽകാറുണ്ടോ;

(ബി) എങ്കിൽ ഏത് മാനദണ്ഡപ്രകാരമാണ് എസ്റ്റിമേറ്റ് പുതുക്കിനൽകുന്നത്;

(സി) എസ്റ്റിമേറ്റ് പുതുക്കിനൽകാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്;

(ഡി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര എസ്റ്റിമേറ്റ് പുതുക്കി നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് പുതുക്കി നൽകാറുണ്ട്.

(ബി) എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രവൃത്തികൾ പദ്ധതി പ്രദേശത്ത് അനിവാര്യമായി വരുന്ന അവസ്ഥയിലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ അളവ് അധികരിച്ച് നടപ്പാക്കേണ്ടിവരുന്ന സാഹചര്യത്തിലുമാണ് എസ്റ്റിമേറ്റ് പുതുക്കി നൽകാറുള്ളത്.

(സി) ഭരണാനുമതിക്കനുസൃതമായി എഗ്രിമെന്റ് അതോറിറ്റിക്കാണ് എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനുള്ള അധികാരം.

(ഡി) 2016-17 സാമ്പത്തിക വർഷം 129 എസ്റ്റിമേറ്റും, 2017-18 സാമ്പത്തിക വർഷം 57 എസ്റ്റിമേറ്റും പുതുക്കി നൽകിയിട്ടുണ്ട്.

## എം.എൽ.എ. ആസ്തിവികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

253(1768) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തിവികസന ഫണ്ടുപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന എത്ര പ്രവൃത്തികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 12 പ്രവൃത്തികളാണുള്ളത്. ടി പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആസ്തി വികസന പദ്ധതി**

254(1769) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്നും ഇരുപത്തിഅഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് വാടാനപ്പള്ളി ഗവ. എച്ച്.എസ്.എസ്.-ന് ക്ലാസ് മുറി നിർമ്മിക്കുന്നതിനായി ശിപാർശ ചെയ്ത പദ്ധതിയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(ബി) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിന് അനുവദിച്ച സമയം എന്നുവരെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേയ്ക്ക് ഭരണാനുമതിക്കായി എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിന് അനുവദിച്ച സമയം 31-12-2017 ആണ്.

(സി) സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

255(1770) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പ് കണയന്നൂർ താലൂക്കിലെ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി കൊച്ചി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്മാരകം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

മഹാകവി ജി.ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്ന് അഞ്ച് ലക്ഷം രൂപ വകയിരുത്തി കൊച്ചി നഗരസഭ പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. കണയന്നൂർ താലൂക്കിലെ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച ടി സ്ഥലം ജി.സി.ഡി.എ.-യുടെ സ്ഥലത്തിന്റെ ഭാഗമായി കിടക്കുന്നതിനാൽ അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മണലൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

256(1771) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എൽ.എസ്.ജി.ഡി. മുഖേന നടപ്പാക്കേണ്ട ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

മണലൂർ നിയോജകമണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എൽ.എസ്.ജി.ഡി. മുഖേന നടപ്പാക്കേണ്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

**മുൻ ജനപ്രതിനിധികൾക്ക് ആനുകൂല്യങ്ങൾ**

257(1772) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നിലവിലുണ്ടോ;

(ബി) ഇവർക്ക് പെൻഷനോ ക്ഷേമ പദ്ധതിയോ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തനഫണ്ട് കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനായി ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**മുക്കൂട്ടുത്തറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി**

258(1773) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി കൂടിയ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ, പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അടുത്ത തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി മാത്രമേ പഞ്ചായത്ത് വിഭജനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ജലസുഭിക്ഷാ പദ്ധതി**

259(1774) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ജല സുഭിക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജലസുഭിക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ജലസുഭിക്ഷാ പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ചുവടെ ചേർക്കുന്നു:

- നിലവിലെ ജലസ്രോതസ്സുകൾ ജലസമൃദ്ധവും ശുദ്ധവുമായി സംരക്ഷിച്ച് കൂടുതൽ ജലസുരക്ഷ ഉറപ്പാക്കുക.

- കിണറുകൾ പ്രധാനമായും കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നതിനാൽ മഴ വെള്ളത്തെ പ്രയോജനപ്പെടുത്തി ആദ്യഘട്ടത്തിൽ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക.

- സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജല ശുചിത്വ കിണറുകളാക്കി മാറ്റുക.

- സംസ്ഥാനത്തെ ജലസമൃദ്ധി, ജലശുദ്ധി, ഭൂജല സമ്പത്ത് എന്നിവയുടെ തോത് വർദ്ധിപ്പിക്കുക.

- കിണറുകളെ ശുചിയായി സംരക്ഷിക്കാൻ സാനിട്ടറി കിണർ എന്ന ആശയം നടപ്പിലാക്കുക.

(സി)പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഉപ്പുരസം, ഓര്, ഇരുമ്പ്, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, വേനൽ ക്കാലങ്ങളിൽ ടാങ്കറിൽ വെള്ളം എത്തിക്കുന്ന പ്രദേശങ്ങളിലെ കിണറുകൾ, മറ്റ് ജലസ്രോതസ്സുകളെ സ്ഥിരമായി ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ മുൻഗണന നൽകുന്നത്.

പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 142 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരും, അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ്ജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കുവാൻ സന്നദ്ധതയുള്ളവരുമായിരിക്കണം.

(ഡി) അമ്പൂരി, കുളത്തൂർ, കാട്ടാക്കട, പൂവച്ചൽ, ബാലരാമപുരം, പള്ളിച്ചൽ, കോട്ടുകാൽ, പോത്തൻകോട്, അണ്ടൂർകോണം, കരകുളം, നന്ദിയോട്, കിളിമാനൂർ, ചിറയിൻകീഴ്, ഇലകമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

## ലൈബ്രറി സെസ്

260(1775) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് പിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് കെട്ടിട നികുതിയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുക കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പിരിച്ച തുകയിൽ എത്ര തുക കൈമാറാനുണ്ടെന്ന് അറിയിക്കുമോ;

(ഡി) ലൈബ്രറി കൗൺസിലിന് നൽകാനുള്ള തുക യഥാസമയം നൽകാത്തതിനാൽ കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത പരിഗണിച്ച് ഓരോ വർഷവും പിരിക്കുന്ന തുക കൃത്യമായി തന്നെ പ്രസ്തുത കൗൺസിലിന്റെ അക്കൗണ്ടിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കെട്ടിട നികുതിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസും പിരിക്കുന്നുണ്ട്. ഇത് കെട്ടിട നികുതിയുടെ 5 % ആണ്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസിന്റെ തുക ലൈബ്രറി കൗൺസിലിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ അടയ്ക്കാറുണ്ട്. ലൈബ്രറി സെസ്സിനത്തിൽ നഗരസഭകൾ പിരിച്ചെടുക്കുന്ന തുക കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകുന്നതിൽ കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണമാണ് തുക യഥാസമയം ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കാൻ സാധിക്കാത്തത്.

(സി) 2016-17 സാമ്പത്തിക വർഷം വരെയുള്ള ലൈബ്രറി സെസ് കുടിശികയിനത്തിൽ നഗരസഭ/കോർപ്പറേഷനുകൾ 37,60,28,768 രൂപ കൈമാറാനുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തുകളിൽനിന്നും പിരിച്ചെടുത്തതിൽ 8,70,18,111 രൂപ ലൈബ്രറി കൗൺസിലിന് കൈമാറാനുണ്ട്.

(ഡി) ലൈബ്രറി കൗൺസിലിന് നൽകാനുള്ള തുക യഥാസമയം ഒടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

261(1776) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റേയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| ക്രമ നമ്പർ | ട്രാഞ്ചെ | ആകെ പദ്ധതികൾ | | | | പൂർത്തിയായത് | നടന്നു കൊണ്ടിരിക്കുന്നത് | തുടങ്ങാത്തത് | ക്യാൻസലായത് |
|---|---|---|---|---|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ആകെ | | | | |
| 1 | XVII | 11 | 0 | 0 | 11 | 4 | 3 | 0 | 4 |
| 2 | XVIII | 5 | 9 | 1 | 15 | 12 | 3 | 0 | 0 |
| 3 | XX | 9 | 19 | 11 | 39 | 15 | 18 | 3 | 3 |
| 4 | XXI | 1 | 17 | 16 | 34 | 3 | 15 | 11 | 5 |
| 5 | XXII | 12 | 10 | 14 | 36 | 0 | 17 | 19 | 0 |
| 6 | XXIII | 4 | 0 | 4 | 8 | 0 | 0 | 8 | 0 |
| ആകെ | | | | | 143 | 34 | 56 | 41 | 12 |

(ബി) **വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:**

| പദ്ധതിയുടെ പേര് | ട്രാഞ്ചെ | നിർവ്വഹണം | ഭരണാനുമതി | നബാർഡ് വിഹിതം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| കോട്ടപ്പുറം-കാവുണ്ട-ചീരക്കുഴി-പറമ്പോട്ടുകുന്ന്-തോട്ടറ റോഡ്-കരിമ്പുഴ ഗ്രാമപഞ്ചായത്ത് | XXI | ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 124 ലക്ഷം | 99.20 ലക്ഷം | 30% പ്രവൃത്തി പൂർത്തീ കരിച്ചു. |

**ഇന്ദിര ആവാസ് യോജന**

262(1777) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം വീടുനൽകുന്നതിന് കഴിഞ്ഞ 3 വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; കഴിഞ്ഞ 3 വർഷം എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ അവസാന ഗഡു പല ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്; ഇത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| വിഭാഗം | വർഷം | അനുവദിച്ച തുക (മുൻബാക്കി, മറ്റ് വരവുകൾ ഉൾപ്പെടെ) |
|---|---|---|
| 1 | 2 | 3 |
| 1 | 2014-15 | 36325.47 |
| 2 | 2015-16 | 59997.18 |

| 1 | 2 | 3 |
|---|---|---|
| 3 | 2016-17 | 31-3-2016-ൽ ഐ.എ.വൈ. പദ്ധതി നിർത്തലാക്കി പകരം 1-4-2016-ൽ ആരംഭിച്ച പി.എം.എ.വൈ.(ജി) പദ്ധതിക്ക് ലഭിച്ച തുക 24366.65 ലക്ഷം രൂപ |

കഴിഞ്ഞ 3 വർഷം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെയും അനുവദിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2014-15 | 51261 | 30520.55 |
| 2 | 2015-16 | 56057 | 39312.2 |
| 3 | 2016-17 | 12991 | 18470.17 (പി.എം.എ.വൈ. (ജി) ഉൾപ്പെടെ) |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ നിർമ്മിച്ച ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് നിരക്ക് 2.00 ലക്ഷം രൂപ (പട്ടികവർഗ്ഗക്കാർക്ക് 2.5 ലക്ഷം രൂപ)യായി ഉയർത്തിയതിന്റെ ഭാഗമായി വീടൊന്നിന് 50,000 രൂപ വച്ച് 2011-12 മുതൽ 2015-16 വരെ 1537.22 കോടി രൂപ സംസ്ഥാന സർക്കാർ നൽകേണ്ട സാഹചര്യം ഉണ്ടായി. ഇതിൽ 2015-16-ൽ 480 കോടി രൂപയും 2016-17-ൽ 73.33 കോടി രൂപയും ഉൾപ്പെടെ 553.33 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. എന്നാൽ ബാക്കി നൽകേണ്ട 983.89 കോടിരൂപയിൽ, ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് തുക വകയിരുത്തി ഏകദേശം 883.895 കോടി രൂപ ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞു. ഇനിയും നൽകാനുള്ള 100 കോടി രൂപ അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പി.എം.ജി.എസ്.വൈ. റോഡുകളുടെ എസ്റ്റിമേറ്റ്

263(1778) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. റോഡുകളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റികൾ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; കമ്മറ്റികളിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) എസ്റ്റിമേറ്റ് പുതുക്കിനൽകുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത കേന്ദ്ര സർക്കാർ വഹിക്കുമോ;

(ഡി) എസ്റ്റിമേറ്റുകൾ പുതുക്കിനൽകിയത് വഴി സംസ്ഥാന സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം 33 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്റർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ

(സി) എസ്റ്റിമേറ്റ് പുതുക്കിനൽകുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുകയില്ല.

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽനിന്നും അധികമായി വരുന്ന തുകയാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടത്. ഇത്തരത്തിലുണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

**മലയോര വികസന ഏജൻസി**

264(1779) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി രൂപീകൃതമായത് എന്നാണെന്നും ഇതിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത ഏജൻസിവഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് കഴിഞ്ഞ 5 വർഷമായി നടപ്പാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 5 വർഷമായി മലയോര വികസന ഏജൻസിവഴി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അവയ്ക്ക് അനുവദിച്ച തുകയും വർഷവും സഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസിവഴി ഫണ്ട് ലഭിക്കേണ്ട പദ്ധതികൾ ആർക്കാണ് സമർപ്പിക്കേണ്ടത്, 2017-18-ലെ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പദ്ധതിക്കായുള്ള അപേക്ഷകൾ സംബന്ധിച്ച് തീയതി സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 28-5-2012-ന് തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം മലയോര വികസന ഏജൻസി (ഹാഡ) രജിസ്റ്റർ ചെയ്തു.

സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 44/2017/ആസൂത്രണം തീയതി 27-12-2017 പ്രകാരം മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പശ്ചിമഘട്ട സെല്ലിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ പശ്ചിമഘട്ട സെൽ ഏറ്റെടുത്ത ശേഷം പദ്ധതികളൊന്നും പുതിയതായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ജോയിന്റ് ഡയറക്ടർ, പശ്ചിമഘട്ട സെല്ലിനാണ് സമർപ്പിക്കേണ്ടത്. എന്നാൽ മലയോര വികസന ഏജൻസി നിർത്തലാക്കിയതിനാൽ 2017-18-ൽ പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഹാഡ <u>ഏറ്റെടുത്തു</u> നടത്തിയിരുന്നതും പൂർത്തിയാകാത്തതുമായ സംസ്ഥാന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 28-2-2018 വരെയും 31-3-2018-നകം കാലാവധിയുള്ള നബാർഡ് അധിഷ്ഠിത പദ്ധതികൾ 28-2-2018-നകവും പൂർത്തീകരിക്കേണ്ടതും ടി തീയതിക്ക് മുമ്പ് ബന്ധപ്പെട്ട ബില്ലുകൾ എല്ലാ ജില്ലകളിലെയും ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ മുഖേന പശ്ചിമഘട്ട ജോയിന്റ് ഡയറക്ടർക്ക് ലഭ്യമാക്കി ബിൽ തുക നടപ്പു സാമ്പത്തിക വർഷം തന്നെ കൈപ്പറ്റേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

## കുട്ടനാട് നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

265(1780) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ മൺസൂൺ കാലത്ത് ഉണ്ടാകുന്ന കിഴക്കൻമലവെള്ളത്തിലും കടൽ വേലിയേറ്റത്തിലും പൂർണ്ണമായും വെള്ളത്തിനടിയിലാകുകയും തകർന്നു പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളപ്പൊക്ക പദ്ധതിയിൽ പ്രസ്തുത റോഡുകൾ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് കൂടുതൽ തുക അനുവദിച്ചുകിട്ടാൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) വെള്ളപ്പൊക്ക പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമീണ റോഡുകൾ ബ്ലോക്ക് തലത്തിലാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്കും ആയതിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന മുറയ്ക്കും പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

## കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയർക്കെതിരെയുള്ള അന്വേഷണം

266(1781) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയറായി നിയമിക്കപ്പെട്ട വ്യക്തിക്ക് സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്കെതിരെയുള്ള അന്വേഷണങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദമില്ലാത്ത വ്യക്തിക്ക് വൻകിട റോഡ് പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുള്ള പരിജ്ഞാനമില്ലാത്തതിനാൽ പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ C6(VC7/15/ALP)5631/15, C6(VC4/15/ALP)5615/15 പ്രകാരം വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എസ്.ആർ.ആർ.ഡി.എ. എസ്റ്റിമേറ്റുകൾ

267(1782) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ആർ.ഡി.എ. (Kerala State Rural Roads Development Agency) ചീഫ് എഞ്ചിനീയർ എത്ര എസ്റ്റിമേറ്റുകൾ 2016-17, 2017-18 സാമ്പത്തിക വർഷം പുതുക്കി നൽകിയിട്ടുണ്ട്;

(ബി) പത്തനംതിട്ട, ഇടുക്കി ജില്ലയിലെ എത്ര എസ്റ്റിമേറ്റുകൾ കെ.എസ്.ആർ.ആർ.ഡി.എ. -യിൽ നിന്നും പുതുക്കി നൽകിയിട്ടുണ്ട്;

(സി) ഇതിനായിട്ടുള്ള അധിക ധനം എവിടെ നിന്നും സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായിട്ടുള്ള എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കമ്മിറ്റി 2016-17, 2017-18 വർഷം എത്ര തവണ യോഗം ചേർന്നിട്ടുണ്ട്;

(ഇ) മറ്റ് ജില്ലകളിലെ എസ്റ്റിമേറ്റുകൾ പുതുക്കിനൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 129 എസ്റ്റിമേറ്റും, 2017-18 സാമ്പത്തിക വർഷം 57 എസ്റ്റിമേറ്റും പുതുക്കി നൽകിയിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ 16 എസ്റ്റിമേറ്റും, ഇടുക്കി ജില്ലയിൽ 13 എസ്റ്റിമേറ്റും പുതുക്കി നൽകിയിട്ടുണ്ട്.

(സി) അധികമായി വേണ്ടിവരുന്ന തുക അംഗീകൃത ഫേസിലേയോ/ ജില്ലയിലേയോ/സ്റ്റേറ്റിലെയോ പൂർത്തീകരിച്ച റോഡിൽ ബാക്കിനിൽക്കുന്ന തുകയിൽ നിന്നുമാണ് സമാഹരിക്കുന്നത്.

(ഡി) 2016-17 സാമ്പത്തിക വർഷം 39 തവണയും 2017-18 സാമ്പത്തിക വർഷം 33 തവണയും കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്

268(1783) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിനെ (SIRD) 'കില'യുമായി സംയോജിപ്പിക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) സംയോജനത്തിനുശേഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അവലോകനം ചെയ്തുകൊണ്ടുള്ള പഠനം നടത്തിയപ്പോൾ ടി സ്ഥാപനങ്ങളുടെ വിഷയമേഖലകളും പരിശീലനങ്ങളും മറ്റ് പ്രവർത്തനങ്ങളും സമാനമാണ് എന്ന് വ്യക്തമാക്കുകയും ലഭ്യമായ വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാനും പരിശീലനങ്ങളിലും ഗവേഷണ പ്രവർത്തനങ്ങളിലും മെച്ചപ്പെട്ട ഫലപ്രാപ്തി നേടാനും ടി സ്ഥാപനങ്ങൾ സംയോജിപ്പിക്കുന്നത് ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ 2016 ജൂൺ 24-ാം തീയതി നടന്ന ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ എസ്.ഐ.ആർ.ഡി.യെ കിലയിൽ സംയോജിപ്പിച്ച് പ്രാദേശിക ഭരണത്തിലും പഞ്ചായത്ത് രാജിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രമായി മാറ്റുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൻപ്രകാരം 29-11-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 184/2016/തസ്വഭവ. പ്രകാരം കൊട്ടാരക്കരയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി.) യെ കിലയിൽ ലയിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

(ബി) സംയോജനത്തിനുശേഷം 27-12-2016-ലെ സ.ഉ.(സാധാ) നമ്പർ 3522/2016/തസ്വഭവ. പ്രകാരം മുൻ എസ്.ഐ.ആർ.ഡി.-യെ കില സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (KILA-CHRD) എന്ന് പുനർനാമകരണം ചെയ്യുകയും ഡയറക്ടർ തസ്തിക റീജിയണൽ ഡയറക്ടർ എന്നാക്കി മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സംയോജിത കിലയുടെ ഭരണ സംവിധാനത്തിൽ പുതിയ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ഏകീകൃത പരിശീലന കലണ്ടർ തയ്യാറാക്കി, പരിശീലനം ആരംഭിക്കുകയും അതോടൊപ്പം തന്നെ ഏകീകൃത റിസർച്ചുകളും പരിശീലനങ്ങളും നടന്നുവരുന്നു. സംയോജിത കിലയുടെ പുതിയ 17 അംഗ ഗവേണിംഗ് കൗൺസിലും (G.C) 7 അംഗ എക്സിക്യൂട്ടീവ് കൗൺസിലും (E.C) രൂപീകൃതമായി. ഈ സംയോജനത്തിന്റെ ഭാഗമായി ഏകീകൃത ഭരണ സംവിധാനം നിലവിൽ വരികയും അതിനനുസൃതമായി സാമ്പത്തിക മാനേജ്മെന്റ് കാര്യങ്ങൾ ഏകീകരിക്കുകയും ചെയ്തു.

## സാമൂഹ്യസുരക്ഷാ പെൻഷനുകൾ നിക്ഷേപിക്കുന്ന ബാങ്കുകൾ മിനിമം ബാലൻസ് ഒഴിവാക്കണമെന്ന നിർദ്ദേശം

269(1784) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽനിന്നും, ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസില്ലെന്ന കാരണത്താൽ, ബാങ്കുകൾ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാങ്കുകൾ മിനിമം ബാലൻസ് നിശ്ചയിച്ച് ഉത്തരവിറക്കിയതിനു ശേഷം സർക്കാർ ആനുകൂല്യങ്ങൾ ക്രെഡിറ്റ് ചെയ്യുന്ന ഇത്തരം അക്കൗണ്ടുകളെ പ്രസ്തുത പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) സാമൂഹ്യസുരക്ഷാ പെൻഷനുകൾ നിക്ഷേപിക്കുന്ന ബാങ്കുകൾക്ക് മിനിമം ബാലൻസ് ഒഴിവാക്കണമെന്ന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സാമൂഹ്യസുരക്ഷാ പെൻഷൻ അക്കൗണ്ടുകൾ സീറോ ബാലൻസ് അക്കൗണ്ട് ആക്കി നൽകണമെന്ന് എസ്.ബി.ഐ.-യോട് നിർദ്ദേശിച്ചിട്ടുള്ളതും അത് അംഗീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ബാങ്കുകളും ഇത്തരം സീറോ ബാങ്ക് അക്കൗണ്ട് നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

**ജീവനം-2017**

270(1785) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സൂക്ഷ്മ സംരംഭമേഖലയെ ശക്തിപ്പെടുത്തുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 'ജീവനം 2017' എന്ന പേരിൽ ക്യാമ്പയിൻ നടത്തുന്നുണ്ടോ;

(ബി) നിലവിലെ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും ധനസഹായം ലഭ്യമാക്കുമോ;

(സി) മാർക്കറ്റിംഗിനും വിപണനത്തിനുമായി എന്തൊക്കെ പുതിയ പരിപാടികൾ നടത്താനാണ് പ്രസ്തുത ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലെ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തന മൂലധന കുറവ് പരിഹരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട്, സാങ്കേതിക വിദ്യയും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്പ്ഗ്രഡേഷൻ ഫണ്ട് എന്നിവയും പ്രവർത്തന മേഖല മെച്ചപ്പെടുത്തുന്നതിനായി രണ്ടാംഘട്ട ധനസഹായവും നൽകിവരുന്നു. ഇതിനുപുറമേ നൂതന സംരംഭക വികസനത്തിനായി ഇന്നവേഷൻ ഫണ്ടും പ്രത്യേക കാരണങ്ങളാൽ സംരംഭ രൂപീകരണത്തിന് ആവശ്യമായ സാമ്പത്തികം ലഭ്യമല്ലായെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്റ്റാർട്ട് അപ്പ് ഫണ്ടും ലഭ്യമാക്കുന്നുണ്ട്. പുറമേ, ആർ.എം.ഇ./യുവശ്രീ പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശ സബ്സിഡിയും തീരദേശ സംരംഭ വികസനത്തിനായി കോസ്റ്റൽ എം.ഇ. പദ്ധതി പ്രകാരം മൂലധന സബ്സിഡിയും നൽകുന്നുണ്ട്.

(സി) മാർക്കറ്റിംഗിനും വിപണനത്തിനുമായി പുതിയ പരിപാടികൾ ജീവനം ക്യാമ്പയിനിൽ ഉദ്ദേശിക്കുന്നില്ല.

**നഗരസഭ മാസ്റ്റർപ്ലാൻ**

271(1786) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷനുകളിൽ ഉൾപ്പെടുന്ന ബൈപ്പാസ് റോഡുകളുടെ സൈഡിലും അകത്തേയ്ക്ക് 250 മീറ്ററിന് ഉള്ളിൽ കയറികിടക്കുന്നതും 2008-ന് മുമ്പ് വർഷങ്ങളായി കര ഭൂമിയായി രൂപാന്തരപ്പെട്ടു കിടക്കുന്നതുമായ പല സ്ഥലങ്ങളും നിലവിലെ വില്ലേജുകളിലെ ബി.ടി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ)-ൽ നിലമെന്ന് മുമ്പ് രേഖപ്പെടുത്തിയിരുന്ന സ്ഥലത്ത് നിലവിലെ കെട്ടിട നിയമ ചട്ടപ്രകാരം കൊമേഴ്സ്യൽ/വാസഗൃഹ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ; വിശദാംശങ്ങൾ അറിയിക്കുമോ; ഓരോ കോർപ്പറേഷനുകളിൽ ഓരോ നിയമം ആണോ ഇതിന് പാലിക്കുന്നത്;

(ബി) റോഡിന് വീതിയുള്ള ബൈപ്പാസ് സ്ഥലങ്ങളിൽ റോഡരികിൽനിന്നും ഉള്ളിലേക്ക് 250 മീറ്റർ ദൂരംവരെ കൊമേഴ്സ്യൽ/വാസകെട്ടിടങ്ങൾ പണിയാൻ പറ്റുമെന്ന കെട്ടിട നിയമം നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ബൈപ്പാസ് റോഡുകളുടെ സൈഡിൽനിന്നും ഉള്ളിലേക്ക് മുകളിൽ സൂചിപ്പിച്ച പ്രകാരം കിടക്കുന്ന സ്ഥലത്തേയ്ക്ക് എത്താനുള്ള റോഡിന്റെ വീതി 5 മീറ്ററും റോഡിന്റെ നീളം 50 മീറ്ററിൽ താഴെയും ആണെങ്കിൽ ഇവിടെ

നിർമ്മിക്കുന്ന കെട്ടിടങ്ങൾ എത്ര അളവ് വരെ പണിയാം; അകത്തോട്ടുള്ള റോഡുകളുടെ വീതിയും നീളവും കണക്കാക്കിയാണോ കെട്ടിടങ്ങളുടെ വിസ്തീർണ്ണം നിശ്ചയിച്ച് നിർമ്മാണ ഉത്തരവ് നൽകുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം നഗരസഭയ്ക്ക് പുതിയ മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; ഏതു വർഷത്തെ മാസ്റ്റർ പ്ലാൻ പ്രകാരമാണ് ഇപ്പോൾ കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകിവരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ബി.ടി.ആർ.-ൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത്, കെ.എൽ.യു. ഉത്തരവ് 1967, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം എന്നിവയുടെ കൂടി അടിസ്ഥാനത്തിൽ മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ നഗരപ്രദേശങ്ങൾക്കും (മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ) ഒന്നാണ്. (കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999)

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇങ്ങനെ ഒരു വ്യവസ്ഥയില്ല.

(സി) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 1999-ലെ റൂൾ 33 പ്രകാരം 5 മീറ്റർ വഴിയുള്ള സ്ഥലത്ത് 6000 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. പഞ്ചായത്ത് പ്രദേശങ്ങളിൽ, പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011, റൂൾ 37 പ്രകാരം 5 മീറ്റർ വഴിയുള്ള സ്ഥലത്ത് 6000 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച ചട്ടങ്ങൾ പ്രകാരം, വഴിയുടെ വീതിക്ക് അനുസരിച്ചാണ് വിവിധ ഉപയോഗഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ അനുവദനീയ വിസ്തൃതി നിശ്ചയിക്കുന്നത്. ഇതുകൂടാതെ പുരയിടത്തിന്റെ വിസ്തൃതി, വിവിധ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ അനുവദനീയമായ എഫ്.എ.ആർ, കവറേജ് ആവശ്യം വേണ്ടുന്ന പാർക്കിംഗ് സ്ഥലം മുതലായവയുടെ അടിസ്ഥാനത്തിലാണ് ഒരു കെട്ടിടത്തിന്റെ അനുവദനീയ വിസ്തൃതി നിശ്ചയിക്കുന്നത്.

(ഡി) തിരുവനന്തപുരം നഗരസഭയ്ക്ക് പഴയ കോർപ്പറേഷൻ ഏരിയക്കുവേണ്ടി ഒരു അംഗീകൃത മാസ്റ്റർ പ്ലാനും അതിനു പുറത്തുള്ള പുതിയ കോർപ്പറേഷൻ പരിധിയിലുള്ള പ്രദേശത്തിനായി 2013-ൽ പ്രസിദ്ധീകരിച്ച ഒരു മാസ്റ്റർ പ്ലാനും നിലവിലുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ നിലവിലെ വിസ്തൃതി 214.86 ചതുരശ്ര കിലോമീറ്റർ ആണ്. ജി.ഒ. (ആർ.ടി.) 921/71/എൽ.എ.ഡി. തീയതി 21-6-1971 പ്രകാരം 74.79 ചതുരശ്ര കിലോമീറ്റർ വരുന്ന അന്നത്തെ

കോർപ്പറേഷൻ ഏരിയയ്ക്കുവേണ്ടി മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 2013-ൽ നിലവിലെ കോർപ്പറേഷൻ പ്രദേശത്തിനായി കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജി.ഒ. (എം.എസ്.)നമ്പർ 107/2013/തസ്വഭവ. തീയതി 19-3-2013 പ്രകാരം പ്രസിദ്ധീകരിച്ചു.

കേരള നഗര ഗ്രാമാസൂത്രണ ആക്ട് 2016 പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതായ നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ആ പ്രദേശത്തെ ഭൂമിയുടെ ഉപയോഗവും വികസനവും പ്രസിദ്ധീകരിച്ച കരട് പ്ലാനിന്റെ വ്യവസ്ഥകൾ പ്രകാരമായിരിക്കുന്നതാണ്. കൂടാതെ, ആക്ട് പ്രകാരം, അംഗീകാരം ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിലുള്ളിടത്ത് അതിന്റെ വ്യവസ്ഥകളായിരിക്കും പിന്നീട് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന് ആക്ട് പ്രകാരം അനുമതി ലഭിക്കുന്നതുവരെ ബാധകമാകുന്നത്. ഇതുപ്രകാരം പഴയ കോർപ്പറേഷൻ പ്രദേശത്ത് (74.79 ചതുരശ്രമീറ്റർ) 1971-ൽ സർക്കാർ അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനും (ഇതിന്റെ മേഖലാ നിയന്ത്രണങ്ങൾ സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ട്). ഇതിനു പുറമേയുള്ള പ്രദേശങ്ങൾക്ക് 2013-ൽ പ്രസിദ്ധീകരിച്ച കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാനുമാണ് ബാധകമായിട്ടുള്ളത്. 2013-ൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണങ്ങൾ പൂർണ്ണമായും ഭേദഗതി ചെയ്തുകൊണ്ട് 2017-ൽ സർക്കാർ ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ കോർപ്പറേഷൻ ഏരിയക്ക് പുറത്തുള്ള പുതിയ കോർപ്പറേഷൻ ഏരിയയ്ക്ക് ഈ ഇടക്കാല വികസന ഉത്തരവിലെ മേഖലാ നിയന്ത്രണങ്ങളാണ് ബാധകമായിരിക്കുന്നത്. ഇതുകൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിൽ പതിനാറ് അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലുണ്ട്. ഇവയുള്ള സ്ഥലങ്ങളിൽ ടി വിശദ നഗരാസൂത്രണ പദ്ധതികളുടെ വ്യവസ്ഥകളായിരിക്കും ബാധകമാകുക.

## കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം

272(1787) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ താരതമ്യേന വീതി കുറഞ്ഞ ഈ പാലത്തിലേക്കുള്ള പ്രധാന പാതയായ കണ്ണങ്ങാട് ടെമ്പിൾ റോഡിലെ ഗതാഗത കുരുക്കും അപകടസാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗരസഭയുടെ കൈവശമുള്ള ഇന്ദിരാഗാന്ധി റോഡിനെയും കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിനെയും ബന്ധിപ്പിക്കുന്ന പുതിയ റോഡിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും എത്രപേർക്കാണ് നഷ്ടപരിഹാരത്തുക നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏകദേശം 0.2687 ഹെക്ടർ (67 സെന്റ്) സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിലേയ്ക്കായി നെഗോസിയേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലവില ഇനത്തിൽ 2.5 കോടി രൂപയും റോഡ് നിർമ്മാണത്തിന് 1.5 കോടി രൂപയും മതിപ്പ് വില നിശ്ചയിച്ചിട്ടുണ്ട്. 9 പേരുടെ സ്ഥലമാണ് ആകെ ഏറ്റെടുക്കുവാനുള്ളത്. ഇതിൽ ഒരാൾക്ക് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 4 പേർക്കുള്ള നഷ്ടപരിഹാര തുക കൂടി നൽകാൻ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

**തിരുവനന്തപുരത്ത് ആകാശ നടപ്പാത നിർമ്മിക്കാൻ പദ്ധതി**

273(1788) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലേക്കും സെക്രട്ടേറിയറ്റിലേക്കും ആകാശ നടപ്പാത നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; പദ്ധതിക്ക് എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്;

(സി) പാതയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടിവരുമോ; എങ്കിൽ എത്ര കച്ചവട സ്ഥാപനങ്ങളെ പദ്ധതി ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ നടപ്പാതയുടെ രൂപരേഖ തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. പദ്ധതിക്ക് 300, 400 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിന്റെ പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ എത്ര സ്ഥലം വേണ്ടിവരുമെന്നും എത്ര കച്ചവട സ്ഥാപനങ്ങൾ ബാധിക്കപ്പെടുമെന്നും അറിയാൻ കഴിയുകയുള്ളൂ.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടൈ പ്രവർത്തനത്തിന് തടസ്സംവരാത്ത രീതിയിൽ നടപ്പാതയുടെ രൂപരേഖ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി

274(1789) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ കൺസൾട്ടൻസി കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് പദ്ധതിയുടെ ചുമതല ഏല്പിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതികമായി മുന്നിട്ട് നിൽക്കുന്ന കമ്പനികളുടെ ഫിനാൻഷ്യൽ-ബിഡ് മാത്രമാണോ പരിഗണിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ഡി) സമയബന്ധിതമായി സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) എറണാകുളം സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിലുണ്ടായ അപാകതകൾ ഈ പദ്ധതിയിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോയെന്നുകൂടി വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിൽ SPV രൂപീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനെ (PMC) തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. കൺസൾട്ടൻസി കമ്പനിയെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. സ്മാർട്ട്സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി കമ്പനിയെ പ്രഖ്യാപിക്കുന്നതാണ്.

(സി) സാങ്കേതികവും സാമ്പത്തികവുമായ മാർക്കുകൾ 80:20 എന്ന അനുപാതത്തിലാണ് പരിഗണിച്ചിട്ടുള്ളത്.

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനം സമയബന്ധിതമായി നടത്തുന്നതിന്റെ മേൽനോട്ടത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 15 അംഗങ്ങൾ ഉൾപ്പെട്ട സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ സഹായവും കമ്പനിക്ക് ലഭ്യമാണ്.

(ഇ) അപാകതകൾ ഉണ്ടാകാതെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## റിയൽ എസ്റ്റേറ്റ് അതോറിറ്റി

275(1790) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റിയൽ എസ്റ്റേറ്റ് അതോറിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) റിയൽ എസ്റ്റേറ്റ് അതോറിറ്റി മുൻപാകെ നിലവിൽ സമർപ്പിക്കപ്പെട്ടിരുന്ന കേസുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസുകൾ തീർപ്പാക്കി എന്നും ശേഷിക്കുന്നവ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി & സി) കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2016-ന്റെ അടിസ്ഥാനത്തിൽ ഒരു ഇടക്കാല റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ (അർബൻ) നിയമിക്കുന്നതിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാൽ നിലവിൽ കേസുകളൊന്നും സ്വീകരിച്ചിട്ടില്ല.

## അമരവിള കേന്ദ്രീകരിച്ച് കിലയുടെ സബ്സെന്റർ

276(1791) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെയും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടേയും അതിർത്തിപ്രദേശമായ അമരവിള കേന്ദ്രീകരിച്ച് കിലയുടെ സബ്സെന്റർ തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) സബ്സെന്റർ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശത്ത് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് സബ്സെന്റർ സ്ഥാപിക്കുന്നതിനായുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകരയിൽ 'കില' യുടെ ഒരു പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിന് തത്വത്തിൽ അനുമതി നൽകിയും തുടർന്ന് നെയ്യാറ്റിൻകര വില്ലേജിലെ 184.99 ഏക്കർ ഭൂമി (ഫെയർ വാല്യൂ) രജിസ്റ്റർ പ്രകാരം 15000 per acre) നെഗോഷിയേറ്റഡ് പർച്ചേസ് നടത്തുന്നതിനും ഉത്തരവായിരുന്നു. കില എസ്.ഐ.ആർ.ഡി.-അഹാഡ്സ് സംയോജനത്തിന്റെ ഫലമായി തെക്കൻ കേരളത്തിലടക്കം കിലയുടെ ആറ് കേന്ദ്രങ്ങൾ പ്രവർത്തനം നടത്തിവരുന്ന സാഹചര്യത്തിൽ മറ്റൊരു കേന്ദ്രത്തിന്റെ ആവശ്യകതയും സാദ്ധ്യതയും പുതിയ ഗവേണിംഗ് കൗൺസിൽ പുനഃപരിശോധിക്കേണ്ടതുണ്ട്.

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കോച്ചിംഗ് സെന്ററുകൾ

277(1792) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററുകളിൽ സ്ഥിരം/താൽക്കാലിക ജീവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(സി) ഇവർ എന്ന് മുതലാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്; ഇവരുടെ വിശദവിവരങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷ യുവജനതയ്ക്കായുള്ള 17 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 66 പേർ പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നു.

താല്ക്കാലികം-65

സ്ഥിരം-1.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പരിഗണനയിലില്ല.

## സർക്കാർ സർവ്വീസിലെ ന്യൂനപക്ഷ പ്രാതിനിധ്യം

278(1793) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ന്യൂനപക്ഷ പ്രാതിനിധ്യം ജനസംഖ്യാനുപാതികമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിലെ ഉന്നത തസ്തികകളിൽ ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യം വളരെ കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സർവ്വീസിലെ ന്യൂനപക്ഷ പ്രാതിനിധ്യം സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സർക്കാർ സർവ്വീസിൽ ഉദ്യോഗ സംവരണം ന്യൂനപക്ഷാടിസ്ഥാനത്തിലല്ല നൽകിവരുന്നത്. ആയതിനാൽ ന്യൂനപക്ഷ പ്രാതിനിധ്യം ജനസംഖ്യാനുപാതികമാണോയെന്ന് പരിശോധിക്കുവാൻ നിലവിൽ സംവിധാനമില്ല.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**തൊഴിലുറപ്പ് പദ്ധതി**

279(1794) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നെൽകൃഷി മേഖലയിലെ നടീൽ, കൊയ്ത്ത്, കള പറിക്കൽ എന്നിവ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര മാനദണ്ഡപ്രകാരം എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നെൽകൃഷി മേഖലയിൽ തൊഴിലാളികൾ ഏറ്റവും കൂടുതൽ ആവശ്യമുള്ള പ്രസ്തുത പ്രവൃത്തികൾകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) നിലവിൽ ഇതുവരെ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലെ പരിഷ്കരിച്ച നിയമമനുസരിച്ച് പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഏറ്റെടുക്കാൻ പാടില്ലാത്തതാണെന്ന് അനുശാസിച്ചിക്കുന്നുണ്ട്. ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷിയുമായി ബന്ധപ്പെട്ടുള്ള ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയില്ല.

(ബി & സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നെൽകൃഷി, കൊയ്ത്തിനുശേഷം പുതുതായി വിളവ് ഇറക്കുന്നതുവരെയുള്ള ആവർത്തന

സ്വഭാവമുള്ള കൃഷിപ്പണികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

## ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളുടെ നവീകരണം

280(1795) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളുടെ നവീകരണത്തിന് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന തുക ചെലവഴിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) മാത്രമാണ് നിലവിലുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തടസ്സമുണ്ടായിട്ടില്ല.

(ബി) ബാധകമല്ല.

## ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പദ്ധതികൾ

281(1796) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം എന്തെങ്കിലും പുതിയ പദ്ധതികൾ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ന്യൂനപക്ഷക്ഷേമവകുപ്പ് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ)

1. സി.എ./ഐ.സി.ഡബ്ല്യ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വർക്കുള്ള സ്കോളർഷിപ്പ്.

2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ ഭവന പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

5. എസ്.എസ്.എൽ.സി./പ്ലസ് ടു/വി.എച്ച്.എസ്.ഇ./ബിരുദ ബിരുദാനന്തര തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി.എച്ച് മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ്.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവനവായ്പാ പദ്ധതി.

12. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

13. എസ്.എസ്.എൽ.സി./പ്ലസ്.ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

14. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എൽ.സി./പ്ലസ്.ടു/വി.എച്ച്.എസ്.ഇ./ബിരുദ, ബിരുദാനന്തര ബിരുദ തുടങ്ങിയ കോഴ്സുകളിൽ ഉന്നതവിജയംനേടുന്ന ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡും, വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന/പുനരുദ്ധാരണ പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഇപ്പോൾ വകുപ്പ് നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പുകൾ ഉൾപ്പെടാത്ത മറ്റ് പഠന മേഖലകളിലെ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന പദ്ധതികളും, ന്യൂനപക്ഷ വിഭാഗങ്ങളെപ്പറ്റിയുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ തുടങ്ങുന്ന പദ്ധതികളും പരിഗണനയിലുണ്ട്.

## ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ

282(1797) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവിഭാഗക്കാരുടെ ക്ഷേമത്തിനായി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിൽ സർക്കാർ തുടർന്നുവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ ആരംഭിച്ച പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ന്യൂനപക്ഷവിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി മുൻ സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സി.എ./ഐസി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

6. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.

7. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

8. സി.എച്ച്.മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ്.

9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ഭവനവായ്പാ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി

ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) പ്രസ്തുത പദ്ധതികളിൽ ഹ്രസ്വകാല റിസർച്ച് ഫെലോഷിപ്പ് ഒഴികെ എല്ലാ പദ്ധതികളും നിലവിൽ തുടർന്നുവരുന്നുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. 2017-18 സാമ്പത്തിക വർഷം വരെയുള്ള സ്കോളർഷിപ്പ് അവാർഡ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി ഈ വർഷം തുടങ്ങിയിട്ടേയുള്ളൂ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്.

**വഖഫ് ബോർഡ് നിയമനം**

283(1798) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) നിലവിലുള്ള കേന്ദ്ര വഖഫ് നിയമങ്ങൾക്കും റഗുലേഷനും വിരുദ്ധമായ ഈ നീക്കം പുനഃപരിശോധിക്കാൻ തയ്യാറാകുമോ;

(സി) വഖഫ് ബോർഡിന് സമാനമായ മറ്റ് ബോർഡുകളിലെയും സർക്കാർ ഗ്രാന്റുകൾ വാങ്ങുന്ന പൊതുസ്ഥാപനങ്ങളിലെയും നിയമനങ്ങൾ അതാതു ബോർഡുകൾ തന്നെ നടത്തുമ്പോൾ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന്റെ കാരണമെന്താണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വഖഫ് ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷൻ 2016 പ്രകാരം ജീവനക്കാരുടെ നിയമനാധികാരം ബോർഡിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ കാര്യക്ഷമതയും ഉത്തരവാദിത്തവും നൈപുണ്യതയുമുള്ള ജീവനക്കാരുടെ സേവനം ബോർഡിന് മുതൽക്കൂട്ടാകുമെന്നതിനാലും നിയമനങ്ങൾ പി.എസ്.സി. വഴിയാകണമെന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലും 19-7-2016-ൽ

ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരുൾപ്പെട്ട യോഗത്തിൽ ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്താൻ തീരുമാനമെടുക്കുകയും അതിനനുസരിച്ച് റെഗുലേഷനിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഇത് കേന്ദ്ര ആക്ടിന് വിരുദ്ധമായ നടപടിയല്ല.

(സി) സ്ഥിരം തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ദ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നതാണ് പി.എസ്.സി. മുഖേനയുള്ള നിയമനം വഴി സർക്കാർ ലക്ഷ്യമിടുന്നത്.

## വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ

284(1799) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണ്എന്ന് വ്യക്തമാക്കുമോ;

(ബി) 1995-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ വഖഫ് ആക്ടിന് വിരുദ്ധമാണ് ഈ തീരുമാനം എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) മതവിശ്വാസികളും മുസ്ലീം സ്ഥാപനങ്ങളോട് പ്രതിബദ്ധത യുള്ളവരുമാണ് വഖഫ് ബോർഡിലെ ചുമതല നിർവ്വഹിക്കാൻ കൂടുതൽ അഭികാമ്യമെന്നിരിക്കെ വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടുന്നതിലൂടെ ഇത് പൂർണ്ണമായും സംരക്ഷിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ദേവസ്വം ബോർഡ് നിയമനങ്ങൾ പോലെ വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങളും ബോർഡിൽ തന്നെ നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് ബില്ലായി നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വഖഫ് ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷൻസ് 2016 പ്രകാരം ജീവനക്കാരുടെ നിയമനാധികാരം ബോർഡിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ കാര്യക്ഷമതയും ഉത്തരവാദിത്വവും നൈപുണ്യതയുമുള്ള ജീവനക്കാരുടെ സേവനം ബോർഡിന് മുതൽക്കൂട്ടാകുമെന്നതിനാലും നിയമനങ്ങൾ പി.എസ്.സി. വഴിയാകണമെന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലും 19-7-2016-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരുൾപ്പെട്ട യോഗത്തിൽ ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ തീരുമാനമെടുക്കുകയും അതിനനുസരിച്ച് റെഗുലേഷനിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഇത് കേന്ദ്ര ആക്ടിന് വിരുദ്ധമായ നടപടിയല്ല.

(സി) വഖഫ് ബോർഡിലെ പി.എസ്.സി. നിയമനങ്ങൾ മുസ്ലീം സമുദായത്തിനുമാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്ഥിരം തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ദ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നതാണ് പി.എസ്.സി. മുഖേനയുള്ള നിയമനം വഴി സർക്കാർ ലക്ഷ്യമിടുന്നത്.

## വഖഫ് ബോർഡിലെ നിയമനങ്ങൾ

285(1800) ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വഖഫ് ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് തിരുത്തണമെന്ന വിവിധ സംഘടനകളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വഖഫ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം പിൻവലിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല, പ്രസ്തുത ആവശ്യം ഉന്നയിച്ച് ഒരു നിവേദനവും സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**വഖഫ് ബോർഡിലെ നിയമനങ്ങൾ**

286(1801) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ചില മുസ്ലീം സംഘടനകൾ ഉയർത്തുന്ന ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതു റാങ്ക് ലിസ്റ്റിൽനിന്നും വഖഫ് ബോർഡിലേക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ മുസ്ലീം വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പൊതുതസ്തികകളിൽ കുറവുവരുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ദ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനായി 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) എന്ന ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. അത്തരത്തിൽ ഒരു നിവേദനവും സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) പരിശോധിച്ചിട്ടില്ല, എങ്കിലും വഖഫ് ബോർഡിലെ നിയമനങ്ങൾ മുസ്ലീം സമുദായാംഗങ്ങളായ ഉദ്യോഗാർത്ഥികൾക്കായി മാത്രം നിജപ്പെടുത്തിയിട്ടുള്ളതിനാൽ പൊതു തസ്തികകളിൽ കുറവുവരാനുള്ള സാദ്ധ്യത വിരളമാണ്.

## വഖഫ് ബോർഡ് നിയമനങ്ങൾ

287(T* 1802) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം തിടുക്കത്തിൽ ഒരു ഓർഡിനൻസിലൂടെ നടപ്പിലാക്കിയത് എന്തുകൊണ്ടാണ് ;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പ് ഏതെങ്കിലും മുസ്ലീം സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളുമായാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരം തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം എന്നതിനാലും കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ദ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനുമാണ് 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) എന്ന ഓർഡിനൻസ് അടിയന്തരമായി പുറപ്പെടുവിക്കേണ്ടിവന്നത്.

(സി) വഖഫ് ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാന്റെയും മെമ്പർമാരുടെയും സാന്നിദ്ധ്യത്തിൽ 19-7-2016-ൽ കൂടിയ യോഗത്തിലാണ് സംസ്ഥാന വഖഫ് ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തത്വത്തിൽ തീരുമാനമെടുത്തത്. പ്രസ്തുത യോഗത്തിലെ യോഗ നടപടിക്കുറിപ്പ് 5&11 പ്രകാരം പ്രസ്തുത തീരുമാനത്തെ ബോർഡ് ചെയർമാനും അംഗങ്ങളും അംഗീകരിച്ച് സ്വാഗതം ചെയ്ത് ഒപ്പുവെച്ചിട്ടുള്ളതാണ്. (യോഗ നടപടിക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.) *

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹജ്ജ് തീർത്ഥാടകർക്ക് ലഭിച്ചിരുന്ന കേന്ദ്ര സർക്കാർ സബ്സിഡി

288(1803) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകർക്ക് ലഭിച്ചിരുന്ന കേന്ദ്ര സർക്കാർ സബ്സിഡിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ഹജ്ജ് സബ്സിഡി നിർത്തലാക്കിയത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) കേന്ദ്ര സർക്കാരിന് എതിരായ നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളതെങ്കിൽ പ്രസ്തുത നയം സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വർഷങ്ങളായി കേന്ദ്രസർക്കാർ ഹജ്ജ് തീർത്ഥാടകർക്ക് യാത്രാ ചെലവിനത്തിൽ സബ്സിഡി നൽകിവരുന്നുണ്ട്. 2017-ലെ ഹജ്ജിൽ ഒരു ഹാജിക്ക് 10750 രൂപയാണ് യാത്രാ നിരക്കിൽ ഇളവ് നൽകിയത്. ആയതിൽ തന്നെ കേന്ദ്ര ഹജ്ജ് കമ്മിറ്റി മുഖേന ആദ്യതവണ പോകുന്ന ഹാജിമാർ നടത്തുന്ന യാത്രയ്ക്കു മാത്രമാണ് ഈ ഇളവു ലഭിക്കുന്നത്.

(ബി) ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാനത്ത് ഹജ്ജ് കമ്മിറ്റി ഒരുക്കി നൽകുന്നത് സർക്കാരിന്റെ പൂർണ്ണ സഹായത്തോടെയാണ്. ക്യാമ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് വ്യത്യസ്ത വകുപ്പുകളുമായി ഏകോപനം നടത്തുന്നതും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതും ഹാജിമാരെ സഹായിക്കുന്നതിനുള്ള വോളണ്ടിയേഴ്സിനുള്ള (സൗദി) ചെലവിന്റെ പകുതി വഹിക്കുന്നതും കേരള സർക്കാരാണ്. മാത്രവുമല്ല ഹജ്ജ് കമ്മിറ്റി ഓഫീസിന്റെ ദൈനംദിന ചെലവുകൾക്കായി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുകയും ചെയ്യുന്നു.

(സി) ഹജ്ജ് സബ്സിഡി നിർത്തലാക്കിയത് സംബന്ധിച്ച് സർക്കാരിന് ഔദ്യോഗികമായ അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## കേന്ദ്ര ഹജ്ജ് കമ്മിറ്റി

289(1804) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽനിന്നും കരിപ്പൂരിലേക്ക് മാറ്റാൻ സർക്കാർ തലത്തിൽ നടത്തിവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ എം.പി.-യാണ് കേരളമുൾപ്പടെയുള്ള സൗത്ത് സോണിൽ നിന്നുള്ള കേന്ദ്ര ഹജ്ജ് കമ്മിറ്റി പ്രതിനിധി.

(ബി) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോകുന്ന ഹാജിമാരിൽ ബഹുഭൂരിപക്ഷംപേരും സംസ്ഥാനത്തിന്റെ വടക്കുഭാഗത്തു നിന്നുള്ളവരായതിനാൽ കോഴിക്കോട്, കരിപ്പൂർ വിമാനത്താവളമാണ് 2014 വരെ കേരളത്തിനും മാഹി, ലക്ഷദ്വീപിനും കൂടി ഹജ്ജിനുള്ള എമ്പാർക്കേഷൻ പോയിന്റായി ഉപയോഗിച്ചിരുന്നത്. എന്നാൽ 2015-ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയക്രമമേർപ്പെടുത്തുകയും ചെയ്തു. ഇതേ തുടർന്ന് 2015, 2016, 2017 വർഷങ്ങളിലെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റുകയാണുണ്ടായത്. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ലാന്റ് ചെയ്യുന്നതിന് നിയമം നിഷ്കർഷിക്കുന്ന സൗകര്യം നിലവിൽ ഇല്ലെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. ഈ വർഷം തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തിവരികയാണ്. എന്നാൽ റീ കാർപ്പറ്റിംഗ് (അറ്റകുറ്റപ്പണി) പൂർത്തിയായെങ്കിലും റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കില്ല എന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളിൽനിന്ന് കിട്ടിയ വിവരം. 2017-ൽ നെടുമ്പാശ്ശേരിയിൽ സർവ്വീസ് നടത്തിയ 300 പേർക്ക് സഞ്ചരിക്കാവുന്ന ഫ്ലൈറ്റെങ്കിലും സർവ്വീസ് നടത്താൻ അനുവദിച്ച് 2018-ലെ ഹജ്ജ് യാത്ര കരിപ്പൂരിൽ തന്നെ നിലനിർത്തുന്നതിനുള്ള ശ്രമം തുടർന്നുവരികയാണ്.

എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരോട് സംസ്ഥാന ഹജ്ജ് വകുപ്പുമന്ത്രിയും, ഹജ്ജ് കമ്മിറ്റി ചെയർമാനും നേരിട്ട് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാനും നേരിട്ട് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക് സഭാ എം.പി. മാരുടെ പിന്തുണകൂടി ഇക്കാര്യത്തിൽ നേടിയെടുത്ത് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഹജ്ജ് കമ്മിറ്റി ഇക്കാര്യത്തിൽ ഫയൽ ചെയ്ത കേസ് നടന്നുകൊണ്ടിരിക്കുകയാണ്.

**വിഴിഞ്ഞം പദ്ധതി**

290(1805) ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി പാക്കേജുമായി ബന്ധപ്പെട്ട് വിഴിഞ്ഞം ഇടവകയുടെ നേതൃത്വത്തിൽ നടത്തിയ സമരം ഒത്തുതീർപ്പാക്കുവാൻ ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നേരത്തെ നടന്ന ചർച്ചകളിൽ ധാരണ ഉണ്ടായതനുസരിച്ച് നഷ്ട പരിഹാരത്തുക വിതരണം ചെയ്യാമെന്ന് അദാനി ഗ്രൂപ്പ് സമ്മതിച്ചിരുന്നോ;

(സി) പ്രസ്തുത പാക്കേജിലെ ഏതൊക്കെ വ്യവസ്ഥകളാണ് ഇതിനകം നടപ്പിലാക്കിയത്; ശേഷിക്കുന്നവ എന്തൊക്കെയാണ്;

(ഡി) വിഴിഞ്ഞം പദ്ധതി പ്രദേശത്ത് ഉണ്ടാകുന്ന സമരങ്ങൾ, പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം സൃഷ്ടിക്കുമെന്നതിനാൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം ഇടവകയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നവയാണ് :

I. പദ്ധതി പ്രദേശത്തിന് സമീപത്തുള്ള കെട്ടിടങ്ങൾക്ക് പൈലിംഗ് ജോലി മൂലം ഉണ്ടായി എന്ന് ആരോപിക്കപ്പെടുന്ന വിള്ളലുകൾ പരിശോധിച്ച് യഥാർത്ഥ കാരണം കണ്ടെത്താൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, തദ്ദേശവാസികൾ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുക.

II. കോട്ടപ്പുറം ഭാഗത്തെ ബാധിക്കപ്പെട്ട കരമടി തൊഴിലാളികളെ താൽക്കാലികമായി ബാധിക്കപ്പെട്ടവരുടെ ഗണത്തിൽനിന്നും സ്ഥിരമായി ബാധിക്കുന്നവരുടെ ഗണത്തിൽപ്പെടുത്തി 5.60 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാൻ എടുത്ത തീരുമാനം പെട്ടെന്ന് നടപ്പിൽ വരുത്തി നഷ്ടപരിഹാരം നൽകുക.

III. കോട്ടപ്പുറം ഭാഗത്തെ ഒഴിവാക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് പുനരന്വേഷണം നടത്തി അർഹരായവർക്ക് നഷ്ടപരിഹാരം നൽകുക.

IV. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് നിന്നും പുറപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിൻ ബോട്ടുകൾക്ക് നൽകാമെന്ന് തീരുമാനിച്ച സൗജന്യ മണ്ണെണ്ണയുടെ വിതരണം കാലവിളംബം കൂടാതെ നൽകുക.

V. മേൽപ്പറഞ്ഞവ നടപ്പിലാക്കി തുടങ്ങുന്നതോടൊപ്പം ഇപ്പോൾ കോട്ടപ്പുറം ഭാഗത്തെ തീരങ്ങളിൽ ഇരിക്കുന്ന വള്ളങ്ങൾ മാറ്റിവയ്ക്കുക.

(ബി) പദ്ധതി പ്രദേശത്തിനടുത്തുള്ള കെട്ടിടങ്ങൾക്കുള്ള വിള്ളലുകൾ പൈലിംഗ് ജോലി മൂലമാണെന്ന് വിദഗ്ദ്ധസമിതി കണ്ടെത്തുകയാണെങ്കിൽ ടി അറ്റകുറ്റപ്പണികൾ നടത്താമെന്ന് അദാനി കമ്പനി ഉറപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത വിള്ളലുകൾ പൈലിംഗ് ജോലി മൂലമല്ല ഉണ്ടായതെന്നാണ് വിദഗ്ദ്ധ സമിതി കണ്ടെത്തിയത്. എന്നിരുന്നാലും വിദഗ്ദ്ധ സമിതി നിർദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുക്കാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്.

(സി) കരമടിതൊഴിലാളികൾക്കുള്ള വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകഴിഞ്ഞു. നഷ്ടപരിഹാരപ്പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവരെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിന് മത്സ്യബന്ധന വകുപ്പിന്റെ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. സൗജന്യ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 1734 ഔട്ട് ബോർഡ് എഞ്ചിൻ ഉടമസ്ഥരുടെ പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണം കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി (ചെയർമാൻ), മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ., വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി (കൺവീനർ), അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & തുറമുഖ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ് ഡിപ്പാർട്ട്മെന്റ്), സെക്രട്ടറി (ട്രാൻസ്പോർട്ട്), സെക്രട്ടറി (ഇൻഡസ്ട്രീസ്), തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ ഉൾപ്പെട്ട ഒരു ഏഴംഗ Projcet implementation committee പ്രവർത്തിപ്പിച്ചുവരുന്നുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

291(1806) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചില പ്രാദേശിക തർക്കങ്ങളിൽപ്പെട്ട് പലപ്പോഴും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേവലം നിയമസമാധാന പ്രശ്നമായി വിഴിഞ്ഞത്തെ തർക്കങ്ങൾ കൈകാര്യം ചെയ്യാതെ അവിടുത്തെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ആലോചിക്കുമോ;

(സി) നിർമ്മാണം ആരംഭിച്ച് 1000 ദിവസം കഴിയുമ്പോൾ വിഴിഞ്ഞം തുറമുഖത്ത് ചരക്കുകപ്പൽ അടുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തൊഴിലും ജീവനോപാധിയും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസത്തിനായി റവന്യൂ ഡിവിഷണൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഉപജീവനാഘാത സമിതി (LIAC)യും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പുനരധിവാസവുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലേബർ ഓഫീസറുടെ കീഴിൽ ഒരു ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 1460 ദിവസങ്ങൾക്കകം പൂർത്തീകരിക്കുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈയിടെയുണ്ടായ 'ഓഖി' ചുഴലിക്കാറ്റ്, പാറയുടെ ദൗർലഭ്യം എന്നിവ പ്രോജക്ട് നടപ്പിലാക്കുന്നതിനെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറനുസരിച്ചുള്ള കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

292(1807) ശ്രീ. എം. വിൻസെന്റ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരി ജില്ലയിലെ ഇനയത്ത് നടപ്പിലാക്കാനിരുന്ന തുറമുഖ പദ്ധതി കന്യാകുമാരിക്ക് സമീപമുള്ള കീഴ്മണക്കുടി ദേശത്തേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വിഴിഞ്ഞം തുറമുഖ പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. നേരത്തെ തുറമുഖം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് കുളച്ചലിലാണ്. പിന്നീട് ഇനയത്ത് നടപ്പിലാക്കാനായിരുന്നു തീരുമാനം. ഇപ്പോൾ ഇത് വീണ്ടും തെക്കോട്ടുമാറി കന്യാകുമാരിക്ക് സമീപമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. മറ്റ് വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. ടി പ്രോജക്ട് വിഴിഞ്ഞം തുറമുഖത്തെ ബാധിക്കാനിടയുണ്ടെന്ന ആശങ്ക സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖം

293(1808) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പണികൾ സർക്കാർ ദൈനംദിനം വിലയിരുത്താറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തുറമുഖ നിർമ്മാണത്തിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) വിഴിഞ്ഞം തുറമുഖത്തിനായി മാറ്റിപാർപ്പിച്ച ജനങ്ങൾക്ക് എത്ര കോടി രൂപ നാളിതുവരെ കൊടുത്തിട്ടുണ്ട്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബാക്കി തുക കൊടുത്തു തീർക്കാനുണ്ടോ; എത്ര കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിഴിഞ്ഞത്ത് എത്ര തരം തുറമുഖ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ; എത്ര ഉദ്യോഗസ്ഥർ ഇവിടെ പണിയെടുക്കുന്നു; എന്ന് മുതലാണ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതിയുടെ ദൈനംദിന വിലയിരുത്തലിനുവേണ്ടി കരാർ പ്രകാരം STUP Consultants എന്ന "Independent Engineer" നെ നിയോഗിച്ചിട്ടുണ്ട്. Independent Engineer മാസംതോറും സർക്കാരിന് സമർപ്പിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പദ്ധതി വിലയിരുത്തിവരുന്നു.

തുറമുഖത്തിന്റെ ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ 565 മീറ്ററിന്റെ കോർ നിർമ്മാണം പൂർത്തിയായി. 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബർത്തിന് വേണ്ടിയുള്ള 60 പൈലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. കണ്ടെയ്നർ യാർഡ്, അനുബന്ധ കെട്ടിടങ്ങൾ, പോർട്ടിലേയ്ക്കുള്ള 2.1 കി.മീ. അപ്രോച്ച് റോഡ്, 14 കി.മീ. നീളം വരുന്ന ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഓഖി ചുഴലിക്കാറ്റ്, പാറ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, മറ്റ് പ്രശ്നങ്ങൾ എന്നിവ ചില തടസ്സങ്ങൾ സൃഷ്ടിച്ചെങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തുറമുഖ നിർമ്മാണത്തിനുള്ള ഭൂമി സർക്കാർ ഏറ്റെടുത്തു നൽകേണ്ടതാണ്. ഇതുകൂടാതെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 267 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. 25-10-2017 വരെ ടി പ്രോജക്ടിനുവേണ്ടി 1199.54 കോടി രൂപ നിർമ്മാണ കമ്പനി ചെലവഴിച്ചിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്തതുവഴി വീടുകൾ നഷ്ടപ്പെട്ട 88 പേർക്ക് ഭൂമിയുടെ വിലയും കെട്ടിടത്തിന്റെ വിലയും കൂടാതെ 5 സെന്റ് സ്ഥലം വീതം സൗജന്യമായി കൊടുത്തിട്ടുണ്ട്. ഇവർക്ക് 6 മാസത്തെ വാടകയും കഷ്ടത അലവൻസുമായി 32,04,000 (മുപ്പത്തി രണ്ട് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്കാർക്കും ബാക്കി തുക കൊടുത്ത് തീർക്കാനില്ല.

(ഇ) വിഴിഞ്ഞം പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തഹസിൽദാരുടെ കീഴിൽ 18 പേർ ഉൾപ്പെടുന്ന സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റ് 2009 ഡിസംബർ മുതൽ പ്രവർത്തിച്ചുവരുന്നു.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ

294(1809) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) മാസ്റ്റർ പ്ലാനിൽ വരുന്ന ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരാതികൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുമായി ചർച്ചചെയ്യുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേരാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കുമോ;

(ഡി) കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ വെയർഹൗസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ഇ) സർക്കാരിന്റെ മെല്ലെപ്പോക്ക് നടപടികളിൽ അദാനി ഗ്രൂപ്പിനുള്ള അതൃപ്തി തുറമുഖ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) 2010 മുതൽ 2013 വരെ നെഗോഷ്യബിൾ പർച്ചേസ് എൽ.എ.ആക്ട് എന്നിവയിലൂടെ 84.9529 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും വിഴിഞ്ഞം തുറമുഖ കമ്പനി അധികാരികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കേണ്ട 10.7540 ഹെക്ടർ ഭൂമിയിൽ 5.0651 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്. ഇനി 5.1489 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്.

(ബി) അദാനി കമ്പനിയുമായി സർക്കാർ ഒപ്പുവച്ചിട്ടുള്ള കൺസ്ട്രക്ഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ പ്രകാരം ഉപയോഗിക്കേണ്ട ഭൂമിയുടെ 91.94% കൈമാറി കഴിഞ്ഞു. ശേഷിക്കുന്ന അഡീഷണൽ ബാക്ക് അപ്പ് ഏരിയ, അഡീഷണൽ റോഡ് കണക്ടിവിറ്റി, വെയർ ഹൗസ്, സീഫുഡ് പാർക്ക് എന്നിവയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

(സി) ഉണ്ട്.

(ഡി) വെയർഹൗസ് നിർമ്മാണത്തിനായി കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കോട്ടുകാൽ വില്ലേജിലെ 3.3803 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുള്ളതിൽ 2.6889 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 0.6934 ഹെക്ടർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) സർക്കാരിന്റെ നടപടികളിൽ യാതൊരുവിധ അതൃപ്തിയും അദാനി ഗ്രൂപ്പ് അറിയിച്ചിട്ടില്ല.

## തലശ്ശേരി മാരിടൈം മ്യൂസിയം

295(1810) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ മാരിടൈം മ്യൂസിയം സ്ഥാപിക്കുന്നതിന് 5-11-2013-ലെ ജി.ഒ. (ആർ. ടി.) നമ്പർ 928/2013/എഫ്&പി.ഡി. പ്രകാരം ഭരണാനുമതി ലഭിച്ചുവെങ്കിലും മാരിടൈം മ്യൂസിയം സ്ഥാപിക്കുന്ന പ്രവൃത്തി നാളിതുവരെ തുടങ്ങിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തലശ്ശേരിയിൽ മാരിടൈം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## തുറമുഖങ്ങളിലെ മണൽ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദ്ദേശം

296(1811) ശ്രീ. പി. കെ. ബഷീർ :

ശ്രീ. അബ്ദുൽ ഹമീദ്. പി. :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എതെല്ലാം തുറമുഖങ്ങളിൽനിന്നും ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതുമൂലം പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പൊന്നാനിയിലും അഴീക്കലും പൊന്നാനിയിൽ പി.പി.പി. മോഡലിൽ ഒരു മണൽ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് M/s. Rajadhani Minerals-നെ ഏൽപ്പിച്ചിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ യോഗ്യരായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(ഡി) വിവിധ ഇനങ്ങളിലായി പ്രതിവർഷം 250 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

## കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കാൻ നടപടി

297(1812) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമായി കണ്ട് പരിപാലിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടി പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നു.

## മൃഗശാല-മ്യൂസിയം വകുപ്പിൽ വനിതാ ഗാർഡൻ സൂപ്പർവൈസറെ നിയമിക്കുന്നതിനുള്ള നടപടി

298(1813) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം-മൃഗശാല വകുപ്പിൽ ഗാർഡനർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(ബി) സ്പെഷ്യൽ റൂളിൽ തടസ്സമൊന്നുമില്ലാതിരുന്നിട്ടും ഗാർഡനർമാരായി നിയമനം നടത്തുന്നതിന് വനിതകളെ 2012 വരെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(സി) 2012 മുതൽ വനിതകളെ ഗാർഡനർമാരായി നിയമിച്ചുവരുന്നതിനാൽ പുരുഷന്മാരും വനിതകളും തമ്മിൽ ഈ തസ്തികയിൽ ഒരു അനുപാതം നിശ്ചയിച്ച് തീരുമാനിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഹൈദരാബാദ് നെഹ്റു സുവോളജിക്കൽ പാർക്കിൽ വനിതാ ഗാർഡനർമാരെ സൂപ്പർവൈസർമാരായി നിയമിച്ചുവരുന്നതുപോലെ കേരളത്തിലെ മൃഗശാല-മ്യൂസിയം വകുപ്പിലും വനിതാ സൂപ്പർവൈസറെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) ഗാർഡൻ സൂപ്പർവൈസർമാരുടെ നിലവിലുള്ള തസ്തികയിൽ ഒരെണ്ണം വനിതാ സൂപ്പർവൈസറുടെ തസ്തികയാക്കി മാറ്റുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾ പ്രകാരമാണ് മ്യൂസിയം മൃഗശാല വകുപ്പിൽ ഗാർഡനർ തസ്തികയിൽ നിയമനം നടത്തുന്നത്.

(ബി & സി) ഗാർഡനറുടെ ജോലി സ്വഭാവമനുസരിച്ച് വനിതകളെ നിയമിക്കുന്നത് അനുയോജ്യകരമായിരിക്കുകയില്ല എന്നുള്ളതുകൊണ്ടാണ് 2012 വരെ വനിതകളെ ഗാർഡനർമാരായി നിയമനം നടത്തുന്നതിന് പരിഗണിക്കാതിരുന്നത്. നിലവിലെ സ്പെഷ്യൽ റൂളിൽ ഗാർഡനർ തസ്തികയിലെ പുരുഷൻമാർക്കും വനിതകൾക്കും പ്രത്യേക നിയമം അനുശാസിക്കുന്നില്ല. ആയതിനാൽ അനുപാതം നിശ്ചയിക്കാൻ സാധിക്കുകയില്ല.

(ഡി) ഗാർഡൻ സൂപ്പർവൈസർ തസ്തിക മ്യൂസിയം മൃഗശാല വകുപ്പിലെ സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ട തസ്തികയാണ്. അതിൻ പ്രകാരമുള്ള നിയമന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) നിലവിലുള്ള നിയമ പ്രകാരം ഗാർഡനർ എന്നോ വനിതാ ഗാർഡനർ എന്നോ കാറ്റഗറി വ്യത്യാസമില്ലാതെ പൊതുവായിട്ടുള്ള പ്രൊമോഷൻ തസ്തികയാണ് ഗാർഡനർ സൂപ്പർവൈസർ തസ്തിക. നിലവിലുള്ള രണ്ട് ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ ഒരെണ്ണം വനിതാ സൂപ്പർവൈസർ തസ്തികയാക്കിയാൽ ഏറ്റവും സീനിയറായിട്ടുള്ള ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നതാണ്.

## മ്യൂസിയം-പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റൻഡർമാരുടെ ഒഴിവുകൾ

299(1814) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം-പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റൻഡർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഗ്യാലറി അറ്റൻഡർമാരുടെ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ ഉണ്ടോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റൻഡർമാരുടെ 2 ഒഴിവുകളും മ്യൂസിയം മൃഗശാലാ വകുപ്പിൽ 1 ഒഴിവും ഉണ്ട്.

(ബി) കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് ഗ്യാലറി അറ്റൻഡറുടെ ഒഴിവുകളിൽ നിയമനം നടത്തുന്നത്.

(സി) നിലവിൽ പുരാവസ്തു വകുപ്പിൽ ഗ്യാലറി അറ്റൻഡന്റ് തസ്തിക ഒഴിവിൽ തസ്തികമാറ്റം വഴിയുള്ള അപേക്ഷ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ പൗരാണികത**

300(1815) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള ആലുവ മണ്ഡലത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ പൗരാണികത നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നതും അനധികൃത നിർമ്മാണം നടത്തുന്നതുമായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ പോലീസ് നടപടികൾക്കായി ആർക്കിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പരാതിയിൽ എന്തെല്ലാം നടപടികളാണ് വകുപ്പ് ഡയറക്ടർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർക്ക് നൽകാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിച്ച് നിലനിർത്തേണ്ട ആവശ്യകത വ്യക്തമാക്കി പുരാവസ്തു വകുപ്പ് ഡയറക്ടർ എറണാകുളം ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകുകകയും, അനധികൃത നിർമ്മാണം സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയം ഡോക്കുമെന്റേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശനഷ്ടം**

301(1816) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. കെ. എം. ഷാജി :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പഴമ നഷ്ടപ്പെടാതെ, ഈ ചരിത്ര സ്മാരകത്തിന് സംഭവിച്ച കേടുപാടുകൾ പരിഹരിച്ച് നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. ടി കൊട്ടാരത്തിന്റെ മേൽക്കൂരയുടെ പല ഭാഗങ്ങളിലെയും ഓടുകൾ ഇളകിപ്പോകുകയും, അതുമൂലം മഴവെള്ളം ഉള്ളിൽ കടക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രധാന കവാടം, ക്ഷേത്ര പരിസരം എന്നിവിടങ്ങളിലും മരങ്ങൾ ഒടിഞ്ഞുവീണ് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു.

(ബി) പത്മനാഭപുരം കൊട്ടാരത്തിന് സംഭവിച്ച കേടുപാടുകളിന്മേൽ പഴമ നഷ്ടപ്പെടാതെ തന്നെ അടിയന്തര അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സന്ദർശകർക്കായി തുറന്ന് കൊടുത്തിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ പൈതൃക സംരക്ഷണം

302(1817) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് 24-1-2017-ൽ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരി, കാട്ടുകുറ്റി സെന്റ് ഫ്രാൻസിസ് ചർച്ച് എന്നിവയുടെ അവശിഷ്ട സംരക്ഷണം, പൈതൃക സംരക്ഷണം എന്നിവയ്ക്കായി ആവശ്യപ്പെട്ടിരുന്നതുപ്രകാരമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊല്ലം, തങ്കശ്ശേരി പോർച്ചുഗീസ് സെമിത്തേരി സംരക്ഷണം സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ട്രാംവെ റെയിൽ പൈതൃക മ്യൂസിയം

303(1818) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാംവെ റെയിൽ പൈതൃക മ്യൂസിയം ചാലക്കുടിയിൽ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ വനം വകുപ്പധികാരികളിൽനിന്നും ലഭ്യമാക്കാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ

304(1819) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പ്, തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്ഥാപനങ്ങളെയാണ് സംരക്ഷിച്ച് പരിപാലിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിനായി നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങൾ പരിപാലിക്കുന്നതിനായി 1,85,00,000 (ഒരു കോടി എൺപത്തിയഞ്ച് ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 a.m.]

## II അടിയന്തരപ്രമേയം

### ധനപ്രതിസന്ധി

മി. സ്പീക്കർ: ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും കൊണ്ട് സംസ്ഥാനത്തുണ്ടായിരിക്കുന്ന വികസന സ്തംഭനവും സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിലുണ്ടായിരിക്കുന്ന പാളിച്ചകളുംമൂലം ഉളവായ ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്ത് നിലവിൽ ഒരു വികസന സ്തംഭനവുമില്ല. നവംബർ മാസം വരെയുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമാണ്. അത് പരിശോധിക്കുമ്പോൾ പ്ലാൻ എക്സ്പെൻഡിച്ചർ കഴിഞ്ഞ വർഷം 8914 ആയിരുന്നുവെങ്കിൽ ഈ വർഷം 10872 ആണ്. കഴിഞ്ഞ വർഷം 30 ശതമാനമായിരുന്നുവെങ്കിൽ ഈ വർഷം പ്ലാൻ ഫണ്ടിന്റെ 39 ശതമാനം ചെലവഴിച്ചുകഴിഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് നവംബർ മാസം വരെയുള്ള കാലയളവിൽ പ്ലാൻ എക്സ്പെൻഡിച്ചർ 22 ശതമാനവും പദ്ധതിയേതരം 21 ശതമാനവുമാണ് വർദ്ധിച്ചിട്ടുള്ളത്. അതുകൊണ്ട് വികസന സ്തംഭനം ഉണ്ടെന്ന് പറയാൻ കഴിയുമോ? പ്രശ്നം വന്നത്, ചെലവിന് അനുസൃതമായി വരുമാനം വർദ്ധിച്ചില്ല. ചെലവ് 22 ശതമാനം വർദ്ധിച്ചപ്പോൾ വരുമാനം ശരാശരി വർദ്ധിച്ചത് 7.6 ശതമാനമാണ്. നമ്മുടെ നികുതിയാണെങ്കിൽ 5.2 ശതമാനമാണ്, കേന്ദ്രസർക്കാരിൽനിന്നുള്ള ധനസഹായം 8 ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. വരവുംചെലവും തമ്മിലുള്ള വിടവ് വർദ്ധിച്ചപ്പോൾ വെയ്സ് ആന്റ് മീൻസ് പ്രശ്നങ്ങളും വന്നു. സാധാരണഗതിയിൽ ഇതിനെ മറികടക്കാൻ താൽക്കാലികമായിട്ട് ട്രഷറിയിൽ നിക്ഷേപിക്കുകയാണ് നമ്മൾ ചെയ്യുക. വായ്പയെടുക്കുന്നതിന് കഴിയാത്ത ഒരു സാഹചര്യം വന്നുചേർന്നു. കേന്ദ്രസർക്കാർ ട്രഷറി വഴിയുള്ള ഡെപ്പോസിറ്റുകൾ-അത് ആളുകൾ ഡെപ്പോസിറ്റ് ചെയ്യുന്നതാകാം, ഡിപ്പാർട്ടുമെന്റുകൾ ഡെപ്പോസിറ്റ് ചെയ്യുന്നതാകാം ക്രമാതീതമായി ഉയർന്നുവെന്ന് പറഞ്ഞ് വായ്പയെടുക്കുന്നതിന്മേൽ നിയന്ത്രണമേർപ്പെടുത്തി. അതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമാസക്കാലമായി ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷം ഉളവായത്. എന്നാൽ ഇപ്പോൾ കേന്ദ്രസർക്കാരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ട്, വായ്പയെടുക്കുന്നതിനുള്ള അവകാശം പുനഃസ്ഥാപിച്ചതോടുകൂടി കാര്യങ്ങൾ സാധാരണ നിലയിലായിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകളുടെ അഞ്ചുകോടി രൂപ വരെയുള്ള ഓരോ

പുതിയ ചെലവിനും വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് വേണ്ട, ഓട്ടോമാറ്റിക്കായി കിട്ടും. ഇപ്പോൾ അക്കൗണ്ടിലുള്ള ടി.എസ്.പി. പണത്തിന് ഒരു ദിവസം 25 ലക്ഷം രൂപയുടെ സീലിംഗ് മാത്രമേ വച്ചിട്ടുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിന് ഒരുവിധത്തിലുള്ള നിയന്ത്രണങ്ങളുമില്ല. സമീപ ദിവസങ്ങളിൽ ട്രഷറിയിൽ വന്ന 189 കോടി രൂപയുടെ ബിൽ ഒഴികെ ബാക്കി എല്ലാ ബില്ലുകളും ക്ലിയർ ചെയ്യുകയാണ്. 189 കോടി രൂപ രണ്ട് ദിവസത്തിനുള്ളിൽ വന്നതാണ്, ട്രഷറിയിൽ പ്രോസസ്സ് ചെയ്യേണ്ട താമസം മാത്രമേയുള്ളൂ. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്, ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ ഇഷ്ടംപോലെ സമയവും സന്ദർഭവുമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഡ്ജറ്റിന് മുൻപുതന്നെ വളരെ ഗൗരവമായി സഭ ചർച്ച ചെയ്യപ്പെടേണ്ട വിഷയമെന്നുള്ള നിലയിലാണ് റൂൾ 50 അനുസരിച്ച് ഇതിന് നോട്ടീസ് കൊടുത്തിരിക്കുന്നത്. സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ധനപ്രതിസന്ധിയും അതിനെത്തുടർന്ന് കഴിഞ്ഞ മൂന്നുമാസക്കാലമായി തുടർച്ചയായുണ്ടായ ട്രഷറി സ്തംഭനവുംമൂലം സംസ്ഥാനത്തെ എല്ലാ വികസന പ്രവർത്തനങ്ങളുടേയും താളംതെറ്റിയിരിക്കുകയാണ്. ഈ മൂന്ന് മാസക്കാലം 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ ബില്ലുകൾക്കും, വെയ്സ് ആന്റ് മീൻസിന്റെ ക്ലിയറൻസ് വേണമായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ ട്രഷറി നിയന്ത്രണം ബാധകമാക്കി. ഇവിടെ നേരത്തെ ചോദ്യോത്തര വേളയിൽ സൂചിപ്പിച്ചതുപോലെ ഡിസംബർ മാസത്തിലോ ജനുവരി മാസത്തിലോ അല്ല പദ്ധതികൾ പാസ്സായിവരുന്നത്. പദ്ധതികൾ നേരത്തെ പാസ്സാക്കുകയാണ്. അതുകൊണ്ടാണ് സർക്കാർ നിർദ്ദേശം കൊടുത്തിരുന്നത്, ഡിസംബർ മാസത്തിനുമുമ്പ് 70 ശതമാനവും ഫെബ്രുവരി 28-ന് മുമ്പ് 85 ശതമാനവും പൂർത്തിയാക്കണമെന്ന്. ഇപ്പോൾ 43 ശതമാനം പൂർത്തിയായി എന്നുപറയുന്നു. യഥാർത്ഥത്തിൽ കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ വർക്കിന്റെ പണം സർക്കാർ പിൻവലിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർക്കിന്റെ ബില്ല് ഏത് ഫണ്ടിൽ നിന്നാണ് കൊടുത്തത്? ഈ ബഡ്ജറ്റിൽ നിന്നാണ് കൊടുത്തത്, ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നാണ് കൊടുത്തത്. കാരണം അതിന്റെ പണം തിരികെ സർക്കാർ തന്നിട്ടില്ല. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് കൊടുത്തതുകൊണ്ടാണ് 43 ശതമാനം എക്സ്പെൻഡിച്ചർ കാണിക്കുന്നത്. ഇല്ലെങ്കിൽ ശ്രീ. അനിൽ അക്കര ഇവിടെ സൂചിപ്പിച്ചതുപോലെ 20 ശതമാനം മാത്രമായി ചുരുങ്ങുമായിരുന്നു. മൂന്ന് മാസത്തെ ട്രഷറി സ്തംഭനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ താറുമാറാക്കിയിരിക്കുകയാണ്.

കോൺട്രാക്ടർമാരുടെ ബില്ലുകൾ ഒന്നും പാസ്സാകുന്നില്ല. ജി.എസ്.ടി. വന്നതുമൂലം ആകെ കൺഫ്യൂഷനായിരുന്നു കഴിഞ്ഞ വർഷം മുഴുവൻ. എന്താണ് ജി.എസ്.ടി.? ജി.എസ്.ടി.-യെക്കുറിച്ചുള്ള അനശ്ചിതത്വം കാരണം ആരും വർക്കുകൾ എടുക്കാതിരിക്കുന്ന സാഹചര്യത്തിലാണ് ബില്ലുകൾക്കുടി പാസ്സാക്കാതെ പോയത്. ആരും വർക്ക് എടുക്കാതെയായി, വർക്ക് എടുത്തവർക്ക് പണം കിട്ടുമോ എന്ന സംശയത്തിൽ പലരും വർക്ക് എടുക്കുന്നില്ല. ഒരുകാലത്തും ഇല്ലാത്ത രീതിയിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനത്തെ ഗൗരവതരമായി ട്രഷറി സ്തംഭനം ബാധിച്ചിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട മന്ത്രി മറച്ചുവയ്ക്കുന്നത് ശരിയല്ല. ഇതെല്ലാം യാഥാർത്ഥ്യമാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ നിയോജക മണ്ഡലങ്ങളിലെയും വർക്കുകൾക്ക് ഒരുകാലത്തും കോൺട്രാക്ടർമാരെ വിളിക്കേണ്ടി വന്നിട്ടില്ല, ഇപ്പോൾ എം.എൽ.എ.-മാരുടെ പ്രധാന ജോലി കോൺട്രാക്ടർമാരെ വിളിക്കുകയെന്നതാണ്. വന്ന് ജോലി ചെയ്യൂ, ജോലി ചെയ്യൂ എന്നുപറയേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങൾ പോയി. അങ്കണവാടികളിലെ കുട്ടികളുടെ ഭക്ഷണത്തിന്റെ ബില്ലുപോലും മാറാത്ത സ്ഥിതി മൂന്നുമാസമായി ഉണ്ടായി, എന്നിട്ട് ട്രഷറി സ്തംഭനത്തെ മന്ത്രി ന്യായീകരിക്കുകയാണ്. പത്തുമാസക്കാലമായി ഒരു പുതിയ സാമൂഹിക പെൻഷനും കൊടുക്കുന്നില്ല. മൂന്ന് ലക്ഷത്തോളം അർഹരായവർക്ക് സാമൂഹിക പെൻഷൻ കിട്ടാത്ത അവസ്ഥയാണ്. എന്നിട്ട് ഫ്ലിംസി ഗ്രൗണ്ട്സ് ആയി, അത് പരിശോധിക്കട്ടേ എന്നാണ് മന്ത്രി പറയുന്നത്. പഴയതിൽ ക്രമക്കേടുകൾ കടന്നിട്ടുണ്ടെങ്കിൽ പുതിയ പെൻഷൻ കൊടുക്കുന്നതിന് എന്താണ് തടസ്സം? പത്തുമാസമായി എൻട്രി കൊടുക്കാതെ സൈറ്റ് ഓഫ് ചെയ്തിരിക്കുകയാണ്. മൂന്നുലക്ഷത്തോളം അർഹരായ വികലാംഗരും വൃദ്ധരും അഗതികളുമായവർക്ക് പെൻഷൻ കിട്ടുന്നില്ല. സാമൂഹ്യക്ഷേമ പെൻഷൻപോലും കൊടുക്കാതെ പത്തുമാസമായി വച്ചിരിക്കുന്നു. അതിനെല്ലാം കാരണം ഈ സാമ്പത്തിക പ്രതിസന്ധിയാണ്. അതിന് വേറെ കൗശലം നിറഞ്ഞ മറുപടികൾ പറയുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി എക്കണോമിസ്റ്റാണ് പക്ഷെ കേരളം കണ്ട ഏറ്റവും കൗശലക്കാരനായ ധനകാര്യമന്ത്രി എന്ന് വിളിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്, യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ടുള്ള കാര്യങ്ങളാണ് പറയുന്നത്. പ്ലാൻ എക്സ്പെൻഡിച്ചറിന്റെ എമൗണ്ട് പറയാം, ഈ വർഷത്തെ പ്ലാനിന്റെ സൈസ് കഴിഞ്ഞ വർഷത്തെ സൈസാണോ? വ്യത്യാസമുണ്ട്, ഈ മാർച്ച് മാസം ആകുമ്പോഴേക്കും പ്ലാൻ എക്സ്പെൻഡിച്ചർ താറുമാറായിരിക്കും. ബില്ല് പാസ്സാകാതെ വന്നാൽ എക്സ്പെൻഡിച്ചർ എങ്ങനെയാണ് നടക്കുക, ഇതിന്റെ കാരണങ്ങളായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എന്താണ്? ഞാൻ അദ്ദേഹത്തിന്റെ ഫെയ്സ് ബുക്കിൽ നിന്നുള്ളത് ക്വാട്ട് ചെയ്യാം. മൂന്ന് കാരണങ്ങൾ

മാറ്റിമാറ്റി പറഞ്ഞു, "മൂന്ന് മാസത്തെ ട്രഷറി സ്തംഭനത്തിന് അടിസ്ഥാനപരമായ കാരണം, വരവുംചെലവും തമ്മിലുള്ള വിടവ് നിയന്ത്രണാതീതമായി വളർന്നതാണ്. ചെലവ് കണക്കാക്കിയതിനെക്കാൾ വേഗത്തിൽ വളർന്നു. വരുമാനമാകട്ടേ, പണ്ടത്തെപ്പോലെ മുരടിച്ചുനിന്നു" ധന പ്രതിസന്ധി വരുന്നത് ചെലവ് കൂടുകയും വരവ് കുറയുകയും ചെയ്യുമ്പോഴാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്; നല്ല കണ്ടുപിടിത്തം. രണ്ടാമത് പറഞ്ഞു, "ജി.എസ്.ടി.-യിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം കുറഞ്ഞതാണ് പ്രതിസന്ധിക്ക് കാരണം" എന്നാൽ ജി.എസ്.ടി.മൂലമുള്ള വരുമാനനഷ്ടം കേന്ദ്രസർക്കാർ പൂർണ്ണമായി നികത്തി എന്ന് വ്യക്തമായപ്പോൾ ആ വാദഗതിയും പൊളിഞ്ഞു. മൂന്നാമത്തെ വാദം, ട്രഷറി സേവിംഗ്സ് അക്കൗണ്ട് പബ്ലിക്ക് അക്കൗണ്ടാണ്, അതിൽ നിക്ഷേപിച്ചിരിക്കുന്ന പണം അനധികൃത വായ്പയായി വ്യാഖ്യാനിച്ച് കേന്ദ്രം കേരളത്തിന് വായ്പാ നിയന്ത്രണം ഏർപ്പെടുത്തി.

ഇതാണ് യഥാർത്ഥ പ്രശ്നമെങ്കിൽ അത് ജനങ്ങളിൽനിന്ന് മറച്ചുവച്ചത് എന്തിനാണ്; മൂന്ന് മാസത്തെ ട്രഷറി സ്തംഭനത്തിന്റെ കാരണം ജനങ്ങളോട് പറയുവാനുള്ള ഉത്തരവാദിത്വം ധനകാര്യ വകുപ്പുമന്ത്രിക്കില്ലേ? ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ പാർക്ക് ചെയ്തിരിക്കുന്ന പണം പബ്ലിക് അക്കൗണ്ട് വായ്പയായി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നു, അതിനാൽ പുതിയതായി ആറായിരം കോടി രൂപ വായ്പയെടുക്കാൻ കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുന്നില്ല, ഇതാണ് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് പച്ചമലയാളത്തിൽ കേരളത്തിലെ ജനങ്ങളോട് പറയാനുള്ള ഉത്തരവാദിത്വം ഈ സർക്കാരിനും ധനകാര്യ വകുപ്പുമന്ത്രിക്കുമുണ്ട്. യാഥാർത്ഥ്യങ്ങളെ മറച്ചുവച്ച് ഒളിച്ചുകളി നടത്തുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു ധവളപത്രം ഇറക്കി, അതിൽ നിങ്ങളുടെ അവകാശവാദം എന്തായിരുന്നു? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നികുതി പിരിവ് ഊർജ്ജിതമല്ലായിരുന്നുവെന്നും, ഞങ്ങൾ അധികാരത്തിലെത്തിയിരിക്കുന്നതിനാൽ നികുതി വർദ്ധനവ് ഇരുപത്തിയഞ്ച് ശതമാനം ഉണ്ടാകുമെന്നും പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും കയ്യടിച്ചു, സ്വാഭാവികമായും ഞാനും അപ്പുറത്തിരിക്കുമ്പോൾ കയ്യടിക്കും. ജി.എസ്.ടി. വന്നത് ഇപ്പോഴല്ലേ; ആദ്യവർഷം ഇരുപത്തിയഞ്ച് ശതമാനം നികുതി വർദ്ധനവ് VAT-ന്റെ കാര്യത്തിൽ ഉണ്ടാകുമെന്ന, നിങ്ങൾ കയ്യടിയോടെ സ്വാഗതം ചെയ്ത, പ്രഖ്യാപനം എവിടെപ്പോയി? സ്വാഭാവിക നികുതി വർദ്ധനവുപോലും ആദ്യവർഷമുണ്ടായില്ല. ജി.എസ്.ടി. വന്നപ്പോൾ ഒന്നുകൂടി കുഴപ്പമായി. ഇവിടെ പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനവും വിലക്കയറ്റവുമുണ്ടായി. ജനങ്ങൾക്ക് ദ്രോഹകരമാണെങ്കിലും ഈ രണ്ട് കാര്യങ്ങൾകൊണ്ടും നികുതി വരവ് ഗണ്യമായി വർദ്ധിക്കും.

ജനങ്ങളെ മോശമായി ബാധിക്കുമെന്ന് പറയുമെങ്കിലും എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരും നികുതി വർദ്ധനവിലുള്ള സന്തോഷംകൊണ്ട് ഉള്ളിൽ ചിരിക്കും. ഇവ രണ്ടുമുണ്ടായിട്ടും നികുതി വളർച്ച കണ്ടില്ല. അടിത്തറയില്ലാത്ത മനോഹരമായ നിർമ്മിതികളുണ്ടാക്കി ധനകാര്യ വകുപ്പുമന്ത്രി ആളുകളെ വിസ്മയിപ്പിക്കും. അടിത്തറയില്ലാത്തതിനാൽ ചീട്ടുകൊട്ടാരം പോലെ അത് തകർന്ന് വീഴുമ്പോൾ, അതിന്റെ പഴി മറ്റുള്ളവരുടെമേൽ ചാരുന്ന പ്രയോഗം ധനകാര്യ വകുപ്പുമന്ത്രിമാർക്ക് ചേർന്നതല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സാധാരണയായി ബഡ്ജറ്റിന്റെ ഫ്രെയിമിൽ നിന്നാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ ഈ വർഷം മേജറായുള്ള ഒരു വികസന പ്രവർത്തനവും ബഡ്ജറ്റിന്റെ ഫ്രെയിമിൽ വന്നിട്ടില്ല, അവയെല്ലാം പോയത് കിഫ്ബിയിലേക്കാണ്. എന്നിട്ടുമെന്താണ് ബഡ്ജറ്റിന് ഇത്രയധികം കൺസ്ട്രെയിൻസ്; എന്താണ് ട്രഷറി സ്തംഭനത്തിന് കാരണം? എല്ലാ ഗവൺമെന്റുകളും ബഡ്ജറ്റിനകത്ത് നിന്നുകൊണ്ട് മേജറായുള്ള വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇരുപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പോയിട്ടുള്ളത് കിഫ്ബിയിലേയ്ക്കാണ്. അപ്പോൾ പ്രഷർ കുറയുകയാണ്, അത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ്, ഔട്ട് ഓഫ് കോൺസ്റ്റിറ്റ്യൂഷനും ഔട്ട് ഓഫ് ബഡ്ജറ്റുമാണ്. ചെലവ് ചെയ്യാതിരുന്നിട്ടും ബഡ്ജറ്റിനകത്ത് ഇത്രമാത്രം സമ്മർദ്ദമുണ്ടായത് എന്തുകൊണ്ടാണ്? കിഫ്ബി വരുത്തിവയ്ക്കുന്ന സാമ്പത്തികഭാരം കൂടിയാകുമ്പോൾ തകർച്ച പൂർണ്ണമാകും. ധനകാര്യ വകുപ്പുമന്ത്രിയുടേത് വളരെ ലളിതമായ ഗണിതമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പി. ജി. വോഡ്ഹൗസ് (P. G. Wodehouse) എന്ന വളരെ പ്രശസ്തനായ ഒരു ഇംഗ്ലീഷ് എഴുത്തുകാരനുണ്ടായിരുന്നു. ഹ്യൂമറിസ്റ്റായ അദ്ദേഹം ഉന്നതനായ സോഷ്യൽ സറ്റയറിസ്റ്റായിരുന്നു. ആ കാലത്തും അദ്ദേഹം മരിച്ചതിന് ശേഷവും ധാരാളം വായിക്കപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു കഥാപാത്രമാണ് ഉക്രിഡ്ജ്. തന്റെ ചിക്കൻ ഫാമിനെക്കുറിച്ച് ഉക്രിഡ്ജ് പറയുന്നൊരു രംഗമുണ്ട്, ഒരു പൈസ പോലും ചെലവില്ലാതെ എങ്ങനെ ഒരു ചിക്കൻ ഫാമുണ്ടാക്കാമെന്ന് അദ്ദേഹം തന്റെ ഭാര്യയോട് പറയുകയാണ്, 'നീ ഒരു കോഴിയെ കടം വാങ്ങു, ആരും ഒരു കോഴിയെ കടം തരും, കോഴി 12 ദിവസം മുട്ടയിട്ടാൽ പന്ത്രണ്ട് മുട്ടയായി. പന്ത്രണ്ട് കോഴിയെ കടം വാങ്ങണം, പന്ത്രണ്ട് കോഴി പന്ത്രണ്ട് ദിവസം മുട്ടയിട്ടാൽ നൂറ്റിനാല്പത്തിനാല് മുട്ടയായി, ഇത് അടവച്ച് വിരിയിക്കണം. അപ്പോൾ നൂറ്റിനാല്പത്തിനാല് കോഴിക്കുഞ്ഞുങ്ങളെ കിട്ടും. ആദ്യം വാങ്ങിച്ച പന്ത്രണ്ട് കോഴികളെ ഒരു താങ്ക്സ് പറഞ്ഞ് അവർക്ക് തിരിച്ചു കൊടുക്കുക, ഒരു മുതൽമുടക്കമില്ലാതെ നമുക്ക് നൂറ്റിനാല്പത്തിനാല് കോഴികളെ

കിട്ടും. ഇവ പന്ത്രണ്ട് മുട്ടവച്ച് വിരിയിച്ചാൽ ആയിരത്തിഎഴുനൂറ്റിഇരുപത്തിയെട്ട് കോഴിക്കുഞ്ഞുങ്ങളായി, അതിനെ വീണ്ടും പന്ത്രണ്ടാക്കിയാൽ ഇരുപതിനായിരത്തി എഴുനൂറ്റിമുപ്പത്തിയാറായി, അതിനെ വീണ്ടും പന്ത്രണ്ടാക്കിയാൽ രണ്ടരലക്ഷം കോഴിക്കുഞ്ഞുങ്ങളായി. കുറച്ചു നാൾ കഴിഞ്ഞാൽ ഒരു കസേരയിൽ വെറുതെയിരുന്ന് ചെക്ക് ഒപ്പിട്ടുകൊടുത്താൽ മതിയാകും. അദ്ദേഹത്തിന്റെ ഭാഷയിൽ ഇങ്ങനെയായിരുന്നു- "No expense, large profit, quick returns, simply sitting on a chair and endorse the cheque", ഇതാണ് ഉക്രിഡ്ജിന്റെ ബിസിനസ്സ് മോഡൽ. ആ മോഡലിനും ധനകാര്യ വകുപ്പുമന്ത്രിയുടെ കിഫ്ബി മോഡലിനും സമാനതകളുണ്ട്. ഉക്രിഡ്ജും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക്കും തമ്മിലുള്ള സമാനതകൾ ഇതാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ട്രഷറി പ്രതിസന്ധികൊണ്ടുള്ള ബുദ്ധിമുട്ട് എല്ലാ മേഖലകളെയും ബാധിച്ചിരിക്കുകയാണ്. ജി.എസ്.ടി. വന്നപ്പോൾ മന്ത്രി എത്ര ആഹ്ളാദവാനായിരുന്നു, എത്ര ജൂബിലന്റ് മൂഡിലായിരുന്നു അദ്ദേഹം. കേന്ദ്ര ഗവൺമെന്റിന്റെ സ്പോക്ക് പേഴ്സണായി യഥാർത്ഥത്തിൽ മന്ത്രി മാറി. സി.പി.ഐ.(എം)-ന്റെ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ആർട്ടിക്കിൾ ദേശാഭിമാനിയിലും പീപ്പിൾസ് ഡെമോക്രസിയിലും വന്നു, അതിന് കടകവിരുദ്ധമായ തീരുമാനമാണ് ഈ സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അരുൺ ജെയ്റ്റ്ലിയെക്കാൾ വലിയ ജി.എസ്.ടി.-യുടെ സ്പോക്ക് പേഴ്സണായി മന്ത്രി മാറി. ഇത് അപകടമാണ്, ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടില്ല, ആവശ്യമായ സോഫ്റ്റ്വെയറില്ല തുടങ്ങിയ ചില മുന്നറിയിപ്പുകളൊക്കെ ഞങ്ങൾ നൽകിയിരുന്നു. ജൂലൈ 1-ാം തീയതി ഇത് പ്രഖ്യാപിക്കുന്നതിന്റെ തലേദിവസം ധനകാര്യ വകുപ്പുസെക്രട്ടറിയോട് ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിനുപോലും ഒന്നുമറിയില്ലായിരുന്നു. അപ്പോഴും ഉറച്ച കോൺഫിഡൻസിലായിരുന്ന വകുപ്പുമന്ത്രി, ഇത് തകർക്കും, പൊളിക്കും, കിടുക്കും എന്നെല്ലാം പറഞ്ഞുകൊണ്ട് ജി.എസ്.ടി.-യെ സ്വാഗതം ചെയ്യുകയായിരുന്നു. എവിടെപ്പോയിനിന്നു, തകർന്ന് തരിപ്പണമായില്ലേ! ആളുകൾ പ്രയാസപ്പെടുകയാണ്. വർഷം ഒന്നുരണ്ട് കഴിഞ്ഞാൽ ജി.എസ്.ടി. കേരളത്തിന് വരുമാനമുണ്ടാക്കിത്തരുമോ ഇല്ലയോ എന്ന കാര്യമല്ല ഇപ്പോൾ ചർച്ച ചെയ്യപ്പെടേണ്ടത്. ആവശ്യമായ മുന്നൊരുക്കമില്ലാതെയാണ് കാര്യങ്ങൾ ചെയ്തത്. അദ്ദേഹം ജി.എസ്.ടി. കൗൺസിലിൽ അംഗമായപ്പോഴേയ്ക്കും എല്ലാ കാര്യങ്ങളിലും തീരുമാനമായിക്കഴിഞ്ഞുവെന്നാണ് ഇപ്പോഴത്തെ വാദം, I had no other option, എന്നാണ് ഇപ്പോൾ പറയുന്നത്. ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ പ്രാതിനിധ്യവും ശബ്ദവുമുണ്ടാകും, അവിടെ കേരളത്തിന് ഒരു 'സേ' ഉണ്ട്, കേരളം

പറയുന്നതിനനുസരിച്ചാണ് ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനങ്ങൾ പോകുന്നത് എന്നെല്ലാമാണ് അങ്ങ് പണ്ട് പറഞ്ഞത്. സഭയിൽ പറഞ്ഞ വാക്കുകൾ ഞാൻ ക്വാട്ട് ചെയ്യുന്നില്ല. എന്നാൽ ഇപ്പോൾ കൗൺസിലിൽ അംഗമായപ്പോഴേക്കും ജി.എസ്.ടി.-യിലെ പരിപാടിയെല്ലാം തീർന്നുപോയി എന്നാണ് ഇത് കുളമായപ്പോൾ പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുകയാണ്. സംസ്ഥാനത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെക്കുറിച്ചും ധനപ്രതിസന്ധിയെക്കുറിച്ചും ഒരു ധവളപത്രമിറക്കാൻ സർക്കാർ തയ്യാറാകുമോ? കഴിഞ്ഞ പ്രാവശ്യത്തെ ഇംപ്ലിമെന്റേഷൻ എത്ര നടന്നുവെന്നത് ബഡ്ജറ്റ് വന്നാൽ നമുക്ക് പരിശോധിക്കാം. കിഫ്ബിയിലെ മേജർ വർക്കുകളൊന്നും തുടങ്ങിയിട്ടില്ല, അത് തുടങ്ങട്ടെ, പക്ഷേ ഈ ധനപ്രതിസന്ധി കേരളത്തിലെ ജനങ്ങളെയും വികസന പ്രവർത്തനങ്ങളെയും ഗൗരവതരമായി ബാധിച്ചിരിക്കുന്നു. അതുകൊണ്ട്, ബഡ്ജറ്റിന് മുമ്പായിത്തന്നെ ഇന്ന് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട വി.ഡി. സതീശന് മൂന്നുമാസം മുമ്പുള്ള കാര്യങ്ങളേ പറയാനുള്ളൂ, ഇന്നത്തെ കാര്യങ്ങളെക്കുറിച്ച് പറയാനില്ല, ഇത് ശ്രദ്ധിക്കേണ്ടതാണ്. അടിയന്തരപ്രമേയം എപ്പോഴും അടിയന്തര സാഹചര്യത്തെക്കുറിച്ചായിരിക്കണം. അദ്ദേഹം മൂന്നുമാസത്തെ ചരിത്രപരമായ വിശകലനത്തിനാണ് ഊന്നൽ കൊടുത്തത്. ബഡ്ജറ്റ് ചർച്ചാവേളയിൽ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യാനും സംവദിക്കാനും സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു ധവളപത്രമിറക്കിയിരുന്നു, അതിൽ പറഞ്ഞ കാര്യങ്ങൾ അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളം ധന പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് അതിൽ പറഞ്ഞിരുന്നു. 2001-ലെ എ. കെ. ആന്റണി സർക്കാരിന്റെ കാലം മുതൽ നടന്നുവരുന്ന ധന ദൃഢീകരണ പ്രവണത (fiscal consolidation) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇല്ലാതാക്കി. ആന്റണി സർക്കാരിന്റെ കാലത്ത് റവന്യൂ ഡെഫിസിറ്റ് 3.4 ശതമാനമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അത് 1.8 ശതമാനമായി കുറച്ചു, എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇത് താഴേക്ക് കൊണ്ടുവന്നില്ലെന്ന് മാത്രമല്ല, 2.3 ശതമാനമായി ഉയർത്തുകയാണുണ്ടായത്. ആന്റണി സർക്കാരിന്റെ കാലത്ത് ഫിസ്കൽ ഡെഫിസിറ്റ് 4.42 ശതമാനമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ 3.04 ശതമാനമാക്കി അനുവദനീയമായ പരിധിയിലെത്തിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അത് 3.5 ശതമാനമാക്കി ഉയർത്തി. ഈ പ്രവണതകൾ ഇങ്ങനെ മുന്നോട്ടുപോകുകയാണെങ്കിൽ നിങ്ങൾ നേരത്തെ പറഞ്ഞ മൂന്ന് കാര്യങ്ങളും സംഭവിക്കുമെന്നാണ് ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നത്.

അതുകൊണ്ട് അടിയന്തരമായി തിരുത്തലുകൾ വേണ്ടതുണ്ട്. അതിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും, ചെലവ് ചുരുക്കാൻ സാധിക്കില്ല. കാരണം, സ്കൂളുകൾ മാത്രമെടുത്താൽത്തന്നെ നിങ്ങളുണ്ടാക്കിയ പുതിയ കോഴ്സുകളും സ്കൂളുകളും കോളേജുകളുമായി വിദ്യാഭ്യാസ മേഖലയിൽ മാത്രം വേണ്ടത് നാലായിരത്തിയഞ്ഞൂറോളം തസ്തികകളാണ്. തസ്തികകളുണ്ടാക്കിയിട്ട് നിങ്ങൾ പോയി. ആർക്കെങ്കിലും ഇനി ഇത് മാറ്റിവയ്ക്കാൻ സാധിക്കുമോ? നമ്മൾ ധവളപത്രത്തിലെടുത്ത നിലപാട്, വരുമാനം ഗണ്യമായി ഉയർത്താൻ സാധിക്കും, ജി.എസ്.ടി. അതിന് സഹായിക്കുമെന്നാണ്. എന്നാൽ ജി.എസ്.ടി. നടപ്പാക്കിയ രീതി തുടക്കത്തിലുള്ള വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ജി.എസ്.ടി. കൗൺസിൽ കഴിഞ്ഞ് പാർലമെന്റിലെ രാത്രി സമ്മേളനം ബഹിഷ്കരിച്ചപ്പോൾ പത്രസമ്മേളനത്തിൽ ഞാൻ പറഞ്ഞത് ദേശവ്യാപകമായി പത്രങ്ങളിൽ വലിയ രീതിയിൽ വന്നതാണ്. 'We are building the bridge while walking on the bridge'-പണി തീർത്തിട്ടില്ല. മുന്നോട്ട് ഓരോ കാലുംവയ്ക്കുകയാണ്, പാലം പണിതുകൊണ്ടിരിക്കുകയാണ്. അതുപോലെയാണ് ജി.എസ്.ടി. എന്നേയുള്ളൂ. അതിപ്പോൾ പൂർണ്ണമായും യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. അങ്ങനെ വരുമാനം വർദ്ധിക്കാത്തതിന്റെ ഫലമായി ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലുള്ള ഒരു പ്രതിസന്ധിവന്നു. ഞാൻ മാറിമാറി എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നുവെന്നാണ് ഇവിടെ പറഞ്ഞത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ മൂന്ന് കാര്യങ്ങൾ പറഞ്ഞു. ഈ മൂന്ന് കാര്യങ്ങളും തമ്മിലുള്ള പരസ്പര വൈരുദ്ധ്യമെന്താണ്? ഒന്ന് മറ്റൊന്നിനെ പരിപോഷിപ്പിക്കുന്നതാണ്. ഇവിടെ വരവും ചെലവും തമ്മിലുള്ള വ്യത്യാസമേയുള്ളൂ. ചെലവ് കൂടി വരുമാനം വർദ്ധിച്ചില്ല. വളരെ പ്രധാനപ്പെട്ട കാര്യമാണിത്. വർദ്ധിക്കുമെന്ന് പറഞ്ഞ വരുമാനമുണ്ടായില്ല. ജി.എസ്.ടി.-യിൽ നിന്നും വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചത്. ജി.എസ്.ടി.-യിൽ നിന്നും വരുമാനം വർദ്ധിച്ചു. വാറ്റ് 10 ശതമാനം കൂടുകയേ ചെയ്യുന്നുണ്ടായിരുന്നുള്ളൂ. ജി.എസ്.ടി.-യിലെ കോമ്പൻസേഷനെടുത്താൽ 14 ശതമാനം കിട്ടും. പക്ഷേ 25 ശതമാനം വർദ്ധിക്കുമെന്നുള്ള ധാരണയിലാണ് നമ്മൾ ചെലവ് വഹിച്ചിട്ടുള്ളത്. അപ്പോൾ ആ വിടവുണ്ട്. അവസാനം പറഞ്ഞത് ശരിയാണ്. ഞാൻ പറഞ്ഞില്ല, എന്തുകൊണ്ട് പറഞ്ഞില്ല? ആരെങ്കിലും അവിടെപ്പോയി പാര പണിയാതിരിക്കാനാണ് പറയാതിരുന്നത്. കേന്ദ്രവുമായി ചർച്ച ചെയ്ത് അക്കാര്യം സെറ്റിൽ ചെയ്യട്ടെ? മൈതാനത്തിന് പുറത്തുനിന്ന് പ്രസംഗിക്കേണ്ട കാര്യമല്ല; അതുകൊണ്ടാണ് പറയാതിരുന്നത്. കാര്യം റെഡിയായിക്കഴിഞ്ഞതിന്റെ അന്നാണ് ഞാൻ നേരത്തെ പറഞ്ഞ മൂന്നാമത്തെ പോസ്റ്റിട്ടത്, ഇങ്ങനെയൊരു പ്രശ്നമുണ്ടായിരുന്നു; അത് തീർത്തിരിക്കുന്നുവെന്ന്.

പ്രശ്നങ്ങൾ തീർത്തതോടുകൂടി ഇന്നത്തെ ധനകാര്യ ഞെരുക്കവും പ്രതിസന്ധിയുമെല്ലാം സാധാരണഗതിയിലായി. അങ്ങ് പറഞ്ഞത് എന്തൊക്കെയാണ്? ഒന്നാമതായി പറയാനുള്ളത് പെൻഷനെ സംബന്ധിച്ചാണ്. ഏതാണ്ട് മൂന്നുനാല് ലക്ഷംപേർ അപേക്ഷ നൽകിയിട്ടും ഞങ്ങൾ പ്രസ്തുത അപേക്ഷ സ്വീകരിച്ചിട്ടില്ല. നിങ്ങൾ ഭരിച്ച അഞ്ചുവർഷത്തിൽ ഒരു വർഷം 1,680 കോടി രൂപയാണ് ശരാശരി പെൻഷനുവേണ്ടി നൽകിയത്. ഇപ്പോൾ ഈ വർഷം പൂർത്തിയായിട്ടില്ലല്ലോ? 5030 കോടി രൂപയാണ് ഞങ്ങൾ കൊടുത്തത് എന്നിട്ടാണ് ഞങ്ങൾ പെൻഷൻ കൊടുക്കുന്നില്ലെന്ന് നിങ്ങൾ കുറ്റംപറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, യു.ഡി.എഫ്. ഗവൺമെന്റ് അവസാന വർഷം നൽകിയ പെൻഷന്റെ എമൗണ്ട് എത്രയാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം അതായത് 2015-16-ൽ 3400000 പേർക്കായി 2,935 കോടി രൂപ കൊടുത്തു. ഇപ്പോൾ 42 ലക്ഷം പേർക്കായി 5,030 കോടി രൂപ കൊടുക്കുന്നു. ഇവിടെ തർക്കിക്കുകയോ വാദിക്കുകയോ അല്ല ചെയ്യുന്നത്. ഞങ്ങളുടേയും നിങ്ങളുടേയും സമീപനം തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമുണ്ട്. 800 കോടി രൂപ പെൻഷൻ കുടിശ്ശികയാക്കിയിട്ടാണ് നിങ്ങൾ പോയത്. കഴിഞ്ഞതവണ നിങ്ങൾ ഭരണത്തിൽനിന്നും ഇറങ്ങിപ്പോയപ്പോൾ പെൻഷൻ ഇനത്തിൽ 2 വർഷത്തെ കുടിശ്ശികയാണുണ്ടായിരുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്ന 2011-ൽ 12.9 ലക്ഷം പേർക്കായിരുന്നു പെൻഷൻ. ഞങ്ങൾ അത് 34 ലക്ഷമാക്കി. ആ വർദ്ധനവ് കാണാതിരിക്കരുത്. നിങ്ങളിപ്പോൾ രണ്ട് വർഷംകൊണ്ട് 34-40 ലക്ഷത്തിനപ്പുറത്തേയ്ക്ക് വർദ്ധിപ്പിച്ചു എന്നാണ് പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ കേരളത്തിൽ 60 വയസ്സ് കഴിഞ്ഞവർ 41 ലക്ഷമേയുള്ളൂ. നമുക്ക് ആ തോതിൽ കൂട്ടിക്കൊണ്ടിരിക്കാൻ കഴിയില്ല. ഇക്കാര്യം സംബന്ധിച്ച് നമ്മൾ തമ്മിൽ ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും പറയേണ്ടതില്ല. എല്ലാ കാര്യങ്ങളും ജനങ്ങൾക്കറിയാം.

ശ്രീ. വി. ഡി. സതീശൻ: സർ, 10 മാസമായി, പുതിയ പെൻഷന് അർഹതയുള്ളവർക്ക് എൻട്രി ചെയ്യാൻ കഴിയാതിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ശരാശരി 200, 300 ആളുകൾ ഇതിനായി വരികയാണ്. 10 മാസമായി രണ്ടുമൂന്ന് ലക്ഷംപേർക്ക് പെൻഷൻ കൊടുക്കുന്നില്ല, അപേക്ഷ സ്വീകരിക്കുന്നില്ല, കുടിശ്ശിക കൊടുക്കുന്നില്ല. അതാണ് ഇവിടത്തെ വിഷയം. അതിനെന്തിനാണ് ഇതുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറയുന്നത്?

മി. സ്പീക്കർ: മിനിസ്റ്റർ അങ്ങയുടെ വിശദീകരണം ചർച്ചയാക്കേണ്ട.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഡിബേറ്റിലേയ്ക്ക് പോകുന്നില്ല. ഞാൻ ഇക്കാര്യം പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ: ചർച്ച ചെയ്യണമെങ്കിൽ ചെയ്യാം. വിശദീകരണത്തിന്റെ ഭാഗമായി ചർച്ച ഇല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഡ്ജറ്റ് അവതരണ വേളയിൽ എത്ര തുക വേണമെങ്കിലും എഴുതിത്തരാം. ഡബ്ലിംഗ്, അനർഹർ എന്നിവ ഒഴിവാക്കുന്നതിനായി സുതാര്യമായ പുതിയ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിനുള്ള പരിശോധനകൾ നടക്കുകയാണ്. ബഡ്ജറ്റിൽ പ്രസ്തുത മാനദണ്ഡങ്ങൾ പ്രഖ്യാപിക്കും. അതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവർക്കെല്ലാം ലിസ്റ്റിൽ കടന്നുകൂടാനുള്ള സന്ദർഭവുമുണ്ടാകും.

അടുത്തതായി ട്രഷറി നിയന്ത്രണത്തെ സംബന്ധിച്ചാണ് പറയാനുള്ളത്, പ്ലാൻ എക്സ്പെൻഡിച്ചർ കൂട്ടിയത് ഇപ്പോൾ സ്പിൽ ഓവറാണെന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. എല്ലാ കാലത്തും പണം മാറിയെടുത്താൽ അത് ട്രഷറി അക്കൗണ്ടിലിടും. അവിടെ നിന്നെടുത്താണ് ചെലവഴിക്കുന്നത്. അങ്ങനെ ഡിപ്പാർട്ടുമെന്റിന്റേതായ 13,000 കോടി രൂപയാണ് ട്രഷറിയിലുള്ളത്. ബാങ്കിൽ 4,500 കോടി രൂപയുണ്ട്. ഒരു പഞ്ചവത്സര പദ്ധതിക്കുള്ള പണം കണക്കിന് പുറത്തുകിടക്കുകയാണ്. അങ്ങനെയുള്ള തുകയാണ് കേന്ദ്രസർക്കാർ പിടിച്ചത്. പബ്ലിക് അക്കൗണ്ട് കൂട്ടുന്നതിനെക്കുറിച്ച്, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു പടികൂടി മുന്നോട്ടുപോയി. eLAMS അതായത്, ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിംഗ് സിസ്റ്റം എന്നുപറയുന്ന സംവിധാനം കൊണ്ടുവന്നു. അതിലേയ്ക്ക് മാറ്റിയാൽ മതി. അവിടെ ചെലവാക്കുന്നതുപോലും പിറ്റേ വർഷത്തേതാണ്. ഈ വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഭൂരിഭാഗവും കഴിഞ്ഞ വർഷങ്ങളിലേതാണ്. നിങ്ങളുടെ കാലത്തും അങ്ങനെയല്ലേ? അതാണ് അക്കൗണ്ടിംഗ് രീതി. വേറെ ഏത് രീതിയിലാണ് അക്കൗണ്ടിംഗ് സംവിധാനം ഉൾപ്പെടുത്താൻ സാധിക്കുന്നത്? അക്കൗണ്ടിംഗ് രീതിയായിട്ട് കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും എടുക്കാൻ സാധിക്കുമോ? സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ പ്രത്യേക കാര്യങ്ങളൊന്നും ഇതിൽ ഇല്ല. ഇവിടെ പ്രതിപക്ഷം ഒരു വിഷയമുണ്ടാക്കാനുള്ള ശ്രമത്തിലായിരുന്നു. വേറെ വിഷയങ്ങളൊന്നുമില്ലാത്തതുകൊണ്ടായിരിക്കാം ഈ വിഷയം തെരഞ്ഞെടുത്തത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒന്നുംപറയാനില്ലെന്ന് വ്യക്തമായിരിക്കുകയാണ്. ഒളിച്ചോടിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാതലായ ഒരു പ്രശ്നത്തിനും അങ്ങ് മറുപടി പറയാതിരുന്നതുകൊണ്ട് അങ്ങേയ്ക്ക് മറുപടിയില്ലെന്ന് ഞങ്ങൾക്ക് വ്യക്തമായിരിക്കുകയാണ്. കേരളം ഇതുപോലെ സാമ്പത്തികപ്രതിസന്ധി നേരിട്ട ഒരു കാലഘട്ടവുമുണ്ടായിട്ടില്ല. മൂക്കറ്റം കടംകയറി നിൽക്കക്കള്ളിയില്ലാത്ത അവസ്ഥയിലാണ് കേരളം ഇപ്പോൾ. ഇപ്പോഴുണ്ടായിട്ടുള്ളത് ഒരു താൽക്കാലിക ആശ്വാസം മാത്രമാണ്. കടംകയറി പട്ടിണി കിടക്കുന്ന ഒരാൾക്ക് കുറച്ച് കടംകൂടി വാങ്ങി ഒരു നേരത്തെ ആഹാരം ലഭിക്കുമ്പോഴുണ്ടാകുന്ന ആശ്വാസം മാത്രമാണ് ധനകാര്യ വകുപ്പുമന്ത്രിക്ക് ഇപ്പോഴുള്ളത്. 2,000 കോടി രൂപ കടമെടുക്കാൻ സാധിച്ചതുകൊണ്ടാണ് താൽക്കാലികമായിട്ടെങ്കിലും മൂന്നു മാസത്തെ ധനപ്രതിസന്ധി പരിഹരിക്കാൻ സാധിച്ചതെന്ന കാര്യം ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. യഥാർത്ഥ വസ്തുതയെന്താണ്? സംഭവം കൂടുതൽ രൂക്ഷമാകുകയാണ്. ഞാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ ഒരു പ്രസ്താവന ഇവിടെ വായിക്കാം. 'ജി.എസ്.ടി. നടപ്പാകുമ്പോൾ കേരളത്തിന് ഭീമമായ നഷ്ടമുണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോടും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോടും വളരെ നേരത്തെതന്നെ പറഞ്ഞിരുന്നെങ്കിലും ഒരു പ്രശ്നവുമുണ്ടാകില്ലെന്നായിരുന്നു അവർ പറഞ്ഞത് '. ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനും കേന്ദ്രത്തിനും പകുതിവീതം വരുമാനമെന്നായിരുന്നു വ്യവസ്ഥയെങ്കിൽ ഇപ്പോൾ വരുമാനവുമില്ല, വ്യവസ്ഥയുമില്ലെന്നാണ് ശ്രീ. എ. കെ. ബാലൻ പറയുന്നത്. ഇത് ഞാൻ പറഞ്ഞതല്ല, ശ്രീ. എ. കെ. ബാലന്റെ പ്രസ്താവനയാണ്. ബഡ്ജറ്റിൽ ചെലവ് ചുരുക്കേണ്ടിവരുമെന്നും സാമ്പത്തിക പ്രതിസന്ധിക്ക് കാരണം ജി.എസ്.ടി. അല്ലെന്നും ജി.എസ്.ടി. നല്ലതാണെന്നും മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ശ്രീമതി ഗീതാ ഗോപിനാഥ് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്ന പ്രസ്താവനയാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ശ്രീമതി ഗീതാ ഗോപിനാഥും പറഞ്ഞത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വസ്തുതകൾ ജനങ്ങളിൽനിന്ന് മറച്ചുവച്ചു എന്ന കാര്യം ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു. അതൊരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമായിരുന്നു. അങ്ങ് ജനങ്ങളോട് കാര്യങ്ങൾ തുറന്നുപറയണമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ധവളപത്രം പുറപ്പെടുവിക്കുകയും ചെലവുകൾ ചുരുക്കണമെന്ന് പറയുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിനെപ്പറ്റി ഏറ്റവും വലിയ ആരോപണം ഉന്നയിച്ചതെന്താണ്? അമിതമായ ചെലവ് ഉണ്ടാക്കുന്നു, ഭീമമായ

നഷ്ടമുണ്ടാക്കുന്നു, ഇതെല്ലാം കൊണ്ടാണ് നിങ്ങളുടെ നികുതി വരുമാനം വർദ്ധിക്കാത്തത് എന്നൊക്കെയാണ്. ഞങ്ങളുടെ ലക്ഷ്യം 25 ശതമാനം നികുതി പിരിവുണ്ടാക്കുക എന്നതാണ്. എന്താണ് ഇപ്പോഴത്തെ നികുതി പിരിവിന്റെ സ്ഥിതി?

10.00 am.

ജി.എസ്.ടി. കൊണ്ടാണ് ഈ പ്രതിസന്ധി ഉണ്ടായതെന്ന് പറയുന്ന അങ്ങ് ശ്രീ. എം. സ്വരാജിന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 492-ന് മറുപടിയായി പറഞ്ഞിട്ടുള്ളത് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. 'നഷ്ടപരിഹാരം ലഭിച്ചതിൽ നികുതി നഷ്ടമുണ്ടായതായി കരുതാനാവില്ല. കേന്ദ്രത്തിൽ നിന്ന് കിട്ടിയ വിഹിതം എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവന ചെയ്ത രീതിയിൽ 25 ശതമാനം നികുതി വർദ്ധനവ് സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞില്ല ' എന്നാണ്. നമ്മുടെ നികുതി വരുമാനവും നികുതി പിരിവും കുറയുന്നു. ജി.എസ്.ടി. ആണ് ഇതിനുകാരണമെന്ന് പറഞ്ഞ് പ്രചരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൊണ്ട് പ്രശ്നം ഉണ്ടായിട്ടില്ലെന്നും രണ്ട് ഗഡുക്കളായി കേന്ദ്രത്തിൽനിന്നും പണം കിട്ടിയെന്നുമാണ് അദ്ദേഹം പറയുന്നത്. എന്നാൽ 25 ശതമാനം നികുതി വരുമാനം പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം പറയുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച കോഴ്സുകൾക്കും സ്കൂളുകൾക്കുമുള്ള ബാധ്യത തീർക്കുകയാണെന്നാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നത്, അങ്ങയുടെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ മുഴുവൻ ഉത്തരവാദിത്വവും ഉമ്മൻ ചാണ്ടി സർക്കാരിന്റെ തലയിൽ വന്നുചേർന്നത് അങ്ങ് സൗകര്യപൂർവ്വം വിസ്മരിക്കുകയല്ലേ? ഗവൺമെന്റുകൾ തുടർച്ചയാണ്. ഒരു ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങളുടെയും നടപ്പാക്കുന്ന പദ്ധതികളുടെയും സാമ്പത്തികഭാരം അടുത്ത ഗവൺമെന്റിലേയ്ക്ക് വരുന്നത് സ്വാഭാവികമാണ്. അതുപറഞ്ഞ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് കയ്യൊഴിയാൻ കഴിയുമോ? സംസ്ഥാനത്തിന്റെ ധൂർത്തും ധനകാര്യ വകുപ്പിന്റെ കെടുകാര്യസ്ഥതയും ഈ പ്രതിസന്ധിക്ക് കാരണമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ധൂർത്ത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചോ? ഓണം കഴിഞ്ഞപ്പോൾ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുന്ന 14,000 കോടി രൂപ വായ്പയെടുത്തു കഴിഞ്ഞു. അതുകൊണ്ടാണ് കൂടുതൽ വായ്പയെടുക്കാൻ കഴിയാതെ പോയത്. ബഡ്ജറ്റ് കണക്കിലുള്ളതിനേക്കാൾ 6,000 കോടി രൂപ അധിക ചെലവുണ്ടായതായി ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുകയാണ്. പക്ഷേ, ഇത് മുൻകൂട്ടികണ്ട്

അധികവിഭവ സമാഹരണം നടത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെടുകയാണുണ്ടായത്. ഇന്നത്തെ സാമ്പത്തിക പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായി അദ്ദേഹം ചൂണ്ടിക്കാണിച്ചത് ജി.എസ്.ടി. ആണ്. കഴിഞ്ഞ ദിവസം അദ്ദേഹം വളരെ ക്ഷോഭിച്ചാണ് സംസാരിച്ചത്. ജി.എസ്.ടി.യിൽ എടുക്കേണ്ട മുൻകരുതലുകൾ എടുക്കാത്തതിനാൽ ജി.എസ്.ടി. പാളി, സംസ്ഥാനത്തൊട്ടാകെയുള്ള ജനങ്ങൾക്ക് ആശയക്കുഴപ്പമുണ്ടായി എന്ന വിവരം ഞങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് നിങ്ങൾ കൊണ്ടുവന്നതല്ലേ എന്നാണ്. ഞങ്ങൾ കൊണ്ടുവന്ന ജി.എസ്.ടി. യും ഇപ്പോഴുള്ള ജി.എസ്.ടി യും തമ്മിൽ വലിയ വ്യത്യാസമുണ്ട്. റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള കമ്പ്യൂട്ടർ സംവിധാനംപോലും ഒരുക്കിയിരുന്നില്ല. യഥേഷ്ടം നികുതി വെട്ടിപ്പ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ജി.എസ്.ടി. വന്നാൽ വില കുറയും നികുതി വരുമാനം വർദ്ധിക്കുമെന്നാണ് പറഞ്ഞതെങ്കിലും തിരിച്ചാണ് സംഭവിച്ചത്. ഇന്ന് കേരളത്തിൽ നടക്കുന്നത് എന്താണ്? വ്യാപാരികൾ സാധനങ്ങളുടെമേൽ പഴയ വിലയുമുകളിൽ ജി.എസ്.ടി. കൂടി ചുമത്തി കൊള്ളയടിക്കുന്നു. ഹോട്ടലുകളിൽ വൻതോതിൽ കൊള്ളയടി നടത്തുന്നു. ഇതുമൂലം ഇരട്ട നികുതി ഉണ്ടാകുന്നു. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു. സംസ്ഥാനത്ത് ധൂർത്ത് നിയന്ത്രിക്കാൻ എന്ത് നടപടിയാണുണ്ടായത്? ഭരണ പരിഷ്കാര കമ്മീഷൻ തന്നെ എങ്ങനെ ഉണ്ടായിയെന്ന് എല്ലാവർക്കുമറിയാം. ഒന്നരക്കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. കൂടാതെ രണ്ട് അംഗങ്ങൾക്ക് നേരത്തെ കിട്ടിക്കൊണ്ടിരുന്ന പെൻഷനുപുറമേ 75,000 രൂപ കൂടി കൊടുക്കുന്നു. ഈ ധൂർത്ത് ആരാണ് ഉണ്ടാക്കിവച്ചത്? മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയയ്ക്കുമാത്രം 53 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. മന്ത്രിമാരുടെ ധൂർത്തിന് എന്ത് കുറവാണുള്ളത്? മന്ത്രിസഭയുടെ ഒന്നാംവാർഷികം പ്രമാണിച്ച് എത്ര കോടി രൂപ ചെലവാക്കി? അതോടൊപ്പം കോടിക്കണക്കിന് രൂപ ചെലവഴിച്ചുള്ള മാമാങ്കങ്ങൾ ഇവിടെ നടക്കുന്നു. മുഖ്യമന്ത്രിയുടെ 'നാം മുന്നോട്ട് ' പരിപാടിക്ക് എത്ര തുകയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്? ഇവിടെ സർക്കാർ അനാവശ്യ ചെലവുകൾ കുറയ്ക്കുമെന്ന് പറഞ്ഞിട്ട് ധനകാര്യ വകുപ്പുമന്ത്രി കുറയ്ക്കുന്നില്ലെന്ന് മാത്രമല്ല അതു കൂടിക്കൊണ്ടിരിക്കുകയാണ്.

പദ്ധതി നടത്തിപ്പിനെപ്പറ്റി പറഞ്ഞു. കഴിഞ്ഞ മൂന്നുമാസക്കാലം ഇവിടെ പദ്ധതികൾക്ക് ഹോളിഡേ പ്രഖ്യാപിച്ച ഒരു കാലഘട്ടമായിരുന്നു. യാതൊരു വികസനവും നടന്നില്ല. കോൺട്രാക്ടർമാർ പ്രവർത്തനങ്ങൾ നടത്തിയില്ല. ജി.എസ്.ടി.-യാണ് ഒരു കാരണം. സംസ്ഥാനത്തെ ജനങ്ങളെ

ബാധിച്ചുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ഒന്നുപോലും ഇപ്പോഴും നടക്കുന്നില്ല. പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിച്ചില്ലെങ്കിൽ അത് പാവങ്ങളോട് ചെയ്യുന്ന കടുത്ത അനീതിയെന്നാണ് ശ്രീ. തോമസ് ഐസക്കിന്റെ ധവളപത്രത്തിൽ പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, അങ്ങ് ഇപ്പോൾ ചെയ്യുന്നത് ജനങ്ങളോടുള്ള ക്രൂരമായ അനീതിയല്ലേ? കിഫ്ബി-യുടെ കാര്യം പറഞ്ഞു. 'കിഫ്ബി' ടേക്ക് ഓഫ് ചെയ്യാത്ത ഒരു പദ്ധതിയാണ്. അതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാനത് പറയുന്നില്ല. അങ്ങയുടെ കയ്യിൽ 3,000 കോടി രൂപയുണ്ട്, അങ്ങ് 30,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നു. സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥതമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി ജനങ്ങളെയും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെയും ബാധിച്ചിരിക്കുന്നു. ഈ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ പറഞ്ഞതുപോലെ മൂന്നു മാസത്തേതല്ല കുറെക്കാലംമുമ്പുള്ള ചരിത്രമെടുത്ത് പരിശോധിച്ചാൽ എപ്പോഴൊക്കെയാണ് സാമ്പത്തിക പ്രതിസന്ധി കേരളത്തിൽ വരുന്നതെന്ന് മനസ്സിലാകും. ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി 1996-2001 കാലഘട്ടത്തിലാണ് ഉണ്ടായിരുന്നത്. അന്ന് ഭരിച്ചിരുന്നത് ആരാണെന്ന് പരിശോധിക്കേണ്ടതാണ്. ആ സമയത്ത് ആശുപത്രികളിൽപോയി മരുന്നു വാങ്ങാനോ വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകാനോ, സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യാനോ, മരാമത്ത് പണികൾ നടത്താനോ, റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ കൊടുക്കാനോ, ടെലഫോൺ ബിൽ അടയ്ക്കാനോ പണമില്ലാത്ത ഒരവസ്ഥയായിരുന്നു. അത് എൽ.ഡി.എഫ്. സർക്കാർ ഭരിക്കുന്ന സമയത്തുതന്നെയാണ്. അതേ അവസ്ഥയിലേയ്ക്ക് വീണ്ടും പോകുകയാണ്. അങ്ങ് ഇറക്കിയ ധവളപത്രത്തിൽ 2017-2018-ൽ ഇതേ ധനസ്ഥിതി തുടരുകയാണെങ്കിൽ ഇവിടെ അരാജകത്വ മുണ്ടാകുമെന്ന് പ്രവചിച്ചിരുന്നു. ഇത്രയും കാലമായിട്ടും ആ പ്രവചനം എങ്ങനെ മറികടക്കണമെന്നുള്ളത് അങ്ങേയ്ക്ക് നിർദ്ദേശിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, കൂടുതൽ പ്രതിസന്ധിയിലേക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

സാമ്പത്തികമാന്ദ്യം അങ്ങയുടെ ഒരു ഇഷ്ടവിഷയമാണല്ലോ, അത് പരിഹരിക്കുന്നതിനുവേണ്ടി ആദ്യത്തെ ബഡ്ജറ്റിൽ 20,000 കോടി രൂപ സമാഹരിച്ച് കിഫ്ബി വഴി നടപ്പിലാക്കുമെന്നാണ് പറഞ്ഞത്. അതുകഴിഞ്ഞ്

രണ്ടാം ബഡ്ജറ്റിൽ 25,000 കോടി രൂപയുടെ നിർമ്മാണ പ്രോജക്ടുകൾ പ്രഖ്യാപിച്ചു. എന്നാൽ ഈ രണ്ടു ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങളിൽ കാര്യമായ ഒന്നും നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല ഇപ്പോൾ ഏകദേശം 320 കോടി രൂപയുടെ പ്രവർത്തനം മാത്രമാണ് നടന്നിട്ടുള്ളത്. 50,000 കോടി രൂപയെക്കുറിച്ചാണ് അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഞങ്ങൾക്ക് കത്ത് വന്നിരിക്കുന്നത്, ഈ പ്രാവശ്യം നിങ്ങൾ കിഫ്ബിയിൽ പദ്ധതിക്കുവേണ്ടി അപേക്ഷിക്കേണ്ടതില്ല എന്നാണ്. അതായത് ഒരു ഹോളിഡേ ഇയറായി മാറിയിരിക്കുകയാണ്. വീണ്ടും തിരിച്ച് ബഡ്ജറ്റിലേയ്ക്ക് പോകാനാണ് പറയുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ഇതൊക്കെ ഇനി ബഡ്ജറ്റിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമോ? കൊണ്ടുവന്നാൽത്തന്നെ അത് ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ? ഇപ്പോൾ കിഫ്ബിയുമില്ല, ബഡ്ജറ്റുമില്ല, ഞങ്ങളൊക്കെ വഴിയാധാരമാകുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. കിഫ്ബിയിൽ പദ്ധതിക്കുവേണ്ടി ഞാനും നടന്നു. എനിക്ക് ശ്രീ. വി. കെ. സി. മമ്മത് കോയയോട് പറയാനുള്ളത്, അങ്ങ് എനിക്ക് മൂന്ന് ജോഡി ചെരുപ്പ് ഫ്രീയായി നൽകണം, കാരണം ഇതിനുവേണ്ടി നടന്നുനടന്ന് എത്ര ചെരുപ്പുകളാണ് നശിച്ചത്.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, ചെയർ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വാക്കൗട്ട് പ്രസംഗം ചർച്ചയല്ല. ഒരു പ്രൊട്ടസ്റ്റ് മാർക്ക് ചെയ്ത് പോകുക എന്നുള്ളതാണ്. അങ്ങ് പൊതുവെ വളരെ വിശദമായി ചർച്ചയിൽ പങ്കെടുക്കുന്നതുപോലെയാണ് സംസാരിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, വിശദമായ ചർച്ചയിലേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷേ പറയേണ്ടത് പറയാതെ പോയാൽ നാട്ടുകാർ നമ്മളെ കൈകാര്യം ചെയ്യും.

മി. സ്പീക്കർ: പരിണിതപ്രജ്ഞനായ ശ്രീ. കെ. എം. മാണി നടത്തുന്ന വാക്കൗട്ട് പ്രസംഗം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. പ്രൊട്ടസ്റ്റ് മാർക്ക് ചെയ്ത് പോകുകയെന്നതാണ്, should not be a long speech.

ഡോ. എം. കെ. മുനീർ: സർ, പ്രൊട്ടസ്റ്റ് ശക്തമായി മാർക്ക് ചെയ്തുവെന്നേയുള്ളൂ. ദീർഘമായ ഒരു പ്രസംഗത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി.-യെക്കുറിച്ച് വാതോരാതെ സംസാരിച്ചു. ഇപ്പോൾ ജി.എസ്.ടി. കുഴപ്പമാണെന്ന് പറയുന്നു. കിഫ്ബിയിലൂടെ തുക ചെലവഴിച്ചാൽതന്നെ ഇത് എങ്ങനെയാണ് തിരിച്ചുപിടിക്കുക; ഏത് നികുതി ഇനത്തിലൂടെയാണ് ഇത് തിരിച്ചുപിടിക്കാൻ പോകുന്നത്? ബഡ്ജറ്റിനുമുമ്പ് ഈ വിഷയം ചർച്ച ചെയ്യണ്ടേ എന്ന് അങ്ങ് പറയുകയുണ്ടായി. പക്ഷേ ബഡ്ജറ്റ് രൂപീകരിച്ച് കൊണ്ടുവരുമ്പോൾ, അച്ചടിച്ച് കഴിഞ്ഞിട്ടുണ്ടാകുമെങ്കിലും, അതിൽ

എന്തെങ്കിലും മാറ്റം അങ്ങേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയുമെങ്കിൽ അത് പ്രഖ്യാപിക്കാമല്ലോ എന്നുള്ള ഉദ്ദേശ്യത്തിലാണ് ഞാൻ പറഞ്ഞത്. ഞങ്ങൾ ഭയപ്പെടുന്നത്, പുതിയ നികുതിയേതര വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗങ്ങളിലൂടെ, സേവന നികുതി വർദ്ധിപ്പിച്ചുകൊണ്ട് ഈ മുഴുവൻ പ്രതിസന്ധിയും വീണ്ടും ജനങ്ങൾക്കുമേൽ വരാൻപോകുന്ന അവസ്ഥയെക്കുറിച്ചാണ്. ഈ സാമ്പത്തിക പ്രതിസന്ധി എങ്ങനെ മറികടക്കും എന്നുള്ളതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കേണ്ട ഘട്ടത്തിൽ, ഇക്കാര്യങ്ങൾ ചർച്ച ചെയ്യില്ല എന്ന് പറഞ്ഞതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമാണ് ഇവിടെ നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുന്നത്. തദ്ദേശസ്ഥാപനങ്ങളിൽ മാത്രമല്ല, എല്ലാ മേഖലകളിലും സ്തംഭനാവസ്ഥയാണ് കാണാൻ കഴിയുന്നത്. ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ, ട്രഷറികളുടെ നിയന്ത്രണം കാരണം പൊതുമരാമത്തിന്റെയോ മറ്റ് വകുപ്പുകളിലെയോ യാതൊരു വർക്കുകളും ഒരു പ്രദേശങ്ങളിലും നടക്കുന്നില്ല. ട്രഷറി നിയന്ത്രണം അത്തരത്തിലുള്ള വർക്കുകളെ സാരമായി ബാധിച്ചു എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ 12.9 ലക്ഷം പേർക്കായിരുന്നു പെൻഷൻ കൊടുത്തുകൊണ്ടിരുന്നത്. 2016-ൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ 21 ലക്ഷത്തിലധികംപേർക്ക് പെൻഷൻ കൊടുത്തു. അതായത് 34 ലക്ഷം പേർക്കായി പെൻഷൻ വർദ്ധിപ്പിച്ച് നൽകാൻ സാധിച്ചു. ഇത്തവണ മൂന്നുലക്ഷം പേരുടെ അപേക്ഷ കെട്ടിക്കിടക്കുകയാണ്. ഇത്രയധികം പെൻഷൻ അപേക്ഷകൾ കെട്ടിക്കിടന്ന മറ്റൊരു സാഹചര്യമുണ്ടായിട്ടില്ല. പെൻഷൻ മുടങ്ങിക്കിടക്കുന്ന സാഹചര്യം, ധാരാളം പേർക്ക് പെൻഷൻ ലഭ്യമാകാത്ത സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടും ഒരു ഭാഗത്തും വിലക്കയറ്റം മറുഭാഗത്തും നിൽക്കുന്നു. ജി.എസ്.ടി. വന്നത് വിലക്കയറ്റതിന്റെ ആക്കം വർദ്ധിപ്പിച്ചുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജി.എസ്.ടി. വന്നതിനുശേഷം വ്യാപാരികൾ, ഹോട്ടൽ ശൃംഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവർക്കെല്ലാം വലിയ രീതിയിലുള്ള നികുതി ചോർച്ച യുണ്ടാകുന്നു. ഇരട്ടനികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന

സാഹചര്യം ഇന്ന് കേരളത്തിൽ സംജാതമായിരിക്കുകയാണ്. ഇത്തരത്തിലുള്ള ഗുരുതരമായ വിഷയങ്ങൾ ഇന്ന് കേരളത്തിന്റെ മുന്നിലുണ്ട്. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) റബ്ബറിന്റെ വിലത്തകർച്ച

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. രാജു എബ്രഹാം സംസാരിച്ചതിനുശേഷം ശ്രീ. മോൻസ് ജോസഫിന് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. രാജു എബ്രഹാം: സർ, അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ മലയോര മേഖല കടന്നുപോകുകയാണ്, പ്രത്യേകിച്ച് റബ്ബർ കർഷകർ. ലോട്ട് റബ്ബറിന് 108 രൂപ, ആർ.എസ്.എസ്.5-ന് 118 രൂപ, ആർ.എസ്.എസ്.4-ന് 123 രൂപ എന്നിങ്ങനെയാണ്. 150 രൂപയെങ്കിലും കിട്ടിയെങ്കിൽ മാത്രമേ നഷ്ടമില്ലാതെ റബ്ബർ കൃഷി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. 150 രൂപയ്ക്ക് പകരം 160 രൂപ ലഭിച്ചാൽ 10 രൂപ കൃഷിക്കാരന് കിട്ടും. ഇതാണ് റബ്ബറിന്റെ പൊതുവായ അവസ്ഥ. പ്രതിസന്ധി അതിരൂക്ഷമാകുമ്പോൾ പലരും റബ്ബർ കൃഷി ഉപേക്ഷിക്കുന്ന സാഹചര്യമാണുള്ളത്. റബ്ബർ വെട്ടുന്നതിനേക്കാൾ നല്ലത്, വെട്ടാതിരിക്കുകയാണെന്നുള്ള നയം കൃഷിക്കാർ സ്വീകരിക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നു. ചിലയാളുകൾ റബ്ബർ കൃഷി വേണ്ടെന്നുവച്ച് മറ്റ് കൃഷിയിലേയ്ക്ക് പോകുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഭൂപരിഷ്കരണ ആക്ട് നടപ്പിലാക്കാത്ത റബ്ബർ തോട്ടങ്ങളിൽ മറ്റ് കൃഷി വ്യാപകമാകുന്നത് തടയാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. സർക്കാരിന് പരിമിതിയുണ്ട്. കാരണം

ആസിയാൻ കരാർ യു.പി.എ. സർക്കാർ നടപ്പാക്കിയതിനുശേഷമാണ് ഇത്ര ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് കാര്യങ്ങൾ എത്തിയത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ റബ്ബറിന് കാര്യമായ ഇറക്കുമതി ഇല്ലായിരുന്നു. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ 2012 മുതലാണ് അനിയന്ത്രിതമായ റബ്ബർ ഇറക്കുമതി ഇവിടെ ആരംഭിച്ചത്. ഞാനും ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. സാജുപോളും അടക്കമുള്ളവർ ആ സമയത്ത് നിയമസഭയിൽ സബ്മിഷനുകൾ അവതരിപ്പിക്കുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ അതിൽ ഇടപെടൽ നടത്തിയില്ല. വലിയ തോതിലാണ് റബ്ബർ ഇറക്കുമതി നടത്തിയത്. 2014-ൽ മാത്രമാണ് കിലോയ്ക്ക് 2 രൂപ കൂട്ടുമെന്ന് പറഞ്ഞത്. അതിന് പ്രതികരണമുണ്ടായില്ല. തെരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് റബ്ബറിന് 150 രൂപ തറവില നിശ്ചയിച്ചത്. പക്ഷേ കാര്യമായ വില കൊടുത്തില്ല. ആകെ 30-40 കോടി രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ. ഈ സർക്കാർ വന്നതിനുശേഷമാണ് കൃഷിക്കാർക്ക് 400 കോടിയിലധികം രൂപ കൊടുത്തത്, കുറച്ച് കുടിശ്ശികയും വന്നു. ഇപ്പോൾ മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി അടക്കമുള്ളവർ ഇടപെട്ടതിന്റെ ഫലമായി ഏതാണ്ട് ആഗസ്റ്റ് മുതൽ ഒക്ടോബർ മാസം വരെയുള്ള കുടിശ്ശിക ചിലർക്ക് കിട്ടിയിട്ടുണ്ട്. അത് 150 രൂപ എത്തുന്നതിനുമാത്രമേ സഹായമാകുകയുള്ളൂ. അതിരൂക്ഷമായ ഇറക്കുമതി നടക്കുകയാണ്. ഇപ്പോൾ തന്നെ വർഷാന്ത്യം ആയിട്ടില്ല. നാലരലക്ഷം ടൺ റബ്ബർ ഇറക്കുമതി ചെയ്തുകഴിഞ്ഞു. നമ്മുടെ രാജ്യത്തെ ഉൽപ്പാദനം ഇപ്പോൾ എട്ടര ലക്ഷം ടണ്ണാണ്. നേരത്തെ ഒൻപത് ലക്ഷം ടണ്ണായിരുന്നു. ഇറക്കുമതികൂടി കൂട്ടുമ്പോൾ 13 ലക്ഷം ടൺ റബ്ബർ, എന്നുവച്ചാൽ നമുക്ക് ആവശ്യമുള്ളതിനേക്കാൾ രണ്ട് ലക്ഷം ടൺ റബ്ബർ അധികമാണ്. അതാണ് സാമ്പത്തിക പ്രതിസന്ധി. അതാണ് ഇവിടത്തെ പ്രതിസന്ധി. ഇപ്പോൾ ബി.ജെ.പി. സർക്കാർ റബ്ബർ ഇറക്കുമതിത്തോത് വർദ്ധിപ്പിക്കുകയാണ്. അതിഗുരുതരമായ പ്രശ്നത്തിലേയ്ക്ക് പോകുകയാണ്. സംസ്ഥാന സർക്കാരിന് ചില കാര്യങ്ങൾ ചെയ്യാം. ഒന്ന്, ഇ-വേ ബിൽ-400 കിലോ റബ്ബറിലധികം ഒരു കൃഷിക്കാരൻ സൂക്ഷിച്ചാൽ അതിന് പ്രത്യേക നികുതി കൊടുക്കണം എന്നാണ്. പല സംസ്ഥാനങ്ങളും ഇ-വേ ബിൽ വേണ്ടെന്നുവച്ചു. റബ്ബറിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റ് കാർഷികോല്പന്നങ്ങളുടെ കാര്യത്തിലും ഇ-വേ ബിൽ കൃഷിക്കാരെ ദ്രോഹിക്കുന്നതാണ്. അടിയന്തരമായി നമ്മുടെ സംസ്ഥാനം അത് വേണ്ടെന്നുവയ്ക്കാനുള്ള തീരുമാനമെടുത്താൽ അത്രയും ആശ്വാസകരമാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തിക്കൊണ്ട്, അവശേഷിക്കുന്ന കുടിശ്ശിക അടിയന്തരമായും കൊടുക്കാൻ കഴിയണം. നിയമസഭ ഏകപക്ഷീയമായി റബ്ബർ ഇറക്കുമതി നിർത്തിവയ്ക്കാനുള്ള

ആവശ്യം കേന്ദ്രസർക്കാരിനുമുന്നിൽ അടിയന്തരമായി സമർപ്പിക്കണം. കേരളത്തിന്റെ സമ്പദ്ഘടനയെ തന്നെ തകരാറിലാക്കുന്ന, നമ്മുടെ കരുതൽ ശേഖരത്തെ ബാധിക്കുന്ന അതിഗുരുതരമായ പ്രശ്നവും കൃഷിക്കാർ മറ്റ് കൃഷികളിലേയ്ക്ക് പോകുമെന്ന അപകടവും കാണാൻ നമുക്ക് കഴിയണം. അതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനം റബ്ബറിന് 150 രൂപയാണ് കൊടുക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ഇത്തവണ 10 രൂപയെങ്കിലും അടിസ്ഥാന വില വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണ മെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, റബ്ബർ കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട രാജു എബ്രഹാം ചൂണ്ടിക്കാണിച്ച കാര്യങ്ങളുടെകൂടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ നോട്ടീസിൽ നൽകിയിട്ടുള്ളത്. ഇപ്പോഴത്തെ ഗുരുതരമായ പ്രതിസന്ധി കണക്കിലെടുത്ത് 150 രൂപയ്ക്ക് സംസ്ഥാന സർക്കാർ നടത്തുന്ന റബ്ബർ സംഭരണം 200 രൂപയാക്കി വർദ്ധിപ്പിക്കുക എന്നതാണ് ഒരു ആശ്വാസ നടപടിയായി ചെയ്യാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിട്ട ഗുരുതരമായ പ്രതിസന്ധിയിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന വലിയ സഹായമെന്ന നിലയിലാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ സമയത്ത് ഇങ്ങനെയൊരു പദ്ധതി ആവിഷ്കരിച്ചത്. അന്ന് സംസ്ഥാന സർക്കാർ ഏതാണ്ട് 80 രൂപയോളം നഷ്ടം സഹിച്ചുകൊണ്ടാണ് ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോയത്. ഇപ്പോൾ അത്രയും നഷ്ടം ഈ സർക്കാരിന് വരുന്നില്ല. 80 രൂപയുടെ നഷ്ടം പഴയതുപോലെ സർക്കാർ വഹിക്കുന്ന സാഹചര്യമുണ്ടായാൽ 200 രൂപ കൊടുക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഈ പ്രശ്നം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റബ്ബറിന് കിലോയ്ക്ക് 200 രൂപയാക്കണമെന്നുള്ളതാണ് കർഷകരുടെ വികാരം. അതിന് കഴിയുന്നില്ലെങ്കിൽ തത്തുല്യമായ ഒരു വർദ്ധനവിന് സർക്കാർ തയ്യാറായാൽ വലിയ ആശ്വാസമാകും എന്നുള്ളത് സൂചിപ്പിക്കുകയാണ്. മറ്റൊരു കാര്യം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ഇപ്പോൾ ഇഴഞ്ഞുനീങ്ങുകയാണ്. റബ്ബർ കർഷകർക്ക് 150 രൂപ ലഭിച്ചാൽപ്പോലും അത് ആശ്വാസമാണ്. അതുകൊണ്ട് ആ പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം ഗവൺമെന്റ് പരിശോധിക്കണം. റബ്ബർ കർഷകർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ 150 രൂപയുടെ സംഭരണ പരിപാടി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, റബ്ബറിന് ഇത്രയേറെ വിലയിടിവുണ്ടായിട്ടും കേന്ദ്ര ഗവൺമെന്റ് റബ്ബറിന്റെ ഇറക്കുമതി നിർബാധം

തുടരുകയാണ്. നാലരലക്ഷം മെട്രിക് ടൺ റബ്ബർ ഇറക്കുമതി ചെയ്തുകഴിഞ്ഞുവെന്ന് ഇവിടെ പറഞ്ഞു. ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് റബ്ബർ ഇറക്കുമതിക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയെ തകർക്കുന്ന ഈ നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തരമായി പ്രധാനമന്ത്രിയെക്കണ്ട് റബ്ബർ ഇറക്കുമതി അവസാനിപ്പിക്കാനും കേരളത്തിലെ കർഷകരെ സഹായിക്കാനും വേണ്ടിയുള്ള ശക്തമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയമാണ് റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ നയങ്ങൾക്കനുസൃതമായല്ല റബ്ബറിന്റെ വിലയിടിവും വിലവർദ്ധനവും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ മറ്റൊരു കാർഷിക വിഭവത്തിനും നൽകാത്ത പ്രൊഡക്ഷൻ ഇൻസെന്റീവാണ് റബ്ബർ കർഷകർക്ക് കൊടുക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് 500 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചതെങ്കിലും അത് കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ആദ്യമായി കൃഷിവകുപ്പ് റബ്ബർ ബോർഡുമായി ചേർന്നുകൊണ്ട് കൃഷിക്കാർക്ക് മറ്റൊരു വരുമാനം ലഭിക്കത്തക്കവിധത്തിൽ ഒരു ഹെക്ടറിന് 15,000 രൂപ വീതം ഇടവിള കൃഷിക്കുവേണ്ടി നൽകുന്ന പദ്ധതി ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അത് റബ്ബർ കർഷകരെ സഹായി ക്കുന്നതിനുവേണ്ടി നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ്. റബ്ബറിന്റെ മൂല്യവർദ്ധിത മേഖലയിൽ നമ്മുടെ സംസ്ഥാനം വളരെ പുറകിലായതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനായി ഒരു കമ്പനിയും അതിന്റെ പ്രൊക്യവർമെന്റുമായി ബന്ധപ്പെട്ട് സിയാൽ, അമൂൽ മോഡലുകളിൽ രണ്ട് കമ്പനികളും ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വിപുലമായ ചർച്ച നടത്തുകയും അതിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. യെക്കൊണ്ട് ഇന്റർനാഷണൽ ബിഡ് നടത്തി ഒരു കൺസൾട്ടന്റിനെ നിയമിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി സുസ്ഥിരമായ ഒരു നടപടിയിലേയ്ക്ക് സംസ്ഥാന സർക്കാർ പൊയ്ക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, നേരത്തെ

പറഞ്ഞതുപോലെ നാലരലക്ഷം മെട്രിക് ടൺ റബ്ബർ ഇപ്പോൾ ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഇറക്കുമതി 52000 മെട്രിക് ടൺ വരെ എത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അത് അന്തർദ്ദേശീയ കരാറുകളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിന്റെ ഭാഗമാണ്. ഇടതുപക്ഷ ഗവൺമെന്റും ഇടതുപക്ഷ പാർട്ടികളുമെല്ലാം ആസിയാൻ കരാറുകൾക്കെതിരായി ആ കാലഘട്ടത്തിൽ നിലപാട് സ്വീകരിച്ചതാണ്. ഇപ്പോഴും ഞങ്ങൾ ആ നിലപാടിൽത്തന്നെയാണ്. ഈ ഗവൺമെന്റ് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിളയായ റബ്ബർ കൃഷിയെ സംരക്ഷിക്കാനും അത് വിപുലപ്പെടുത്താനും 95 ശതമാനത്തോളം വരുന്ന ചെറുകിട കർഷകരെ സംരക്ഷിക്കുന്നതിനുംവേണ്ടി ദൃഢനിശ്ചയത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റുൾപ്പെടെ ഒരു ഗവൺമെന്റും സ്വീകരിക്കാത്ത നടപടികളിലേയ്ക്കാണ് ഈ സർക്കാർ പൊയ്ക്കോണ്ടിരിക്കുന്നത്. റബ്ബർ ഇറക്കുമതിമൂലമുണ്ടായ വിലത്തകർച്ചകൊണ്ട് റബ്ബർ കർഷകരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ആരംഭിച്ചത്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് ആ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് ഒരു കിലോയ്ക്ക് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരികയാണ്. ആ പദ്ധതി പ്രകാരം കിലോയ്ക്ക് 150 രൂപയാണ് റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു വർഷം പരമാവധി 1800 കിലോഗ്രാമിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിൽതാഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിലുള്ള റബ്ബർ കൃഷിക്കാണ് സബ്സിഡി ലഭിക്കുന്നത്. റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡിത്തുക അവരുടെ അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക്സ് ട്രാൻസ്ഫർ മുഖേന വിതരണം ചെയ്യുന്ന നടപടി ഇപ്പോൾ തുടർന്നുവരികയാണ്. 2015-2016-ൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 300 കോടി രൂപയും 2016-2017-ൽ അനുവദിച്ച 451.46 കോടി രൂപയും സബ്സിഡിയായി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2017-2018-ൽ 500 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളതിൽ 75 കോടി രൂപ ഇതുവരെ ലഭിച്ചതനുസരിച്ചുള്ള സബ്സിഡി വിതരണത്തിനായി ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് 200 രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബറിനുള്ള താങ്ങുവില വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് നിയമസഭയുടെ പ്രമേയമായി

അവതരിപ്പിക്കുകയുണ്ടായി. പല ഘട്ടങ്ങളിലായി ഗവൺമെന്റ് ഇതുസംബന്ധിച്ച കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിക്കാൻ അനുമതി തരണമെന്നാവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുമായി ചർച്ച നടത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളൂ. കേന്ദ്രത്തിൽനിന്ന് അനുമതി കിട്ടിയാൽ അദ്ദേഹത്തെക്കണ്ട് സംസ്ഥാനത്തിന്റെ ആവശ്യം ഉന്നയിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട രാജു എബ്രഹാം ഇ-വേ ബില്ലിൽനിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അന്തർ സംസ്ഥാന വ്യാപാരത്തിന് ഇ-വേ ബിൽ ഒഴിവാക്കാൻ സാധിക്കില്ല. പക്ഷേ ഇവിടത്തെ പ്രശ്നം, പ്രത്യേകിച്ചും ലാറ്റക്സും മറ്റും കൊണ്ടുപോകുമ്പോൾ 10 കിലോമീറ്ററിനപ്പുറം ഇ-വേ ബിൽ വേണമെന്ന് വന്നാൽ പ്രശ്നമാണ്. അതുകൊണ്ട് സംസ്ഥാനത്തിനകത്തുള്ള റബ്ബറിന്റെ ചരക്കുനീക്കവുമായി ബന്ധപ്പെട്ട് ഇ-വേ ബിൽ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

മറ്റൊന്ന്, കുടിശ്ശിക സംബന്ധിച്ചുള്ളതാണ്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയുടെ ധനകാര്യവർഷം ആരംഭിക്കുന്നത് ജൂലൈ മാസത്തിലാണ്. ഈ വർഷം 75 കോടി രൂപ കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റബ്ബർ ബോർഡ് അപ്‌ലോഡ് ചെയ്തിട്ടുള്ള എല്ലാ ബില്ലിനും പണം കൊടുത്തിട്ടുണ്ട്. കൂടുതൽ വേഗത്തിൽ എങ്ങനെ പ്രോസസ്സ് ചെയ്യാം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഫിനാൻസ് സെക്രട്ടറി റബ്ബർ ബോർഡുമായി രണ്ട് മീറ്റിംഗ് നടത്തിയിട്ടുണ്ട്. അതിനുശേഷമാണ് പണം വിതരണം ചെയ്തിട്ടുള്ളത്. പണം നൽകുന്നതിന് തടസ്സമില്ല, കുടിശ്ശിക വരുത്തില്ല. എവിടെയെങ്കിലും സ്പെസിഫിക്കായി, അപ്‌ലോഡ് ചെയ്തിട്ട് കിട്ടിയിട്ടില്ല എന്നുപറഞ്ഞാൽ അത് പരിശോധിക്കാം. പൊതുവിൽ ഇങ്ങനെയാണ് പറയാൻ സാധിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ഇ-വേ ബിൽ കേരളത്തിൽ ഒഴിവാക്കുമെന്ന തീരുമാനം പ്രഖ്യാപിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ മലയോര കൃഷിക്കാർക്കുവേണ്ടി അഭിനന്ദിക്കുകയാണ്. റബ്ബറിന് 200 രൂപയെങ്കിലും അടിസ്ഥാന വിലയാക്കണമെന്നുതന്നെയാണ് കൃഷിക്കാരുടെ ഡിമാന്റ്. 150 രൂപ എന്നത് ലാഭവുമല്ല, നഷ്ടവുമല്ല എന്ന അവസ്ഥയാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിലെങ്കിലും അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ബജറ്റ് വന്നാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

## (2) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണ അട്ടിമറിയെക്കുറിച്ചും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ചുമാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 2013-ൽ ശ്രീ. ഇ. കെ. ഭരത്ഭൂഷൺ ചെയർമാനായി നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ.എ.എസ്.-നുള്ള ആരംഭം കുറിക്കുന്നത്. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ സംവരണത്തെക്കുറിച്ച് വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. All the reservation existing in the State will be applicable in the direct recruits of KAS എന്ന് ശ്രീ. ഭരത്ഭൂഷൺ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതിനുശേഷം 2016-ൽ ശ്രീമതി നളിനി നെറ്റോയുടെ നേതൃത്വത്തിൽ വന്ന ഇവാല്യുവേഷൻ റിപ്പോർട്ടിലും വളരെ വ്യക്തമായി സംവരണം സംബന്ധിച്ചും നിയമന രീതിയെ സംബന്ധിച്ചുള്ള പ്രയാസങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അതിനുശേഷവും കെ.എ.എസ്. നിയമനങ്ങളിൽ സംവരണവുമായി ബന്ധപ്പെട്ട് അട്ടിമറിയുണ്ടായിരിക്കുന്നു എന്നത് ദുഃഖകരമാണ്. സംവരണം എന്നത് കേവലം വ്യക്തികൾക്ക് നൽകുന്ന ഔദാര്യമല്ലെന്നും മറിച്ച് സമുദായങ്ങൾക്ക് നൽകുന്നതാണെന്നും ഭരണഘടന വ്യക്തമാക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിച്ചാണ് സർക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ സമാനമായ സർവ്വീസ് റൂൾസ് രൂപീകരിക്കപ്പെട്ടപ്പോൾ സംവരണം പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തണമെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഇത് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക-ന്യൂനപക്ഷ സമുദായങ്ങളോടുള്ള അവഗണനയായി കാണാവുന്നതാണ്. കൂടാതെ ഭരണഘടനാ ലംഘനവുമാണ്. ഭരണഘടനാ ഭേദഗതി (77)-ൽ ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. കെ.എ.എസ് എന്നത് പുതിയ ഉദ്യോഗസ്ഥ സംവിധാനമായതിനാൽ എൻട്രി കേഡർ എന്നത് പരിഗണിച്ച് സ്ട്രീം രണ്ടിലും മൂന്നിലും ഉദ്യോഗാർത്ഥികൾക്ക് നിയമപരമായി ലഭിക്കേണ്ട സംവരണം ഉറപ്പാക്കണം, അല്ലാതെ പ്രൊമോഷൻ പോസ്റ്റ് അല്ല ഇതെന്ന് നമുക്കറിയാം. സർക്കാർ സർവ്വീസിൽ നിലവിൽ 50:50 എന്ന രീതിയിൽ സംവരണം നിലവിലുള്ളപ്പോൾ കെ.എ.എസ്. പ്രകാരമുള്ള സംവരണം 16.5 ശതമാനം മാത്രമാണ്. അതായത് മുമ്പ് നൂറ് നിയമനങ്ങളിൽ 10 പട്ടികവിഭാഗക്കാർക്ക് അവസരം ലഭിക്കുമ്പോൾ ഇപ്പോൾ അത് മൂന്നിലൊന്നായി കുറയുന്നു. അതായത് മുന്നൂറ് നിയമനം നടന്നാൽ മാത്രമേ പത്ത്

പട്ടികജാതിക്കാർക്ക് നിയമനം ലഭിക്കുകയുള്ളൂ. ഫലത്തിൽ 99 നിയമനം നടക്കുമ്പോൾ 82.5 തസ്തികകൾ ജനറൽ വിഭാഗത്തിനും 16.5 തസ്തികകൾ സംവരണ വിഭാഗത്തിനും ലഭിക്കും. നിലവിലുള്ള വ്യവസ്ഥിതിയനുസരിച്ച് എല്ലാ വിഭാഗത്തിനും എത്രയാണ് ലഭിക്കുകയെന്ന കണക്ക് പരിശോധിച്ചാൽ വളരെ പ്രയാസമുണ്ടാകും. ഈയൊരു അർത്ഥത്തിൽ സർക്കാർ സർവ്വീസിൽ കയറി സംവരണം ലഭിച്ചവർക്ക് വീണ്ടും സംവരണം നൽകേണ്ടതില്ലെന്ന നിലപാട് നീതി നിഷേധമാണ്. കാരണം കെ.എ.എസ്. പുതിയ ഉദ്യോഗസ്ഥ സംവിധാനമാണ്. കെ.എ.എസ്. തസ്തികകൾ പുതുതായി സൃഷ്ടിച്ചതല്ല, നിലവിലുണ്ടായിരുന്ന തസ്തികകൾ കെ.എ.എസ്.-ആയി മാറ്റിയതാണ്. എല്ലാ തസ്തികകളും എൻട്രി കേഡറിൽ സംവരണം പാലിച്ചാണ് പി.എസ്.സി. നിയമനം നടത്തുന്നത്. ഇവർക്ക് സ്ഥാനക്കയറ്റം നല്കുമ്പോൾ ആനുപാതികമായി പിന്നോക്ക പ്രാതിനിധ്യം ഉറപ്പായിരിക്കണം. എന്നാൽ നിലവിലെ പത്ത് ശതമാനം തസ്തികകൾ കെ.എ.എസ്.-ലേയ്ക്ക് മാറ്റുമ്പോൾ നഷ്ടം ഉണ്ടാകുന്നതാണ്. സ്ഥാനക്കയറ്റംവഴി നൂറ് തസ്തിക നികത്തുമ്പോൾ 80 തസ്തികകൾ സ്വാഭാവികമായും നിലവിൽ സംവരണ വിഭാഗത്തിന് ലഭിക്കും. എന്നാൽ കെ.എ.എസ്.-ൽ അത് നേരത്തെ സൂചിപ്പിച്ചതുപോലെ 33 ശതമാനം മാത്രമാണ്. അതായത് നൂറ് തസ്തികയിൽ 50 എണ്ണം പിന്നോക്ക പട്ടികസമുദായത്തിലേയ്ക്ക് വരുമായിരുന്നത് 16.5 ശതമാനമായി കുറയുമെന്നതിന് യാതൊരു സംശയവുമില്ല. അടുത്തിടെ പി.എസ്.സി. നടത്തിയ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നൂറ് തസ്തികകളിൽ 75 എണ്ണം പ്രൊമോഷൻ വഴിയും 25 എണ്ണത്തിന് (അമ്പത് ശതമാനം) സർവ്വീസിലുള്ള അദ്ധ്യാപകർക്കും അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസറടക്കം സംവരണം ചെയ്തപ്പോൾ ബാക്കി 50 ശതമാനം തസ്തിക നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചു. ഈ രണ്ടു വിഭാഗത്തിലും പി.എസ്.സി. സംവരണം പാലിച്ചാണ് നിയമനം നടത്തിയതെന്ന് വളരെ വ്യക്തമായി മാധ്യമം അടക്കമുള്ള പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. 2017 ജൂലായ് മാസത്തെ മാധ്യമത്തിൽ അതിന്റെ വ്യക്തമായ റിപ്പോർട്ടുണ്ട്. സംവരണത്തിൽ അട്ടിമറി നടക്കുമെന്നും അതിന്റെ പ്രയാസമുണ്ടാകുമെന്നും അതിനാൽ കെ.എ.എസ്.-ൽ സംവരണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് എല്ലാ വിഭാഗത്തിലുള്ള ജനങ്ങളും ആവശ്യപ്പെടുകയാണ്. സി.പി.ഐ.(എം)-ന്റെ തന്നെ പട്ടിജാതിവിഭാഗ നേതാവും രാജ്യസഭാ എം.പി.യുമായ ശ്രീ. കെ. സോമപ്രസാദ് സംവരണം കെ.എ.എസ്.-ൽ ഉറപ്പാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഡിസംബർ 2017-ലെ മാധ്യമം പത്രത്തിൽ ആ റിപ്പോർട്ടുണ്ട്. സംവരണവുമായി ബന്ധപ്പെട്ട ഇന്ദിരാ സാഹ്നി കേസിൽ പ്രൊമോഷനുകൾക്ക് സംവരണം പാലിക്കണ്ടായെന്ന് ബഹുമാനപ്പെട്ട

സുപ്രീംകോടതി പറഞ്ഞിരുന്നു. ഇതിനെ മറികടക്കാൻവേണ്ടി കേന്ദ്രസർക്കാർ 77-ാം ഭരണഘടനാ ഭേദഗതി ചെയ്യുകയും അത് 16(4)(എ) ആയി ഉൾപ്പെടുത്തുകയും ചെയ്തു. ഭരണഘടനയുടെ പിൻബലമുള്ളതുകൊണ്ടാണ് പട്ടികജാതി വിഭാഗങ്ങൾക്കും മറ്റ് നിരവധി കീഴാള ജനവിഭാഗങ്ങൾക്കും അധികാരത്തിൽ പങ്കാളിത്തവും ഉദ്യോഗങ്ങളിൽ നിയമനവും ലഭിച്ചത്. Article 16(4A)-Nothing in this article shall prevent the State from making any provision for reservation in the matters of promotion, ……., to any class or classes of posts in service under the State in favour of Scheduled Castes and the Scheduled Tribes which, in the opinion of the State, are not adequately represented in the service under the State. ഇപ്പോൾ ദേവസ്വം ബോർഡിലും അതുപോലെ വഖഫ് ബോർഡിലും സംവരണഗതിമാറ്റിക്കൊണ്ട് പി.എസ്.സി.-ക്ക് നൽകണമെന്ന് പറയുമ്പോൾ സ്വാഭാവികമായും പി.എസ്.സി.-യിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന നിയമന നടപടികൾക്ക് വിരുദ്ധമായി പോകാൻ അവർക്ക് കഴിയില്ല. ദേവസ്വം ബോർഡിൽ എല്ലാ വിഭാഗങ്ങൾക്കും അപേക്ഷിക്കാൻ കഴിയുമെന്ന അവസ്ഥയുണ്ടാകാത്തതുപോലെ വഖഫ് ബോർഡിനും അവരുടേതായ അധികാരവും ആക്ടും ഉണ്ട്. ഗവൺമെന്റിന്റെ അഭിപ്രായ രൂപീകരണത്തോടുകൂടി അവിടെ നിയമനങ്ങൾ നടത്താമെന്ന് വഖഫ് ബോർഡിന്റെ ആക്ടിൽ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് വഖഫ് ബോർഡിലും ദേവസ്വം ബോർഡിലും സംവരണത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകാനിടയുണ്ട്. പി.എസ്.സി.-ക്ക് ഒരു വിഭാഗത്തിൽ നിന്നുമാത്രം അപേക്ഷ ക്ഷണിച്ച് മുന്നോട്ടുപോകാൻ കഴിയില്ല. നിലവിൽ സംവരണ വ്യവസ്ഥയുണ്ടായിട്ടുപോലും സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാർക്കിടയിലും അഡീഷണൽ സെക്രട്ടറിമാർക്കിടയിലും അത് കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. നിലവിലുള്ള സാമൂഹിക സംവരണത്തിന്റെ തോത് അട്ടിമറിച്ചുകൊണ്ട് മറ്റൊരു രൂപത്തിൽ പോകുമ്പോൾ പിന്നോക്ക ന്യൂനപക്ഷ സമുദായങ്ങൾക്കുണ്ടാകുന്ന പ്രയാസത്തിന് പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് സിവിൽ സർവ്വീസിലേയ്ക്ക് പ്രഗത്ഭരായ യുവജനങ്ങളെ ആകർഷിക്കുവാനും വകുപ്പുതല വേർതിരിവുകൾ ഇല്ലാതാക്കാനും കാര്യക്ഷമത മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും നിയമ വകുപ്പും കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി

കൂടിയാലോചിക്കുകയും ചെയ്തിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് മൂന്ന് വിഭാഗങ്ങളിലായി നടത്തുന്നതിനാണ് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്ട്രീം ഒന്നിൽ നേരിട്ടുള്ള നിയമനവും സ്ട്രീം രണ്ട്, മൂന്ന് എന്നിവയിൽ നിലവിൽ സർക്കാർ സർവ്വീസിലുള്ള ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം വഴിയുള്ള നിയമനവും നടത്തുന്നതിനാണ് വ്യവസ്ഥ. സ്ട്രീം ഒന്നിന് സംവരണ വ്യവസ്ഥകൾ ബാധകമാണ്. ഒരിക്കൽ സംവരണ വ്യവസ്ഥകൾ പാലിച്ച് സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടവരിൽ നിന്നുമാണ് സ്ട്രീം രണ്ടിലേയ്ക്കും മൂന്നിലേയ്ക്കും നിയമനം നടത്തുന്നത്. ഇത് തസ്തികമാറ്റം വഴി സർക്കാർ ജീവനക്കാരിൽ നിന്നുള്ള നിയമനമായതിനാൽ സംവരണ വ്യവസ്ഥകൾ നിയമപരമായി ബാധകമാകുന്നില്ല. ജില്ലാ വിദ്യാഭ്യാസഓഫീസർ തസ്തികയിലെ പി.എസ്.സി. നിയമനം നേരിട്ടുള്ള നിയമനമാണ്. ആയതിനാൽ സംവരണ തത്വങ്ങൾ പാലിച്ചാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തിവരുന്നത്. നിലവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് സംവരണ വ്യവസ്ഥകൾ ബാധകമല്ല. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലും നേരിട്ടുള്ള നിയമനത്തിന് സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പി.എസ്.സി. മുഖാന്തരം നടക്കുന്ന നിയമനങ്ങളിൽ സർക്കാർ ഇടപെടില്ലെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ കെ.എ.എസ്.-ന്റെ കാര്യത്തിൽ പരീക്ഷകളുടെ സ്കീമും സിലബസും സംസ്ഥാന സർക്കാരുമായി ആലോചിച്ച് തീരുമാനിക്കണമെന്നാണ് സ്പെഷ്യൽ റൂളിൽ പറയുന്നത്. ഈ വിവാദ വ്യവസ്ഥ ഒഴിവാക്കിക്കൂടേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പി.എസ്.സി.യുമായി ആലോചിച്ചാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ചർച്ചകളിലൂടെ അത് പരിഹരിക്കാവുന്നതേയുള്ളൂ.

## IV സബ്മിഷൻ

### (1) സ്റ്റിക്കർ പതിപ്പിക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, കഴിഞ്ഞ കുറേ ദിവസങ്ങളായി കേരളത്തിൽ അന്തർസംസ്ഥാന മോഷണ-ഭിക്ഷാടന മാഫിയ സജീവമാണെന്നാണ് പത്ര-ദൃശ്യ മാധ്യമങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യുന്നത്. "സ്റ്റിക്കർ ഭീതിയിൽ നാട്, പിടികിട്ടാതെ പോലീസ്; കാരണക്കാരെ കണ്ടെത്തിയില്ല പരിഭ്രമം വർദ്ധിക്കുന്നു" എന്ന പത്രറിപ്പോർട്ടുണ്ട്. നെടുമങ്ങാട്, ബാലരാമപുരം,

പുതുക്കുളങ്ങര, അവനവഞ്ചേരി, കല്ലമ്പലം, കരവാരം, മലയിൻകീഴ് തുടങ്ങിയ തിരുവനന്തപുരത്തെ പല സ്ഥലങ്ങളിലും വീടുകളിൽ അടയാളങ്ങളും സ്റ്റിക്കറും പതിക്കുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള നിരവധി സ്ഥലങ്ങളിൽ ഇതുപോലെയുള്ള സ്റ്റിക്കറുകൾ പതിപ്പിക്കുന്നുവെന്ന പ്രചരണങ്ങളാണ് നടക്കുന്നത്. ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ വാർത്ത വരുന്നു. അതോടൊപ്പം സോഷ്യൽ മീഡിയായിൽ വാട്ട്സ്ആപ് ഗ്രൂപ്പിലൂടെ സംഭ്രമജനകമായ രീതിയിലാണ് ഇത്തരം പ്രചരണങ്ങൾ നടക്കുന്നത്. മോഷണ-ഭിക്ഷാടന മാഫിയയാണ് ഇതിന്റെ പിന്നിലെന്നാണ് വാർത്തകളിലൂടെ അറിയാൻ കഴിയുന്നത്. കറുത്ത സ്റ്റിക്കറുകൾ പതിക്കുന്നതിനാൽ ജനങ്ങളിൽ ആശങ്ക വർദ്ധിക്കുകയാണ്. വീടുകൾ ആക്രമിച്ച് കവർച്ച നടത്തുന്നതിനോ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതിനോ ലക്ഷ്യംവയ്ക്കുന്നതരത്തിലുള്ള ആശങ്കയാണ് നിലവിലുള്ളത്. അതോടൊപ്പം സാമൂഹ്യമാധ്യമങ്ങളിൽ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന മാഫിയ കേരളത്തിൽ സജീവമാണെന്ന പ്രചരണവും നടക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ കേരള സമൂഹത്തിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും കറുത്ത സ്റ്റിക്കർ പതിപ്പിക്കുന്നതിന് കാരണമെന്തെന്ന് ജനങ്ങളെ അറിയിക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പ്രത്യേക തരത്തിലുള്ള ചില സ്റ്റിക്കറുകൾ അജ്ഞാതവ്യക്തികൾ വീടുകളിൽ പതിക്കുന്നുവെന്നും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘത്തിൽപ്പെട്ടവരാണ് ഇതിനുപിന്നിലെന്നും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുള്ള പ്രചരണം മാധ്യമങ്ങളിലും പ്രത്യേകിച്ചും സോഷ്യൽ മീഡിയയിലും വരുന്നുണ്ട്. ഇത്തരമൊരു സാഹചര്യം കഴിഞ്ഞ വർഷം വടക്കൻ കേരളത്തിൽ വിശേഷിച്ച് മലപ്പുറത്തുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ എല്ലാ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്കും ജാഗ്രതാനിർദ്ദേശം നൽകുകയും തുടർന്ന് നടന്ന പ്രാഥമിക അന്വേഷണത്തിൽ അത്തരമൊരു സംഭവം നടന്നിട്ടില്ലായെന്നും അതുസംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്നും വ്യക്തമാക്കിയിരുന്നതാണ്. സമീപ ദിവസങ്ങളിൽ ചില വീടുകളിൽ കറുത്ത സ്റ്റിക്കറുകൾ പതിച്ചതായി ശ്രദ്ധയിൽപ്പെട്ടയുടൻ സംസ്ഥാന പോലീസ് മേധാവി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കൺട്രോൾ റൂമുകൾക്കും സൈബർ സെല്ലുകൾക്കും ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഭീതിയുളവാക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് തടയാനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ആശങ്കകൾ ഏതെങ്കിലും വ്യക്തികൾ അറിയിച്ചാൽ എത്രയുംവേഗം അത് സംബന്ധിച്ച്

അന്വേഷണവും തുടർനടപടികളുമുണ്ടാകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. പ്രധാനമായും തിരുവനന്തപുരം, എറണാകുളം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലെ ഏതാനും ചില വീടുകളിലാണ് ഇത്തരം കറുത്ത സ്റ്റിക്കറുകൾ പതിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടത്. ഇത് സംബന്ധിച്ച് അന്വേഷിക്കാൻ അതാത് റെയ്ഞ്ച് ഐ.ജി.-മാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

## (2) കോടതി റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യൽ

ശ്രീ. എ. എൻ. ഷംസീർ: സർ, ഡിജിറ്റലൈസേഷന് വലിയ പ്രാമുഖ്യവും പരിഗണനയും കൊടുക്കുന്ന സർക്കാരാണ് ഈ സർക്കാർ. എന്നാൽ കേരളത്തിൽ ഹൈക്കോടതിയടക്കമുള്ള എല്ലാ കോടതികളിലും ഡിജിറ്റലൈസേഷന്റെ പ്രവർത്തനത്തിന് വേണ്ടത്ര വേഗതയില്ലെന്ന് മനസ്സിലാക്കുന്നു. പല റെക്കോർഡ്സുകളും ഇപ്പോഴും കടലാസ് രൂപത്തിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത്. പല കോടതികളിലെയും വിലപ്പെട്ട രേഖകളും പ്രമാണങ്ങളും കാലപ്പഴക്കംമൂലം നശിച്ചുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. കോടതികളിലെ റെക്കോർഡ്സ് മുറികളിൽ സ്ഥലപരിമിതിമൂലം അതൊക്കെ വേണ്ട രീതിയിൽ സംരക്ഷിക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. തലശ്ശേരി ജില്ലാ കോടതി 1802-ൽ സ്ഥാപിക്കപ്പെട്ട കോടതിയാണ്. നോർത്ത് മലബാറിലെ കോടതിയായാണ് സ്ഥാപിക്കപ്പെട്ടത്. ബൈസെന്റിനറി സെലിബ്രേഷൻ ആഘോഷിച്ച ഇന്ത്യയിലെതന്നെ അപൂർവ്വം കോടതികളിലൊന്നാണ് തലശ്ശേരി ജില്ലാകോടതി. ഇവിടെ ഏതാണ്ട് 216 വർഷം പഴക്കമുള്ള പല റെക്കോർഡ്സുകളുമുണ്ട്. ഈ റെക്കോർഡ്സുകളെല്ലാം handwritten ആണ്, പേപ്പർ ആണ്. അതിന്റെ ഭാഗമായി പലതും നശിച്ചുപോകുന്ന സാഹചര്യമാണുള്ളത്. നമ്മുടെ സംസ്ഥാനത്തെ ഹൈക്കോടതിയുൾപ്പെടെയുള്ള ജില്ലാ കോടതികൾ, സബ്കോർട്ടുകൾ, അതുപോലെ സെന്റിനറി സെലിബ്രേഷൻ പിന്നിട്ട കോടതികൾ ഇവിടെയെല്ലാം സൂക്ഷിക്കുന്ന റെക്കോർഡ്സുകൾ ഡിജിറ്റൈസ് ചെയ്യാൻ സാധിക്കണം, നമുക്കൊരു ആവശ്യം വരികയാണെങ്കിൽ ഉദാഹരണത്തിന് പഠനസംബന്ധമായ ആവശ്യത്തിന് 1800-ലെ റെക്കോർഡ്സ് ആവശ്യമാണെങ്കിൽ അത് ഡിജിറ്റൈസ് ചെയ്താൽ വളരെ പെട്ടെന്ന് കിട്ടും. ഇപ്പോൾ അങ്ങനെയല്ലാത്തതുകൊണ്ട് പലതും നശിച്ചുപോകുന്നു, പഠനത്തിനുവേണ്ടി നമുക്ക് കിട്ടാത്ത സാഹചര്യമുണ്ട്. ഹൈക്കോടതിയിൽ ഈ രീതിയിൽ ഡിജിറ്റലൈസേഷൻ പ്രവർത്തനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെങ്കിൽ അത് എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കണം. ഒരു ടൈം ഫ്രെയിമിനകത്തുനിന്നുകൊണ്ട് ഈ കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഹൈക്കോടതി രേഖകളുടെ സ്കാനിംഗിനും ഡിജിറ്റലൈസേഷനുമുള്ള ശിപാർശ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിന് ഭരണാനുമതി നൽകുന്നതാണ്. ഇതുപ്രകാരം ഹൈക്കോടതി രേഖകളുടെ ഡിജിറ്റലൈഷൻ രണ്ട് ഘട്ടങ്ങളിലായി 2018-19-ൽ പൂർത്തീകരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നു. കൂടാതെ സബോർഡിനേറ്റ് കോടതികളിലെ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന തിലേയ്ക്കായി ജില്ലാ കോടതികളിലെയും സബോർഡിനേറ്റ് കോടതികളിലെയും കേസ് വിവരങ്ങൾ ഹൈക്കോടതി ശേഖരിക്കുകയും ഭരണാനുമതിക്കുള്ള നടപടികൾ ഹൈക്കോടതിതലത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## (3) നഗരൂരിൽ പോലീസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ: സർ, നിലവിലെ ജനപ്രിയ സർക്കാർ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദിഷ്ട പോലീസ് സ്റ്റേഷൻ നഗരൂർ കേന്ദ്രമാക്കി ആരംഭിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. നാല് പഞ്ചായത്തുകളും നഗരസഭയും ഉൾപ്പെടുന്ന ഈ പ്രദേശം അങ്ങേയ്ക്ക് അറിയാവുന്നതാണ്. തുടർച്ചയായുണ്ടാകുന്ന സംഭവങ്ങളും പോലീസ് നടത്തിയിട്ടുള്ള വിശദമായ പഠന റിപ്പോർട്ടും അടിസ്ഥാനപ്പെടുത്തിയാണ് 2016-17 സാമ്പത്തിക വർഷത്തിൽ അവിടെ പുതിയതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അങ്ങ് അനുമതി നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞു. പ്രസ്തുത സാഹചര്യത്തിൽ അടിയന്തരമായി നിർദ്ദിഷ്ട പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ നഗരൂർ ഉൾപ്പെടെ 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിരുന്ന ഏഴ് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി 22-9-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. നഗരൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് ആവശ്യമായ അംഗബലം അനുവദിച്ച് പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരികയാണ്.

## (4) ആദിവാസി ചികിത്സാ കേന്ദ്രവും മ്യൂസിയവും അനുവദിക്കൽ

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിതുര, കല്ലാർ, മൊട്ടമൂട് ആദിവാസി മേഖലയിൽ താമസിക്കുന്ന നമ്മളെല്ലാവരും വനമുത്തശ്ശി എന്നുവിളിക്കുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയ്ക്ക് പത്മശ്രീ പുരസ്കാരം ലഭിച്ചത് ഓരോ മലയാളിക്കും അഭിമാനിക്കാവുന്നതാണ്. 1995-ൽ സംസ്ഥാന സർക്കാർ 'നാട്ടുവൈദ്യരത്ന' പുരസ്കാരം നൽകിയത് നാട്ടുചികിത്സയിൽ അവരുടെ പ്രാഗത്ഭ്യം കണക്കിലെടുത്താണ്. നാട്ടുവൈദ്യത്തിൽ വിഷചികിത്സയിൽ ഏകദേശം ആറ് പതിറ്റാണ്ടുകളായിട്ടുള്ള പ്രവർത്തനപരിചയമാണ് ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയ്ക്കുള്ളത്. ഏത് ജീവിയുടെ വിഷദംശനമേറ്റാലും പ്രതിവിധിയായി നൽകുവാൻ അമ്മയുടെ കൈയിൽ ധാരാളം മരുന്നുകളുണ്ട്. ഇതൊന്നും ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മ ശാസ്ത്രീയമായി പഠിച്ച് നേടിയ അറിവുകളല്ല, തലമുറകളായി പൂർവ്വികർ കൈമാറിവന്ന ജ്ഞാനത്തിലൂടെ ലഭിച്ചതാണ്. കഴിഞ്ഞ 75 വർഷമായി വനത്തിനുള്ളിൽ താമസിച്ച് ഓരോ ചെടിയുടെയും സ്പന്ദനങ്ങൾ മനസ്സിലാക്കി, അഞ്ഞൂറിൽപ്പരം മരുന്നുകളുടെ കൂട്ടാണ് ഇന്ന് യാതൊരു കുറിപ്പടിയുമില്ലാതെ ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മ നൽകുന്നത്. സാമ്പത്തികലാഭം നോക്കാതെ ഒരുതരത്തിലുള്ള പരസ്യകോലാഹലങ്ങളോ അതല്ലെങ്കിൽ ബോട്ട്ലിംഗ് പ്ലാന്റോ ഇല്ലാതെയുള്ള പ്രവർത്തനങ്ങളാണ് മൺവീട്ടിൽ നിന്നുകൊണ്ട് അവർ ചെയ്തുവരുന്നത്. ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയെപ്പോലുള്ളവർക്ക് ആദിവാസി ചികിത്സ നടത്തുവാനുള്ള മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കണം. അതുപോലെ ഔഷധച്ചെടികൾ വളർത്താനുള്ള ഇൻസെന്റീവും നൽകണം. ആദിവാസി ഗോത്ര സംസ്കാരത്തിലധിഷ്ഠിതമായ ചികിത്സാ രീതികളെക്കുറിച്ചുള്ള പ്രചരണവും പഠനങ്ങളും നടത്തേണ്ടത് ആവശ്യമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് പത്മശ്രീ ലക്ഷ്മിക്കുട്ടി അമ്മയുടെ നാമധേയത്തിൽ വിതുരയിലെ ആദിവാസി മേഖലയായ കല്ലാറിൽ ഒരു ആദിവാസി ചികിത്സാ കേന്ദ്രവും ഒരു മ്യൂസിയവും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഏറ്റവും പിന്നോക്കസാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് പാരമ്പര്യഗോത്ര ചികിത്സാരീതികൾ തപസ്യയായി സ്വീകരിച്ച് അതിന്റെ പ്രചരണത്തിനും പ്രയോഗത്തിനും ഊന്നൽനൽകിയ ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയ്ക്ക് പത്മശ്രീ പുരസ്കാരം ലഭിച്ചതിന് സർക്കാർ അവരെ അഭിനന്ദിക്കുകയാണ്. കേരളത്തിലെ പട്ടികഗോത്ര വിഭാഗങ്ങളുടെ ഇടയിൽ പരമ്പരാഗത ചികിത്സാരീതികൾ അനുവർത്തിച്ചുവരുന്ന നിരവധി വൈദ്യന്മാരുണ്ട്. ഗോത്ര ജനവിഭാഗങ്ങൾക്കുള്ളിൽ

ഒതുങ്ങിനിന്നിരുന്ന ഇത്തരം വൈദ്യശാസ്ത്ര വിജ്ഞാനത്തെ പൊതുരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കിർത്താഡ്സ് നിരവധി പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിലുള്ള വൈദ്യന്മാരെ കണ്ടെത്തുക, ഇവരുടെ അറിവ് പുറംലോകത്തിനുകൂടി ലഭ്യമാക്കുക, ഇത്തരം മരുന്നുകൂട്ടുകൾ ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights), പാരമ്പര്യജ്ഞാനം എന്നിവയെ സംരക്ഷിക്കുന്നതിനും പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനുമുള്ള പരിശീലനപരിപാടികൾ കിർത്താഡ്സ് ഇപ്പോൾ നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ പാരമ്പര്യവൈദ്യന്മാരുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരവും ഒരുക്കുന്നുണ്ട്. നിലവിൽ task force for the documentation of tribal medicine practices എന്ന പദ്ധതിയിൽ കാണിക്കാർ, മുതുവാൻ, ഇരുളർ, മുദുഗർ, കുറുമ്പർ, കുറിച്യർ, മുള്ളുക്കുറുമ, മാവിരൽ, മലവേട്ടുവൻ വിഭാഗങ്ങളിലെ വൈദ്യന്മാരുടെ വൈദ്യജ്ഞാനവും ഭക്ഷണരീതികളും ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. മരുന്നുചെടികളുടെ തോട്ടം നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ധനസഹായം ഇപ്പോൾ നൽകിവരുന്നുണ്ട്. പത്മശ്രീ ലഭിച്ച ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മ കിർത്താഡ്സിന്റെ അംഗീകൃത പാരമ്പര്യവൈദ്യന്മാരുടെ പട്ടികയിൽ പ്രമുഖസ്ഥാനം വഹിച്ചുവരുന്ന മഹതിയാണ്. ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയെപ്പോലെ കേരളത്തിന്റെ വ്യത്യസ്ത ഗോത്ര വിഭാഗങ്ങളിൽപ്പെടുന്ന പരമ്പരാഗത വൈദ്യവിഭാഗത്തെ സംരക്ഷിക്കുന്നതിനും അത്തരം അറിവുകൾ അന്യംനിന്നുപോകാതിരിക്കുന്നതിനും കിർത്താഡ്സ് വംശീയവൈദ്യ പഠനഗവേഷണ കേന്ദ്രം ആരംഭിച്ചിരുന്നു. ഈ മേഖലയിൽ കിർത്താഡ്സ് മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും നൽകിവരുന്ന എല്ലാ സഹായവും പത്മശ്രീ ലക്ഷ്മിക്കുട്ടി അമ്മയ്ക്കും ലഭിച്ചുവരുന്നുണ്ട്. ഗോത്ര ചികിത്സാ രീതികളും മരുന്നുകളും പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പി ക്കുന്നതിനുമുള്ള ഒരു പ്രോജക്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന ലഭ്യമായാൽ ഉചിതമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കിർത്താഡ്സ് ഏതാണ്ട് 250 ഗോത്രവംശീയ വൈദ്യന്മാരെ കണ്ടെത്തിയിട്ടുണ്ട്. ശ്രീ. ഈശ്വരൻ കാണി പാലോട്, തിരുവനന്തപുരം, ശ്രീ. അപ്പുക്കുട്ടൻ കാണി പാലോട്, തിരുവനന്തപുരം, ശ്രീ. രാജൻ വൈദ്യർ വയനാട്, ശ്രീ. ചന്തുവൈദ്യർ വയനാട്, ശ്രീമതി ചെല്ലവൈദ്യത്തി അട്ടപ്പാടി, ശ്രീ. അണ്ണാദുരൈ വൈദ്യർ ഇടുക്കി, ശ്രീ. ചിന്നണ്ണൻ വൈദ്യർ ഇടുക്കി ഇവരൊക്കെ ജീവിച്ചിരിക്കുന്നവരിൽ വളരെ പ്രമുഖരാണ്. ഏതാണ്ട് ഇവരോടൊപ്പവും ചിലർ ഇവരേക്കാൾ അപ്പുറവുമുള്ള വൈദ്യന്മാരുമുണ്ട്. വയനാട് വാളോട്ടുള്ള അപ്പച്ചൻ വൈദ്യരാണ് രോഗചികിത്സാ

രീതിയിൽ അഗ്രഗണ്യനായത്. അദ്ദേഹം 2017-ൽ മരണപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡ്സ് കണ്ടെത്തിയ 250 വൈദ്യന്മാർക്ക് പതിനായിരം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. വംശീയ വൈദ്യന്മാരുടെ പേരും അവരുടെ ചികിത്സാ മേഖലയും സംബന്ധിക്കുന്ന പേരുവിവര സൂചിക കിർത്താഡ്സ് ഇപ്പോൾ പുറത്തിറക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുകാര്യം സൂചിപ്പിക്കുകയാണ്. പത്മശ്രീ ലക്ഷ്മികുട്ടി അമ്മയുടെ പേര് യഥാർത്ഥത്തിൽ ഗവൺമെന്റ് ശിപാർശ ചെയ്തിരുന്നില്ല. ഈ മേഖലയിൽ ഈ രൂപത്തിലുള്ള അവാർഡ് കൊടുക്കുമെന്ന ധാരണയും ഉണ്ടായിരുന്നില്ല. പത്രങ്ങളിലൊക്കെ വന്നതുകൊണ്ട് ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. വിവരാവകാശ കമ്മീഷന്റെ ഭാഗമായി പത്രങ്ങളിൽ വന്ന 42 പേരെയാണ് കേരള ഗവൺമെന്റ് പത്മ പുരസ്കാരത്തിനായി ശിപാർശ ചെയ്തത്. അതിൽ 41 എണ്ണവും തള്ളിക്കളഞ്ഞു. ഇവിടെ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുടെ പേര് മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളുടെ പേരല്ല കേരള ഗവൺമെന്റ് കൊടുത്തത്. ഇതിൽ ശ്രീ. എം.ടി. വാസുദേവൻ നായരെ പത്മവിഭൂഷൺ അവാർഡിനായാണ് കേരള ഗവൺമെന്റ് ശിപാർശ ചെയ്തത്. പത്മഭൂഷൺ അവാർഡിനായി മമ്മൂട്ടി, മോഹൻലാൽ തുടങ്ങിയ ആളുകളുടെ പേരും ശിപാർശ ചെയ്തിരുന്നു. സൂര്യാകൃഷ്ണമൂർത്തി, ചവറ പാറുക്കുട്ടി, കലാനിലയം പരമേശ്വരൻ, സദനം കൃഷ്ണൻകുട്ടി നായർ, കാനായി കുഞ്ഞിരാമൻ, പണ്ഡിറ്റ് രമേശ് നാരായണൻ, ആർട്ടിസ്റ്റ് നമ്പൂതിരി, കെ.ജി. ജയൻ, പ്രൊഫ. എം. സുബ്രഹ്മണ്യൻ ശർമ്മ, കലാമണ്ഡലം വിമലാ മേനോൻ, നെടുമുടി വേണു, മാതംഗി സത്യമൂർത്തി, ജി.കെ. പിള്ള, പുതുമന ഗോവിന്ദൻ നമ്പൂതിരി തുടങ്ങിയ ഒരുപാട് ആളുകളുടെ പേരുകൾ പത്മശ്രീ അവാർഡിനായി കൊടുത്തിരുന്നു. ഇതിൽ രാഷ്ട്രീയമായി ഒരാളുടെ പേരുപോലും കൊടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അന്തസ്സുള്ള സമീപനം സ്വീകരിക്കണ്ടേ? കഴിഞ്ഞ പ്രാവശ്യം ഇതേ അനുഭവമുണ്ടായി. ഇത് ശരിയായ സമീപനമാണെന്ന് തോന്നുന്നില്ല. ശ്രീ. എം. ടി. വാസുദേവൻ നായർക്ക് പത്മവിഭൂഷണിനായി ഗവൺമെന്റ് ശിപാർശ ചെയ്തിരുന്നുവെങ്കിലും ശ്രീ. പരമേശ്വരനാണ് കൊടുത്തത്. അദ്ദേഹത്തിന് കൊടുത്തതിൽ ഒരു വിയോജിപ്പുമില്ല. പരമേശ്വരന്റെ പേര് വേറൊരു പരമേശ്വരൻ ശിപാർശ ചെയ്തു എന്നാണ് പറഞ്ഞത്. അത് ആരാണെന്ന് അറിയില്ല. പത്മവിഭൂഷൺ അവാർഡിന് ശ്രീ. എം.ടി. വാസുദേവൻ നായരെയും പത്മഭൂഷൺ അവാർഡിന് മമ്മൂട്ടി, മോഹൻലാൽ തുടങ്ങിയവരുടെയും പേരുകൾ നിഷ്കരുണം തള്ളിയിട്ട് എവിടെ നിന്നോ ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നത് മാന്യമായ സമീപനമായി തോന്നുന്നില്ല. പല മേഖലകളിലേയ്ക്കും കേന്ദ്ര ഗവൺമെന്റ് കടക്കുന്നുണ്ട്. ഇനി മന്ത്രവാദത്തിന് കൊടുക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാന ഗവൺമെന്റിന്റെ ശിപാർശകളൊന്നും അംഗീകരിക്കാത്ത കേന്ദ്ര നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ നടപടി കേന്ദ്രത്തെ അറിയിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യം പറയാൻ ഞാൻ നിർബന്ധിക്കപ്പെട്ടത് വിവരാവകാശ കമ്മീഷൻ മുഖേന പത്രങ്ങളിൽ വാർത്ത വന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ കേന്ദ്രസർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ്. ഏതെല്ലാം മേഖലകളിലൊക്കെ പുരസ്കാരം കൊടുക്കാൻ പോകുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം കളരിപ്പയറ്റിനും ഇപ്പോൾ പാരമ്പര്യ വൈദ്യത്തിനും കൊടുത്തതും നല്ല കാര്യമാണ്. ഇനി മന്ത്രവാദത്തിനും ജ്യോതിഷത്തിനും കൊടുക്കാൻ പോകുന്നുണ്ട്. ഇനി കൈനോട്ടത്തിനും കൊടുക്കുമായിരിക്കാം. കൈനോട്ടത്തിന് പരിഗണിക്കുമ്പോൾ എന്റെ പേര് ഞാൻ തന്നെ നിർദ്ദേശിക്കുമെന്നുള്ളത് കൂടി ഇവിടെ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ജ്യോതിഷത്തിൽ പ്രാവീണ്യമുള്ള ആൾ ആയതുകൊണ്ടാണോ അങ്ങ് നിർദ്ദേശിക്കുമെന്ന് പറയുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട എ. കെ. ആന്റണി രാജി വയ്ക്കാൻ പോകുന്നുവെന്ന് ഞാൻ അവിടെ നിന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റേത് മൂലം നക്ഷത്രമാണ്. പൂരുരുട്ടാതി നക്ഷത്രത്തിൽ ആയിരുന്നു സത്യപ്രതിജ്ഞ ചെയ്തത്. അങ്ങനെയുള്ള ഒരാൾക്ക് സ്ഥാനഭ്രംശം ഉണ്ടാകുമെന്ന് ഞാൻ നിയമസഭയിൽ പറഞ്ഞതാണ്. അത് ഇവിടെ സംഭവിക്കുകയും ചെയ്തു.

## (5) ഭൂമി വാങ്ങിയവർക്ക് അവകാശം ലഭ്യമാക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, രാജഭരണകാലത്ത് നമ്മുടെ രാജ്യത്ത് എത്തിച്ചേർന്ന വിദേശികൾക്ക് തോട്ടം നടത്തിപ്പുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് ഏക്കർ ഭൂമി കൊടുത്തിരുന്നു. ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുമ്പുതന്നെ നമ്മുടെ രാജ്യത്തേയ്ക്ക് വന്ന ആളുകൾക്ക് നൽകിയ ഭൂമിയിൽനിന്ന് ആ കാലഘട്ടത്തിലെ കുടിയേറ്റ കൃഷിക്കാർ ഭൂമി വാങ്ങുകയും അവർ മൂന്നുനാല് തലമുറകളായി കൃഷി ചെയ്തുവരികയുമാണ്. രാജമാണിക്യം റിപ്പോർട്ട് വന്നിട്ട് ആറുവർഷമായി. രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ സ്വാതന്ത്ര്യമാകുന്നതിനുമുമ്പ് ഇത്തരത്തിൽ ക്രയവിക്രയം നടന്നിട്ടുള്ള ഭൂമിയുമായി ബന്ധപ്പെട്ട് വലിയ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ തർക്കത്തിന്റെ

ഭാഗമായി ചെറുകിട കൃഷിക്കാരെക്കൂടി ഉൾപ്പെടുത്തുക വഴി കേരളത്തിലെ ആയിരക്കണക്കിന് ചെറുകിട കൃഷിക്കാർ പ്രത്യേകിച്ച്, ഇടുക്കി ജില്ലയിലെ ആയിരക്കണക്കിന് കൃഷിക്കാർ വളരെ പ്രതിസന്ധിയിലായ സാഹചര്യമുണ്ട്. ഇക്കാര്യം മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ചർച്ച ചെയ്തതാണ്. കെ.എൽ.ആർ. ആക്ട് വരുന്നതിനുമുമ്പ് ഭൂമി വാങ്ങിയിട്ടുള്ള കൃഷിക്കാരെ രാജമാണിക്യം റിപ്പോർട്ടിന്റെ പരിധിയിൽനിന്ന് ഇളവ് ചെയ്ത് കരം അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന ഉറപ്പാണ് അന്ന് നൽകിയിരുന്നത്. എന്നാൽ അതുമായി ബന്ധപ്പെട്ട മിനിട്ട്സ് പരിശോധിച്ചപ്പോൾ മനസ്സിലായത് പ്രസ്തുത തീരുമാനം വന്നിട്ടില്ല എന്നാണ്. അന്ന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്ന തീരുമാനവും മിനിട്ട്സിന്റെ ഭാഗമായില്ല. ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയാത്തവിധം ഭൂമിയിന്മേലുള്ള അവകാശം കൃഷിക്കാർക്ക് നഷ്ടപ്പെടുന്ന സാഹചര്യമാണ്. അവിടെ 90 ദിവസമായി സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിക്കണം. കേരളത്തിൽ ഇത്തരത്തിൽ ഭൂമി കൈവശം വച്ചിട്ടുള്ള ആളുകൾക്ക് കരം അടയ്ക്കുന്നതിനും ഭൂമിയിന്മേൽ അവരുടെ അവകാശം സ്ഥാപിച്ചെടുക്കുന്നതിനും അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയുടെ അനധികൃത കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ ശ്രീ. രാജമാണിക്യം ഐ.എ.എസ്.-ന്റെ പ്രൊസീഡിംഗ്സിന്റെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ കൈവശഭൂമിയുടെയും അവർ വിറ്റ ഭൂമിയുടെയും പോക്കുവരവ് ചെയ്യുന്നതും കരം വാങ്ങലും നിർത്തിവച്ചിരുന്നു. പ്രസ്തുത നടപടിക്ക് എതിരെ ബന്ധപ്പെട്ട കക്ഷികൾ നൽകിയ ഹർജി പരിഗണിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സംസ്ഥാനത്തിന്റെ പ്രസ്തുത ഭൂമിയിലുള്ള അവകാശത്തെ ഹനിക്കാത്ത വിധത്തിൽ നികുതി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്ന് പ്രസ്തുത കേസിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമിയിൽനിന്നും രണ്ടേക്കർ വരെ വാങ്ങിയ ചെറുകിട കർഷകരിൽനിന്ന് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പ്രസ്തുത ഭൂമിയിലുള്ള സംസ്ഥാനത്തിന്റെ അവകാശത്തെ ഹനിക്കാത്ത വിധത്തിൽ താൽക്കാലികമായി നികുതി സ്വീകരിക്കുന്നതിനുള്ള അനുമതി ജില്ലാതല റവന്യൂ ഉദ്യോഗസ്ഥർക്ക് 1-10-2015-ൽ നൽകി ഉത്തരവ്

പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം രണ്ടേക്കർ വരെയുള്ള ചെറുകിട കർഷകരുടെ ഭൂമിക്ക് നിലവിൽ നികുതി സ്വീകരിക്കുന്നുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വിവിധ കേസ്സുകൾ നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലിരിക്കുന്ന ബന്ധപ്പെട്ട കേസ്സുകളിൽ സ്റ്റാറ്റസ്കോ തുടരണമെന്ന ഉത്തരവ് നിലനിൽക്കുന്നതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ പ്രസ്തുത കേസ്സുകളെ ബാധിക്കുമെന്നതിനാലും കെ.എൽ.ആർ. ആക്ട് നിലവിൽ വരുന്നതിനുമുമ്പ് മുറിച്ച് വിറ്റിട്ടുള്ള തോട്ടം വാങ്ങിയവർക്ക് അവരുടെ ഭൂമിയിൽ അവകാശം പുനഃസ്ഥാപിച്ച് നൽകണമെന്നും എല്ലാവിധമായ റവന്യൂ രേഖകളും ഉപാധിരഹിതമായി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച തുടർനടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിനനുസൃതമായി സ്വീകരിക്കുന്നതായിരിക്കും.

**11.00 a.m.**

## (6) ചെറുപുഴ-വള്ളിത്തോട് മലയോര ഹൈവേ

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രശസ്തമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ഈ വർക്ക് നടത്തിക്കൊണ്ടിരിക്കുന്നത്. വർക്ക് ചെയ്തതിന്റെ ബിൽ കൊടുക്കാത്തതുകാരണം പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. ജനങ്ങൾക്ക് യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് എത്രയുംവേഗം അവരുടെ ബിൽ കൊടുത്ത് വർക്ക് പുനരാരംഭിക്കണം.

കൂടാതെ വിമാനത്താവളത്തിന്റെ വർക്ക് പൂർത്തിയാകുന്നതോടെ തിരക്ക് വർദ്ധിക്കാൻ സാധ്യതയുള്ള റോഡാണിത്. 75 വർഷം പഴക്കമുള്ള ആലക്കോട്, കരുവഞ്ചാൽ പാലങ്ങൾ ഈ റോഡിലുള്ള രണ്ട് പാലങ്ങളാണ്. ഈ റോഡിൽ ട്രാഫിക് രൂക്ഷമാകുമ്പോൾ ആ പാലങ്ങൾ തകർന്നുപോകും. ഈ റോഡിനുവേണ്ടി 237.2 കോടി രൂപയുടെ എ.എസ്.-ഉം 191.54 കോടി രൂപയുടെ ടി.എസ്.-ഉം അനുവദിച്ചിട്ടുണ്ട്. അതായത് 45.7 കോടിയോളം രൂപ സേവിംഗ്സുണ്ട്. ഈ ബഡ്ജറ്റിൽ നിർത്തിക്കൊണ്ടുതന്നെ ആ സേവിംഗ്സ് ഉപയോഗിച്ച് ആലക്കോട്-കരുവാഞ്ചാൽ-നച്ചിയാട് പാലവും ബൈപ്പാസ് റോഡായ താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റോഡും പണി ചെയ്യാൻ ഏകദേശം 25 കോടി രൂപ മതിയാകും. അതുകൊണ്ട് അധിക സാമ്പത്തിക ബാധ്യതയില്ലാതെ നിലവിലുള്ള സേവിംഗ്സ് ഉപയോഗിച്ച് ഈ പാലങ്ങളും ബൈപ്പാസ് റോഡും നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മലയോര ഹൈവേയിലെ ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് പാലത്തിന് 59.45 കിലോമീറ്റർ ദൂരമുണ്ട്. അതിന് 205 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിക്കൊണ്ട് 2016 ഫെബ്രുവരി 20-ന് ഉത്തരവ് ഇറങ്ങിയിട്ടുള്ളതാണ്. ഈ വർക്കിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ്. തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് രണ്ടുമൂന്ന് മാസക്കാലം വർക്ക് ചെയ്യാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം വർക്ക് ആരംഭിച്ചിരിക്കുകയാണ്. അവർക്ക് തുക കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. രണ്ട് ബില്ലുകളിലായി 15,54,16,000 (പതിനഞ്ച് കോടി അമ്പത്തിനാല് ലക്ഷത്തി പതിനാറായിരം) രൂപ കൊടുത്തിട്ടുണ്ട്. അവരുടെ 19,39,00,000 (പത്തൊൻപത് കോടി മുപ്പത്തിയൊമ്പത് ലക്ഷം) രൂപയുടെ അടുത്ത ബിൽ പരിശോധനയിലാണ്. സാധാരണഗതിയിലുള്ള നടപടിക്രമമനുസരിച്ച് ആ തുക കൊടുക്കുന്നതാണ്. അങ്ങ് ഉന്നയിച്ച അധിക പ്രവൃത്തികളുടെ കാര്യമാണ് പരിശോധിക്കേണ്ടത്. ആലക്കോട് -കരുവഞ്ചാൽ-നച്ചിയാട് എന്ന പാലം കൂടിയുണ്ട്. അതിന് 18.2 കോടി രൂപ വേണം. അതിന്റെ എ.എസ്.-നുവേണ്ടി ചീഫ് എഞ്ചിനീയറെ സമീപിക്കുകയും 2018 ജനുവരി 29-ാം തീയതി അതിന്റെ വിശദീകരണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പോത്തുകുണ്ട്-നടുവിൽ റോഡിന്റെ കാര്യം നേരത്തെയുള്ള സ്കീമിലുള്ളതല്ല. അത് പുതിയതായി ചോദിച്ചതാണ്. നേരത്തെയുള്ള എസ്റ്റിമേറ്റ് തുകയിൽ 47 കോടി രൂപ ബാക്കിയുണ്ടെന്നാണ് പറഞ്ഞത്. അത് ശരിയായിരിക്കും. നിയമപ്രകാരം നിലവിലുള്ള കോൺട്രാക്ടർക്ക് ഈ വർക്ക് കൊടുക്കാൻ കഴിയില്ല. കാരണം ഇതൊരു പുതിയ വർക്കായിട്ടാണ് വരുന്നത്. അതുകൊണ്ട് ഈ വർക്കിന് ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ ചെയ്യേണ്ടിവരും. റിവൈസ്ഡ് എസ്റ്റിമേറ്റ് ഇതിന് കൊടുക്കാൻ കഴിയില്ല. അങ്ങനെ കൊടുത്താൽ ലിറ്റിഗേഷൻ പോലെയുള്ള പ്രശ്നങ്ങളുണ്ടാകും. പാലത്തിന്റെ വർക്ക് നടക്കും. പുതുതായി ചേർത്ത റോഡുംകൂടി വരുമ്പോൾ ചട്ടങ്ങൾ ലംഘിക്കാതെ കാര്യങ്ങൾ നടക്കാൻ എന്ത് ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ മുന്നിലുള്ള പ്രശ്നം. പോത്തുകുണ്ട്-നടുവിൽ റോഡ് മലയോര പാതയ്ക്കുള്ളിലാണ് വരുന്നതെങ്കിൽ അങ്ങ് ഉന്നയിച്ച 23.67 കോടി രൂപ മതിയാകും. അതിന് റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങി ചെയ്യാവുന്നതാണ്. അതിന് അങ്ങയുടെ സഹകരണമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

## (7) വേങ്ങര ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വേങ്ങരയിൽ വാഹനങ്ങളുടെയും യാത്രക്കാരുടെയും തിരക്കുമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക്

വളരെയധികം പ്രയാസം സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ട വേങ്ങര ബൈപ്പാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഇഴഞ്ഞ് നീങ്ങുകയാണ്. മലപ്പുറം-വേങ്ങര റോഡിലെ കരിമ്പിരിയിൽനിന്നും ആരംഭിച്ച് കൊളപ്പുറത്തിനടുത്ത് നാഷണൽ ഹൈവേയിൽ ചേരുന്ന 7.5 കിലോമീറ്റർ നീളമുള്ള ഈ ബൈപ്പാസ് നിർമ്മാണം അതിവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയുടെ നടപടിക്രമപ്രകാരം 20 കോടി രൂപയുടെ ഭരണാനുമതിയാണുള്ളത്. പുതിയ രീതിയനുസരിച്ച് ഇതിന് ഇൻവെസ്റ്റിഗേഷൻ വേണം. പാലത്തിനും ബൈപ്പാസിനുമൊക്കെയുള്ള ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കുന്നതിന് സമയമെടുക്കും. 8 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിൽ ആകെ എട്ട് ഏജൻസികൾ മാത്രമേയുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാൽ എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കി റോഡ് ഫണ്ട് ബോർഡ് മുഖാന്തരം അത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാത്രമേയുള്ളൂ.

## (8) കാക്കത്തോട് പാലം പുനർനിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പോരൂർ പഞ്ചായത്തിനേയും മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കാക്കത്തോട് പാലം രണ്ട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു എന്ന് മാത്രമല്ല നൂറുകണക്കിന് യാത്രാവാഹനങ്ങളും ചരക്കുവാഹനങ്ങളും കടന്നുപോകുന്ന പെരുമ്പിലാവ്-പെരിന്തൽമണ്ണ-നിലമ്പൂർ-ഊട്ടി റോഡിനേയും ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ്. ഇന്ന് ഈ പാലം അപകടാവസ്ഥയിലാണ്. പാലത്തിന് എന്തെങ്കിലും അപകടം സംഭവിക്കുമോയെന്ന ആശങ്കയിലാണ് ജനങ്ങൾ. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് ഭാരംകൂടിയ വാഹനങ്ങൾ ഈ പാലത്തിലൂടെ പോകുന്നത് പൊതുമരാമത്ത് വകുപ്പ് നിരോധിച്ചിരിക്കുകയാണ്. ഈ പാലത്തിന് തൊട്ടടുത്തായി പി.ഡബ്ല്യു.ഡി.-യുടെ സ്ഥലമുള്ളതിനാൽ ഇതിന് പരിഹാരമായി പുതിയ പാലം നിർമ്മിക്കാനാണ് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ നിർദ്ദേശിച്ചിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുമായി ബന്ധപ്പെട്ട ഡി.പി.ആർ. ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എത്രയുംവേഗം ഈ അപകടാവസ്ഥ ഒഴിവാക്കി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മലപ്പുറം ജില്ലയിലെ കാക്കത്തോട് പാലത്തിന് 4 കോടി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയ്ക്കായി റോഡ്സ് & ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലവും ലഭ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചപ്പോൾ 2014-ലെ ഡി.എസ്.ഒ.ആർ. പ്രകാരമാണിത് നടപ്പിലാക്കിയിരിക്കുന്നത്. അതിനിപ്പോൾ മാറ്റംവന്നിരിക്കുകയാണ്. അതുകൊണ്ട് പുതിയ നിരക്കിലെ എസ്.ഒ.ആർ. പ്രകാരം സർവ്വീസ് ചാർജ് ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാരിന് പ്രൊപ്പോസൽ നൽകാനാണ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ കാക്കത്തോട് പാലത്തിന് പകരം നിർമ്മിക്കുന്ന പാലത്തിന്റെ ഡിസൈൻ ലഭ്യമല്ല. അതിനടുത്തുള്ള തളിയം പാലത്തിനുള്ള ഡിസൈനിന്റെ കോപ്പിയാണുള്ളത്, അത് ശരിയാകില്ല. പുതിയ ഡിസൈൻ വേണം. പുതിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റാണ് ഇപ്പോൾ തയ്യാറാക്കിവരുന്നത്. ടി ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ പാലം നിർമ്മിക്കുന്നതാണ്.

## (9) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സംസ്ഥാനത്താകെ ദൃശ്യ-മാധ്യമ തൊഴിൽ മേഖല കുത്തഴിഞ്ഞ് അരാജകാവസ്ഥയിലാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സേവന-വേതന വ്യവസ്ഥകളിൽ കാര്യമായ നിയമങ്ങളോ ചട്ടങ്ങളോ നിലനിൽക്കുന്നില്ല. പത്ര വ്യവസായത്തിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വർക്കിംഗ് ജേർണലിസ്റ്റ് ആക്ട്-1965 എന്ന കേന്ദ്ര നിയമമുണ്ട്. ഇതിന് സമാനമായി ദൃശ്യവാർത്താ മാധ്യമ വ്യവസായത്തിൽ ഒരു നിയമമില്ല. അതുകൊണ്ട് ഈ തൊഴിൽ മേഖലയിൽ അരക്ഷിതത്വവും അരാജകത്വവും നിലനിൽക്കുന്നു. ഈ തൊഴിൽ മേഖലയിൽ എത്ര ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നോ, അവരുടെ സേവന-വേതന വ്യവസ്ഥ എന്താണെന്നോ, ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടത് ആരാണെന്നോ വ്യക്തമാക്കപ്പെടാത്ത ഒരവസ്ഥ ജനാധിപത്യ സംവിധാനത്തിന് ഉചിതമല്ല. ഇന്ത്യാ വിഷൻ, ടി.വി.-18 തുടങ്ങിയ ചാനലുകൾ തകർന്നപ്പോൾ ജീവനക്കാരുടെ അവസ്ഥ നമ്മൾ കണ്ടതാണ്. നിലനിൽക്കുന്ന ചാനലുകളിൽത്തന്നെ നല്ല രീതിയിൽ വേതനം കൊടുക്കുന്നതും തൊഴിൽ സുരക്ഷിതത്വം നൽകുന്നതുമായ ചാനലുകൾ കുറവാണ്. ഈ സ്ഥിതി മാറണമെങ്കിൽ വ്യക്തമായ ഒരു നിയമമുണ്ടായേ തീരൂ. വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ മാതൃകയിൽ വിഷ്വൽ ന്യൂസ് മീഡിയ വർക്കേഴ്സിനും അതിലെ ജേർണലിസ്റ്റുകൾക്കും ഗുണമുണ്ടാകുന്ന നിയമം ഉണ്ടാകേണ്ടത്

ആവശ്യമാണ്. ലേബർ കൺകറന്റ് ലിസ്റ്റിലായതിനാൽ സംസ്ഥാന സർക്കാരിനും ഈ വിഷയത്തിൽ നിയമമുണ്ടാക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കണം. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കുന്ന നിയമം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ദൃശ്യ-മാധ്യമ രംഗത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന-വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും നിലവിൽ ബാധകമാണ്. ടി മേഖലയിൽപ്പെട്ട ജീവനക്കാർ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അവർക്ക് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വം നേടാവുന്നതും ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതുമാണ്. പത്ര-മാധ്യമങ്ങളിലെ ജീവനക്കാർക്ക് മജീദിയ വേജ് ബോർഡ് ശിപാർശ പ്രകാരമുള്ള വേതന വ്യവസ്ഥ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ടെലിഫിലിം ആന്റ് മോഷൻ പിക്ചർ മേഖലയിൽ 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള കുറഞ്ഞകൂലി നിശ്ചയിച്ചിട്ടുണ്ട്. 30-9-2017-ലെ 205/ഇ 1/17 തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം മാധ്യമപ്രവർത്തകരെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഭാഗത്തെ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇവർക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതാണ്.

## (10) നെല്ല് സംഭരണം

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണം തുടങ്ങാൻ കഴിയാത്തതിനാൽ കർഷകർ ആശങ്കയിലാണ്. മാത്രമല്ല, കഴിഞ്ഞ ഒന്നാംവിള കൊയ്ത്തിന്റെ നെല്ലുവില കർഷകർക്ക് ഇനിയും കൊടുക്കാനുണ്ട്. കൊയ്തെടുത്ത നെല്ലിന്റെ അളവും ഗുണമേന്മയും ഈർപ്പവും പരിശോധിച്ച് ഉദ്യോഗസ്ഥർ സിവിൽ സപ്ലൈസിന് റിപ്പോർട്ട് കൊടുത്താൽ മാത്രമേ സ്വകാര്യ മില്ലുകാർ നെല്ല് സംഭരിക്കുകയുള്ളൂ. അത് പരിശോധിക്കാൻ ജില്ലയിൽ ആകെ 15 പേരെയാണ് അനുവദിച്ചിട്ടുള്ളത്. റിപ്പോർട്ട് വൈകുന്നതുകാരണം നെല്ല് സംഭരിക്കാൻ മില്ലുടമകൾ തയ്യാറാകുന്നില്ല. കൊയ്തെടുത്ത നെല്ല് സംഭരിക്കാൻ

വൈകുന്നതോടുകൂടി കുറഞ്ഞ വിലയ്ക്ക് നെല്ലെടുക്കാൻ ഇതേ മില്ലുകൾതന്നെ മുന്നോട്ടുവരികയാണ്. കർഷകർ കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കാൻ നിർബന്ധിതരാകുകയാണ്. ബാങ്കുകളാകട്ടെ നെല്ലിന്റെ വില കർഷകർക്ക് നൽകുന്നത് വായ്പ എന്ന നിലയ്ക്കാണ്. വായ്പ കൊടുക്കുമ്പോഴുണ്ടാകുന്ന എല്ലാ നിബന്ധനകളും അവർ പാലിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി മറ്റേതെങ്കിലും ബാങ്കിൽ മറ്റെന്തെങ്കിലും വായ്പയുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാനും ഈ അവസരം അവർ ഉപയോഗിക്കുന്നു. ചുരുക്കത്തിൽ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കാതെ പോകുന്നു. കൃത്യസമയത്തുള്ള സംഭരണം, കൃത്യമായ നെല്ലുവില എന്നിവ കർഷകർക്ക് ലഭിക്കാൻ നെല്ല് സംഭരണച്ചുമതല സഹകരണ ബാങ്കിനെ ഏൽപ്പിക്കാനും കർഷകർക്കുണ്ടാകുന്ന വിഷമതകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഒന്നാംവിള കൃഷി തുകയായ 139 കോടി രൂപ നൽകാനുണ്ടായിരുന്നതിൽ 112 കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്. കർഷകന്റെ നെല്ല് സംഭരിച്ച രസീത് ബാങ്കുകൾ ഹാജരാക്കിയ ഉടൻ 9.5 ശതമാനം പലിശനിരക്കിൽ പരിധിനിശ്ചയിച്ചുകൊണ്ട് മൂന്നുദിവസത്തിനകം കർഷകർക്ക് നെല്ലിന്റെ വില ലോണായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതിന് സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാറിൽ ഒപ്പുവയ്ക്കുന്നതിന് 13-7-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 16/2017 എഫ്.&സി.എസ്.റ്റി. പ്രകാരം സപ്ലൈകോയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം ബാക്കിയുള്ള തുക അതത് ബാങ്കുകളിൽനിന്ന് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് പി.ആർ.എസ്. വായ്പാ പദ്ധതിയിലൂടെ നൽകുന്നതാണ്. പാലക്കാട് ജില്ലയിൽ 19,700 കർഷകർ നെല്ല് സംഭരണ പദ്ധതിയിൽ പങ്കെടുത്തതിൽ 4,850 പേർക്കാണ് പണം ലഭിക്കാനുള്ളത്. ഭൂരിപക്ഷം പേർക്കും ബാങ്കുകൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ പ്രകാരം ലോൺ നൽകുന്ന നടപടി പൂർത്തീകരിക്കുവാൻ കഴിയും. ആയിരത്തോളംപേർ സപ്ലൈകോയുമായി കരാർ വയ്ക്കാത്ത ബാങ്കുകളിൽ അക്കൗണ്ടുള്ളവരാണ്. അവർ കരാർ ഒപ്പുവച്ച ബാങ്കുകളിൽ അക്കൗണ്ട് തുറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ചില കർഷകർക്ക് ബാങ്കുകളുടെ മറ്റ് ഇടപാടുകളുടെ വായ്പാ കുടിശ്ശികമൂലം എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം ബാങ്ക് കൺസോർഷ്യവുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതാണ്. 11-1-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സഹകരണ സംഘങ്ങൾവഴി നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ഭക്ഷ്യ-

പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സപ്ലൈകോ ജനറൽ മാനേജർ, കൃഷി വകുപ്പ് ഡയറക്ടർ, സഹകരണ വകുപ്പ് രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റി പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ജില്ലയിൽനിന്നും സഹകരണസംഘങ്ങൾ വഴി നെല്ല് സംഭരിക്കുന്ന വിഷയം സംബന്ധിച്ച് പഠനം നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

## (11) ഓഡിറ്റിംഗ്

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് മുസ്ലീം പള്ളികളിൽ പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ സമാധാനപരമായ രീതിയിൽ പോകുന്ന പല പള്ളികളിലും ഇന്ന് വാർഷിക കണക്കെടുപ്പുമായി ബന്ധപ്പെട്ട് വലിയ തർക്കങ്ങളും കേസ്സുകളും നിലനില്ക്കുകയാണ്. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ സംബന്ധിച്ച് അവിടത്തെ സാധാരണക്കാരായ പരിസരവാസികളുടെ വലിയതോതിലുള്ള പരാതികൾ വന്നുകൊണ്ടിരിക്കുന്നു. വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിന് വിധേയമാക്കാത്തതാണ് പ്രധാന പ്രശ്നം. വളാഞ്ചേരിയിലെ മൂന്നാക്കൽ പള്ളിയിൽ ഇത്തരത്തിലുള്ള വലിയ സംഭവവികാസങ്ങളുണ്ടാകുകയും അത് വിജിലൻസ് അന്വേഷിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തതാണ്. ഇങ്ങനെയുള്ള അഴിമതികളെക്കുറിച്ച് അന്വേഷിച്ചെങ്കിലും ശിക്ഷാനടപടികൾ ഇന്നുവരെ ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ പരാതികൾ കുറയ്ക്കുന്നതിനുവേണ്ടി വഖഫ് ബോർഡിന്റെയും സർക്കാരിന്റെയും നേരിട്ടുള്ള ചുമതലയിൽ ഇത്തരം കണക്കുകൾ പരിശോധിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? മൂന്നാക്കൽ പള്ളിയുടെ കാര്യത്തിൽ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് അറിയാൻ ആഗ്രഹമുണ്ട്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 50,000 രൂപയ്ക്ക് മുകളിൽ അറ്റാദായമുള്ള വഖഫ് സ്ഥാപനങ്ങളിൽ ഒരുമിച്ച് ഓഡിറ്റ് നടത്തുകയെന്നത് ഉദ്യോഗസ്ഥരുടെ അപര്യാപ്തതമൂലം പ്രായോഗികമല്ല. 2016-17 വർഷത്തിൽ ആകെ 85 വഖഫ് സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഓഡിറ്റ് സംബന്ധിച്ച വിഷയത്തിൽ നിലവിൽ ബോർഡ് മുമ്പാകെ 33 കേസ്സുകളിൽ വിചാരണ നടന്നുവരുന്നു. സബ്മിഷനിൽ പരാമർശിച്ചിട്ടുള്ള 6041/ആർ.എ. നമ്പരായി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ മൂന്നാക്കൽ പള്ളിയുടെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച പരാതി ബോർഡ് മുമ്പാകെ ഒ.പി.127/2007 നമ്പരായി

നിലവിലുള്ളതാണ്. പ്രസ്തുത കേസ്സിൽ 30-7-2009-ന് ഐ.എ.96/2007-ന്മേലുള്ള ഇടക്കാല ഉത്തരവുപ്രകാരം വഖഫ് നിയമം, വകുപ്പ് 38-ൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ ഒരു എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡ് നിയമിച്ചിട്ടുള്ളതും അതുപ്രകാരം ടി വഖഫിന്റെ ഭരണവും നിയന്ത്രണവും ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലുമാണ്. ഇതിനുശേഷം മൂന്നാക്കൽ പള്ളിയിലെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മൂന്നാക്കൽ പള്ളി സംബന്ധിച്ച വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടപടികൾ സ്വീകരിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ബോർഡ് മുമ്പാകെയുള്ള കേസ്സിൽ അഡ്വക്കേറ്റ് വി.പി. നാരായണനെ കമ്മീഷനായി നിയോഗിക്കുകയും ടിയാൻ സമർപ്പിച്ച 5-12-2017-ലെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കേസ് 29-1-2018-ന് ബോർഡിന്റെ പരിഗണനയ്ക്ക് വന്നിരുന്നതുമാണ്. തുടർന്ന് പ്രസ്തുത കേസ്സിലെ ബന്ധപ്പെട്ട എതിർകക്ഷി ബോർഡ് മുമ്പാകെ നേരിട്ട് ഹാജരാകുന്നതിന് 14-2-2018-ലേയ്ക്ക് കേസ് മാറ്റിവച്ചു. 1995-ലെ വഖഫ് നിയമം 47(1)-സി പ്രകാരം സർക്കാരിന് ആവശ്യമെന്ന് കണ്ടാൽ വഖഫുകളുടെ കണക്കുകൾ സർക്കാർ നിയമിക്കുന്ന ഉദ്യോഗസ്ഥനെക്കൊണ്ട് നേരിട്ട് ഓഡിറ്റ് നടത്താൻ ഗവൺമെന്റിന് അധികാരമുണ്ട്.

## V ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള

### ചർച്ച-(തുടർച്ച)

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്മേൽ സഖാവ് മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ലോകം ശ്രദ്ധിക്കുന്ന സംസ്ഥാനമാണ് മലയാളികളുടെ നാടായ കേരളം. കേരളാ മോഡൽ വികസനം ലോകത്തിനുതന്നെ മാതൃകാപരവും അത്ഭുത നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതുമാണ്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ 20 മാസങ്ങൾ നേട്ടങ്ങളുടെയും നവ കേരള സൃഷ്ടിക്കായുള്ള പരിശ്രമങ്ങളുടെയും ദിനങ്ങളായിരുന്നു. സാക്ഷരതാ രംഗത്ത് നാം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും ഭൂപരിഷ്കരണം നടപ്പിലാക്കിയതുമാണ് കേരളാ മോഡൽ വികസനത്തിന് ആധാരം. 'തനിക്ക് ഒരിടം' എന്ന പദം ലോപിച്ചാണ് 'തന്റേടം' എന്ന പദം ഉണ്ടായിരിക്കുന്നത്. ഭൂപരിഷ്കരണം മലയാളികളെ ആത്മാഭിമാന ബോധമുള്ള ജനവിഭാഗങ്ങളാക്കി, തന്റേടികളാക്കി മാറ്റി.

ഉയർന്ന മാനവവികസന സൂചികയുള്ള സംസ്ഥാനമായി ഐക്യരാഷ്ട്ര സംഘടന കേരളത്തെ വിലയിരുത്തിയിരിക്കുന്നു. ക്രമസമാധാന രംഗത്തെ മികച്ച

സംസ്ഥാനം, അഴിമതി കുറഞ്ഞ സംസ്ഥാനം, വയോജൻ ശ്രേഷ്ഠ അവാർഡ് നേടിയ സംസ്ഥാനം, ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ആദ്യത്തെ വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനം, സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച സംസ്ഥാനം, ജനസംഖ്യാ തോതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഫണ്ട് വിഹിതം അനുവദിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം, ഇന്റർനെറ്റ് ലഭ്യത പൗരന്മാരുടെ അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനം ഇതൊക്കെ നമ്മുടെ സംസ്ഥാനത്തിന്റെ നേട്ടങ്ങളാണ്. കൂടാതെ 16 ശതമാനം വിഹിതത്തോടെ ജെൻഡർ ബഡ്ജറ്റിംഗ് ഏർപ്പെടുത്തുകയും വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുകയും ചെയ്തു. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 25 ശതമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. രാജ്യത്തെ ഉയർന്ന മിനിമം വേതനമുള്ള ഏക സംസ്ഥാനമാണ് കേരളം. പരിസ്ഥിതി സംരക്ഷണത്തിന് ജനപങ്കാളിത്തത്തോടു കൂടിയുള്ള ഹരിത കേരള മിഷൻ, ആയുർദൈർഘ്യത്തിൽ ഉയർന്ന സ്ഥാനമുള്ള കേരളത്തിന് പൊതുജനാരോഗ്യ സംരക്ഷണത്തിന് ആർദ്രം പദ്ധതി, 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയത്, 66939 പണിതീരാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനും ഭവനരഹിതരായ 432000 പേർക്ക് വീട് നൽകുന്നതിനുമുള്ള ലൈഫ് മിഷൻ പദ്ധതി, 45000 ഹൈടെക് ക്ലാസ് റൂമുകൾ, അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, വയനാട്ടിൽ 241 ആദിവാസി അദ്ധ്യാപകരെ നിയമിച്ച 'ഗോത്ര ബന്ധു' സംസ്ഥാനത്ത് വ്യാപിപ്പിക്കാനുള്ള തീരുമാനം, 'ഗോത്ര ദീപിക'യിലൂടെ കെട്ടിടനിർമ്മാണത്തിന് ആദിവാസികൾക്ക് പരിശീലനം നൽകാനും ബിനാമി കരാറുകാരെ ഒഴിവാക്കാനുമുള്ള ധീരമായ നിലപാടുകൾ, പോലീസ് എക്സൈസ് ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ, കാർഷിക മേഖലയിൽ ജൈവകൃഷി, ഫാം ടൂറിസം, കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനത്തിൽ കർഷക കൂട്ടായ്മകൾ, ഉത്തരവാദിത്ത ടൂറിസം വികസനം ഇതെല്ലാം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ജനപിന്തുണ വർദ്ധിക്കുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതൊന്നും സഹിക്കാൻ കഴിയാത്ത സങ്കുചിത രാഷ്ട്രീയമാണ് യു.ഡി.എഫ്. കൈകാര്യം ചെയ്യുന്നത്. അന്ധമായ രാഷ്ട്രീയ വിരോധം കാരണം ഈ നേട്ടങ്ങളൊന്നും അവർക്ക് കാണാൻ കഴിയുന്നില്ല.

ബെന്യാമിൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ 'ജനാധിപത്യം പുതിയ വാതിൽ തുറക്കുന്നു' എന്ന ലേഖനം പ്രതിപക്ഷാംഗങ്ങൾ ആവർത്തിച്ച് വായിക്കണം. ചരിത്രത്തിൽ ആദ്യമായി ജനാധിപത്യ പ്രക്രിയയിൽ പ്രവാസികൾക്ക് നേരിട്ട് ഇടപെടാൻ വഴിയൊരുക്കുന്നു എന്നാണ് അദ്ദേഹം വിലയിരുത്തിയിരിക്കുന്നത്. 'ജീവിതത്തിൽ എനിക്ക് സ്വപ്നം കാണാൻപോലും കഴിയാതിരുന്ന അവസരം'

എന്നാണ് ആടുജീവിതത്തിലെ ജീവിക്കുന്ന കഥാപാത്രം മുജീബ് പ്രതികരിച്ചത്. ലോക കേരള സഭയിൽ പ്രതിപക്ഷ നേതാവ് നടത്തിയ പ്രസംഗത്തിന് നേരെ വിപരീത ദിശയിലാണ് പ്രതിപക്ഷാംഗങ്ങൾ സഭയിൽ സംസാരിക്കുന്നത്. ലോക കേരള സഭയെ വിലയിരുത്തിയ പ്രവാസി സമൂഹം നിങ്ങളുടെ അവസരവാദ അമാന്യ രാഷ്ട്രീയ നിലപാടുകൾ വിലയിരുത്തുമെന്ന് പ്രത്യേകം മനസ്സിലാക്കണം. ഫെഡറലിസത്തെ അട്ടിമറിച്ച് ജില്ലാ ഭരണകൂടത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നേരിട്ട് ഇടപെടാനുള്ള സംഘപരിവാർ നീക്കത്തെയും സംഘപരിവാറിന്റെ വർഗ്ഗീയ അജണ്ട നടപ്പിലാക്കുന്നതിന് കേരളത്തിന്റെ മഹത്തായ മതനിരപേക്ഷ സംസ്കാരങ്ങളെ തകർക്കാൻ നടത്തിയ നീക്കത്തേയും ജനകീയ പങ്കാളിത്തത്തോടെ ബദൽ സമീപനങ്ങൾ ഉയർത്തിയാണ് കേരളം നേരിട്ടത്. ഇതിനെ പിന്തുണയ്ക്കുന്നതിനുപകരം സംഘപരിവാറിന്റെ വർഗ്ഗീയ അജണ്ട നടപ്പിലാക്കുന്നതിന് എരിതീയിൽ എണ്ണ ഒഴിക്കുന്ന സമീപനമാണ് കോൺഗ്രസ്സും ലീഗും സ്വീകരിക്കുന്നത്. ഫ്രഞ്ച് വിപ്ലവത്തോടുകൂടിയാണ് ലോകം നാടുവാഴിത്വത്തിൽ നിന്നും മുതലാളിത്ത ജനാധിപത്യ പ്രക്രിയയിലേയ്ക്ക് മാറുന്നത്. വോൾട്ടയർ ഫ്രഞ്ച് വിപ്ലവത്തിന്റെ സംഘാടകരിൽ പ്രമുഖനായിരുന്നു. അദ്ദേഹം ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞത്, 'നിങ്ങൾ പറയുന്ന അഭിപ്രായത്തോടൊന്നും എനിക്ക് യോജിക്കാൻ കഴിയില്ല, എന്നാൽ എന്റെ മരണം വരെ നിങ്ങൾക്ക് അങ്ങനെ പറയാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ നിലകൊള്ളും' എന്നായിരുന്നു. ജനാധിപത്യത്തിൽ വ്യത്യസ്തമായ വീക്ഷണങ്ങളും അഭിപ്രായങ്ങളു മൊക്കെ ഉണ്ടാകും. ശരിയും തെറ്റും ജനങ്ങൾ തീരുമാനിക്കും. ഇഷ്ടമില്ലാത്തവരെ മുഴുവൻ കൊന്നൊടുക്കുന്ന പ്രത്യയ ശാസ്ത്രത്തിന്റെ വക്താക്കളാണ് സംഘപരിവാർ. തികഞ്ഞ വർഗ്ഗീയവാദിയായ തൊഗാഡിയയുടെ വെളിപ്പെടുത്തലുകൾ ഗൗരവതരമാണ്. വ്യാജ ഏറ്റുമുട്ടലിൽ അദ്ദേഹത്തെ കൊല്ലാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രമിക്കുന്നുവെന്ന വെളിപ്പെടുത്തലുകൾ ആർ.എസ്.എസ്.-ന്റെ ഭീകരമുഖം വെളിപ്പെടുത്തുന്നതാണ്. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് മറ്റ് സംസ്ഥാനങ്ങളിൽ പ്രസംഗിക്കുന്നതിന് വിലക്ക്. എന്നാൽ ബി.ജെ.പി. മുഖ്യമന്ത്രിമാർ കേരളത്തിൽവന്ന് നടത്തുന്ന പ്രസംഗങ്ങൾക്ക് എല്ലാവിധ സംരക്ഷണവും കേരള സർക്കാർ നൽകുകയാണ്. കേരളത്തെയും നമ്മുടെ മതനിരപേക്ഷ നിലപാടുകളേയും ഇടതുപക്ഷ പ്രസ്ഥാനത്തെയും പ്രത്യേകിച്ച് സി.പി.ഐ.(എം)-നെയും കടന്നാക്രമിക്കാനും തകർക്കാനുമാണ് അവരുടെ നീക്കം. ജനാധിപത്യ സമൂഹം ഇതിനെയെല്ലാം അതിജീവിക്കുക തന്നെ ചെയ്യും. കമ്മ്യൂണിസ്റ്റ് വിരോധംമൂലം ഇവരുടെ ഹീന നീക്കങ്ങൾ കാണാൻ കഴിയാത്ത കോൺഗ്രസ്സും ലീഗും ചരിത്രത്തിന് വലിയ വില നൽകേണ്ടിവരും.

കേരളം ബദൽ നയങ്ങളുടെ സംസ്ഥാനമാണ്. 1957-ൽ ആദ്യത്തെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. സർക്കാർ കോൺഗ്രസ്സ് സർക്കാരിന്റെ നയങ്ങൾക്കെതിരെ ബദൽ നയങ്ങൾ നടപ്പിലാക്കി. സ്വാതന്ത്ര്യ സമരകാലത്ത് 'കൃഷി ഭൂമി കൃഷിക്കാരന്' എന്ന് മുദ്രാവാക്യം ഉയർത്തിയവരാണ് കോൺഗ്രസ്സുകാർ. 1947 മുതൽ 1957 വരെ ഇന്ത്യയിൽ കോൺഗ്രസ്സ് മാത്രമായിരുന്നു അധികാരത്തിൽ ഉണ്ടായിരുന്നത്. ഇവർ അധികാരത്തിൽ വന്നപ്പോൾ ഈ മുദ്രാവാക്യങ്ങളെല്ലാം സൗകര്യപൂർവ്വം ഉപേക്ഷിച്ചു. 1957 ഏപ്രിൽ 11-ന് ഇ.എം.എസ്. സർക്കാർ ആദ്യം ഒപ്പിട്ട സർക്കാർ ഉത്തരവ് 'ഇനി ആരെയും കുടിയൊഴിപ്പിക്കാൻ പാടില്ല' എന്നതായിരുന്നു. അത് ഭൂപരിഷ്കരണ നടപടിയുടെ തുടക്കമായിരുന്നു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കെതിരെ അമേരിക്കയുടെ പണവും വാങ്ങി കുപ്രസിദ്ധ വിമോചന സമരം നടത്തി ഭൂരിപക്ഷമുള്ള കേരള സർക്കാരിനെ നിങ്ങൾ പിരിച്ചുവിട്ടു. പക്ഷെ ജനകീയ ബദൽ സമീപനം നടപ്പിലാക്കിയതിന്റെ ഫലമായി മക്കളെ പഠിപ്പിക്കണമെന്ന പൗരബോധം കേരളം സ്വന്തമാക്കി. അധികാര ദുർവിനിയോഗം നടത്തി കോൺഗ്രസ് കേരള സർക്കാരിനെ പിരിച്ചുവിട്ടെങ്കിലും കേരള ജനത വിദ്യാഭ്യാസ രംഗത്ത് ലോക പ്രശംസ നേടി മുന്നേറിയെന്ന് നിങ്ങൾ മനസ്സിലാക്കണം. രാജ്യത്തെ മുഖ്യ ശത്രു ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ തന്നെയാണ്. ബി.ജെ.പി. സർക്കാരിനെ താഴെയിറക്കാനുള്ള രാഷ്ട്രീയ ഉത്തരവാദിത്വം തന്നെയാണ് ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുള്ളത്. സ്വാതന്ത്ര്യ സമരകാലത്ത് കർഷക ഭൂമിക്കുവേണ്ടി 1931-ൽ കോൺഗ്രസ് കറാച്ചി പ്രമേയം പാസ്സാക്കി. പിന്നീട് അത് ഉപേക്ഷിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മതേതരവാദിയായിരുന്നു. ബാബ്റി മസ്ജിദിൽ രാമവിഗ്രഹം കണ്ടപ്പോൾ എടുത്ത് സരയൂ നദിയിലേയ്ക്ക് വലിച്ചെറിയാനാണ് ജവഹർലാൽ നെഹ്റു പറഞ്ഞത്. കോൺഗ്രസ്സിന്റെ ആദ്യത്തെ തെരഞ്ഞെടുപ്പ് ചിഹ്നം കർഷകരെ ഓർമ്മിപ്പിക്കുന്ന നുകംവച്ച കാളയായിരുന്നു. ഇന്ത്യ, യുഗോസ്ലോവാക്യ, ഈജിപ്ത് എന്നീ രാജ്യങ്ങളുടെ പ്രതിനിധികളായ നെഹ്റു, ടിറ്റോ, നാസർ എന്നീ നേതാക്കൾ ചേരിചേരാ നയത്തിന്റെ വക്താക്കളായി ലോകശ്രദ്ധ പിടിച്ചുപറ്റി. സോവിയറ്റ് യൂണിയനുമായി സഹകരിച്ച് പഞ്ചവൽസര പദ്ധതികൾ നടപ്പിലാക്കി. സമ്മിശ്ര സമ്പദ് വ്യവസ്ഥ ഉയർത്തിപിടിച്ചു. ഇന്ത്യയിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു. പതുക്കെ പതുക്കെ കോൺഗ്രസ്സ് ഈ പാരമ്പര്യമെല്ലാം ഉപേക്ഷിച്ചു. ചേരിചേരാ നയത്തിൽനിന്നും പിൻവാങ്ങി ഇന്ത്യയെ അമേരിക്കയുടെ ജൂനിയർ പാർട്ട്നർ ആക്കി മൻമോഹൻ സിംഗ് മാറ്റി. ശ്രീ. നരേന്ദ്ര മോദി അമേരിക്കയുടെ ആശ്രിത വത്സലനായി മാറി. ബാബ്റി മസ്ജിദ് തകർത്ത രാഷ്ട്രീയ സാഹചര്യത്തിൽ

പ്രതിഷേധിച്ച് ലീഗ് കോൺഗ്രസ്സിനെ മൊഴിചൊല്ലിയെങ്കിലും കുറച്ചു ദിവസത്തിനുശേഷം ഒരുമിച്ചു. ഈ സന്ദർഭത്തിലാണ് പി. വി. നരസിംഹ റാവു തുച്ഛമായ വിലയ്ക്ക് ഇന്ത്യയുടെ പൊതുമേഖലയിലുണ്ടായിരുന്ന കൽക്കരി പാടങ്ങൾ വിറ്റുതുലച്ചത്. ഇതിന്റെ ഇടനിലക്കാരനായി പ്രവർത്തിച്ച റിയൽ എസ്റ്റേറ്റ് മേധാവിയായ ലക്ഷ്മി മിത്തൽ റായ് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇരുമ്പുരുക്ക് വ്യവസായിയായി മാറി. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദി പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായി തകർക്കാൻ ശ്രമിക്കുകയാണ്.

1952-ലെ ഒന്നാം ലോക്സഭ തെരഞ്ഞെടുപ്പിൽ ആകെയുള്ള 459 സീറ്റിൽ 364 സീറ്റും കോൺഗ്രസ്സിനായിരുന്നു. 40 ശതമാനം വോട്ട് കോൺഗ്രസ്സിന്. 2014-ൽ 548 സീറ്റിൽ 44 സീറ്റ് കോൺഗ്രസ്സിന്; 19 ശതമാനം മാത്രം വോട്ട്. 1952-ൽ നിന്നും 2014-ലേയ്ക്ക് വന്നപ്പോൾ 26 ശതമാനം വോട്ട് നഷ്ടപ്പെട്ടുവെന്ന കാര്യം കോൺഗ്രസ്സ് ചിന്തിക്കണം. കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.യിലേയ്ക്ക് ചേക്കേറിയ നേതാക്കളുടെ പേര് ഞാൻ ആവർത്തിക്കുന്നില്ല. 2013 ഫെബ്രുവരി 18-ലെ തെരഞ്ഞെടുപ്പിൽ ത്രിപുരയിൽ സി.പി.ഐ.(എം)-50, സി.പി.ഐ.-1, കേൺഗ്രസ്സ്-9 ഇതായിരുന്നു കക്ഷിനില. എന്നാൽ ഇന്നലെ ബഹുമാനപ്പെട്ട അംഗം കെ. മുരളീധരൻ പറഞ്ഞതുപോലെ ത്രിപുരയിലെ തെരഞ്ഞെടുപ്പ് ചിത്രത്തിൽ ത്തന്നെ കോൺഗ്രസ്സ് ഇപ്പോഴില്ല. പ്രതിപക്ഷനേതാവ് ഉൾപ്പെടെ കോൺഗ്രസ്സിലെ 7 പേർ ബി.ജെ.പി.യിലാണ്. ത്രിപുരയിൽ വിധ്വംസക ശക്തികളെ കൂട്ടുപിടിച്ച് സി.പി.ഐ. (എം)-നെ തോൽപ്പിക്കാനുള്ള നീക്കമാണ് ബി.ജെ.പി. നടത്തുന്നത്. മണിക്ക് സർക്കാരിന്റെ നേതൃത്വത്തിൽ ത്രിപുരയിലെ പൊരുതുന്ന ജനത ഇതിനെ അതിജീവിക്കുകതന്നെ ചെയ്യും. അരുണാചൽ പ്രദേശിലെ 60 സീറ്റിൽ 44 സീറ്റ് കോൺഗ്രസ്സ് നേടി. അതിൽ 43 പേരും ബി.ജെ.പി.യിൽ ചേർന്നു. കോൺഗ്രസ്സിൽ ഒരാൾ മാത്രം. ഇതൊക്കെ എന്തുകൊണ്ട് സംഭവിക്കുന്നു എന്നതാണ് കോൺഗ്രസ്സ് പഠിക്കേണ്ടത്. വർഗ്ഗീയതയ്ക്കെതിരെ നിങ്ങൾ സ്വീകരിക്കുന്ന മൃദുല സമീപനം കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലുള്ള രാഷ്ട്രീയ വ്യത്യാസം ഇല്ലാതാക്കി. നിങ്ങളുടെ രാഷ്ട്രീയ രംഗത്തെ അവസരവാദ നിലപാടുകൾ സദാചാരമൂല്യങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കുന്നില്ലെന്ന് കാണാൻ കഴിയും. സ്വാതന്ത്ര്യ സമരത്തിനുശേഷം പറഞ്ഞ കാര്യങ്ങളിൽനിന്നും പതുക്കെ പതുക്കെ പിൻവാങ്ങിയത് കോൺഗ്രസ്സ് ജനങ്ങളിൽ നിന്നും ഒറ്റപ്പെടാൻ ഇടയാക്കി. സമ്മിശ്ര സമ്പദ് വ്യവസ്ഥയിൽനിന്ന് ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളുടെ വക്താക്കളായി കോൺഗ്രസ്സ് മാറി. കോൺഗ്രസ്സ് എം.എൽ.എ.-മാർക്കുപോലും ബി.ജെ.പി. യിലേയ്ക്ക് ചേക്കേറാൻ മടിയില്ലാത്ത രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിച്ചത് നിങ്ങളുടെ വികല നയങ്ങളാണ്.

ഗാന്ധിജിയുടെ 70-ാം രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികളാണ് കേരള സർക്കാർ നടത്തുന്നത്. ഇന്ത്യയിൽ പേരിനുമാത്രം അവശേഷിക്കുന്ന എത്ര കോൺഗ്രസ്സ് സർക്കാരുകളാണ് ഈ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത്. ഗാന്ധി ഘാതകരെപ്പറ്റി പറയുമ്പോൾ ഹൈന്ദവ വർഗ്ഗീയതയെക്കുറിച്ച് പറയണം. കോൺഗ്രസ്സിന്റെ മൃദുത്വ ഹിന്ദുത്വ നിലപാടുമൂലം നിങ്ങൾക്ക് അതിന് കഴിയില്ല. ഡി.വൈ.എഫ്.ഐ. ജനുവരി 30-ന് പതിനായിരങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. വർഗ്ഗീയതയ്ക്കെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ കോൺഗ്രസ്സിന് നിൽക്കാൻ കഴിയില്ലെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കുന്ന ജനക്ഷേമ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്ന നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, സംസ്ഥാന സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

"രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി 1921-ൽ ധീരരായ മാപ്പിള സഹോദരങ്ങൾ നടത്തിയ സാമ്രാജ്യത്വവിരുദ്ധ യുദ്ധം, അക്കാലത്ത് അതായിരുന്നു ശരിയായ സമരം, ഇതു ഞാൻ നൂറ് തവണ പറയും. തൂക്കിലേറ്റിയാലും ഞാനിത് പറഞ്ഞുകൊണ്ടേയിരിക്കും" ഈ വാക്കുകൾ മറ്റാരുടേതുമല്ല, ഐതിഹാസികമായ സമരജീവിതം നയിച്ച, നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന് ജീവിതം ഉഴിഞ്ഞുവച്ച, സാക്ഷാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പോലും തനിക്കെതിരെ മത്സരിക്കാൻ വെല്ലുവിളിച്ച, ഇന്നും ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ വിപ്ലവത്തിന്റെ തീജ്വാലകൾ പകർന്നുകൊണ്ടിരിക്കുന്ന സഖാവ് എ. കെ. ഗോപാലന്റെ വാക്കുകളാണിത്. ശരി ബോധ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കേണ്ടിവന്നാലും നിലകൊള്ളുക. 1946-ൽ പെരിന്തൽമണ്ണയിൽ അദ്ദേഹം നടത്തിയ ഈ പ്രസംഗത്തിന്റെ ഫലമായിട്ടാണ് 1947-ലെ സ്വാതന്ത്ര്യലബ്ധി ദിനത്തിൽപ്പോലും അദ്ദേഹത്തിന് തടവറയിൽ കിടക്കേണ്ടിവന്നത്. 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ സഖാവ് പിണറായി വിജയൻ സർക്കാരിനുവേണ്ടി ഈ സഭയിൽ നടത്തിയ നയപ്രഖ്യാപനം കേരളത്തിലെ ഇടതുപക്ഷത്തിന്റെ ശരിബോധ്യമാണ്, ഈ ശരി മനസ്സിലാക്കണമെങ്കിൽ ചരിത്രമറിയണം. ചരിത്രബോധമുണ്ടാകണം. ചരിത്രം വായിക്കാൻ അറിയണം. വർത്തമാന കാലഘട്ടത്തെ അറിയണം, ഈ മണ്ണിനെയും മനസ്സിനെയും മനസ്സുകളെയും അറിയണം. ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിലൂടെ ഭാവിയിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാകുമെന്ന് മുൻകൂട്ടി

കാണാൻ കഴിയണം. അതിന് കഴിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുകയാണ്. അതിന് ഏറ്റവും വലിയ ഉദാഹരണം കഴിഞ്ഞ ദിവസം ഈ സഭയിൽ തന്നെയുണ്ടായി. ഹരിത കേരളം മിഷനിലൂടെ ഒരു മാലിന്യ സംസ്കരണ പ്ലാന്റെങ്കിലും സ്ഥാപിക്കാൻ ഈ സർക്കാരിന് കഴിഞ്ഞോ എന്ന് പ്രതിപക്ഷത്തെ ഒരു ബഹുമാനപ്പെട്ട അംഗം ചോദിച്ചു. മാലിന്യം കുന്നുകൂട്ടി ഒരു പ്രദേശത്തെ ജനങ്ങളെ ബന്ദികളാക്കുകയല്ല, മാലിന്യത്തെ ഉറവിടത്തിൽ വികേന്ദ്രീകൃതമായി സംസ്കരിക്കുക എന്നതാണ് ഹരിത കേരള മിഷന്റെ നയം. മണ്ണിന്റെയും പ്രകൃതിയുടെയും ഭൂമിയുടെയും ജലത്തിന്റെയും മനുഷ്യ നന്മയുടെയും വീണ്ടെടുക്കലാണ് ഹരിത കേരള മിഷൻ. 30 വർഷങ്ങൾക്കുമുമ്പ് ഒരു ശേഷിപ്പുപോലുമില്ലാതെ മരിച്ചുകിടന്ന വരട്ടാർ എന്ന പുഴയെ ജീവനിലേയ്ക്ക് തിരിച്ചുകൊണ്ടുവന്ന് സമൃദ്ധമായി ജലം ഒഴുക്കി. ആ പുഴയുടെ രണ്ടാമത്തെ പുനരുദ്ധാരണഘട്ടം ഏറ്റെടുത്ത് പ്രഖ്യാപനം നടത്തിയത് കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു. ആ പ്രവർത്തനങ്ങളിൽ ഒപ്പമുണ്ടായിരുന്ന സഖാവ് കെ. കെ. രാമചന്ദ്രൻ നായരുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വരട്ടാർ, കോലറയാർ, പള്ളിക്കലാർ അങ്ങനെ എത്രയോ പുഴകളും തോടുകളും കുളങ്ങളും മലിനമാക്കപ്പെട്ട ജലസ്രോതസ്സുകളും സചേതനങ്ങളായി. 2011-2016 കാലയളവിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേയുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരാഴ്ചയല്ല, ഒരു മാസമല്ല, ശരാശരി ഒരു ദിവസം, നികത്തപ്പെട്ടുകൊണ്ടിരുന്ന നെൽപ്പാടങ്ങളുടെ വിസ്തൃതി 29 ഹെക്ടർ ആയിരുന്നു. അതായത് ഒരു ദിവസം 75 ഏക്കറോളം നെൽപ്പാടങ്ങളാണ് ഈ സംസ്ഥാനത്ത് നികത്തിക്കൊണ്ടിരുന്നത്. 2015-ൽ കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. മോഹനൻ നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ, 2011-2015 കാലയളവിൽ 66 കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്തുവെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നെൽവയൽ നികത്തുന്നത് അവസാനിപ്പിച്ചു. കടബാദ്ധ്യതമൂലം ഒരു കർഷകൻപോലും ആത്മഹത്യ ചെയ്യേണ്ട സാഹചര്യം കേരളത്തിൽ ഉണ്ടായോ? കർഷകർ മാത്രമല്ല, വിദ്യാർത്ഥികളും സ്ത്രീകളും പ്രൊഫഷണലുകളും നെൽകൃഷിയിലേയ്ക്ക് വ്യാപകമായി ഇറങ്ങിത്തുടങ്ങി. പതിനായിരക്കണക്കിന് ഹെക്ടർ തരിശുപാടങ്ങളിലാണ് നെൽകൃഷി ഇറക്കി പൊന്ന് വിളയിച്ചത്.

വിദ്യാഭ്യാസ മേഖലയിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ച് ജോലി കിട്ടി ലോൺ അടയ്ക്കാനാകാതെ നിന്നിരുന്ന പതിനായിരക്കണക്കിന് ആളുകൾക്ക് നേരെ

യു.ഡി.എഫ്. സർക്കാർ കണ്ണടച്ചുവെങ്കിൽ ഈ സർക്കാർ എന്താണ് ചെയ്തത്? പഴയ നിയമസഭാ സമ്മേളനഹാളിൽ ചേർന്ന ചരിത്ര സമ്മേളനത്തിൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായപദ്ധതി പ്രഖ്യാപിച്ചു. പതിനായിരക്കണക്കിന് കുടുംബങ്ങളുടെ കണ്ണീരാണ് ഈ സർക്കാർ ഒപ്പിയത്. നിങ്ങൾ അടച്ചുപൂട്ടിയത് കർഷകരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകളായിരുന്നുവെങ്കിൽ ഈ സർക്കാർ നിങ്ങൾ പൂട്ടിയ സ്കൂളുകൾ തുറന്നുകൊടുത്തു. മാത്രമല്ല, "ലാഭകരമല്ലാത്ത" (അൺ ഇക്കണോമിക്) എന്ന പദം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്കൂളുകളിൽനിന്നും എടുത്തുകളഞ്ഞു. വ്യക്തി കേന്ദ്രീകൃതമായ ശിശുകേന്ദ്രീകൃതമായ രാജ്യാന്തര നിലവാരത്തിലുള്ള വിദ്യാഭ്യാസമാണ് ഉറപ്പാക്കുന്നത്.

കേരളത്തിലെ ചുരുക്കം ചില മണ്ഡലങ്ങളിലേയ്ക്ക് മാത്രമാണ് പൊതുമരാമത്ത് വകുപ്പുകളിൽ നിന്നുള്ള ഫണ്ട് ഒഴുകിയിരുന്നതെങ്കിൽ ഇന്ന് 140 നിയോജക മണ്ഡലങ്ങളിലും എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങളെ ഒന്നായിക്കണ്ട് കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസന മേഖലയിൽ വലിയ മാറ്റമുണ്ടാകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ കഴിഞ്ഞ ഇരുപത് മാസങ്ങൾക്കുള്ളിൽ എത്ര റോഡുകൾ ബി.എം.&ബി.സി. ടാറിംഗ് ചെയ്തിട്ടുണ്ടെന്നുള്ള കണക്കുകൾ ഞങ്ങൾ തരാം. കേരളത്തിൽ സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ ആര് നടത്തിയാലും ശക്തമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഇതിനോടകം ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം പുറത്തുവിട്ട ഔദ്യോഗിക റിപ്പോർട്ടനുസരിച്ചും 'പ്ലാൻ ഇന്ത്യ' എന്ന സംഘടനയുടെ റിപ്പോർട്ട് അനുസരിച്ചും സ്ത്രീസുരക്ഷയിൽ കേരളവും ഗോവയും ഒപ്പത്തിനൊപ്പമാണ്. സ്ത്രീകളുടെ ആരോഗ്യം ഉറപ്പാക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, ജോലി, സ്ത്രീശാക്തീകരണം തുടങ്ങിയ കാര്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഇവിടെ പല കാര്യങ്ങളും പരാമർശിക്കപ്പെട്ടു. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിലെ നാല് മുതിർന്ന ജഡ്ജിമാർ പുറത്തുവന്ന് ഇന്ത്യൻ ജനാധിപത്യത്തിന് വെല്ലുവിളി നേരിടുന്നുവെന്ന് നമ്മളോട് പറയുന്ന സാഹചര്യമുണ്ടായി. വ്യാജ ഏറ്റുമുട്ടലുകൾക്കെതിരെ നരഹത്യക്കെതിരെ ശബ്ദിക്കുന്നവർ നിശബ്ദമാക്കപ്പെടുന്ന സാഹചര്യമാണുള്ളത്. സെക്യുലർ എന്ന പദം ഇന്ത്യയുടെ ഭരണഘടനയിൽനിന്നും മാറ്റുവാനുള്ള വലിയ നീക്കമാണ് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ നടക്കുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്യുന്നത് എന്താണ്? സ്വാമി വിവേകാനന്ദന്റെയും ശ്രീനാരായണഗുരുദേവന്റെയും ബോധനങ്ങളിലൂടെയും

ആശയങ്ങളിലൂടെയും നമ്മൾ ഒരു ജനകീയ പ്രതിരോധം തീർക്കുകയാണ്. ഇന്ത്യയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ ഇതുപോലെ കേരള മാതൃക സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. പതിനാല് ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനൊപ്പം ഇതുപോലെ സാംസ്കാരികമായ ഇടപെടലുകൾ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തുകയാണ്. എനിക്ക് സംസാരിക്കാൻ അധിക സമയമില്ലാത്തതുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ചുരുക്കുകയാണ്.

ഇവിടെ നടന്ന ചർച്ചകളിൽ ബഹുമാനപ്പെട്ട ഒരു സീനിയർ പ്രതിപക്ഷാംഗം ചോദിക്കുന്നതുകേട്ടു, മൂന്ന് മന്ത്രിമാർ രാജിവച്ചു പോയല്ലോ എന്ന്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഏഴ് മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണമുണ്ടായിരുന്നു. വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഒരു മന്ത്രിയെങ്കിലും രാജിവച്ച സാഹചര്യം കേരളത്തിലുണ്ടായോ? ബഹുമാനപ്പെട്ട ഹൈക്കോടതി സീസറിന്റെ ഭാര്യ സംശയാതീതയായിരിക്കണമെന്ന് പറഞ്ഞപ്പോൾ മാത്രമാണ് ശ്രീ. കെ. എം. മാണി രാജിവയ്ക്കുവാൻ നിർബന്ധിതനായത്. ശ്രീ. കെ. ബാബുവിന്റെ രാജിക്കത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എത്രനാളാണ് അദ്ദേഹത്തിന്റെ പോക്കറ്റിലിട്ടുകൊണ്ട് നടന്നത്. പാമോലിൻ കേസ്സിൽ തുടരന്വേഷണം വേണമെന്ന് അന്നത്തെ ജഡ്ജി പറഞ്ഞപ്പോൾ എന്താണ് മുൻ മുഖ്യമന്ത്രി ചെയ്തത്, അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന വിജിലൻസ് വകുപ്പ് വലതുകയ്യിൽ നിന്ന് ഇടതുകയ്യിലേയ്ക്ക് മാറ്റി. വിശ്വസ്തനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏല്പിച്ചു. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സോളാർ കേസ്സിൽ എന്ത് ത്യാഗം സഹിച്ചും മുഖ്യമന്ത്രി കസേരയിൽ തുടരുമെന്നാണ് പറഞ്ഞത്? ആർക്കുവേണ്ടിയായിരുന്നു ആ ത്യാഗം? കോൺഗ്രസ് പാർട്ടിക്കുവേണ്ടിയാണോ? ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടിയാണോ? യു.ഡി.എഫ്.-ന്റെ നിഘണ്ടുവിൽ കഴിഞ്ഞ കുറെവർഷങ്ങളായി ഇല്ലാതെപോയ രണ്ട് വാക്കുകളാണ് ധാർമ്മികതയും മാനവും. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കുന്നത് സദ്ഭരണം കാഴ്ചവയ്ക്കുവാനാണ്. ആളുകളുടെ മാനവും അഭിമാനവും ജീവിതവും ആരോഗ്യവും സംരക്ഷിച്ചുകൊണ്ട് സദ്ഭരണം കാഴ്ചവച്ചുകൊണ്ട്, പ്രകൃതിയെയും മനുഷ്യരെയും ഉൾക്കൊണ്ടുകൊണ്ട് സമഗ്രമായ, സുസ്ഥിരമായ വികസനത്തിലൂടെ ഒരു നവകേരള സൃഷ്ടിക്കുവേണ്ടിയാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. നന്ദി പറയേണ്ടത് പോസിറ്റീവായ കാര്യങ്ങൾക്കാണ്. അനുകൂലമായ ഒരു കാര്യവും ഗവർണറുടെ പ്രസംഗത്തിലില്ല. ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് തിരുവനന്തപുരം സെക്രട്ടേറിയറ്റിന്റെ മുന്നിലേയ്ക്ക് പോകാൻ സാധിക്കുമോ?

അവിടെ എൻഡോസൾഫാൻ ദുരിതബാധിതരായ ആളുകളുടെയും കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെയും സമരത്തിന്റെ ആരവമാണ്. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് പുറത്തുപോയാൽ നാട്ടുകാർ കൈകാര്യം ചെയ്യുമെന്നകാര്യത്തിൽ സംശയമില്ല. ഭരണപക്ഷാംഗങ്ങൾക്ക് അതനുസരിച്ച് പ്രസംഗിക്കേണ്ടിവരും. സർക്കാർ കഴിഞ്ഞ ഒന്നരവർഷക്കാലംകൊണ്ട് സമസ്ത മേഖലകളിലും കണ്ണുനീരാണ് നൽകിയത്. ഇവിടെ ഓഖി ദുരന്തത്തിന്റെ കണ്ണുനീരൊഴിയുന്നില്ല എന്ന് നമുക്കെല്ലാവർക്കുമറിയാം. എത്ര ആളുകളാണ് മരണപ്പെട്ടത്. അതുപോലെ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെയും കണ്ണുനീരൊഴിയുന്നില്ല. രക്തം തളംകെട്ടിനിൽക്കുകയാണ്. കേരളത്തിൽ കൊലപാതക രാഷ്ട്രീയത്തിന്റെ ഭാഗമായുള്ള കണ്ണുനീരും കർഷകരുടെ കണ്ണുനീരും ഒഴിയുന്നില്ല. എൻഡോസൾഫാൻ ദുരിതബാധിതരായ അറുനൂറോളം കുട്ടികളാണ് ഇന്നലെ സെക്രട്ടേറിയറ്റിനുമുന്നിൽ സമരത്തിനായി എത്തിയത്. 'സമരം കരൾ ഉരുക്കുന്നതായി' എന്ന വാർത്തകളുണ്ട്. അവരുടെ കണ്ണുനീരൊഴിയുന്നില്ല. ചെറുകിട കച്ചവടക്കാരുടെ കണ്ണുനീരായ ജി.എസ്.ടി.-യും നോട്ട് നിരോധനവും വന്നത് കേരളത്തിന്റെ ഭരണത്തിന്റെ ഫലമായിട്ടാണ്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാരുടെ കണ്ണുനീർ ഒഴിയുന്നില്ല. വിലക്കയറ്റം ഒരു വാർത്തയല്ലാതായി ത്തീർന്നിരിക്കുന്നു. ലോട്ടറിയുടെ കമ്മീഷൻ കുറച്ചുതുകാരണം അംഗവൈകല്യം സംഭവിച്ചവരുൾപ്പെടെയുള്ള ലോട്ടറി വില്പനക്കാരുടെ കണ്ണുനീർ ഒഴിയുന്നില്ല. ക്യാൻസർ രോഗികൾക്ക് കൊടുത്തുകൊണ്ടിരുന്ന സൗജന്യ ചികിത്സാ പദ്ധതിയായ 'സുകൃതം പദ്ധതി'-ക്ക് ഇന്ന് 20 കോടി രൂപ കൊടുക്കാനുണ്ട്. അതുപോലുള്ള സൗജന്യ ചികിത്സാ പദ്ധതികൾ അട്ടിമറിച്ചുതുകൊണ്ട് പാവപ്പെട്ട രോഗികളുടെ കണ്ണുനീർ ഒഴിയുന്നില്ല. സ്വകാര്യ ആശുപത്രികളിൽ 150 കോടി രൂപ കൊടുക്കാനുള്ളതുകൊണ്ട് ആരോഗ്യ സുരക്ഷാ പദ്ധതികൾ നിർത്തലാക്കുന്നു എന്ന് ഇന്നത്തെ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അവരുടെയും കണ്ണുനീർ ഒഴിയുന്നില്ല. ഇത്തരത്തിൽ എല്ലാം ശരിയാണ്, എല്ലാം ശരിയാക്കി എന്നുപറഞ്ഞ് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ആകെയുള്ള ആവലാതി നോർത്ത് കൊറിയയുടെ കാര്യത്തിലും അതുപോലെ ഇന്ത്യയെ തകർക്കാൻ പാകിസ്ഥാനുമായി ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുന്ന ചൈനയുടെ കാര്യത്തിലുമാണ്. വളരെ വേദനയോടുകൂടി ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. ഓഖി ദുരന്തം ബാധിച്ചുതുമൂലം കണ്ണുനീർ തളംകെട്ടി നിൽക്കുന്ന ഒരു പ്രദേശത്തെ ജനപ്രതിനിധിയാണ് ഞാൻ. നവംബർ 29-ാം തീയതി മുതൽ ഇന്നുവരെ അവരോടൊപ്പം ഞാൻ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിൽ സൂചിപ്പിച്ചുതുപോലെ 125 വർഷങ്ങൾക്കുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ

ദുരന്തമായിരുന്നു അത്. ഈ ഗവൺമെന്റ് സമയബന്ധിതമായി എന്തെങ്കിലും കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിൽ ആ ദുരന്തത്തിന്റെ ഭീകരത ഇത്രത്തോളം വർദ്ധിക്കുമായിരുന്നോ? ഒന്നും സമയബന്ധിതമായി ചെയ്തില്ലെന്നുള്ള കുറ്റബോധം കൊണ്ടാണ് സർക്കാർ നിയമസഭാ സമ്മേളനം ആരംഭിച്ചപ്പോൾതന്നെ ബഹുമാന്യനായ എസ്. ശർമ്മയെക്കൊണ്ട് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തുകയും ചെയ്തത്. അത് എന്തിനുവേണ്ടിയാണ്? ഒരു മുൻകൂർ ജാമ്യമെന്ന നിലയിലാണ് അത് ചെയ്തത്. എന്താണ് ഈ ഗവൺമെന്റ് ചെയ്തത്; ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. അതിന്മേൽ ചർച്ച നടത്തിയിരുന്നുവെങ്കിൽ ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് ബോധ്യമുണ്ടാകുമായിരുന്നു. ഇവരാരെങ്കിലും ആ സമയങ്ങളിൽ അവിടെ തിരിഞ്ഞുനോക്കിയോ? അവിടെ 58 പേർ മരിച്ചു. കേരളത്തിൽ സമീപകാലഘട്ടങ്ങളിൽ ഇത്തരത്തിൽ ഉണ്ടായിട്ടുണ്ടോ? 104 പേരെ കാണാതായി. അവർ ഇനി തിരിച്ചുവരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നുണ്ടോ? 384 ബോട്ടുകൾ തകർന്നു. 700 വീടുകൾ നഷ്ടപ്പെട്ടു. അതിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്യേണ്ടതല്ലേ? അത് നിഷേധിച്ചുകൊണ്ട് സാമാന്യരീതിയിലുള്ള ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും ചെയ്ത കാര്യങ്ങളെല്ലാം ന്യായീകരിച്ചുകൊണ്ട് ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തുകയും ചെയ്താൽ ഈ പ്രശ്നങ്ങളെല്ലാം അവസാനിക്കുമോ? നവംബർ 29-നാണ് ഈ പ്രശ്നം ഉണ്ടായത്. ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നതിനുവേണ്ടി, അന്ന് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നടത്തിയ 'പടയൊരുക്കം' പരിപാടി നിർത്തിവച്ചുകൊണ്ട് പ്രതിപക്ഷനേതാവ് നേരിട്ട് മുഖ്യമന്ത്രിയെക്കണ്ടു. ഞാൻ അവിടെ നിന്ന് നേരെ പോയത് പൂന്തുറയിലേയ്ക്കാണ്. ആ പ്രദേശത്ത് അമ്പതോളം ആളുകൾ മരണപ്പെട്ടു. ഇനിയും 75-ഓളം ആളുകൾ മടങ്ങിവരാനുണ്ട്. 29-ാം തീയതി ഉച്ചയ്ക്ക് രണ്ട് മണിക്ക് ഞാൻ അവിടെ പോയപ്പോൾ അവിടത്തെ മത്സ്യത്തൊഴിലാളികൾ എന്നോട് പറഞ്ഞത്, ഇന്ന് രാത്രിക്കുമുമ്പ് തിരച്ചിൽ ഊർജ്ജിതപ്പെടുത്തിയാൽ കാണാതായ മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ സാധിക്കുമെന്നാണ്. ഞാൻ അവിടെനിന്നുകൊണ്ടുതന്നെ ബഹുമാന്യയായ മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയെ വിളിച്ചു. ഗവൺമെന്റ് അലെർട്ട് ആണെന്നാണ് മന്ത്രി എന്നോട് പറഞ്ഞത്. പക്ഷേ അന്നോ പിറ്റേ ദിവസമോ അതിനടുത്ത ദിവസമോ ഒന്നും നടന്നില്ല. മൂന്നുദിവസം ഒന്നും നടന്നില്ല. 30-ാം തീയതി രാവിലെ ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും എം. പി. ശ്രീ. ശശി തരൂരുമാണ് അവിടെ പോയത്. കോരിച്ചൊരിയുന്ന മഴയത്ത് ഓരോ വീടുകളും സന്ദർശിച്ച് വേദനയോടുകൂടി അവിടത്തെ ജനങ്ങൾ പറയുന്നത് ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ അവിടെപ്പോയി നാല് മണിക്കൂർ

അവിടെയിരുന്നുകൊണ്ട് മുഖ്യമന്ത്രിയെയും ഫിഷറീസ് വകുപ്പുമന്ത്രിയെയും കേന്ദ്രമന്ത്രിയെയുമൊക്കെ വിളിച്ചു. മന്ത്രിമാർ എവിടെ പോയിരുന്നു? മുന്നൂറോളം ആളുകൾക്ക് ദുരന്തമുണ്ടായപ്പോൾ മന്ത്രിമാർ അവിടെ വന്ന് കാര്യങ്ങൾ ചെയ്യേണ്ടതല്ലേ; അധികാരത്തിലിരിക്കുന്ന ആളുകൾ യഥാസമയം കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിൽ ഒരിക്കലും ഈ ദുരന്തമുണ്ടാകുമായിരുന്നില്ല. ഇവിടെ ദുരന്ത നിവാരണത്തിന്റെ ചുമതലയുണ്ടായിരുന്ന ഒരു മന്ത്രിയുണ്ട്. ആ മന്ത്രി കേരളത്തിലുള്ളയാളാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. അദ്ദേഹം അവിടെ തിരിഞ്ഞുനോക്കിയിട്ടില്ല. എന്താണ് ദുരന്തനിവാരണം; പ്രധാനമന്ത്രി വന്നപ്പോൾ പ്രധാനമന്ത്രിയുടെ പുറകിൽ ഒരു കാറിൽവന്ന് അതുവഴി ഒളിച്ചോടിപ്പോയി. ഏതെങ്കിലും പ്രദേശത്ത് പോയോ; തിരുവനന്തപുരം കേരളത്തിന്റെ ഭാഗമാണ്. കാസർഗോഡും കണ്ണൂരും മാത്രമല്ല കേരളം. ഡിസാസ്റ്റർ മാനേജ്മെന്റിന് നേതൃത്വം കൊടുക്കേണ്ട ഒരു മന്ത്രി തിരിഞ്ഞുനോക്കിയില്ല. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ പാർട്ടി (സി.പി.ഐ.) തന്നെ അദ്ദേഹത്തെ നിശിതമായി വിമർശിച്ചു. മന്ത്രിമാർ പോകാത്തത് മുഖ്യമന്ത്രിയെ പേടിച്ചിട്ടാണെന്നാണ് സി.പി.ഐ.-ക്കാർ പറഞ്ഞത്. റവന്യൂ വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ വാലായി സെക്രട്ടേറിയറ്റിലിരിക്കുന്നു. മാധ്യമങ്ങൾക്ക് മുമ്പിൽ ഉറഞ്ഞുതുള്ളുന്ന ശ്രീ. വി. എസ്. സുനിൽ കുമാർ കാറ്റഴിച്ചുവിട്ട ബലൂൺ പോലെയായി എന്ന് നിങ്ങളുടെ യോഗത്തിൽ പറഞ്ഞതാണ്. കൃഷിനാശം സംഭവിച്ചവർക്ക് ഒന്നും കൊടുത്തില്ല. അധികാരത്തിലിരിക്കുമ്പോൾ കാര്യങ്ങളൊക്കെ മറന്നുകൊണ്ട് മുന്നോട്ടുപോകും. മരിച്ചവരുടെ വ്യക്തമായ കണക്കുകളില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ഇത്രയേറെ പരാജയപ്പെട്ട ഒരു കാലഘട്ടമുണ്ടായിട്ടില്ല. അവിടത്തെ ജനങ്ങൾ പറഞ്ഞത് അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നുവെങ്കിൽ കടലിൽ പോകുമായിരുന്നില്ല, ആദ്യത്തെ മൂന്നുദിവസം തിരച്ചിൽ നടത്തിയിരുന്നുവെങ്കിൽ ഞങ്ങൾക്ക് ദുരന്തമുണ്ടാകുമായിരുന്നില്ല എന്നാണ്. ഇത്രയും കുറ്റകരമായ അനാസ്ഥ കാണിച്ച ഒരു ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ചുരുക്കുകയാണ്. പാക്കേജ് പ്രഖ്യാപിച്ചു. ആരോടാണ് ആലോചിച്ചത്; 20 ലക്ഷം രൂപ കൊടുത്താൽ എന്താകും; കുമാർ എഡ്വേർഡ് എന്നയാൾക്ക് നാല് മക്കളാണുള്ളത്. 7 വയസ്സുള്ള നിമ്മി, 5 വയസ്സുള്ള നമിത, 3 ½ വയസുള്ള നിഷിത, 1½ വയസുള്ള നിമിഷ. 20 ലക്ഷം രൂപകൊണ്ട് ഇവർ എങ്ങനെ ജീവിക്കും; ആളുകളോട് സംസാരിക്കണമായിരുന്നു, ചർച്ച ചെയ്യണമായിരുന്നു. ഇത്തരം നടപടികളിലൂടെ ഈ ഗവൺമെന്റ് നിഷ്ക്കരുണം മത്സ്യത്തൊഴിലാളികളെ അവഗണിച്ച ഒരു കാലഘട്ടമുണ്ടായിട്ടില്ല. അതുകൊണ്ട്

വരാൻ പോകുന്ന ബഡ്ജറ്റിൽ 500 കോടി രൂപയുടെ പാക്കേജ് ഉൾപ്പെടുത്തണമെന്ന് ഈയവസരത്തിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഞാൻ ആവശ്യപ്പെടുകയാണ്. ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. വേദനയും പ്രയാസവും കൊണ്ട് പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഡ്ജറ്റ് ചർച്ചയുമായി ബന്ധപ്പെട്ട് സംസാരിക്കാം. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 29-ാം തീയതി ഈ സംഭവം ഉണ്ടായി. മന്ത്രിസഭ കൂടിയത് ഒരാഴ്ചകഴിഞ്ഞ് 6-ാം തീയതിയാണ്. അന്നുതന്നെ മന്ത്രിസഭ കൂടി മന്ത്രിമാരെ ചുമതലപ്പെടുത്തണ്ടേ; സർവ്വകക്ഷി യോഗം കൂടിയത് 10-ാം തീയതിയാണ്. ഇത്രയധികം നിരുത്തരവാദപരമായ ഒരു സമീപനം കേരളത്തിന്റെ ഇതുവരെയുള്ള രാഷ്ട്രീയ-സാമൂഹിക ചരിത്രത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ. പി: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ. വി. എസ്. ശിവകുമാർ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിലെ കണ്ണീരിന്റെ കണക്കാണ് ഇവിടെ പ്രസംഗിച്ചത്. അതിൽ ഒരു കാര്യം എനിക്ക് പറയാനുള്ളത്, മണ്ഡലത്തിൽ പേര് വരാൻ വേണ്ടി ഈ വിഷയത്തെപ്പറ്റിപറയുന്നതിനപ്പുറത്ത് ആത്മാർത്ഥതയുണ്ടായി രുന്നുവെങ്കിൽ ഈ സഭ ആരംഭിച്ച ആദ്യ ദിവസത്തെ ആദ്യത്തെ അടിയന്തര പ്രമേയമായി ഈ വിഷയം അവതരിപ്പിക്കുമായിരുന്നു. പെരിന്തൽമണ്ണയിലെ ലീഗ് ഓഫീസ് ആക്രമിച്ചതിനേക്കാളും പ്രധാനപ്പെട്ടതല്ലേ ആയിരക്കണക്കിനാളുകളെ ബാധിച്ച ഓഖി ദുരന്തത്തിന്റെ പ്രശ്നങ്ങൾ. ആദ്യത്തെ അടിയന്തരപ്രമേയം അത്രയും പ്രധാനപ്പെട്ട വിഷയത്തിനാകാമായിരുന്നു. അതിൽനിന്നും ആത്മാർത്ഥത കൃത്യമായി നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. മറ്റൊരു ആത്മാർത്ഥത എന്നുപറഞ്ഞാൽ ജി.എസ്.ടി.-യും നോട്ട് നിരോധനവുമൊക്കെ കേരള സർക്കാരിന്റെ പ്രശ്നമാണെന്നുള്ള രീതിയിലാണ് പ്രസംഗത്തിൽ അവതരിപ്പിച്ചത്. എന്ത് ആത്മാർത്ഥതയാണുള്ളത്; പറയുന്ന വിഷയങ്ങളിൽ എന്തെങ്കിലും ആത്മാർത്ഥത വേണ്ടേ?

ഗവർണറുടെ നയപ്രഖ്യാപനത്തിൽ മനുഷ്യന്റെ സ്വാർത്ഥതയും സങ്കുചിതമായ വീക്ഷണവും കാരണം നഷ്ടപ്പെടുന്ന പ്രകൃതിസമ്പത്തിനെ വീണ്ടെടുക്കാനുള്ള പരിസ്ഥിതി സൗഹൃദമായ നയമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അത് വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോഴത്തെ വികസന കാഴ്ചപ്പാടിന് ഓഖി അടക്കമുള്ള

ദുരന്തങ്ങൾ വരാതിരിക്കണമെങ്കിൽ പരിസ്ഥിതിയെ പരിഗണിച്ചുകൊണ്ടുള്ള വികസനമാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളതെന്ന് ആ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. വികലമായ വികസന കാഴ്ചപ്പാടും കോർപ്പറേറ്റ് സ്വാധീനത്തിലുണ്ടായ കേന്ദ്രനയങ്ങളും കൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട ജനതയ്ക്ക് പ്രതീക്ഷനൽകുന്ന നയമാണ് നയപ്രഖ്യാപനത്തിൽ ഉൾക്കൊണ്ടിട്ടുള്ളത്. വികസനത്തിലും മാനവ സൂചികയിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിലാണെങ്കിലും പുതിയ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കിയാൽ മാത്രമേ നമുക്ക് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള കാര്യങ്ങൾ ലക്ഷ്യംവച്ചുകൊണ്ട് ഒരു പുതിയ കേരളം കെട്ടിപ്പടുക്കുവാനാണ് നയപ്രഖ്യാപനം മുന്നോട്ടുവച്ചത്. വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര-സാങ്കേതികവിദ്യയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾ അതിവേഗം നമ്മുടെ ജനതയ്ക്ക് പരിജ്ഞാനം നൽകാൻ പറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കുകൂടി ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണ് നമുക്ക് മുന്നിൽവന്നത്. കഴിഞ്ഞ 20 മാസക്കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രോഗ്രസ് എനിക്കുമുമ്പ് ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞതുകൊണ്ട് ഞാൻ റിപ്പീറ്റ് ചെയ്യുന്നില്ല. 4 മിഷനുകളായി പുതിയൊരു കേരളത്തിന്റെ തുടക്കമാണ്. ഹരിത കേരളം മിഷനിൽ കേരളത്തിന്റെ പ്രകൃതിയും പരിസ്ഥിതിയും പരിഗണിച്ചുകൊണ്ട് കാർഷിക മേഖലയിലും ടൂറിസം മേഖലയിലും വേസ്റ്റ് മാനേജ്മെന്റ് അടക്കമുള്ള മേഖലകളിലുമൊക്കെ വളരെയേറെ മുന്നോട്ടുപോകാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി പ്രോഗ്രാമുകൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി ആരോഗ്യ മേഖലയെ സ്റ്റാൻഡേർഡൈസ് ചെയ്യാനുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലും നമ്മൾ അവതരിപ്പിക്കുകയാണ്.

ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർക്കാർക്കും കുറ്റംപറയാൻ പറ്റാത്ത രീതിയിലുള്ള വിപ്ലവകരമായ മാറ്റമാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ വന്നിട്ടുള്ളത്. വീടില്ലാത്ത എല്ലാവർക്കും വീട് നിർമ്മിക്കുന്നതിനുള്ള ലൈഫ് മിഷൻ ഉൾപ്പെടെയുള്ള നാല് മിഷനുകൾ കേരളത്തിന്റെ പുതിയ വികസനത്തിന് അടിത്തറപാകുന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നിരവധി പ്രവർത്തനങ്ങളാണുള്ളത്.

ഒരു കാര്യം പ്രത്യേകം പറയുകയാണ്, നമ്മുടെ രാജ്യം വളരെയേറെ അപകടത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന സമയമാണ്. പ്രത്യേകിച്ച് ഇക്കണോമിക് ഗ്യാപ്പ് എന്നുപറയുന്നത് വളരെ വലുതാണ്. ഒരു ശതമാനം വരുന്ന മുതലാളിമാരുടെ കയ്യിലാണ് 73 ശതമാനംവരുന്ന രാജ്യത്തിന്റെ സമ്പത്ത് ഇപ്പോൾ

എത്തിനിൽക്കുന്നതെന്ന അപകടകരമായ അവസ്ഥയാണുള്ളത്. 67 കോടി ഇന്ത്യക്കാരുടെ സമ്പത്ത് ഒരു ശതമാനം മാത്രമാണ് കഴിഞ്ഞ വർഷത്തിൽ വളർന്നിട്ടുള്ളത്. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 69-ാമത് വാർഷികം ആഘോഷിക്കുമ്പോൾ ഏറ്റവും അപകടംപിടിച്ച ഒരവസ്ഥയിലേയ്ക്കാണ് നമ്മൾ പോയിട്ടുള്ളത്. ജസ്റ്റിസ് ബ്രിജ്ഗോപാൽ ഹർകിഷൻ ലോയയുടെ മരണവും നമ്മുടെ ജനാധിപത്യം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നുവെന്ന് സുപ്രീംകോടതിയിലെ 4 ജഡ്ജിമാർ പരസ്യമായി പറയുകയും ചെയ്ത സാഹചര്യത്തിൽ ബി.ജെ.പി.-ക്ക് ബദലായിട്ടുള്ള ഒരു മുന്നണി അധികാരത്തിൽ വരേണ്ടത് അനിവാര്യമാണ്. പക്ഷെ ബി.ജെ.പി.-യുടെ കോൺഗ്രസ് പിന്തുണയുടെ കാര്യമൊക്കെ ഇവിടെ പറയുന്നുണ്ട്. എനിക്ക് സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. കോൺഗ്രസ് മുക്ത ഭാരതമെന്ന് ശ്രീ. അമിത് ഷാ പറയുന്നുണ്ട്. അതിനെയൊക്കെ ഇവർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഒരു കോൺഗ്രസ് നേതാവിനേയും ബി.ജെ.പി.-ക്കാർ കൊന്നിട്ടില്ല. അങ്ങനെ കൊന്നുകൊണ്ട് ഇല്ലാതാക്കുകയെന്നല്ല ഉദ്ദേശിച്ചത്. ഇന്ന് ബി.ജെ.പി.-യിലുള്ള 90 ശതമാനം എം.എൽ.എ.-മാരും എം.പി.-മാരുമായ പ്രധാനപ്പെട്ടവരൊക്കെ കോൺഗ്രസ്സിലെ പഴയ നേതാക്കളും പത്തുപതിനഞ്ച് വർഷക്കാലം എം.എൽ.എ.-മാരും എം.പി.-മാരും മുഖ്യമന്ത്രിമാരും കേന്ദ്ര മന്ത്രിമാരുമൊക്കെയായിരുന്ന ആളുകളാണ്. അവരെ എല്ലാവരെയും ബി.ജെ.പി.-യിലേയ്ക്ക് ഒഴുക്കിക്കൊണ്ട് സ്വാഭാവികമായ മരണം കോൺഗ്രസ്സിന് കൊടുക്കുകയെന്ന അവസ്ഥയിലേയ്ക്കാണ് കൊണ്ടുപോകുന്നത്. അതുകൊണ്ട് കോൺഗ്രസ്സുകാരോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ സ്വയം മാറാൻ ആലോചിക്കുക എന്നാണ്. കൃത്യമായ ഒരു നയം രൂപീകരിക്കുക, ആ നയത്തെ ഞങ്ങളും പിന്തുണയ്ക്കും. നയമില്ലാത്ത അവസ്ഥയിൽ ബി.ജെ.പി.-യെ പ്രതിരോധിക്കാൻ പോകുമ്പോൾ ബി.ജെ.പി.-യുടെ വലയിലേയ്ക്ക് വീഴുന്നതരത്തിൽ പൂണൂൽ ധരിക്കലും അമ്പലത്തിൽ പോകലുമൊക്കെയായിട്ട് നിങ്ങളും അത് പിന്തുടരുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾക്കാർക്കും പിന്തുണയ്ക്കാൻ പറ്റില്ല. ഐക്യം രൂപപ്പെടേണ്ടത് ഇലക്ടറൽ പൊളിറ്റിക്സിലല്ല. വലിയ സമരങ്ങളുടെ തീജ്വാലയിൽനിന്നുവരുന്ന ഒരു ഐക്യമാണ് ഉണ്ടാകേണ്ടത്. രാജ്യത്ത് കർഷകർ, ആദിവാസികൾ, ദളിതർ തുടങ്ങിയവർ വ്യാപകമായി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ സമരങ്ങളിലൊന്നും കോൺഗ്രസ് ഇല്ലായെന്നുള്ളതാണ് സത്യം. നമ്മളെയെല്ലാം വേദനിപ്പിക്കുന്ന രീതിയിലുള്ള സമരമാണ് തമിഴ്നാട്ടിലെ കർഷകർ നടത്തിയത്. സ്വന്തം വിസർജ്ജ്യം കുടിച്ചും കഴിച്ചും സമരം നടത്തിയപ്പോൾ അവരെ പിന്തുണച്ചുകൊണ്ട് പാർലമെന്റിൽ ഒരു ശബ്ദംപോലും മുഴക്കാത്തവരാണ്. തെരുവുകളിൽ ഉയരുന്ന സമരങ്ങളിലൂടെയാണ് രാജ്യത്ത് പ്രതിരോധത്തിന്റെ ഐക്യം വരേണ്ടത്. അങ്ങനെ ഒരു ഐക്യം വരികയാണെങ്കിൽ ആ കൂട്ടത്തിൽ കോൺഗ്രസ്സാണോ മറ്റാരെങ്കിലുമാണോ

എന്ന് നോക്കില്ല. ജനാധിപത്യത്തെ സംരക്ഷിക്കാൻ നമ്മളെല്ലാവരും കൂടെയുണ്ടാകും. സ്വയം ചിന്തിക്കുക, സ്വയം മാറുക. അങ്ങനെ രാജ്യത്ത് മാറ്റം കൊണ്ടുവരാൻ നിങ്ങൾ സ്വയം ചിന്തിക്കുക എന്ന് മാത്രമാണ് കോൺഗ്രസ്സുകാരോട് പറയാനുള്ളത്. ആ ഒരു മാറ്റത്തിനുവേണ്ടി നമുക്കെല്ലാവർക്കും കൈകോർക്കാം. അതിനുവേണ്ടിയുള്ള ഒരു ബദലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഈ നയപ്രഖ്യാപനത്തിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നയപ്രഖ്യാപനത്തോടുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചതിന്റെ 125-ാം വാർഷികാഘോഷങ്ങൾ നടക്കുന്ന കാലയളവാണിത്. ഈ ഘട്ടത്തിൽ അദ്ദേഹത്തിന്റെ ഒരു അഭിപ്രായം ഞാൻ ഓർക്കുകയാണ്. സകലതിനെപ്പറ്റിയും പരിഹസിക്കുക, ഒന്നിനെപ്പറ്റിയും ഗൗരവമില്ലാതിരിക്കുക, ഈ മഹാവ്യാധി നമ്മുടെ ദേശീയ രക്തത്തിൽ കടന്നുകൂടിയിരിക്കുന്നു, അതിനെ ഉടൻ ചികിത്സ ചെയ്യണം. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്പോഴും പ്രസക്തമാകുന്നത് പ്രതിപക്ഷത്തിന്റെ മനോനില കാണുമ്പോഴാണ്. അതേ സ്വാമിജി മറ്റൊരിക്കൽ പറഞ്ഞത്, ഞാനെന്റെ ജനതയ്ക്കായി ഏറ്റെടുത്ത ദൗത്യങ്ങളുടെ പൂർത്തീകരണത്തിനായി ആവശ്യമെങ്കിൽ 200 തവണ ജനിക്കാൻ തയ്യാറാണെന്നാണ്. എന്നാൽ ആധുനിക കേരളത്തിന്റെ മുന്നേറ്റത്തിന് വേഗത കൂട്ടാൻ നേതൃത്വം നൽകുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ പ്രഖ്യാപനമെന്താണ്? ഈ നാടിനുവേണ്ടി ഇനി മറ്റൊരു ജന്മത്തിന് കാത്തിരിക്കാനില്ലെന്ന് പ്രഖ്യാപിച്ച് ഏറ്റെടുത്ത ദൗത്യങ്ങൾ പൂർത്തീകരിക്കാൻ ശരവേഗതയിൽ മുന്നേറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നയപ്രഖ്യാപനങ്ങളെല്ലാം വെറും പാഴ്‌വാക്കുകളാക്കി മാറ്റിയ മുൻ യു.ഡി.എഫ്. സർക്കാരല്ല ഇതെന്നറിയാവുന്ന കേരളം പുതിയ നയപ്രഖ്യാപനത്തെ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. 20 മാസക്കാലം കൊണ്ട് എങ്ങനെയാണ് ഇത്രയും നടപ്പാക്കിയതെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ക്ഷേമ പെൻഷനുകളുടെ വർദ്ധനവും വിതരണവും നടത്തി സാമൂഹ്യജീവിതത്തിൽ ആഹ്ലാദപ്പെരുമഴക്കാലം തീർത്തുകൊണ്ടാണ് പിണറായി സർക്കാർ തുടക്കംകുറിച്ചത്. ഒറ്റവർഷംകൊണ്ട് ഐക്യരാഷ്ട്രസഭാ വേദിയിൽ ഇന്ത്യയുടെ മാനംകാത്ത ഏക തിലകക്കുറിയായി മാറിയതും ഈ കേരളമാണ്. ലോക മാനവിക വികസന സൂചികയിലെ ഉയർന്ന സ്ഥാനം ഇന്ത്യയിൽ ഒരു നാടിന് മാത്രമേയുള്ളൂ. ആ നാടിന്റെ പേരാണ് എൽ.ഡി.എഫ്. ഭരിക്കുന്ന കേരളം. കഴിഞ്ഞയാഴ്ച അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ മെമ്പർ ശ്രീ. എം. ഉമ്മർ, തങ്ങളുടെ പാർട്ടി ഓഫീസും വീടുമെല്ലാം ഒന്നര രൂപയുടെ പൂട്ടിന്റെ ബലത്തിൽ സംരക്ഷിക്കപ്പെടുമെന്നല്ല കരുതുന്നത് ഈ സർക്കാരിലാണ്

പ്രതീക്ഷയെന്ന് പറയുകയുണ്ടായി. അടിയന്തരപ്രമേയത്തിന്റെ ഭാഗമായാണത് പറഞ്ഞത്. ബഹുമാന്യനായ മെമ്പറുടെ മാത്രമല്ല കേരളത്തിലെ എല്ലാവരുടെയും ജീവനും സ്വത്തും ഒരു പൂട്ടിന്റെയും പിൻബലമില്ലാതെ സംരക്ഷിക്കുന്ന സഖാവ് പിണറായി സർക്കാരിന്റെ അഭ്യന്തര നയമാണ് ഈ നാടിന്റെ നിലനില്പിന് ആധാരമെന്ന് നിങ്ങളറിയണം. ക്രമസമാധാനപാലനത്തിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടതും ഈ കാലയളവിലാണ്. അല്ലാതെ സലിംരാജിന്റെ പോലീസ്‌രാജ് നടപ്പാക്കപ്പെട്ട യു.ഡി.എഫ്. കാലത്തല്ലായെന്ന് അപ്പുറത്തിരിക്കുന്നവർ ഓർത്താൽ നല്ലത്.

സ്വാമി വിവേകാന്ദൻ വീണ്ടുമൊരിക്കൽ പറഞ്ഞു, സ്ത്രീകളെ ആദരിക്കാത്ത രാജ്യമോ രാഷ്ട്രമോ ഒരിക്കലും മഹത്തരമായിത്തീരില്ലെന്ന്. കേരളം ഇതാ മഹത്തരമായി മാറുകയാണ്. സ്ത്രീ സുരക്ഷയ്ക്കായി വനിതാ ബറ്റാലിയൻ, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, സ്വയം പ്രതിരോധ പരിശീലനം തുടങ്ങി പലതും നടപ്പാക്കപ്പെട്ട് ഈ ഗവൺമെന്റ് രക്ഷിതാക്കളുടെ രക്ഷിതാവുകൂടിയായി മാറുകയാണ്. വയോജനങ്ങളെ ആദരവോടെ സംരക്ഷിക്കുന്ന കേരളം വയോജനശ്രേഷ്ഠ അവാർഡും നേടിയിരിക്കുന്നു. എന്നിട്ടും എന്തേ 70 വയസ്സ് കഴിഞ്ഞ പ്രതിപക്ഷ മെമ്പർമാർപോലും അസ്വസ്ഥരാകുന്നു എന്നതാണ് എന്നെ ഭയപ്പെടുത്തുന്നതും ആകുലപ്പെടുത്തുന്നതും.

കേരള സാംസ്കാരിക വകുപ്പ് വിവേകാനന്ദ സ്പർശനത്തിന്റെ വാർഷികം മാത്രമല്ല, മഹാത്മാഗാന്ധി രക്തസാക്ഷിത്വത്തിന്റെ 70-ാം വർഷികംകൂടി ആചരിക്കുകയാണ്. ഈ ഘട്ടത്തിൽ മഹാത്മാവിന്റെ ഒരു വാചകം ഞാൻ ഓർക്കുകയാണ്. കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുമ്പിൽ ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടാനാവൂ എന്നതാണ്. കേരളത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ 83,103 വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യ കിറ്റുമായി വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പ്രത്യക്ഷപ്പെട്ടു. അതൊരു കൺകെട്ടായിരുന്നില്ല. കാട്ടിലെ മക്കൾ കണികണ്ടുണർന്ന നന്മയായിരുന്നു ആ പ്രത്യക്ഷപ്പെടലെന്ന് നിങ്ങളറിയണം. മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാടിനെ മറികടക്കുന്ന മാന്ത്രികവിദ്യ മന്ത്രി ശ്രീ. എ. കെ. ബാലനുണ്ടോയെന്ന് തോന്നുന്ന വേഗതയി ലാണ് തന്റെ വകുപ്പിലെ അദ്ദേഹത്തിന്റെ നേട്ടങ്ങൾ. അദ്ദേഹം കുറച്ചൊക്കെ ഇന്ദ്രജാലം പഠിച്ചയാളാണ്. പക്ഷെ ഇത്രത്തോളം ഇന്ദ്രജാലം അദ്ദേഹത്തിന്റെ കൈവശമുണ്ടോയെന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്. പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രഖ്യാപിച്ച പാലക്കാട് മെഡിക്കൽ കോളേജിൽ യു.ഡി.എഫ്. ഭരണകാലത്ത് എന്തായിരുന്നു സ്ഥിതി? ആവശ്യത്തിന് കെട്ടിടവും സംവിധാനവുമൊന്നുമില്ലായിരുന്നു. എന്നാൽ ജീവനക്കാരെ പുറംവാതിലിലൂടെ നിയമിക്കുന്ന 'ഓപ്പറേഷൻ കുബേര' നടപ്പാക്കാനുള്ള മേടിക്കൽ കോളേജായിരുന്നു പാലക്കാട് മെഡിക്കൽ കോളേജ്.

12.00 noon

ശ്രീ. എ. കെ. ബാലൻ മന്ത്രിയായതിനുശേഷം കണ്ണടച്ചുതുറക്കുന്ന വേഗതയിലാണ് സാക്ഷാൽ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിന് 320 കോടി രൂപയുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ഏഴ് ലക്ഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റും നാലരലക്ഷം കുട്ടികൾക്കുള്ള സ്റ്റൈപന്റും 25 ശതമാനം ഒറ്റയടിക്ക് വർദ്ധിപ്പിച്ചത് ഇക്കഴിഞ്ഞ വർഷമാണ്. ഉന്നത നിലവാരമുള്ള വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക മാർഗ്ഗരേഖ ഉണ്ടായതും ഇപ്പോഴാണെന്നത് നമ്മളോർക്കണം. പട്ടികജാതി വകുപ്പിൽ ചികിത്സാ സഹായം ദ്രുതഗതിയിൽ അർഹർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായവും മുമ്പെങ്ങുമില്ലാത്ത രൂപത്തിൽ വളരെ കൃത്യതയോടുകൂടി വിതരണം ചെയ്യുന്നുണ്ട്. പട്ടികജാതി വകുപ്പിൽ നിന്നുമാത്രം 20 മാസത്തിനിടയിൽ 43 കോടി രൂപ വിതരണം ചെയ്തപ്പോൾ എന്റെ മണ്ഡലത്തിൽ 1.13 കോടി രൂപ നൽകിയ മന്ത്രിയോടുള്ള നന്ദിയും ഈ അവസരത്തിൽ ഞാൻ പ്രകടിപ്പിക്കുകയാണ്.

നവകേരളത്തിനായുള്ള നാല് മിഷനുകളും നാടൊന്നാകെ ഏറ്റുവാങ്ങിയിരിക്കുകയാണ്. എന്തായിരുന്നു കേരളത്തിന്റെ സ്ഥിതി? സരിത കേരളമായിരുന്നത് ഇപ്പോൾ ഹരിത കേരളമായി മാറുകയാണ്. സരിത കേരളത്തെ ഹരിത കേരളമാക്കിമാറ്റുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ രാഷ്ട്രീയ നയം നിങ്ങൾ കണ്ടുപഠിക്കണം. ജീവജലം സംരക്ഷിക്കാൻ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചു. 17,000 കിണറുകൾ റീചാർജ് ചെയ്തു. 3,900 കുളങ്ങൾ നവീകരിച്ചു. 2,466 കിലോമീറ്റർ തോടുകൾ വൃത്തിയാക്കി. 1,391 കിലോമീറ്റർ തോടുകൾ പുനരുജ്ജീവിപ്പിച്ചു. ഒന്നരവർഷത്തിനിടയിൽ ഒന്നരലക്ഷം ഹെക്ടർ തരിശുഭൂമിയിൽ കൃഷി പുനരാരംഭിച്ചതും ഈ ഗവൺമെന്റിന്റെ കരുതൽ നയത്തിന്റെ ഭാഗമാണ്. സാമൂഹ്യ പെൻഷൻ വീട്ടിലെത്തിച്ച എൽ.ഡി.എഫ്. സർക്കാർ ആരോഗ്യവും വീട്ടിലെത്തിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന 'ആർദ്രം' പദ്ധതിയും ഈ സർക്കാരിന്റെ അഭിമാനനേട്ടം തന്നെയാണ്.

ദുർനടപ്പുകാരനായ കുടുംബനാഥനെ കുറ്റപ്പെടുത്തിക്കൊണ്ട് എന്റെ നാട്ടിൽ ഒരു ചൊല്ലുണ്ട് 'കുടുംബം വെളുപ്പിച്ചവൻ' എന്ന്. വൈറ്റ്വാഷ് ചെയ്ത് വെളുപ്പിച്ചതെന്നല്ല, സമ്പത്ത് ധൂർത്തടിച്ച് നശിപ്പിച്ച ആളെയാണ് അങ്ങനെ അഭിസംബോധന ചെയ്യുന്നത്. അത്തരം വെളുപ്പിക്കൽ നടത്തി കേരളത്തെ മുടിച്ചവരാണ് പ്രതിപക്ഷത്തിരിക്കുന്നവർ. എന്നാൽ ഇരുട്ടിന്റെ ശക്തികളെ തകർത്തെറിഞ്ഞ്

അധികാരത്തിലെത്തിയ എൽ.ഡി.എഫ്. സർക്കാർ ഒരു വർഷത്തിനകം വെളിച്ച വിപ്ലവം സൃഷ്ടിച്ചില്ലേ. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മണിയാശാൻ വെറുമൊരു ആശാനല്ല. പ്രായോഗിക രാഷ്ട്രതന്ത്രജ്ഞതയുടെ ആശാനാണെന്നുകൂടി ഇവിടെ തെളിയിച്ചിരിക്കുകയാണ്.

കർഷകരുടെ ഏറെ നാളത്തെ കാത്തിരിപ്പിനുള്ള, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ കാത്തിരിപ്പിനുള്ള മറുപടിയും ഈ നയപ്രഖ്യാപനത്തിലുണ്ട്. ന്യായവില ഉറപ്പാക്കുന്നതിന് നെല്ലും അരിയും സംഭരിക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും സഹകരണ കൺസോർഷ്യം രൂപീകരിക്കുമെന്ന പ്രഖ്യാപനം ഞങ്ങൾ ഏറെ സന്തോഷപൂർവ്വം സ്വീകരിക്കുകയാണ്.

രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ 100 വർഷത്തിലേറെ പഴക്കമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പദ്ധതിയും പ്രമാണങ്ങളുടെ ഡിജിറ്റൈസേഷനും നടപ്പാക്കുന്നത് ഏറെ ഗുണകരമാകും എന്നത് യാഥാർത്ഥ്യമാണ്. ഹരിത കെട്ടിട നിർമ്മാണ മാനദണ്ഡങ്ങൾ അവലംബിക്കുന്ന വസ്തുക്കൾക്ക് നികുതി സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്ന ഈ സർക്കാർ പരിസ്ഥിതി സുസ്ഥിരതയ്ക്കുകൂടി മാതൃകാ പദ്ധതി മുന്നോട്ടുവയ്ക്കുകയാണ്. ഇങ്ങനെ നിരവധി മുന്നേറ്റങ്ങൾ നടപ്പാക്കുന്ന ഈ ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്, "ഇത് നമ്മുടെ സമയമാണ്. നാം ജീവിക്കാനാഗ്രഹിക്കുന്നതും ഭാവിതലമുറയ്ക്കായി നിലനിർത്തേണ്ടതുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിന്, എപ്പോഴും എവിടെയുമുള്ള അവസരങ്ങൾ നാം ഉപയോഗപ്പെടുത്തേണ്ടതാണ്". ഇതാണ് ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസംഗത്തിന്റെ അവസാനഭാഗത്ത് പറഞ്ഞത്. അതുതന്നെയാണ് ഇവിടെ നമ്മൾ കാണാൻ പോകുന്നത്. ലോക കേരള സഭ, കിഫ്ബി തുടങ്ങിയ പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ സർക്കാർ മുന്നേറുകയാണ്. ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തിന്റെ സൗഭാഗ്യങ്ങൾ ഏറ്റുവാങ്ങാൻ കേരളം കാത്തിരിക്കുകയാണ്. അതുകൊണ്ട് പൂർണ്ണ മനസ്സോടെ, അതിരറ്റ ആഹ്ളാദത്തോടെ ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കേരളത്തിന്റെ അടിസ്ഥാന മേഖല എന്ന നിലയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഡ്രസ് ചെയ്യുന്നതിലും കാർഷിക മേഖലയിലെ പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിലും ഈ നയപ്രഖ്യാപനത്തിൽ കാര്യമായ യാതൊരു പരിഗണനയും നൽകിയില്ല എന്നത് വേദനയോടുകൂടിയാണ് കർഷകരെ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനമെന്ന നിലയിൽ കേരള കോൺഗ്രസ് പാർട്ടിയുടെ അംഗങ്ങൾ കാണുന്നത്.

കാർഷിക മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയും റബ്ബർ കർഷകരുടെ പ്രശ്നങ്ങളും രാവിലെ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ റബ്ബർ കൃഷിയെ തകർക്കുന്ന രീതിയിലുള്ള കേന്ദ്ര നയങ്ങളാണ് ഈ പ്രശ്നങ്ങളുടെ പശ്ചാത്തലമെന്നത് ഞങ്ങളാരും വിസ്മരിക്കുന്നില്ല. അന്യായമായും അനാവശ്യമായുമുള്ള ഇറക്കുമതി നമ്മുടെ രാജ്യത്ത് റബ്ബറിന്റെ വിലയിടിവിന് ഇടയാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും രാവിലെ മറുപടി പറഞ്ഞു, ഇതുവരെ വന്ന അപേക്ഷകളെല്ലാം കൊടുത്തിട്ടുണ്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊടുത്തുകൊണ്ടിരുന്ന രീതിയിൽ ഇന്ന് വിലസ്ഥിരതാ ഫണ്ടുമായി ബന്ധപ്പെട്ട സഹായം കൊടുക്കാൻ കഴിയുന്നില്ല എന്ന്. ഞങ്ങൾ പറഞ്ഞ പ്രശ്നം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ഇതിനൊരു പരിഹാരമുണ്ടാകണം. 180 രൂപ എന്ന നിലയിലേയ്ക്ക് റബ്ബർ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തിയതുതന്നെ യഥാർത്ഥത്തിൽ കർഷകർക്ക് ആശ്വാസം നൽകാനാണ്. അത് ഫലപ്രദമായി നടക്കാതെ ഇഴഞ്ഞുനീങ്ങുന്ന എന്ന ദുരവസ്ഥ പരിഹരിക്കുന്നതിനും അത് 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട വിഷയമായ നെല്ല് സംഭരണം എല്ലാ വർഷവും പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇടപെട്ട് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. പക്ഷേ എല്ലാ പ്രാവശ്യത്തേയും പോലെ ഇപ്രാവശ്യവും കർഷകൻ നെല്ല് കൊയ്തുവച്ചതിനുശേഷം മാസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ നടക്കുന്നുണ്ടോ ഇല്ലയോ എന്നത്. ഇവിടെ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന വിവിധ പദ്ധതികളുണ്ട്. ഇറിഗേഷൻ പ്ലാനിന്റെ കാര്യം നിരവധി തവണ ചർച്ചചെയ്തെങ്കിലും യാതൊരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല. തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾ അത് വാങ്ങിക്കഴിഞ്ഞു. അതുപോലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കേന്ദ്ര പദ്ധതികൾ, പ്രകൃതിദത്തമായി കിട്ടേണ്ട നിരവധി ആനുകൂല്യങ്ങൾ, ഇത്തരം ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ഇവയ്ക്കൊന്നും കേരളം അപേക്ഷപോലും കൊടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. തമിഴ്നാട് അടക്കമുള്ള മറ്റ് സംസ്ഥാനങ്ങൾ ഇത് പ്രയോജനപ്പെടുത്തുകയാണ്.

കർഷകർക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമാക്കി മാറ്റാനുള്ള നടപടികൾ കേരളത്തിലുണ്ടാകേണ്ടതുണ്ട്. കേരളത്തിന്റെ അടിസ്ഥാന മേഖല എന്ന നിലയിൽ കൃഷിക്ക് കൊടുക്കേണ്ട പ്രാധാന്യം രണ്ട് വരിയിൽ ഒതുക്കിയിരിക്കുകയാണ്. ഒരു പേജിനകത്ത് എല്ലാം കുഴപ്പമില്ലാതെ പോകുന്നു എന്നുപറഞ്ഞ് കൃഷിക്കാരന്റെ കാര്യം അവസാനിപ്പിച്ചിരിക്കുകയാണ്. ഇത് നിർഭാഗ്യകരമാണ്.

ഇന്ന് കേരള കോൺഗ്രസ്സിന്റെ യുവജന സംഘടന രാജ്ഭവന്റെ മുന്നിൽ ഉപവസിക്കുകയാണ്. കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം വിസ്മരിച്ചുപോയ പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ വിഷയം ഏറ്റവും ഗൗരവമുള്ളതാണ്. ട്രേഡ് യൂണിയനുകൾ സമരം ചെയ്തു. പക്ഷേ തുടർച്ചയായി യാതൊരു നിയന്ത്രണവുമില്ലാതെ കേന്ദ്രസർക്കാർ വില വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ അധിക നികുതി ഒഴിവാക്കുക എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുൻധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കെ. എം. മാണി പെട്രോൾ, ഡീസൽ വിലവർദ്ധനവ് വന്നപ്പോഴെല്ലാം കേരളത്തിൽ അധിക നികുതി വേണ്ടെന്നുവച്ച് ജനങ്ങളെ സഹായിക്കാൻ തയ്യാറായി. ഇപ്പോൾ വരുന്നകാശ് പോരട്ടെ എന്ന രൂപത്തിലേയ്ക്ക് ഒരു നിലപാടെടുക്കുന്നത് എന്ത് ദ്രോഹമാണ്? ജനങ്ങൾ ഇത്രയും ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അധിക നികുതി വേണ്ടെന്നുവച്ച് സഹായിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഇന്നത്തെ മറുപടിയിൽ അക്കാര്യങ്ങൾ സൂചിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ ഇവിടെ ഹരിത കേരളം പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. നല്ല കാര്യമാണ്, ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ രൂക്ഷമായ വരൾച്ച വരാൻ പോവുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ നയപ്രഖ്യാപനത്തിന്റെ നിലപാടെന്താണ്? ഇവിടെ മുഴുവൻ കുടിവെള്ള പദ്ധതികളും സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകണം. അതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുന്നു. ഞങ്ങൾ ഈ നയപ്രഖ്യാപനത്തിൽ സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയ നിലപാട്, കേരള രാഷ്ട്രീയത്തിൽ കേരള കോൺഗ്രസ് ഇന്ന് സ്വീകരിച്ചിട്ടുള്ള സമദൂര നിഷ്പക്ഷ നിലപാട്, നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായിട്ടുള്ള ചർച്ചയിലും സ്വീകരിച്ചുകൊണ്ട്, ആ നിഷ്പക്ഷതയിൽ നിന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u> : സർ, നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വളർച്ചയും പുരോഗതിയും കൃത്യമായി ലക്ഷ്യംകണ്ട് പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ ആത്മവിശ്വാസത്തിന്റെ രേഖയാണ് ബഹുമാനപ്പെട്ട ഗവർണറുടെ ഈ നയപ്രഖ്യാപനം. ഇപ്പോൾ രൂപംകൊണ്ടിരിക്കുന്ന മിഷനുകളുടെ പ്രവർത്തനം ശക്തിയാർജ്ജിക്കുകയാണ്. തുടക്കത്തിലുണ്ടായിരുന്ന സാങ്കേതിക പ്രശ്നങ്ങൾ അവസാനിച്ച് പദ്ധതികൾക്ക് തുടക്കംകുറിച്ചു എന്നത് സന്തോഷകരമാണ്. കേരളത്തിലെ വികസന പ്രവർത്തനങ്ങൾ അസാധാരണമാംവിധം അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. ഭവനരഹിതർക്ക് പാർപ്പിട പദ്ധതി പ്രാവർത്തികമാക്കുകയാണ്. വിദ്യാഭ്യാസരംഗം ആകെ ഉണർവ്വായിക്കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹൈടെക്ക് പദ്ധതികളിലൊക്കെ വലിയ ജനകീയ പിന്തുണയാണ് കൈവരിച്ചിരിക്കുന്നത്. കേരള ബാങ്കിന്റെ പ്രവർത്തനത്തോടുകൂടി കിഫ്ബി പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കും.

ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട നടപടികളിൽ ഇനി അമാന്തി ക്കേണ്ടതില്ല. ദേശീയപാതയുടെ സ്ഥലമെടുപ്പ് എത്രയും വേഗം ആരംഭിക്കണം. പുതിയ വിജ്ഞാപനത്തിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കഴക്കൂട്ടം-ചേർത്തല പാതയിലെ വാഹനത്തിരക്കുമൂലം ജനങ്ങളാകെ ബുദ്ധിമുട്ടുകയാണ്, അപകടങ്ങൾമൂലം നൂറുകണക്കിന് ജീവനുകളാണ് പൊലിയുന്നത്.

വ്യവസായ സംരംഭകർക്കനുകൂലമായ സാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നില്ല. വർഷങ്ങളായി നിലനിന്നിരുന്ന ചില പരമ്പരാഗത പ്രവണതകൾ അവസാനിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പരിശ്രമംമൂലം വ്യവസായികളെ ആകർഷിക്കുംവിധം കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റും ഉന്നയിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കി സമയബന്ധിതമായി ലൈസൻസ് നൽകുവാനും സമയത്തിനുള്ളിൽ നൽകാത്തവ കിട്ടുന്നതായി കണക്കാക്കാനുമുള്ള കർശനമായ സർക്കാർ നിർദ്ദേശം പുതിയ സംരംഭകർക്ക് ആശ്വാസം നൽകുന്നതാണ്.

ഞാൻ പ്രതിനിധീകരിക്കുന്ന ചവറ മണ്ഡലം കരിമണലിന്റെ നാടാണ്, സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ജർമ്മനിയിൽനിന്നും വന്നവർ ഇവിടെ കരിമണൽ വ്യവസായം ആരംഭിച്ചു. സുലഭമായ കരിമണൽ കപ്പൽ കണക്കിന് തുച്ഛമായ വില നൽകി അവർ കൊണ്ടുപോയി. സ്വാതന്ത്ര്യാനന്തര കാലത്ത് കേന്ദ്ര സർക്കാരിന്റെ കീഴിലും കേരള സർക്കാരിന്റെ കീഴിലും ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ കമ്പനികൾ നിലവിൽ വന്നു. കമ്പനികളുടെ പ്രവർത്തനം

നടക്കുന്നുണ്ടെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന അനുബന്ധ വ്യവസായങ്ങൾ ഉണ്ടാകുന്നില്ലെന്നത് ഈ കറുത്ത സ്വർണ്ണനിധിയുള്ള നാടിന് ദുഃഖകരമായ അനുഭവമാണ്. കെ.എം.എം.എൽ-ന്റെ മലിനീകരണംമൂലം ജനജീവിതം ദുസ്സഹമായ 180 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുക്കാനുള്ള എൽ.ഡി.എഫ് ഗവൺമെന്റിന്റെ തീരുമാനം വലിയ ആശ്വാസമാണ്. കിൻഫ്ര വഴി ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ നിർമ്മിച്ച്, കരിമണലും ടൈറ്റാനിയവും ഉപയോഗിച്ചുള്ള അനുബന്ധ വ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ വ്യവസായ പാർക്ക് ചവറയുടേയും അവിടത്തെ ജനങ്ങളുടേയും പ്രതീക്ഷയും സ്വപ്നവുമാണ്. ആ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കാൻ പ്രവാസികളിലെ പുതുരക്തത്തെ കാത്തിരിക്കുന്നു. ആധുനിക വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവായ ടൈറ്റാനിയം, ഇതുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ വ്യവസായങ്ങൾക്ക് അനന്ത സാധ്യതയെന്നാണ് വിദഗ്ദ്ധർ പറയുന്നത്. ആലപ്പുഴ ജില്ലയിലെ തീരങ്ങളിൽ വന്നുചേരുന്ന കരിമണൽ ചൂഷണം ചെയ്യുന്നതിന് നമുക്ക് കഴിയുന്നില്ല. പൊതുമേഖലയിൽ കരിമണൽ ശേഖരിക്കുന്നതിന് ആരും എതിരല്ല, പൊതുമേഖലയിൽ ഖനനം ചെയ്യുന്ന കരിമണൽ സ്വകാര്യമേഖലയിലെ അനുബന്ധ വ്യവസായങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വ്യവസായ നയം പുതുക്കണം. അത്തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്കുള്ള സാധ്യത ഈ സമ്മേളനത്തിൽ സൂചിപ്പിക്കുന്നു. ഗൗരവമുള്ള വിഷയങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഈ വിഷയം നിങ്ങളുടെ ശ്രദ്ധയിൽ പ്പെടുത്തുന്നത് ചവറയിലെ മാത്രം വിഷയമായി കാണരുത്. പ്രവാസികൾക്കും പുതു സംരംഭകർക്കും ധൈര്യമായി കടന്നുവരാനുള്ള ഒരു മേഖല ചൂണ്ടിക്കാട്ടി എന്നുമാത്രം.

വ്യവസായ വളർച്ച ലക്ഷ്യമിട്ട് നിരവധി നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഇതിനെ തടസ്സപ്പെടുത്തുന്ന വിവാദ വ്യവസായവുമായി ബന്ധമുള്ളവരെ ജനങ്ങൾക്കുമുന്നിൽ തുറന്നുകാട്ടണം. വിവാദങ്ങളേയും അടിസ്ഥാന രഹിത ആക്ഷേപങ്ങളേയും തള്ളിക്കളയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രീതിയാണ് ശരി. അതിനെ ഞാൻ അനുമോദിക്കുന്നു. രാജ്യത്തിന് മാതൃകയായി നിരവധി പദ്ധതികൾ ആരംഭിച്ചത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണം. അഞ്ചുവർഷംകൊണ്ട് കേരളം കൈവരിക്കാൻ പോകുന്ന നേട്ടം ഇന്ത്യക്കുതന്നെ മാതൃകയാകും. സമസ്തമേഖലയിലും ഉണർന്ന് പ്രവർത്തിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലുള്ള അലംഭാവംകൂടി ഒഴിവാക്കാൻ ശ്രദ്ധിക്കണം. കേരളം വികസനത്തിന്റെ ശരിയായ പാതയിലെന്ന സൂചനകൾ നൽകുന്ന ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആദരണീയനായ കേരള ഗവർണർ, റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവം നിയമസഭയുടെ ഒൻപതാം സമ്മേളനത്തിന് സമാരംഭംകുറിച്ചുകൊണ്ട് നടത്തിയ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗം ആദ്യാവസാനം വരെ വളരെ ശ്രദ്ധയോടെ ശ്രവിച്ച ഒരാളാണ് ഞാൻ. കഴിഞ്ഞ വർഷങ്ങളിൽ പാകിയ വികസനത്തിന്റെ അടിത്തറയിൽ നിന്ന് പടുത്തുയർത്തുന്ന സമഗ്രവികസനത്തിന്റെ ശംഖനാദമാണ് അന്ന് നിയമസഭയിൽ മുഴങ്ങിയത്. സമഗ്രവും അതുപോലെ സ്ഥായിയുമായ വികസനമെന്ന് കേട്ടുപഴകിയ വാഗ്ദ്ധാരിക്കപ്പുറം കേരളീയ ജനതയുടെ സാമൂഹ്യ അനുഭവമായി വികാസം കൊള്ളുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ 99 ഖണ്ഡികകളിലായി, 74 ബൃഹത് പദ്ധതികളുടെ സൂക്ഷ്മ ചിത്രങ്ങളാണ് ഒതുക്കിവച്ചിരിക്കുന്നത്. നവകേരള മിഷൻ ഈ വർഷം ഒരു അതിവേഗ ട്രെയിനിന്റെ ട്രാക്കിലേയ്ക്ക് മാറുകയാണ്. 432000 ഭവനരഹിത കുടുംബങ്ങൾ താമസിയാതെ സ്വന്തം പാർപ്പിടങ്ങളിൽ താമസമാക്കും. നിർമ്മാണം പൂർത്തിയാകാത്ത 66939 വീടുകളുടെ പൂർത്തീകരണം അടിയന്തരമായി നടത്തും. അങ്ങനെ മുഴുവൻ കുടുംബങ്ങളും സ്വന്തം വീടുകളിൽ അന്തിയുറങ്ങുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറും. സ്വകാര്യ നഴ്സുമാർക്ക് മിനിമം വേതനം, ആയിരം പട്ടികജാതി കോളനികളിൽ അംബേദ്കർ പദ്ധതി, കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടന, വാണിജ്യ പ്രവർത്തനങ്ങൾക്ക് കൊമേഴ്സ് മിഷൻ, മുതിർന്ന പൗരന്മാർക്കായി സായംപ്രഭ, വീടുകൾക്ക് യുണീക് നമ്പർ, ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ, സ്വകാര്യ അൺഎയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതനം, 45000 സ്മാർട്ട് ക്ലാസ്സ് മുറികൾ, സ്കൂൾ ലൈബ്രറികളുടെ ഡിജിറ്റലൈസേഷൻ, പുതിയ ഐ.ടി.ഐ.-കൾ, പോലീസിൽ 25 ശതമാനം വനിതകൾ, ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ്, ഭിന്നലിംഗക്കാർക്ക് പാർപ്പിട പദ്ധതി, യുവജന പാർലമെന്റ്, നാട്ടരങ്ങ്, സാംസ്കാരിക ഇടനാഴികൾ, 1664 വില്ലേജിലും ഡിജിറ്റൽ സർവ്വേ എന്നിങ്ങനെ സംസ്ഥാനത്തിന് സർവ്വതല സ്പർശിയായ വികസനത്തിന്റെ വൈവിദ്ധ്യമുള്ള ദൃശ്യ ചിത്രങ്ങളാണ് ആ പ്രസംഗത്തിലുടനീളം നിറഞ്ഞൊഴുകിയത്. സമുദ്ര നദീജല ടെർമിനൽ നിർമ്മിച്ചുകൊണ്ട് തീരദേശ ജലഗതാഗതം അർത്ഥപൂർണ്ണമാക്കുമെന്ന് ഈ നയസമീപനത്തിൽ എടുത്തുപറയുന്നുണ്ട്. ഇവിടെ പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത് നയമില്ലാത്ത, പ്രഖ്യാപനമില്ലാത്ത ഒന്നാണ് ഇതെന്നാണ്. പ്രിയപ്പെട്ട സുഹൃത്തുക്കളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് പകൽ സമയത്ത് കണ്ണടച്ചിരുന്ന് ഇരുട്ടാണെന്ന് ആക്ഷേപിക്കരുത് എന്നാണ്.

നയപ്രഖ്യാപനത്തിന്റെ 9-ാം ഖണ്ഡികയിൽ നിശിതമായൊരു പരാമർശം രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ വക്രകേന്ദ്രങ്ങളിൽനിന്ന് നമ്മുടെ മതേതര പാരമ്പര്യത്തിനെതിരെ കടന്നാക്രമണങ്ങൾ ഉണ്ടായി എന്നതാണ് അത്. വർഗ്ഗീയ കലാപങ്ങളുടെ തിരി ഈ നാട്ടിലാകെ കൊളുത്താമെന്നും ഇവിടത്തെ ജനാധിപത്യ മതേതര ശക്തികളെ ദുർബ്ബലമാക്കി ഒരിക്കൽ അധികാരത്തിലേറാമെന്നും വ്യാമോഹിച്ചവർക്ക് അവരുടെ വിലകുറഞ്ഞ നമ്പരുകൾ ഈ പ്രബുദ്ധ സമൂഹത്തിൽ വിലപ്പോകില്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ ഭയവും രക്തവും നിറഞ്ഞൊഴുകുന്ന തെരുവുകൾ അവർ പടുത്തുയർത്തിക്കഴിഞ്ഞു. എഴുതാനോ, സംസാരിക്കാനോ, വരയ്ക്കാനോ, പാടാനോ, ശില്പം നിർമ്മിക്കാനോ, സിനിമ നിർമ്മിക്കാനോ, സ്വതന്ത്രമായി ഭക്ഷണം കഴിക്കാനോ, പ്രണയിക്കാനോ ഒരുങ്ങുന്നതിനുമുൻപ് ചുറ്റും നോക്കേണ്ടിവരുന്ന ഭയത്തിന്റെ ഹതാശയമായ ലോകമാണ് അവർ ഇവിടെ നിർമ്മിക്കുന്നത്. പശുവിനുവേണ്ടി തല്ലിക്കൊല്ലുകയും ലൗ ജിഹാദ് എന്ന് ആരോപിച്ച് ചുട്ടെരിക്കുകയും സിനിമയുടെ പേരിൽ തല വെട്ടുകയും അഭിപ്രായം പറഞ്ഞാൽ അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന അപകടകരമായ ആൾക്കൂട്ടം കേന്ദ്ര ഭരണാധികാരികളുടെ മൗനാനുവാദത്തോടുകൂടി സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശത്തെയാണ് ഇല്ലാതാക്കുന്നത്. അതെല്ലാം ദേശീയതയാണെന്നുകൂടി അവർ ആജ്ഞാപിക്കുന്നു. ഓരോ ഇന്ത്യാക്കാരന്റേയും അസ്ഥിത്വത്തിന് ഊടുംപാവും നൽകുന്ന ഭരണഘടനയെവരെ അവർ മാറ്റിമറിക്കാൻ ശ്രമിക്കുന്നു. ദളിതനും മുസ്ലീമും മാത്രമല്ല സാമ്പത്തിക നയത്തിന് ഇരകളായ കർഷകരും എതിരായി വാർത്തകൾ എഴുതുന്ന മാധ്യമ പ്രവർത്തകരും തലയുയർത്തിനിൽക്കുന്ന സ്ത്രീകളും വഴിമാറി നടക്കുന്ന ബുദ്ധിജീവികളും ഏത് നിമിഷവും ദേശദ്രോഹികളായി മുദ്രകുത്തപ്പെടാം. ഇതിനെതിരെ ഉയരുന്ന ഓരോ ശബ്ദവും ദേശീയതയ്ക്ക് എതിരെയാണെന്ന് അവർ നിരന്തരം പ്രചരിപ്പിക്കുന്നു.

നയപ്രഖ്യാപനത്തിന്റെ 9-ാം ഖണ്ഡികയിലേക്ക് തിരിച്ചുവരാം, നമ്മുടെ പാരമ്പര്യവും നേട്ടങ്ങളും സംരക്ഷിക്കുന്നതിനായി കേരളജനത ഐക്യത്തോടെ നിലകൊണ്ടുവെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. കേരളത്തിന്റെ പോരാട്ട വീര്യമാണ് അതിൽ അലതല്ലുന്നത്.

32 മുതൽ 35 വരെ ഖണ്ഡികകളിലായി ആരോഗ്യമേഖലയിലെ വികസന കാഴ്ചപ്പാടുകളുടെ നഖചിത്രം തെളിയുന്നുണ്ട്. ഈ വർഷം മന്തുരോഗവും 2020-ഓടെ കുഷ്ഠരോഗവും 2025-ഓടെ ക്ഷയരോഗവും നിർമ്മാർജ്ജനം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അപകടത്തിൽപ്പെട്ടവർക്ക് സഹായമെത്തിക്കാനുള്ള ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്.

നമ്മുടെ വികസന കാഴ്ചപ്പാട് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് അടിമുടി മാറിയിരിക്കുകയാണ്. വികസനമെന്നത് സർക്കാർ നടത്തുന്ന കേവലം നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ല, ഓരോ മലയാളിക്കും ഇടപെടാനും തന്റേതായ പങ്കുവഹിക്കാനുമുള്ള ഒരിടം ഉണ്ടായിരിക്കുന്നു. മുമ്പൊന്നുമില്ലാത്ത രീതിയിൽ സർക്കാർ വികസന പരിപാടികളിൽ ജനകീയ പങ്കാളിത്തം ദൃശ്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ ഒരു സർക്കാർ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഘട്ടത്തിൽ, അവിടത്തെ നാട്ടുകാരനായ ഒരു പൂർവ്വ വിദ്യാർത്ഥി ഒരുകോടി രൂപ സംഭാവന നൽകുന്നുവെന്ന് പറഞ്ഞാൽ എത്രത്തോളം ആളുകൾ ഈ പദ്ധതിയെ സ്നേഹിക്കുന്നുവെന്ന് കാണാൻ കഴിയും.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തകർത്തെറിഞ്ഞ പൊതുവിദ്യാഭ്യാസം മാത്രമല്ല ഉയർത്തെഴുന്നേറ്റത്, മാലിന്യംകൊണ്ട് നശിപ്പിക്കപ്പെട്ട നമ്മുടെ പരിസ്ഥിതി വീണ്ടും തളിരിടുകയാണ്. ഹരിത കേരളം മിഷൻ എത്ര ഭാവനാ സമ്പൂർണ്ണമായ പരിപാടിയാണ്, വരുംകാലത്ത് നാം നേരിടാൻ പോകുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ എത്രയെത്ര ജലസ്രോതസ്സുകളാണ് സംരക്ഷിക്കപ്പെട്ടത്. എത്രയെത്ര തരിശു നിലങ്ങളാണ് പുനർജ്ജനിച്ചത്. നിരവധിയായ അത്തരം വർക്കുകൾ, പരിപാടികൾ വീണ്ടുംവീണ്ടും ഈ സംസ്ഥാനത്ത് ഉണ്ടാകുന്നുവെന്ന് പറയുന്നത് വലിയ നേട്ടമാണ്. മാനവരാശി നേടിയെടുത്ത മുഴുവൻ നന്മകളും നിഷ്കളങ്കതയും നശിപ്പിക്കാനെത്തുന്ന വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളും നാടിന്റെ സമ്പത്ത് തകർത്തെറിയുന്ന കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളും ചേർന്ന് നമ്മുടെ രാജ്യത്ത് തീമഴ പെയ്യിക്കാൻ ശ്രമിക്കുന്ന ഈ അവസരത്തിൽ ഇന്ത്യയുടെ പ്രിയപ്പെട്ട പ്രസിഡന്റായിരുന്ന, മിസൈൽമാൻ എന്നറിയപ്പെടുന്ന എ. പി. ജെ. അബ്ദുൾ കലാമിന്റെ വചനമാണ് ഓർമ്മ വരുന്നത്, "മഴയെത്തുമ്പോൾ എല്ലാ പക്ഷികളും ചില്ലകളിൽ അഭയം തേടും. എന്നാൽ പരുന്താകട്ടെ, മേഘങ്ങൾക്ക് മീതെ പറന്ന് മഴയെ തോൽപ്പിക്കും." പ്രിയപ്പെട്ടവരേ, എല്ലാ പ്രതിസന്ധികളേയും മറികടക്കാൻ പരുന്തിനെപ്പോലെ വിൽപ്പവറുള്ള ഇടതുപക്ഷ സർക്കാരിനു മാത്രമേ കഴിയൂ. ഇതിനാവശ്യമായ നയങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട ഗവർണർക്കുള്ള നന്ദി ഒരിക്കൽക്കൂടി പ്രകാശിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u> : സർ, നന്ദിപ്രമേയത്തെ എതിർക്കുന്നു. ചിന്താപരമായി യാതൊരു ഉൾക്കാഴ്ചയുമില്ലാത്ത ഒരു നയപ്രഖ്യാപനം കേരള നിയമസഭയിൽ നമുക്ക് കേൾക്കേണ്ടിവന്നു. ചിന്ത എന്നുപറയുന്നത് പേപ്പറിൽ അച്ചടിച്ച്, ആഴ്ചപ്പതിപ്പാക്കി കക്ഷത്ത് വയ്ക്കേണ്ടതല്ല, മറിച്ച് അത് തലയ്ക്കകത്ത് ഉണ്ടാകേണ്ടതാണെന്ന് ഈ നയപ്രഖ്യാപനം വായിക്കുമ്പോൾ മനസ്സിലാകും.

കഴിഞ്ഞകാലത്ത് ഞങ്ങൾ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും അഭിമാനപൂർവ്വം ഇതിനകത്ത് ഉൾപ്പെടുത്തിയതിലുള്ള നന്ദി ആദ്യമായി പ്രകാശിപ്പിക്കുകയാണ്. ട്രാൻസ്ജെൻഡർ പോളിസി, ഈ രാജ്യത്തെ ഏറ്റവും സുപ്രധാനമായി പ്രഖ്യാപിച്ച പോളിസിയാണെന്ന് പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. 2015-ൽ അവതരിപ്പിച്ച ആ ട്രാൻസ്ജെൻഡർ പോളിസി ഞങ്ങളുടെ നേട്ടമാണ്. 'വയോജൻ ശ്രേഷ്ഠ' അവാർഡ് കിട്ടിയതിൽ സന്തോഷം രേഖപ്പെടുത്തി ഇവിടെ പലരും സംസാരിച്ചു, അതിനയച്ച ഫോർമാറ്റ് എല്ലാവരും വായിച്ച് നോക്കണം. കഴിഞ്ഞ അഞ്ചുവർഷം കേരളത്തിൽ വയോജനങ്ങൾക്കുവേണ്ടി എന്തെല്ലാം ചെയ്തു എന്ന ചോദ്യത്തിന്, കഴിഞ്ഞ അഞ്ചുവർഷം വയോജനങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എഴുതിയാണ് ഈ ഗവൺമെന്റിന് അവാർഡ് കിട്ടിയത് എന്നുള്ളത്, അയച്ച ഉദ്യോഗസ്ഥനോടെങ്കിലും ചോദിച്ച് മനസ്സിലാക്കിയശേഷം പ്രസംഗിക്കണമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്ററോട് പറയാനുള്ളത്. ഞങ്ങൾ തുടങ്ങിയ പദ്ധതികളുടെയെല്ലാം പേര് മാറ്റിയിരിക്കുകയാണ്. ശ്രുതിതരംഗം എന്ന പേര് ഇനിയും ആവർത്തിച്ചാൽ അതിന്റെ ക്രെഡിറ്റ് കഴിഞ്ഞ ഗവൺമെന്റിന് പോകുമെന്നതിനാൽ അതിന്റെ പേര് ഇപ്പോൾ 'കാതോടുകാതോരം' എന്നാക്കി മാറ്റുകയും ഡിസേബിളായിട്ടുള്ളവർക്കുള്ള എസ്.ഐ.ഡി. (സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി) പ്രോഗ്രാമിന്റെ പേര് 'അനുയാത്ര' എന്നാക്കി മാറ്റുകയും ചെയ്തു. ജുവൈനൽ ഡയബറ്റീസിനു വേണ്ടിയുള്ള പദ്ധതിയുടെ പേര് 'മിഠായി' എന്നാക്കിമാറ്റി. ഡയബറ്റീസ് വന്നാൽ മിഠായി കൊടുക്കരുത്, അതുകൊണ്ട് ആ പേര് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി ആകെ മാറ്റാനുള്ളത് അന്നത്തെ സോഷ്യൽ ജസ്റ്റിസ് വകുപ്പുമന്ത്രിയായ എന്റെ പേരാണ്. ഇങ്ങനെ പേര് മാറ്റിയാൽ അവയുടെ മുഴുവൻ ക്രെഡിറ്റും ലഭിക്കുമെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, ആ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ എന്നുമാത്രമാണ് സൂചിപ്പിക്കുന്നത്.

ധാരാളം കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്, പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതിലോല പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് പറയുന്നുണ്ട്, അതിനായി ഒരു ഉപസമിതി രൂപീകരിക്കുന്നതിൽ എം.എൽ.എ.-മാരായ ശ്രീ. തോമസ് ചാണ്ടിയേയും ശ്രീ. പി. വി. അൻവറിനേയും വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. എം.എം. മണിയേയും ഉൾപ്പെടുത്തണം. ഏതായാലും നയപ്രഖ്യാപനത്തിൽ ഗൗരവതരമായി കാണേണ്ട വിഷയങ്ങളുണ്ട്, അതിൽ ചിലത് അറിഞ്ഞോ അറിയാതെയോ വിട്ടുപോയിട്ടുണ്ട്. സഹകരണ ഫെഡറലിസത്തെ അട്ടിമറിച്ച് സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട്, ജില്ലാ ഭരണാധികാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും

നേരിട്ട് ഇടപെടുന്ന കേന്ദ്രസർക്കാരിന്റെ നിലപാട് ഇതിൽ പറയണമായിരുന്നു, ഗവർണർ അതുമാത്രം വായിച്ചാൽ മതിയായിരുന്നു. ഇന്ന് ഇന്ത്യാ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണിത്. 2017 ആഗസ്റ്റിൽ പീപ്പിൾ ചാനലിൽ ഒരു വാർത്ത വന്നിരുന്നു, അതിന് മറുപടി പറഞ്ഞുകൊണ്ട് ശ്രീ. എ. എൻ. ഷംസീർ സംസാരിക്കുന്നതു കേട്ടു, ഞാൻ ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്, വാർത്തയുടെ ഉള്ളടക്കം കന്യാകുമാരിയിൽ നടന്ന ശിബിരത്തെ സംബന്ധിച്ചായിരുന്നു. അത് കേരളാ പോലീസിന്റെ ശിബിരമായിരുന്നു, അവരുടെ വാട്സാപ്പ് ഗ്രൂപ്പിന്റെ പേര് തത്വമസി എന്നാണ്. ആർ.എസ്.എസ്. ഇപ്പോൾ പോലീസ് വകുപ്പിൽ തത്വമസി എന്ന പേരിൽ യോഗ പഠിപ്പിക്കാനെന്ന വ്യാജേന ഒരു ശാഖയുണ്ടാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു എന്ന ഗൗരവതരമായ വാർത്തയായിരുന്നു റിപ്പോർട്ട് ചെയ്യപ്പെട്ടത്. കോവളത്തെ ടൂറിസം പോലീസിൽപ്പെട്ട ഒരു ഉദ്യോഗസ്ഥൻ പ്രസിഡന്റും കൺട്രോൾ റൂമിലെ പോലീസ് ഉദ്യോഗസ്ഥൻ സെക്രട്ടറിയും ബോംബ് സ്ക്വാഡിലെ പോലീസുകാരൻ അതിന്റെ കൺവീനറുമാണ്. ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിനായി ഇന്റലിജൻസ് ഡി.ജി.പി. ബി.എസ്. മുഹമ്മദ് യാസീൻ-നെ ചുമതലപ്പെടുത്തി എന്നും പറയുകയുണ്ടായി. വേങ്ങര ഉപതെരഞ്ഞെടുപ്പിൽ ഈ വാട്സാപ്പ് ഗ്രൂപ്പ് ശക്തമായി പോലീസ് സേനയിൽനിന്നും പ്രവർത്തിച്ചു എന്ന റിപ്പോർട്ടും പുറത്തുവന്നിട്ടുണ്ട്. ഈ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറയണം. പി.എ.സി. (Provincial Armed Constabulary) പോലെ വർഗ്ഗീയത കുത്തിവയ്ക്കുന്ന പോലീസിനെ ഉത്തർപ്രദേശിൽ കണ്ടിട്ടുണ്ട്. ഒരിക്കലും കേരളത്തിൽ അത്തരത്തിലുള്ള പോലീസിനെ വളരാൻ അനുവദിക്കരുത്. രാജ്യത്തിനകത്ത് വർഗ്ഗീയതയുണ്ടാക്കുന്ന തരത്തിലുള്ള ശ്രമങ്ങൾ പോലീസിനകത്തുണ്ടായാൽ അതിനെതിരായി ഞങ്ങളെല്ലാം ഒറ്റക്കെട്ടായി കൂടെയുണ്ടാകും. ഞങ്ങൾക്കെല്ലാം ആശ്വാസം പകരുന്ന രീതിയിൽ ആ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോയെന്നും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തുവെന്നും അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കണം. ഞങ്ങൾ സീതാറാം യെച്ചൂരിക്ക് അനുകൂലമായി സംസാരിക്കുന്നതിന് കാരണം അദ്ദേഹം ഈ കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ഇവിടെയൊരു സഹകരണം ആവശ്യമാണെന്ന് പറഞ്ഞതിനാലാണ്. അദ്ദേഹം രാജിവയ്ക്കാൻ ശ്രമിച്ച സാഹചര്യം വരെ ഉണ്ടായി. ഇതെല്ലാം ഗൗരവമായി കാണണം. നിങ്ങൾ കോൺഗ്രസ്സിനെ തെറി പറഞ്ഞുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിനെ ക്ഷയിപ്പിക്കാനല്ല ശ്രമിക്കേണ്ടത്, കോൺഗ്രസ് ക്ഷയിച്ചാൽ വളരുക ബി.ജെ.പി.-യാണെന്ന് ഇവിടെ ശ്രീ. മുഹമ്മദ് മുഹസിൻ പി. പറഞ്ഞപ്പോൾ അങ്ങ് സമ്മതിച്ചല്ലോ. എന്തിനാണ്

കോൺഗ്രസ്സിനെ ക്ഷയിപ്പിച്ച് ബി.ജെ.പി.-യെ വളർത്തുന്നത്; ഇത് ഗൗരവമായി കാണേണ്ട വിഷയമല്ലേ? ഞാനിത് സാന്ദർഭികമായി പറയുന്നത് നയപ്രഖ്യാപനത്തിന്റെ ഭാഗമായി വന്നതുകൊണ്ടാണ്. ദേശീയ തലത്തിൽ കോൺഗ്രസ്സുമായി നേരിട്ട് പോരാടിക്കൊണ്ടിരിക്കുന്നത് ആരാണ്? കേരളത്തിൽ തന്നെയുള്ള കാര്യം നോക്കാം, ലീഗിന്റെ രണ്ട് എം.എൽ.എ.-മാർ കാസർഗോഡ് നിന്നുണ്ട്. എം.എൽ.എ.-മാരായ ശ്രീ. ഷാഫി പറമ്പിലും ശ്രീ. കെ. മുരളീധരനുമെല്ലാം യഥാർത്ഥത്തിൽ ആരുമായാണ് ഏറ്റുമുട്ടിയത്? അപ്പോൾ ബി.ജെ.പി.-യുമായി ഒരു ധാരണയുണ്ടാക്കാൻ കോൺഗ്രസ് ശ്രമിക്കില്ല. ഈ രാജ്യം ഭരിക്കാൻ വീണ്ടും കോൺഗ്രസ്സിനെ പ്രാപ്തമാക്കണമെങ്കിൽ ബി.ജെ.പി. തളരണം. ബി.ജെ.പി.-യെ തളർത്തുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നതിനുപകരം അതിന് വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ നിലപാടിൽ ദേഷ്യം വന്നിട്ടാണെന്നു തോന്നുന്നു ബംഗാളിലെ നിങ്ങളുടെ പാർട്ടി സെക്രട്ടറിയോട് ഇക്കാര്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ഇതിന് ഞാൻ മറുപടി പറയുന്നില്ലെന്നും നിങ്ങൾ തിരുവനന്തപുരത്ത് പോയി എ.കെ.ജി. സെന്ററിൽ ചോദിച്ചാൽ മതിയെന്നുമുള്ള ഈർഷ്യ കലർന്ന മറുപടി നൽകിയത്. ഫാസിസമാണ് ഏറ്റവും വലിയ ഭീഷണിയെന്ന് ഉണർന്ന് ചിന്തിക്കുന്നവർ ദേശീയ തലത്തിലെങ്കിലുമുണ്ട്. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിൽനിന്നും മാറിനിന്നതിനെപ്പറ്റി ഇ.എം.എസ്. നമ്പൂതിരിപ്പാട് വിശദീകരിച്ചത്, ലോക ഫാസിസത്തെ നേരിടുന്നതിനുവേണ്ടി പോപ്പുലർ ഫ്രണ്ടിന്റെ ഭാഗമായി നിൽക്കുന്നതിനാണ് അന്നത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മാറിനിന്നത് എന്നാണ്. ആ ലോക ഫാസിസം ഇന്ന് നമ്മുടെ മുറ്റത്ത് എത്തിനിൽക്കുമ്പോൾ നിങ്ങൾ ഇം.എം.എസ്.-നെയും ഹർകിഷൻ സിംഗ് സുർജിത്തിനെയും വിസ്മരിച്ചുകൊണ്ട് ആ ഫാസിസ്റ്റുകൾക്ക് വീണ്ടും കയറിവരാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് ഈ രാജ്യത്തിന് ഗുണകരമാണോ എന്ന് പരിശോധിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വളരെ പ്രബുദ്ധനായ അങ്ങ് ഇരട്ടത്താപ്പ് സ്വീകരിക്കരുത്, ഞങ്ങൾ ക്വിറ്റ് ഇന്ത്യാ സമരത്തെ വഞ്ചിച്ചുവെന്നാണ് ലീഗ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇ.എം.എസ്.-നെ സപ്പോർട്ട് ചെയ്ത് ക്വിറ്റ് ഇന്ത്യാ സമരത്തെ ഞങ്ങൾ എതിർത്തു എന്നവകാശപ്പെടുന്നത് ശരിയായിരുന്നു എന്ന് ഇപ്പോൾ പറയുന്ന വാദഗതി വിശദീകരിക്കാമോ?

ഡോ. എം. കെ. മുനീർ: സർ, ഒരു നിലപാടിൽ നിന്നാൽ അതിൽത്തന്നെ നിൽക്കണമെന്നാണ് ഞാൻ പറഞ്ഞത്. ബി.ജെ.പി.-ക്കെതിരെ മതേതര ശക്തികൾ യോജിക്കണം, അതിൽ ദേശീയ തലത്തിൽ കമ്മ്യൂണിസ്റ്റ്

പ്രസ്ഥാനങ്ങളും ഉണ്ടാകണമെന്നതാണ് ഞങ്ങളുടെ നിലപാട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തള്ളിയല്ല പറയുന്നത്, അവരടക്കം അന്തസ്സായി, ആണത്വത്തോടുകൂടി ഫാസിസത്തെ നേരിടാനുള്ള കൂട്ടായ്മയിൽ കൈകോർക്കാൻ ഞങ്ങൾ തയ്യാറാണ്. ഇവിടെയുള്ള രാഷ്ട്രീയമല്ല, ദേശീയ തലത്തിലുള്ള രാഷ്ട്രീയം നിങ്ങൾ ഗൗരവമായി കാണണം. ഇന്ത്യയുടെ ഭൂപടമെടുത്തു നോക്കൂ, അത് മുഴുവൻ കാവിയായിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ നമുക്കൊരു പങ്കും വഹിക്കാനില്ലേ? കാവിവല്ക്കരിക്കപ്പെട്ട ഇന്ത്യയെ മോചിപ്പിക്കാനായി ഫാസിസ്റ്റ് വിരുദ്ധ ചേരിയിൽ എന്തുകൊണ്ടാണ് നിങ്ങൾ നിൽക്കാത്തത്? ക്വിറ്റ് ഇന്ത്യാ സമരത്തിന് വിരുദ്ധമായി നിങ്ങൾ ആരോടൊക്കെ കൂട്ടുകൂടി, അന്ന് ഫാസിസത്തിനെതിരെ സാമ്രാജ്യത്വ ശക്തികളായ ബ്രിട്ടീഷുകാരോടുപോലും കൈകോർക്കാമെന്ന നിലപാട് നിങ്ങൾ സ്വീകരിച്ചിരുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ദേശീയ തലത്തിൽ കോൺഗ്രസ്സുമായി സഹകരിച്ചുകൂടാ; കോൺഗ്രസ് അത്ര മോശമാണോ? മതേതരത്വത്തിനുവേണ്ടി നിലകൊണ്ട ഏറ്റവും വലിയ വ്യക്തി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. യൂണിഫോം സിവിൽ കോഡ് വന്ന സമയത്തും കൗ സ്ലോട്ടർ വന്ന സമയത്തും അന്തസ്സായി നിന്ന ജവഹർലാൽ നെഹ്റുവിനെ തള്ളിപ്പറയാൻ നിങ്ങൾക്ക് എങ്ങനെയാണ് സാധിച്ചത്? ഇന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാടും എ.കെ.ജി.-യും ഉണ്ടായിരുന്നെങ്കിൽ ഒരിക്കലും ഈ നിലപാട് സ്വീകരിക്കില്ല എന്ന് ഞാൻ വിശ്വസിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, 2004-ൽ ഞങ്ങളും നിങ്ങളുമെല്ലാവരും ചേർന്ന് യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകി. ആ യു.പി.എ. ഗവൺമെന്റിന്റെ ഭരണം നല്ലതായിരുന്നെങ്കിൽ ഇന്ന് ശ്രീ. നരേന്ദ്രമോദി ഗവൺമെന്റ് ഭരണത്തിൽ വരുമായിരുന്നോ; ഞങ്ങളുടെ ആരുടെയെങ്കിലും ദൗർബല്യം കൊണ്ടാണോ 18 സംസ്ഥാനങ്ങളിൽ ബി.ജെ.പി. അധികാരത്തിൽ വന്നത്?

<u>ഡോ. എം. കെ. മുനീർ</u>: സർ, പിന്തുണയ്ക്കുമ്പോൾ പിന്തുണയ്ക്കുന്നതുപോലെ പിന്തുണയ്ക്കണം. വഴിയ്ക്കിട്ടിട്ട് കാലൂരിപോകാൻ പാടില്ല. വി. പി. സിംഗ് ഗവൺമെന്റിന്റെ ഒരു കാൽ ബി.ജെ.പി. ആയപ്പോൾ മറ്റേ കാൽ മാർക്സിസ്റ്റ് പാർട്ടിയായിരുന്ന കാലഘട്ടത്തെക്കുറിച്ച് നിങ്ങൾ ഓർക്കുന്നുണ്ടോ? എന്തിനാണ് ബി.ജെ.പി.-യുടെ കൂടെനിന്നുകൊണ്ട് ഒരു സർക്കാരിനെ നിങ്ങൾ പിന്തുണച്ചത്?

കോഴിക്കോട് എയർപോർട്ടിന്റെ കാര്യം ഇക്കൂട്ടത്തിൽ പറയുകയാണ്. കോഴിക്കോട് എയർപോർട്ടിൽ വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ സാധിക്കുമെന്ന് അവിടത്തെ സമിതി കണ്ടെത്തി തീരുമാനിച്ചിരിക്കുന്നു. കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളം വരുന്നതിൽ നമുക്കാർക്കും പ്രശ്നമില്ല. കണ്ണൂരിൽ നല്ലൊരു

എയർപോർട്ട് വരണം. പക്ഷേ അതിന്റെ പേരിൽ കോഴിക്കോടിന് അന്താരാഷ്ട്ര വിമാനത്താവളം ഇല്ലാതാകരുത്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വരുന്നതിനായി കേന്ദ്രസർക്കാരിൽ പ്രതിപക്ഷ നേതാവടക്കം ഒന്നിച്ച് മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ടതുണ്ട്. കോഴിക്കോട് എയർപോർട്ടിനെ തകർത്തുതരിപ്പണമാക്കുന്ന ചില ലോബികൾ പ്രവർത്തിക്കുന്നുണ്ട്. അനുകൂല റിപ്പോർട്ട് ലഭിച്ചിട്ടും വലിയ വിമാനം ഇറങ്ങുമെന്ന് വിമാനക്കമ്പനികൾ സമ്മതിച്ചിട്ടും എന്തുകൊണ്ട് വിമാനമിറങ്ങുന്നില്ലെന്ന് ചോദിക്കാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം.

ഗെയിലുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ ഇപ്പോഴും സമരപ്പന്തലിലാണ്. അവർക്ക് കോമ്പൻസേഷൻ കിട്ടുന്ന കാര്യത്തിൽ അങ്ങയുടെ ഇടപെടലുണ്ടാകണം. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ വസ്തുനിഷ്ഠമായി പറയുന്ന കാര്യങ്ങൾ പരിശോധിച്ച് അതിനനുസരിച്ച് കാര്യങ്ങൾ നീക്കണം.

ക്രമസമാധാനം നന്നായിവരുന്നുവെന്ന് അവകാശപ്പെടുന്നതുകൊണ്ട് പറയുകയാണ്, ജില്ലാപഞ്ചായത്തിനകത്ത് കയറി ജില്ലാപഞ്ചായത്ത് മെമ്പറെ പിടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. നിയമസഭയുടെ കവാടത്തിലും ജില്ലാപഞ്ചായത്തിന്റെ കവാടത്തിലും പോലീസ് നിൽക്കുന്നു. ജനകീയമായി തെരഞ്ഞെടുക്കപ്പെട്ട സഭയ്ക്കകത്തേയ്ക്ക് പോലീസ് കടന്നുവരുന്നത് തടയാൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് കഴിയണം. പോലീസിന് കടിഞ്ഞാണിട്ടില്ലെങ്കിൽ പോലീസ് നമ്മുടെ തലയിൽ കയറിയിരുന്ന് നിരങ്ങുന്ന സ്ഥിതിയുണ്ടാകും. എന്റെ പ്രീയപ്പെട്ട സഹോദരൻ ജലീലിനുവേണ്ടി ഒരു കാര്യംകൂടി ഞാൻ പറയുകയാണ്. ഇവിടെ ധനകാര്യ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ട്. അത് ഭരണഘടനാപരമായി നിർവ്വഹിക്കേണ്ട ഒരു കടമയാണ്. അവർക്ക് അതുകൊണ്ട് പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ആ ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം കൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച എന്റെ ബഹുമാന്യ സ്നേഹിതൻ ഡോ. എം. കെ. മുനീർ ദേശീയ രാഷ്ട്രീയ പ്രശ്നങ്ങളിൽ വിമർശനാത്മകമായി സി.പി.ഐ.(എം.)-നെ പ്രതിസ്ഥാനത്തുനിർത്താൻ കഴിയുമോ എന്നുള്ള പരീക്ഷണത്തിൽ ചില വാദഗതികൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിൽ വി.പി. സിംഗ് ഗവൺമെന്റിന്റെ ഒരു കാലിൽ സി.പി.ഐ.(എം.)-ഉം ഒരു കാലിൽ

ബി.ജെ.പി.-യുമൊക്കെയായി ഭരിച്ച കാലത്തെക്കുറിച്ച് പറയുകയുണ്ടായി. വി. പി. സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ ബാബ്റി മസ്ജിദ് തകർക്കുന്നതിനുവേണ്ടി ലാൽകൃഷ്ണ അദ്വാനിയുടെ നേതൃത്വത്തിൽ രഥയാത്ര സംഘടിപ്പിച്ച് ബീഹാറിലെ സമസ്തിപ്പൂരിലെത്തിയപ്പോൾ വി.പി. സിംഗിന്റെ നിർദ്ദേശപ്രകാരം ലാലുപ്രസാദ് യാദവ് ഗവൺമെന്റ് ലാൽകൃഷ്ണ അദ്വാനിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ബാബ്റി മസ്ജിദ് പോയില്ല. അവിടെ അധികാരം വേണമോ മതനിരപേക്ഷതയുടെ പ്രതീകമായി പള്ളി സംരക്ഷിക്കണമോ? ഈ രാഷ്ട്രീയ പ്രശ്നത്തിനുമുന്നിൽ സി.പി.ഐ.(എം.)-ന് സംശയമുണ്ടായില്ല. അധികാര കസേര പോയാലും പള്ളി സംരക്ഷിക്കപ്പെടണം, പള്ളി സംരക്ഷിച്ചു. എന്നാൽ ഇന്ത്യയിലെ കോൺഗ്രസ്സിന്റെ ദേശീയ നേതാവും പ്രധാനമന്ത്രിയുമായ നരസിംഹറാവുവിനു മുന്നിൽ അധികാരം വേണമോ പള്ളി വേണമോ എന്ന പ്രശ്നം ഉയർന്നുവന്നപ്പോൾ പള്ളി പോയാലും വേണ്ടില്ല, പ്രധാനമന്ത്രിക്കസേര സംരക്ഷിക്കണമെന്ന നിലപാടാണ് സ്വീകരിച്ചത്. ബാബ്റി മസ്ജിദ് തകർത്തു. ഇതാണ് ദേശീയ രാഷ്ട്രീയത്തിൽ സംഭവിച്ചത്. രാഷ്ട്രീയ നയംകൊണ്ട് മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവവേദ്യമാകുന്ന പച്ചയായ സത്യങ്ങൾ തിരിച്ചറിയാനുള്ള വിവേകം നമ്മുടെ രാജ്യത്തെ ജനങ്ങൾ ഇന്നും മറന്നിട്ടില്ല, വിവേകം നഷ്ടപ്പെട്ടിട്ടുമില്ല. ദേശീയ രാഷ്ട്രീയത്തിൽ പ്രധാനപ്പെട്ട ശത്രു ആരാണ്? അത് ബി.ജെ.പി. തന്നെയാണ്. അതിൽ സംശയത്തിന്റെ പ്രശ്നമില്ല. എന്നാൽ ബി.ജെ.പി. ഗവൺമെന്റിന്റെ നയം ആരുടെ നയമാണ്? സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സിന്റെ പിതൃസ്ഥാനീയ നയമാണ് ഇവിടെ ബി.ജെ.പി. തുടരുന്നത്. കോൺഗ്രസ്സ് തുടർന്നുവന്ന നയം കോൺഗ്രസ്സിനെ അധികാരത്തിൽ നിന്നും തുത്തെറിഞ്ഞു. പകരംവന്ന ബി.ജെ.പി. കോൺഗ്രസ്സ് തുടർന്നുവന്ന നയം തുടരുകയാണ്. നയത്തിന്റെ കാര്യത്തിൽ സയാമീസ് ഇരട്ടകളെപ്പോലെയാണ് കോൺഗ്രസ്സും ബി.ജെ.പി.യും. ഈ വിമർശനം കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കുമുണ്ട്. കോൺഗ്രസ്സ് ഈ നയം തിരുത്തുമോ? ഞങ്ങൾ തുടർന്നുവന്ന, കാൽനൂറ്റാണ്ടായി ഇന്ത്യയിൽ തുടങ്ങിവച്ച ആഗോളസാമ്പത്തിക പരിഷ്കാരങ്ങൾ തിരുത്തുന്നതിന് ഞങ്ങൾ സന്നദ്ധമാണെന്ന് കോൺഗ്രസ്സിന് പറയാൻ സാധിക്കുമോ? സയാമീസ് ഇരട്ടകളെപ്പോലെ നയം തുടരുന്നു. വലിയ തീക്കുണ്ടത്തെ തല്ലിക്കെടുത്താൻ തീപ്പെട്ടിക്കൊള്ളിയുമായി ആരെങ്കിലും പോകുമോ? കത്തിക്കാളുന്ന പശ്ചാത്തലം നിലനിൽക്കുന്ന അന്തരീക്ഷത്തിൽ അത് ദുർബലമാക്കാൻ തീപ്പെട്ടിക്കൊള്ളിയുമായി ആരെങ്കിലും പോകുമോ? പോകില്ല. ശ്രീ. സീതാറാം യച്ചൂരിയെ അനുകൂലിക്കുന്നത്, ശ്രീ. പ്രകാശ് കാരാട്ടിനെ അനുകൂലിക്കുന്നത്, അങ്ങനെയൊരു പ്രശ്നമേ സി.പി.ഐ.(എം).-ന്റെ മുമ്പിൽ ഇല്ല. ഇന്നർ പാർട്ടി ഡെമോക്രസിയുള്ള ഒരു പാർട്ടിയെന്ന

നിലയ്ക്ക് സി.പി.ഐ.(എം.)-ന് ഒറ്റ നയമേയുള്ളൂ. ആ നയം ഇന്ത്യയിൽ ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് ത്തുെറിയുക എന്നതാണ്. അതിനുവേണ്ടി കോൺഗ്രസ്സുമായി ഏതെങ്കിലും തരത്തിലുള്ള നീക്കുപോക്കോ ധാരണയോ ഉദ്ദേശിക്കുന്നില്ല. ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവന്നതാരാണ്; കോൺഗ്രസ്സല്ലേ? ബി.ജെ.പി.-യെ അധികാരത്തിലേയ്ക്കെത്തിച്ചത് കോൺഗ്രസ്സിന്റെ നയമാണ്. ആ നയം ബി.ജെ.പി. തുടരുന്നു. ബി.ജെ.പി. തുടരുന്ന നയം തെറ്റാണെന്ന് പറയാനുള്ള ധാർമ്മികതപോലും കോൺഗ്രസ്സിനില്ലാത്തവിധം കോൺഗ്രസ്സ് ആ നയത്തിന്റെ പിതൃസ്ഥാനീയ മഹത്വത്തിൽ പങ്കുവഹിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. സി.പി.ഐ.(എം.)-നെ സംബന്ധിച്ചിടത്തോളം ഒറ്റ നയമേയുള്ളൂ. ആ നയം, അവസാന വാക്ക്, പാർട്ടി കോൺഗ്രസ്സ് അംഗീകരിക്കുന്ന നയമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ മതനിരപേക്ഷത സംരക്ഷിച്ചും ഇടതുപക്ഷ പാർട്ടികളുടെ വിശാലമായ ഐക്യനിര പടുത്തുയർത്തിയും ബി.ജെ.പി.-ക്കെതിരായി രാജ്യത്തെ ജനാധിപത്യ ശക്തികളെ യോജിപ്പിക്കുന്നതിനുമെല്ലാം മഹത്തായ പങ്കും ദൗത്യവും നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടുപോകുക എന്ന കാഴ്ചപ്പാട് കഴിഞ്ഞ പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ചതാണ്. അതിന്റെ തുടർച്ചയിൽ ഇപ്പോഴത്തെ പാർട്ടി കോൺഗ്രസ്സ് പാർട്ടിതലത്തിലും ചർച്ച ചെയ്തുവരികയാണ്. അതുകൊണ്ട് മറ്റുതരത്തിൽ ജനങ്ങൾക്കിടയിൽ കൺഫ്യൂഷനുണ്ടാക്കാൻ നോക്കണ്ട. മതനിരപേക്ഷത യെക്കുറിച്ച് സി.പി.ഐ.(എം.)-നെ പഠിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകാൻ മുതിരണ്ട, മുതലക്കുഞ്ഞിനെ നീന്തൽ പഠിപ്പിക്കാൻ ശ്രമിക്കരുത്. ഫാസിസത്തിനെതിരായ പോരാട്ടത്തെക്കുറിച്ച് സി.പി.ഐ.(എം.)-നെ ഓർമ്മപ്പെടുത്തുന്നതിനെക്കാൾ അഭികാമ്യമായിട്ടുള്ളത് സ്വയമേവ ചിന്തിക്കുകയും തിരുത്തുകയും ചെയ്യുന്ന പ്രക്രിയയിലേയ്ക്ക് പോകുക എന്നതാണ്. ഫാസിസത്തെ എതിർത്തുകൊണ്ട് രാജ്യത്ത് ആഗോള ഫാസിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിലും ദേശീയാടിസ്ഥാനത്തിലുള്ള ഫാസിസ്റ്റ് നീക്കങ്ങളെയും എല്ലാതരത്തിലുമുള്ള തെറ്റായ നയങ്ങളെയും ചെറുക്കാനുള്ള കരുത്ത് ജനങ്ങളുടെ ശക്തിയിൽ വിശ്വാസമർപ്പിച്ച് പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോകുക. ഈ രാഷ്ട്രീയ കാഴ്ചപ്പാട് സി.പി.ഐ.(എം.) അംഗീകരിച്ച് പ്രവർത്തിക്കുകയാണ്. അങ്ങനെ അംഗീകരിച്ച് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് ആ പ്രസ്ഥാനം, ഇന്ന് കേരളത്തിൽ നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടിയാണ്. ആ പ്രസ്ഥാനത്തിന് യോജിച്ച രാഷ്ട്രീയ നേതൃത്വമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയിൽ വളർന്നുവരുന്ന ഫാസിസ്റ്റ് നീക്കങ്ങളെ ചെറുക്കാൻ കഴിയത്തക്കവിധത്തിൽ ഒരു ബദൽ രാഷ്ട്രീയ സാമ്പത്തിക നയത്തിന്റെയും

ജനക്ഷേമത്തിന്റെയും വികസനത്തിന്റെയും രാജ്യത്തിന്റെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന കാര്യത്തിലും ഇന്ത്യയ്ക്ക് മാതൃകയായി കേരളം പങ്കുവഹിക്കുന്ന കാഴ്ചപ്പാടാണ് ഗവർണറുടെ നയപ്രഖ്യാപനത്തിന് അടിസ്ഥാനമായിട്ടുള്ളത്. മതനിരപേക്ഷതയുടെ കാര്യത്തിലുള്ള സമീപനത്തെക്കുറിച്ചും അതോടനു ബന്ധിച്ചുള്ള പാർട്ടി കാഴ്ചപ്പാടിനെക്കുറിച്ചും ഇവിടെ പറയുകയും അനുസംബന്ധിച്ച് വിശദീകരണം നടത്തുകയും ചെയ്തു. ഇവിടെ നന്ദിപ്രമേയചർച്ച നടക്കുന്ന സന്ദർഭത്തിൽ നയപ്രഖ്യാപനത്തിൽ ചിന്താപരമായി ഒന്നുമില്ലെന്നും പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറച്ച് കാര്യങ്ങൾ ഞങ്ങളുടെ ഭരണകാലത്തുള്ള താണെന്നുമാണ് ഡോ. എം. കെ. മുനീർ പറഞ്ഞത്. എങ്ങനെയാണ് ഇത് രണ്ടും കൂടി പൊരുത്തപ്പെടുന്നത്? ചിന്താപരമായി ഒന്നുമില്ല എന്നു പറഞ്ഞപ്പോൾ അതിനുള്ളിലെ രാഷ്ട്രീയ പ്രശ്നവും പറഞ്ഞല്ലോ. ചില പദ്ധതികളെക്കുറിച്ച് പറഞ്ഞു. ഒരു ദിവസംകൊണ്ട് ഒരു പദ്ധതിയും വരില്ല. ഒരു പദ്ധതിക്ക് അനുമതി ലഭിക്കുന്നത് ഒരു ദിവസംകൊണ്ടല്ല. ഗവൺമെന്റ് എന്നു പറയുന്നത് ഭരണഘടനാപരമായി ഒരു തുടർപ്രക്രിയയാണ്. അതെല്ലാവർക്കും അവകാശപ്പെട്ടതാണ്. പക്ഷേ, ഈ കാര്യങ്ങൾ അതിന്റെ മഹത്വത്തോടുകൂടി വിജയകരമായി പൂർത്തീകരിക്കുന്നതിന് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് നേതൃത്വപരമായ പങ്ക് വഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള നേട്ടങ്ങളെ കാണുന്നതിലും മനസ്സിലാക്കുന്നതിലും തെറ്റില്ല. അതുകൊണ്ട് നയപ്രഖ്യാപനത്തിൽ ഒന്നുമില്ലെന്ന് പറയുന്നതും ഉള്ളതൊക്കെ യു.ഡി.എഫ്. ഭരണകാലത്തുള്ളതാണെന്ന് പറയുന്നതും അടിസ്ഥാനരഹിതമാണ്. തെറ്റായ വാദഗതികളാണ് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വ്യാഖ്യാനിക്കുന്നത്.

ഓഖി ദുരന്തത്തെക്കുറിച്ച് ശ്രീ. വി. എസ്. ശിവകുമാർ സംസാരിച്ചു. ഈ സഭ ആരംഭിച്ച ആദ്യ ദിവസം ഓഖിയെക്കുറിച്ചുള്ള അടിയന്തര പ്രമേയം അവതരിപ്പിച്ചില്ല. എല്ലാവരും പ്രതീക്ഷിച്ചത് പ്രതിപക്ഷം ഓഖി പ്രശ്നം ആദ്യ ദിവസം തന്നെ അടിയന്തരപ്രമേയമായി കൊണ്ടുവരുമെന്നാണ്. ഇപ്പോൾ ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ പറയുന്നത്, ശർമ്മയെക്കൊണ്ട് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വരുത്തിത്തീർത്തു എന്നാണ്. അങ്ങനെയല്ല. ഓഖി പ്രശ്നത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയെ സംബന്ധിച്ച് കേന്ദ്രസർക്കാരിന് യാതൊരു വിമർശനവുമില്ല. സംസ്ഥാന സർക്കാർ ഓഖി ദുരന്തത്തെത്തുടർന്ന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവെന്നാണ് കേന്ദ്രസർക്കാർ അഭിപ്രായപ്പെട്ടത്. ഓഖി പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ പാർലമെന്റിൽ 2710-ാം നമ്പർ

ചോദ്യമായി എർത്ത് സയൻസ് മന്ത്രാലയത്തിന്റെ മുന്നിൽ സൈക്ലോൺ ഫോർകാസ്റ്റ് എന്ന ചോദ്യം ഉന്നയിച്ചിരിക്കുകയാണ്. ശ്രീമതി അഞ്ജുബാല, ശ്രീ. സിംഗ് യാദവ് തുടങ്ങിയ പാർലമെന്റ് മെമ്പർമാർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. 'whether early warning system for sending cyclone alert has failed to reduce devastation caused by ockhi cyclone and if so the detail there off.?' എന്ന ചോദ്യം ഉന്നയിച്ചിരിക്കുകയാണ്. ഈ ചോദ്യത്തിന് എർത്ത് സയൻസ് മന്ത്രാലയത്തിലെ സയൻസ് ആന്റ് ടെക്നോളജി വിഭാഗത്തെ സംബന്ധിച്ച് മന്ത്രി ശ്രീ. വൈ. എസ്. ചൗധരി നൽകിയ മറുപടിയിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതും ഇവിടത്തെ തർക്കവിഷയമായി നിൽക്കുന്നതും 29-ാം തീയതി ഇതുസംബന്ധിച്ച് സർക്കാരിനെ അറിയിച്ചു എന്നുള്ളതാണ്. എന്നാൽ 30- ാം തീയതി 11.55 നാണ് ഇതിന്റെ ബുള്ളറ്റിൻ വന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വ്യക്തമായി പറഞ്ഞതാണ്. 'Cyclone warning for Lakshadweep, South Kerala and South Tamil Nadu was given in the bulletin issued at 11.55 hours. IST of 30th November in the standard time.' നവംബർ മാസം 30-ാം തീയതി 11.55-നാണ് സൈക്ലോൺ വാർണിംഗിനെ സംബന്ധിച്ച് ബുള്ളറ്റിൻ ഇഷ്യൂ ചെയ്തിരിക്കുന്നത്. അതാണ് പാർലമെന്റിൽ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗ് പറഞ്ഞത്. ഡിസാസ്റ്റർ മാനേജ്മെന്റ് അദ്ദേഹത്തിന്റെ ചുമതലയിലാണ്. പാർലമെന്റ് അംഗം ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി ശ്രീ. വൈ. എസ്. ചൗധരി പറഞ്ഞതും പാർലമെന്റിൽ ശ്രീ. ശശി തരൂർ പ്രസംഗിച്ചതും ഇതുതന്നെയാണ്. എനിക്ക് പ്രതിപക്ഷാംഗങ്ങളോട് ചോദിക്കാനുള്ളത്, 29- ാം തീയതി സൈക്ലോണിനെ സംബന്ധിച്ചുള്ള warning കേരള ഗവൺമെന്റിന് കൊടുത്തെങ്കിൽ അങ്ങനെയൊരു വാർണിംഗ് കൊടുത്തില്ലെന്നും 30- ാം തീയതിയാണ് വാർണിംഗ് കൊടുത്തതെന്നും കേന്ദ്ര അധികൃതർക്ക് പറയേണ്ട കാര്യമില്ലല്ലോ. നേരത്തെ വാർണിംഗ് കൊടുത്തിട്ടും സംസ്ഥാന ഗവൺമെന്റ് അവരുടെ ഉത്തരവാദിത്തം നിർവ്വഹിച്ചില്ലെങ്കിൽ, നിരവധി ആളുകളുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെടുത്തിയ ഒരു ഗവൺമെന്റിന്റെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന വിധത്തിൽ ഈ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിനിയോഗിക്കുമായിരുന്നില്ലേ. ശ്രീ. രാജ്നാഥ് സിംഗ് അതിനെക്കുറിച്ച് പറയുമായിരുന്നില്ലേ; എന്തുകൊണ്ട് ശ്രീ. രാജ്നാഥ് സിംഗ് പറഞ്ഞില്ല? കാലാവസ്ഥാ നിരീക്ഷണത്തെ അടിസ്ഥാനമാക്കിയല്ലേ ഇക്കാര്യങ്ങൾ പാർലമെന്റിൽ പറയുന്നത്. കോൺഗ്രസ് എം.പി. ശ്രീ. കെ. സി. വേണുഗോപാലിന്റെ ചോദ്യത്തിന് മറുപടിയായിട്ടല്ലേ പറഞ്ഞത്. ശ്രീ. ശശി തരൂരിന്റെ പ്രസംഗത്തിന്റെ മറുപടിയായിട്ടല്ലേ പറഞ്ഞത്. ഈ

കാര്യങ്ങളെപ്പറ്റിയല്ലേ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ നിയമസഭയിൽ പറഞ്ഞത്. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കാത്ത വിധത്തിൽ വ്യാഖ്യാനിക്കുന്നത് തെറ്റാണ്. ഈ പ്രശ്നം രാഷ്ട്രീയമായി കൈകാര്യം ചെയ്യരുത്. 2004-ൽ ഇതുപോലെ മറ്റൊരു രൂപത്തിൽ സുനാമി ഉണ്ടാകുകയും ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ ആറാട്ടുകുഴിയിലും കരുനാഗപ്പള്ളിയിലും നൂറുകണക്കിന് ആളുകളുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെടുകയും ചെയ്തു. നൂറുകണക്കിന് ശവശരീരങ്ങൾ ഒരുമിച്ച് എണ്ണയൊഴിച്ച് കത്തിച്ചപ്പോൾ കേരളത്തിന്റെ കണ്ണുനീർ അവിടെ കുതിർന്നു. അന്നത്തെ പ്രതിപക്ഷം പാർട്ടിയോ രാഷ്ട്രീയമോ നോക്കിയല്ല ആ പ്രശ്നത്തെ സമീപിച്ചത്. അന്ന് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് ശ്രീ. പിണറായി വിജയനായിരുന്നു. അദ്ദേഹം പാർട്ടി നേതൃത്വത്തിൽ ഇരുന്നുകൊണ്ട് നിർദ്ദേശം കൊടുത്തു, കളക്ഷൻ നടത്തി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ 100 വീടുകൾക്ക് കല്ലിട്ട്, 100 വീടുകൾ പാവങ്ങൾക്ക് പണിത് കൊടുക്കുകയാണ് ചെയ്തത്. പ്രതിപക്ഷത്തിരിക്കുമ്പോഴും ഭരണപക്ഷത്തിരിക്കുമ്പോഴും ജനങ്ങളോട് കടപ്പെട്ട അടിസ്ഥാനപരമായ രാഷ്ട്രീയമാണ് സ്വീകരിക്കേണ്ടത്. ആ നയമാണ് സി.പി.ഐ.(എം) തുടരുന്നത്. അതിനെ ആക്ഷേപിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കരുത്. ജനങ്ങൾ വിഡ്ഢികളല്ല, അവർ വിധിയെഴുതുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ആധുനിക കേരളം രൂപപ്പെടുത്തുന്നതിൽ മൂന്നു ചരിത്ര കാലഘട്ടത്തെ പ്രതിനിധീകരിച്ച് ദേശീയ നേതൃസ്ഥാനീയനായി ഉയർന്നുവന്ന വ്യക്തിയായിരുന്നു മഹാനായ സഖാവ് എ.കെ.ജി. നവോത്ഥാന കാലഘട്ടത്തെയും ദേശീയ പ്രസ്ഥാനത്തെയും ഇടതുപക്ഷ രാഷ്ട്രീയത്തെയും പുരോഗമന കേരളത്തെയും നയിച്ച മഹാനായ സഖാവ് എ.കെ.ജി-യെക്കുറിച്ച് ഈ നിയമസഭയിലെ ഒരു സാമാജികന്റെ ഫേസ്ബുക്ക് പോസ്റ്റ് ചരിത്ര നിഷേധത്തിന്റെ ഭാഗമാണ്. ചരിത്രത്തോടു കാണിച്ച അനീതിയാണ്. ചരിത്ര നിഷേധിയായി മാറാതിരിക്കാൻ അത് തിരുത്തുകയാണ് നല്ലത്. തിരുത്തുന്നതായിരിക്കും ജനാധിപത്യ പ്രക്രിയയിൽ അഭികാമ്യം, തിരുത്തുന്നതായിരിക്കും ഏറ്റവും നല്ല മാതൃക. എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം സമീപകാലത്ത് കണ്ട ഏറ്റവും ശുഷ്കമായ ഒരു പ്രസംഗമായിരുന്നു ഗവർണർ ഇവിടെ നടത്തിയത്. പക്ഷേ, ഈ സർക്കാരിന് യോജിച്ച പ്രസംഗംതന്നെയായിരുന്നു അത്. കാരണം ശുഷ്കമായ ഒരു സർക്കാരിന് ശുഷ്കമായ ഒരു നയപ്രഖ്യാപനമല്ലാതെ മറ്റെന്താണ് വേണ്ടത്? കഴിഞ്ഞ വർഷം ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന്റെ ഭാഗങ്ങൾ ഞാൻ പരിശോധിച്ചു. അദ്ദേഹം പറഞ്ഞ 40 കാര്യങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലം ഈ സർക്കാർ നടപ്പാക്കിയിട്ടില്ല. പൗരാവകാശരേഖ, സുതാര്യത, ഉത്തരവാദിത്വം, സാമൂഹ്യ ആഡിറ്റ് എന്നിവ ഉൾപ്പെടെ ഒരു സമഗ്ര നിയമം- പാരാ 3; കിഫ്ബിയിലേക്ക് പ്രവാസി കേരളീയർ, പ്രവാസി ഭാരതീയർ, വിദേശ സർക്കാർ എന്നിവരുടെ നിക്ഷേപം- പാരാ 24; ആയിരം സുരക്ഷാ വ്യവസായങ്ങൾ കെ.എഫ്.സി. ആരംഭിക്കും- പാരാ 47; വൈദ്യുതിയുള്ള എല്ലാ വീടുകൾക്കും ഇന്റർനെറ്റ് കണക്ഷൻ- പാരാ 50 അങ്ങനെ 40 നടക്കാത്ത കാര്യങ്ങളാണ് കഴിഞ്ഞ തവണ ശ്രീ. പി. സദാശിവം എന്ന അഭിവന്ദ്യനായ ഗവർണറെക്കൊണ്ട് ഈ ഗവൺമെന്റ് വായിപ്പിച്ചത്. അതുകൊണ്ടായിരിക്കാം ഇത്തവണ അദ്ദേഹത്തിന്റെ പ്രസംഗം വളരെ ചുരുക്കി അവതരിപ്പിച്ചത്.

കേരളത്തിൽ ഇന്ന് ഭരണത്തകർച്ചയാണ് കാണാൻ സാധിക്കുന്നത്. എല്ലാ രംഗവും തകർച്ചയിലാണ്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് മഹാത്മാഗാന്ധി പറഞ്ഞതിനെ ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ ഓർക്കുകയാണ്. എന്റെ കൈവശം കണക്കുകളുണ്ട്. സെക്രട്ടേറിയറ്റിൽ നവംബർ മാസത്തിൽ 76892 ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതാണോ ഭരണത്തിന്റെ വേഗത; ഇതാണോ ഭരണം കാര്യക്ഷമമാകുന്നതിന്റെ ഉദാഹരണം; മന്ത്രിമാരുടെ ഓഫീസുകളിലും വകുപ്പുകളിലും തീരുമാനമെടുക്കാതെ ഫയലുകൾ കെട്ടിക്കിടക്കുന്നു; ഭരണരംഗത്ത് കാണുന്ന അരാജകത്വത്തിന്റെ നേർക്കാഴ്ചയാണിത്.

കഴിഞ്ഞ തവണ ഗവർണർ പ്രസംഗിച്ച കാര്യങ്ങളൊന്നും നടക്കുന്നില്ല എന്നുള്ളത് ഒരു കാര്യം. രണ്ടാമത്തേത്, ഗവർണർ ചില ഭാഗങ്ങൾ ഇത്തവണ വിട്ടുകളഞ്ഞു; സാധാരണഗതിയിൽ ഗവർണർക്കെതിരെ സംസാരിക്കുന്ന ഒരു പാർട്ടിയായിരുന്നു സി.പി.ഐ.(എം.), ഇന്ന് ഗവർണർ എന്ന പേര് കേട്ടാൽ മുട്ടുവിറയ്ക്കുന്ന ഒരു പാർട്ടിയായി സി.പി.ഐ.(എം.) മാറിയതിൽ ഞാൻ പരിതപിക്കുകയാണ്. ശ്രീ. എസ്. ശർമ്മ ഗവർണറുടെ കാര്യത്തിൽ എന്തെങ്കിലും പറയുമെന്ന് ഞാൻ കരുതി. ഗവർണ്ണർ കേന്ദ്രത്തെയും സംസ്ഥാനത്തെയും ഒരുപോലെ സുഖിപ്പിക്കുന്ന നിലപാടാണ് കണ്ടത്. കേന്ദ്രത്തിനെതിരായുള്ള ചില

ഭാഗങ്ങളായിരുന്ന അദ്ദേഹം വിട്ടുകളഞ്ഞത്. കേന്ദ്രത്തിനെതിരായ ഭാഗങ്ങൾ വിട്ടുകളഞ്ഞതുവഴി അദ്ദേഹം കേന്ദ്രത്തെ തൃപ്തിപ്പെടുത്തി. കേരളത്തെ ബാധിക്കുന്ന ചില കാര്യങ്ങൾ അദ്ദേഹം പുകഴ്ത്തിപ്പറഞ്ഞു. ഗവർണർ രാഷ്ട്രീയം കളിക്കുന്നുവെന്ന് പറഞ്ഞ് ബഹളമുണ്ടാക്കുന്ന സി.പി.ഐ.(എം.)-ന്റെ പഴയ മുഖം ഇവിടെ കാണുന്നില്ല. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിനെ കുറ്റംപറയുന്ന കാര്യങ്ങൾ വിട്ടുകളഞ്ഞത് കേരളത്തിലെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറയുന്നത് എത്ര ദൗർഭാഗ്യകരമാണ്.

ഇന്ന് ഭരണരംഗത്ത് കാണുന്നത് എന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ രണ്ട് പാർട്ടികൾ തമ്മിലുള്ള ശീതസമരമാണ് കാണുന്നത്. അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽ, മാവോയിസ്റ്റ് വേട്ടയുടെ കാര്യത്തിൽ, മന്ത്രിസഭാ വിവരങ്ങൾ വിവരാവകാശപ്രകാരം നൽകുന്ന കാര്യത്തിൽ, മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ, ലാ അക്കാദമി പ്രശ്നത്തിന്റെ കാര്യത്തിൽ, ശ്രീ. തോമസ് ചാണ്ടിയുടെ രാജിയുടെ കാര്യത്തിൽ, മന്ത്രിസഭാ യോഗം സി.പി.ഐ. മന്ത്രിമാർ ബഹിഷ്കരിക്കുന്ന കാര്യത്തിൽ എല്ലാം ശീതസമരമാണ് നടക്കുന്നത്. സി.പി.ഐ.(എം)/സി.പി.ഐ. സമ്മേളനങ്ങളിൽ പരസ്പരം ആക്രമിക്കുന്നു. ഓരോ പാർട്ടിക്കും ഓരോ നിലപാടുണ്ടാകും. പക്ഷേ ഒരു മുന്നണി ഭരണമാകുമ്പോൾ, ആ മുന്നണിയുടെ പൊതുവായ അഭിപ്രായത്തിനെതിരായി ഒരു കക്ഷി സംസാരിക്കുമ്പോൾ, അത് മുന്നണിയുടെ യശസ്സിനെ മാത്രമല്ല, അധികാരത്തിലുള്ളപ്പോൾ ഭരണത്തെതന്നെ ഗുരുതരമായി ബാധിക്കുകയാണ്. മന്ത്രിസഭായോഗം ചേരുന്നത് 15 മിനിട്ടാണ്. എന്തിനാണ് ഇങ്ങനെ മന്ത്രിസഭാ യോഗം ചേരുന്നത്? അതിൽ നാല് അജണ്ടകൾ മാത്രമേ ഉണ്ടായിരുന്നുള്ളു വെന്നാണ് പറഞ്ഞത്. സർക്കാരിനും മുന്നണിക്കും ചീത്തപ്പേര് ഉണ്ടായി എന്ന് മുഖ്യമന്ത്രി സി.പി.ഐ.-യുടെ പരാമർശത്തെപ്പറ്റിപ്പറയുന്നു, മന്ത്രിസഭായോഗ ബഹിഷ്കരണത്തെപ്പറ്റിപ്പറയുന്നു; പിണറായിയും മോദിയും ഒരുപോലെയാണെന്ന് 'ജനയുഗം' എഡിറ്ററായ ശ്രീ. രാജാജി മാത്യു തോമസ് എക്സ് എം.എൽ.എ. പറയുന്നു; മുഖ്യമന്ത്രി സ്വേച്ഛാധിപതിയെപ്പോലെയാണെന്ന് സി.പി.ഐ.-യുടെ കൊട്ടാരക്കരയിൽ നടന്ന ജില്ലാസമ്മേളനത്തിന്റെ റിപ്പോർട്ടിൽ പറയുന്നു; മുഖ്യമന്ത്രി ഏകാധിപതിയെപ്പോലെയാണെന്ന് സി.പി.ഐ. യോഗത്തിൽ രൂക്ഷവിമർശനം; കുരിശ് നീക്കിയത് മുഖ്യമന്ത്രിയുമായി ആലോചിച്ച് ആയിരുന്നുവെന്ന് റവന്യൂ വകുപ്പുമന്ത്രി; അങ്ങനെ ആയിരുന്നെങ്കിൽ കുരിശിനെപ്പറ്റി മുഖ്യമന്ത്രി പറയണ്ടായിരുന്നല്ലോ? സി.പി.ഐ.(എം.)-ഉം സി.പി.ഐ.-യും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഭരണത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. സി.പി.ഐ.(എം.) മര്യാദ വിട്ടെന്ന് കേന്ദ്രനേതൃത്വം; ഇനി വിട്ടുവീഴ്ചയ്ക്ക് ഇല്ലെന്ന്

കൊച്ചിയിൽ ചേർന്ന സി.പി.ഐ.(എം.)-ന്റെ പാർട്ടി സെക്രട്ടേറിയറ്റ്; സി.പി.ഐ.(എം)-നെ ചുമക്കേണ്ട ബാധ്യതയില്ല, ശ്രീ. എം. എം. മണി; ഇതാണോ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണം; ഒരു ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം? മുഖ്യമന്ത്രി ഒരു ക്യാബിനറ്റ് യോഗം വിളിച്ചാൽ അതിൽ പങ്കെടുക്കാതെ രണ്ടാമനായ റവന്യൂ വകുപ്പുമന്ത്രിയുടെ മുറിയിൽ പാരലൽ ക്യാബിനറ്റ് യോഗം നടക്കുന്നത് കേരള ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഇതാണോ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാതൃക; ഇതാണോ സർക്കാരിന്റെ കെട്ടുറപ്പ്? സി.പി.ഐ.(എം.)-സി.പി.ഐ. തർക്കം അവസാനം മന്ത്രിസഭാ യോഗത്തിന്റെ ബഹിഷ്കരണം വരെ എത്തി. എന്നിട്ടും പറയുന്നു, ഭരണം നല്ല മെച്ചപ്പെട്ട നിലയിലാണ് നടക്കുന്നതെന്ന്. സി.പി.ഐ.(എം.) ചെയ്യുന്ന കാര്യങ്ങൾ സി.പി.ഐ. മന്ത്രിമാർ അറിയുന്നില്ല; സി.പി.ഐ. ചെയ്യുന്ന കാര്യങ്ങൾ സി.പി.ഐ.(എം.) മന്ത്രിമാർ അറിയുന്നില്ല. എന്തിനേറെ, മുഖ്യമന്ത്രി പോലും ഇത് അറിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

കേരളത്തിൽ പൂർണ്ണമായ ഭരണസ്തംഭനമാണ്, വികസന സ്തംഭനമാണ്, വികസനത്തിന് ഹോളിഡേ പ്രഖ്യാപിച്ച ഒരു ഗവൺമെന്റാണിത്. സാമ്പത്തിക തകർച്ചയെപ്പറ്റി ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇന്ന് ഉന്നയിച്ച അടിയന്തരപ്രമേയത്തിന്റെ മറുപടി കേട്ടാൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എന്താണെന്നുള്ളത് എല്ലാവർക്കും വ്യക്തമാകും. കഴിഞ്ഞ ഒന്നരവർഷക്കാലത്തെ ഭരണത്തിൽ ഒരു വികസനവും ഉണ്ടായിട്ടില്ല.

ഇവിടെ ക്രൈസിസ് മാനേജ്മെന്റിനെക്കുറിച്ച് പറഞ്ഞു. ഒരു പ്രശ്നമുണ്ടായാൽ ഗവൺമെന്റ് എങ്ങനെ ആക്റ്റ് ചെയ്യുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഓഖി ദുരന്തമുണ്ടായപ്പോൾ സർക്കാരെടുത്ത നിലപാടുകൾ പാളിപ്പോയി എന്നുള്ളതാണ് യാഥാർത്ഥ്യം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കൊപ്പം ചേർന്നുനിന്ന് പ്രവർത്തിച്ചവരാണ് ഞങ്ങൾ. യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഫണ്ട് കൊടുത്തു. ഞങ്ങൾ ഇതിനോട് സഹകരിച്ചവരാണ്. ഞങ്ങൾ സഹകരിക്കാതിരുന്നില്ല. പക്ഷേ ഈ ദുരന്തത്തിനുശേഷം ഗവൺമെന്റിന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അത് ഇന്നും ചൂണ്ടിക്കാണിച്ചു. അത് നാളെയും ചൂണ്ടിക്കാണിക്കും. അക്കാര്യത്തിൽ തർക്കംവേണ്ട. ഒരു പ്രശ്നമുണ്ടായാൽ സർക്കാർ സമീപിക്കുന്നത് എങ്ങനെയായിരിക്കണമെന്നുള്ളതിനെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം.

ഇന്ന് വിലക്കയറ്റംക്കൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു. എല്ലാ സാധനങ്ങൾക്കും തീവിലയാണ്. കേന്ദ്രസർക്കാരിന്റെ തെറ്റായ നയംമൂലം ഓരോ ദിവസവും പെട്രോളിനും ഡീസലിനും വില വർദ്ധിക്കുന്നതിന്റെ ഫലമായി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നു. സാധാരണക്കാർക്കും നിശ്ചിത വരുമാനമുള്ളവർക്കും ജീവിക്കാൻ കഴിയാത്ത അവസ്ഥ കേരളത്തിൽ സംജാതമായിരിക്കുന്നു. എല്ലാ സാധനങ്ങൾക്കും തീവിലയാണ്. മാവേലി സ്റ്റോറിലും കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങളിലും സാധനങ്ങൾ കിട്ടുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നകാര്യത്തിൽ സർക്കാർ പരാജയപ്പെട്ടുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ വിലക്കയറ്റം ബാധിക്കുന്നത് പാവങ്ങളെയും സാധാരണക്കാരെയും നിശ്ചിതവരുമാനക്കാരെയുമാണ്. അവരെ മുഴുവൻ ബാധിക്കുന്ന വിലക്കയറ്റത്തെപ്പറ്റി ഗവൺമെന്റ് ഇതുവരെ ചിന്തിച്ചിട്ടില്ല. ഇന്നലെ രസകരമായൊരു കാര്യം പത്രത്തിൽ വായിച്ചു. ഭക്ഷ്യ വകുപ്പുമന്ത്രിയെ രൂക്ഷമായി സി.പി.ഐ.(എം) നേതൃത്വം വിമർശിച്ചിരിക്കുന്നു. 'ഇ. ചന്ദ്രശേഖരൻ നായർ ഇരുന്ന കസേരയിൽ ശ്രീ. പി. തിലോത്തമൻ ഇരിക്കുമ്പോൾ ഇതാണ് ഉണ്ടാകുന്നത് ' എന്നാണ്. കേരളത്തിന്റെ ക്രമസമാധാനം അങ്ങേയറ്റം തകരാറിലായൊരു കാലഘട്ടമാണിത്.

അഴിമതിക്കെതിരെ സംസാരിച്ചുകൊണ്ട് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. അഴിമതിക്കാരെ കയ്യാമംവച്ച് ജയിലിലേയ്ക്ക് അയയ്ക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു ഡി.ജി.പി.-യുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഇന്ന് മുൻ വിജിലൻസ് ഡി.ജി.പി. പാഠം ഒന്ന്, പാഠം രണ്ട്, പാഠം മൂന്ന് എന്ന നിലയിൽ ഓരോ ദിവസവും ഗവൺമെന്റിനെ മര്യാദ പഠിപ്പിക്കുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു. ഇവിടെ അഴിമതിക്കാരെ കൽത്തുറുങ്കിലടയ്ക്കേണ്ട വിജിലൻസ് വകുപ്പിന്റെ തലപ്പത്ത് ഹൈക്കോടതി ഇടപെട്ടിട്ടുപോലും ഒരു സ്ഥിരം ഡയറക്ടറെ ഇത്രയും നാളായി നിയമിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അഴിമതിക്കാരെ പൂർണ്ണമായി സംരക്ഷിക്കുന്നു; പത്തുമാസമായി വിജിലൻസ് വകുപ്പിന് തലവനില്ല. വിജിലൻസ് വകുപ്പിൽ അഡീഷണൽ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഭരണമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞോ എന്നറിയില്ല. വിജിലൻസ് ഡയറക്ടറേറ്റിൽ എസ്.പി. (ഇന്റലിജൻസ്) അഡീഷണൽ ചാർജ്, എസ്.പി. (ഹെഡ് ക്വാർട്ടേഴ്സ്) അഡീഷണൽ ചാർജ്, ഡിവൈ.എസ്.പി. (അഡ്മിനിസ്ട്രേഷൻ) അഡീഷണൽ ചാർജ്, വിജിലൻസ് വകുപ്പിനെ അഡീഷണൽ ചാർജുകാരുടെ താവളമാക്കി, വിജിലൻസ് വകുപ്പിനെ നോക്കുകുത്തിയാക്കി മാറ്റിയ ഗവൺമെന്റാണിത്. അഴിമതി നിർമ്മാർജ്ജനത്തിനുവേണ്ടി വന്ന ഗവൺമെന്റ്, അഴിമതി നിർമ്മാർജ്ജനമല്ല, അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാടാണ്

കഴിഞ്ഞ ഏഴുമാസം കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്. 153 അഴിമതിക്കേസ്സുകൾ എഴുതിത്തള്ളിയ ഈ സർക്കാർ ഏറ്റവും വലിയ അഴിമതി നടത്തിയിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമസഭാ സമിതി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ ശ്രീ. അരുൺകുമാറിനെതിരായുള്ള കേസ്, ശ്രീ. ഇ. പി. ജയരാജന്റെ ബന്ധുനിയമന കേസ്, ശ്രീമതി മേഴ്സിക്കുട്ടി അമ്മയുടെ തോട്ടണ്ടി ഇറക്കുമതി കേസ്, ശ്രീ. ടി. പി. ദാസന്റെ സ്പോർട്സ്/ലോട്ടറി കേസ്, മുൻമന്ത്രി ശ്രീ. തോമസ് ചാണ്ടി പ്രതിയായ കേസ്സിന്റെ വിജിലൻസ് അന്വേഷണം അപ്പാടെ അട്ടിമറിക്കുന്നതിന് അന്വേഷണ സംഘത്തെ മാറ്റിയ കേസ്, ശ്രീ. കടകംപള്ളി സുരേന്ദ്രൻ അനെർട്ട് (ANERT) ഡയറക്ടറെ അനധികൃതമായി നിയമിച്ച കേസ്, ഇന്ന് രാവിലെ ആ കേസ് വിജിലൻസ് എഴുതിത്തള്ളി. 17 മാസംകൊണ്ട് 153 അഴിമതിക്കേസ്സുകൾ എഴുതിത്തള്ളിയ ഈ സർക്കാർ അഴിമതിയുടെ ചെളിക്കുണ്ടിലാണെന്ന് ഞാൻ പറയും. കേസ് എടുക്കാനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്ക് മാത്രമാണ് ഈ സർക്കാർ നൽകിയത്. അതുകൊണ്ട് അഴിമതിക്കേസ്സുകളുടെ എണ്ണം പകുതിയായിക്കുറഞ്ഞു.

1.00 p.m.

The Indian Police Service (Cadre) Rules, 1954 Section 11(i) പ്രകാരം ' The State Government concerned in respect of the posts borne on the State Cadre or the Joint Cadre as the case may be, may, for the purpose of facilitating leave arrangements for a period not exceeding six months, direct that any two cadre posts or a cadre post and an equivalent post may be held simultaneously by one single cadre officer'. ഉന്നത നീതിപീഠം വ്യക്തമായി ആവശ്യപ്പെട്ടിട്ടും ഡി.ജി.പി. തന്നെ വിജിലൻസ് ഡയറക്ടറുടെ ചുമതലകൂടി വഹിക്കുന്ന സ്ഥിതി 10 മാസമായി കേരളത്തിൽ തുടരുകയാണ്. അത് ഈ സർക്കാരിന്റെ കഴിവുകേടല്ലേ? അങ്ങേയ്ക്ക് എഴുതിത്തന്ന രണ്ട് കാര്യങ്ങൾകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഴിമതിയെ ഇല്ലാതാക്കുന്ന ഗവൺമെന്റ്, വ്യവസായ വകുപ്പിന്റെ 4-1-2010-ലെ 06/2018 നമ്പർ ഉത്തരവ് പ്രകാരം മൈനിംഗ് ആൻറ് ജിയോളജി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ സി. കെ. ബൈജുവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കോട്ടയം ജില്ലയിലെ മറവൻതുരുത്ത് പഞ്ചായത്തിലെ എടവട്ടത്തെ കെ. ബിനോയിക്ക് ഏഴ് സെന്റ് ഭൂമിയിൽ സാധാരണ മണൽഖനനം ചെയ്യുന്നതിന് നൽകിയ ഖനനാനുമതി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കോട്ടയം ജില്ലയിലെ

ഉദ്യോഗസ്ഥൻ ക്രമക്കേട് നടത്തിയെന്ന ആരോപണത്തിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടികൾ സ്വീകരിക്കാൻ വിജിലൻസ് ആവശ്യപ്പെട്ടെങ്കിലും വ്യവസായ വകുപ്പ് ഈ ഉദ്യോഗസ്ഥന്റെ പേരിൽ അച്ചടക്കനടപടി അവസാനിപ്പിക്കാൻ ശിപാർശ ചെയ്യുകയാണ് ചെയ്തത്. 31-5-2016-നുശേഷം മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിൽ ഡയറക്ടറുടെ നിയമനമുണ്ടായിട്ടില്ല. 1-6-2016 മുതൽ അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ അഡീഷണൽ ചാർജ് നൽകി, അദ്ദേഹം ഒരു മാസത്തെ അവധിയിൽ പ്രവേശിച്ചപ്പോൾ ആരോപണവിധേയന് ഡയറക്ടറുടെ ചാർജ് നൽകുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഇതാണോ അഴിമതി ഇല്ലാതാക്കുന്ന ഗവൺമെന്റ്? അച്ചടക്ക നടപടിക്ക് വിധേയനായ ഡെപ്യൂട്ടി ഡയറക്ടറെ തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. എന്നാൽ ഈ ഉദ്യോഗസ്ഥന്റെ അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ട് 4-1-2018-ൽ പുറപ്പെടുവിച്ച ഉത്തരവ് മറിച്ചുനോക്കാൻപോലും സർക്കാർ തയ്യാറായില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ സി. കെ. ബൈജുവിനെതിരെ കണ്ടെത്തിയ ക്രമക്കേടുകൾ തികഞ്ഞ അധികാര ദുർവിനിയോഗവും അഴിമതിയും കൃത്യവിലോപവുമായതിനാൽ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള അച്ചടക്കനടപടി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ തീരുമാനിച്ചത്. ഇതാണോ സർക്കാരിന്റെ അഴിമതി വിരുദ്ധ നിലപാട്? കൃഷി വകുപ്പിലെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. കെ. സുരേഷ് 31-7-2017-ൽ സർവ്വീസിൽനിന്ന് വിരമിച്ചു. എന്നാൽ ടി ഉദ്യോഗസ്ഥൻ യാതൊരു അറിയിപ്പുമില്ലാതെ ജോലിയിൽ തുടരുകയാണ്. ഇതെല്ലാം അഴിമതിയാണ്. രണ്ട് ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കപ്പെട്ട അഴിമതിക്കാരനായ ഉദ്യോഗസ്ഥൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ തുടരുകയാണ്. ഇതിന്റെയെല്ലാം പിന്നിൽ അഴിമതിയുണ്ടെന്ന് അടിവരയിട്ട് പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഈ സർക്കാർ അഴിമതിയിൽ മുങ്ങിത്താണു കൊണ്ടിരിക്കുന്നു എന്നുള്ളതിന്റെ നിരവധി ഉദാഹരണങ്ങൾ വരുംദിവസങ്ങളിൽ പുറത്തുകൊണ്ടുവരുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട എസ്. ശർമ്മ ശ്രീ. സീതാറാം യെച്ചൂരിക്കും ശ്രീ. വി. എസ്. അച്ചുതാനന്ദനും എതിരായി പറഞ്ഞപ്പോൾ എനിക്ക് വളരെ കൗതുകം തോന്നി. ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിക്കും സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിക്കും ചൈനയോടാണ് പ്രേമം. അവരുടെ ചൈനീസ് പ്രേമം കൂടുതൽ കടുത്തുപോകുന്നു. അരുണാചൽ പ്രദേശിൽ ഇന്ത്യക്കെതിരെ ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുന്നത് ചൈനയാണ്. ഡോക്‌ലാം പ്രശ്നം പരിഹരിക്കാൻ നമ്മൾ എത്രത്തോളം

വിയർപ്പൊഴുക്കേണ്ടിവന്നു. ആ മധുരമനോജ്ഞമായ പഴയ ചൈനയല്ല ഇപ്പോഴത്തെ ചൈന, അങ്ങ് പറയുന്നത് പഴയ ചൈനയെപ്പറ്റിയാണ്. ഇപ്പോഴത്തെ ചൈന പുതിയ ചൈനയാണ്. ഉദാരവൽക്കരണത്തിന്റെയും മുതലാളിത്തത്തിന്റെയും ഏറ്റവും വലിയ ഉദാഹരണമായി കാണാൻ കഴിയുന്ന രാജ്യം ചൈനയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് കാണുന്ന പഴയ മധുരമനോജ്ഞമായ ചൈനയല്ല ഇന്നത്തെ ചൈന. ഇന്ത്യക്കെതിരെ ഡോക്‌ലാമിൽ റോഡ് നിർമ്മിച്ച് പ്രശ്നങ്ങളുണ്ടാക്കുന്ന ചൈനയെ പാടിപ്പുകഴ്ത്തുന്ന അങ്ങ് ആ നിലപാട് തിരുത്തണം. കിം ജോംഗ് ഉൻ-ൽ വിപ്ലവം കണ്ടെത്തുന്നത് അങ്ങേയ്ക്ക് ചേർന്ന നടപടിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. കിം ജോംഗ് ഉൻ ആരാണെന്ന് അങ്ങേയ്ക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും ഒക്കെ അറിയാവുന്നതാണ്. തന്റെ മന്ത്രിസഭാ യോഗത്തിൽ ഉറങ്ങിപ്പോയ സഹപ്രവർത്തകനെ വെടിവച്ചുകൊന്ന കിം ജോംഗ് ഉൻ-ൽ എങ്ങനെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിപ്ലവം കണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ഇവിടെ സി.പി.ഐ.(എം)-ന്റെ മുഖ്യശത്രു ആരാണ്? ഇവിടെ പ്രസംഗിച്ചവരെല്ലാം പറഞ്ഞത് മുഖ്യശത്രു ബി.ജെ.പി.-യും കോൺഗ്രസ്സുമാണെന്നാണ്. ഞങ്ങൾ ഇപ്പോൾ അല്പം ക്ഷീണാവസ്ഥയിലാണെന്ന് സമ്മതിച്ചിട്ടുള്ള കാര്യമാണ്. പക്ഷേ ഈ രാജ്യത്ത് ബി.ജെ.പി. ക്കെതിരെ പോരാടാൻ കഴിയുന്ന ഒരേ ഒരു ശക്തിയേയുള്ളൂ. അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്ന കാര്യത്തിൽ തർക്കമില്ല. ഈ രാജ്യത്ത് നരേന്ദ്ര മോദിയുടെ തട്ടകത്തിൽ ബി.ജെ.പി.ക്കും ആർ.എസ്.എസ്.-നു മെതിരായി ഉജ്ജ്വലമായ പോരാട്ടം നടത്തിയത് രാഹുൽ ഗാന്ധിയായിരുന്നു, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. അവിടെ ഞങ്ങൾ സി.പി.ഐ.(എം)-നെ കണ്ടില്ല. എന്തുകൊണ്ടാണ് ബംഗാളിലെ പാർട്ടി നേതൃത്വം കോൺഗ്രസ്സുമായി യോജിക്കണമെന്ന് പറയുന്നത്? അവിടെ പുറത്തിറങ്ങിയാൽ ഗുണ്ടകൾ ആക്രമിക്കുന്നു, പോലീസ് അറസ്റ്റ് ചെയ്യുന്നു. 30 വർഷക്കാലം ബംഗാൾ ഭരിച്ച സി.പി.ഐ.(എം)-ന്റെ സ്ഥിതി അതീവ ദയനീയമാണ്. അവിടെ ഭരണാധികാരികളെ ഉപയോഗിച്ചുകൊണ്ട് തൃണമൂൽ കോൺഗ്രസ് നടത്തുന്ന അതിക്രമങ്ങളെ നേരിടാൻ കോൺഗ്രസ്സുകൂടി ഉണ്ടായാൽ മാത്രമേ കഴിയൂവെന്ന് അവർക്ക് ബോദ്ധ്യമായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പാർട്ടി സെക്രട്ടറിക്കും അത് മനസ്സിലായില്ല. നാളത്തെ ഭാരതത്തിൽ വർഗ്ഗീയതയ്ക്കെതിരായി ഉയർന്നുവരുന്നത് മതേതര ജനാധിപത്യ ശക്തികളുടെ ബദലാണ്. ഏതായാലും നിങ്ങൾ കൽക്കട്ടയിൽ ചെയ്തത് ഒരു ചരിത്രപരമായ മണ്ടത്തരമാണെന്ന് നാളെ വിധിയെഴുതുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നിങ്ങൾ 10 വർഷം കഴിഞ്ഞാണല്ലോ ചിന്തിക്കുന്നത്. അപ്പോൾ തെറ്റായിപ്പോയിയെന്ന് നിങ്ങൾതന്നെ

പറയും. അപ്പോൾ കാലവും ചരിത്രവും നിങ്ങൾക്ക് മാപ്പ് നൽകില്ല. സെൻട്രൽ കമ്മിറ്റിയിൽ എടുത്ത തീരുമാനത്തെപ്പറ്റി ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്, "എന്നെ കോൺഗ്രസ് പക്ഷപാതിയെന്ന് വിളിച്ചാൽ ഞാൻ മറ്റുള്ളവരെ ബി.ജെ.പി. പക്ഷപാതിയെന്ന് വിളിക്കും" എന്നാണ്. ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ബി.ജെ.പി. പക്ഷപാതിയാണോ? ഞങ്ങൾക്കതിൽ ഇടപെടേണ്ട കാര്യമില്ല. ഈ രാജ്യത്തെ എല്ലാ മതേതര ജനാധിപത്യ കക്ഷികളെയും നിരാശപ്പെടുത്തിയ തീരുമാനമാണ് നിങ്ങളെടുത്തത്. നിങ്ങളെക്കൊണ്ട് വലിയ അത്ഭുതമൊന്നും ഉണ്ടാകുമെന്ന് കരുതിയിട്ടില്ല. ഇവിടെ ഒന്നാം യു.പി.എ. സർക്കാരിന് പിന്തുണ പിൻവലിച്ചെന്ന് പറഞ്ഞല്ലോ. അന്ന് ഇടതുപക്ഷത്തിന് 64 സീറ്റുണ്ടായിരുന്നു. നിങ്ങളുടെ തെറ്റായ തീരുമാനംകൊണ്ട് പാർലമെന്റിൽ നിങ്ങളുടെ ശബ്ദംപോലും ഇന്ന് ഉയരുന്നില്ല എന്നുള്ള കാര്യം നിങ്ങൾ ഓർക്കണം. നിങ്ങൾ ആത്മപരിശോധന നടത്തണം. ഇന്ത്യയിൽ നിങ്ങളില്ലെങ്കിലും ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും നടത്തുന്ന വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ മതേതര ജനാധിപത്യ ശക്തികളോടൊപ്പം കോൺഗ്രസ്സുണ്ടാകും. വർഗ്ഗീയതയ്ക്കെതിരായി ഈ രാജ്യത്ത് ഒരു മതേതര ജനാധിപത്യ ബദൽ ഉണ്ടാകും, അതിന്റെ മുന്നിൽ കോൺഗ്രസ്സുണ്ടാകും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു. ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായി എതിർക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ എഴുതിക്കൊടുത്ത് ഉന്നയിച്ച ഒരു പ്രശ്നമാണ് വ്യവസായ വകുപ്പിലെ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ അധികച്ചുമതലയുമായി ബന്ധപ്പെട്ട വിഷയം. അദ്ദേഹം എഴുതിത്തന്ന കത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ തസ്തികയിൽ നിലവിലുള്ള അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരെ മറികടന്നു എന്നുപറഞ്ഞിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ജോയിന്റ് ഡയറക്ടർ എന്ന തസ്തികയില്ല. 2016 മേയ് മാസം 31-ന് വകുപ്പിലെ ഡയറക്ടർ വിരമിച്ചപ്പോൾ ഡെപ്യൂട്ടി ഡയറക്ടർക്ക് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല നൽകുക യാണുണ്ടായത്. അധികച്ചുമതല നൽകിയിരിക്കുന്ന ശ്രീ. ബൈജു ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രാമകൃഷ്ണനെക്കാൾ സീനിയറാണ്. പക്ഷേ അദ്ദേഹത്തിന്റെ പേരിൽ അന്ന് അച്ചടക്ക നടപടി നേരിടുന്നു എന്നതുകൊണ്ടാണ് അന്ന് ശ്രീ. ബൈജുവിനെക്കാൾ ജൂനിയറായിരുന്ന ശ്രീ. രാമകൃഷ്ണന് ഡയറക്ടറുടെ അധികച്ചുമതല നൽകാൻ തീരുമാനിച്ചത്. ബൈജു എന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയും രണ്ട് ഇൻക്രിമെന്റ് ബാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ അഡീഷണൽ ഡയറക്ടറായി ചുമതല വഹിക്കുന്ന ശ്രീ. ബൈജു പട്ടികജാതി സമുദായത്തിൽപ്പെട്ട വ്യക്തിയാണ്. ഈ നിയമനത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ ചുമതല പ്രൊമോഷൻ തസ്തികയല്ല. സർക്കാരിന് ഉചിതമായ തീരുമാനമെടുത്ത് ഡയറക്ടറെ നിയമിക്കാനുള്ള അവകാശമുണ്ട്. ശ്രീ. രാമകൃഷ്ണൻ അഡീഷണൽ ഡയറക്ടറായി ചുമതല വഹിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അധികച്ചുമതലയിൽനിന്ന് ഒഴിവാക്കിത്തരണമെന്നാവശ്യപ്പെട്ട് സർക്കാരിന് നേരിട്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. രാമകൃഷ്ണനെ അഡീഷണൽ ചുമതലയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുകയും അച്ചടക്കനടപടിക്ക് വിധേയനായിരുന്ന ഏറ്റവും സീനിയറായ ശ്രീ. ബൈജുവിന് താൽക്കാലികമായി പൂർണ്ണ അധികച്ചുമതല നൽകുകയും ചെയ്തത്. അക്കാര്യത്തിൽ പ്രതിപക്ഷനേതാവ് പറയുന്നതുപോലെ അഴിമതിയുടെ വിഷയമൊന്നുമില്ല. നിലവിൽ അഡീഷണൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ലീവിൽ പോവുകയും തന്നെ ഒഴിവാക്കിത്തരണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തതുകൊണ്ടാണ് ഇങ്ങനെയൊരു സമീപനം സ്വീകരിച്ചത്. അതിൽ അഴിമതിയുമായി ബന്ധപ്പെട്ട് യാതൊരു വസ്തുതയുമുണ്ടായിട്ടില്ല എന്ന കാര്യം സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെന്റാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രാധാന്യം അങ്ങേയ്ക്കറിയാമല്ലോ. ആ വകുപ്പിൽ അച്ചടക്കനടപടിക്ക് വിധേയനായ രണ്ട് ഇൻക്രിമെന്റ് തടയപ്പെട്ട ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ ഡയറക്ടറായി നിയമിച്ചതിനുപിന്നിൽ ധാരാളം കഥകൾ പുറത്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്. അത് ശരിയായ നടപടിയാണെന്ന് അങ്ങേയ്ക്ക് ഉത്തമ ബോദ്ധ്യമുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെക്കുറിച്ച് ഇപ്പോൾ മാത്രമല്ല ഇതിനുമുൻപും ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. സ്വാഭാവികമായും അത്തരം അഴിമതിക്കാരെ വച്ചുപൊറുപ്പിക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കില്ല. ഇവിടെ ശ്രീ. ബൈജു എന്ന ആളിന്റെ പേരിൽ വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞതാണ്. പൂർണ്ണച്ചുമതലയുണ്ടായിരുന്ന അഡീഷണൽ ഡയറക്ടർ തനിക്ക് തുടരാൻ കഴിയില്ലെന്ന് ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചപ്പോൾ സ്വാഭാവികമായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ചുമതലക്കാരനായി ഒരാൾ വേണം എന്നുള്ളതുകൊണ്ടാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട

ശ്രീ. ബൈജുവിന് താത്കാലിക അധികച്ചുമതല കൊടുത്തിട്ടുള്ളത്. അത് ഒരു സ്ഥിരം സംവിധാനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ പ്രവർത്തനങ്ങൾ സംശുദ്ധമായി സുതാര്യമായി നടക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികൾ തന്നെയാണ് സ്വീകരിക്കുക. അങ്ങ് പറഞ്ഞ ശ്രീ. രാമകൃഷ്ണൻ എന്നയാളെക്കുറിച്ചും മുൻപ് വിജിലൻസ് അന്വേഷണമുണ്ടായിട്ടുണ്ട്. അതിന്റെ പേപ്പറും എന്റെ കയ്യിലുണ്ട്. അദ്ദേഹവും അധികച്ചുമതലവഹിച്ച് വന്നയാളാണ്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇത്തരം ആരോപണങ്ങൾ ഇപ്പോഴും മുൻപും നിരന്തരം വരുന്നതാണ്. അത്തരം കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ സർക്കാർ നടത്തും. അഴിമതിക്കാരായ ഒരാളെയും സംരക്ഷിക്കുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ഒരു വാർത്തയെ സംബന്ധിച്ച് പറയുകയുണ്ടായി. അത് അനെർട്ടിലെ നിയമനത്തിൽ ഞാൻ അവിഹിതമായി ഇടപെട്ടെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മെമ്പർ എം. വിൻസെന്റ് കൊടുത്ത പരാതിയുടെ അന്വേഷണത്തെക്കുറിച്ചാണ്. അനെർട്ടിൽ ഡയറക്ടറായിരുന്ന ശ്രീമതി മിത്ര കൊല്ലം ജില്ലാകളക്ടറായി ചുമതലയേറ്റപ്പോൾ ഡയറക്ടറുടെ തസ്തികയിൽ ഒഴിവ് ഉണ്ടായി. ആ ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ ഒരു ശാസ്ത്രജ്ഞനെ നിയമിക്കുകയാണ് ചെയ്തത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും നടപടികൾ പൂർത്തീകരിച്ചുകൊണ്ടും ചെയ്ത കാര്യമാണ്. അതിനെ സംബന്ധിച്ച് അനാവശ്യമായ ഒരാക്ഷേപം ഉന്നയിച്ചു. ആക്ഷേപം ഉന്നയിക്കപ്പെട്ടാൽ അത് കോടതിയിൽ കൊടുത്ത് പരിശോധിക്കണം. പരിശോധനയിൽ ക്ലീൻ ചിറ്റ് നൽകിയെന്നകാര്യം ഇപ്പോൾ അദ്ദേഹം പറഞ്ഞപ്പോഴാണ് ഞാൻ അന്വേഷിച്ച് മനസ്സിലാക്കിയത്. അദ്ദേഹം കൊടുത്തത് നമുക്ക് മനസ്സിലാക്കാം. അങ്ങും ദയവ്ചെയ്ത് ആ നിലവാരത്തിലേയ്ക്ക് പോകരുത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പല കാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. കൂട്ടത്തിൽ അദ്ദേഹം എഴുതിത്തന്ന ഒരു കാര്യം ഇവിടെ പരാമർശിക്കുകയും ചെയ്തു. അക്കാര്യത്തെക്കുറിച്ച് വിശദീകരണം ആവശ്യമാണ്. അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൊണ്ട് സംഭവിച്ചതാകാമെന്നാണ് ഞാൻ വിചാരിക്കുന്നത്. വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് വി.എഫ്.പി.സി.കെ. അതിന്റെ ആർട്ടിക്കിൾ ഓഫ്

അസോസിയേഷൻ അനുസരിച്ച് The tenure of the appointment of CEO is five years which is extented by one more term. അഞ്ചുകൊല്ലത്തേയ്ക്കാണ് അതിന്റെ കാലാവധിയായി പറഞ്ഞിരിക്കുന്നത്. അതുപ്രകാരമാണ് സി.ഇ.ഒ.യെ നിയമിച്ചിരിക്കുന്നത്. കൃഷി വകുപ്പിൽ ജോയിന്റ് ഡയറക്ടറായിരിക്കുമ്പോഴാണ് 735/16 നമ്പർ ഉത്തരവുപ്രകാരം അദ്ദേഹത്തെ വി.എഫ്.പി.സി.കെ.യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചത്. വിജിലൻസിന്റെ ക്ലിയറൻസ് കിട്ടിയശേഷമാണ് നിയമിച്ചത്. ഇത്തരം ഒരു പോസ്റ്റിൽ നിയമിക്കുന്ന ഉദ്യോഗസ്ഥന് ലഭിക്കേണ്ട എല്ലാ ക്ലിയറൻസും കിട്ടിയശേഷം അഞ്ചുവർഷത്തേയ്ക്ക് നിയമിക്കുകയും ആവശ്യമെങ്കിൽ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്യുന്ന വ്യവസ്ഥയാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 31-7-2017-ൽ അദ്ദേഹം റിട്ടയർചെയ്യതിനെത്തുടർന്ന് റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ ക്ലിയറൻസ് കിട്ടിയശേഷം ഗവൺമെന്റ് ഉത്തരവിനുവേണ്ടിയുള്ള പ്രൊസീഡിംഗ്സിലാണ്. ഒരു നിലയിലും അദ്ദേഹത്തെ സംബന്ധിച്ച അഴിമതിയോ ആരോപണങ്ങളോ ഇല്ലെന്ന കൃത്യമായ വിജിലൻസ് ക്ലിയറൻസുണ്ട്. റീ-എംപ്ലോയ്മെന്റ് സംബന്ധിച്ച ധനകാര്യവകുപ്പിന്റെ ക്ലിയറൻസ് കിട്ടാത്തതുകൊണ്ട് റിട്ടയർ ചെയ്തശേഷം ശമ്പളം വാങ്ങാൻപോലും കഴിഞ്ഞിട്ടില്ല. അങ്ങ് പറഞ്ഞതുമായി ബന്ധപ്പെട്ട് അക്കാര്യം പരിശോധിക്കണമെന്നുണ്ടെങ്കിൽ ഗവൺമെന്റ് അക്കാര്യം പരിശോധിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് ഗവൺമെന്റിന് അധികാരമുണ്ട്. അക്കാര്യത്തിൽ സംശയമില്ല. ആ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷവും അവിടെ തുടരുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി സി.ഇ.ഒ.യെ നിയമിച്ചിട്ടുള്ളത് നിയമാവലി അനുസരിച്ച് അഞ്ചുവർഷത്തേയ്ക്കാണ്. റിട്ടയർ ചെയ്തതുകൊണ്ടാണ് റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെയും വിജിലൻസിന്റെയും ക്ലിയറൻസ് വാങ്ങി ഗവൺമെന്റിന്റെ ഉത്തരവിനുവേണ്ടി കാത്തിരിക്കുന്നത്. അദ്ദേഹത്തിന് ശമ്പളം നൽകിയിട്ടില്ല. ഗവൺമെന്റിന്റെ ഏതെങ്കിലും നിയമവ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് ചെയ്തതെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നകാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് അഴിമതി ആരോപണം ഉന്നയിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനെയും ഒരു സ്ഥാപനത്തിലും നിയമിക്കാൻ തയ്യാറാകില്ല. അഴിമതിക്കാരായ ഒരു ഉദ്യോഗസ്ഥനെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് സംരക്ഷിക്കില്ലെന്നകാര്യം അടിവരയിട്ട് പറയാൻ ആഗ്രഹിക്കുക യാണ്. ഇന്ന കാരണത്താൽ ഇന്ന ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്ന് തെളിയിച്ചാൽ അല്ലെങ്കിൽ പറഞ്ഞാൽ അന്വേഷിച്ച് നടപടി സ്വീകരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ പ്രശ്നം അതല്ല. ശ്രീ. വി. എസ്. സുനിൽ കുമാർ ആദ്യമായി മന്ത്രിയാകുന്നയാളാണ്, ഒരു കാര്യം മനസ്സിലാക്കണം. ഒരു ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തതിനുശേഷം അദ്ദേഹത്തിന് റീ-എംപ്ലോയ്മെന്റ് നൽകിയാൽ ആ സ്ഥാനത്ത് തുടരാം. അല്ലാതെ ആ ഡിപ്പാർട്ടുമെന്റിൽ തുടരുകയെന്ന് പറയുന്നത് തെറ്റായ നടപടിയാണ്. നിയമവിരുദ്ധമായ നടപടിയാണ്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നതല്ല, അങ്ങ് മനസ്സിലാക്കാൻ പറയുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് പരിശോധിക്കാം. വി.എഫ്.പി.സി.കെ.-യുടെ നിയമാവലിയിൽ ക്വാളിഫിക്കേഷൻ ഓഫ് ദ എക്സിക്യൂട്ടീവ് ഓഫീസർ എന്നതിൽ റിട്ടയർമെന്റ് കാലാവധി 58 വയസ്സാണ്. സി.ഇ.ഒ.-യെ നിയമിക്കുന്നത് അഞ്ചുവർഷത്തേയ്ക്കാണ്. അങ്ങ് പറഞ്ഞതുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിക്കാം.

സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം തമ്മിലുള്ള പ്രശ്നങ്ങളെപ്പറ്റിപ്പറഞ്ഞു. രണ്ട് പാർട്ടിയായി പ്രവർത്തിക്കുമ്പോൾ സ്വാഭാവികമായും അഭിപ്രായ വ്യത്യാസമുണ്ടാകും. അഭിപ്രായ വ്യത്യാസമുള്ളതിനേക്കാൾക്കൂടുതൽ അഭിപ്രായ ഐക്യമുള്ള പാർട്ടിയാണ് സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം എന്ന് അങ്ങ് മനസ്സിലാക്കണം. ഞങ്ങൾ തമ്മിലുള്ള ബന്ധം സാധാരണ മറ്റ് രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ബന്ധമല്ല, അതൊരു രക്തബന്ധമാണ്. രണ്ട് പാർട്ടികൾ തമ്മിലുള്ള രക്തബന്ധമാണെന്ന് മനസ്സിലാക്കണമെങ്കിൽ അതിന് കമ്മ്യൂണിസ്റ്റ് ബോധമുണ്ടാകണം. ആ ബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഓരോ കാര്യത്തിലും അഭിപ്രായം പറയുന്നതും ചർച്ച ചെയ്യുന്നതും പരിഹാരമുണ്ടാക്കുന്നതും. ഞങ്ങളുടെ രണ്ടുപാർട്ടികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ അങ്ങയെ ഏറ്റവുമധികം ബഹുമാനിക്കുന്ന ആളാണെന്ന് അങ്ങേയ്ക്കും മറ്റെല്ലാവർക്കുമറിയാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സഭയിലുണ്ടായിരുന്ന ആളാണ് ഞാൻ. ഞാൻ അപ്പുറത്തെ ആ സീറ്റിലിരിക്കുമ്പോൾ കെ.പി.സി.സി. പ്രസിഡന്റായിയിരുന്ന അങ്ങ് ഇരുന്നത് മുമ്പിലുള്ള ആ സീറ്റിലാണ്. അങ്ങ് ആ സീറ്റിലിരിക്കേണ്ട ആളായിരുന്നില്ല എന്ന് എല്ലാവർക്കുമറിയാം. എന്തുകൊണ്ടായിരുന്നു അവിടെ ഇരിക്കേണ്ടിവന്നതെന്ന കാര്യം അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കുമറിയാമല്ലോ;

അങ്ങയുടെ പാർട്ടിക്കകത്തുള്ള അഭിപ്രായവ്യത്യാസത്തെക്കാൾ വലിയ അഭിപ്രായവ്യത്യാസമൊന്നും ഞങ്ങളുടെ രണ്ടുപാർട്ടിക്കകത്തുമില്ലെന്ന കാര്യം അങ്ങ് ആദ്യം മനസ്സിലാക്കണം. ഞങ്ങളുടെ പാർട്ടി സമ്മേളനം വലിയ കാര്യമാണ്. സി.പി.ഐ.-യുടെയും സി.പി.ഐ.(എം)-ന്റെയും പാർട്ടി കോൺഗ്രസ് നടക്കാൻ പോകുകയാണ്. ഞങ്ങൾ ബ്രാഞ്ച് സമ്മേളനം, ലോക്കൽ സമ്മേളനം, ഏരിയ സമ്മേളനം, ജില്ലാ സമ്മേളനം, സംസ്ഥാന സമ്മേളനം, പാർട്ടി കോൺഗ്രസ് ഇതെല്ലാം നടത്തുന്നു. അവിടെ ഞങ്ങളുടെ പാർട്ടിയുടെ രാഷ്ട്രീയ നയത്തെപ്പറ്റിയും പാർട്ടിക്കകത്തുള്ള ആന്തരികപ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യും. ഞങ്ങളുടെ പാർട്ടിയുടെ മന്ത്രിമാരെപ്പറ്റിയും എം.എൽ.എ.-മാരെപ്പറ്റിയുമെല്ലാം വിമർശന പരമായും സ്വയംവിമർശനപരമായും ഞങ്ങൾ ചർച്ച ചെയ്യും. നേതാക്കന്മാരുടെ മുഖത്തുനോക്കി വിരൽചൂണ്ടി സംസാരിക്കാൻ കഴിയുന്ന ജനാധിപത്യബോധം കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ട്. പക്ഷെ ഏറ്റവും വലിയ ജനാധിപത്യ പാർട്ടിയായ കോൺഗ്രസിന് ഇതുപോലെ സമ്മേളനം നടത്താൻ കഴിയുന്നുണ്ടോ? നിങ്ങൾക്ക് ഇപ്പോൾ നോമിനേഷനല്ലേ! നിങ്ങൾ ഇങ്ങനെ സമ്മേളനം നടത്തുന്നുണ്ടോ? കൃത്യമായി സമ്മേളനങ്ങൾ നടത്തി ജനാധിപത്യരീതിയിൽ ചർച്ച നടത്തി, തിരുത്തേണ്ട കാര്യങ്ങൾ തിരുത്തി മുന്നോട്ടുപോകുന്ന പാർട്ടിയാണ് ഞങ്ങളുടേത്. അതുകൊണ്ട് സി.പി.ഐ.-ഉം സി.പി.ഐ.(എം)-ഉം തമ്മിൽ എന്തെങ്കിലും തർക്കമുണ്ടാകുമ്പോൾ ആ കട്ടിൽകണ്ട് പനിക്കാൻ ആരും തയ്യാറാകണ്ട. ഈ ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകും, ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്ന മന്ത്രിസഭയാണിത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രിക യനുസരിച്ചും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ലക്ഷ്യമനുസരിച്ചും മുന്നോട്ടുപോകുന്ന വളരെ ഗൗരവത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണിത്. പുറത്തുപറയുന്ന ഏതെങ്കിലും അഭിപ്രായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ തുമ്മിയാൽ തെറിക്കുന്ന മൂക്കല്ല, ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന പ്രസ്ഥാനം. ആ പ്രസ്ഥാനത്തിന്റെ കരുത്തും അതിന്റെ ആഴവും മനസ്സിലാക്കിയാൽ ഈ അഭിപ്രായവ്യത്യാസങ്ങളെല്ലാം ചെറിയ ഒരു കാര്യം മാത്രമാണ്. അഭിപ്രായങ്ങൾ പറയുകയും അതിനെക്കാൾ കൂടുതൽ ഐക്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുമെന്ന കാര്യംകൂടി ഞാൻ അങ്ങയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഈ ചർച്ചയ്ക്ക് ഉത്തരം പറയുമ്പോൾ ഉദ്യോഗസ്ഥ ഗ്യാലറിയിൽ ഒറ്റയാളില്ല. ശൂന്യമായ ഗ്യാലറിയാണ്. ഉദ്യോഗസ്ഥർപോലും ഗവൺമെന്റ് നിയന്ത്രണത്തിലല്ല. ഇക്കാര്യത്തിൽ അങ്ങ് പലപ്പോഴും റൂളിംഗ് നൽകാറുണ്ട്. ആ റൂളിംഗ് ആരും മാനിക്കുന്നില്ല.

മി. സ്പീക്കർ: ഗ്യാലറിയിൽ ഇതുവരെ ആളുകളുണ്ടായിരുന്നു. ഊണുകഴിക്കാൻ പോയതായിരിക്കും. അത് പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിനുവേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയുകയാണ്. ഉദ്യോഗസ്ഥ ഗ്യാലറിയിൽ ചീഫ് സെക്രട്ടറിയടക്കമുള്ളവർ ഉണ്ടാകണം, അതാണ് കീഴ്‌വഴക്കം. അങ്ങ് അതിനെ ലാഘവമായി കാണരുത്, പരിശോധിക്കാമെന്നുള്ളതല്ല. സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പേഴ്സണൽ സ്റ്റാഫ് മാത്രം ഇരിക്കുന്നത് ശരിയായ നടപടിയല്ല. പിന്നെ ഞങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം പരിശോധിക്കാം. ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടായിരുന്നു, ഊണുകഴിക്കാൻ പോയതായിരിക്കും. ഉടൻതന്നെ കർശനനിർദ്ദേശം കൊടുക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രതിപക്ഷത്തിന് വലിയ തോതിലുള്ള വിഷയദാരിദ്ര്യമുണ്ടെന്ന് വ്യക്തമാക്കുന്ന ചർച്ചയാണ് നന്ദിപ്രമേയത്തെക്കുറിച്ച് ഇവിടെ നടന്നത്. അതിന്റെ ഭാഗമായാണ് അവരടക്കം ഈ കേരളത്തിലെ മിക്കവാറും എല്ലാവരും അംഗീകരിച്ച ലോക കേരള സഭയെക്കുറിച്ച് ചില പരാമർശങ്ങൾ വന്നത്. ലോക കേരള സഭ പുതിയ തുടക്കമാണ് കുറിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നല്ലൊരു ഭാഗം ജനങ്ങൾ കേരളത്തിന് പുറത്താണ്. അവർക്കുകൂടി കേരളത്തിന്റെ വികസനകാര്യങ്ങളിൽ സംഭാവന ചെയ്യാൻ കഴിയണം. അതാണ് ലോക കേരള സഭയുടെ ഏറ്റവും പ്രധാന ഉദ്ദേശ്യം. അതോടൊപ്പം സ്വാഭാവികമായും നമ്മുടെ സഹോദരങ്ങൾ പ്രവാസികളായി നിൽക്കുമ്പോൾ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുകയും വേണം. ആ സഭയിൽ പ്രവാസികളും നിയമസഭാംഗങ്ങളും ഇരുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം ഉയർന്നുവരികയുണ്ടായി. അങ്ങനെ ഒരു പ്രശ്നമുന്നയിച്ചത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പുറത്തുള്ള പ്രവാസി പ്രതിനിധികളെയും നമ്മുടെ രാജ്യത്തെ ജനപ്രതിനിധികളെയും ഒരുമിച്ചുകൊണ്ടുവന്ന ആദ്യത്തെ ഒരു സംവിധാനമാണ് അത്. ചിലപ്പോൾ ലോകത്തിലെ തന്നെ ആദ്യത്തെ ഒരു സംവിധാനമായിരിക്കും നമ്മൾ നടത്തിയ ലോക കേരള സഭ. അതിൽ പങ്കെടുത്തവരെക്കുറിച്ചും പരിഹാസരൂപേണ പറയുന്നതുകേട്ടു. എന്റെ കൈയിൽ അതിന്റെ ലിസ്റ്റുണ്ട്, ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം, അതിൽ മുൻ ജസ്റ്റീസുമാരുണ്ട്, ശാസ്ത്രജ്ഞരുണ്ട്, നാടും രാജ്യവും ലോകവും അംഗീകരിക്കുകയും ആദരിക്കുകയും

ചെയ്യുന്ന ഒട്ടേറെ മലയാളികളായ പ്രതിഭകളുണ്ട്. കുറേപ്പേർക്ക് എത്തിപ്പെടാൻ സാധിച്ചില്ല. അവരെ നമ്മൾ പരിഹസിക്കുന്നത് ഒരു നല്ല സമീപനമല്ല. അതോടൊപ്പം 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ലോക കേരള സഭ സംഘടിപ്പിക്കുന്നതിന് 4.5 കോടി രൂപ വകയിരുത്തിയിരുന്നു. ഇവിടെ ലോക കേരള സഭയുടെ ഭാഗമായി വിവിധതരത്തിലുള്ള പരിപാടികൾ നടന്നിട്ടുണ്ട്. ആ പരിപാടികളാകെ പരിശോധിച്ചാൽ ഈ പറഞ്ഞ ബഡ്ജറ്റ് തുകയിൽകൂടുതൽ ചെലവഴിച്ചിട്ടുണ്ടാകില്ലെന്ന് പ്രതീക്ഷിക്കാം. കാരണം അതിന്റെ കണക്കുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഏതായാലും ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ ചെലവ് കുറയ്ക്കാനാണ് എല്ലാവരും ശ്രമിച്ചിട്ടുള്ളത്. ലോക കേരള സഭയുടെ തുടർനടപടികൾ ഉണ്ടാകുമോ എന്നായിരുന്നു യഥാർത്ഥത്തിൽ പ്രതിപക്ഷം ചോദിക്കേണ്ടിയിരുന്നത്. 24 ലക്ഷത്തോളം വരുന്ന കേരളീയ പ്രവാസി സമൂഹത്തിന്റെ സംരക്ഷണവും അവരിലൂടെ നമ്മുടെ നാടിന് ലഭിക്കുന്ന വിദേശനാണ്യ നിക്ഷേപത്തിന്റെ സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നയനടപടി; നല്ല രീതിയിലുള്ള ഒരു ചുവടുവയ്പായിട്ടാണ് പൊതുവെ എല്ലാവരും കാണുന്നത്. 2018 ജനുവരി 12, 13 തീയതികളിലാണ് ലോക കേരള സഭ നടന്നത്. ഇതിന്റെ ഭാഗമായി പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരിക്കുകയും അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരിക്കുകയും ചെയ്യുന്നതാണ്. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാനം നവീകരിക്കുകയും ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുകയും ചെയ്യുന്നതാണ്. കേരള വികസനനിധി, പ്രവാസി സംരക്ഷണ പദ്ധതി, രോഗബാധിതർക്കും അപകടത്തിൽപ്പെടുന്നവർക്കും തൊഴിൽ നഷ്ടപ്പെടുന്നവർക്കും സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികൾ, നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാചട്ടക്കൂടും സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകൾ എന്നിവ രൂപീകരിക്കുകയാണ്. വിവിധ വികസന മേഖലകളിൽ ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉല്പാദനരംഗം, കായികരംഗം, ആരോഗ്യപരിപാലനരംഗം, നൂതന സാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ രംഗങ്ങളിൽ പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക, അന്താരാഷ്ട്രതലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം, മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ ഇതൊക്കെയാണ് ഇതിന്റെ ഭാഗമായി നമ്മൾ കണ്ടത്. ഏഴ് വിഷയ മേഖല

സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിഷയമേഖല വിദഗ്ദ്ധരും പ്രവാസി പ്രതിനിധികളും ഉൾപ്പെടെയുള്ളവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

(1) കേരള വികസന നിധി രൂപീകരണവും നടത്തിപ്പും ലോക കേരള സഭ തുടർസമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും, ഇവയ്ക്കെല്ലാമുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

(2) പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് സുരക്ഷ ഒരുക്കുന്നതിനുമുള്ള നടപടി നിർദ്ദേശങ്ങളുടെ രൂപീകരണം.

(3) നാട്ടിലേയ്ക്ക് തിരിച്ചുവരുന്നവർക്കായി പ്രവാസാനന്തര വരുമാന പദ്ധതികളും പ്രവാസി പുനരധിവാസ പദ്ധതികളും ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

(4) മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലാളികൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിന് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നയ നടപടിക്രമങ്ങളുടെ രൂപീകരണം.

(5) പല രാജ്യങ്ങളിലും തദ്ദേശീയ തൊഴിലാളികൾക്ക് പ്രാധാന്യം നൽകുന്ന നിയമങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പ്രവാസി സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കുന്നതിനും അതോടൊപ്പം വനിതാ പ്രവാസികളുടെ പ്രത്യേക പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും സഹായകമായ കരുത്തുള്ള കുടിയേറ്റ നിയമ രൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ പരിഗണനയിലേയ്ക്ക് എത്തിക്കേണ്ട വിഷയങ്ങൾ നിശ്ചയിക്കുന്നതിന്.

(6) കേരളത്തിന്റെ കലാ-സാംസ്കാരികസമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്യുകവഴി വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

(7) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനരൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും.

ഈ രീതിയിൽ ലോക കേരള സഭാ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിന്റെ വികസന രംഗത്ത് തുടർച്ചയായ ഇടപെടൽ വേണമെന്നാണ് ഉദ്ദേശിക്കുന്നത്. ആഗോള സാങ്കേതികവിദ്യാ മുന്നേറ്റത്തിനും സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായി കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാനും പ്രാപ്തരായ ഒരു സംഘം വിദഗ്ദ്ധവൈജ്ഞാനിക പ്രവർത്തകരുടെ സേവനം ഉറപ്പാക്കാൻ കഴിയുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടുകൂടി അവസാനിക്കുന്നതല്ല ലോക കേരള സഭയുടെ പ്രവർത്തനം. ഇത് ആദ്യ സമ്മേളനമാണ്. പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിച്ചിരുന്നവെങ്കിൽ മനസ്സിലാക്കാമായിരുന്നു. പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നത് എപ്പോഴും നല്ലതാണ്, ഭാവിയിൽ ഗവൺമെന്റിന് തിരുത്താം. അതല്ല ഇവിടെ ഉണ്ടായത്. പാർട്ടി ഫണ്ട് പിരിക്കാനുള്ള ഏർപ്പാടാണെന്നാണ് ബഹുമാന്യനായ ഒരംഗം പറഞ്ഞത്. അതൊന്നും മറുപടി അർഹിക്കുന്ന തല്ലെങ്കിൽപ്പോലും അത്രയൊക്കെ പറഞ്ഞു എന്നതാണ്, അങ്ങനെയൊന്നുമല്ല അതിനെ കാണേണ്ടത്. ലോക കേരള സഭ നടന്നത് നമുക്കെല്ലാവർക്കും കൂട്ടായി അവകാശപ്പെട്ട ക്രെഡിറ്റാണ്. നമ്മുടെ നാടിനാണ് അതിന്റെ മേന്മ നിലനിൽക്കുന്നത്. കേരളത്തിനാണ് ലോക കേരള സഭ സംഘടിപ്പിക്കാനായത്. ആ നിലയ്ക്കാണ് അതിനെ കാണേണ്ടത്.

കെ.എസ്.ആർ.ടി.സി. പെൻഷനുമായി ബന്ധപ്പെട്ട പ്രശ്നത്തെ അതീവ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം എല്ലാതരത്തിലും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കാലതാമസമില്ലാതെ പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കും. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ആറുമാസത്തെ പെൻഷൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുക്കാനുണ്ട്. രണ്ട് മാസത്തെ പെൻഷൻ അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആറുമാസത്തെയും പെൻഷൻ കുടിശ്ശികയില്ലാതെ കൊടുക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ കൊടുക്കുന്നതാണ്. അക്കാര്യത്തിൽ ആശങ്ക വേണ്ട.

നീലക്കുറിഞ്ഞി മലയുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നീലക്കുറിഞ്ഞി സംരക്ഷിക്കണമെന്നുതന്നെയാണ്

സർക്കാരിന്റെ നിലപാട്. ആദ്യം പ്രഖ്യാപിച്ച വിസ്തൃതിയിൽനിന്ന് ചെറിയ മാറ്റങ്ങൾ പിന്നീടുള്ള വിജ്ഞാപനത്തിൽ ഉണ്ടായിരുന്നു. ആദ്യം പ്രഖ്യാപിച്ചത് 3200 ഹെക്ടർ ഭൂമി ആയിരുന്നു. എന്നാൽ 9-5-2008-ൽ 2902.8 ഹെക്ടർ ഭൂമിയായിക്കുറഞ്ഞു. കുറിഞ്ഞിമല സാങ്ച്വറി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിസ്തൃതിയിൽ ഇത്തരത്തിലുള്ള പ്രശ്നം ഉണ്ടായെങ്കിലും കുറിഞ്ഞിമല സാങ്ച്വറി സ്ഥാപിക്കുന്നതിൽ ഒരുതരത്തിലുള്ള പുറകോട്ടുപോക്കും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. നീലക്കുറിഞ്ഞി സാങ്ച്വറി കൊണ്ടുവരുമ്പോൾ അവിടെയുള്ള സ്വകാര്യ ഭൂവുടമസ്ഥതാ വാദങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവിടെ രണ്ട് പ്രഖ്യാപനങ്ങൾ വന്നു. ഒരു പ്രഖ്യാപനത്തിൽ ഒഴിവാക്കപ്പെട്ട 672 ഹെക്ടർ ഭൂമിയുണ്ട്. അത് ഏതൊക്കെയാണെന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. നിലവിൽ അതിലുമേറെ ഭൂവിസ്തൃതി സ്വകാര്യ കൈവശത്തിലുണ്ടെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനങ്ങളിൽ വലിയ ആശങ്ക നിലനിൽക്കുന്നു എന്നതാണ് വസ്തുത. ആ സാഹചര്യത്തിൽ കുറിഞ്ഞിമല സാങ്ച്വറി പൂർണ്ണതോതിൽ ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് തദ്ദേശവാസികളുടെ സഹകരണത്തോടെയും അവരുടെ ആശങ്കകൾ പരിഹരിച്ചും പദ്ധതി നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതുകൊണ്ടാണ് മൂന്ന് മന്ത്രിമാർ ഉൾപ്പെടുന്ന മന്ത്രിതല സമിതി അവിടെ പോവുകയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തത്. തുടർച്ചയായി ഉദ്യോഗസ്ഥരുടെ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. നീലക്കുറിഞ്ഞി സാങ്ച്വറിയെ ശരിയായ രീതിയിൽ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിശദമായ ചർച്ചകൾ മന്ത്രിതലത്തിൽ നടന്നിട്ടുണ്ട്. അവിടെയുള്ള ജനങ്ങളുമായി നല്ല രീതിയിൽ ആശയവിനിമയം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. നീലക്കുറിഞ്ഞി സാങ്ച്വറിയുടെ ഭൂവിസ്തൃതി കുറയ്ക്കുക എന്നത് സർക്കാരിന്റെ നയമല്ല. ആ ഭൂവിസ്തൃതി അതുപോലെതന്നെ സംരക്ഷിക്കും. എല്ലാവരുടെയും സഹകരണത്തോടെ കാര്യങ്ങൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മുൻ റവന്യൂ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ റീ-സർവ്വേയുടെയും ഓൺ ലൈൻ വില്ലേജ് ഓഫീസിന്റെ കാര്യവും ഇവിടെ പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാർ അഞ്ചുവർഷംകൊണ്ട് 60 വില്ലേജുകളുടെ റീ-സർവ്വേയാണ് പൂർത്തിയാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് 48,939 ഓൺലൈൻ പോക്കുവരവാണ് നടത്തിയത്. 25-5-2016 മുതൽ ഇതുവരെ 4,00,552 ഓൺലൈൻ പോക്കുവരവ് നടത്തിക്കഴിഞ്ഞു. 1025 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്.

കയ്യേറ്റത്തിന്റെ കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ല. ആരെങ്കിലും കയ്യേറുന്നുണ്ടെങ്കിൽ കയ്യേറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകും. അവരെ നിയമത്തിന്റെ കരങ്ങളിൽ ഏല്പിക്കുകയും ചെയ്യും. അതിൽ ഒരുതരത്തിലുള്ള ആശങ്കയും വേണ്ട.

സംസ്ഥാന സർക്കാർ ഏതോ സാമ്പത്തിക സംവരണത്തിന് നീങ്ങുന്നുവെന്ന തെറ്റായ ഒരു വിലയിരുത്തലുണ്ടായി. പ്രചരണത്തിനുവേണ്ടി അങ്ങനെ പറയുന്നത് നല്ലതാണ്. പക്ഷേ നിയമസഭയിൽ അത്തരം കാര്യങ്ങൾ ഉന്നയിക്കേണ്ടതുണ്ടോ എന്ന് ഉന്നയിച്ചവർ തന്നെ ചിന്തിക്കേണ്ടതാണ്.

സംവരണത്തിന്റെ കാര്യത്തിൽ നമ്മുടെ രാജ്യത്ത് വ്യത്യസ്ത നിലപാടുകളുണ്ടായിട്ടുണ്ട്. ഇന്നുള്ള സംവരണം നിലനിൽക്കരുതെന്ന അഭിപ്രായ ക്കാരുണ്ടായിരുന്നു. കേരളത്തിലെ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും ഇന്നുള്ള രീതിയിൽത്തന്നെ സംവരണം നിലനിൽക്കണമെന്ന അഭിപ്രായക്കാരാണ്. നിയമസഭയിലെ എല്ലാവരും അങ്ങനെയാണെന്ന് പറയാൻ കഴിയില്ലെങ്കിലും മിക്ക പാർട്ടികളും ആ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ സംവരണം ഇല്ലാതാക്കാനുള്ള നീക്കം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് സംവരണത്തിന് അർഹതയുള്ള എല്ലാവർക്കുമറിയാം. ദശാബ്ദങ്ങൾക്കുമുമ്പ് സംവരണ പ്രശ്നം കത്തിനിന്ന ഘട്ടത്തിൽ ഒരു ബില്ലുമായി ബന്ധപ്പെട്ട് ഈ സഭയിൽ നടന്ന ചർച്ച നിങ്ങൾ ഓർക്കുന്നുണ്ടാകും. അന്നുള്ള നിലയിൽ സംവരണം നിലനിൽക്കണമെന്നാണ് ആ ചർച്ചയിൽ ഉയർന്നുവന്നത്. അതേ സമയം മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് ഒരു നിശ്ചിത ശതമാനം സംവരണം നൽകണം. അങ്ങനെ സംവരണം നൽകുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണമെന്നായിരുന്നു ഞങ്ങളുടെ പ്രഖ്യാപിത നിലപാട്. ഇപ്പോൾ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ ഒരു പ്രത്യേക സാഹചര്യം ഒത്തുവന്നു. ദേവസ്വം ബോർഡിലെ നിയമനസംവരണത്തിനുള്ള അർഹത ന്യൂനപക്ഷ വിഭാഗങ്ങൾക്കില്ല. ദേവസ്വം ബോർഡിൽ ഹിന്ദു വിഭാഗത്തിന് മാത്രമേ നിയമനം നൽകുന്നുള്ളൂ. ന്യൂനപക്ഷ വിഭാഗത്തിന് നിയമനാവകാശമില്ല. അവർക്ക് മാറ്റിവയ്ക്കുന്ന ശതമാനം എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ചാണ് നേരത്തെ ദേവസ്വം വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയത്. മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് പത്തുശതമാനം സംവരണം

നൽകുന്നകാര്യം ദേവസ്വം ബോർഡിൽ നടപ്പാക്കാൻ കഴിയും. അതേസമയം നേരത്തെ സംവരണാനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ഈഴവ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങൾക്കെല്ലാം ഒരു നിശ്ചിത തോതിലുള്ള വർദ്ധനവും വന്നു. ഈഴവ വിഭാഗത്തിന് സംവരണത്തിൽ മൂന്നുശതമാനം വർദ്ധനവുണ്ടായി. അപ്പോൾ ഒരുതരത്തിലുള്ള നഷ്ടവും ആർക്കും സംഭവിക്കുന്നില്ല. മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് സംവരണം നൽകാനും കഴിയും. ഏതെങ്കിലും തരത്തിലുള്ള ഒരു സാമ്പത്തിക സംവരണം ഏർപ്പെടുത്തുകയല്ല ഇവിടെ ഉണ്ടായിട്ടുള്ളത്. മുന്നോക്ക വിഭാഗത്തിലെ പരമദരിദ്രരായ ആളുകൾക്ക് സംവരണം നൽകണമെന്ന നേരത്തെയുള്ള അഭിപ്രായം ഈ സാഹചര്യത്തിൽ നടപ്പാക്കാൻ കഴിഞ്ഞു. പ്രത്യേക ഭരണഘടനാ ഭേദഗതിയുടെ ആവശ്യമില്ലാത്തതുകൊണ്ടാണ് ഇത് നടപ്പാക്കാനായത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെക്കുറിച്ച് ഇവിടെ ചില പരാമർശങ്ങളുണ്ടായി. സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുക എന്നുള്ളത് വളരെക്കാലമായി നിലനിൽക്കുന്ന ഒരു നിർദ്ദേശമാണ്. സർക്കാരിന്റെ ജനക്ഷേമകരമായ പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ജനസൗഹൃദപരവും കാര്യക്ഷമവുമായ ഒരു സംവിധാനം രൂപപ്പെടണമെന്നത് വസ്തുതയാണ്. അങ്ങനെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചത്. ഇതുവഴി സിവിൽ സർവ്വീസിലേയ്ക്ക് നല്ല കഴിവുള്ള പ്രഗത്ഭരായ യുവജനങ്ങളെ ആകർഷിക്കാൻ സാധിക്കും. സർവ്വീസ് സംഘടനകൾ നിയമവകുപ്പ് പി.എസ്.സി. എന്നിവയുമായി കൂടിയാലോചിച്ചാണ് ഇത് നടപ്പിലാക്കിയത്. ഞങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഇക്കാര്യം വ്യക്തമായി പറയുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കുന്ന സ്ഥിതിവിശേഷമാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം നേരിട്ടുള്ള നിയമനത്തിന് മാത്രമേ സംവരണം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. അത് ഏർപ്പെടുത്തിയിട്ടുമുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇതിൽ സംവരണം പാലിക്കപ്പെട്ടിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിലവിൽ സർക്കാർ സർവ്വീസിലുള്ള ജീവനക്കാരിൽനിന്ന് തസ്തികമാറ്റംവഴിയുള്ള നിയമനമാണ് രണ്ടും മൂന്നും കേഡറുകളിൽ നടപ്പാക്കുന്നത്. ആദ്യം സംവരണമുണ്ടെങ്കിലും പിന്നീട് ആ സംവരണമില്ല. അതാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന നിലപാട്. ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്.

വഖഫ് ബോർഡുമായി ബന്ധപ്പെട്ട് ഇവിടെ വിചിത്രമായ ഒരു കാര്യം പറഞ്ഞു. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് കൊടുത്താൽ മുസ്ലീങ്ങളെ മാത്രം നിയമിക്കാനാകില്ല എന്നൊരു പരാമർശം നടത്തുകയുണ്ടായി. അങ്ങനെയൊരു ആശങ്ക വേണ്ട. നിയമസഭയിൽ പറയുമ്പോൾ വസ്തുതാപരമായി പറയുന്നതാണ് നല്ലത്. നേരത്തെ ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടപ്പോൾ ദേവസ്വം ബോർഡിൽ ന്യൂനപക്ഷവിഭാഗങ്ങളെ നിയമിക്കാനാകുമായിരുന്നു. വഖഫ് ബോർഡിന്റെ ഭാഗമായി മുസ്ലീങ്ങളെ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ.

ഡോ. എം. കെ. മുനീർ: സർ, ദേവസ്വം ബോർഡിനേയും വഖഫ് ബോർഡിനേയും ഒരുപോലെ കാണേണ്ടതാണ്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡുവഴിയും വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-വഴിയുമാണെന്ന രണ്ടുതരം മാനദണ്ഡമെടുക്കുന്നത് അനുചിതമാണ്. അതുകൊണ്ട് രണ്ട് ബോർഡുകളിലേയും നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് വഴിയാക്കണമെന്നുള്ള നിർദ്ദേശം സർക്കാർ എന്തുകൊണ്ടാണ് സ്വീകരിക്കാത്തത്?

ശ്രീ. പിണറായി വിജയൻ: സർ, ദേവസ്വം ബോർഡിന്റെ കാര്യത്തിൽ നേരത്തെ ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടായിരുന്നു. ആ റിക്രൂട്ട്മെന്റ് ബോർഡ് വേണ്ടെന്നുള്ള നിലപാടാണ് പിന്നീട് സ്വീകരിച്ചത്. ആ നിലയ്ക്ക് ദേവസ്വം ബോർഡുതന്നെ മതിയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾവന്നു. സാധാരണ നിലയിൽ പി.എസ്.സി. നിയമനത്തിന് പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല, അർഹതയുള്ളവർതന്നെ അതിന്റെ ഭാഗമായിവരും. കുറച്ച് ആളുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം കൊടുക്കുമ്പോൾ അവർക്ക് പരിചയമുള്ളവരെ നിയമിക്കുന്ന അവസ്ഥയുണ്ടാകും. നാല് മിഷനുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് പറഞ്ഞാൽ ദീർഘമായിപ്പോകുമെന്നതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ മിഷനുകളെ നല്ല രീതിയിൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, വഖഫ് ബോർഡിന്റെയും ദേവസ്വം ബോർഡിന്റെയും നിയമനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ നിലവിലുള്ള ആക്ടിൽ ഭേദഗതി വരുത്തിയിട്ടാണ് ഇപ്പോൾ വഖഫ് ബോർഡ് വന്നിട്ടുള്ളത്. അത് ഭരണഘടനാ വിരുദ്ധമാണ്. വഖഫ് ബോർഡിലെ നിയമനങ്ങൾ സെൻട്രൽ ആക്ട് അനുസരിച്ചും ദേവസ്വം ബോർഡിലെ നിയമനങ്ങൾ സ്റ്റേറ്റ് ആക്ട് അനുസരിച്ചുമാണ് നടക്കേണ്ടത്. അതുകൊണ്ട് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടാൽ അത് നിലനിൽക്കുന്നതല്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട നിയമ പരിശോധനകൾ നടത്തിയപ്പോൾ അങ്ങനെയുള്ള ഒരു തടസ്സവുമില്ലെന്നാണ് വ്യക്തമായിട്ടുള്ളത്. അതുകൊണ്ടാണ് ഇതുമായി മുന്നോട്ടുപോയത്. ചെറിയ ഒരു കമ്മിറ്റി നിയമനം നടത്തുന്നതിനേക്കാൾ പി.എസ്.സി. പോലെയുള്ള സംവിധാനത്തിലൂടെ നിയമനം നടത്തിയാൽ അത് വിപുലമായൊരു സംവിധാനമായിത്തീരും.

'ഹരിത കേരളം മിഷൻ' നല്ലരീതിയിൽ നമുക്ക് വിജയിപ്പിക്കാൻ കഴിയേണ്ടതാണ്; അത് കൃത്യമായി നടക്കുന്നുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' നല്ല നിലയ്ക്കുതന്നെ നടക്കുകയാണ്; നാടെല്ലാം അത് ഏറ്റെടുത്തിട്ടുമുണ്ട്. എം.എൽ.എ.-മാർ സഭയിൽവന്ന് അവരുടെ അനുഭവം പറയുകയുണ്ടായി. 'ലൈഫ് മിഷൻ' നല്ലരീതിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. പണിതീരാത്ത വീടുകളുടെ പണി പൂർത്തിയാക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ശ്രമിച്ചത്. ഭൂമിയുള്ളതും വീടില്ലാത്തവരും വീടും ഭൂമിയും ഇല്ലാത്തവരും ഈ രണ്ട് ഗണത്തിലുംപെട്ട ആളുകൾക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിയാണ് ലൈഫ് മിഷന്റെ ഭാഗമായി ഇനി തുടങ്ങാൻ പോകുന്നത്. ഏകദേശം 5 ലക്ഷത്തിലധികം ആളുകളാണ് ഇതിന്റെ ഗുണഭോക്താക്കളായിവരുന്നത്. ഇത് നാടാകെ സഹകരിച്ചുകൊണ്ട് നടപ്പാക്കേണ്ട ഒരു കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവൃത്തികൾ നടക്കുന്നത്. മൂവായിരത്തിലധികം വീടുകളാണ് ഇപ്പോൾ പണി പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കി വീടുകൾ ഇനി പൂർത്തിയാക്കാനുണ്ട്. മൊത്തം 66,000-ത്തോളം വീടുകളാണ് പണി പൂർത്തിയാക്കാനുള്ളത്. ഇക്കാര്യത്തിൽ നല്ല ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഭൂമിയില്ലാത്ത ആളുകൾക്ക് വീട് നിർമ്മിക്കാൻ ഭൂമി നൽകുന്നതിന് പലയിടങ്ങളിലായി ഏകദേശം 240 ഏക്കറോളം ഭൂമി ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഇനി കുറച്ച് ഭൂമി കൂടി ലഭ്യമാകേണ്ടതുണ്ട്. ഏതായാലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. 'ആർദ്രം മിഷൻ' നല്ല നിലയ്ക്കാണ് നടപ്പാക്കുന്നത്. അതിൽ 52 ഫാമിലി ഹെൽത്ത് സെന്ററുകൾ ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞു. മറ്റ് പ്രവർത്തനങ്ങളും നല്ലനിലയ്ക്ക് നടന്നുപോകുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ പൊതുവിൽ നല്ല രീതിയിലാണ് നാട് സ്വീകരിച്ചിട്ടുള്ളത്. ഹരിത കേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നദികളും മറ്റും ഏറ്റെടുക്കുന്ന പ്രവർത്തനം വളരെ മാതൃകാപരമായി നടന്നു കൊണ്ടിരിക്കുകയാണ്.

ഇവിടെ ബഹുമാന്യനായ ഒരംഗം കാര്യങ്ങൾ വേണ്ടത്ര നടക്കുന്നില്ല അതിന് കാരണം പഴയ ചീഫ് സെക്രട്ടറി ശ്രീ. വിജയാനന്ദ് ഇല്ലാത്തതുകൊണ്ടാണെന്ന് ഒരു സംശയവും പ്രകടിപ്പിക്കുകയുണ്ടായി. മാത്രമല്ല, അദ്ദേഹം ഇത് വിജയാനന്ദിന്റെ ആശയമായിരുന്നുവെന്നു പറഞ്ഞു. വിജയാനന്ദൻ നല്ല കഴിവുള്ള ആളാണ്; അതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇത് വിജയാനന്ദന്റെ ആശയമൊന്നുമായിരുന്നില്ല; ആ നിലയ്ക്ക് ഇതിനെ കാണേണ്ട. വിജയാനന്ദ് ഇത്തരം കാര്യങ്ങൾക്ക് പറ്റിയ ഒരാൾ തന്നെയാണ്. അതിന് അഭിപ്രായ വ്യത്യാസമൊന്നുമില്ല. അദ്ദേഹം അദ്ദേഹത്തിന് അറിയാവുന്ന വിജയാനന്ദി നെക്കുറിച്ച് പറഞ്ഞതായിരിക്കും, അത് വിജയാനന്ദിന്റെ ആശയമായിട്ട് വന്നതാണെന്ന്. അത് ഗവൺമെന്റിന്റെ ഒരു ആശയം തന്നെയായിരുന്നു. ചില ഉദ്യോഗസ്ഥരുടെ പേരുകൾ, ശ്രീമതി നളിനി നെറ്റോയുടെയും ശ്രീ. കെ. എം. എബ്രഹാമിന്റെയുമൊക്കെ പേരുകൾ എടുത്തുപറയുന്നതായി കേട്ടു. ശ്രീമതി നളിനി നെറ്റോ നേരത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി വർക്ക് ചെയ്തിരുന്നു. ആ ഘട്ടത്തിലാണ് ചീഫ് സെക്രട്ടറിയായി മാറിയത്. ചീഫ് സെക്രട്ടറി സ്ഥാനത്തുനിന്ന് പിരിഞ്ഞതിനുശേഷം ഇപ്പോൾ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ആയി തുടരുകയാണ്. ശ്രീ. കെ. എം. എബ്രഹാം സംസ്ഥാനത്ത് നല്ലരീതിയിൽ സംഭാവന ചെയ്തിട്ടുള്ള ഒരു വ്യക്തിയാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പുതിയ രീതിയിലുള്ള ഡെവലപ്മെന്റിന്റെ കാഴ്ചപ്പാടോടുകൂടി ഒരു ഇന്നൊവേഷൻ കൗൺസിൽ സംഘടിപ്പിച്ച് അതിന്റെ ചെയർമാനായി നിയമിച്ചത്. അക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായം ഇല്ലെന്നാണ് തോന്നുന്നത്.

<u>ശ്രീ. അനിൽ അക്കര:</u> സർ, അവരെക്കുറിച്ച് മോശമായി പറഞ്ഞിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇവിടെ കിഫ്ബി തുടങ്ങിയ കാലംമുതൽ അതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റൊക്കെ വരുമ്പോൾ കൂടുതലായി ചർച്ച ചെയ്യുമല്ലോ; കിഫ്ബി വഴി ഒന്നും നടന്നില്ല, ഒരു കാര്യവും ചെയ്യുന്നില്ല എന്നൊക്കെയുള്ള വിമർശനം വന്നു. അതൊന്നും വസ്തുതയല്ല. 15 വകുപ്പുകളിലായി 18,938 കോടി 95 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 50,000 എന്നുപറഞ്ഞിട്ട് എവിടെയാണെന്നൊക്കെ ചോദിച്ചില്ലേ? ഇതിനകംതന്നെ 18,938 കോടി 95 ലക്ഷം രൂപയുടെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ 331 കോടി 95 ലക്ഷം രൂപ വകുപ്പുകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതും കാണേണ്ടതായിട്ടുണ്ട്. ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം, വൻകിട പദ്ധതികളൊക്കെ സാധാരണ രണ്ടോ മൂന്നോ വർഷംകൊണ്ടാണ് പൂർത്തിയാകാറുള്ളത്. നബാർഡിന്റെ പദ്ധതികൾ നമ്മൾ ഏറ്റെടുത്ത് രണ്ടുമൂന്ന് വർഷംകൊണ്ടാണ് പൂർത്തിയാക്കാൻ കഴിയുന്നത്. അതാണ്

നമ്മുടെ ശീലം. അത് ആ ശൈലിയുടെ ഭാഗമായിട്ടുള്ളതാണ്. അത്തരത്തിലുള്ള ഒരു സ്വാഭാവികമായ സാവകാശമെന്ന് മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ. പദ്ധതി നിർവ്വഹണം നിരന്തരം നിരീക്ഷിക്കാൻ പ്രത്യേക ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018 ഫെബ്രുവരി 3-ാം തീയതി ഇതിന്റെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ആ അവലോകനത്തിനുശേഷം എം.എൽ.എ.-മാർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും നിരീക്ഷിക്കാവുന്ന രീതിയിൽ അത് ലഭ്യമാക്കുകയും ചെയ്യാം.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നം അതീവ ഗൗരവമായതു തന്നെയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2013-ൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്ന് തയ്യാറാക്കിയ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുമുണ്ട്. മാരകരോഗങ്ങളുണ്ടെന്ന് കണ്ടെത്തിയ 128 പേർക്ക് ഒരു ലക്ഷം രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയുടെ വികസനത്തിന് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് കഴിഞ്ഞ സർക്കാർ അംഗീകരിച്ചിരുന്നു. അതിലേയ്ക്കുള്ള ധനസഹായം യഥാവിധി ലഭ്യമാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും പൂർണ്ണമായി കിടപ്പിലായവർക്കും ആധുനിക സൗജന്യചികിത്സ ഉറപ്പാക്കുക എന്നതിനാണ് പിന്നീട് ഊന്നൽ നൽകിയത്. ഒരു കേന്ദ്രീകൃത പാലിയേറ്റീവ് കെയർ സെന്റർ അവിടെ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ചികിത്സാസഹായവും യാത്രാസൗകര്യങ്ങളും മൊബൈൽ യൂണിറ്റുകളും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും കഴിയും. മുളിയാർ വില്ലേജിലെ 25 കോടി രൂപയുടെ എസ്റ്റിമേറ്റിലുള്ള ദുരിതബാധിതർക്കായുള്ള റീഹാബിലിറ്റേഷൻ വില്ലേജ് പ്രാവർത്തികമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപ, മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ, മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ, എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ എന്നിങ്ങനെയാണ് അവിടെ നഷ്ടപരിഹാരം നൽകുന്നത്. അതുപ്രകാരം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രത്യേക ധനസഹായത്തിന്റെ ഒന്നുരണ്ട് ഗഡുക്കളായി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതപ്പെട്ടവർക്ക് 90 കോടി 25 ലക്ഷം രൂപ ഇതിനകം നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ രോഗികൾക്കായി വിവിധ ആരോഗ്യകേന്ദ്രങ്ങളിലായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി, കിടപ്പിലായ രോഗികളെ നോക്കുന്നവർക്കുള്ള ധനസഹായം, ഫിസിയോതെറാപ്പി സേവനം,

ദുരിതബാധിതരുടെ സൗജന്യറേഷൻ, ബഡ്സ് സ്കൂളുകൾ, ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി യാത്രാസൗകര്യം, മൊബൈൽ മെഡിക്കൽ യൂണിറ്റ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇവയെല്ലാം സർക്കാർ ഫണ്ട് ഉപയോഗിച്ച് അനുവദിച്ചുവരുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സേവനത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രശംസിച്ചിട്ടുള്ളതാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ പലതും പ്രാവർത്തികമാക്കാൻ വേണ്ട കേന്ദ്രസഹായം ലഭിക്കാത്തത് ദുരിതബാധിതരുടെ പുനരധിവാസത്തിന് തടസ്സമായി നിൽക്കുകയാണ്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് കൂടി പരിഗണിച്ച് കേന്ദ്രസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും 14-2-2017-ന് കത്ത് അയച്ചിട്ടുണ്ട്.

2.00 p.m

വിഴിഞ്ഞം തുറമുഖ വികസനമാകെ തടസ്സപ്പെട്ടുപോയെന്ന് പറയുകയുണ്ടായി. വിഴിഞ്ഞം തുറമുഖ വികസനപ്രവൃത്തി നല്ല നിലയിൽ പുരോഗമിച്ചുവന്നപ്പോഴാണ് ഓഖി ചുഴലിക്കാറ്റ് ഉണ്ടായത്. അതിനെത്തുടർന്ന് അവിടത്തെ ചില പുലിമുട്ടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. 600 കി.മീ. ദൂരം പുലിമുട്ട് ഇടുന്ന പ്രവൃത്തി പൂർത്തിയായി ക്കഴിഞ്ഞിരുന്നു. പുലിമുട്ടുകളുടെ ചില ഭാഗങ്ങൾക്കും ഒരു ഡ്രെഡ്ജറിനും തകരാർ സംഭവിച്ചു. അതിന്റെ റിപ്പെയർ നടന്നുകൊണ്ടിരിക്കുകയാണ്. തുറമുഖത്തിന്റെ ആദ്യഘട്ടം 2019 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഓഖി ചുഴലിക്കാറ്റുമൂലം തടസ്സങ്ങൾ ഉണ്ടായതുകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കാൻ ചെറിയ കാലതാമസം ഉണ്ടാകുമെന്നാണ് തോന്നുന്നത്. വിഴിഞ്ഞം തുറമുഖ വികസന കാര്യത്തിൽ മറ്റ് തടസ്സങ്ങളുണ്ടെന്ന് പറയാൻ കഴിയില്ല.

ഇവിടെ പൂർണ്ണമായും ഭരണസ്തംഭനമാണെന്ന വിലയിരുത്തൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് വസ്തുതയുമായി ഒരു ബന്ധവുമില്ലാത്തതാണ്. സജീവമായി നല്ല രീതിയിൽത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്ന് പറയുന്നത് ഒരുതരത്തിലും വസ്തുതയല്ല. എല്ലാ കണക്കുകളും ഇപ്പോൾ എന്റെ കയ്യിലില്ല. എന്റെ ഓഫീസിന്റെകാര്യം ഞാൻ പറയാം. 2017 ഡിസംബറിൽ ലഭിച്ച 1229 ഫയലുകളിൽ 1124 എണ്ണത്തിന് (91 ശതമാനം) തീർപ്പുകല്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ വരുന്ന ചില ഫയലുകൾ പരിശോധനയ്ക്ക്

വിധേയമാക്കേണ്ടിവരുമെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. അത്തരം ഫയലു കളാണ് തീർപ്പാക്കാതെയുള്ളത്. 2018 ജനുവരിയിൽ വന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടായിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങൾ വന്നപ്പോൾ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് കരുതിയിട്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. വിജിലൻസ് വിഭാഗത്തിന് ഡയറക്ടർ വേണമെന്ന കാര്യത്തിൽ തർക്കമില്ല. വിജിലൻസ് ഡയറക്ടറെ എത്രയുംവേഗം നിയമിക്കും. അതിനെപ്പറ്റി ആശങ്കയുണ്ടാകേണ്ടതില്ല.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം പറയുകയുണ്ടായി. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രണ്ടുതവണ യോഗം ചേരുകയുണ്ടായി. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃഷി ഉടമസ്ഥരും മിൽ ഉടമയുടെ പ്രതിനിധിയും ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ച് ചർച്ച ചെയ്യാൻ തീരുമാനിക്കുകയും കൃഷി വകുപ്പുമുഖേന നെല്ല് ശാസ്ത്രീയ പരിശോധന നടത്തുന്നതിന് നിശ്ചയിച്ചിട്ടുമുണ്ട്. ഒരു ക്വിന്റൽ നെല്ലിന് 68 ശതമാനം അരി തിരികെ നൽകണമെന്ന് കേന്ദ്രസർക്കാരിന്റെ നിബന്ധനയുണ്ടായിരുന്നു. അത് 64 ശതമാനമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ല് സംഭരിക്കുന്നതിൽ ചിലയിടങ്ങളിൽ ചെറിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ. അവിടെ പരീക്ഷണാടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കാനാകുമോയെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുക യാണ്. അക്കാര്യത്തിൽ ഗൗരവമായ നീക്കങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഇവിടെ ഓരോരുത്തരും വിശദമായ രാഷ്ട്രീയ നിലപാടുകളാണ് വ്യക്തമാക്കിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയേണ്ട തുണ്ടെന്നാണ് തോന്നുന്നത്. ബഹുമാന്യനായ ഒരംഗം സംസാരിക്കുമ്പോൾ, ബാബ്റി മസ്ജിദ് തകർത്ത സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ട് അത് തകർത്തവരേയും നോക്കിനിന്ന കോൺഗ്രസ്സുകാരെയും ഒരുപോലെയാണോ കാണേണ്ടതെന്ന് ചോദിക്കുകയുണ്ടായി. ഇതിന് നേതൃത്വംകൊടുത്ത ആൾക്കാരെക്കുറിച്ച് ആർക്കും സംശയമുണ്ടാകില്ല. അന്നത്തെ കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചാണ് നോക്കിനിന്ന കോൺഗ്രസ് എന്നുപറഞ്ഞത്. നിങ്ങൾക്ക് അത് തടയുന്നതിനുവേണ്ടി എന്ത് നടപടിയും സ്വീകരിക്കാമെന്ന് പറഞ്ഞ് അന്നത്തെ കോൺഗ്രസ്സിന്റെ കയ്യിൽ ബ്ലാങ്ക് ചെക്കാണ് കൊടുത്തിരുന്നത്. എന്നിട്ട് ഒന്നും ചെയ്തില്ല, അതാണ് പ്രശ്നം. അത് എല്ലാവർക്കും അറിയാവുന്നതാണ്. അവർ നോക്കിനിന്നുവെന്ന് മാത്രമല്ല, ഇതിന് കൂട്ടുനിന്നുവെന്നതാണ് വസ്തുത. ആ വശം മറന്നുപോകരുത്. അന്ന് നിങ്ങൾ സ്വീകരിച്ച നിലപാടിന്റെ ഭാഗമായിട്ടാണ്

ഈ ന്യായം ഇപ്പോൾ പറഞ്ഞത്. കോൺഗ്രസ്സിന്റെ കൂടെനിന്ന് നാല് മന്ത്രിസ്ഥാനം സംരക്ഷിക്കലാണ് പ്രധാനമെന്ന ഒരു നിലപാട് സ്വീകരിച്ചു. നിങ്ങളുടെ അണികൾ അത്തരം നിലപാട് എടുത്തു എന്നത് നിങ്ങൾ മനസ്സിലാക്കിയതാണ്. കോൺഗ്രസ്സിന്റെ ആദരണീയനായ നേതാവ് ഒറ്റപ്പാലത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ അവിടെ പോകുകയും അവിടെ ഇരുന്നിട്ട് ഇന്നയാൾ വന്നിട്ട് നിങ്ങളാരും വരുന്നില്ലേ, ഞങ്ങളാരും വരുന്നില്ല എന്നുപറഞ്ഞ അനുഭവം നിങ്ങൾക്ക് ഉള്ളതാണല്ലോ. അത്തരം കാര്യങ്ങൾ നമുക്കെല്ലാവർക്കും ഓർമ്മയുള്ളതാണ്. അക്കാലത്ത് ഞാൻ ആ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവിടെ പ്രവർത്തിച്ചതുകൊണ്ടാണ് എനിക്കത് മനസ്സിലായത്. അവിടെ യഥാർത്ഥത്തിൽ സംഭവിച്ച കാര്യമാണിത്. അത്രകണ്ട് എതിർപ്പ് ഉയർന്നുവന്ന പ്രശ്നമായിരുന്നു. അപ്പോഴും നിങ്ങൾ പ്രധാനമായും കണ്ടത് നാല് മന്ത്രി സ്ഥാനമായിരുന്നു. സംഘപരിവാറിനെ സഹായിക്കുന്ന നില ആരുടെ ഭാഗത്തുനിന്നാണ് ഉണ്ടായതെന്ന് വിശദമായി പരിശോധിച്ചാൽ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ദേശീയ പ്രസ്ഥാനകാലത്ത് വളരെ പ്രശസ്തമായ നിലപാട് സ്വീകരിച്ച, സാമ്രാജ്യത്വവിരുദ്ധ മതനിരപേക്ഷ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയ പാർട്ടിയായിരുന്നു കോൺഗ്രസ്സ്. അഴിമതിക്ക് പൂർണ്ണമായിട്ടും എതിരായിരുന്നു. പക്ഷെ ആ കോൺഗ്രസ്സ് ആണ് ഇപ്പോഴെന്ന് പറയാൻ സാധിക്കുമോ; എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത്; ഇപ്പറഞ്ഞ ഏതെങ്കിലും ഒന്നിൽ ഉറച്ചുനിൽക്കുന്ന സമീപനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടോ; മതനിരപേക്ഷ നിലപാടുള്ളവർക്ക് വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ സാധിക്കുമോ; അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടോ; ശ്രീ. എൽ. കെ. അദ്വാനി നടത്തിയ രഥ യാത്രയെക്കുറിച്ച് നേരത്തെ ഇവിടെ ചില പരാമർശങ്ങളുണ്ടായി. അതിനുശേഷമാണ് വി.പി. സിംഗിനെതിരെ അവിശ്വാസ പ്രമേയം വരുന്നത്. ഈ രണ്ടുകൂട്ടരും ഒരുമിച്ച് നിന്നുകൊണ്ടല്ലേ വി.പി. സിംഗിനെ താഴെയിറക്കിയത്; അത്തരമൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടായിരുന്നോ; അതല്ലേ ബി.ജെ.പി.യെ ഇന്നത്തെ നിലയിൽ ശക്തിപ്പെടുത്താൻ സാധിച്ചത്. ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ടിൽ കുറ്റവാളികളെയും കുറ്റംചെയ്തവരെയും എണ്ണിയെണ്ണി പറഞ്ഞല്ലോ; കുറ്റംചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായോ; എന്തെല്ലാം ദൗർബല്യങ്ങളാണ് ഇവിടെക്കാണിച്ചത്. ഗുജറാത്തിൽ വംശഹത്യ നടന്നപ്പോൾ രാജ്യമാകെ അതിനെതിരെ പ്രതിഷേധം പ്രകടിപ്പിച്ചു. അത്തരത്തിലുള്ള ഗൗരവമായ ഇടപെടൽ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും അന്ന് അവിടെ ഉണ്ടായോ; അപ്പോഴും ആ സംസ്ഥാനത്ത് കോൺഗ്രസ് നല്ലൊരു പാർട്ടിയായി നിൽക്കുന്നുണ്ടല്ലോ; സംഘപരിവാറിന്റെ വർഗ്ഗീയ നിലപാടിനോട് എല്ലാ ഘട്ടത്തിലും മൃദുസമീപനം സ്വീകരിക്കുന്ന

നിലപാടാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഗോവധത്തിന്റെ പേരിൽ ആളെ കൊല്ലുന്നരീതി സംഘപരിവാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പശുവിന്റെ സംരക്ഷകരായി നിങ്ങളെക്കാളും വലുത് ഞങ്ങളാണെന്ന് പറഞ്ഞ കോൺഗ്രസ് നേതാക്കന്മാരില്ലേ? ഗോമാതാവിന്റെ വലിപ്പം പറഞ്ഞുകൊണ്ട് പുറപ്പെട്ടവർ, അതൊക്കെ ആരെ സഹായിക്കുന്നതാണ്? എണ്ണിയാൽ ധാരാളം പേരുണ്ടാകും. അതിനു ഞാൻ തയ്യാറാകുന്നില്ല. കോൺഗ്രസ് മുൻമുഖ്യമന്ത്രിമാർ, മുൻ കെ.പി.സി.സി. അദ്ധ്യക്ഷർ, അഖിലേന്ത്യാ കോൺഗ്രസ്സിന്റെ ഭാരവാഹികളായിരുന്നവർ അങ്ങനെ എത്രയെത്ര ആളുകളാണ് ഒരു മടിയുമില്ലാതെ ബി.ജെ.പി.-യിലേയ്ക്ക് പോയത്. അത് എന്തുകൊണ്ടാണ്? വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണം. വർഗ്ഗീയതയെ ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിക്കണം. ആ നിലപാട് സ്വീകരിക്കാത്ത അവസ്ഥയാണുള്ളത്. സമീപകാലത്ത് 147 കോൺഗ്രസ്സ് നേതാക്കളാണ് ബി.ജെ.പി.യിൽ പോയത്. ഇപ്പോൾ ഗുജറാത്തിൽ ഉണ്ടായിരുന്ന ഒരു വിമതകോൺഗ്രസ് എം.എൽ.എ. ബി.ജെ.പി.യിലേയ്ക്ക് പോയി. ത്രിപുരയിൽ ഇപ്പോൾ കോൺഗ്രസ്സുണ്ടോ? ത്രിപുരയിലെ കോൺഗ്രസ് എം.എൽ.എ.മാർ പൂർണ്ണമായി ബി.ജെ.പി.യിലേയ്ക്ക് പോയി. ഇപ്പോൾ ബി.ജെ.പി. പ്രഖ്യാപിച്ച സ്ഥാനാർത്ഥിലിസ്റ്റിൽ എട്ടുപേർ കോൺഗ്രസ്സിന്റെ മുൻ എം.എൽ.എ. മാരാണ്. അവിടത്തെ സ്ഥിതിയെന്താണ്? ത്രിപുരയിൽ ഒന്നര ശതമാനം വോട്ടാണ് ബി.ജെ.പി.ക്ക് നേരത്തെയുണ്ടായിരുന്നത്. അവരുടെ ബഹുജന സ്വാധീനം കണ്ടിട്ട് ആ പാർട്ടിയിലേയ്ക്ക് ഓടിപ്പോയതാണോ; ഇതല്ലേ കോൺഗ്രസ്സിന്റെ സ്ഥിതി; ആ ദൗർബല്യം കാണേണ്ടതല്ലേ? കോൺഗ്രസ്സിന്റെ നേരത്തെയുള്ള മൂല്യങ്ങൾ ഉപേക്ഷിച്ചുവെന്നുമാത്രമല്ല, പൂർണ്ണമായും ജനവിരുദ്ധ സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണല്ലോ ജനജീവിതം ദുസ്സഹമാകുന്ന അവസ്ഥ ഈ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുതൊട്ടുമുമ്പ് ഉണ്ടായത്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുള്ള പത്തുവർഷം കോൺഗ്രസ്സ് ആണല്ലോ ഭരിച്ചത്. അതിൽ ആദ്യത്തെ അഞ്ചുവർഷം ചില സമ്മർദ്ദങ്ങൾ കാരണം ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കേണ്ടിവന്നു. അടുത്ത അഞ്ചുവർഷം യാതൊരു ശങ്കയുമില്ലാതെ ജനവിരുദ്ധ നടപടികൾ സ്വീകരിച്ചു. എന്താണ് ഈ നാടിന്റെയും ജനങ്ങളുടെയും അവസ്ഥ; ജനജീവിതം ദുസ്സഹമായി മാറിയില്ലേ? പൊതുമേഖല വിറ്റുതുലയ്ക്കൽ, കർഷക ആത്മഹത്യ പെരുകുന്ന സാഹചര്യം ഇതൊക്കെയായിരുന്നില്ലേ നമ്മുടെ രാജ്യത്തുണ്ടായിരുന്നത്. ഈ നിലയെല്ലാം ഉപയോഗിച്ചുകൊണ്ടാണല്ലോ ബി.ജെ.പി. അധികാരത്തിൽ വന്നത്. നമ്മുടെ രാജ്യത്ത് ഇതിനെല്ലാം എതിരെ വലിയ രോഷം ജനങ്ങളിലുണ്ടായപ്പോൾ ആ രോഷം ശരിയായ രൂപത്തിൽ ഉപയോഗിക്കാനുള്ള ബദൽ നയം മുന്നോട്ടുവച്ച്

പ്രക്ഷോഭത്തിലേയ്ക്കിറങ്ങാനുള്ള സാധ്യത ചിലയിടങ്ങളിലില്ലായിരുന്നു. അവിടെയാണ് ബി.ജെ.പി.ക്ക് ഉപയോഗിക്കാൻ സാധിച്ചത്. കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും മാത്രം സ്വാധീനമുള്ള ചില സ്ഥലങ്ങളുണ്ട്. നേരത്തെ കോൺഗ്രസ്സിന്റെ സ്വാധീന കേന്ദ്രങ്ങളായിരുന്ന സ്ഥലങ്ങളാണ് ഇപ്പോൾ ബി.ജെ.പി.-യുടെ സ്വാധീന കേന്ദ്രങ്ങളായി മാറിയത്. അവിടെ ബി.ജെ.പി. ജയിച്ചുവന്നു. അവർ തെരഞ്ഞെടുപ്പിൽ ജനങ്ങളെ പറ്റിക്കുന്നതിനുവേണ്ടി ഒട്ടേറെ വാഗ്ദത്തങ്ങൾ നൽകി. പക്ഷേ അധികാരത്തിൽ വന്നശേഷം ആ വാഗ്ദത്തങ്ങൾ എന്തെങ്കിലും നടപ്പായോ? 'സ്വാമിനാഥൻ കമ്മീഷൻ ശിപാർശ'യുണ്ടെന്ന് കർഷകരോട് പറഞ്ഞു, കാർഷിക ചെലവും അതിന്റെ പകുതിയും കൂടിച്ചേർത്തുള്ള സംഖ്യ കർഷകർക്ക് താങ്ങുവിലയായി നൽകുമെന്നായിരുന്നു ബി.ജെ.പി.യുടെ വാഗ്ദത്തം. അത് അന്ന് പറഞ്ഞതല്ലാതെ പിന്നെ എന്തെങ്കിലും നടന്നോ? ഇപ്പോഴും കർഷക പ്രക്ഷോഭമില്ലേ, കർഷകരാകെ ദുരിതത്തിലല്ലേ? മധ്യപ്രദേശിൽ അഞ്ചുപേരെയാണ് വെടിവച്ചുകൊന്നത്. തൊഴിലാളികളുടെ അവസ്ഥ നേരത്തെയുള്ളതിനേക്കാൾ ദുരിതമയമായില്ലേ? എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും പ്രക്ഷോഭത്തിലല്ലേ? നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമായല്ലോ? നമ്മുടെ രാജ്യത്തെ അമേരിക്കൻ സാമ്രാജ്യത്വത്തോട് കൂട്ടിക്കെട്ടേണ്ടതാണോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ കോൺഗ്രസ്സ് സ്വീകരിച്ച, ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ച നിലപാട്, നമ്മുടെ രാജ്യം സ്വീകരിച്ച നിലപാട് സാമ്രാജ്യത്വത്തിന് എതിരായിരുന്നു. അന്ന് ലോകം ഇന്ത്യയെ നല്ലതുപോലെ ആദരിച്ചു. ലോകമെന്നുപറഞ്ഞാൽ, മൂന്നാംലോക രാഷ്ട്രങ്ങളും പുതിയതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളും സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളും. ലോകമാകെ നമ്മുടെ രാജ്യത്തെ ആവേശപൂർവ്വം നോക്കിക്കണ്ടിരുന്നു. ഇന്ന് അതാണോ അവസ്ഥ? നമ്മൾ നയം മാറ്റിയില്ലേ? ഇന്ന് ബി.ജെ.പി. അധികാരത്തിലുള്ളതുകൊണ്ട് അവർ ചെയ്യുന്നത് എന്താണ്. ഇതിന് ആരാണ് തുടക്കംകുറിച്ചത്? കോൺഗ്രസ്സ് അല്ലേ നയം മാറ്റിയത്. അമേരിക്കയുടെ തന്ത്രപരമായ സഖ്യശക്തിയായി ഇന്ത്യ മാറി. ഇന്ത്യ അമേരിക്കയുടെ തന്ത്രപരമായ സഖ്യശക്തിയായി മാറിയത് ഈ ഗവൺമെന്റ് വന്നതിന് തൊട്ടുമുമ്പല്ലേ; നമ്മൾ ഇന്ന് എവിടെയെത്തി? നമ്മുടെ രാജ്യം ഒരു യുദ്ധത്തിൽ പങ്കാളിയായില്ലെങ്കിലും അമേരിക്ക ഒരു യുദ്ധത്തിൽ പങ്കാളിയായാൽ അവരുടെ യുദ്ധവിമാനവും യുദ്ധക്കപ്പലും നമ്മുടെ രാജ്യത്ത് വിശ്രമിക്കുവാൻ സാധിക്കുന്ന നിലയിലായില്ലേ? ഇതിൽ എവിടെയാണ് വ്യത്യാസം? നേരത്തെ കോൺഗ്രസ് സ്വീകരിച്ച നയം കൂടുതൽ ശക്തിയോടെ നമ്മുടെ രാജ്യത്തെ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിക്കുന്നു. ബി.ജെ.പി. ആണെങ്കിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള ഒരു പാർട്ടിയാണ്.

അതുകൊണ്ട് അവർ മതനിരപേക്ഷതയ്ക്കും ഫെഡറലിസത്തിനും പാർലമെന്ററി ജനാധിപത്യത്തിനുമെല്ലാം എതിരാണ്. എല്ലാത്തിനും എതിരായ നിലയാണല്ലോ സ്വീകരിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കോൺഗ്രസ്സ് പാർട്ടി തുടങ്ങിവച്ച തെറ്റായ നയങ്ങൾതന്നെയാണ് ഭാരതീയ ജനതാ പാർട്ടി തുടർന്നുകൊണ്ടിരിക്കുന്നതെന്നാണ് അങ്ങ് പറയുന്നത്, അത് ശരിതന്നെ, അതുകൊണ്ടാണ് ബി.ജെ.പി. അധികാരത്തിൽ വന്നതെന്നും പറയുന്നു. അതും ശരി. ഇനി എന്താണ് ഇതിന് പരിഹാരം? ഈ സാഹചര്യത്തിൽ ഭാരതീയ ജനതാപാർട്ടി ഇങ്ങനെയൊക്കെ ചെയ്യാനും അധികാരത്തിൽ വരാനും കാരണം കോൺഗ്രസ്സാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാപിച്ചുകഴിഞ്ഞു. ഇതിനെ നേരിടാനും ഭാരതീയ ജനതാപാർട്ടിയെ താഴെയിറക്കാനും എന്തെങ്കിലും മറുമരുന്നുണ്ടോ; അതിന് ഇടതുപക്ഷത്തിനു മാത്രമേ സാധിക്കുകയുള്ളോ?

ശ്രീ. പിണറായി വിജയൻ: സർ, അത് ഇതിന്റെ രണ്ടാമത്തെ കാര്യമായി വരും അതിൽ ശങ്കിക്കേണ്ടതില്ല. ഈ വിഷയത്തിലേയ്ക്ക് ഞാൻ വരും. നമ്മുടെ രാജ്യത്ത് സംഭവിച്ച കാര്യങ്ങളാണ് നാം കാണേണ്ടത്. നേരത്തെ കോൺഗ്രസ്സ് തുടങ്ങിവച്ച കാര്യങ്ങൾ ബി.ജെ.പി. കൂടുതൽ തീവ്രതയോടെയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? അതിന്റെ ഫലമായി രാജ്യത്തെ ജനങ്ങളുടെ ജീവിതമാകെ ദുസ്സഹമാകുന്ന അവസ്ഥയുണ്ടായി. ബി.ജെ.പി. സർക്കാർ നമ്മുടെ രാജ്യത്തിന്റെ എല്ലാ മൂല്യങ്ങളും തകർക്കുകയാണ്. പാർലമെന്ററി ജനാധിപത്യം വരെ തകർക്കാനുള്ള നിലപാടിലാണ് ബി.ജെ.പി. നിൽക്കുന്നത്. അങ്ങനെ വരുമ്പോൾ നാം ചിന്തിക്കേണ്ട ഒരു കാര്യം, ബഹുമാന്യനായ അംഗം ചോദിച്ചല്ലോ ഇതിന് എന്താണ് വഴിയെന്ന്? നേരത്തെയുള്ള കോൺഗ്രസ്സിന്റെ നയവും ഇപ്പോഴത്തെ ബി.ജെ.പി. സർക്കാർ നടപ്പിലാക്കുന്ന നയവും ഒരേ രീതിയിലായത് എന്തുകൊണ്ടാണ്? രണ്ട് കൂട്ടരും അംഗീകരിച്ച നയപരമായ സമീപനം ഒന്നാണ്. സാമ്രാജ്യത്വവും ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമായുള്ള നവ ഉദാരവത്ക്കരണ നടപടികളും. ഇതാണ് രണ്ട് കൂട്ടരും സ്വീകരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും ഇറക്കുക എന്നുതന്നെയാണ് പരമപ്രാധാനം. കാരണം നമ്മുടെ രാജ്യത്തെ ആകെ തകർക്കാൻ അവർ ശ്രമിക്കുകയാണ്. ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും ഇറക്കുക എന്നുപറയുമ്പോൾ നവഉദാരവത്ക്കരണ നിലപാടുകാരെക്കൂടി കൂട്ടിക്കൊണ്ടുള്ള അധികാരത്തിൽ നിന്നുള്ള ഇറക്കലായാൽ എന്തായിരിക്കും ഫലം. ജനങ്ങൾക്ക് എന്താണ് രക്ഷ? ഏതിലാണ് ആശ്വാസം കിട്ടുന്നത്? നവ ഉദാരവത്ക്കരണ നടപടികൾ സ്വീകരിക്കാത്ത, ആ സമീപനമില്ലാത്ത നമ്മുടെ

രാജ്യത്തിലെ ജനാധിപത്യശക്തികളുണ്ട്. ഇടതുപക്ഷത്തെപ്പറ്റി അങ്ങേയ്ക്ക് ആശങ്ക വേണ്ട. ഇക്കാര്യത്തിൽ ഇടതുപക്ഷം ശക്തമായ നിലപാട് സ്വീകരിക്കുകയാണ്, ഇത്തരം കാര്യങ്ങളിൽ ഉറച്ച നിലപാടാണുള്ളത്. ഇടതുപക്ഷവും നമ്മുടെ രാജ്യത്തിലെ നവ ഉദാരവത്ക്കരണ നയം സ്വീകരിക്കാത്ത ജനാധിപത്യ ശക്തികളും കൂടിയുള്ള യോജിപ്പ് ഇവിടെ ശക്തിപ്പെട്ടു. അതാണ് ഇവിടെ ഉയർന്നുവരുന്നത്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ കർഷക പ്രക്ഷോഭങ്ങൾ കണ്ടില്ലേ; രാജ്യത്ത് ഉയർന്നുവരുന്ന തൊഴിലാളി പ്രക്ഷോഭങ്ങൾ കണ്ടില്ലേ; രാജ്യത്തിലെ യൂണിവേഴ്സിറ്റികളിലെല്ലാം നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ നല്ലതുപോലെ ഇടതുപക്ഷ വിദ്യാർത്ഥിസംഘടനകൾ കരുത്താർജ്ജിക്കുന്നത് കണ്ടില്ലേ; ഇതൊരു ബദലാണ്. ആ ബദൽ ശക്തിപ്പെട്ട് വരണം. അതാണ് ഞങ്ങൾ കാണുന്നത്. അല്ലെങ്കിൽ ജനങ്ങൾക്ക് ആശ്വാസമെന്താണ്; രാജ്യത്തിന് ഗുണമെന്താണ്; ഒരേ നയക്കാർ പേര് മാറിയതുകൊണ്ട് കാര്യമുണ്ടോ? ഒരു പേര് മാറി മറ്റൊരു പേര് വന്നതുകൊണ്ട് നയം മാറില്ലല്ലോ; നയത്തിലാണ് മാറ്റം വേണ്ടത്. ഇവിടെ ജനങ്ങൾക്ക് കോൺഗ്രസ്സിൽ വിശ്വാസമില്ല എന്നതാണ് വസ്തുത. നമ്മുടെ രാജ്യത്ത് നടക്കുന്ന സംഭവങ്ങൾ നോക്കിയാൽ ഏച്ചുകെട്ടിയ മുന്നണികൊണ്ട് വല്ല കാര്യവുമുണ്ടോ; ബീഹാറിൽ മഹാസഖ്യമുണ്ടായി. ഇപ്പോൾ എന്തായി; എന്താണ് സംഭവിച്ചത്; ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടിയും കോൺഗ്രസ്സും ഒന്നിച്ച് മത്സരിച്ചു. സാധാരണനിലയ്ക്ക് സമാജ്‌വാദി പാർട്ടിക്ക് കുറച്ച് സ്വാധീനം അവിടെയുണ്ട്. പക്ഷേ നല്ല തിരിച്ചടി ഉത്തർപ്രദേശിൽ അവർക്ക് ഏൽക്കേണ്ടിവന്നു. അത് യഥാർത്ഥത്തിൽ കോൺഗ്രസ്സുമായി യോജിച്ചതിന്റെ ഫലമായിയുണ്ടായ കാര്യമല്ലേ; ഗുജറാത്തിൽ സകലമാനപേരും ബി.ജെ.പി.-ക്ക് എതിരാണ്. ബി.ജെ.പി.-ക്കെതിരായി ചില പുതിയ വിഭാഗങ്ങൾ ഉയർന്നുവരുന്നു. പക്ഷേ കോൺഗ്രസ്സിൽ വിശ്വാസം വേണ്ടേ; ജനങ്ങൾക്ക് വിശ്വാസമർപ്പിക്കാൻ കഴിയുന്നില്ല. ഇവിടെ പരാജയപ്പെട്ടതിന്റെ കഥ നേരത്തേ ബഹുമാന്യരായ അംഗങ്ങൾ പറയുകയുണ്ടായി. ഇപ്പോൾ ബി.ജെ.പി.-യെ പ്രതിരോധിക്കുന്നതിന്റെ അനുഭവം, കേരളത്തിന്റെ അനുഭവമെന്താണ്; വടകരയിലെയും ബേപ്പൂരിന്റെയും അനുഭവം മറന്നുപോയോ; വടകര പാർലമെന്റ് സീറ്റിലും ബേപ്പൂർ അസംബ്ലി സീറ്റിലും കോൺഗ്രസ്സും ബി.ജെ.പി.-യും ലീഗുമെല്ലാം ഒന്നിച്ചുനിന്ന കഥ നമ്മൾ മറന്നുപോയോ? എങ്ങനെയാണ് നേമം നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്. മൂന്നാം സ്ഥാനത്തെത്തിയത്; കെട്ടിവച്ച പണം തന്നെ ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോയത്; നമ്മുടെ നാടിന്റെ അനുഭവം, നമ്മുടെ നാട് വളരെ ശക്തമായി ബി.ജെ.പി. വിരുദ്ധ, സംഘപരിവാർ വിരുദ്ധ നിലപാട് സ്വീകരിക്കുന്നതാണല്ലോ; വർഗ്ഗീയ വിരുദ്ധ നിലപാട് സ്വീകരിക്കുന്നതാണല്ലോ; ഇവിടെയും സംഭവിച്ചതല്ലേ ഈ അനുഭവം. എന്തിനാണ് ഈ അനുഭവം കാണാതിരിക്കുന്നത്; നിങ്ങൾ

അവരുടെകൂടെ കൂടിയവർ എന്നുള്ള നിലയ്ക്ക് അതിന് പിന്തുണകൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. തെറ്റായ കാര്യങ്ങൾ തെറ്റായ കാര്യങ്ങളാണെന്ന് പറയാനല്ലേ ആർജ്ജവം കാണിക്കേണ്ടത്. ഏതായാലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സംശയവുമില്ല ബി.ജെ.പി.-യെ താഴെയിറക്കണമെന്നതുതന്നെയാണ് ലക്ഷ്യം. അതിന് എല്ലാ ജനാധിപത്യശക്തികളെയും കൂട്ടിയോജിപ്പിക്കും. ഇടതുപക്ഷത്തെ ഏറ്റവും വലിയ ശത്രുവായി ആർ.എസ്.എസ്.-ഉം സംഘപരിവാറും കാണുന്നത് അതുകൊണ്ടുതന്നെയല്ലേ; കേരളത്തെ ഏതെല്ലാം തരത്തിലാണ് അപകീർത്തിപ്പെടുത്താനുള്ള ശ്രമം അവർ നടത്തിയത്; കേരളത്തെ സംബന്ധിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ എന്തെല്ലാം തെറ്റായ പ്രചരണങ്ങളാണ് നടത്തിയത്. ബി.ജെ.പി.-യുടെ അഖിലേന്ത്യാ നേതാക്കന്മാർ, കേന്ദ്ര മന്ത്രിമാർ, എം.പി.-മാർ, മുഖ്യമന്ത്രിമാർ എല്ലാവരും കേരളത്തിൽവന്ന് കേരളത്തിനെതിരെ അപവാദ പ്രചരണമല്ലേ നടത്തിയത്; നമ്മുടെ നാട്ടിൽ സംഘടിതമായ ആക്രമണവും കൊലപാതകവുമല്ലേ ആർ.എസ്.എസ്.-ഉം സംഘപരിവാറും നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ ന്യായീകരിക്കാൻവേണ്ടി മറിച്ചുള്ള പ്രചരണം രാജ്യവ്യാപകമായി നടത്തുന്നു. അത് എവിടെവരെ എത്തി; സി.പി.ഐ.(എം)-ന്റെ കേന്ദ്രകമ്മിറ്റി പാർട്ടി ഓഫീസ് ആക്രമിക്കുന്നതുവരെ എത്തി. ഓഫീസിനകത്തുകയറി സി.പി.ഐ.(എം)-ന്റെ പാർട്ടി ജനറൽ സെക്രട്ടറിയെ ആക്രമിക്കുന്ന നിലയുമുണ്ടായി. ഇവിടെ പാർട്ടി സംസ്ഥാന സെക്രട്ടറിയുടെ വീട് ആക്രമിക്കുന്ന നിലയും വന്നു. ബി.ജെ.പി.-യെ ഏതായാലും അധികാരത്തിൽനിന്നും മാറ്റിനിർത്തുക എന്നതുതന്നെയാണ് ഇടതുപക്ഷം കാണുന്നത്. അക്കാര്യത്തിൽ ഒരു ആശയക്കുഴപ്പവും ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. പക്ഷേ ബദൽ സമീപനം ഉയർന്നുവരണം. ബദൽ നയം ഉയർത്തിക്കൊണ്ടുവരണം. ആ ബദൽ നയം കൊണ്ടുമാത്രമേ ജനങ്ങൾക്കും രാജ്യത്തിനും രക്ഷയുണ്ടാകൂ. അത് കോൺഗ്രസ്സിനെക്കൊണ്ട് ആവില്ല. ജനങ്ങൾക്ക് കോൺഗ്രസ്സിൽ വിശ്വാസവുമില്ല. ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ എല്ലാ മതേതര ജനാധിപത്യശക്തികളെയും ഒരുമിച്ച് നിർത്താൻ ശ്രമിക്കും. എന്നാൽ കോൺഗ്രസ്സുമായി തെരഞ്ഞെടുപ്പിൽ ധാരണയോ സഖ്യമോ ഉണ്ടാക്കാൻ ഞങ്ങൾ തയ്യാറല്ല. ഇതാണ് ഞങ്ങളുടെ നിലപാട്. ആ നിലപാടുമായിതന്നെ ഞങ്ങൾ മുന്നോട്ടുപോകുകയാണ്. ഇവിടെ ബദലായ ഒരു രാഷ്ട്രീയം അവതരിപ്പിക്കുന്നുവെന്ന തോന്നൽ ജനങ്ങൾക്കുണ്ടാകണം. ജനങ്ങളെയാണ് വിശ്വാസത്തിലെടുക്കേണ്ടത്. ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കണം. അതും ശരിയായ ഒരു ബദൽ നയം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയണം. അത്തരം ഒന്നിനുമാത്രമേ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിയൂ. ഇപ്പോൾ ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധ നയങ്ങളുണ്ട്. മതനിരപേക്ഷത തകർക്കാനും ഫെഡറലിസം തകർക്കാനും ശ്രമിക്കുന്ന

നിലപാടുകളുണ്ട്. ഇതിനെല്ലാം എതിരെയുള്ള കൂട്ടായ പ്രക്ഷോഭങ്ങളും ബഹുജന പ്രസ്ഥാനങ്ങളും ചെറുത്തുനിൽപ്പുകളും ഉയർന്നുവരണം. ഇതിൽ ആരെല്ലാം യോജിക്കാൻ തയ്യാറുണ്ടോ അവരെല്ലാം യോജിക്കണം. എന്നാൽ അതൊരു തെരഞ്ഞെടുപ്പ് സഖ്യമല്ല എന്നാണ് ഞങ്ങൾ കാണുന്നത്. അത്തരം പ്രക്ഷോഭങ്ങൾ എല്ലാവരുംകൂടി യോജിച്ച് നടത്തണം. ഇപ്പോൾ തൊഴിലാളിരംഗത്തും കർഷകരംഗത്തും എല്ലാവരുംകൂടി യോജിച്ച് ഇത്തരം പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. അത് തെരഞ്ഞെടുപ്പ് സഖ്യമല്ല. അത്തരം യോജിച്ച പ്രക്ഷോഭങ്ങൾ രാജ്യത്ത് ശക്തമായി ഉയർന്നുവരണം. യു.ഡി.എഫ്. വലിയ തകർച്ചയിലാണ് എന്ന് ഞാൻ പറയേണ്ട കാര്യമില്ല. ഇപ്പോൾ യു.ഡി.എഫ്.-ന്റെ സ്ഥിതിയെന്താണ്? ആദ്യം ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ കേരളാ കോൺഗ്രസ്സും ഇപ്പോൾ എം.പി. വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിൽ ജെ.ഡി.യു.-വും കോൺഗ്രസ്സ് വിട്ടു. മുസ്ലീംലീഗ് അവരുടെ കൂടെയുണ്ട്. നിങ്ങളും അവരും ഒരു മുന്നണിയായി ഇപ്പോൾ മാറിയിരിക്കുകയാണ്. ഇതാണ് യു.ഡി.എഫ്.-ന്റെ അവസ്ഥ. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസ്ഥ അതല്ലെന്ന് നിങ്ങൾ കാണണം. വ്യത്യസ്ത പാർട്ടികൾകൂടിയുള്ള മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ആ വ്യത്യസ്ത പാർട്ടികൾകൂടി ഭരിക്കുമ്പോൾ ചില കാര്യങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നുവെന്ന് വരും. അതൊന്നും അടിസ്ഥാനപരമായി മുന്നണിയുടെ ഘടനയെ ദുർബ്ബലപ്പെടുത്തുന്ന ഒന്നായിരിക്കില്ല. പ്രതിപക്ഷ നേതാവടക്കം നമ്മുടെ സമ്മേളനങ്ങളെക്കുറിച്ച് പറഞ്ഞു. സമ്മേളനങ്ങൾ ഒരു മോഹമായി മാത്രം കൊണ്ടുനടക്കാൻ കഴിയുന്നവരാണല്ലോ നിങ്ങൾ. ഇവർ സമ്മേളനം കണ്ടിട്ട് എത്രകാലമായി; നല്ല പ്രായമായ ആളുകൾതന്നെ സമ്മേളനം എങ്ങനെയാണെന്നത് മറന്നുപോയി. എല്ലാം നോമിനേറ്റഡ് എന്ന നിലയാണുള്ളത്. എന്നാൽ ജനാധിപത്യപാർട്ടി എന്ന വിശേഷത നിങ്ങൾക്കാണ്. അതാണ് അതിന്റെയൊരു പ്രത്യേകത. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി മൂന്നുവർഷം കൂടുമ്പോൾ നല്ലതുപോലെ സമ്മേളനം നടത്തുന്നു. ആ സമ്മേളനത്തിൽ സ്വാഭാവികമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ചർച്ചയിൽ അവരവർക്ക് തോന്നിയ അഭിപ്രായങ്ങൾ പറയും. അതിൽ ശരിയും തെറ്റുമുണ്ടാകും. ഏതാണോ ശരിയായകാര്യം അതുൾക്കൊള്ളും. തെറ്റായ കാര്യങ്ങൾ ഏത് പാർട്ടി നേതൃത്വമായാലും അത് തെറ്റാണെന്ന് പറയും. അതൊക്കെ സാധാരണയുള്ള നിലപാടുകളാണ്. അതുതന്നെയാണ് ഇപ്പോൾ സമ്മേളനങ്ങളിൽ നടക്കുന്നത്. നിങ്ങൾ സമ്മേളനങ്ങൾ നടത്താത്തതുകൊണ്ട് നിങ്ങൾക്ക് ഓർമ്മയില്ലാത്തതാണ്.

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, നിങ്ങൾ വലിയ പാർട്ടിയാണ്, നിങ്ങൾക്ക് മാത്രമേ രാജ്യത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ, അത്

വേറൊരു കാര്യം. അങ്ങയുടെ മന്ത്രിസഭയിൽ നിന്ന് ക്യാബിനറ്റ് ഫോം ഓഫ് ഗവൺമെന്റ്, ആ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ അങ്ങേയ്ക്കറിയാവുന്നതാണല്ലോ; ക്യാബിനറ്റിൽ നിന്നും നാല് മന്ത്രിമാർ ഇറങ്ങിപ്പോവുകയും ക്യാബിനറ്റ് യോഗം ബഹിഷ്കരിക്കുകയും ചെയ്തത് മുഖ്യമന്ത്രി എന്നുള്ള നിലയിൽ അത്യന്തം ഗുരുതരമായ പ്രശ്നമായി അങ്ങ് കാണുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, രാജ്യത്തെ രക്ഷിക്കുകയെന്നത് വലിപ്പത്തിലല്ല, അതിന്റെ നയമാണ് പ്രധാനം. ആ നയം ശരിയായി മുന്നോട്ടുവയ്ക്കാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. ആ നയത്തിനുപിന്നിൽ ആളുകളെ അണിനിരത്താനും അതിൽ നല്ല മുന്നേറ്റമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ആ മുന്നേറ്റത്തിന്റെ ഭാഗമായി ആളുകളെ കൊണ്ടുവരണം. നിങ്ങളുടെ കൂടെയിരിക്കുന്ന പല ആളുകളും ഇതിന്റെ ഭാഗമായി അണിചേരുമെന്ന് തന്നെയാണ് കരുതുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിൽ യാതൊരുവിധ കെട്ടുറപ്പിന്റെ പ്രശ്നവുമില്ല; ഭദ്രമായി തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതിൽ ഒരു ആശങ്കയും നിങ്ങൾക്ക് ഉണ്ടാകേണ്ടതില്ല. പലതരത്തിലുള്ള അഭിപ്രായങ്ങൾ ഉയർന്നുവരും. നിങ്ങൾ സംസാരിക്കുന്ന രീതിയിലാണോ ഞാൻ സംസാരിക്കുന്നത്; നമുക്കിടയിലും അത്തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. അടിസ്ഥാനപരമായി ഏതെങ്കിലും തരത്തിലുള്ള ശക്തമായ വിയോജിപ്പുകൾ നിലനിൽക്കുന്നില്ല. ഇന്നത്തെ കാലത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ചില കാര്യങ്ങൾ നടക്കുന്നുണ്ടാകും. അതൊന്നും സാധാരണനിലയ്ക്ക് ഗവൺമെന്റിനെ അലോസരപ്പെടുത്തുന്നതല്ല. കൂടുതൽ ശക്തമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഗവർണ്ണർ നല്ല രീതിയിലുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്. നന്ദിപ്രമേയം പാസ്സാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, അങ്ങയുടെ 3, 5, 8, 9, 10, 11, 12, 26 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, അങ്ങയുടെ 4-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ 6, 7 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 13-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ, അങ്ങയുടെ 14, 15 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ, അങ്ങയുടെ 16-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്, അങ്ങയുടെ 17-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, അങ്ങയുടെ 24-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 25-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല, അങ്ങയുടെ 31-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 32, 35, 36 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 37-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങയുടെ 38-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 41-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ:ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര, അങ്ങയുടെ 42, 43 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 44-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്, അങ്ങയുടെ 45-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്, അങ്ങയുടെ 48, 49 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങയുടെ 52, 53 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങയുടെ 54, 55 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ജോർജ് എം. തോമസ്
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. വി. ജോയി

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം. എം. മണി

32. ശ്രീ. മാത്യു ടി. തോമസ്

33. ശ്രീ. കെ. ജെ. മാക്സി

34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

35. ശ്രീ. എ. സി. മൊയ്തീൻ

36. ശ്രീ. മുഹമ്മദ് മുഹസിൻ. പി

37. ശ്രീ. എം. മുകേഷ്

38. ശ്രീ. ഡി. കെ. മുരളി

39. ശ്രീ. മുരളി പെരുനെല്ലി

40. ശ്രീ. സി. കെ. നാണു

41. ശ്രീ. എം. നൗഷാദ്

42. ശ്രീ. യു. ആർ. പ്രദീപ്

43. ശ്രീ. എ. പ്രദീപ് കുമാർ

44. ശ്രീമതി യു. പ്രതിഭ ഹരി

45. ശ്രീ. പുരുഷൻ കടലുണ്ടി

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. എസ്. രാജേന്ദ്രൻ

50. ശ്രീ. ആർ. രാജേഷ്

51. ശ്രീ. റ്റി. വി. രാജേഷ്

52. ശ്രീ. കെ. രാജു

53. ശ്രീ. രാജു എബ്രഹാം

54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

56. ശ്രീ. മുല്ലക്കര രത്നാകരൻ

57. പ്രൊഫ. സി. രവീന്ദ്രനാഥ്

58. ശ്രീ. കാരാട്ട് റസാഖ്

59. ശ്രീ. എസ്. ശർമ്മ

60. ശ്രീ. സി. കെ. ശശീന്ദ്രൻ

61. ശ്രീ. പി. കെ. ശശി

62. ശ്രീ. വി. ശശി

63. ശ്രീ. ഐ. ബി. സതീഷ്

64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ

66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

67. ശ്രീ. ജി. സുധാകരൻ

68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. വി. എസ്. സുനിൽ കുമാർ

70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്

72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. കെ. വി. വിജയദാസ്
79. ശ്രീ. ഇ. കെ. വിജയൻ
80. ശ്രീ. പിണറായി വിജയൻ
81. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. സി. മമ്മൂട്ടി
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 81

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

നന്ദിപ്രമേയം 36-നെതിരെ 81 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഫെബ്രുവരി 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.35-ന് പിരിഞ്ഞു.)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.